www.malankaralibrary.com


ܡܕܪܫܐ

MADRŌSHŌ

മദ്റോശോ

5

# യോഹന്നാന്റെ സുവിശേഷം തിയഡോറിന്റെ ഭാഷ്യം



ജി.ചേടിയത്ത് - ജി. അഷശ്ശേരി

St. Ephrem Ecumenical Research Institute (SEERI)
Baker Hill, Kottayam - 686 001 Kerala - India

January 2006

www.malankaralibrary.com

Robin

# യോഹന്നാന്റെ സുവിശേഷം

# തിയഡോറിന്റെ ഭാഷ്യം

www.malankaralibrary.com

ܬ.ܝ̈ܪܐ: മദ്റോശോ-5

ജി. ചേടിയത്ത് - ജി. അപ്പഷ്ലേരി

# യോഹന്നാന്റെ സുവിശേഷം
# തിയഡോറിന്റെ ഭാഷ്യം

St. Ephrem Ecumenical Research Institute (SEERI)
Baker Hills, Kottayam, 686001.
Kerala.India.

**January 2006**

www.malankaralibrary.com

**G. Chediath - G. Appassery (tr.) Yōhannānte Suvišēsham: Theodōrinte Bhāshyam,** **(Malayalam translation of the Commentary on the Gospel according to John by Theodore of Mopsuestia)**

**Published by** St. Ephrem Ecumenical Research Institute (SEERI) Baker Hills, Kottayam, 686001. Kerala.India.

**© G. Chediath**

Price : Rs. 125

Printing:Bethany Offset Printers, Kottayam. Tel: 0481-2571355.

DTP: Gratia Design Studio, Kottayam: Tel: 3091709

www.malankaralibrary.com

# വിഷയവിവരം


| | |
|---|---|
| അവതാരിക | 6 |
| ആമുഖം | 8 |
| ഗ്രന്ഥകാരന്റെ ആമുഖം | 13 |
| ഗ്രന്ഥത്തിന്റെ വാദഗതി | 15 |
| പുസ്തകം 1 | 20 |
| യോഹ. 1,1-2,22 | |
| പുസ്തകം 2 | 64 |
| യോഹ. 2,23-5,47 | |
| പുസ്തകം 3 | 121 |
| യോഹ. 6,1-8,59 | |
| പുസ്തകം 4 | 165 |
| യോഹ. 9,1-10,42 | |
| പുസ്തകം 5 | 197 |
| യോഹ. 11,1-12,50 | |
| പുസ്തകം 6 | 226 |
| യോഹ. 13,1-17,26 | |
| പുസ്തകം 7 | 287 |
| യോഹ. 18,1-21,25 | |
| കുറിപ്പുകൾ | 322 |
| ഗ്രന്ഥസൂചിക | 322 |

www.malankaralibrary.com

# അവതാരിക

അന്ത്യോക്യൻ സഭയിലെ പ്രശസ്തരായ മെത്രാന്മാരിൽ മുൻപന്തിയിൽ നിൽക്കുന്ന ആളാണ് മൊപ്സുവെസ്ത്യായിലെ മാർ തിയഡോർ (+428). കാൽസിഡൺ കൗൺസിലിനു (451) മുൻപ് ക്രിസ്തുശാസ്ത്രത്തിൽ മറ്റാരേക്കാളും കൂടുതലായി അദ്ദേഹം സംഭാവന നൽകി. അന്ത്യോക്യൻ ദൈവശാസ്ത്രം വികസിപ്പിച്ചെടുത്തതിൽ അദ്ദേഹത്തിനായിരുന്നു മുഖ്യപങ്ക്. പേർഷ്യയിലെ ക്രൈസ്തവ കലാലയങ്ങളിൽ അദ്ദേഹത്തിന്റെ കൃതികൾ പാഠപുസ്തകങ്ങളായി ഉപയോഗിച്ചിരുന്നു. സത്യവിശ്വാസത്തിന്റെ ഉത്തമവക്താവായും വ്യാഖ്യാതാവായും വിശുദ്ധനായും പ്രകീർത്തിക്കപ്പെട്ട്, കത്തോലിക്കാസഭയുടെ കൂട്ടായ്മയിലാണ് അദ്ദേഹം മരിച്ചത്.

പുരാതനസഭയിലെ ദൈവശാസ്ത്രചിന്താഗതികളുടെയും സഭാരാഷ്ട്രീയത്തിന്റെയും ഏറ്റുമുട്ടലിൽ മാനുഷികബലഹീനതയാൽ അന്ത്യോക്യൻ ക്രിസ്തുശാസ്ത്രം തെറ്റിദ്ധരിക്കപ്പെടുകയും അതിന്റെ വക്താക്കൾ ചിലയിടങ്ങളിൽ അംഗീകരിക്കപ്പെടാതെ പോകുകയും ചെയ്തു. എഫേസോസ് (431), രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ (553) സിനഡുകൾ അലക്സാൺഡ്രിയൻ ക്രിസ്തുശാസ്ത്ര ഫോർമുലകൾ മാത്രം അംഗീകരിക്കുകയും അന്ത്യോക്യൻ ചിന്താരീതികൾ പാടേ തിരസ്കരിക്കുകയും ചെയ്തു. അലക്സാൺഡ്രിയൻ ക്രിസ്തുശാസ്ത്ര ഫോർമുലകൾ ആകമാനസഭയുടെ ഒരേ ഒരു ക്രിസ്തുശാസ്ത്രമായി അംഗീകരിക്കപ്പെട്ടു. ജസ്റ്റീനിയൻ ചക്രവർത്തി(527-565) ഇമ്പീരിയൽ അധികാരം ഉപയോഗിച്ചു നടത്തിയ രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ കൗൺസിൽ (553) നിമിത്തം തിയഡോറിന്റെ വ്യക്തിത്വത്തിനും കൃതികൾക്കും ഇടിവു തട്ടി. ഈയടുത്ത കാലംവരെ ഈ മനോഭാവത്തിനു മാറ്റമുണ്ടായില്ല.

എന്നാൽ അദ്ദേഹത്തിന്റെ യഥാർഥകൃതികളെ ആധാരമാക്കി അടുത്ത കാലത്തു നടന്ന പഠനങ്ങൾ അദ്ദേഹത്തിന്റെ സത്യവിശ്വാസം ഒരിക്കൽ കൂടി ഉയർത്തിക്കാണിക്കുന്നു. അദ്ദേഹത്തിന്റെ എതിരാളികൾ അദ്ദേഹത്തിന്റെ കൃതികളുടെ സന്ദർഭത്തിൽ നിന്ന് അടർത്തിമാറ്റി ഉണ്ടാക്കിയ രേഖകളെയല്ല,

www.malankaralibrary.com



അദ്ദേഹത്തിന്റെ അവശേഷിക്കുന്ന യഥാർത്ഥകൃതികളെ അടിസ്ഥാനമാക്കി വേണം അദ്ദേഹത്തെപ്പറ്റി അഭിപ്രായം പറയേണ്ടത് എന്ന ചിന്ത പ്രബലപ്പെട്ടു വരികയാണ്. ഔദ്യോഗികമായി സഭകളുടെ വീക്ഷണത്തിൽ മാറ്റം ഉണ്ടാകുന്നതിനുമുമ്പ്, ദൈവശാസ്ത്ര സർക്കിളുകളിലും സഭൈക്യ സംവാദരംഗങ്ങളിലും മാറ്റത്തിന്റെ അലയടികൾ ഉയർന്നു വരുന്നത് തിയഡോറിനെ പുനഃസ്ഥാപിക്കുന്നതിന് വളരെ സഹായകമാണ്.

പേർഷ്യയിലെ പൗരസ്ത്യ സുറിയാനിസഭ എക്കാലവും തിയഡോറിനെ ബഹുമാനിക്കുകയും മൽപ്പാന്മാരുടെ മൽപാനായി പരിഗണിക്കുകയും ചെയ്തിരുന്നു. അവരുടെ ക്രിസ്തുശാസ്ത്രം നെസ്തോറിയനല്ല, തിയഡോറിയനാണ്. അത് അടിസ്ഥാനപരമായി അന്ത്യോക്യനാണ്. യേശുക്രിസ്തു എന്ന മഹാരഹസ്യത്തിന്റെ ഒരു രീതിയിലുള്ള മനസ്സിലാക്കലായി പല പണ്ഡിതന്മാരും ഈ ക്രിസ്തുശാസ്ത്രത്തെ ഇന്ന് കാണുന്നു. സഭയിലെ ഒരു ക്രിസ്തുശാസ്ത്രവും മറ്റൊരു ക്രിസ്തുശാസ്ത്രത്തെ അളക്കാനുള്ള അളവുകോലായി പരിഗണിക്കാൻ പാടില്ല എന്ന ചിന്ത പ്രബലപ്പെട്ടു വരികയാണ്. പിന്നെയോ, ഓരോന്നും അതാതിന്റെ പശ്ചാത്തലത്തിൽ മനസ്സിലാക്കുകയും യേശുക്രിസ്തു എന്ന മഹാരഹസ്യത്തിന്റെ പരസ്പര പൂരക വിവരണങ്ങളായി മനസ്സിലാക്കുകയും ചെയ്യുമ്പോൾ, വൈവിധ്യങ്ങൾ വൈരുധ്യങ്ങളല്ലെന്നും ഐക്യം ഐകരൂപ്യമല്ലെന്നും ഗ്രഹിക്കാൻ കഴിയും. വൈവിധ്യങ്ങളെ അംഗീകരിച്ചുകൊണ്ടുള്ള ഐക്യമാണല്ലോ രണ്ടാം വത്തിക്കാൻ കൗൺസിൽ വിഭാവന ചെയ്യുന്നത്.

ഈ പശ്ചാത്തലത്തിൽ തിയഡോറിന്റെ യഥാർത്ഥകൃതികൾ മലയാള വായനക്കാർക്ക് പ്രാപ്യമാക്കി കൊടുക്കാനുള്ള സംരംഭം തികച്ചും ശ്ലാഘനീയമാണ്. ഈ കൃതി മലയാളത്തിലാക്കിയ ബ. ജോർജ് അപ്പശ്ശേരി അച്ചനേയും ഗീവർഗീസ് ചേടിയത്ത് അച്ചനേയും ഹാർദവമായി അനുമോദിക്കുകയും സമൃദ്ധമായ ദൈവാനുഗ്രഹം പ്രാർത്ഥിക്കുകയും ചെയ്യുന്നു. തിയഡോറിന്റെ മലയാളത്തിലുള്ള മതാധ്യാപനപ്രസംഗങ്ങൾ, യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം എന്നീ രണ്ടു കൃതികളും വായിച്ച് വിലയിരുത്താൻ മലയാളവായനക്കാർക്കു കഴിയട്ടെ. സർവശക്തനായ ദൈവത്തിന്റെ കൃപ പ്രിയപ്പെട്ട അച്ചന്മാർക്കും വായനക്കാർക്കും സമൃദ്ധമായി ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

എഡിറ്റേഴ്സ്

www.malankaralibrary.com

# ആമുഖം

മൊപ്സുവെസ്ത്യാ മെത്രാനായിരുന്ന മാർ തിയഡോർ (392-428) യോഹന്നാന്റെ സുവിശേഷത്തിന് രചിച്ച ഭാഷ്യത്തിന്റെ ആദ്യത്തെ മലയാള പരിഭാഷയാണ് ഈ ഗ്രന്ഥം. ഏഷ്യാമൈനറിലെ(ഇന്നത്തെ തുർക്കിയിലെ) ഒരു സുപ്രധാന സഭാകേന്ദ്രമായിരുന്നു മൊപ്സുവെസ്ത്യാ. തിയഡോർ ഗ്രീക്കിലെഴുതിയെങ്കിലും സുറിയാനി വിവർത്തനത്തിൽ മാത്രമേ അദ്ദേഹത്തിന്റെ ഈ ഭാഷ്യം നമുക്കു ലഭിച്ചിട്ടുള്ളൂ. സുറിയാനിയിലും ലത്തീനിലുമായി എം. വോസ്തേ 1940-ൽ ഈ കൃതി പ്രസിദ്ധീകരിച്ചു (CSCO 115-116/ syr.62-63). പ്രസ്തുത പതിപ്പിനെ ആധാരമാക്കിയാണ് ഈ വിവർത്തനം. ഈ വിശിഷ്ടകൃതി ഒരാധുനികഭാഷയിലേക്കു വിവർത്തനം ചെയ്യാൻ പിന്നെയും അറുപത്തഞ്ചു വർഷമെടുത്തു. കുറേ വർഷങ്ങളിലെ പരിശ്രമ ഫലമായിട്ടാണ് ഇപ്പോളിതു പ്രസിദ്ധീകരിക്കാൻ സാധിച്ചത്.

തിയഡോർ ഒരഗാധപണ്ഡിതനും ബുദ്ധിരാക്ഷസന്മാരിൽ മുൻപന്തിയിൽ നിൽക്കുന്നവനുമായിരുന്നു. ജീവിതകാലത്ത് സത്യവിശ്വാസത്തിന്റെ പ്രശസ്തവക്താവായി പ്രകീർത്തിക്കപ്പെട്ടു. ആദിമസഭയിലെ ഒരതികായനായിരുന്നു അദ്ദേഹം. ഒരിജനുശേഷം (+253) സഭയിലുണ്ടായ പ്രതിഭാശാലികളിൽ അഗ്രഗണ്യനായിരുന്നു. ആഴമേറിയ ചിന്തയുടെ ഉടമ, ദൈവശാസ്ത്രത്തിൽ സ്വന്തമായൊരു പാത തന്മയത്വത്തോടുകൂടെ വെട്ടിത്തുറന്ന ധിഷണാശാലി, സമകാലീനരുടെ ഇടയിൽ സമാരാധ്യനായ സഭാനേതാവ്, അക്കാലത്തും അതിനുമുമ്പും ഉടലെടുത്ത പാഷണ്ഡതകൾക്കെതിരെ പടപൊരുതിയ വ്യാഖ്യാതാവ് എന്നീ നിലകളിലെല്ലാം അദ്ദേഹം അറിയപ്പെട്ടു. "തിയഡോർ പകൽ മുഴുവൻ വായനയിലും രാത്രി മുഴുവൻ പ്രാർഥനയിലും ചെലവഴിച്ചു. ദീർഘമായി ഉപവസിച്ചിരുന്നു. വെറും തറയിൽ കിടന്നാണ് അദ്ദേഹം ഉറങ്ങിയിരുന്നത്. എല്ലാത്തരം താപസ കർമങ്ങളിലും സ്വയംശിക്ഷണത്തിലും അദ്ദേഹം ഏർപ്പെട്ടിരുന്നു" എന്നാണ് തിയഡോറിനെപ്പറ്റി ആത്മസ്നേഹിതനായ വിശുദ്ധ ജോൺ ക്രിസൊസ്തോമിന്റെ (+407) കുറിപ്പ്. ഒരു വലിയ സഭാപണ്ഡിതൻ എന്ന ഖ്യാതിയോടുകൂടെ 428-ൽ തിയഡോർ മരിച്ചു. പുരാതനസഭയിലെ ഒരു വലിയ ജ്യോതിർഗോളമായിരുന്നു അദ്ദേഹം. സമകാലീനരായ ക്രൈസ്തവ നേതാക്കന്മാർ അദ്ദേഹത്തെ വളരെയധികം ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. സത്യവിശ്വാസിയും

www.malankaralibrary.com



പണ്ഡിതനും എന്ന ഖ്യാതിയോടുകൂടെ കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ തന്നെയാണ് അദ്ദേഹം മരിച്ചത്.

എഡേസ്സാ-നിസിബിസ് കലാലയങ്ങളിൽ മാർ അപ്രേമിന്റെ ഗ്രന്ഥങ്ങളോടൊപ്പം തിയഡോറിന്റെ കൃതികളും പാഠപുസ്തകങ്ങളായി ഉപയോഗിച്ചിരുന്നു. പേർഷ്യയിലെ ക്രിസ്ത്യാനികൾക്ക് തിയഡോർ ദൈവശാസ്ത്രജ്ഞനും വ്യാഖ്യാതാവും സത്യവിശ്വാസത്തിന്റെ സ്തംഭവും മൽപാന്മാരുടെ മൽപാനും ആയിരുന്നു. അവരുടെ ദൈവശാസ്ത്രത്തിലും വ്യാഖ്യാനരീതികളിലും തിയഡോറായിരുന്നു മാർഗദർശി. പേർഷ്യൻ സഭയുടെ സിനഡുകളിൽ ഔദ്യോഗികമായി തിയഡോറിന്റെ വ്യാഖ്യാനങ്ങൾ അംഗീകരിച്ചിരുന്നു:

"സിലീഷ്യാദേശത്ത് മൊപ്സുവെസ്ത്യാ പട്ടണത്തിലെ മെത്രാനായിരുന്ന തിയോഡോർ ചാരിത്ര്യപൂർണവും അധ്വാനനിരതവുമായ ജീവിതം നയിച്ചു. 45 വർഷം പ്രശസ്തമായ രീതിയിൽ മെത്രാൻസ്ഥാനം വഹിച്ചു. ദൈവാനുഗ്രഹത്താൽ നവീകൃതവും വിവേകപൂർണവുമായ മനസ്സോടെ തിരുലിഖിതങ്ങൾ വ്യാഖ്യാനിക്കുകയും അബദ്ധോപദേശങ്ങൾക്കെതിരെ പോരാടുകയും ചെയ്തു. ശ്രോതാക്കളുടെയും വായനക്കാരുടെയും സഹായത്തിനും ഉന്നമനത്തിനുമായി അധ്യാപനങ്ങളുടെയും ആധ്യാത്മികചിന്തകളുടെയും ഉജ്ജ്വലനിക്ഷേപംകൊണ്ട് സഭയുടെ ഈടുവയ്പുകൾ അദ്ദേഹം നിറച്ചു. തന്റെ ജീവിതകാലത്ത് സത്യപ്രബോധകരുടെ ഇടയിൽ അദ്ദേഹം പ്രശസ്തനായിരുന്നു. മരണശേഷമാകട്ടെ, അദ്ദേഹത്തിന്റെ നാമം ആദരിക്കപ്പെടുകയും അദ്ദേഹത്തിന്റെ സ്മാരകം ദൈവത്തിന്റെ എല്ലാ സഭകളിലും ഉജ്ജ്വലമായി നിലനിൽക്കുകയും ചെയ്യുന്നു" എന്ന് മാർ മാർ ഈശോയാബിന്റെ സിനഡ് (587)രേഖപ്പെടുത്തിയിരിക്കുന്നു (ജി.ചേടിയത്ത്, *സിനോഡിക്കോൻ ഓറിയെന്താലെ,* കോട്ടയം 1996, പേജ്.227).

"സത്യവിശ്വാസികളുടെ ഇടയിൽ മഹനീയനും ഭാഗ്യവാനും മൊപ്സുവെസ്ത്യാ പട്ടണത്തിലെ മെത്രാനും അന്ത്യോക്യക്കാരനും ദൈവികഗ്രന്ഥങ്ങളുടെ വ്യാഖ്യാതാവുമായ മാർ തിയഡോർ വിശദീകരിച്ച വ്യാഖ്യാനത്തോട് എല്ലാ പ്രദേശത്തുമുള്ള സത്യവിശ്വാസികൾ യോജിച്ചിരിക്കുന്നു, ഇപ്പോഴും യോജിക്കുന്നു" എന്നാണ് മാർ സാബാറീശോയുടെ സിനഡിന്റെ (596) പ്രഖ്യാപനം (*അതേകൃതി,* പേജ്,340).

"മൊപ്സുവെസ്ത്യായിലെ മെത്രാനും വ്യാഖ്യാതാവും ഭാഗ്യവാനുമായ മാർ തിയഡോറിന്റെ എല്ലാ കൃതികളും എല്ലാ ഭാഷ്യങ്ങളും നാമെല്ലാവരും സ്വീകരിച്ച് അംഗീകരിക്കണം. പുതിയ നിയമവും പഴയ നിയമവുമാകുന്ന നിക്ഷേപത്തിന്മേൽ, ദൈവകൃപയാൽ, വിശ്വസ്തനായി അദ്ദേഹം കാണപ്പെട്ടു. പരിശുദ്ധാത്മാവായിരുന്നു അദ്ദേഹത്തിന്റെ പ്രബോധകൻ. തന്റെ ജീവിതകാലത്തും മരണശേഷവും തിരുലിഖിതങ്ങളുടെ ശരിയായ ഭാഷ്യം നൽകിക്കൊണ്ട് കരകവിഞ്ഞൊഴുകുന്ന നദികണക്കെ സഭാസന്താനങ്ങളെ

www.malankaralibrary.com



അദ്ദേഹം നനയ്ക്കുകയും പോഷിപ്പിക്കുകയും ചെയ്തു'' എന്ന് മാർ ഗ്രിഗറിയുടെ സിനഡ് (605) പഠിപ്പിച്ചു (*അതേകൃതി,* പേജ് 363).

"അദ്ദേഹം തന്റെ ജീവിതകാലത്തു മാത്രമല്ല, മരണശേഷവും തന്റെ ഗ്രന്ഥങ്ങളിലൂടെ ലോകത്തെ അമ്പരപ്പിച്ചു. അദ്ദേഹത്തിൽ പ്രവർത്തിച്ച പരിശുദ്ധാത്മാവിന്റെ അത്ഭുതകർമങ്ങളെപ്പറ്റി ആർക്കു വിവരിക്കാൻ കഴിയും?'' എന്നാണ് ബർഹദ്ബ്ശാബാ അർബായാ(ഏഴാം നൂറ്റാണ്ട്) എന്ന പേർഷ്യൻ എഴുത്തുകാരന്റെ കുറിപ്പ് (P.O.9. 503-504).

ചുരുക്കത്തിൽ, അന്ത്യോക്യൻ ദൈവശാസ്ത്ര കലാലയത്തിന്റെ ഉത്തമവക്താവായി തിയഡോറിനെ കണക്കാക്കാം. അന്ത്യോക്യൻ സഭയിലെ ഏറ്റവും പ്രശസ്തനായ എഴുത്തുകാരനും തിയഡോർ തന്നെ. വേദപുസ്തകത്തിന്റെ ഏറ്റവും വലിയ ഭാഷ്യകാരനായി പൗരസ്ത്യ സുറിയാനി സഭ അദ്ദേഹത്തെ പരിഗണിക്കുന്നു. മിക്കവാറും എല്ലാ ബൈബിൾ ഗ്രന്ഥങ്ങൾക്കും അദ്ദേഹം ഭാഷ്യമെഴുതിയിട്ടുണ്ട്. ഭാഷ്യകൃതികൾക്കു പുറമേ, താത്വികവും താർക്കികവുമായ കൃതികളും രചിച്ചു. "വ്യാഖ്യാതാവായ തിയഡോർ 41 വാല്യങ്ങളെഴുതി. അവയിൽ 150 ഭാഗങ്ങളും ഓരോന്നിനും 30 അധ്യായങ്ങൾ വീതവും ഉണ്ട് ''എന്നാണ് അബ്ദീശോയുടെ (+1318) കുറിപ്പ്.

അന്ത്യോക്യൻ സഭയുടെ വചന-മനുഷ്യ (Logos - Anthropos) ക്രിസ്തുശാസ്ത്രത്തിന്റെ വക്താവായിരുന്നു തിയഡോർ. മനുഷ്യനെന്ന നിലയിൽ യേശുക്രിസ്തു ആത്മാവും ശരീരവുമുള്ള സമ്പൂർണ മനുഷ്യനായിരുന്നു. യേശുക്രിസ്തുവിന്റെ ഏകത്വവും ദ്വിത്വവും രണ്ടുതട്ടിൽ കാണണമെന്ന് അദ്ദേഹം വാദിച്ചു. ഏകത്വത്തെ എത്ര ഊന്നിപ്പറഞ്ഞാലും അത് ദ്വിത്വത്തെ -പൂർണ ദൈവത്വത്തെയും പൂർണ മനുഷ്യത്വത്തെയും-ഹനിക്കുന്നില്ല. യേശുക്രിസ്തുവിനെ പൂർണമനുഷ്യൻ എന്നു വിളിക്കുന്നത് ഏകവ്യക്തിത്വത്തെ ബലഹീനമാക്കുന്നില്ല. അതേസമയം സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള അന്തരം വ്യക്തമാക്കാനും തിയഡോർ ശ്രമിച്ചു. രണ്ടു തുല്യശക്തികൾ തമ്മിലുള്ള ഐക്യമല്ല മനുഷ്യാവതാരത്തിൽ സംഭവിച്ചത്. പിന്നെയോ, സ്രഷ്ടാവാണ് ദാസന്റെ രൂപമെടുത്തത്. യേശുക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള ഐക്യം ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ പൂർണമായിരുന്നു. ക്രിസ്തുവിലെ ഇരുസ്വഭാവങ്ങൾ ഏകയാളിൽ ഐക്യപ്പെട്ടിരിക്കുന്നതിനെ കുറിക്കാൻ തിയഡോർ ഉപയോഗിക്കുന്ന ഗ്രീക്കുപദം *സ്യുനഫെയ്യാ (synapheia)* എന്നാണ്. അത് *നാഖീപുസാ* എന്ന് സുറിയാനിയിലും *സംയോജനം* അഥവാ *ഐക്യം* എന്ന് മലയാളത്തിലും പറയാം. ഐക്യവും ദ്വിത്വവും ഒരുപോലെ പ്രസ്പഷ്ടമാക്കാൻ *ഹെനോസിസ്* - സുറിയാനി: *ഹദ്യൂസാ;* മലയാളത്തിൽ ഐക്യം - എന്ന ഗ്രീക്കുപദത്തേക്കാൾ മെച്ചപ്പെട്ടതാണിതെന്ന് ഗ്രിഗറി നസ്യാൻസൻ തുടങ്ങി പല സഭാപിതാക്കന്മാരും കരുതി. എന്നാൽ *ഹദ്യൂസാ* എന്ന പദം തള്ളിക്കളയുന്നില്ല.

www.malankaralibrary.com



അന്ത്യോക്യൻ ദൈവശാസ്ത്ര കലാലയത്തിന് പല പ്രത്യേകതകളുണ്ടായിരുന്നു. അതിലൊന്ന് വചനം എന്ന് പറയുമ്പോൾ ദൈവസ്വഭാവത്തെ കുറിക്കുന്നതായി അവർ മനസ്സിലാക്കിയിരുന്നു എന്നതാണ്. അതായത് സർവ സംഗതികളും വചനത്തെപ്പറ്റി പറയാൻ പറ്റില്ലെന്നു സാരം. എന്നാൽ ബഹുമാന്യവും ബലഹീനവുമായവയെല്ലാം യേശുക്രിസ്തു, പുത്രൻ, കർത്താവ് എന്നീ നാമങ്ങളോടു ചേർത്തുപറയാം. യേശുക്രിസ്തു മരിച്ചു, പുത്രൻ തമ്പുരാൻ മരിച്ചു, നമ്മുടെ കർത്താവു മരിച്ചു എന്നൊക്കെ പറയുന്നതിന് അവർക്ക് ഒട്ടും വിഷമമില്ല. കാരണം, യേശുക്രിസ്തു ദൈവവും മനുഷ്യനുമാണ്. എന്നാൽ ബലഹീനമായവ വചനത്തെപ്പറ്റി പറയാൻ അവർക്കു മടിയാണ്. അങ്ങനെ വചനം മരിച്ചെന്നും വചനം പീഡ അനുഭവിച്ചെന്നും പച്ചഭാഷയിൽ പറയാൻ അവർ അറച്ചു നിന്നിരുന്നു. യേശുക്രിസ്തു, കർത്താവ്, പുത്രൻ എന്നീ നാമങ്ങൾ വ്യക്തിത്വത്തിലേക്ക് വിരൽ ചൂണ്ടുന്നവയാണ്. രണ്ടാമത്, മനുഷ്യത്വം എന്ന പദവും മനുഷ്യൻ എന്ന പദവും മാറിമാറി ഉപയോഗിക്കുന്ന രീതിയാണ് അന്ത്യോക്യൻ പാരമ്പര്യത്തിലുള്ളത്. മനുഷ്യൻ എന്ന പ്രയോഗം കണ്ടാൽ ഉടനെ വചനത്തിന്റെ വ്യക്തിത്വത്തിൽ നിന്ന് വ്യത്യസ്തനായ ഒരാളെപ്പറ്റിയാണ് സംസാരിക്കുന്നതെന്ന് അനുമാനിക്കേണ്ടതില്ല. വചനം തന്റെ പുത്രത്വം എന്ന വ്യക്തിത്വത്തിലെടുത്ത മനുഷ്യത്വത്തെപ്പറ്റിയാണ് പരാമർശം.

സുറിയാനി സാഹിത്യത്തിൽ തന്നെയും ഏറ്റവും വിഷമം പിടിച്ച രണ്ടു കൃതികളാണ് യോഹന്നാന്റെ സുവിശേഷത്തിന് തിയഡോർ രചിച്ച ഭാഷ്യവും മാർ ബാബായിയുടെ ക്രിസ്തുശാസ്ത്രഗ്രന്ഥവും (Liber de Unione) എന്ന് പല പ്രശസ്ത പണ്ഡിതന്മാരിൽ നിന്നും കേട്ടിട്ടുള്ളതാണ്. എന്നാൽ ഈ രണ്ടു മഹദ്ഗ്രന്ഥങ്ങളും മലയാളത്തിലാക്കാൻ കഴിഞ്ഞത് ദൈവത്തിന്റെ മഹാകരുണയാൽ തന്നെയാണ്. “ലോകത്തിന്റെ ലോകം” എന്ന് പ്രശസ്തനായ ഒരിജൻ വിളിക്കുന്ന സഭയിലെ ആദ്യകാലപിതാക്കന്മാരെ പരിചയപ്പെട്ടപ്പോൾ, പല ഉന്നത കൊടുമുടികളും തല ഉയർത്തി നിൽക്കുന്നതു കണ്ടു. അവയുടെ മുകളിൽ കയറണമെന്നു തോന്നി. ആ ചിന്തയാണ് അവരുടെ പല സംഭാവനകളും മലയാള വായനക്കാർക്ക് അനുഭവവേദ്യമാക്കാൻ എന്നെ പ്രേരിപ്പിച്ചത്. മറ്റു പലരും ദൂരെനിന്ന് ആശ്ചര്യപൂർവം വീക്ഷിക്കുക മാത്രം ചെയ്തിട്ടുള്ള ഉന്നതഗിരിശൃംഗങ്ങളിൽ കയറി നിന്ന് അനന്തവിഹായസിലേക്ക് ദൃഷ്ടി ഉറപ്പിക്കാൻ കഴിഞ്ഞത് മഹാഭാഗ്യം തന്നെ. അങ്ങനെ, മാർ തിയഡോറിന്റെ മതാധ്യാപന പ്രസംഗങ്ങൾ, യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം, പേർഷ്യൻ സഭയുടെ സിനോഡിക്കോൻ ഓറിയെന്താലെ, മാർ ബാബായിയുടെ ക്രിസ്തുശാസ്ത്രം, വി. ജോൺ ക്രിസോസ്തോം, ജറുസലേമിലെ വി. സിറിൽ എന്നിവരുടെ മതാധ്യാപന പ്രസംഗങ്ങൾ, എവുസേബിയസ്, സൊക്രാട്ടസ്, ബർ എബ്രായാ എന്നിവരുടെ സഭാചരിത്രം, മാർ അപ്രേമിന്റെ കൃതികൾ, ഹിപ്പോയിലെ വി. അഗസ്റ്റിൻ, വി. ഐറേനിയസ്, സാർദിസിലെ വി. മെലിറ്റോ, വി. ഹിപ്പോളിറ്റസ്,

www.malankaralibrary.com



വി. ജോൺ ഡമഷീൻ ആദിയായവരുടെ കൃതികൾ , ഒരിജന്റെ ഉത്തമഗീത ഭാഷ്യം, ലൂക്കാഭാഷ്യം, യോഹന്നാൻഭാഷ്യം, വി. ഗ്രിഗറി നീസ്സായുടെ ഉത്തമ ഗീതഭാഷ്യം എന്നിവ മലയാളവായനക്കാർക്ക് കാഴ്ചവയ്ക്കാൻ കഴിഞ്ഞു. മലമുകളിൽ നിൽക്കുമ്പോൾ താഴ്വരകളും സമതലങ്ങളും ചക്രവാളവും എത്ര മനോഹരമായി കാണാനാവും. ഏതു കൊടുങ്കാറ്റിലും ഇളകിമറിഞ്ഞു പോകാത്ത ഈ ഉന്നതപർവതനിരകൾ കാഴ്ചക്കാരുടെയും മനസ്സിനെ അക്ഷോഭ്യമായി നിർത്തും. സഭ കടന്നുപോയ കാലത്തിലെ മഹാരഥന്മാരെ പ്രണമിച്ചുകൊണ്ടും അവരുടെയും നമ്മുടെയും നാഥന് ഇവയെല്ലാം കാഴ്ചവച്ചുകൊണ്ടും നാം നമ്മുടെ യാത്ര തുടരുന്നു. ഈ കൊടുമുടികളുടെ മുകളിൽ നിന്നു നോക്കുമ്പോൾ ഇനിയും ആരും കയറിയിട്ടില്ലാത്ത നിരവധി കുന്നുകളും മലകളും കാണാം. അവയിലൂടെയെല്ലാം കയറിയിറങ്ങാൻ അനേകരുടെ പരിശ്രമം വേണം. നമുക്കു പിൻപേ നടന്നു വരുന്ന പഥികർക്ക് അതിനുള്ള അനുകൂല സാഹചര്യമുണ്ടാകട്ടെ എന്നു പ്രാർഥിക്കുന്നു.

തിയഡോറിന്റെ ഈ ഭാഷ്യം വളരെ മനോഹരമാണ്. വളരെ പ്രയാസമേറിയതെന്നും അഗ്രാഹ്യമെന്നും ദൂരെനിന്നപ്പോൾ തോന്നിയെങ്കിലും, അടുത്തെത്തിയപ്പോൾ എളുപ്പമുള്ളതും സുഗ്രാഹ്യവുമായി അനുഭവപ്പെട്ടു. വളരെ ലളിതമായ ശൈലിയിലാണ് അദ്ദേഹത്തിന്റെ പ്രതിപാദനം. ആർക്കും എളുപ്പത്തിൽ വായിച്ചു മനസ്സിലാക്കാവുന്ന ഭാഷ. താർക്കികപദപ്രയോഗങ്ങൾ ഒട്ടും തന്നെയില്ല. ക്രിസ്തുശാസ്ത്ര തർക്കങ്ങളിലെ പദപ്രയോഗങ്ങളും തുലോം കുറവാണ്. വിശ്വാസതീക്ഷ്ണതയാൽ നിറഞ്ഞ ഒരു ദൈവമനുഷ്യൻ നാലാം സുവിശേഷത്തെക്കുറിച്ചു നടത്തുന്ന ഒരു വിചിന്തനമാണിത്.

ഇതിന്റെ ഡി.റ്റി.പി.ജോലി നിർവഹിച്ച ഗ്രാസ്യാ ഡിസൈൻ സ്റ്റുഡിയോ, അച്ചടി ഭംഗിയായി നിർവഹിച്ച ബഥനിപ്രസ് എന്നിവിടങ്ങളിലെ അധികാരികൾക്കും പ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിന്റെ അച്ചടി ഏറ്റെടുത്ത സീരിയുടെ ഡയറക്ടർ ബ. ഡോ.ജേക്കബ് തെക്കേപ്പറമ്പിൽ അച്ചന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. എന്റെ സഹപ്രവർത്തകനും സ്നേഹിതനുമായ ബ.ജോർജ് അപ്പശ്ശേരി അച്ചനെ എടുത്തു പറയേണ്ടതുണ്ട്. അച്ചന്റെ ഉത്സാഹം മൂലമാണ് ഈ കൃതി ഇപ്പോൾ പ്രസിദ്ധീകരിക്കാൻ ഇടയായത്. ഞങ്ങൾ ഒരുമിച്ച് 2002-ലാണ് ഇതിന്റെ വിവർത്തനം തുടങ്ങിയത്. 2005-ൽ പൂർത്തിയാക്കി.

മലങ്കര കത്തോലിക്കാസഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായ്ക്ക് ഈ ഗ്രന്ഥം സാദരം സമർപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം ജി.ചേടിയത്ത്

ഒക്ടോബർ 10, 2005.

www.malankaralibrary.com

# യോഹന്നാന്റെ സുവിശേഷം
## മൊപ്സുവെസ്ത്യായിലെ തിയഡോറിന്റെ ഭാഷ്യം

ബലഹീനരെ ശക്തിപ്പെടുത്തുന്ന നിന്റെ ശക്തിയാൽ എന്റെ ബലഹീനത, ദൈവിക ഗ്രന്ഥങ്ങളുടെ വ്യാഖ്യാതാവും മൊപ്സുവെസ്ത്യാ മെത്രാനുമായ മാർ തിയഡോർ രചിച്ച യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം എഴുതാൻ തുടങ്ങുന്നു.

**ഗ്രന്ഥകാരന്റെ ആമുഖം**

ആദ്യമായി, ഇതെഴുതാൻ ആവശ്യപ്പെട്ട വ്യക്തിക്കുള്ള മുഖവുര. കർത്താവേ, ഞങ്ങളെ സഹായിക്കണമെ. ആമ്മീൻ. മെത്രാന്മാരിലെല്ലാം മഹനീയനും അതിശ്രേഷ്ഠനുമായ പൊർഫീരി, അങ്ങേയ്ക്ക് അറിയാവുന്നതുപോലെ, മറ്റു ചിലതൊക്കെ ഞാൻ എഴുതാനിരിക്കുകയായിരുന്നു. ദുഷ്ടനായ എവുണോമിയസിനെതിരെ [1] പ്രത്യേകിച്ച്, ആ വഞ്ചകൻ രചിച്ച പ്രസംഗങ്ങൾ ശ്രവിക്കാൻ വളരെപ്പേർ ആഗ്രഹിക്കുന്നതായി അറിഞ്ഞതിനാൽ, ബസേലിയോസിന്റെ വാക്കുകളെ പിൻതാങ്ങിക്കൊണ്ട് എന്തെങ്കിലും രചിക്കാൻ ഞാൻ ഉദ്ദേശിച്ചിരുന്നു. ദൈവിക ഗ്രന്ഥങ്ങളിലെ വാക്കുകൾ പരിശോധിക്കാൻ മിനക്കെടാത്ത ആരെയെങ്കിലും കണ്ടാൽ അവനെ ഞാൻ ഒരിക്കലും പ്രശംസിക്കുകയില്ല. ഏതൊരു കാര്യവും തുടങ്ങുന്നതിനുമുമ്പ് അതേപ്പറ്റി അന്വേഷിച്ചറിയുക ആവശ്യമാണെന്ന് ഞാൻ കരുതുന്നു. നാം പരിശോധിക്കുന്നതിൽ എന്തെങ്കിലും ഉപദ്രവകരമെന്നു കണ്ടാൽ മറ്റുള്ളവർക്ക് അതേപ്പറ്റി മുന്നറിയിപ്പു നൽകി അവരെ ജാഗരൂകരാക്കേണ്ടതുണ്ട്. മറിച്ച്, പരിശോധനയിൽ നല്ലതാണെന്ന് തെളിഞ്ഞാൽ, അതു സ്വീകരിച്ചയാൾ അതീവ താല്പര്യത്തോടെയാണ് അതു സ്വീകരിച്ചതെന്ന് കാതലായ വാദത്താൽ തെളിയിക്കാൻ സാധിക്കും.

ഞാൻ ചെയ്യാൻ ഉദ്ദേശിച്ചിരുന്ന കാര്യത്തെപ്പറ്റി നാം സംസാരിച്ചിട്ടുള്ളതാണല്ലോ. സുകൃതപൂർണനും സത്കർമനിരതനുമായ അങ്ങ് കല്പിക്കുന്നത് കൃപ കൂടാതെയല്ലെന്ന് ഞാൻ കരുതുന്നു. ഞാൻ ചെയ്യാൻ ഉദ്ദേശിച്ചിരുന്നത് വിട്ടിട്ട്, ഉടനെ അങ്ങയെ അനുസരിക്കാനും അങ്ങ് കല്പിച്ചതുപോലെ ആ പുസ്തകം വ്യാഖ്യാനിക്കാനും മുതിരുന്നു. പ്രവൃത്തി വെളി

www.malankaralibrary.com



വാകേണ്ടത് ആവശ്യമാകയാൽ ഭാഗ്യവാനായ യോഹന്നാന്റെ സുവിശേഷത്തിന്റെ അർത്ഥം വിശദീകരിക്കാൻ എന്നോട് കല്പിച്ചല്ലോ. കാരണം അങ്ങ് എന്നോടു പറഞ്ഞതുപോലെ, അവയുടെ അർത്ഥം ഗ്രഹിക്കുന്നത് പ്രയോജനപ്രദമാണ്.

ദൈവതിരുഹിതമായാൽ ഈ ഉദ്യമം അനേകർക്ക് പ്രയോജനപ്രദമാകും. ഇത് അങ്ങയുടെ പ്രാർത്ഥന കൊണ്ടു മാത്രമേ നടക്കൂ എന്നു ഞാൻ വിശ്വസിക്കുന്നു. എന്നെ മറക്കാൻ അങ്ങേയ്ക്ക് കഴിയുകയില്ലെന്ന് ഞാൻ കരുതുന്നു. അങ്ങയുടെ നിർദേശാനുസൃതമാണ് ഈ കൃതി. ഇത് അർത്ഥസംപുഷ്ടമായിരിക്കാൻ അങ്ങ് ആഗ്രഹിക്കുന്നുണ്ടല്ലോ. ദൈവത്തിന്റെ നിഗൂഢശക്തിയുടെ സഹായം യാചിക്കുന്ന അങ്ങയെ നിരസിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് മറ്റ് ഗ്രന്ഥങ്ങളേക്കാൾ ഈ ഗ്രന്ഥത്തോട് ഞാൻ താല്പര്യം കാണിക്കുന്നു.

സർവശക്തനായ ദൈവത്തിന്റെ സഹായത്താൽ ഈ ഗ്രന്ഥത്തെപ്പറ്റിയുള്ള എന്റെ പദ്ധതി ഇതാണ്: അതായത്, മറ്റുള്ളവർക്കു പ്രയാസമുള്ള വാക്കുകൾ വിശദീകരിക്കാതെ വിട്ടുകളയാതിരിക്കുക. വായന കൊണ്ടു മാത്രം വ്യക്തമാകുന്ന വാക്കുകൾ വ്യാഖ്യാനിച്ച് സമയം കളയാതിരിക്കുക. സോഫിസ്റ്റായ അസ്തേരിയസിനോട് [2] എനിക്ക് അസൂയയില്ല. ഞാൻ ആ ശൈലി എടുക്കാൻ പോകുന്നില്ല. അയാൾ തന്റെ പുസ്തകത്തിൽ പൊതുനന്മയേക്കാൾ സ്വന്തം മഹത്വമാണ് ലക്ഷ്യമാക്കുന്നത് എന്നു തോന്നുന്നു. ഈ വിഷയത്തെക്കുറിച്ച് അയാൾ എഴുതി പ്രചരിപ്പിച്ച ഗ്രന്ഥത്തിൽ വായനക്കാർക്ക് സുവിശേഷത്തിന്റെ യഥാർഥ പൊരുൾ ലഭിക്കാൻ ഉപകരിക്കുന്നതൊന്നുമില്ല. കാരണം സുവ്യക്തമായവ മാത്രമേ അയാൾ സ്പർശിച്ചിട്ടുള്ളൂ. പറഞ്ഞവ തന്നെ ആവർത്തിച്ച് കബളിപ്പിക്കാൻ ശ്രമിക്കുന്നു.

ആവശ്യമില്ലാത്തവ വ്യാഖ്യാനത്തോട് കൂട്ടിച്ചേർക്കാതിരിക്കുക എന്നതാണ് ഏതൊരു ഗ്രന്ഥത്തിന്റെയും വ്യാഖ്യാനത്തിൽ ഞാൻ ശ്രദ്ധിക്കുന്നത്. അതുപോലെ ഇവിടെയും ചെയ്യാൻ ശ്രമിക്കുന്നതാണ്. മിക്കവർക്കും പ്രയാസമുള്ള ഭാഗങ്ങൾ വ്യാഖ്യാനിക്കുകയാണ് വ്യാഖ്യാതാവിന്റെ ദൗത്യം എന്നു ഞാൻ കരുതുന്നു. വ്യക്തമായ കാര്യങ്ങളെക്കുറിച്ചു സംസാരിക്കുകയാണ് പ്രസംഗകന്റെ ജോലി. ഇതിൽ ഉപരിപ്ലവമായവയും ചേർക്കാം. വ്യാഖ്യാതാവാകട്ടെ, വിശദീകരിക്കുകയും ചുരുക്കിപ്പറയുകയും ചെയ്യേണ്ടതാണ്. എന്നാൽ വിശദീകരണം വ്യക്തമാകാത്തപ്പോൾ കൂടുതൽ വാക്കുകൾ ഉപയോഗിക്കണം. തങ്ങളുടെ അഭക്തി നിമിത്തം പാഷണ്ഡികൾ മനഃപൂർവം വളച്ചൊടിച്ച വാക്യങ്ങൾ വിശദീകരിക്കാനും സുവിശേഷകൻ ഉദ്ദേശിച്ച അർത്ഥം വ്യക്തമാക്കാനും ആവശ്യമായ വിശദീകരണം നൽകുന്നതിൽ

www.malankaralibrary.com



നിന്ന് ഞാൻ ഒഴിഞ്ഞുമാറുന്നില്ല. ഇത് ശ്രദ്ധാപൂർവം പരിഗണിക്കുന്നതാണ്. കാരണം, ടെക്സ്റ്റ് എത്രയും കൃത്യമായി വ്യഖ്യാനിക്കുക എന്നതാണ് വ്യാഖ്യാതാവിന്റെ കടമ. അതായത്, ആധികാരികമായി വ്യാഖ്യാനിക്കുന്നതു മാത്രമല്ല, തന്റെ അഭിപ്രായത്തിനെതിരായവയെ ഖണ്ഡിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു.

ആദ്യമായി ഗ്രന്ഥം മുഴുവനെയും പറ്റിയുള്ള എന്റെ അഭിപ്രായം ഞാൻ രേഖപ്പെടുത്തുന്നത് ഉചിതമാണല്ലോ. അതിനുശേഷം ദൈവസഹായ ത്താൽ വാക്കുകളുടെ വിശദീകരണത്തിലേക്കു കടക്കാം.

### ഗ്രന്ഥത്തിന്റെ വാദഗതി

യോഹന്നാൻ സുവിശേഷകൻ പന്ത്രണ്ടുപേരിൽ ഒരാളും ശിഷ്യരിൽ ഏറ്റവും പ്രായം കുറഞ്ഞവനും പരിശോധിക്കപ്പെട്ടവനും ഋജുമാനസ്സനും കർത്താവിൽ വലിയ ആത്മവിശ്വാസം ഉണ്ടായിരുന്നവനും ആയിരുന്നു. മിക്ക പ്പോഴും ഭാഗ്യവാനായ ശെമയോനെ ഒന്നാമനായി നാം കാണുന്നുണ്ടെങ്കിലും സ്പഷ്ടമായി പറഞ്ഞിരിക്കുന്നതുപോലെ കർത്താവ് കൂടുതൽ സ്നേഹി ച്ചവൻ ആയിരുന്നു യോഹന്നാൻ. എന്നാൽ ഓരോരുത്തർക്കും ഇത് ഇഷ്ടം പോലെ മനസ്സിലാക്കാവുന്നതാണ്. എന്റെ അഭിപ്രായത്തിൽ, മാനുഷിക കാര്യങ്ങളെ നാം വിധിക്കേണ്ടതില്ല. എങ്കിലും കർത്താവ് യോഹന്നാനെ മറ്റുള്ളവരെക്കാൾ കൂടുതൽ സ്നേഹിച്ചു എന്ന് പറയപ്പെടുന്നു.

കർത്താവിന്റെ സ്വർഗാരോഹണം കഴിഞ്ഞ് ശിഷ്യന്മാർ ദീർഘനാൾ ജറുസലേമിൽ പാർത്തുകൊണ്ട് സമീപപ്രദേശങ്ങളിൽ പോകുകയും യഹൂ ദരിൽ നിന്ന് വിശ്വാസത്തിലേക്കു വന്നവരോട് സുവിശേഷം പ്രസംഗിക്കു കയും ചെയ്തിരുന്നു. പിന്നീട് മഹാനായ പൗലോസ് തെരഞ്ഞെടുക്കപ്പെടു കയും വിജാതീയരോട് സുവിശേഷം പ്രസംഗിക്കാൻ സ്പഷ്ടമായി വേർതി രിക്കപ്പെടുകയും ചെയ്തു. കാലക്രമത്തിൽ തന്റെ പ്രഘോഷകരെ ധരയുടെ ഒരു കോണിൽമാത്രം ഒതുക്കി നിർത്താത്ത ദൈവകൃപ അവരെ വിദൂര നാടുകളിലേക്ക് വ്യത്യസ്ത ദൗത്യങ്ങൾ നൽകി അയച്ചു. ക്ഷുദ്രക്കാരൻ ശീമോന്റെ പ്രവർത്തനം കാരണം ഭാഗ്യവാനായ പത്രോസിന് റോമായി ലേക്കു പോകാൻ അവസരം ലഭിച്ചു. മറ്റുള്ളവർ മറ്റു സ്ഥലങ്ങളിലേക്കു പോയി. അവർ പോയതിനെപ്പറ്റി വിവരിക്കാനുള്ള സമയമല്ലിത്. ഭാഗ്യവാ നായ യോഹന്നാൻ എഫേസോസിൽ പോയി പാർത്തു. അവിടെ നിന്ന് ആസിയാ മുഴുവൻ ചുറ്റി സഞ്ചരിക്കുകയും, അവിടുത്തെ ജനങ്ങളോട് പ്രസംഗിച്ച് വലിയ നേട്ടം ഉണ്ടാക്കുകയും ചെയ്തു.

ആ കാലത്താണ് മത്തായി, മർക്കോസ്, ലൂക്കോസ് എന്നീ സുവിശേ ഷകരുടെ ഗ്രന്ഥങ്ങൾ പ്രചരിച്ചത്. അവർ തന്നെയാണ് ഈ സുവിശേഷ

www.malankaralibrary.com



ങ്ങൾ രചിച്ചത്. സുവിശേഷം വളരെ വേഗം ലോകം മുഴുവൻ പ്രചരിച്ചു. വിശ്വാസികൾ വലിയ താല്പര്യത്തോടെ അവ വായിച്ചു പഠിക്കുന്നതിനും കർത്താവിന്റെ ഭൗമികവ്യാപാരം എപ്രകാരമാണെന്ന് മനസിലാക്കുന്നതിനും ശ്രമിച്ചു. ഇത്തരം സംഗതികൾ ആ മൂന്നു സുവിശേഷകരും വിവരിക്കുന്നു. അവർ തമ്മിൽ ഒരൊറ്റ വ്യത്യാസം മാത്രം ഉണ്ടായിരുന്നു. ഒരാൾ നമ്മുടെ കർത്താവിന്റെ ശാരീരിക ജനനത്തെക്കുറിച്ചും തദവസരം സംഭവിച്ചവയെക്കുറിച്ചും എഴുതണമെന്ന് ചിന്തിച്ചു. മറ്റൊരാൾ യോഹന്നാന്റെ സ്നാനം കൊണ്ടു തുടങ്ങി. ഭാഗ്യവാനായ ലൂക്കോസാകട്ടെ യോഹന്നാന്റെ ജനനം മുതൽ സംഭവിച്ചവയും പിന്നീട് കർത്താവിന്റെ ജനനവും യോഹന്നാന്റെ സ്നാനവും വിവരിച്ചുകൊണ്ട് ആരംഭിച്ചു.

ഭാഗ്യവാനായ യോഹന്നാൻ ആരംഭം മുതൽ കർത്താവിനോടൊത്തു വ്യാപരിച്ചതിനാലും കർത്താവിനോടുള്ള സ്നേഹത്താൽ കൂടുതൽ കൃപ ലഭിച്ചതിനാലും മറ്റുള്ളവരെക്കാൾ ആധികാരികതയും വിശ്വസ്തതയും ഉള്ളവനായി ആസിയായിലെ വിശ്വാസികൾക്ക് തോന്നിയതിനാൽ, സുവിശേഷം എഴുതുന്നതിനും മറ്റ് സുവിശേഷ ഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ കുറിച്ച് അഭിപ്രായം പറയുന്നതിനും അവ അദ്ദേഹത്തിന്റെ പക്കൽ എത്തിച്ചു. സത്യസന്ധമായി രചിച്ച ആ എഴുത്തുകാരെ അദ്ദേഹം ശ്ലാഘിക്കുക മാത്രം ചെയ്തു. ചില സംഗതികൾ അവർ വിട്ടുകളഞ്ഞിരുന്നു. വിവരിക്കേണ്ട ചില അത്ഭുതങ്ങളും ചില പ്രബോധനങ്ങൾ മുഴുവനായി തന്നെയും അവയിൽ ഇല്ലായിരുന്നു. കൂടാതെ മിശിഹായുടെ ശരീരത്തിലെ ആഗമനത്തെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ അവന്റെ ദൈവത്വവും ഉൾപ്പെടുത്തേണ്ടതാണെന്ന് യോഹന്നാൻ പറഞ്ഞു. കാലക്രമത്തിൽ മനുഷ്യർ പ്രസ്തുത പ്രതിപാദനങ്ങളുമായി പരിചയപ്പെടുമ്പോൾ, നമ്മുടെ കർത്താവ് പ്രസ്തുത വാക്കുകളിൽ പറയുന്നതു മാത്രമാണ് കർതൃവചനമെന്ന് കരുതാതിരിക്കാൻ വേണ്ടിയായിരുന്നു അത്. അതുകൊണ്ട്, മറ്റുള്ളവർ വിട്ടുകളഞ്ഞവയും എന്നാൽ കൂടുതൽ ആവശ്യമുള്ളവയുമായ സംഗതികൾ കൃത്യമായി എഴുതുന്നതിന് സഹോദരന്മാർ എല്ലാവരുംകൂടി അവനോട് അപേക്ഷിച്ചു. അവൻ അധികം വൈകാതെ എഴുതാൻ തുടങ്ങി. കാരണം, ഒരാളുടെ അശ്രദ്ധകൊണ്ട് അനേകർക്ക് വലിയ ഉപദ്രവം ഉണ്ടാകുന്നത് ലജ്ജാകരമാണെന്ന് അവൻ കരുതി.

ഇക്കാരണത്താലാണ് യോഹന്നാൻ സുവിശേഷം എഴുതാൻ ഉദ്ദേശിച്ചത്. തന്മൂലം ആരംഭത്തിൽ തന്നെ ദൈവത്വത്തെക്കുറിച്ചുള്ള പ്രബോധനം ഉൾക്കൊള്ളിച്ചുകൊണ്ട് സുവിശേഷവിവരണം നൽകിയത് ഉചിതമായി. മനുഷ്യാവതാര രഹസ്യം വിവരിച്ചശേഷം യോഹന്നാന്റെ സ്നാനത്തെപ്പറ്റി പ്രതിപാദിക്കുന്നു. കാരണം, മിശിഹായുടെ ശാരീരികാഗമനത്തിൽ നടന്ന സംഗതികളുടെയും അവൻ പറഞ്ഞ വാക്കുകളുടെയും വസ്തുനിഷ്ഠമായ തുടക്കം യോഹന്നാൻ മുന്നിൽ കണ്ടിരുന്നു. ഇങ്ങനെയാണെങ്കിലും മറ്റുള്ള

www.malankaralibrary.com



വർ ഉപേക്ഷിച്ച സംഗതികൾകൂടി എഴുതേണ്ടതാണെന്ന് അവൻ കരുതി. ആദിമുതൽ അവന്റെ പദ്ധതിയും പുസ്തകരചനയുടെ രൂപരേഖയും ഇതായിരുന്നു. അതുകൊണ്ടാണ് യഹൂദന്മാർ യോഹന്നാന്റെ പക്കൽ ദൂതന്മാരെ അയച്ച് അവനോട് ചോദിച്ച ചോദ്യവും അവന്റെ ഉത്തരവും പരാമർശിച്ചിരിക്കുന്നത് (യോഹ. 1,19-27). ക്രമീകൃതമായ വിവരണം നൽകാൻ അവൻ അതീവശ്രദ്ധാലുവായിരുന്നു. അതായത്, ആദ്യദിവസം എന്തെല്ലാം സംഗതികളാണ് ചെയ്തതും സംഭവിച്ചതും എന്നും എവിടെയാണ് സംഭവിച്ചതെന്നും പറയുന്നു. ഉദാഹരണമായി "ഇവ യോർദാന്റെ അക്കരെ ബേഥനിയായിൽ സംഭവിച്ചു" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു(യോഹ.1,28). അതിനുശേഷം രണ്ടാംദിവസം സംഭവിച്ചവ വിവരിക്കുന്നു. അതായത്, തന്നെ അനുഗമിച്ച ശിഷ്യരെക്കുറിച്ച്. ആരെങ്കിലും ശ്രദ്ധാപൂർവം പരിശോധിച്ചാൽ, സ്നാപക യോഹന്നാനെക്കുറിച്ച് സുവിശേഷകനായ യോഹന്നാനും മറ്റുള്ളവരും ഓർത്ത കാര്യങ്ങൾ വിട്ടുകളയാതെ ക്രമമായി വിവരിക്കേണ്ടിയിരുന്നു എന്നു മനസ്സിലാക്കാം.

യോഹന്നാൻ ക്രമം അനുസരിച്ച് വിവരിക്കുമ്പോൾ, മറ്റുള്ളവർ വിട്ടുകളഞ്ഞവ, പ്രത്യേകിച്ച് കല്യാണവിരുന്നിൽ മിശിഹായുടെ സാന്നിധ്യം, രേഖപ്പെടുത്തുന്നു. "ഇത് അടയാളങ്ങളുടെ ആരംഭമാണ്" എന്നു വ്യക്തമായി പറയുന്നു. അവൻ രേഖപ്പെടുത്തുന്ന പ്രതിപാദനങ്ങൾ എല്ലാംതന്നെ മറ്റുള്ളവർ വിട്ടുകളഞ്ഞവയാണ്; അതുപോലെതന്നെ മറ്റു പല അത്ഭുതങ്ങളും. മറ്റുള്ളവർ വിവരിച്ച ഏതെങ്കിലും അടയാളം അവൻ ഉൾപ്പെടുത്തിയെങ്കിൽ, അതിന്റെ പ്രത്യേകത കൊണ്ടായിരിക്കണം എന്നതിനു സംശയമില്ല. ഉദാ: സ്ത്രീകളെയും കുട്ടികളെയും കൂടാതെ അയ്യായിരം പേരെ അഞ്ചപ്പംകൊണ്ട് തീറ്റി തൃപ്തരാക്കിയ അപ്പത്തിന്റെ അത്ഭുതം. ഇത് മറ്റുള്ളവരും പറയുന്നുണ്ട്.

കുർബാനയുടെ രഹസ്യത്തെക്കുറിച്ച് അറിയിക്കാനുള്ള അവസരം ഒരുക്കുന്നതിനാണ് അതിനോടു ബന്ധപ്പെടുത്തി അവൻ ഈ അത്ഭുതം വിവരിച്ചത്. അപ്പത്തിന്റെ വർദ്ധനയായിരുന്നു ഈ ഉപദേശത്തിനുള്ള സന്ദർഭം. ഇതു വിവരിക്കാതെ സുവിശേഷകന് അതേക്കുറിച്ചു പറയാൻ സാധിക്കുമായിരുന്നില്ല. മറ്റു സുവിശേഷകർ വിട്ടുകളഞ്ഞവയുടെയും എന്നാൽ ചേർക്കേണ്ടവയുടെയും പൂരകമായി യോഹന്നാന്റെ സുവിശേഷത്തെക്കുറിച്ച് സംസാരിക്കുന്നത് ഉചിതമാണ്. ഇങ്ങനെ, ആസിയാക്കാർ ആഗ്രഹിച്ചതുപോലെ, മറ്റുള്ളവർ വിട്ടുകളഞ്ഞവ ഓർത്ത് തന്റെ ഗ്രന്ഥത്തിൽ ചേർത്താണ് അവൻ തന്റെ സുവിശേഷം രചിച്ചത്.

അതേ കാരണത്താൽ, നടന്ന സംഭവങ്ങളുടെ ക്രമത്തെപ്പറ്റി അവൻ വളരെ ശ്രദ്ധാലുവായിരുന്നു, മറ്റാർക്കും ഈ ശ്രദ്ധ ഇല്ലായിരുന്നു. എന്തുകൊണ്ട് അവർ അങ്ങനെ ചെയ്തെന്ന് ചർച്ച ചെയ്യാൻ സമയമില്ല. പിന്നീട്

www.malankaralibrary.com



സംഭവിച്ച പലകാര്യങ്ങളും അവർ നേരത്തേ കുറിച്ചുവച്ചു. അതുപോലെ ആദ്യം നടന്നവ പിന്നീടു നടന്നവയായി രേഖപ്പെടുത്തി. അവരുടെ ഗ്രന്ഥങ്ങൾ വായിക്കുന്ന ഏവർക്കും ഇവ നിരീക്ഷിക്കാവുന്നതാണ്. അവർ എന്തുകൊണ്ട് ഇപ്രകാരം ചെയ്തു എന്നതിനെപ്പറ്റിയുള്ള ചർച്ച നീട്ടുന്നില്ല. ഭാഗ്യവാനായ യോഹന്നാനാകട്ടെ ഇതേക്കുറിച്ചെല്ലാം നന്നായി പഠിക്കുകയും ആദ്യം സംഭവിച്ചവ ആദ്യം തന്നെ വയ്ക്കുകയും പിന്നീട് സംഭവിച്ചവ പിന്നീട് വയ്ക്കുകയും ചെയ്തു. ഇടയ്ക്ക് വളരെ സംഗതികൾ, പ്രത്യേകിച്ച് മറ്റുള്ളവർ പറഞ്ഞവ, വിട്ടുകളയുന്നു. അതുപോലെ ഒരു സംഭവം കഴിഞ്ഞ് പറയുന്ന അടുത്ത സംഗതി വളരെ കഴിഞ്ഞ് നടന്നതാകാം. എങ്കിലും സംഭവങ്ങളുടെ ക്രമം മാറ്റിമറിക്കുന്നില്ല. കാരണം, പിന്നീട് സംഭവിച്ചവ ആദ്യം വയ്ക്കുന്നില്ല. ആദ്യം സംഭവിച്ചവ പിന്നെ വയ്ക്കുന്നുമില്ല. സ്നാപകയോഹന്നാന്റെ വിവരണത്തിലും ഞാൻ പറഞ്ഞതുപോലെ ഇപ്രകാരമാണ് ചെയ്തിരിക്കുന്നത്: സംഭവങ്ങളുടെ ക്രമവും തുടർച്ചയും നിലനിർത്തുന്നു. മറ്റിടങ്ങളിലും ഇതു പാലിക്കുന്നതായി കാണാവുന്നതാണ്. അതുകൊണ്ട്, വിവരണത്തിനു മുമ്പായി പുസ്തകത്തിൽ പലപ്പോഴും കാണുന്ന വാക്കുകളാണ് "ഇവയ്ക്കു ശേഷം" എന്നത്. ഉദാ. "ഇവയ്ക്കുശേഷം യഹൂദരുടെ പെരുന്നാളായിരുന്നു"(5:1); അല്ലെങ്കിൽ "ഇവയ്ക്കുശേഷം യേശു കടലിനക്കരെ പോയി" (6.1) എന്നിത്യാദി. ഞാൻ പറഞ്ഞതുപോലെ ഇവയ്ക്കിടയിൽ നടന്നവ അവൻ വിട്ടുകളഞ്ഞു. കാരണം, അവ മറ്റുള്ളവർ പറഞ്ഞിട്ടുണ്ട്. അഥവാ, അവ അധികപ്പറ്റാണ്. ചേർക്കേണ്ടവയെപ്പറ്റി കൃത്യമായി പറയാൻ വേണ്ടിയാണിത്.

ദൈവസഹായത്താൽ നാം എഴുതാൻ പോകുന്ന വ്യാഖ്യാനം, ഈ സുവിശേഷം ശ്രദ്ധയോടെ വായിക്കാൻ പരിശ്രമിക്കുന്നവർക്ക് ഇതിൽ പറഞ്ഞിരിക്കുന്നവയുടെ കൃത്യമായ അറിവു പകരുന്നതാണ്

മറ്റുള്ളവർ വിട്ടുകളഞ്ഞവ കർത്താവിനോടുള്ള തന്റെ വലിയ സ്നേഹത്താൽ യോഹന്നാൻ വേഗം ഓർത്തു എന്നാണ് എനിക്കു തോന്നുന്നത്. മിശിഹായുടെ ദൈവത്വത്തെക്കുറിച്ചു പറഞ്ഞ വാക്കുകൾ അവന്റെ ദൗത്യത്തെ വെളിവാക്കുന്നു. യഹൂദർക്ക് അവനോടുള്ള ദുഷ്ടത നിമിത്തം അവന്റെ സ്വർഗീയതയ്ക്കു ചേരാത്ത എളിയ വാക്കുകൾ അവരിൽ വലിയ ചിന്താക്കുഴപ്പം ഉണ്ടാക്കി. പിതാവിന്റെ നാമത്തിൽ അവനോട് പകരം വീട്ടണമെന്നു കരുതി അവനെ കുരിശിൽ തറച്ചവർക്ക് ഒഴിഞ്ഞു മാറുന്നതിന് യാതൊരു ന്യായീകരണവുമില്ല. പിതാവിനെ ലക്ഷ്യം വച്ചുകൊണ്ടുള്ള അവിടുത്തെ വാക്കുകളും പ്രവൃത്തികളുമെല്ലാം ഇതിനു തെളിവാണ്. താൻ പറയുന്നതും ചെയ്യുന്നതും തന്റേതല്ല എന്ന് അവിടുന്നു വ്യക്തമായി ഏറ്റുപറയുന്നു. പറഞ്ഞിട്ടുള്ളവ ശ്രദ്ധാപൂർവം പരിശോധിക്കുന്നവർക്ക് കർതൃവചനങ്ങളിൽ നിന്നു തന്നെ ഇതു വ്യക്തമാകും.

www.malankaralibrary.com



ആരംഭത്തിൽ തന്നെ ദൈവത്വത്തെക്കുറിച്ചു പറഞ്ഞശേഷം അവന്റെ മഹത്വത്തെക്കുറിച്ച് സാക്ഷ്യം വഹിക്കാനാണ് സ്നാപകൻ വന്നതെന്ന് യോഹന്നാൻ പറയുന്നു(1,7). അവനിൽ വിശ്വസിക്കുകയോ, അവനെ സ്വീകരിക്കുകയോ ചെയ്യാത്തവർക്ക് എതിർസാക്ഷ്യം നൽകാനാണ് തന്റെ പുസ്തകത്തിന്റെ ലക്ഷ്യമെന്ന് വ്യക്തമാക്കാൻ ആഗ്രഹിച്ചുകൊണ്ട് അവൻ പറയുന്നു: "അവൻ വെളിച്ചമായിരുന്നില്ല, വെളിച്ചത്തെപ്പറ്റി സാക്ഷ്യം വഹിക്കാൻ വന്നവനാണ് "(1,8). യോഹന്നാനെ അനുസരിക്കുന്നു എന്നു വിചാരിക്കുകയും യോഹന്നാൻ സാക്ഷ്യം നൽകിയവനെ സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവരെ കുറ്റപ്പെടുത്തുന്ന വാക്കുകളാണിവ. ഈ ആരോപണത്തിനാക്കം കൂട്ടുന്നതാണ് താഴെപ്പറയുന്ന വാക്കുകൾ: "അവൻ തന്റെ സ്വന്തക്കാരുടെ പക്കലേക്കു വന്നു, എന്നാൽ സ്വകീയർ അവനെ സ്വീകരിച്ചില്ല"(1:11). തുടർന്ന് യോഹന്നാൻ സാക്ഷ്യം നൽകികൊണ്ട് വിളിച്ചു പറഞ്ഞു (1:15). അവൻ ആരാണെന്ന് ചോദിച്ചറിയാൻ ജറുസലേമിൽ നിന്ന് അവന്റെ പക്കലേക്ക് തങ്ങളുടെ ഇടയിൽ പ്രശസ്തരായ വ്യക്തികളെ യഹൂദർ അയച്ചു. അതായത്, അവർ അവനെ മിശിഹാ ആയി അംഗീകരിക്കാൻ കടപ്പെട്ടവരാണോ എന്നറിയാൻ. അപ്പോൾ വ്യക്തമായി അവൻ പ്രത്യുത്തരിച്ചു. "ഞാൻ മിശിഹായല്ല." പ്രവാചക വചനാനുസൃതം, വരാനിരിക്കുന്നവനെ വെളിപ്പെടുത്താനാണ് ഞാൻ വന്നിരിക്കുന്നത് (1:19- 23). നമ്മുടെ കർത്താവിനെക്കുറിച്ച് യഹൂദരോട് പറഞ്ഞ വാക്കുകളും മറ്റു കാര്യങ്ങളുംവഴി അവൻ ഇത് ഉറപ്പിച്ചു. നമ്മുടെ കർത്താവിന്റെ വാക്കുകൾ ശ്രദ്ധാപൂർവം പരിശോധിച്ചാൽ അവയ്ക്കു വിവിധങ്ങളായ അർത്ഥം കാണാവുന്നതാണ്. ചിലത് അവന്റെ ഔന്നത്യം പ്രസ്പഷ്ടമാക്കുന്നു. മറ്റു ചിലത് ബലഹീനത കാണിക്കുന്നു; സൂക്ഷ്മ പരിശോധനയിൽ, അവ അവനു ചേരുന്നതല്ലെന്നു വ്യക്തം. നമ്മുടെ കർത്താവിന്റെ വാക്കുകൾ അല്ലാതെ തന്റെ തന്നെ വാക്കുകളായി ഏകജാതന്റെ ദൈവത്വത്തെക്കുറിച്ച് സുവിശേഷത്തിന്റെ ആരംഭത്തിൽ സുവിശേഷകൻ പറഞ്ഞിരിക്കുന്ന വാക്കുകൾ മനസ്സിലാക്കണം; അവ ഏതെങ്കിലും തരത്തിലുള്ള കുറവുകൾക്ക് അതീതമാണ്. അവ ഏകജാതന്റെ ഔന്നത്യത്തിന് അനുയോജ്യമാണ്. ശത്രുക്കളോടു സംസാരിക്കുമ്പോഴല്ല, വിശ്വസികളെ പഠിപ്പിക്കുമ്പോഴാണ് അവ ഉച്ചരിക്കപ്പെട്ടത്. അവൻ ഇങ്ങനെ തുടങ്ങുന്നു.

www.malankaralibrary.com

# പുസ്തകം - 1

## വചനം

*ആദിയിൽ വചനം ഉണ്ടായിരുന്നു* (1,1). ഭാഗ്യവാനായ യോഹന്നാൻ സുവിശേഷകൻ ഈ വചനം ഉച്ചരിച്ചപ്പോൾ അതിന്റെ അർത്ഥം പൂർണമായി മനസ്സിലാക്കിയില്ല; പിന്നീട് അതേപ്പറ്റി കൂടുതൽ ചിന്തിച്ചു പഠിച്ചു എന്ന് പറയുന്നവനെ എന്റെ അഭിപ്രായത്തിൽ കുറ്റപ്പെടുത്തേണ്ടതില്ല. ഈ വാക്കിന്റെ ഉപയോഗവും അർത്ഥവും മനുഷ്യന്റെ കഴിവിന് മാത്രമല്ല, മനുഷ്യപ്രകൃതിക്കു തന്നെയും ഉപരിസ്ഥമാണെന്ന് എനിക്കു തോന്നുന്നു. സത്ത തന്നെ പ്രകൃതി ആയിരിക്കുന്നവനെ മനസ്സിലാക്കാൻ പറ്റില്ല എന്നു മാത്രമല്ല, എന്തെങ്കിലും മനസ്സിലാക്കിയത് പ്രകടിപ്പിക്കാൻ സാധ്യമല്ല. വചനമാം ദൈവത്തിന്റെ വിശകലനാതീത സത്തയെപ്പറ്റി ഇത്ര ചുരുക്കമായി പറയാൻ അവനു കഴിഞ്ഞു. അവൻ മനസ്സിലാക്കിയത് അറുനൂറ് വാക്കുകൾ കൊണ്ടുപോലും പ്രകടിപ്പിക്കാൻ മറ്റൊരാൾക്കു സാധിക്കുകയില്ല. ഞാൻ ഈ വചനത്തെ അല്പം പരിഗണിക്കുമ്പോൾ, പാഷണ്ഡികളെക്കുറിച്ച് അത്ഭുതസ്തബ്ധനാകുന്നു. സ്വർഗീയമായവയ്ക്കെതിരെ പൊരുതാൻ അവർക്ക് എങ്ങനെ കഴിയും എന്നതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. മനുഷ്യർ സ്വീകരിച്ച സകല പ്രബോധനങ്ങളും മതങ്ങളും നശിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് സൂര്യനെപ്പറ്റിപോലും അതു പ്രകാശിക്കുന്നില്ല എന്നു പറയാൻ ധൈര്യപ്പെടുകയും അത് ഉദാഹരണസഹിതം തെളിയിക്കാമെന്ന് വാഗ്ദാനം ചെയ്യുകയും മർക്കടമുഷ്ടിയോടുകൂടി എതിർക്കുകയും ചെയ്യുന്നവർ ഗ്രീക്കു താത്വികരിൽ നിന്ന് വ്യത്യസ്തരല്ലെന്നു തോന്നുന്നു. തുടക്കത്തിനു മുൻപ് എന്തെങ്കിലും ഉണ്ടായിരുന്നെങ്കിൽ, പുത്രൻ ആദ്യസത്ത അല്ലെന്നു സമ്മതിക്കാമായിരുന്നു. ഏതു ക്രമത്തിലാണെങ്കിലും, ആദ്യമുള്ളതിനെയാണ് ആരംഭം എന്നു വിളിക്കുന്നത്. അതിനുമുമ്പ് എന്തെങ്കിലും ഉണ്ടെങ്കിൽ, അത് ആരംഭം അല്ല. അല്ലെങ്കിൽ കാണപ്പെടുന്നവയിൽ അത് അവശ്യാവശ്യം ഒന്നാമത്തേത് ആയിരിക്കണം എന്നു നാം കരുതുന്നു.

വചനമാം ദൈവം ആരംഭത്തിൽ ഉണ്ടായിരുന്നു എന്ന് സുവിശേഷകൻ വ്യക്തമായി പറയുന്നു. അർത്ഥത്തെപ്പറ്റി ആരെങ്കിലും തർക്കിക്കുകയാ

www.malankaralibrary.com



ണെങ്കിൽ; താത്വിക പ്രയോഗമനുസരിച്ചോ, തിരുലിഖിതപ്രയോഗം അനുസരിച്ചോ *ആരംഭം* എന്ന വാക്ക് രണ്ടുതരത്തിലും ഒരുപോലെ ഏകജാതന്റെ ദൈവികസത്തയെ സൂചിപ്പിക്കുന്നു എന്നു കാണാം. ഇതിലും മറ്റു പലതിലും, വേദപുസ്തകശൈലിയിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ല താത്വികരുടെ ശൈലീപ്രയോഗം എന്ന് പരിശോധിച്ചാൽ മനസ്സിലാകും. മതപ്രബോധനത്തിലെ വ്യത്യാസം വാക്കുകളുടെ വ്യത്യാസം ഉണ്ടാക്കുന്നില്ല. പല കാര്യങ്ങളിലും അവർ വഴിതെറ്റിപ്പോയെങ്കിലും, വാക്കുകളുടെ അർത്ഥം മാറ്റരുതെന്ന് സാമാന്യബുദ്ധി അവരെ പ്രേരിപ്പിച്ചിരുന്നു. അതുകൊണ്ട് ദൈവിക ഗ്രന്ഥങ്ങളും വാക്കുകൾ ഒരുപോലെ ഉപയോഗിച്ചിരുന്നു. അതായത്, അവയുടെ സാധാരണമായ മൂല്യവും അർത്ഥവും.

**ആദിയിൽ**

"ആദിയിൽ" എന്ന വാക്ക് നമുക്ക് ചർച്ചാവിഷയമാക്കാം. അതിനു മുമ്പ് മനുഷ്യരുടെ ഇടയിൽ ഉള്ള സാമാന്യാർത്ഥം നോക്കാം. *ആദ്യം*. ഏതൊന്നിലും ആദ്യമുള്ളതിനെ ഒന്നാമത്തേത് എന്നു നാം വിളിക്കുന്നു, രണ്ടാമതുള്ളതിനെ ആദ്യം എന്നു വിളിക്കുന്നില്ല. വേറൊന്നു കഴിഞ്ഞാണെങ്കിൽ അത് ആദ്യമല്ല. ഒന്നു കഴിഞ്ഞു വരുന്നത് ഒന്നാമത്തേതല്ല. അതുപോലെ, ഒന്നാമത്തേത് അല്ലാത്തത് ആദ്യമല്ല. ഇക്കാര്യം സൂക്ഷ്മമായി പരിശോധിച്ചാൽ *ആദ്യം* എന്നത് "ഒന്നാമത്തേത് "എന്നതിനെക്കാൾ കൂടുതൽ അർത്ഥമുള്ളതാണ് എന്നു കാണാം. ഒന്നാമത്തേതായ ചില കാര്യങ്ങൾ *ആദ്യം* എന്നു പറയാൻ പറ്റുകയില്ലെന്ന് കാണാം. *ആദ്യം* എന്നതിൽ *ഒന്നാമത്തേത്* എന്ന അർത്ഥം ഉൾക്കൊള്ളുന്നു. ഒന്നാമത്തേത് അല്ലാത്തതിനെ ആരെങ്കിലും ആദ്യം എന്ന് വിളിച്ചാൽ, അയാൾ ആ പദത്തെ ദുരുപയോഗിക്കുകയായിരിക്കും ചെയ്യുക. ഒന്നാമത്തേത് എന്ന വാക്കിൽ ആദ്യം എന്ന വാക്ക് ഉൾക്കൊള്ളുന്നു. അങ്ങനെ ആദ്യം എന്ന ആശയത്തോട് ഒന്നാമത്തേത് എന്ന അർത്ഥം ബന്ധപ്പെട്ടിരിക്കുന്നു. ഉദാ: ഒരു കൂട്ടം കല്ലുകളിൽ നിന്ന് കുറേ കല്ലുകൾ ഒന്നിനു പിറകെ ഒന്നായി മാറ്റാനാഗ്രഹിക്കുന്നവൻ ഇപ്രകാരം പറയുന്നു എന്നു കരുതുക: "അവയിൽ നിന്ന് ഇന്ന കല്ല് ആദ്യമെടുക്കുക." ഇവിടെയാകട്ടെ, ഒന്നാമത്തേത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരിക്കലും ആദ്യം എന്ന അർത്ഥം ദ്യോതിപ്പിക്കുന്നില്ല. കാരണം, ഇന്ന കല്ലാണ് മാറ്റുന്നതിനുള്ള തുടക്കം എന്നുകൂടി പറയുന്നില്ലെങ്കിൽ കൽക്കൂനയുടെ ഉദാഹരണം ഇതനുവദിക്കുന്നില്ല. അപ്പോൾ, ഇന്ന കല്ലെടുക്കുക എന്ന കല്പന "ആദിയുടെ" അർത്ഥം ഉൾക്കൊള്ളുന്നു. പക്ഷേ, കല്ലുകളുടെയല്ല, എടുക്കുന്നതിന്റെയാണ് ആദി.

www.malankaralibrary.com



അതുകൊണ്ടെന്ത്? ഒന്നാമത്തേത് എന്നതിലധികം അർത്ഥം ആദ്യം എന്ന് പറയുന്നതിലുണ്ട് എന്ന് തെളിയിക്കുകയാണ് ഈ പ്രതിപാദനത്തിന്റെ ലക്ഷ്യം. അതുകൊണ്ട്, ഒന്നാമത്തേത് എന്നു പറയുമ്പോൾ ചിലത് പിറകെ വരുന്നു എന്നു നാം മനസ്സിലാക്കുന്നു. ആദ്യം എന്നു പറയുന്നത് ഒന്നിന്റെ ആദിയാണ്. അതുകൊണ്ട് ആദ്യം ആയിരിക്കുന്നത് മറ്റു കാര്യങ്ങൾ പിറകെ വരുന്നതിനാലല്ല, പിന്നെയോ ഇനിയും വരാനുള്ളതിന്റെകൂടി ആരംഭമാണ് എന്നതു കൊണ്ടാണ്. ഇനിയും ഉണ്ടാകാൻ പോകുന്നവയുടെയും ആദ്യം ആണ്. ഒന്നിനു പുറകെ മറ്റൊന്നു വരുമ്പോൾ അതിനെ ആദ്യത്തേത് എന്നു വിളിക്കുന്നു. ആദ്യത്തേതിനെ ആദ്യം എന്നു വിളിക്കാം. അതുപോലെ ആദ്യത്തേതിനുശേഷം, തുടർന്നുള്ളവ വരുന്നതിനാൽ അതിനെ അവയുടെ ആദി എന്നു വിളിക്കാം.

വാക്കുകളുടെ അർത്ഥവ്യത്യാസം നിമിത്തം ഭാഗ്യവാനായ മോശ ബോധപൂർവം പറഞ്ഞത്, *സന്ധ്യയായി, ഉഷസ്സായി ഒന്നാംദിവസം* എന്നല്ല പിന്നെയോ, *സന്ധ്യയായി ഉഷസ്സായി, ഒരു ദിവസം* എന്നാണ് (ഉല്പ 1,5). വേറൊരു ദിവസം ഉണ്ടാകുന്നതിനു മുൻപ് ആ ദിവസത്തെ ഒന്നാംദിവസം എന്ന വിളിക്കാമെന്ന് അവൻ കരുതിയില്ല. കാരണം, ആ ദിവസത്തിനുശേഷം, വേറൊരു ദിവസം അപ്പോൾ ഇല്ലായിരുന്നു. രണ്ടാമത് ഒരു ദിവസം ഉണ്ടായപ്പോൾ അതിനെ *രണ്ടാംദിവസം* എന്നു വിളിച്ചു.

അതുപോലെ ഒരു വീടിന്റെ ആദ്യം ഇടുന്ന കല്ലിനെ അടിസ്ഥാനം എന്നു വിളിക്കുന്നു. ആ അടിസ്ഥാനത്തിന്മേലാണു നാം പണി ആരംഭിക്കുന്നത്. അടിസ്ഥാനമില്ലാതെ ഭവനം പണിയാൻ സാധ്യമല്ല. വീടിനു വേണ്ടിയാണ് അടിസ്ഥാനം ഇടുന്നത്. എങ്കിലും അത് വീടു പണിയുന്നതിനു മുമ്പുണ്ടായിരുന്നു. അതുപോലെ ആദാം മനുഷ്യരുടെ തലവനാണ്.[3] കാരണം, അവനുമുമ്പ് മനുഷ്യൻ ഇല്ലായിരുന്നു. മറ്റു മനുഷ്യർ ഉണ്ടാകുന്നതിനുമുമ്പ്, സുബോധമുള്ള മനുഷ്യരുടെ പതിവനുസരിച്ച്, സ്വയമേ ആദ്യം വരുന്നതിനെ *ആദി* എന്നു വിളിക്കുന്നു. വെറും പേരുകൊണ്ടോ സംയുക്തം കൊണ്ടോ ഒന്നാമത്തേതാകുന്നില്ല.

ഇതേ രീതിയാണ് പേരുകളുടെ ഉപയോഗത്തെക്കുറിച്ച് മറ്റുള്ളവരും അവലംബിച്ചത്. അവരും സ്വാഭാവിക കാരണങ്ങളാൽ ഇത് അംഗീകരിക്കുകയും ആദ്യം എന്നതിന് മനോഹരമായ വിവരണം നൽകുകയും ചെയ്തു. ആദ്യം എന്നത് തുടർന്നു വരുന്നവയുടെ ഒന്നാം കാരണമാണ്. ഒന്നാം കാരണം എന്നു വിളിച്ചുകൊണ്ടും ഇങ്ങനെ കാര്യം നന്നായി വിവരിക്കാമെന്ന് കരുതിക്കൊണ്ടും അത് എല്ലാറ്റിനും മുമ്പാണെന്ന് അവർ വിശദീകരി

www.malankaralibrary.com



ക്കുന്നു. അതുപോലെ എല്ലാറ്റിനും മുമ്പുണ്ടായിരുന്നതിനെ *ആദ്യം* എന്നു വിളിക്കുക പതിവാക്കി. മറ്റുള്ളവരാകട്ടെ, തനിക്കുമുമ്പ് വേറൊന്നും ഇല്ലാത്തതുകൊണ്ടും, താൻ എല്ലാറ്റിനും മുമ്പ് സ്ഥിതിചെയ്തിരുന്നതു കൊണ്ടും ദൈവത്തെ എല്ലാ വസ്തുക്കളുടെയും ഹേതു എന്നും *ആദി* എന്നും പേര് വിളിച്ചു. വേറേ ചിലരാകട്ടെ, ഭൂമി, വായു, വെള്ളം, അഗ്നി എന്നിവയോ, ഇവയൊന്നിച്ചോ നിത്യമാണെന്ന് കരുതി. അവയിൽ നിന്നാണ് മറ്റുള്ളവ നിർമിക്കപ്പെട്ടതെന്ന് ചിന്തിച്ചു. ഒറ്റവാക്കിൽ പറഞ്ഞാൽ, വാക്കുകളുടെ ഉപയോഗത്തിലും പ്രബോധനത്തിന്റെ വ്യാഖ്യാനത്തിലും, എല്ലാറ്റിനും മുമ്പുള്ളതിനെയാണ് തങ്ങൾ *ആദ്യം* എന്നു വിളിക്കുന്നതെന്ന് വ്യക്തമാക്കി.

സാധാരണ മനുഷ്യർ ഉപയോഗിക്കുന്ന അതേ അർത്ഥത്തിലാണ് ഈ വാക്ക് ബൈബിളിലും ഉപയോഗിച്ചിരിക്കുന്നതെന്നു കാണാൻ കഴിയും. ഭാഗ്യവാനായ മോശ ദൈവത്തെയും സൃഷ്ടവസ്തുക്കളെയും കുറിച്ച് ഇസ്രായേൽ ജനത്തെ പഠിപ്പിക്കാൻ ആഗ്രഹിച്ചു. പല കാര്യങ്ങളും വിട്ടുകളഞ്ഞിട്ട് ഞാൻ ചുരുക്കി പറയുകയാണ്. അവൻ ഒരുവൻമാത്രം; ഇവയാകട്ടെ, നിർമിതവും. നമുക്ക് സൃഷ്ടിയുടെ ക്രമം വിശദീകരിച്ചു തരാൻ ആഗ്രഹിച്ചുകൊണ്ട് അവൻ പറയുന്നു: "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉല്പ 1,1). ആരംഭത്തിൽ എന്തൊക്കെ ഉണ്ടായിരുന്നെന്ന് അവൻ പറയുന്നില്ല. സ്വയം അസ്തിത്വമില്ലാതിരുന്ന വസ്തുക്കൾക്കും ആ വാക്ക് ചേരുകയില്ലെന്ന് അവൻ കരുതി. അവയുടെ സ്രഷ്ടാവായ ദൈവം ഉണ്ടായിരുന്നെന്ന് അവൻ അറിഞ്ഞിരുന്നു. ആരംഭത്തിൽ സൃഷ്ടിക്കപ്പെട്ടത് എന്തൊക്കെയാണെന്ന് പറയാൻ അവൻ മുതിർന്നില്ല. അവയുടെ സ്രഷ്ടാവിന്റെ പേര് ആദ്യം പറയുന്നതാണ് നല്ലതെന്ന് കരുതി, "ആദിയിൽ ദൈവം സൃഷ്ടിച്ചു" എന്ന് പറഞ്ഞു തുടങ്ങി. പിന്നീട് "ആദിയിൽ" സൃഷ്ടിക്കപ്പെട്ടവ ഏതൊക്കെയാണെന്ന് കൂട്ടിച്ചേർത്തു. അവയുടെ സ്രഷ്ടാവായ ദൈവത്തിന്റെ പേര് ആദ്യം പറഞ്ഞുകൊണ്ട് ശ്രോതാക്കളുടെ ശ്രദ്ധ ആദ്യം അവനിലേക്കു തിരിച്ചുവിട്ടു; പിന്നീട് സൃഷ്ടവസ്തുക്കളെ സൂചിപ്പിച്ചു.

അതുകൊണ്ട് "ആദിയിൽ" അവ നിർമിക്കപ്പെട്ടു എന്ന് അവയുടെ കൂടെ സൃഷ്ടിക്കപ്പെട്ടവയെയും സൂചിപ്പിച്ചുകൊണ്ട് അവൻ പറഞ്ഞു. അവയിൽ മറ്റുള്ളവ ഉൾക്കൊണ്ടിരുന്നതിനാൽ, ഇങ്ങനെ പറഞ്ഞാൽ അവയിൽ ഉൾപ്പെടുമെന്ന് അവൻ കരുതി. വായു, ജലം, മലകൾ, കുന്നുകൾ, ആകാശത്തിലും ഭൂമിയിലുമുള്ള മറ്റുവസ്തുക്കൾ എന്നിവയെ സൂചിപ്പിക്കാനാണ് ഞാൻ ഈ പറയുന്നത്. അവയുടെ സൃഷ്ടിയെ കുറിച്ച് പ്രത്യേകമായി ഒരിടത്തും പറയുന്നില്ല. പിന്നീട് സൃഷ്ടിച്ച പ്രകാശത്തെയാണ് അവൻ ഓർക്കു

www.malankaralibrary.com



ന്നത്. രണ്ടാംദിവസവും മൂന്നാംദിവസവും സൃഷ്ടിക്കപ്പെട്ട വസ്തുക്കളെയും മനുഷ്യസൃഷ്ടി വരെയുള്ള സംഗതികളെയും അവൻ വിട്ടുകളഞ്ഞു. ദൈവിക ഗ്രന്ഥങ്ങളിൽ മറ്റെല്ലാറ്റിനും മുമ്പുള്ളവയെയാണ് ആദിയിൽ എന്നു വിളിക്കുന്നതെന്ന് ഇവവഴി അവൻ വ്യക്തമായി പഠിപ്പിക്കുന്നു.

**പാഷണ്ഡികൾ**

പാഷണ്ഡികൾ ഈ പൊതുപാരമ്പര്യവും പണ്ഡിതരുടെ പ്രയോഗങ്ങളും വിട്ടുകളഞ്ഞു. കൂടാതെ, മറ്റുള്ളവർക്ക് പ്രാധാന്യമുള്ളവയും പതിവുള്ളവയുമായ ശൈലീപ്രയോഗങ്ങൾ ഉപേക്ഷിച്ചു. വളരെപ്പേരെ കപട പദപ്രയോഗങ്ങളാൽ വഞ്ചിച്ചുകൊണ്ട് "ആദിയിൽ" എന്നു പറഞ്ഞു. അതായത് *തന്റെ* ആരംഭത്തിൽ. എന്നുവച്ചാൽ, അവനുതന്നെ ആരംഭം ഉണ്ട് എന്ന മട്ടിൽ. കാരണം, "അവൻ ആയിരുന്നു", എന്നതും "അവൻ ഉണ്ടായിരുന്നു" എന്നതും തമ്മിലുള്ള വ്യത്യാസമോ വൈരുധ്യമോ മനസ്സിലാക്കാതെയാണ് ഇപ്രകാരം ചെയ്തത്. "അവന് ആദി ഉണ്ടായിരുന്നെങ്കിൽ ആദിയിൽ അവൻ ഉണ്ടായിരുന്നില്ല. ആദിയിൽ അവൻ ഉണ്ടെങ്കിൽ അവന് ആരംഭം ഇല്ലായിരുന്നു" എന്ന് അവർ പറയുന്നു. അവരുടെ ഈ വാക്കുകൾ എത്ര വലിയ അജ്ഞതയിൽ നിന്നു വരുന്നതാണെന്ന് മനസ്സിലാക്കാൻ വിഷമമില്ല. ഒരിക്കൽ ഇല്ലാതിരുന്നതും പിന്നീട് നിർമിക്കപ്പെട്ടതും ആയവ അവയുടെ ആരംഭത്തിൽ *ആയിരുന്നു*. ഇങ്ങനെ സമസ്ത സൃഷ്ടവസ്തുക്കളിലും ഈ "ആദി" പൊതുവാണെന്നു പറയാം.

ഇവയെല്ലാം അസ്തിത്വത്തിലേക്ക് വരാൻ തുടങ്ങിയതുകൊണ്ട്, അവരുടെ അഭിപ്രായം അനുസരിച്ച്, പുത്രനും അവന്റെ ആരംഭത്തിൽ ആയിരുന്നു എന്നു പറയാം. കാരണം, "അവൻ ആദ്യമേ ഉണ്ടായിരുന്നില്ല. പിന്നെ നിർമിക്കപ്പെട്ടു". ഈ പ്രസ്താവന എല്ലാ വസ്തുക്കൾക്കും ചേരുന്നതാണ്. അപ്പോൾ, സുവിശേഷകനായ യോഹന്നാൻ ഏകജാതന്റെ ദൈവത്വത്തെ കുറിച്ച് ഏതോ പുതിയ കാര്യം പറയുന്നത് വെറുതെയാണെന്ന് നമുക്കു തോന്നുന്നു. "ആദിയിൽ ഉണ്ടായിരുന്നു" എന്നത് മാലാകമാർക്കോ, ആകാശശക്തികളിൽ ആർക്കെങ്കിലുമോ, തവളയ്ക്കോ ഇഴജന്തുക്കൾക്കോ ചേരാത്തതാണ്. അതുകൊണ്ട് മുമ്പ് ഇല്ലാതിരുന്നവയെയും അസ്തിത്വത്തിലെത്തിയവയെയും കുറിച്ച് *ആദിയിൽ ഉണ്ടായിരുന്നു* എന്നു പറയാനാവും. അതായത് ഏകജാതനെക്കുറിച്ചു പറയുന്നതുപോലെ, അതാതിന്റെ ആരംഭത്തിൽ ഉണ്ടായിരുന്നു. ഇവരുടെ അജ്ഞത നിമിത്തം ഉള്ള വ്യാഖ്യാനമാണ് ദൈവവചനത്തെക്കുറിച്ചുള്ള യോഹന്നാന്റെ വാക്കുകൾ അർത്ഥമാക്കുന്നതെങ്കിൽ, പിന്നീടുണ്ടായവയെക്കുറിച്ചും ഈ വാക്ക് ഉപയോഗിക്കാം. അതല്ലെങ്കിൽ, *ആരംഭത്തിൽ ഉണ്ടായിരുന്നു* എന്ന വാക്കുകൾ വചനത്തിനു

www.malankaralibrary.com



മാത്രമേ ചേരുകയുള്ളൂ, പിന്നീടുള്ളവയ്ക്കു ചേരുകയില്ല എന്നു പറയുന്നത് വ്യക്തമാക്കണം. നേരെമറിച്ച്, ഞാൻ പറയുന്നതുപോലെ, അവനാണ് എല്ലാറ്റിന്റെയും സ്രഷ്ടാവ് എന്ന നിലയിൽ ആദികാരണം എന്നാണ് ഈ വാക്കുകൾ സൂചിപ്പിക്കുന്നത്. ഇത് ഏകജാതന്റെ ഔന്നത്യത്തിന് ചേരുന്നതാണ്. സൃഷ്ടിക്കപ്പെട്ട ഒന്നിനെക്കുറിച്ചും ഇങ്ങനെ പറയാൻ സാധ്യമല്ല. അതുകൊണ്ട് ഏതു വശത്തുനിന്നു നോക്കിയാലും *ആദിയിൽ ഉണ്ടായിരുന്നു* എന്ന് സുവിശേഷകൻ പറഞ്ഞത് ഈ അർത്ഥത്തിലാണ്.

വിശ്വാസികൾക്ക് സംശയം വരാത്തരീതിയിൽ അവനെ പുത്രനെന്ന് വിളിക്കാഞ്ഞത് എന്തുകൊണ്ടാണെന്നുള്ളത് നമുക്കറിയില്ല.. ദൈവിക ജനനത്തിന്റെ ആഗ്രാഹ്യമായ രീതി നമ്മുടെ മനുഷ്യവംശത്തിന്റെ ചിന്തയ്ക്കു പരിസ്ഥമാണ്. പുത്രൻ പിതാവിനോടുകൂടെ ആദിമുതലേ ഉണ്ടായിരുന്നെങ്കിലും പുത്രന്റെ നിത്യത അവർ അംഗീകരിക്കാത്തതുകൊണ്ട്, അവൻ എപ്പോഴും പിതാവിന്റെകൂടെ ആയിരുന്നു എന്നത് അസാദ്ധ്യമാണെന്ന് അവർ കരുതുന്നു. സർവത്തിന്റെയും കാരണം അഥവാ തത്വം എന്ന് അവൻ വിളിക്കപ്പെടുന്നത് പിതാവിനെക്കാൾ ഉപരിസ്ഥനായതിനാലല്ല, ആദ്യതത്വത്തെ കൂടാതെ ആയതിനാലുമല്ല, പിന്നെയോ നിത്യത മുതലേ അവനോടൊപ്പം സ്ഥിതിചെയ്തിരുന്നതിനാലത്രേ. അവനിൽ നിന്ന് ജനിച്ചെങ്കിലും അവന്റെ ജനനം പിന്നീടുള്ളതല്ല. അതുകൊണ്ട് യോഹന്നാൻ അവനെ പുത്രൻ എന്നല്ല വചനം എന്നാണ് വിളിച്ചത്. *അനാലജി* വഴി ഈ നാമത്തിൽ അവനെ സൂചിപ്പിച്ചു. ഇതാണ് തിരുലിഖിതരീതി. ദൈവസ്വഭാവത്തെക്കുറിച്ച് എന്തെങ്കിലും പ്രസ്പഷ്ടമാക്കാൻ ആഗ്രഹിക്കുമ്പോൾ, വിശുദ്ധഗ്രന്ഥം ഭൗമിക കാര്യങ്ങളിൽ നിന്നുള്ള ഒരു നാമം അതിനു നൽകുന്നു. "നമ്മുടെ ദൈവമായ കർത്താവ് സംഹരിക്കുന്ന അഗ്നിയാണ് " എന്ന് ശ്ലീഹാ പറയുന്നതുപോലെ (എബ്രാ. 12,29) അക്കാര്യം സ്വാഭാവികമായി അതിനെ വിശദമാക്കുന്നു. ദൈവത്തിൽ നിന്നു പുറപ്പെടുന്ന വിധിയെ മറ്റു രീതിയിൽ, വേണ്ടപോലെ വിവരിക്കാൻ കഴിയുമെന്നു ശ്ലീഹാ കരുതിയില്ല. അതുകൊണ്ട്, നമ്മുടെ വസ്തുക്കളുമായുള്ള താരതമ്യം വഴി അവനെ *അഗ്നി* എന്നു വിളിക്കാൻ ശ്ലീഹാ അറച്ചുനിന്നില്ല. അതേ രീതിയിൽ, ഭാഗ്യവാനായ യോഹന്നാനും അവനെ വചനം എന്നു വിളിച്ചു, ഈ താരതമ്യം വഴി അവൻ നമ്മുടെ സംശയം ദുരീകരിക്കുന്നു.

വചനം വഴി നാം നമ്മുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടുത്തുന്നതുപോലെ പിതാവിന്റെ മനസ്സ് വെളിപ്പെടുത്തുന്നവൻ ആയതിലാണ് അവൻ അവിടുത്തെ *വചനം* എന്നു വിളിച്ചതെന്ന് ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ അത് അപ്രകാരമല്ല. എങ്ങനെയാണ് പിതൃഹിതം പുത്രൻ വഴി മനുഷ്യർക്ക് വെളിവാക്കപ്പെടുന്നതെന്ന് അവർ പറയുന്നില്ല. വാക്കുവഴിയാണോ? ഇത് ഭോഷത്തമാണ്! ഒരിക്കൽ മാത്രമാണ് തന്റെ മനുഷ്യാവതാരം

www.malankaralibrary.com



വഴി അവൻ മനുഷ്യരോട് സംസാരിക്കുന്നതായി കാണപ്പെട്ടത്. അവൻ പല പ്രാവശ്യം പല രീതിയിൽ നീതിമാന്മാർക്കു കാണപ്പെടുകയും അവരോടു സംസാരിക്കുകയും ചെയ്തു എന്ന് അവർ ശക്തിയായി എതിർത്തു പറയുന്നു. എന്നാലിത് മാലാഖമാർ വഴി സംഭവിച്ചതായിരിക്കാനാണിട. വഴിയിൽ വച്ച് ബാലാമിന് മാലാഖ പ്രത്യക്ഷപ്പെട്ട് ദൈവഹിതം വെളിപ്പെടുത്തിക്കൊടുത്തു. അവന്റെ ഉപദേശത്തിനു വിപരീതമായി ബാലാം മുന്നോട്ടുപോയി (സംഖ്യ 22,24). "എന്നിൽ സംസാരിക്കുന്ന മാലാഖ എന്നോടു പറഞ്ഞു" എന്ന് പ്രവാചകനായ സഖറിയാ എപ്പോഴും പറയുന്നതായി നമുക്ക് അനുഭവപ്പെട്ടു. ദൈവം ആഗ്രഹിച്ചതല്ലാതെ മറ്റൊന്നും അവൻ പറഞ്ഞില്ല എന്നു വ്യക്തമാണ്.

അവിടുന്നു തന്റെ പ്രവൃത്തികൾ വഴി പിതൃതിരുഹിതം വെളിപ്പെടുത്തുന്നു എന്ന് വചനത്തെക്കുറിച്ച് അവർ പറയുന്നെങ്കിൽ, ഇത് മാലാഖമാർക്ക് അന്യമായി നാം കാണുന്നില്ല. "ശക്തരും അവന്റെ കല്പന നിറവേറ്റുന്നവരുമായ അവന്റെ സകല മാലാഖമാരേ, അവനെ സ്തുതുക്കുവിൻ" എന്ന് തിരുലിഖിതം സാക്ഷിക്കുന്നു (സങ്കീ.102, 20). അതുപോലെ ശക്തികൾ എന്ന ഗണത്തിൽപെട്ട ദൂതന്മാരെപ്പറ്റി ശ്ലീഹാ പറയുന്നു. "രക്ഷയുടെ അവകാശം ലഭിച്ചവർക്കു വേണ്ടിയുള്ള സേവനത്തിനായി അയക്കപ്പെട്ട സേവനാത്മാക്കളല്ലേ അവരെല്ലാം?" (എബ്രാ. 1,14). ഈ ശുശ്രൂഷയ്ക്ക് അയക്കപ്പെട്ട *ശക്തികൾ* എന്ന ഗണം ദൈവതിരുമനസ്സ് പൂർണമായി നിറവേറ്റുന്നു എന്ന് വ്യക്തമാണല്ലോ.

വചനം വഴി അവൻ ദൈവതിരുമനസ്സ് വെളിപ്പെടുത്തുന്നു എന്ന് അവർ പറഞ്ഞാൽ, മാലാഖമാരും ഇതുതന്നെ ചെയ്യുന്നു എന്നു പറയാം. പ്രവൃത്തികൾ വഴിയാണ് എന്നു പറഞ്ഞാൽ മാലാഖമാർക്ക് അത് സാധ്യമാണ് എന്നു വ്യക്തമാണ്. അതുകൊണ്ട്, വചനം എന്ന പേര് അവർക്കും ആരോപിക്കാം. അങ്ങനെയെങ്കിൽ വൃഥായാണ് ദൈവപ്രകൃതിയെപ്പറ്റി നമ്മെ പഠിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് യോഹന്നാൻ ഈ വാക്ക് എടുത്തത്; ഇതു മറ്റു പലതിനും അനുയോജ്യമാണ്.

ഇത് ഇങ്ങനെയാണെങ്കിൽ, വിശുദ്ധ ഗ്രന്ഥത്തിൽ ഇവിടെയല്ലാതെ എന്തുകൊണ്ടാണ് മറ്റൊരിടത്തും വചനം എന്നു വിളിക്കാത്തത്? ഈ നാമം പിതാവിന്റെ തിരുഹിതം വെളിപ്പെടുത്തിയതുകൊണ്ടാണ് ഈ പേരിൽ വിളിക്കപ്പെട്ടതെങ്കിൽ, എന്തുകൊണ്ടാണ് "ആരും ദൈവത്തെ ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ തന്നെ അവനെ വെളിപ്പെടുത്തി" (1,18) എന്ന് പറഞ്ഞുകൊണ്ട് സ്നാപകയോഹന്നാൻ വളരെ സൗകര്യപൂർവം ഇങ്ങനെ സൂചിപ്പിച്ചിരിക്കുന്നത്?

www.malankaralibrary.com



*ദൈവത്തിന്റെ വചനം* എന്നല്ല, *വചനം* എന്നു മാത്രമാണ് സുവിശേഷകൻ വളരെ കൃത്യമായി പ്രയോഗിച്ചിരിക്കുന്നത്. ദൈവത്തിന്റെ വചനം അവന്റെ കല്പനയേയും, അഥവാ, ദൈവേഷ്ടത്താൽ പൂർത്തിയാക്കപ്പെട്ട പ്രവൃത്തിയേയും സൂചിപ്പിക്കാമെന്ന് അവൻ അറിഞ്ഞിരുന്നു. കർത്താവിന്റെ വചനം ഇന്നതും ഇന്നതും പ്രവർത്തിച്ചു. അതായത്, അവർ പ്രസംഗിക്കാൻ വേണ്ടിയാണ് അവർക്കു ദൈവതിരുമനസ്സിന്റെ വെളിപാടുണ്ടായതത് എന്ന് പ്രവാചകരെപ്പറ്റി പറയുന്നു. ശ്ലീഹാ പറയുന്നത് ഇതിനു തുല്യമാണ്: "ഞങ്ങൾ വഴി നിങ്ങളോടു പ്രസംഗിക്കപ്പെട്ട ദൈവവചനം"; അതായത് പ്രഘോഷണം! വീണ്ടും വേറൊരിടത്ത്, "കുരിശിന്റെ വചനം നാശത്തിലേക്കു പോകുന്നവർക്ക് ഭോഷത്തമാണ്." അതായത്, കുരിശിനെ കുറിച്ചുള്ള പ്രഘോഷണം! അതുപോലെ ഭാഗ്യവാനായ ദാവീദും പറയുന്നു: "അഗ്നി, കൽമഴ, മഞ്ഞ്, മഞ്ഞുകട്ട, കൊടുങ്കാറ്റ്, ആദിയായവ അവന്റെ വചനത്തിന്റെ പ്രവർത്തികളല്ലേ?" (സങ്കീ 148,8). അവയെല്ലാം ദൈവത്തിന്റെ തിരുഹിതവും കല്പനയും അനുസരിച്ച് വ്യാപരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. വീണ്ടും, ഭാഗ്യവാനായ പത്രോസ് പറയുന്നു: "സർവത്തിന്റെയും കർത്താവായ യേശുമിശിഹായിലുള്ള സമാധാനവും ശാന്തിയും ഇസ്രായേൽമക്കളെ അറിയിക്കാൻ, അവൻ അയച്ച വചനം" (നട 10,36). യേശുമിശിഹായെയാണ് എല്ലാറ്റിന്റെയും നാഥനെന്ന് യഹൂദന്മാർ തിരിച്ചറിയാനായി, യേശുമിശിഹാ വഴി ഈ പ്രബോധനം അവരോടു പ്രസംഗിക്കാൻ ദൈവം അയച്ചു എന്നാണ് അതിന്റെ അർത്ഥം. ശ്ലീഹാ പറയുന്നു: "ദൈവവചനം സജീവവും മൂർച്ചയുള്ളതുമാണ്." അതായത്, ദൈവകല്പനയും വിധിയും, ശക്തവും ഫലസമൃദ്ധവുമാണ്. എല്ലാ കാര്യങ്ങളും പരിശോധിച്ചു തീരുമാനിക്കാനും പാപികൾക്കെതിരായി വിധി പറയാനും കഴിവുള്ളതാണ് വചനം എന്നു സാരം.

അതുകൊണ്ട് ദൈവികഗ്രന്ഥം ദൈവവചനത്തെപ്പറ്റി അസ്പഷ്ടമായിട്ടല്ല സംസാരിക്കുക. ദൈവവചനം എന്നു പറയുന്നത് കർത്താവിന്റെ വാക്കോ, കുരിശിന്റെ വചനമോ, അവൻ അയക്കുന്ന കല്പനകളോ ആകാം. ഓരോന്നിനോടും പ്രത്യേക വിശേഷണം കൂട്ടിച്ചേർത്തിട്ടുണ്ടാകും. ഭാഗ്യവാനായ യോഹന്നാനാകട്ടെ, തറപ്പിച്ച് *വചനം* എന്ന് വിളിക്കുന്നു. എന്തുകൊണ്ടാണ് വചനം എന്ന പേരിൽ അവൻ വിളിക്കപ്പെട്ടതെന്ന് വിശദീകരിച്ചപ്പോൾ, ആലങ്കാരികമായിട്ടാണ് അവനെ വചനം എന്നു വിളിക്കുന്നത് എന്ന് അവർ പറഞ്ഞു. എന്നാൽ അവർ വിശദീകരിക്കാൻ ഉദ്ദേശിച്ച അർത്ഥത്തിലല്ല അവിടുന്ന് ഇങ്ങനെ വിളിക്കപ്പെട്ടതെന്ന് നാം ദൈവസഹായത്താൽ മുകളിൽ വ്യക്തമായി തെളിയിച്ചിട്ടുണ്ടല്ലോ.

അതുകൊണ്ട്, നാം എന്താണു പറയേണ്ടത്? വചനത്തിന് രണ്ടർത്ഥമുണ്ട്. ഒന്ന് നമ്മുടെ നാവുകൊണ്ട് പറയുന്ന വാക്ക്, മറ്റത് നമ്മുടെ മനസ്സിൽ രഹസ്യത്തിലുള്ളതും നമ്മുടെ ബൗദ്ധികാത്മാവിൽ നിക്ഷേപിക്കപ്പെട്ടതും അതിനു സ്വാഭാവികമായിട്ടുള്ളതും. ഈ വാക്കിന്റെ ഈ അർത്ഥം നമ്മുടെ ചർച്ചാവിഷയമാവില്ല. ഈ വാക്കാകട്ടെ ആത്മാവിൽ നിന്നാണ്, ആത്മാവിനോടുകൂടി ആയിരിക്കുന്നതായി അറിയപ്പെടുന്നു.

www.malankaralibrary.com



സാമ്യം വഴി ഈ പ്രശ്നം നമുക്കു പരിഹരിക്കാം. ആത്മാവിന്റെ ഈ വചനത്തെ അതിൽ നിന്നു വേർപെടുത്താനോ വിഭജിക്കാനോ സാധ്യമല്ല. സമയക്രമത്തിൽ പോലും അത് ആത്മാവിനു മുമ്പല്ല. അത് എപ്പോഴും ആത്മാവിന്റെ കൂടെ സ്ഥിതി ചെയ്യുകയും ആത്മാവിൽ കാണപ്പെടുകയും ചെയ്യുന്നു. വിഭജനമോ, വേർപാടോ കൂടാതെ പുത്രൻ പിതാവിൽ നിന്ന് ജനിക്കുന്നു എന്നതിനെപ്പറ്റി അല്പംപോലും സംശയിക്കേണ്ട കാര്യമില്ല. അവിടുന്ന് കാലത്തിലല്ല ഈ സ്വഭാവം സ്വീകരിച്ചത്. പിന്നെയോ എപ്പോഴും പിതാവിനോടു കൂടെയും പിതാവിലും ആയിരുന്നു. അസ്തിത്വപരമായി വചനം അവനോടുകൂടെ ആണ്. യാതൊന്നും അവരെ തമ്മിൽ വേർപെടുത്തുന്നില്ല. അവന്റെ മൂലകാരണം പിതാവു മാത്രമാണ്. പുത്രൻ അവനോടുകൂടെ ഐക്യപ്പെട്ടിരിക്കുന്നതുപോലെ, സത്തയിൽ അവനോടുകൂടെയാണ്.

പുത്രൻ ജനിച്ചവനാകയാൽ പിതാവിനു ശേഷമാണ് എന്ന് പാഷണ്ഡികൾ പറയുന്നത് എത്ര ഭോഷത്തമാണ്! പിതാവിന്റെ ആരംഭം അവർ കണ്ടെത്തിയിരുന്നെങ്കിൽ, ജനിച്ചവൻ എന്ന നിലയിൽ പുത്രൻ പിന്നീടുണ്ടായവനാണ് എന്ന് അവർക്ക് ശരിയായി പറയാനാകുമായിരുന്നു. ഇത് വേറെ ചില കുഴപ്പങ്ങൾ വരുത്തുമായിരുന്നു. ഞൊടിയിട നേരത്തിലും കുറവായിട്ടാണ് ഈ ജനനം നടന്നതെങ്കിൽ, ജനിച്ചവൻ ജനയിതാവിന് ശേഷമാണെന്ന് എങ്ങനെ പറയാനാകും? ജനിപ്പിക്കാനുള്ള കഴിവ് വളരെ നാളുകൾക്കുശേഷം ലഭിക്കുന്നതുകൊണ്ടാണ്, പിതാക്കന്മാർക്ക് ഉടനെ ജനിപ്പിക്കാൻ കഴിയാത്തത്. അതിനാലാണ്, നമ്മുടെ ഇടയിൽ, ജനിച്ചവർ ജനകർക്ക് പിൻപേ വരുന്നത്. ജനിപ്പിക്കാനുള്ള കഴിവ് ലഭിച്ച ശേഷവും, വിവാഹബന്ധം വഴി ശിശുക്കൾ ജനിക്കുന്നതിനും ശിശുക്കൾ ഉദരത്തിൽ വളർന്ന് രൂപീകരിക്കപ്പെട്ട് പുറത്തുവരുന്നതിനും കൂടുതൽ സമയം ആവശ്യമാണ്. ഈ പറഞ്ഞവയൊന്നും ദൈവത്തെപ്പറ്റി ചിന്തിക്കാൻ സാധ്യമല്ലാത്ത സ്ഥിതിക്ക്, എങ്ങനെയാണ് ഉല്പാദനപ്രക്രിയ, ജനിച്ചവനെ ജനിപ്പിച്ചവന്റെ പിമ്പിലാക്കുന്നത്? ജനിപ്പിക്കുന്നവൻ തികച്ചും അഗ്രാഹ്യനാണെങ്കിൽ, ജനിച്ചവൻ ഒരിക്കലും അവനു പിമ്പുള്ളവനാകാൻ സാധ്യമല്ല. കാരണം, മുമ്പു പറഞ്ഞതുപോലെ ആ ജനനം വളരെ വേഗത്തിലാണു നടന്നത്. അതുപോലെ, ജനിച്ചവന്റെ അസ്തിത്വവും നിത്യമാണ്. അപ്പോൾ എങ്ങനെയാണ് അനന്ത പിതാവിന്റെ പുത്രൻ അവനു പിമ്പുള്ളവനാകുന്നത്? അതുപോലെ പിതാവിന്റെ അസ്തിത്വം ഏതെങ്കിലും തരത്തിൽ തന്നിൽ നിന്നു ജനിച്ചവന്റേതിൽ നിന്ന് വേഗത്തിലോ, മുൻപോ ആണെന്ന് എങ്ങനെ പറയാനാകും? സൃഷ്ടികൾക്കു മുമ്പാണ് സ്രഷ്ടാവ് എന്നു പറയുന്ന മുൻപിൻ പരിഗണന സ്രഷ്ടാവിന് ഒട്ടും യോജിക്കുന്നതല്ല. സൃഷ്ടികൾക്ക് അല്പം മുൻപാണ് അവൻ ഉണ്ടായത് എന്ന സൂചന തികച്ചും അസ്വീകാര്യമാണല്ലോ. അതായത്, സമയവ്യത്യാസം സൃഷ്ടിക്കുന്നതിനാവശ്യമായ സമയമാണ്.

www.malankaralibrary.com



അതുകൊണ്ട് അവൻ *ഉണ്ടായിരുന്നു* എന്നല്ലേ നാം പറയേണ്ടത്? ഇതല്ലാതെ മറ്റൊന്നും പറയാൻ പറ്റില്ല. ആരംഭരഹിതന്റെ സ്വഭാവത്തെക്കുറിച്ച് മറ്റെന്താണ് നമുക്കു പറയാൻ കഴിയുക? അവൻ ചിന്തിക്കാൻ തുടങ്ങി എന്നു പറയുന്നതുപോലും അരോചകമാണ്. അതു വലിയ ദുഷ്ടതയാണെന്ന് നാം കരുതുന്നു. സൃഷ്ടവസ്തുക്കൾ പിന്നീട് ഉണ്ടായവയാണെന്നു നാം പറയുന്നു. എന്നാൽ അവ എത്ര കാലത്തിനു ശേഷമാണ് സൃഷ്ടിക്കപ്പെട്ടതെന്ന് പറയാനാവില്ല. കാലത്തിലുള്ള അവയുടെ സൃഷ്ടിയെയും സ്രഷ്ടാവിനെയും അളക്കാൻ അളവുകോലില്ല. അവയ്ക്കു മുൻപേ തന്നെ ദൈവം അളവിനതീതനായി നിലകൊള്ളുന്നു. അവിടുത്തെ ജീവിതം അളക്കാൻ പറ്റിയ കാലമില്ല. അവയെ സംബന്ധിച്ചാകട്ടെ, അവ ഉണ്ടായ ശേഷമാണ് സമയം കണക്കാക്കുന്നത്. അതുപോലെ അവയുടെ അളവിന്റെ അളവുകോൽ തുടങ്ങുന്നതും അവസാനിക്കുന്നതും സമയത്തിലാണ്.

"യുഗങ്ങൾക്കെല്ലാം മുമ്പുള്ളവൻ" എന്ന് ഭാഗ്യവാനായ ദാവീദ് പറയുന്നു(സങ്കീ 54.19). *യുഗങ്ങൾ* എന്നു പറയുന്നത് ഒരു വസ്തുവല്ല, ആരംഭമുള്ളവയെ അളക്കാനുപയോഗിക്കുന്ന ഒന്നാണത്. യുഗങ്ങൾക്കു മുമ്പ് അവനുണ്ടെന്നു പറയുന്നതിനു കാരണം, അവൻ എല്ലാ യുഗങ്ങൾക്കും ഉപരിയായതിനാലാണ്. അവന്റെ ഉത്ഭവത്തിന് ആരംഭമില്ല. അവനു ശേഷം വന്ന *സ്പേസ്* അറിയപ്പെടുന്നത് അതിന്റെ ഉത്ഭവത്തോടുകൂടിയാണ്.

"പുത്രൻ വഴി പിതാവ് യുഗങ്ങളെ ഉണ്ടാക്കി" എന്ന് ഭാഗ്യവാനായ പൗലോസ് ശ്ലീഹായും പുത്രനെപ്പറ്റി പറയുന്നു (എബ്രാ 1,2). ഇല്ലാത്തവ ഉണ്ടാക്കി എന്നല്ല അതിനർത്ഥം. മറിച്ച്, യുഗങ്ങളെ എല്ലാം മറികടന്നതും ആരംഭമുള്ളവയുടെയെല്ലാം തുടക്കവും അവിടുന്നു തന്നെയാണ് എന്നത്രേ. അവന്റെ അസ്തിത്വത്തിന് ആദിയും അന്തവും ഇല്ല. ഭാഗ്യവാനായ യോഹന്നാനും ഇതുതന്നെ പറയുന്നു. *ആദിയിൽ ഉണ്ടായിരുന്നു* എന്നു പറഞ്ഞതിനുശേഷം *വചനം* എന്ന പദം ചേർത്തുകൊണ്ട്, സാമ്യം വഴി അവൻ തെളിയിക്കാനുദ്ദേശിക്കുന്നത്, സമയത്തിന്റെ ഇടവേള കൂടാതെ ഒരു വസ്തുവിന് മറ്റൊന്നിൽ നിന്ന് ഉണ്ടാകാം എന്നാണ്. അതുപോലെ ഭാഗ്യവാനായ പൗലോസും, *അവൻ വഴി അവൻ യുഗങ്ങളെ സൃഷ്ടിച്ചു* എന്നു പറഞ്ഞ ശേഷം *പിതാവിന്റെ മഹിമയുടെ തേജസ്സായ അവൻ* എന്ന് കൂട്ടിച്ചേർക്കുന്നു (എബ്രാ 1.1). തേജസ്സാകട്ടെ, സൂര്യന്റേയോ അഗ്നിയുടെയോ പ്രകൃതിയിൽ നിന്നുള്ളതാണ്. സമയത്തിന്റെ ഇടവേളകൂടാതെ അതിൽ നിന്നു പുറപ്പെടുകയും ചെയ്യുന്നു. ഉത്ഭവ വസ്തുവിൽ നിന്ന് അത് പ്രകൃത്യാ വിഭിന്നമല്ല.

"ആദിയിൽ വചനം ഉണ്ടായിരുന്നു" എന്നു പറഞ്ഞശേഷം അവന്റെ പ്രകൃതിയുടെ നിത്യത മതിയാംവണ്ണം വെളിപ്പെടുത്തി. സാമ്യം വഴി അവനെ

www.malankaralibrary.com



*വചനം* എന്നു വിളിച്ചശേഷം അതിൽ നിന്നുളവാകുന്ന അവ്യക്തത മാറ്റുന്നില്ല. "വചനം ദൈവത്തോടുകൂടെയായിരുന്നു." അതായത്, അവനോടുകൂടെ അവന്റെ പക്കൽ അവനുമായി ഒന്നായി എന്നുള്ള വിശദീകരണവും വ്യക്തമാക്കലും വഴി അവൻ കാണിക്കുന്നത്, ആദിയിൽ എന്നു പറയുന്നുണ്ടെങ്കിലും ആദിയില്ലാത്ത തത്വം എന്നാണ്. *വചനം ദൈവത്തോടുകൂടെയായിരുന്നു* എന്നു പറയുന്നതിനാൽ *ആദിയിൽ വചനം ഉണ്ടായിരുന്നു* എന്നു പറഞ്ഞെങ്കിലും, ആദിയില്ലാത്തവൻ ആണെന്നും, അവന്റെ ഹേതുവുമായി എപ്പോഴും ഒത്തു വസിച്ചിരുന്നു എന്നും വ്യക്തമാക്കുന്നു.

"അവൻ ദൈവത്തോടുകൂടെ ആയിരുന്നു" എന്നു പറഞ്ഞതിനു ശേഷം "വചനം ദൈവമായിരുന്നു" എന്നു കൂട്ടിച്ചേർക്കുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു എന്നു പറഞ്ഞതിനു ശേഷമാണ് വചനം ദൈവമായിരുന്നു എന്നു കൂട്ടിച്ചേർത്തത്. ആരുടെ കൂടെ അവൻ ആയിരുന്നുവോ, അതല്ലാതെ മറ്റൊന്നും ആയിരുന്നില്ല എന്നതാണ് ഇതിന്റെ വ്യാഖ്യാനം. ശ്ലീഹാ ഇതേപ്പറ്റി ഒരു വലിയ ഉപമ അവതരിപ്പിക്കുന്നു. *അവന്റെ സത്തയുടെ പ്രതിരൂപം* എന്ന് പറഞ്ഞിരിക്കുന്നു(എബ്രാ 1,3).അതുവഴി വേർതിരിവിന് ഊന്നൽ കൊടുക്കാതെ പൂർണമായ സാദൃശ്യം ചൂണ്ടിക്കാണിക്കുന്നു.

സുവിശേഷകൻ ഇതുകൊണ്ട് അവസാനിപ്പിക്കുന്നില്ല. പിന്നീട് വരുന്നവ വഴി മുന്നിലുള്ളവ വീണ്ടും വിശദീകരിച്ചുകൊണ്ടും ഏകജാതന്റെ ദൈവത്വത്തെക്കുറിച്ച് പറയാൻ ആഗ്രഹിച്ചുകൊണ്ടും സൃഷ്ടവസ്തുക്കളുടെ താരതമ്യത്തിലൂടെ അവന്റെ വ്യതിരിക്തത വെളിപ്പെടുത്താനും ശ്രേഷ്ഠത ചൂണ്ടിക്കാണിക്കാനും അവയുമായി യാതൊരു സംസർഗവും അവനില്ലെന്നു വ്യക്തമാക്കാനും ആഗ്രഹിച്ചു.

അതുകൊണ്ട് അവൻ പറയുന്നു, "അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു. സമസ്തവും അവനിലൂടെ ഉണ്ടായി" (1,3). ഇവിടെ സൃഷ്ടവസ്തുക്കൾക്കെല്ലാം ഉപരിയായി അവനെ അവതരിപ്പിക്കുന്നു. അങ്ങനെ, "വചനം ദൈവത്തോടുകൂടെ ആയിരുന്നു" എന്നും മറ്റു സൃഷ്ടവസ്തുക്കളെല്ലാം അവൻ വഴി നിർമിക്കപ്പെട്ടു എന്നും യോഹന്നാൻ പഠിപ്പിക്കുന്നു. *ആദിയിൽ ഉണ്ടായിരുന്നു*എന്നതിനോട് *സമസ്തവും അവനിലൂടെ ഉണ്ടായി* എന്നത് താരതമ്യപ്പെടുത്തിക്കൊണ്ടും വ്യത്യാസം എടുത്തുകാണിച്ചുകൊണ്ടും വിശദീകരിക്കുന്നു. അവൻ സൃഷ്ടിക്കപ്പെട്ടതല്ല. കാരണം, ആദിയിലേ ഉണ്ടായിരുന്നു. മറ്റുള്ളവയാകട്ടെ, സൃഷ്ടിക്കപ്പെട്ടവയാണ്, അവ മുമ്പ് ഉണ്ടായിരുന്നില്ല. ഇതാണ് മുമ്പ് പറഞ്ഞവയുടെയും വ്യഖ്യാനം. അവന്റെ നിത്യത സൂചിപ്പിക്കാനാണ് *ആദിയിൽ വചനം ഉണ്ടായിരുന്നു* എന്നു പറഞ്ഞതെന്ന് വിശദീകരണം വ്യക്തമാക്കുന്നു.

www.malankaralibrary.com



ഇതിനെ സ്ഥിരീകരിക്കാൻ ആഗ്രഹിച്ചുകൊണ്ട് സുവിശേഷകൻ പറയുന്നു, "ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല" (1,3) അവൻ എപ്പോഴും പിതാവിനോട് ചേർന്നിരുന്നു. ഒരേ സ്വഭാവത്തിൽ പങ്കാളിയും സൃഷ്ടികർമത്തിൽ കൂട്ടാളിയും അവനോടുകൂടെ കാലപൂർത്തിയിൽ സർവതും സൃഷ്ടിച്ചവനുമാണെന്ന് ഈ വാക്കുകളിലൂടെ കാണിക്കുന്നു. ഈ വാക്കുകളാകട്ടെ, മുൻവാക്യങ്ങളെ സുസ്പഷ്ടമാക്കുന്നു. *സമസ്തവും അവനിലൂടെ* എന്നു പറയുന്നതു വഴി ദാസനെപ്പോലെയല്ല പങ്കാളിയെപ്പോലെയാണ് അവൻ സൃഷ്ടികർമം നിർവഹിച്ചതെന്നു കാണിക്കുന്നു. അവന്റെ സൃഷ്ടികർമത്തിൽ നിന്ന് യാതൊന്നും മാറ്റി നിർത്തപ്പെട്ടിട്ടില്ല. *ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല* എന്നു കൂട്ടിച്ചേർത്തതിന്റെ അർത്ഥമിതാണ്.

അവനാൽ ഉണ്ടായതൊന്നും അവനെക്കൂടാതെ ഉണ്ടായതല്ല എന്ന് ചിലർ ഈ വാചകം വായിക്കുന്നു. അതായത്, അവൻ വഴി സൃഷ്ടിക്കപ്പെട്ടവയുടെ. സുവിശേഷകൻ ഇപ്രകാരം പറഞ്ഞതിലൂടെ നമ്മെ നവീനവും മനുഷ്യർക്ക് അജ്ഞാതവുമായ കാര്യം പഠിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ, അത് ഭോഷത്തം ആകുമായിരുന്നില്ലേ? അവൻ വഴി ഉണ്ടായവയൊന്നും അവനെക്കൂടാതെ ഉണ്ടാക്കപ്പെട്ടതല്ല എന്ന് വ്യക്തമായ കാര്യത്തെപ്പറ്റി ആർക്കും പറയാനാകും. ഏതിനെപ്പറ്റിയും ആർക്കും അതു പറയാം. അവൻ വഴി ഉണ്ടാക്കപ്പെട്ടവയിലൊന്നും അവനെക്കൂടാതെ ഉണ്ടായതല്ല എന്ന് ആർക്കും പറയാനാകും.

വേറെ ചിലരാകട്ടെ, ഇപ്രകാരം വായിക്കുന്നു: *ഒന്നും അവനെക്കൂടാതെ ഉണ്ടായില്ല.* പിന്നെ കൂട്ടിച്ചേർക്കുന്നു: *അവനിൽ ഉണ്ടായിരുന്നതു ജീവനായിരുന്നു.* ഇത് മറ്റതിനെക്കാൾ ഒട്ടും കുറഞ്ഞ ഭോഷത്തമല്ല. കാരണം, അവൻ വഴി ഉണ്ടായവയിലെല്ലാം ജീവൻ ഇല്ലായിരുന്നു. ഭൂമി, മലകൾ ആദിയായ പലതിനും ജീവനില്ല. ഈ പറഞ്ഞവയെല്ലാം ഒന്നിച്ചുവരികയും പരസ്പരം ഉറപ്പിക്കുകയും വ്യക്തമാക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, *അവൻ വഴി എല്ലാം ഉണ്ടായി* എന്നതിനുശേഷം, *ഉണ്ടായതൊന്നും അവനെക്കൂടാതെ ഉണ്ടായതല്ല* എന്നു പറഞ്ഞിരിക്കുന്നു. അതായത്, ഒറ്റവാക്കിൽ, ഉണ്ടായവയിലൊന്നും അവനെ കൂടാതെ ഉണ്ടായില്ല. അവന്റെ സൃഷ്ടികർമത്തിൽ നിന്ന് പിതാവു മാത്രമേ ഒഴിവാക്കപ്പെട്ടിട്ടുള്ളൂ. അങ്ങനെ, അവൻ എപ്പോഴും പിതാവിനോടൊത്താണ്. അവനോടുകൂടെ വസ്തുക്കളുടെ സൃഷ്ടിയിൽ പങ്കാളിയാകുക ഉചിതമായിരുന്നു.

"എല്ലാം അവൻ വഴി ഉണ്ടായി" എന്ന് പറയുന്നതിൽ റൂഹായും ഉൾപ്പെടുന്നെന്ന് ചിലർ പറയുന്നു. ഇതേക്കുറിച്ച് വളരെ കാര്യങ്ങൾ പറയാനുണ്ട്.

www.malankaralibrary.com



തിരുലിഖിത ഭാഷയിൽ എല്ലാം എന്നു പറയുന്നത് സമസ്തവും ഉൾക്കൊള്ളുന്നില്ല. ഉദാ: "എനിക്കു മുമ്പേ വന്നവരെല്ലാം കള്ളന്മാരും കവർച്ചക്കാരും ആയിരുന്നു" (10,8). ഇത് മോശയെക്കുറിച്ചോ, സാമുവേലിനെക്കുറിച്ചോ, മറ്റു പ്രവാചകന്മാരെക്കുറിച്ചോ പറയാൻ സാധ്യമല്ല. ഇതിന് ധാരാളം ദൃഷ്ടാന്തങ്ങൾ നിരത്താനാകും. സുവിശേഷകൻ പോലും സൃഷ്ടവസ്തുക്കളെക്കുറിച്ചാണു പറയുക. *ഉണ്ടായതൊന്നും അവനെ കൂടാതെ ഉണ്ടായതല്ല. അവൻ വഴി എല്ലാം ഉണ്ടായി* എന്നു പറയുന്നത് അസൃഷ്ട വസ്തുവിനെപ്പറ്റിയല്ല. ഇതെങ്ങനെ സാധിക്കും? അതു സുസ്പഷ്ടമാണ്. കൂടാതെ, സുവിശേഷകൻ വ്യക്തമായി പറയുന്നുമുണ്ട്. ആദ്യം അന്വേഷിക്കേണ്ടത് പരിശുദ്ധറൂഹാ സൃഷ്ടിക്കപ്പെട്ടവനാണോ അല്ലയോ എന്നാണ്. പിന്നീടുള്ള ചോദ്യം അവൻ മേല്പറഞ്ഞ സൃഷ്ടവസ്തുക്കളിൽ ഉൾപ്പെടുമോ ഇല്ലയോ എന്നാണ്. ഈ കാര്യങ്ങൾ നാം ചർച്ച ചെയ്യാതെ വിട്ടുകളയുന്നു.

ചുരുക്കിപ്പറയാം : ദൈവം സമസ്ത സൃഷ്ടികളെയും വിവിധ രീതികളിൽ സൃഷ്ടിച്ചു. സൃഷ്ടി മുഴുവനെയും ഏകയോഗമായി ക്രമീകരിച്ചിരിക്കുന്നു. അതായത് ഉന്നതസ്വർഗം, ഭൂമി, ദൃശ്യങ്ങളായ മറ്റ് വസ്തുക്കൾ. അതുകൊണ്ട്, സൃഷ്ടിക്കപ്പെട്ടവയെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അദൃശ്യമായവ ദൃശ്യമായവയെ ചലിപ്പിക്കുന്നു. ദൈവമാകട്ടെ, ആത്മീയ ജീവികളിൽ ഒന്നിനെയും ഒറ്റയ്ക്കൊറ്റയ്ക്കല്ല സൃഷ്ടിച്ചത്. ഒരേ ഒരു മാലാഖയേയോ പ്രധാന മാലാഖയേയോ. മറ്റ് ശക്തികളേയോ അല്ല സൃഷ്ടിച്ചത്. പിന്നെയോ അസംഖ്യം മാലാഖമാരുടെ ഗണങ്ങളെ സൃഷ്ടിക്കുകയും അവരെയെല്ലാം ഒരേ ശുശ്രൂഷയ്ക്കായി നിയമിക്കുകയും ചെയ്തു. അവരിലൊന്നാണ് പരിശുദ്ധാത്മാവെങ്കിൽ, അവിടുന്ന് ഏത് ഗണത്തിൽ ഉൾപ്പെടും? ആരുടെ കൂടെ എണ്ണപ്പെടണം എന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. അവൻ ദൃശ്യനാണെങ്കിൽ, അവർ പരസ്പരം ഉറപ്പിക്കപ്പെടുന്നതിനും നിലനില്ക്കുന്നതിനുവേണ്ടി അതേ സ്വഭാവം ഉള്ളവരുടെ കൂടെ എണ്ണപ്പെടേണ്ടിയിരിക്കുന്നു. അവൻ അദൃശ്യസ്വഭാവം ഉള്ളവനാണെങ്കിൽ, അതേ സ്വഭാവം ഉള്ളവരുടെകൂടെ അവനെ പരിഗണിക്കണം.-ഇവരിൽ നിന്നെല്ലാം അവൻ തികച്ചും വ്യതിരിക്തനാണ്. വിശുദ്ധ റൂഹാ അനന്യനാണ്, മാലാഖയെപ്പോലെ ഏതെങ്കിലും ശുശ്രൂഷ ചെയ്യുന്നില്ല. മറിച്ച് എല്ലായിടത്തും സ്ഥിതി ചെയ്തുകൊണ്ട് എല്ലാകാര്യങ്ങളും ചെയ്യുകയും എല്ലാറ്റിനെയും പൂർണമാക്കുകയും ചെയ്യുന്നു. അതുകൊണ്ട് അവിടുന്ന് മറ്റെല്ലാറ്റിൽ നിന്നും വ്യതിരിക്തനാണെന്ന് സ്പഷ്ടം.

അവനെ ഉൾക്കൊള്ളാൻ കഴിയാത്തവരുടെ ഗണങ്ങളിൽ അവനെ എങ്ങനെ ഉൾപ്പെടുത്താനാകും? പിതാവിനോടും പുത്രനോടും മാത്രമാണ്

www.malankaralibrary.com



അവൻ ചേർന്നിരിക്കുന്നത്. പിതാവ് ഏകനായിരിക്കുന്നതുപോലെയും പുത്രൻ ഏകനായിരിക്കുന്നതുപോലെയും *റൂഹാ* ഏകനാണ്.

വളരെയധികം വാക്കുകൾകൊണ്ട് ഗ്രന്ഥത്തിന്റെ വലിപ്പം വർദ്ധിപ്പിക്കാതിരിക്കാൻ വേണ്ടി, ഇത്രയും മതിയെന്നു കരുതുന്നു. പ്രശസ്ത മെത്രാനായ പൊർഫീറീ, പാഷണ്ഡികളുടെ ദുഷിച്ചവയും വളരെ വളച്ചൊടിച്ചവയുമായ പ്രസ്താവനകൾ കാണുന്നതിനാലാണ് ഞാനിപ്രകാരം മുകളിൽ എഴുതിയത്. പദങ്ങളുടെ വാച്യാർഥവും ആഴത്തിലുള്ള അർഥവും നൽകുക മാത്രമല്ല വ്യാഖ്യാതാവിന്റെ കടമ.പിന്നെയോ, വിപരീതാർഥങ്ങളെ തള്ളിക്കളയാനും അയാൾക്കു കടമയുണ്ടെന്നു ഞാൻ കരുതുന്നു. ഈ സംഗതികൾ കൃത്യമായി അപഗ്രഥിക്കേണ്ടവ ആകയാൽ അവയുടെ അർഥം സൂക്ഷ്മ പരിശോധനയിലൂടെ കണ്ടെത്താൻ ആഗ്രഹിക്കുന്നവർക്കുവേണ്ടിയാണ് ഞാനിതെഴുന്നത്. വന്ദ്യപിതാവേ, ഇക്കാര്യങ്ങൾ ഉറപ്പിക്കാനായി. ദൈവസഹായത്താൽ വേറെ പല കാര്യങ്ങളും പറയാനും എഴുതാനും എനിക്കു കഴിയുമെന്ന് അറിഞ്ഞാലും! എങ്കിലും പദങ്ങളുടെ വിശദീകരണത്തിന് അവശ്യാവശ്യമായവ മാത്രമേ ഞാൻ അവതരിപ്പിക്കുന്നുള്ളൂ.

"അവനിൽ ജീവൻ ഉണ്ടായിരുന്നു" (1.4). വെറുതെ ജീവൻ ഉണ്ടായിരുന്നു എന്നല്ല അവൻ പറഞ്ഞത്, ജീവനുള്ള എല്ലാറ്റിനെയും കുറിച്ച് അതു പറയാം. "*അവനിൽ* ജീവൻ ഉണ്ടായിരുന്നു" എന്നാണു പറഞ്ഞത്. ജീവശ്ക്തി നുരഞ്ഞുപൊങ്ങാൻ അവൻ ഇടയാക്കുന്നു. തദ്ഫലമായി, അവൻ ജീവിക്കുക മാത്രമല്ല, അവൻ ജീവദാതാവുമാണ്. "ഉണ്ടായതൊന്നും അവനെകൂടാതെ ഉണ്ടായതല്ല" എന്ന വചനം പോലെയാണിത്. ജീവൻ നൽകികൊണ്ട് അവൻ അവയെയെല്ലാം സൃഷ്ടിച്ചു. അചേതന വസ്തുക്കളെയും സചേതന വസ്തുക്കളെയും സൃഷ്ടിക്കാൻ അവനു കഴിവുണ്ട്. അതുകൊണ്ടാണ് സൃഷ്ടവസ്തുക്കളിൽ പ്രാധാന്യമുള്ള സചേതനങ്ങളെ പ്രത്യേകം എടുത്തു പറഞ്ഞത്. "അവനിൽ ജീവൻ ഉണ്ടായിരുന്നു" എന്ന വാക്കുകൾ കൊണ്ട് അവന്റെ സ്വഭാവമല്ല, അവന്റെ ശക്തിയാണ് അർഥമാക്കുന്നത്.

അതിനാൽ "ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു" എന്ന് സുവിശേഷകൻ ചേർത്തുപറയുന്നു. അതായത്, ഈ ശക്തി മനുഷ്യാത്മാക്കളെ ജീവിപ്പിക്കുകയും സർവവിധ ജ്ഞാനത്താലും അവരെ സമൃദ്ധമായി നിറയ്ക്കുകയും ചെയ്യുന്നു. അവന്റെ സൃഷ്ടികർമത്തെ വിവരിക്കുകയും എല്ലാറ്റിന്റെയും സ്രഷ്ടാവ് അവനാണെന്ന് പറയുകയും ചെയ്തുകൊണ്ടും സൃഷ്ടികളിൽ ഏറ്റവും ശ്രേഷ്ഠമായവയെ പ്രത്യേകമായി സൂചിപ്പിച്ചുകൊണ്ടും അവന്റെ സർഗശക്തിയുടെ ശ്രേഷ്ഠതയ്ക്ക് സാക്ഷ്യം വഹിക്കാൻ അവൻ ആഗ്രഹിച്ചു. സചേതന വസ്തുക്കളിൽ, ബുദ്ധിശക്തിയുള്ളവ

www.malankaralibrary.com



ശ്രേഷ്ഠമായതിനാൽ "ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു" എന്ന് അവൻ പറയുന്നു. അവന്റെ ശക്തിയുടെ മഹനീയതയെ കുറിച്ചുള്ള ഈ രണ്ടു സാക്ഷ്യങ്ങളിലൂടെ അവന് സചേതനങ്ങളെ സൃഷ്ടിക്കാനും മനുഷ്യർക്ക് ബൗദ്ധിക ചിന്തകൾ നൽകാനും കഴിവുണ്ടെന്ന് കാണിക്കുന്നു. അതായത്, ആത്മീയമായവയുടെ സൃഷ്ടി! "ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു." ഇതാണ് അവരുടെ ജീവകാരണം; ഇതാണ് ബുദ്ധിശക്തിയുടെ ദാതാവ് എന്ന് അവൻ കാണിക്കുന്നു.

"ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു, ഇരുൾ അതിനെ കീഴടക്കിയില്ല"(1.5). *ഇരുൾ അതിനെ കീഴടക്കുന്നില്ല* എന്നാണ് സന്ദർഭാനുസൃതം പറയേണ്ടിയിരുന്നത്. പക്ഷേ തിരുലിഖിതത്തിൽ വ്യത്യാസം കൂടാതെ വർത്തമാനകാലമല്ല, ഭൂതകാലമാണ് കൊടുത്തിരിക്കുന്നത്. ഇത്തരത്തിലുള്ള പ്രയോഗം പഴയനിയമത്തിൽ ദൃശ്യമാണ്. -സുവിശേഷകൻ പറയാൻ ആഗ്രഹിച്ചത് ഇതാണ്. എല്ലാം സൃഷ്ടിക്കുകയും ജീവനുള്ളവയ്ക്ക് അസ്തിത്വം നൽകുകയും ബൗദ്ധിക ജീവികളെ ഉണ്ടാക്കുകയും ചെയ്തവൻ, അവയെല്ലാം അജ്ഞതയ്ക്കും തെറ്റിനും അടിപ്പെട്ടിരുന്നപ്പോൾ അവയെ ബന്ധനവിമുക്തരാക്കാനും ശക്തീകരിക്കാനും പ്രത്യക്ഷപ്പെട്ടു. അവനെ കീഴടക്കാൻ തെറ്റിനു കഴിഞ്ഞില്ല. തേജോമയമായ പ്രകാശംപോലെ അവൻ എല്ലാറ്റിനെയും അന്ധകാരവിമുക്തമാക്കുകയും അന്ധകാരത്തെ നിഷ്കാസനം ചെയ്യുകയും ചെയ്തു. ഇത് പ്രവാചകവചനമാണ്. സാന്ദർഭികമായി, *കീഴടക്കിയില്ല* എന്നല്ല, *കീഴടക്കുന്നില്ല* എന്നാണ് പറയേണ്ടിയിരുന്നത്. ഏശായായിലും ഇങ്ങനെയാണ് കാണുന്നത്. "കൊലയ്ക്കുള്ള കുഞ്ഞാടിനെപ്പോലെ അവൻ ആനയിക്കപ്പെട്ടു"(53.7). "ആനയിക്കപ്പെടുന്നു" എന്നല്ല. ഇത് സത്യപ്രവചനം ആയിരുന്നെന്ന് പിന്നീടുള്ള സംഭവങ്ങൾ തെളിയിക്കുന്നു. സുവിശേഷകനും സകാരണം ഇതുതന്നെ ചെയ്യുന്നു. താൻ ഉയർത്തപ്പെടുമ്പോൾ *സകലരെയും തന്നിലേക്ക് ആകർഷിക്കും* എന്നറിയിച്ച നമ്മുടെ കർത്താവിന്റെ വാഗ്ദാനത്തിൽ അവൻ വിശ്വസിച്ചിരുന്നു (12,32).

അതുകൊണ്ടെന്ത്? അവന്റെ ദൈവത്വത്തിന് അനുയോജ്യമായ വാക്കുകൾക്കുശേഷം അവൻ നിത്യമായി പിതാവിന്റെകൂടെ ആണെന്നും പിതാവിനോടുകൂടെ സൃഷ്ടികർമ്മത്തിൽ പങ്കെടുത്തെന്നും പറയുന്നു. അങ്ങനെ അവന് അചേതനങ്ങളെ സൃഷ്ടിക്കാനുള്ള ശക്തി മാത്രമല്ല ഉള്ളത്, പിന്നെയോ സചേതനങ്ങളെയും ബൗദ്ധിക ജീവികളെയും സൃഷ്ടിക്കാനുമുള്ള കഴിവുണ്ടെന്നും വ്യക്തമാക്കുന്നു. അവൻ മനുഷ്യ പ്രകൃതിയുടെയും മനുഷ്യവിജ്ഞാനത്തിന്റെയും ദാതാവാണ്. കൂടാതെ കാലപൂർത്തിയിൽ എല്ലാവരുടെയും രക്ഷയ്ക്കായി തന്നെത്തന്നെ വെളിപ്പെടുത്തിയവനുമാണ്. അങ്ങനെ അവൻ എങ്ങനെ പ്രത്യക്ഷപ്പെട്ടെന്ന് സുവിശേഷകൻ വിവരിക്കുന്നു.

www.malankaralibrary.com



അവനെ ഉറപ്പിക്കുന്നതിനും അവിശ്വാസികളെ ലജ്ജിപ്പിക്കുന്നതിനും ഉപകരിക്കുന്ന സാക്ഷ്യം വഹിക്കുന്ന പല കാര്യങ്ങളുണ്ട്. "ദൈവം അയച്ച ഒരു മനഷ്യൻ ഉണ്ടായിരുന്നു, അവന്റെ പേര് യോഹന്നാൻ എന്നാണ് "(1,6). മിശിഹായുടെ പ്രത്യക്ഷീകരണം കഴിഞ്ഞ്, അതിനു സാക്ഷ്യം വഹിക്കാൻ യോഹന്നാനെക്കാൾ യോജിച്ചവനാരാണ്? ആരംഭം മുതൽ ഉണ്ടായിരുന്നവൻ ആരെന്ന് അവന് അറിയാമായിരുന്നു. അവൻ പറഞ്ഞത് എന്താണ്?

"അവൻ വഴി എല്ലാവരും വിശ്വസിക്കാൻ, വെളിച്ചത്തിനു സാക്ഷ്യം നൽകാൻ അവൻ സാക്ഷ്യത്തിനായി വന്നു"(1,7). "അവൻ വെളിച്ചമായിരുന്നില്ല" എന്ന് യോഹന്നാനെപ്പറ്റി പറയുന്നു (1,8). യഹൂദരെ കുറ്റപ്പെടുത്താൻ വേണ്ടിയാണ് ഇക്കാര്യം ഇവിടെ വ്യക്തമായി അവതരിപ്പിച്ചത്. "അവൻ വെളിച്ചമായിരുന്നില്ല" എന്നു പറയാനുള്ള പ്രേരണ എന്തായിരുന്നു? യോഹന്നാനെ സ്വീകരിക്കണമെന്നു കരുതുകയും യോഹന്നാൻ സാക്ഷ്യം നൽകിയവനെ കുരിശിൽ തറയ്ക്കുകയും ചെയ്തവരെ കുറ്റപ്പെടുത്താനല്ലേ ഇങ്ങനെ പറഞ്ഞിരിക്കുന്നത്? യോഹന്നാൻ തന്നെപ്പറ്റി തന്നെ സാക്ഷ്യം പറയാനല്ല, പിന്നെയോ ക്രിസ്തുവിനെ വെളിപ്പെടുത്താനാണു വന്നത്.

"എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർഥ വെളിച്ചം ലോകത്തിലേക്കു വരുന്നുണ്ടായിരുന്നു"(1.9) എന്നത് "അവൻ വെളിച്ചമായിരുന്നില്ല" എന്നതു വിശദീകരിക്കാൻ കൂട്ടിച്ചേർത്തതാണ്. അവൻ വെളിച്ചമല്ലെങ്കിൽ, അവൻ അന്ധകാരമാണ് എന്ന് തടസ്സം പറയാതിരിക്കാൻ കൂടിയാണ് ഈ വിശദീകരണം. അവൻ അന്ധകാരമാണെന്നു പറഞ്ഞില്ല. മറിച്ച് അവൻ "സത്യവെളിച്ചമല്ല "എന്നാണ് പറഞ്ഞത്. ഇരുട്ടിൽ കത്തുന്ന വിളക്കുപോലെ കുറേക്കാലം അവൻ ശുശ്രൂഷ ചെയ്തു. യോഹന്നാൻ അല്ല, യേശുവാണ് സത്യവെളിച്ചം. അവനാണ് തന്നെത്തന്നെ വെളിപ്പെടുത്താനും എല്ലാവരെയും പ്രകാശിപ്പിക്കാനും ലോകത്തിലേക്കു വന്ന നിത്യപ്രകാശം - യോഹന്നാന്റെ ഈ വാക്കുകൾ വഴി മനുഷ്യർ മിശിഹായെപ്പറ്റിയുള്ള അറിവിലേക്കു വരേണ്ടതായിരുന്നു. പിന്നീട്, അവന്റെ സാക്ഷ്യം കൂടാതെ തന്നെ അവർ വിശ്വാസം സ്വീകരിച്ചു.

*ലോകത്തിലേക്കു വന്ന* എന്ന വാക്കുകൾ *അവൻ സത്യവെളിച്ചമായിരുന്നു* എന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു. അവൻ ലോകത്തിലേക്കു വരികയും കാണപ്പെടുകയും ചെയ്തപ്പോൾ സകലരെയും പ്രകാശിപ്പിച്ചു എന്നതാണ് അവൻ ഉദ്ദേശിച്ച അർഥം. സകലരും മാനസ്സാന്തരപ്പെടും എന്നു കരുതിയല്ല *എല്ലാ മനുഷ്യരെയും* എന്നു പറഞ്ഞത്. പിന്നെയോ, പ്രകാശിത

www.malankaralibrary.com



രാകാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും ഉപകരിക്കും എന്നാണ് അർത്ഥമാക്കിയത്. യോഹന്നാനെപ്പോലെ കുറച്ചു നാളത്തേക്കല്ല യേശു ശുശ്രൂഷ ചെയ്യുന്നത്. തന്നിൽ വിശ്വസിക്കുകയും തദനുസൃതം ജീവിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നവർക്ക് ലോകാന്ത്യം വരെ എപ്പോഴും സഹായം നൽകാൻ അവിടുത്തേക്കു കഴിയും.

*അവൻ വെളിച്ചമായിരുന്നില്ല* എന്നു യോഹന്നാനെക്കുറിച്ചു പറഞ്ഞശേഷം, മിശിഹായെക്കുറിച്ച് "എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചം ലോകത്തിലേക്കു വരുന്നുണ്ടായിരുന്നു" എന്നു പറയുന്നു. അതായത് യഹൂദരോടു മാത്രം പ്രസംഗിച്ച യോഹന്നാൻ കുറെ നാളത്തേക്കും കുറച്ചുപേർക്കു മാത്രവും ശുശ്രൂഷ ചെയ്തു. അല്പം വെളിച്ചം പകരുന്നതും പിന്നെ അണഞ്ഞു പോകുന്നതുമായ വിളക്കു പോലെയായിരുന്നു അവൻ. മിശിഹായാകട്ടെ, ഒരിക്കലും അണഞ്ഞുപോകാത്ത നിത്യപ്രകാശമാണ്. എല്ലാവർക്കും സഹായം നൽകികൊണ്ട് ലോകാവസാനം വരെ നിലനില്ക്കും എന്നാണ് *അവൻ സത്യവെളിച്ചമായിരുന്നു* എന്നു പറഞ്ഞതിന്റെ അർത്ഥം.

"അവൻ ലോകത്തിലായിരുന്നു. ലോകം അവനിലൂടെ സൃഷ്ടിക്കപ്പെട്ടു. എങ്കിലും ലോകം അവനെ അറിഞ്ഞില്ല"(1,10). "ലോകത്തിലേക്ക് വരുന്നുണ്ടായിരുന്നു" (1.9) എന്നതിനുശേഷം നമ്മുടെ നാഥനായ മിശിഹായെപ്പറ്റി ഇപ്രകാരം പറഞ്ഞത് അവൻ ജഡത്തിൽ കാണപ്പെട്ടതിനെ കുറിക്കാനാണ്. അവൻ സ്വഭാവത്താലെയും യഥാർത്ഥമായും[4] നേരത്തെതന്നെ ലോകത്തിലായിരുന്നു. ഇതുപോരാ എന്നു കരുതിയാകണം "ലോകം അവൻ വഴി ഉണ്ടായി" എന്നു പറഞ്ഞിരിക്കുന്നത്. തിരുഹിതാനുസൃതം ലോകം ഉണ്ടാകുന്നതിനുമുമ്പ് "അവൻ ലോകത്തിലായിരുന്നു" എന്നു പറയുന്നത് വിചിത്രമാണ്. "അവൻ ലോകത്തിലായിരുന്നു". എന്നാൽ അതിനുമുമ്പ് അവൻ ലോകത്തെ സൃഷ്ടിച്ചു. "എന്നാൽ ലോകം അവനെ അറിഞ്ഞില്ല". അതായത് കർത്താവിനെ അംഗീകരിച്ചില്ല (1,11). ഇങ്ങനെ വ്യക്തമായി പറഞ്ഞുകൊണ്ട് ഈ വാക്കുകളിലൂടെ അവിശ്വാസികളെ അവൻ കുറ്റപ്പെടുത്തുന്നു എന്ന് വ്യക്തമാണ്.

"തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നൽകി. അവൻ ജനിച്ചത് രക്തത്തിൽ നിന്നോ ശാരീരികാഭിലാഷത്തിൽ നിന്നോ പുരുഷന്റെ ഇച്ഛയിൽ നിന്നോ അല്ല, ദൈവത്തിൽ നിന്നത്രേ"(1,12-13). അവനെ സ്വീകരിച്ചവർക്ക് അതിനുള്ള പ്രതിഫലം ലഭിച്ചു. അവൻ അവർക്ക് ശ്രേഷ്ഠവും മഹനീയവുമായ ദാനം നൽകി. അതായത്, മാനുഷിക കഴിവിന് അനുസൃതം അവൻ

www.malankaralibrary.com



അവരെ ബഹുമാനത്തിൽ തനിക്കു തുല്യരാക്കിക്കൊണ്ട്, പുത്രത്വത്തിന്റെ സഹായം നൽകി. സ്വഭാവേനയുള്ള ശാരീരിക ജനത്തിലൂടെയല്ല. പിന്നെയോ പ്രജനനത്തിനു തുല്യവും സമാന്തരവുമായ ആത്മീയ ജനനത്താൽ ദൈവശക്തിയാലും കൃപയാലുമാണ് അവർ ഈ കൃപ അനുഭവിക്കുന്നത്.

അവിശ്വാസികളുടെ കുറ്റം എത്ര വലുതാണെന്നറിയാൻ അവന്റെ വരവ് എങ്ങനെ നടന്നെന്ന് ഇനി വിവരിക്കേണ്ടിയിരിക്കുന്നു. അവർക്കു സന്മനസ്സുണ്ടെങ്കിൽ, വിശ്വസിക്കാനുള്ള ധാരാളം കാരണങ്ങൾ ഉണ്ടായിരുന്നെന്ന് മുൻപ് അവൻ പറയുകയും കാണിക്കുകയും ചെയ്തു. കാണപ്പെട്ടവന്റെ സ്വാഭാവികമായ ഔന്നത്യം വിവരിച്ചുകൊണ്ടും അവൻ ലോകത്തിന്റെ സത്യവെളിച്ചമാണെന്നും അവനിലേക്ക് എല്ലാവരും മാനസ്സാന്തരപ്പെട്ട് തിരിയണമെന്നും അവനെപ്പറ്റി സാക്ഷ്യം പറഞ്ഞുകൊണ്ടും അവനെപ്രതി യോഹന്നാൻ കടന്നുവന്നു. യോഹന്നാന്റെ സാക്ഷ്യം നിമിത്തം, തന്നിൽ വിശ്വസിച്ചവരെ ദത്തുപുത്രസ്ഥാനത്തേക്ക് ഉയർത്തിക്കൊണ്ട് അവർക്കു മഹനീയ ദാനം നൽകി. അവിശ്വാസികളുടെ വിശ്വാസരാഹിത്യം വലിയ പാതകം ആയിരുന്നു എന്ന് അതുവഴി സുവിശേഷകൻ ചൂണ്ടിക്കാണിക്കുന്നു. ഇങ്ങനെ വചനത്തിന്റെ ത്രിവിധ ഗുണങ്ങൾ - അതായത്, തന്റെ സ്വഭാവത്തിന്റെ ഔന്നത്യം, തന്റെ പ്രവൃത്തികളുടെ വാസ്തവികത, തന്നിൽ വിശ്വസിച്ചിരുന്നവർക്ക് നൽകിയ കൃപ - വിവരിച്ചശേഷമാണ് അവന്റെ വരവ് എങ്ങനെയായിരുന്നു എന്ന് സുവിശേഷകൻ പറയുന്നത്.

"വചനം മാംസമായി" (1,14). വചനം എന്ന പദത്തെ ഏറ്റവും വ്യക്തമായ അർത്ഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. അവൻ മാംസമാകാൻ തിരുമനസ്സായി എന്നാണ് അർത്ഥം. അവനെ ദർശിച്ചവരുടേതാണ് ഈ അഭിപ്രായം. വചനം ഇത്രമാത്രം താഴ്ന്ന നിലയിലാണ് മനുഷ്യനിൽ ആയിരുന്നത്. ഇതുമാത്രമാണ് പലരും വിശ്വസിച്ചിരുന്നതെന്നു തോന്നുന്നു. അതുകൊണ്ട്, "ആയി" എന്ന വാക്ക് വിശദീകരിക്കാൻ "നമ്മിൽ ആവസിച്ചു" എന്ന് അവൻ പറയുന്നു. അതായത്, "നമ്മുടെ സ്വഭാവത്തിൽ അവൻ വസിച്ചു' എന്ന അർത്ഥത്തിലാണ് "മാംസമായി" എന്ന് പറയുന്നത്. "നമ്മിൽ ആവസിച്ചു" എന്നു പറഞ്ഞിരിക്കുന്നത് "നമ്മിൽ വസിച്ചു" എന്നതിനു പകരമാണെന്ന് അറിയുക. മനുഷ്യരായ നമ്മെക്കുറിച്ചും ശ്ലീഹാ ഇങ്ങനെ പറയുന്നു. "ഈ കൂടാരത്തിൽ ആയിരിക്കുന്ന നാം നെടുവീർപ്പിടുന്നു" (2കൊറി.5,4). നമ്മുടെ ശരീരത്തെ അവൻ *കൂടാരം* എന്നു വിളിക്കുന്നു. - വീണ്ടും, "ഞങ്ങൾ വസിക്കുന്ന ഭൗമികഭവനം നശിച്ചുപോകുമെന്ന് ഞങ്ങൾ അറിയുന്നു"(2 കൊറി 5.1). തിരുലിഖിതപ്രയോഗാനുസൃതം *മാംസം* എന്ന പദം മനുഷ്യനെ മുഴുവൻ കുറിക്കുന്നു എന്നറിയാമല്ലോ. ഉദാ: "എല്ലാ

www.malankaralibrary.com



മാംസവും നിന്റെ പക്കലേക്കു വരുന്നു"(സങ്കീ.65.2). അതുകൊണ്ട് ഇവിടെയും വചനം മാംസമായി എന്നു പറയുന്നതിന്റെ അർഥം വചനം മനുഷ്യനിൽ വസിച്ചു എന്നാണ്. അവനിൽ മാറ്റം ഉണ്ടായി എന്ന അർഥത്തിലല്ല *ആയി* എന്നു പറഞ്ഞിരിക്കുന്നത്. പിന്നെയോ, *അങ്ങനെ ആയി* എന്ന് ദൃശ്യത മൂലമാണ് കരുതിയത്.

അവന്റെ കാരുണ്യവും വിശ്വസിക്കാത്തവരുടെ കുറ്റവും ഉയർത്തി കാണിക്കാൻ വേണ്ടിയാണ് അവനിതു പറഞ്ഞത്. അവന്റെ കരുണയും അവരുടെ കുറ്റവും ബലഹീനമായവ വഴി ഒരുപോലെ വലുതാക്കി കാണിക്കുന്നതിനു വേണ്ടിയാണ് "വചനം മാംസമായി" എന്ന് ഏറ്റവും ഉചിതമായി പറഞ്ഞിരിക്കുന്നത്.

ടെക്സ്റ്റ് വിശദീകരിക്കാൻ ഇത്രയും പറഞ്ഞതു മതിയെന്നു കരുതുന്നു. ചർച്ച നീട്ടിക്കൊണ്ടുപോകാൻ ആഗ്രഹിക്കുന്നില്ല. എതിരഭിപ്രായക്കാരോട്, ആവശ്യത്തിലധികം പറഞ്ഞു കഴിഞ്ഞു. "ആയി" എന്നതിന് മാറ്റത്തിനു വിധേയമായി എന്ന് വാദിക്കുന്നത് എന്റെ നോട്ടത്തിൽ ഭോഷത്തമാണ്. അല്ലെങ്കിൽ മറ്റുള്ളവരെപ്പോലെ അവരും അതിനെ ശരിയായി മനസ്സിലാക്കിയിട്ടുണ്ടായിരിക്കും. "അവൻ നമ്മിൽ വസിച്ചു" എന്നത് *ഉണ്ടായി* എന്നതിനോടു ചേർത്തു സുവിശേഷകൻ തന്നെ മതിയാംവണ്ണം വ്യാഖ്യാനിക്കുന്നുണ്ട്. ഇതേപ്പറ്റി കൂടുതൽ അറിയാൻ ആത്മാർഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ, നമ്മുടെ കർത്താവിന്റെ മനുഷ്യത്വത്തെക്കുറിച്ച് ഞാനെഴുതിയ ഗ്രന്ഥം വായിച്ചു നോക്കാവുന്നതാണ്. അതിൽ നിന്ന് ഈ വാക്യത്തെക്കുറിച്ചും ഈ വിഷയത്തെക്കുറിച്ചും കൃത്യമായ അറിവ് സമ്പാദിക്കാം.

"മാംസമാകുകയും അങ്ങനെ കാണപ്പെടുകയും ചെയ്തു" എന്ന വാക്കുകൾ അവിടുത്തെ ഔന്നത്യത്തിന് വിരുദ്ധമാകാതിരിക്കാൻ, സുവിശേഷകൻ തന്റെ വിവരണത്തിൽ ശ്രദ്ധിക്കുന്നു. "അവന്റെ മഹത്വം, കൃപയും സത്യവും നിറഞ്ഞതും പിതാവിൽ നിന്നുള്ള ഏകജാതന്റേതുമായ മഹത്വം, ഞങ്ങൾ ദർശിച്ചു" (1.14).

മറ്റുള്ളവരിൽ നിന്നുള്ള അറിവു വച്ചല്ല അവൻ ആരാണെന്ന് ഞങ്ങൾ അറിയുന്നത്. അവനിൽ വിശ്വസിക്കാൻ ഞങ്ങൾ തീരുമാനിച്ചത് ലാഘവബുദ്ധിയോടെയല്ല. ഞങ്ങൾ കണ്ടു ഗ്രഹിച്ച കാര്യങ്ങൾ കൊണ്ടാണ് അവനെ സത്യസുതനായ ഏകജാതനായി ഞങ്ങൾ സ്വീകരിച്ചത്. കണ്ട കാര്യങ്ങൾ കാണപ്പെട്ടവന്റെ മഹത്വം വ്യക്തമായി വെളിപ്പെടുത്തുന്നു. പിതാവിന്റെ സാദൃശ്യം പൂർണമായി ഉൾക്കൊള്ളുന്ന ഏകജാതന്റേതല്ലാതെ മറ്റാരുടെയും ആകാൻ സാധ്യമല്ലാത്തവയാണവ. അവൻ വഴി സംഭവിച്ച വ്യാപാരങ്ങൾ അത്രമാത്രം കൃപാപൂർണമായിരുന്നു. യഹൂദർക്കു ലഭിച്ച കൃപയോടു

www.malankaralibrary.com



തുലനം ചെയ്തുകൊണ്ട് അവന്റെ കൃപയെ *സത്യം* എന്ന് അവൻ വിളിച്ചു. ഈ താരതമ്യം വഴി അവന്റെ മഹത്വം കാണിച്ച് വിശ്വാസരഹിതരെ കുറ്റപ്പെടുത്താൻ അവൻ ഉദ്ദേശിച്ചു. താഴെപ്പറയുന്ന വാക്കുകളിൽ അവന്റെ ലക്ഷ്യം വ്യക്തമാകുന്നു.

സത്യത്തിന്റെ പേരിലാണ് കൃപയെ വിളിക്കുന്നത്. അതായത്, യഥാർഥകൃപ. മിശിഹാ പഴയ പ്രമാണലംഘനങ്ങൾ ക്ഷമിക്കുകയും പാപമോചനത്തോടുകൂടെ രക്ഷ പ്രദാനം ചെയ്യുകയും പാപംമൂലം ഭരണം നടത്തിയ മരണത്തെ നശിപ്പിക്കുകയും നമ്മെ ദത്തുപുത്രരായി സ്വീകരിച്ചുകൊണ്ട് നമുക്ക് ഉയിർപ്പിന്റെ ഉറപ്പുള്ള പ്രത്യാശ നൽകുകയും ചെയ്തു. യഹൂദരെപ്പോലെ വാക്കുകൾ കൊണ്ടുള്ളതല്ല, പ്രത്യുത, പരിശുദ്ധാത്മശക്തിയാൽ നമ്മെ ഉയിർപ്പിന്റെ പ്രത്യാശയിലേക്ക് വീണ്ടും ജനിപ്പിക്കുകയാണു ചെയ്തത്. അതിന്റെ പ്രതീകമാണ് മാമോദീസാ. ഈ പ്രത്യാശയെ നശിപ്പിക്കാൻ മരണത്തിനുപോലും സാധിക്കുകയില്ല. കൂടാതെ, അവൻ നമുക്കുവേണ്ടി സ്വർഗരാജ്യത്തിൽ രുചികരമായ വിരുന്ന് ഒരുക്കിയിരിക്കുന്നു. സ്നാനത്തിലൂടെ നമുക്കു ലഭിച്ച പുത്രസ്വീകാര്യത്തിന്റെ ബഹുമാനം നമ്മുടെ സത്യസന്ധമായ ജീവിതംവഴി കളങ്കരഹിതമായി കാത്തുസൂക്ഷിച്ചാൽ നമുക്കതു സ്വന്തമാക്കാം.

സുവിശേഷകൻ പറയുന്നത് *ഏകജാതന്റെ* എന്നല്ല, *ഏകജാതന്റേതുപോലെ* എന്നാണ് എന്ന് ചിലർ ഉന്നയിക്കുന്ന അഭിപ്രായം ഏതുതരത്തിൽ നോക്കിയാലും വലിയ ഭോഷത്തം തന്നെയാണ്! ഈ ഭോഷത്തത്തെ നിസ്സാരമായി കാണാവുന്നതല്ല! *പോലെ* എന്ന പദം കൊണ്ട് ഒന്നിനെ മറ്റൊന്നുമായി ബന്ധപ്പെടുത്തി താരതമ്യം ചെയ്യുകയാണെന്നും ഏകജാതന്റെ കൃപയുടെ 'സമൃദ്ധിയും തെളിവും' അതുവഴിയാണ് അർത്ഥമാക്കുന്നതെന്നും ആർക്കാണറിഞ്ഞു കൂടാത്തത്? ഇത്തരം പ്രയോഗം തിരുലിഖിതത്തിൽ പലപ്പോഴും കാണാവുന്നതാണ്.

*ഏകജാതന്റേതുപോലെ* എന്നത് താരതമ്യം ചെയ്യാനാണെങ്കിൽ ഏകജാതന്റേതുപോലെയുള്ള മഹത്വം കണ്ടെന്നു പറയുന്ന സുവിശേഷകൻ അവനെ ആരോടു താരതമ്യപ്പെടുത്തുന്നു എന്ന് അവർ നമ്മെ കാണിക്കട്ടെ. ഏകജാതനെ താരതമ്യപ്പെടുത്താൻ മറ്റൊരാളില്ലെങ്കിൽ ഏകജാതന്റെ മഹത്വവും തന്റെ വാക്കിന്റെ ഉറപ്പുമാണ് സുവിശേഷകൻ അർത്ഥമാക്കുന്നത്. എന്തുകൊണ്ടെന്നാൽ ആദ്യവരി മുതൽ ഇതുവരെയുള്ള വാക്യങ്ങളിലെല്ലാം സുവിശേഷകന്റെ ലക്ഷ്യം ഏകജാതന്റെ മഹത്വം വർണിക്കുകയാണ് എന്നുള്ളത് തികച്ചും പരമാർഥമാണ്. ഞങ്ങൾ പറയുന്നവ സത്യമാണെന്ന് അനുഭവത്തിലൂടെ ഞങ്ങൾക്കറിയാം. പിതാവിന്റെ സാദൃശ്യമായ ഏകജാതന് അനുയോജ്യമായ അവന്റെ പ്രവൃത്തികളെ വ്യക്തമായി അവന്റെ മഹത്വം പ്രഘോഷിക്കുന്നു.

www.malankaralibrary.com



വിശ്വാസരഹിതരുടെ കുറ്റം വെളിപ്പെടുത്തിക്കൊണ്ടും മിശിഹായുടെ മഹത്വം ഉറപ്പിച്ചുകൊണ്ടും സുവിശേഷകനായ യോഹന്നാൻ പറയുന്നു: "യോഹന്നാൻ അവനു സാക്ഷ്യം നൽകിക്കൊണ്ടു വിളിച്ചു പറഞ്ഞു" (1,15). ഈ സാക്ഷ്യമാണ് ഞങ്ങൾ തറപ്പിച്ചു പറയുന്നതും യോഹന്നാൻ ഉറക്കെ പ്രഖ്യാപിക്കുന്നതിൽ നിന്നു വിരമിക്കാത്തതും. അവൻ എന്താണു പറഞ്ഞത്? "ഇവനെപ്പറ്റിയാണു ഞാൻ പറഞ്ഞത്. എന്റെ പിന്നാലെ വരുന്നവൻ എനിക്കു മുമ്പുതന്നെ ഉണ്ടായിരുന്നവനാണ്." (1,15). മിശിഹാ വരുന്നതിനു മുൻപ് യോഹന്നാൻ പറഞ്ഞിരുന്നതും അവന്റെ വരവിനുശേഷം ആവർത്തിച്ചതുമായ വാക്കുകളാണിവ. "ഇവനെക്കുറിച്ചാണ് ഞാൻ പലപ്രാവശ്യം നിങ്ങളോട് പറഞ്ഞത്. അവൻ എന്നെക്കാൾ ഉന്നതനാണ്. അവൻ കൂടുതൽ വളരുകയും ശ്രേഷ്ഠനാകുകയും ചെയ്യുന്നത് യുക്തമാണ്. കാരണം, അവൻ എന്നേക്കാൾ വലിയവനാണ്" എന്നു പറഞ്ഞുകൊണ്ടാണ് യോഹന്നാൻ മിശിഹായെ കാണിച്ചുകൊടുത്തത്.

പദങ്ങളുടെ അർത്ഥത്തെപ്പറ്റി യാതൊരു ശ്രദ്ധയും ഇല്ലാത്തവരും തന്ത്രപരമായി ചർച്ച ചെയ്യുന്നവരുമായ പാഷണ്ഡികൾ പ്രസ്താവിക്കുന്നതുപോലെ, മിശിഹായുടെ ഉത്ഭവത്തെക്കുറിച്ചല്ല, "എനിക്കു മുൻപുതന്നെ അവൻ ഉണ്ടായിരുന്നു" എന്ന വാക്കുകൾ സ്നാപകൻ ഇവിടെ പറയുന്നത് (1,15). ഈ വാക്കുകൾ വചനമാം ദൈവത്തിന്റെ സ്വഭാവത്തെ പരാമർശിക്കുന്നതല്ല. "എന്റെ പിന്നാലെ വരുന്നവൻ" എന്ന വാക്കുകൾ അവനെ എങ്ങനെയാണ് പരാമർശിക്കുന്നത്? അവന്റെ ഉത്ഭവത്തെപ്പറ്റി പറയപ്പെട്ടവ ആണെങ്കിൽ, "എനിക്കു മുൻപുതന്നെ അവനുണ്ടായിരുന്നു; കാരണം, അവൻ എന്നെക്കാൾ മുമ്പനായിരുന്നു" എന്ന് എങ്ങനെ പറയാൻ കഴിയും? "എനിക്കു മുമ്പ് അവൻ ഉണ്ടായിരുന്നതിനാൽ എനിക്കു മുമ്പനായി" എന്നാണ് പറയേണ്ടിയിരുന്നത്. അല്ലാതെ. "എനിക്കു മുൻപു തന്നെ അവൻ ഉണ്ടായിരുന്നു, കാരണം, അവൻ എന്നെക്കാൾ മുമ്പനായിരുന്നു" എന്നല്ല. സൃഷ്ടിക്കപ്പെട്ടവ നേരത്തെ അസ്തിത്വമില്ലാത്തതിനാലാണ് സൃഷ്ടിക്കപ്പെട്ടത്. അവ സൃഷ്ടിക്കപ്പെട്ടതിനാലാണ് അസ്തിത്വത്തിലെത്തിച്ചേർന്നത്.

അതുകൊണ്ട്, ഭാഗ്യവാനായ യോഹന്നാൻ എന്താണ് അർത്ഥമാക്കിയത്? മറ്റു മനുഷ്യരെക്കാൾ യോഗ്യനായി അവൻ പരിഗണിക്കപ്പെട്ടതിനാൽ, എല്ലാവരും അവന്റെ പക്കലേക്കു വന്നിരുന്നു. ആർക്കും യേശുവിനെ പരിചയം ഇല്ലായിരുന്നു. യോഹന്നാൻ സാക്ഷ്യം നൽകിയത് യേശുവിനെപ്പറ്റിയായിരുന്നു. പ്രത്യേകിച്ച്, അവൻ സ്നാനം നൽകിയപ്പോൾ, യേശു വന്ന് സ്നാനം സ്വീകരിച്ചു; അതുകൊണ്ട്, "ഇവനെപ്പറ്റിയാണു ഞാൻ പറഞ്ഞത്, എന്റെ പിന്നാലെ വരുന്നവൻ എനിക്കു മുമ്പേ ഉണ്ടായിരുന്നു" എന്ന് അവൻ ഉചിതമായി പറഞ്ഞു. "ഇവനെപ്പറ്റിയാണ് ഞാൻ പറഞ്ഞത്; എന്റെ പിന്നാലെ

www.malankaralibrary.com



വരുന്നവൻ എന്നെക്കാൾ ചെറിയവനായി കാണപ്പെട്ടേക്കാം. കാരണം, അവൻ എന്നിൽനിന്നു സാക്ഷ്യവും സ്നാനവും സ്വീകരിക്കും. എന്നാൽ കുറെക്കഴിഞ്ഞ് അവൻ എനിക്കു മുമ്പനായി കാണപ്പെടും. അത് ഉചിതവുമാണ്. യഥാർഥത്തിൽ അവൻ ഉന്നതനാണ്; മഹാത്മാവായി അറിയപ്പെടാൻ അർഹനുമാണ്.'' മാനുഷികാഭിപ്രായരീതി അനുസരിച്ചാണ് "എനിക്കു മുൻപും എനിക്കു പിൻപും'' എന്ന് അവൻ പറഞ്ഞത്. *ആകും* എന്നതിനു പകരം *ആയി* എന്നു പറഞ്ഞെങ്കിൽ എന്തിന് അത്ഭുതപ്പെടുന്നു? മുമ്പു പറഞ്ഞതുപോലെ ഇതാണ് തിരുലിഖിതശൈലി. അതുപോലെ സുവിശേഷകനും *കീഴടക്കുന്നില്ല* എന്നതിനു പകരം *കീഴടക്കിയില്ല* എന്നെഴുതി. സുവിശേഷകൻ ഇവിടെ ക്രമമായി എഴുതിയ സ്നാപകയോഹന്നാന്റെ താഴെപ്പറയുന്ന വാക്കുകൾ നമുക്കു പരിശോധിക്കാം.

"അവന്റെ പൂർണതയിൽ നിന്ന് നാമെല്ലാം സ്വീകരിച്ചിരിക്കുന്നു''(1,16). സ്നാപകയോഹന്നാൻ പറഞ്ഞതായിട്ടാണ് സുവിശേഷകൻ ഈ വാക്കുകൾ ഉദ്ധരിക്കുന്നത്. "അവന്റെ പൂർണതയിൽ നിന്ന് നാമെല്ലാം സ്വീകരിച്ചിരിക്കുന്നു.'' അതായത്, നമുക്കു ലഭിച്ച പരിശുദ്ധാത്മാവിന്റെ കൃപ "അവന്റെ പൂർണതയിൽ നിന്നാണു'' നാം സ്വീകരിച്ചത്. അവന്റെ മനുഷ്യസ്വഭാവത്തെപ്പറ്റി, "എല്ലാ കൃപയും അവനോടു ചേർന്നിരിക്കുന്നു'' എന്ന് പറഞ്ഞിരിക്കുന്നു. ഇത് അവന്റെ സ്വഭാവത്തിന്റെ ഔന്നത്യം വെളിപ്പെടുത്തുകയും ചെയ്യുന്നു. *റൂഹാ* വഴി, ദൈവവചനത്തോടുള്ള ഐക്യത്താൽ അത് യഥാർഥ പുത്രത്വത്തിന്റെ പങ്കാളിയായിത്തീർന്നു. ഈ മഹോന്നത സ്ഥാനത്തുനിന്ന് നാം വളരെ അകലെയാണെങ്കിലും, അവന്റെ ആത്മീയവരത്തിൽ നിന്ന് ഒരു ഭാഗം സ്വീകരിക്കുന്നു. ആ കൃപ വഴി അവനോടുകൂടെ ദത്തുപുത്രസ്ഥാനത്തിൽ നാം പങ്കാളികളാക്കപ്പെടുന്നു. ഉചിതമായി അവൻ പറയുന്നു: "കൃപയ്ക്കുമേൽ കൃപ.'' കൃപ എന്നു പറഞ്ഞാൽ *നിയമം* എന്നാണു സൂചന. ആ കൃപയ്ക്കു പകരം ഈ കൃപ നൽകി. വാക്കുകളുടെ തുല്യത കാര്യത്തിൽ തുല്യതയായി പരിഗണിക്കപ്പെടാതിരിക്കാൻ, അവൻ ഇപ്രകാരം രേഖപ്പെടുത്തുന്നു. "എന്തുകൊണ്ടെന്നാൽ നിയമം മോശ വഴി നൽകപ്പെട്ടു; കൃപയും സത്യവുമാകട്ടെ, യേശുമിശിഹാ വഴി ഉണ്ടായി''(1,17). നമ്മെ പഠിപ്പിക്കാനായി മുമ്പ് നിയമം മാത്രമാണ് നൽകിയിരുന്നത്. നിയമം സ്വീകരിക്കാൻ അയോഗ്യരായതിനാൽ കൃപ എന്ന നിലയ്ക്കാണ് അതു നൽകപ്പെട്ടത്. ഇപ്പോഴാകട്ടെ, യഥാർഥമായ കൃപ നൽകപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ്, യേശുമിശിഹാവഴി നൽകപ്പെട്ടു എന്നല്ല "ഉണ്ടായി'' എന്ന് പറഞ്ഞിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ, അവിടെ യഥാർഥത്തിൽ നിയമം നൽകപ്പെട്ടു. ഇവിടെയാകട്ടെ, നാം വീണ്ടും ജനിച്ചു എന്ന യാഥാർഥ്യം പൂർണമാകുന്നു. ആ വീണ്ടുംജനനം ആദ്യം യേശുമിശിഹായിൽ പൂർണമായി; പിന്നീട് അവൻ

www.malankaralibrary.com



വഴി വിശ്വാസികളിൽ യാഥാർത്ഥ്യമായി. പ്രതീകമായിട്ടല്ല, വസ്തുനിഷ്ഠമായിട്ടത്രേ ഇതു സംഭവിച്ചത്. നാം അവന്റെ ഉയിർപ്പിനും അവകാശികൾ ആകാനിരിക്കുന്നു.

മുകളിൽ പറഞ്ഞതുപോലെ അവൻ കൃപയും സത്യവും നിറഞ്ഞവനും പിതാവിൽ നിന്നുള്ള ഏകജാതനുമായിരുന്നു. സന്മനസ്സുള്ളവർക്ക് യോഹന്നാന്റെ സാക്ഷ്യത്താൽ അവന്റെ വാക്കുകൾ സ്വീകാര്യമായിരുന്നു. യോഹന്നാനും ഇതുതന്നെയാണ് പ്രഖ്യാപിച്ചതെന്നു കാണിക്കാൻ സുവിശേഷകൻ ഇപ്രകാരം പറയുന്നു: "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന, ദൈവം തന്നെയായ, ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത് "(1,18). ഇതും യോഹന്നാൻ പറഞ്ഞതായിട്ടാണ് സുവിശേഷകൻ രേഖപ്പെടുത്തുന്നത്. ഇപ്പോഴാണ് നാം മതസംബന്ധമായ സത്യപ്രബോധനം മനസ്സിലാക്കുന്നത്. ദൈവം പ്രത്യക്ഷപ്പെടുമെന്ന് ഒരിക്കൽ ജനം വിശ്വസിച്ചിരുന്നു. മാനുഷിക സംസാരഭാഷ അനുസരിച്ചാണ് ഈ വിശ്വാസം ഉടലെടുത്തത്. കാരണം, ദൈവത്തെ ഭൂമിയിൽ ദർശിക്കുക അസാധ്യമാണ്. ഇപ്പോഴാകട്ടെ, പിതാവിന്റെ മടിയിൽ ഇരിക്കുന്നവനും തന്റെ വാക്കുകളിൽ വിശ്വസ്തനുമായ ഏകജാതൻ തന്നെ നമുക്ക് സത്യപ്രബോധകനായി തീർന്നിരിക്കുന്നു. സുവിശേഷകൻ നിയമത്തോടു താരതമ്യപ്പെടുത്തിക്കൊണ്ടാണ് മിശിഹായുടെ ഔന്നത്യം വിവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് ഇതിൽ നിന്നെല്ലാം സുസ്പഷ്ടമാണ്.

പിതാവിന്റെ മടിയിലായിരിക്കുന്നു എന്നതിനർത്ഥം അവനോട് ഗാഢബന്ധം പുലർത്തുന്നു എന്നാണ്. തിരുലിഖിത ശൈലിയിൽ *മടി* എന്ന പദം ഉപയോഗിച്ചിരിക്കുന്നത്, നമ്മോടു ഗാഢബന്ധം ഉള്ളതിനെ സൂചിപ്പിക്കാനാണ്. നമ്മോട് ഏറ്റവും അടുപ്പമുള്ളവരെയാണ് നാം മടിയിൽ വയ്ക്കുന്നു എന്നു പറയുന്നത്. ഭാഗ്യവാനായ ദാവീദിൽ നാം ഇപ്രകാരം വായിക്കുന്നു: "കർത്താവേ, ഞങ്ങളുടെ അയൽക്കാർ അങ്ങയെ നിന്ദിച്ചതിനു പകരമായി ഏഴിരട്ടി നിന്ദനം അവരുടെ മടിയിൽ ചൊരിയണമെ"(സങ്കീ.79,12). അതായത്, അവരുടെ നിന്ദനം അവരിൽ നിന്നു മാറിപ്പോകാതെ അവരുടെ അകൃത്യങ്ങളോടു ചേർന്നിരിക്കട്ടെ. ഇതേ അർത്ഥത്തിലാണ്, "അനേകം ജനതകളുടെ നിന്ദനം ഞാൻ എന്റെ മടിയിൽ വഹിച്ചു" എന്നു പറയുന്നത് (സങ്കീ.89,51). അതായത്, അത് എന്നിൽ നിന്നു വിട്ടുമാറുന്നില്ല. അങ്ങനെ ഇതു പഠിപ്പിച്ചവന്റെ ആധികാരികത ഉറപ്പിക്കാൻ വേണ്ടി ശരിയായ രീതിയിലാണ് പിതാവിന്റെ മടിയിൽ ഇരിക്കുന്നവൻ എന്നു പറഞ്ഞിരിക്കുന്നത്. എപ്പോഴും പിതാവിന്റെ കൂടെ ആയിരിക്കുന്നവനും അവനിൽ നിന്ന് ഒരിക്കലും വേർപെട്ടിരിക്കാത്തവനുമാണ് ഇവ "വെളിപ്പെടുത്തിയത്." അവൻ സത്യവാനാണ്.

www.malankaralibrary.com



ഇപ്രകാരം അവൻ തന്റെ വാക്കുകളുടെ അർഥം ഉറപ്പിക്കുന്നു. യഹൂദരെ കുറ്റപ്പെടുത്താനും മിശിഹായുടെ പ്രവർത്തനം അത്ഭുതകരമാണെന്നു കാണിക്കാനും അവനിൽ വിശ്വസിക്കുന്നവർക്ക് വലിയ സഹായം ലഭിക്കാനും അവിശ്വാസികളുടെ വലിയ ശിക്ഷ ആസന്നമാക്കാനും വേണ്ടിയാണ് അവൻ ഇപ്രകാരം പറയുന്നത്. അവന്റെ സ്വഭാവത്തിന്റെ ഔന്നത്യത്തിൽ നിന്നും അവന്റെ പ്രവൃത്തികളിൽ നിന്നും അവന്റെ ആഗമനത്തിൽ നിന്നും അവനു സാക്ഷ്യം വഹിച്ച യോഹന്നാന്റെ വരവിൽ നിന്നും അവൻ നൽകിയ ദത്തുപുത്രസ്ഥാനത്തിന്റെ കൃപയിൽ നിന്നും ഇത് വ്യക്തമാകുന്നു. പിതാവിനു തുല്യനായവനു മാത്രമേ ഇത്തരം ദത്തുപുത്രസ്ഥാനം നൽകാൻ കഴിയൂ. തന്നെ സ്വീകരിക്കാൻ സന്മനസ്സുള്ളവർക്ക് എളുപ്പമാക്കുന്നതിനായി ജഡത്തിൽ പ്രത്യക്ഷപ്പെടാൻ തിരുമനസ്സായ അവന്റെ വരവിൽ നിന്ന് ഇതു തെളിയും. അവന്റെ ദാനങ്ങളെപ്പറ്റി വിവരിച്ച്, യഹൂദർക്കു ലഭിച്ച ദാനങ്ങളോട് അവയെ താരതമ്യപ്പെടുത്തിക്കൊണ്ട്, അവയേക്കാൾ മേന്മയേറിയവയാണ് മിശിഹായുടെ ദാഹങ്ങൾ എന്നു സ്ഥാപിക്കുന്നു. യോഹന്നാനെ സാക്ഷിയായി നിർത്തിക്കൊണ്ട് അവന്റെ തന്നെ വാക്കുകളിൽ താരതമ്യം നടത്തി അവയുടെ ശ്രേഷ്ഠത വിവരിക്കുന്നു. മിശിഹായുടെ ഔന്നത്യത്തെ ഉറപ്പിക്കാനും അവിശ്വാസികളെ കഠിനമായി ശാസിക്കാനും വേണ്ടിയാണ് ഇത്രയും വിവരിച്ചത്.

## സ്നാപകന്റെ സാക്ഷ്യം

അതിൽ നിന്നുള്ള അനുമാനം: "നീ ആരാണെന്നു ചോദിക്കാൻ യഹൂദർ ജറുസലേമിൽ നിന്ന് പുരോഹിതന്മാരെയും ലേവ്യരെയും അയച്ചപ്പോൾ യോഹന്നാന്റെ സാക്ഷ്യം ഇതായിരുന്നു"(1,19). യോഹന്നാൻ തന്നെപ്പറ്റി സാക്ഷ്യപ്പെടുത്തി ഇപ്രകാരം പറഞ്ഞെന്ന് വിവരിച്ചശേഷം, യോഹന്നാന്റെ തന്നെ വാക്കുകളിൽ തന്റെ വിഷയം അവൻ അവതരിപ്പിക്കുന്നു. യോഹന്നാൻ തന്നെയാണോ മിശിഹാ എന്ന് ചോദിച്ചറിയാൻ യഹൂദ പ്രമാണികൾ അവന്റെ പക്കലെത്തിയപ്പോൾ അവൻ യേശുവിനെപ്പറ്റി സാക്ഷ്യപ്പെടുത്തി. അങ്ങനെ അവൻ തന്റെ പ്രഘോഷണം ഉറപ്പിച്ചു. "അല്ല" എന്ന് അവൻ പ്രത്യുത്തരിച്ചു. താൻ ഏലിയായോ, അതുപോലെ, ഇസ്രായേൽ പ്രതീക്ഷിച്ചിരുന്ന പ്രവാചകനോ അല്ല എന്ന് അവൻ തീർത്തു പറഞ്ഞു. ഏശായായുടെ വാക്കനുസരിച്ച്, "മരുഭൂമിയിൽ വിളിച്ചു പറയുന്ന ശബ്ദം." അതായത്, മരുഭൂമിയിൽ പ്രഘോഷിക്കുന്നവന്റെ ശബ്ദം. വരാനിരിക്കുന്നവനെ സ്വീകരിക്കാൻ ശ്രോതാക്കളെ ഒരുക്കുകയായിരുന്നു അവന്റെ ദൗത്യം. ഇത് രാജാവിന്റേയല്ല, പ്രതിപുരുഷന്റെ പ്രവൃത്തിയാണ്.

"നീ മിശിഹായോ ഏലിയായോ പ്രവാചകനോ അല്ലെങ്കിൽ പിന്നെ സ്നാനം നൽകാൻ കാരണമെന്ത്?" എന്ന് അവർ വീണ്ടും ചോദിച്ചപ്പോൾ

www.malankaralibrary.com



അവൻ ഇപ്രകാരം മറുപടി പറഞ്ഞു: "ഞാൻ ജലം കൊണ്ടു സ്നാനം നൽകുന്നു." ആത്മാവിനെ പ്രദാനം ചെയ്യുന്ന മിശിഹായുടെ മാമോദീസാ പോലെയല്ല എന്റേത്. നിങ്ങൾ പ്രതീക്ഷിക്കുകയും എന്നാൽ തിരിച്ചറിയാതിരിക്കുകയും ചെയ്യുന്ന ഒരുവൻ നിങ്ങളുടെ ഇടയിലുണ്ട്. അവനിപ്പോൾ നിസ്സാരനാണ്. പിന്നീട് മഹാനായി പ്രത്യക്ഷപ്പെടും. എന്നോട് താരതമ്യപ്പെടുത്തിയാൽ അവന്റെ മഹത്വം വളരെ വലുതാണ്. അവന്റെ ചെരുപ്പിന്റെ വാറഴിക്കാൻപോലും ഞാൻ യോഗ്യനല്ല. ഇപ്രകാരം യോഹന്നാൻ പറഞ്ഞതും സാക്ഷ്യപ്പെടുത്തിയതും വിവരിച്ചശേഷം സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു: "യോഹന്നാൻ സ്നാനം നൽകിക്കൊണ്ടിരുന്ന യോർദാന്റെ അക്കരെ ബഥാനിയായിലാണ് ഇതു സംഭവിച്ചത് " (1,28). ഈ സംഭവം നടന്ന സ്ഥലം കൂടി അവൻ സൂചിപ്പിക്കുന്നു.

മിശിഹായെ കൂടാതെ മറ്റേതു പ്രവാചകനെയാണ് യഹൂദർ പ്രതീക്ഷിച്ചിരുന്നതെന്നു ചോദിച്ചാൽ, അത് സന്ദർഭം കൊണ്ട് മനസ്സിലാക്കണം. യോഹന്നാനോട് "നീ മിശിഹായാണോ?" എന്നാരാഞ്ഞപ്പോൾ "അല്ല" എന്ന മറുപടി ലഭിച്ചു; ഏലിയാ ആണോ? എന്ന് ചോദിച്ചപ്പോഴും അല്ല എന്ന മറുപടിയാണുണ്ടായത്. "വരാനിരിക്കുന്ന പ്രവാചകനാണോ" എന്നും അവർ ചോദിച്ചു. കാരണം, യഹൂദർ ഏലിയായെ ആണ് പ്രതീക്ഷിച്ചിരുന്നത്. കർത്താവിന്റെ വരവിനുമുമ്പ് ഏലിയാ വരും എന്ന വിശ്വാസം അവർക്കുണ്ടായിരുന്നു. അതുകൊണ്ട്, വരാനിരിക്കുന്ന പ്രവാചകൻ യോഹന്നാൻ തന്നെയല്ലേ എന്ന് അവർ ചോദിച്ചത് അറിവില്ലായ്മ മൂലമാണ്. മിശിഹായുടെ മഹത്വത്തെ കുറിച്ച് തന്റെ ആഗമനത്തിനുമുമ്പ് മനുഷ്യർക്ക് വലിയ അറിവൊന്നുമില്ലായിരുന്നു. ഇപ്പോഴാണെങ്കിലും, അന്തിക്രിസ്തു എന്ന വഞ്ചകന്റെ വരവിനെപ്പറ്റി ജനങ്ങളുടെ ഇടയിൽ വ്യത്യസ്താഭിപ്രായങ്ങളുണ്ടല്ലോ (2 യോഹ.7). അതുപോലെ അന്നും മിശിഹായെക്കുറിച്ച് തെറ്റായ പല അഭിപ്രായങ്ങളും നിലനിന്നിരുന്നു. മിശിഹാ മറ്റൊരു പ്രവാചകനാണെന്ന് ചിലർ കരുതിയിരുന്നു. വേറെ ചിലരാകട്ടെ, മിശിഹായും പ്രവാചകനും വ്യത്യസ്തരാണെന്ന് ചിന്തിച്ചിരുന്നു. എന്നാൽ പ്രതീക്ഷിച്ചിരുന്ന പ്രവാചകനെയും മിശിഹായെയും കുറിച്ചുള്ള പ്രവചനം മൂലമാണ് പതീക്ഷിക്കപ്പെട്ടവൻ ഈ രണ്ടുപേരിലും വിളിക്കപ്പെട്ടത്.

### ദൈവത്തിന്റെ കുഞ്ഞാട്

"അടുത്തദിവസം യേശു തന്റെ അടുത്തേക്കു വരുന്നതു കണ്ട് അവൻ പറഞ്ഞു: ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്"(1,29). സുവിശേഷകന്റെ പ്രതിപാദനം അനുസരിച്ച് കർത്താവ്

www.malankaralibrary.com



വന്നെന്നും ജനങ്ങളുടെ ഇടയിൽ അവരറിയാതെ വ്യാപരിക്കുന്നെന്നും ഈ വാക്കുകളിലൂടെ, സ്നാപകയോഹന്നാൻ പറഞ്ഞു. സ്നാനം സ്വീകരിക്കാനെത്തിയപ്പോൾ 'ഇവനാണ് ദൈവത്തിന്റെ കുഞ്ഞാട്' എന്ന് യോഹന്നാൻ വ്യക്തമാക്കി.

തിരുലിഖിതം എപ്രകാരം വസ്തുതകളോട് വാക്കുകൾ കൂട്ടിച്ചേർക്കുന്നു എന്നു നോക്കാം. "ഇവനാണ് ലോകപാപം നീക്കുന്നവൻ" എന്നാണ് പറഞ്ഞത്. മുകളിൽ കണ്ടതുപോലെ "ഏകജാതനായ പുത്രൻ" എന്നോ, "ദൈവപുത്രൻ" എന്നോ, "പിതാവിന്റെ മടിയിൽ ഇരിക്കുന്നവൻ" എന്നോ പറഞ്ഞില്ല. നൽകപ്പെടാനിരിക്കുന്ന ദാനങ്ങളെക്കുറിച്ചുള്ള വാഗ്ദാനം ഉറപ്പിക്കാനാണ്, അവന്റെ സ്വഭാവത്തിന്റെ ഔന്നത്യം ഉചിതമായി ഇവിടെ അവതരിപ്പിക്കുന്നതെന്നു തോന്നുന്നു. അവൻ ഇക്കാര്യം പറഞ്ഞില്ല; എന്നാൽ അവന്റെ പീഡാസഹനം സൂചിപ്പിക്കാനാണ് അവനെ *കുഞ്ഞാട്* എന്ന് വിളിച്ചത്. അവൻ തന്റെ പീഡാസഹനത്തിലൂടെ പാപത്തെ നീക്കിക്കളയുന്നതിനാലാണ് *കുഞ്ഞാട്* എന്നും *ആട്* എന്നും വിളിക്കപ്പെടുന്നത്. മനുഷ്യരായ നമ്മിൽ പാപം ഭരണം നടത്തുകയും പാപംമൂലം മരണം നമ്മിൽ പ്രബലപ്പെടുകയും ചെയ്തപ്പോഴാണ്, നമ്മുടെ കർത്താവും രക്ഷകനുമായ യേശുമിശിഹാ വന്നതും ഈ പാപങ്ങളെല്ലാം നമ്മിൽ നിന്ന് നീക്കിക്കളഞ്ഞതും. അവിടുന്ന് മരണത്തെ മരണംകൊണ്ടു കീഴടക്കി; മർത്യതമൂലം നമ്മിൽ കുടിയിരുന്ന പാപത്തെ നശിപ്പിച്ചു. അവൻ നമുക്ക് ആദ്യം അമർത്യത വാഗ്ദാനം ചെയ്തു; അമർത്യത എന്ന ദാനത്താൽ പാപത്തെ നീക്കിക്കളയുമ്പോൾ, യഥാർഥത്തിൽ നമുക്ക് അമർത്യത ലഭിക്കും. അതുകൊണ്ടാണ് ഭാഗ്യവാനായ പൗലോസ് കൊറിന്തോസുകാരോട് ഉയിർപ്പിനെ സ്മരിച്ചുകൊണ്ട് ഇപ്രകാരം പറയുന്നത്: "അപ്പോൾ, എഴുതപ്പെട്ടിരിക്കുന്ന വചനം നിറവേറും: മരണമേ, നിന്റെ ദംശനം എവിടെ? പാതാളമേ, നിന്റെ വിജയം എവിടെ?" (1 കൊറി.15,54-55). മരണത്തോടുകൂടി നശിപ്പിക്കപ്പെടേണ്ട *മരണത്തിന്റെ ദംശനം* എന്താണെന്ന് നമ്മെ പഠിപ്പിക്കാൻ വേണ്ടിയാണ്, "മരണത്തിന്റെ ദംശനം പാപമാണ് " എന്ന് ചേർത്തത്.

അങ്ങനെ ശരിയായിട്ടാണ് *കുഞ്ഞാട്* എന്ന പദം അവൻ ഉപയോഗിച്ചത്. യഹൂദരുടെ ഇടയിൽ പണ്ടുകാലം മുതൽ മിശിഹായെപ്പറ്റി നിലവിലിരുന്ന പ്രബോധനത്തെയും വ്യത്യസ്താഭിപ്രായങ്ങളെയും നിരാകരിക്കാൻ വേണ്ടി അവൻ പറയുന്നു: "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല : ദൈവം നിരവധി തവണ വ്യത്യസ്ത രീതികളിൽ പ്രത്യക്ഷപ്പെട്ടു എന്ന അഭിപ്രായം യഹൂദരുടെ ഇടയിൽ ശക്തമായിരുന്നു. അതുകൊണ്ടാണ്, "പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതൻ തന്നെയാണ് വെളിപ്പെടുത്തിയത് "(1,18) എന്നു

www.malankaralibrary.com



പറഞ്ഞിരിക്കുന്നത്. യഹൂദർ പറയുന്നതല്ല, സുവിശേഷകൻ പറയുന്നതാണ് വിശ്വസനീയം എന്നു തെളിയിക്കാനും തന്റെ പ്രസ്താവന സ്ഥിരീകരിക്കാനും വേണ്ടിയാണ്, അതു വെളിപ്പെടുത്തിയവന്റെ സത്യസന്ധതയെക്കുറിച്ച് ഊന്നി പ്പറയുന്നത്. നമുക്കു ലഭിച്ച കൃപയെയും പാപനിർമാർജനത്തെയും കുറിച്ചു സംസാരിക്കുമ്പോൾ, നമുക്കു നൽകപ്പെട്ട കൃപയ്ക്ക് അനുയോജ്യമായ രീതി യിൽ അവനെ കുഞ്ഞാടായിട്ടാണ് അവതരിപ്പിക്കുന്നത്. "ഇതാ ദൈവകു ഞ്ഞാട് "എന്ന് ഉറക്കെ പ്രഘോഷിച്ചുകൊണ്ട്, അവർ പ്രതീക്ഷിച്ചിരുന്നവൻ ആഗതനായെന്ന് അവർക്കു കാണിച്ചുകൊടുത്തു. അവൻ ഇപ്രകാരം ചെയ്തത് വളരെ ശരിയായിട്ടു തന്നെയാണ്. "കൊല്ലാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും, രോമം കത്രിക്കുന്നവരുടെ മുമ്പിൽ നില്ക്കുന്ന ചെമ്മരിയാട്ടിൻ കുട്ടിയെപ്പോലെയും അവൻ മൗനം പാലിച്ചു" എന്ന് ഏശായാ പ്രവചിച്ചിരുന്നതനുസരിച്ച് (53:7), എല്ലാവർക്കും വേണ്ടി മരിച്ചുകൊണ്ട് എല്ലാ വരുടെയും പാപങ്ങൾ നീക്കുന്ന ഒരാളെ യഹൂദർ പ്രതീക്ഷിച്ചിരുന്നു. അതി നാൽ "ഇതാ, ദൈവകുഞ്ഞാട് "എന്നു പ്രഖ്യാപിച്ചു കൊണ്ട് ഏശായായുടെ പ്രവചനം അവനിൽ നിറവേറി എന്ന് കാണിക്കുന്നു. കർത്താവ് സ്നാനം സ്വീകരിക്കാൻ വരുന്നതു കണ്ടാണ് സ്നാപകയോഹന്നാൻ ഇപ്രകാരം പറ യുന്നതെന്നു വ്യക്തം. താഴെ വരുന്ന വാക്കുകളുടെ ക്രമംപോലും ഇതു സൂചിപ്പിക്കുന്നു: യേശു എങ്ങനെയാണ് യോഹന്നാന്റെ പക്കലേക്കു വന്ന തെന്നു വിവരിക്കുന്ന സുവിശേഷകൻ, അവൻ എങ്ങനെയാണ് സ്നാനം സ്വീകരിച്ചതെന്നു പറയുന്നില്ല എന്നത് ശ്രദ്ധേയമാണ്. അതുകൊണ്ട് മറ്റുള്ള വർ പറഞ്ഞത് ആവർത്തിക്കുന്നത് അധികപ്പറ്റാണെന്നു കരുതി, മറ്റുള്ള വർ വിട്ടുകളഞ്ഞവ ശ്രദ്ധാപൂർവം വിവരിക്കുകയാണ് ചെയ്തതെന്ന് ഇതിൽ നിന്നെല്ലാം അനുമാനിക്കാം.

"എന്റെ പിന്നാലെ ഒരുവൻ വരുന്നു. എന്നാൽ അവൻ എന്നേക്കാൾ മുമ്പുള്ളവനാകുന്നതുകൊണ്ട്, എനിക്കു മുമ്പനായി എന്ന് ഞാൻ ആരെ ക്കുറിച്ചു പറഞ്ഞുവോ അവൻ ഇവനാകുന്നു"(1,30). അതായത്, ഇവനെപ്പറ്റി യാണ് ഞാൻ പലപ്രാവശ്യം നിങ്ങളോടു പറഞ്ഞത്. "എന്റെ പിന്നാലെ വരു ന്നവൻ" എന്നും "എനിക്കു മുമ്പേ ഉണ്ടായവൻ"എന്നുമുള്ള വാക്കുകളെ ദൈവിക *ക്നോമായെക്കുറിച്ച്* വ്യാഖ്യാനിക്കുന്ന പാഷണ്ഡികളുടെ തെറ്റായ ചിന്താഗതിയെ ഖണ്ഡിക്കേണ്ടതുണ്ട്. *ആയി* എന്നതിനെ നാം ശ്രദ്ധാപൂർവം പരിശോധിച്ചാൽ, *ക്നോമാ സംബന്ധമായോ* ശ്രേഷ്ഠമായ ഔന്നത്യ സംബ ന്ധമായോ അല്ല. ദൈവത്തെക്കുറിച്ചുമല്ല; മറിച്ച്, മനുഷ്യത്വത്തെക്കുറിച്ചാണ്. "എന്റെ പിന്നാലെ വരുന്നു" എന്നതിനോട് "ഒരുവൻ" എന്ന് ചേർക്കുന്ന തിൽ നിന്ന് ഇക്കാര്യം വെളിപ്പെടുന്നു. ആരെക്കുറിച്ചു പറഞ്ഞുവോ, അവൻ ഇവനാകുന്നു (1,30) എന്നു പറഞ്ഞിരിക്കുന്നത്, നേരത്തെ പറഞ്ഞവനെ

www.malankaralibrary.com



കുറിച്ചു തന്നെയാണ് അവൻ ഇവിടെയും ഉദ്ദേശിക്കുന്നതെന്ന് സ്പഷ്ടമാക്കാനാണ്. *ഒരുവൻ* എന്ന പദത്തിനുശേഷം പറയുന്നവയും അവനെപ്പറ്റി തന്നെയാണ്. ദൈവസ്വഭാവത്തെക്കുറിച്ചല്ല, അവനെക്കുറിച്ചാണെന്ന് മറ്റു വാക്കുകളിൽ നിന്നു വ്യക്തമാണ്. "അവന്റെ ചെരിപ്പിന്റെ വാറുകൾ അഴിക്കുവാൻ പോലും ഞാൻ യോഗ്യനല്ല(1:27). മനുഷ്യനാണല്ലോ ചെരിപ്പ് ഉപയോഗിക്കുന്നത്. അതുപോലെ, *ഇതാ, ദൈവകുഞ്ഞാട്* എന്ന പ്രയോഗവും (1,29) പീഡകൾക്കും ദാരുണമരണത്തിനും വിധേയമായ *മനുഷ്യസ്വഭാവത്തെ* സൂചിപ്പിക്കുന്നു. വചനമാം ദൈവവുമായുള്ള ഐക്യം വഴി, എല്ലാ മനുഷ്യരെക്കാളും എല്ലാ സൃഷ്ടികളെക്കാളും ഉയർന്നവനാകയാൽ, ശ്രേഷ്ഠമായ ഔന്നത്യത്താലും ശക്തിയാലും മനുഷ്യസ്വഭാവത്തിലും യോഹന്നാനെക്കാൾ അവൻ വളരെ ശ്രേഷ്ഠനാണ്.

"ഞാനും അവനെ അറിഞ്ഞിരുന്നില്ല. എന്നാൽ അവൻ ഇസ്രായേലിന് അറിയപ്പെടേണ്ടതിനായി വെള്ളം കൊണ്ട് സ്നാനം നൽകാൻ ഞാൻ വന്നിരിക്കുന്നു"(1,31). അവൻ എന്തുകൊണ്ടാണ് മരുഭൂമിയിൽ ജീവിച്ചതെന്നും ഇതു കാണിക്കുന്നു. അവൻ പട്ടണത്തിലാണ് ജീവിച്ചിരുന്നതെങ്കിൽ, രക്തബന്ധം കൊണ്ടും സമപ്രായം കൊണ്ടും അവരുടെ ഇടയിൽ അവശ്യം ഉണ്ടാകുമായിരുന്ന സമ്പർക്കമൊന്നും മിശിഹായോട് ഉണ്ടാകാതിരിക്കാൻ ഇതു ദൈവത്തിന്റെ പ്രത്യേക പരിപാലനയാൽ സംഭവിച്ചതാണ്. രക്തബന്ധവും സ്നേഹബന്ധവും വഴിയാണ് അവൻ ഈ വാക്കുകൾ സാക്ഷ്യമായി പറഞ്ഞതെന്ന്, മുമ്പ് അവനുണ്ടായിരുന്ന സമ്പർക്കത്താൽ, സംശയിക്കാൻ ഇടയുണ്ടല്ലോ. ഇത്തരം സംശയം ദൂരീകരിക്കാൻ വേണ്ടിയാണ് യോഹന്നാൻ കൗമാരം മുതൽ വേർതിരിഞ്ഞ് മരുഭൂമിയിൽ വളർന്നത്. അതുകൊണ്ടാണ് "ഞാൻ അവനെ അറിഞ്ഞിരുന്നില്ല" എന്ന് സത്യസന്ധമായി പറയാൻ കഴിഞ്ഞത്. എനിക്ക് അവനോട് യാതൊരു മുൻപരിചയമോ, സ്നേഹബന്ധമോ ഇല്ലായിരുന്നു. വെള്ളംകൊണ്ട് സ്നാനം നൽകാൻ ഞാൻ അയക്കപ്പെട്ടത്, ഞാൻ അറിയാത്തവനെ വെളിപ്പെടുത്താനാണ്. അതായത്, അവനെ പ്രതിയാണ്. സ്നാനം സ്വീകരിക്കാൻ വന്ന യഹൂദർക്കെല്ലാം അവനെ കാണുന്നതിനും അവന്റെ പ്രബോധനം കേൾക്കുന്നതിനും അവസരം ഉണ്ടാകാനാണ് താൻ സ്നാനം നൽകുന്നതെന്നും അവനെ കുറിച്ച് സാക്ഷ്യം നൽകിയതെന്നും സ്നാപകൻ കാണിക്കുന്നു. മുമ്പു പറഞ്ഞതുപോലെ, "നീ മിശിഹായോ, പ്രവാചകനോ, ഏലിയായോ അല്ലെങ്കിൽ എന്തിനാണ് സ്നാനം നൽകുന്നത്?" എന്നു ചോദിച്ചപ്പോൾ യോഹന്നാൻ പറഞ്ഞു: "ഞാൻ വെള്ളം കൊണ്ട് സ്നാനം നൽകുന്നു. എന്നാൽ ഞാൻ സാക്ഷ്യപ്പെടുത്തിയ മറ്റൊരാൾ ഉണ്ട്. അവനെ വെളിപ്പെടുത്താൻ വേണ്ടിയാണു ഞാൻ വന്നത്."

www.malankaralibrary.com



"പരിശുദ്ധാത്മാവ് പ്രാവിനെപ്പോലെ സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന് അവന്റെമേൽ വസിക്കുന്നത് ഞാൻ കണ്ടു"(1,32).- സ്നാനം സ്വീകരിച്ച കർത്താവിന്മേൽ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങി വരുന്നത് അടുത്തു നിന്ന എല്ലാവർക്കും ദൃശ്യമായില്ല; പിന്നെയോ, യോഹന്നാനു മാത്രം ഒരാത്മീയ ദർശനം എന്നപോലെയാണ് സംഭവിച്ചതെന്നു വ്യക്തമാണ്. അടുത്തു നിന്നിരുന്നവർക്കെല്ലാം ഈ ദർശനം കിട്ടിയിരുന്നെങ്കിൽ, *ഞാൻ കണ്ടു* എന്ന് യോഹന്നാൻ സാക്ഷ്യപ്പെടുത്തി പറയുന്നത് അർഥശൂന്യമാകുമായിരുന്നു. എല്ലാവർക്കും അദൃശ്യമായിരുന്നത് ജനമധ്യേ പ്രവാചകർ മുമ്പും ദർശിച്ചിരുന്നല്ലോ.

പ്രാവ് മനുഷ്യരെക്കാൾ താണതരം ജീവിയായതിനാൽ, പരിശുദ്ധാത്മാവ്, കർത്താവായ മിശിഹായെക്കാൾ കുറഞ്ഞവനാണെന്ന് ചിലർ പറയുന്നത് ആനമണ്ടത്തരമാണ്. കാരണം, ഈ ദർശനത്തിൽ കാണപ്പെട്ട പ്രാവ് പ്രകൃതിയിൽ ഉണ്ടായിരുന്നതല്ല; അടുത്തു നിന്നിരുന്നവരാരും അതിനെ കണ്ടുമില്ല. പ്രവാചകന് ഈ കാഴ്ചയുണ്ടായത് ഒരാത്മീയ ദർശനത്തിലാണ്. പത്രോസ് മട്ടുപ്പാവിൽ പ്രാർഥിച്ചു കൊണ്ടിരുന്നപ്പോൾ, എല്ലാത്തരം ജീവികളെകൊണ്ടും നിറഞ്ഞ ഒരു വിരിപ്പ് സ്വർഗത്തിൽ നിന്ന് താഴേക്കു വരുന്നതായി കണ്ടതു പോലെയാണിത് (നടപടി 10: 9-12). അവൻ കണ്ടത് പ്രകൃത്യാ ഉള്ളതായിരുന്നില്ല. വരാനിരിക്കുന്നതിനെ മുൻകൂട്ടി കാണിച്ച ഒരാത്മീയ ദർശനമായിരുന്നു അത്. ദൈവം തന്നെ അഗ്നിയിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അതുകൊണ്ട്, ദൈവം മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെടുന്നതിനെക്കാൾ കുറഞ്ഞവനായിട്ടാണ് അഗ്നിയിൽ പ്രത്യക്ഷപ്പെട്ടത് എന്നു പറയാമോ? ഉദ്ദിഷ്ട ലക്ഷ്യത്തിന് അനുയോജ്യമായ ദർശനമാണ് ലഭിച്ചത്.

"ഞാൻ അവനെ അറിഞ്ഞിരുന്നില്ല. എന്നാൽ ജലം കൊണ്ട് സ്നാനം നൽകാൻ എന്നെ അയച്ചവൻ എന്നോട്, ആത്മാവ് ഇറങ്ങി ആരുടെ മേൽ വസിക്കുന്നതായി നീ കാണുന്നുവോ, അവനാണ് പരിശുദ്ധാത്മാവിനാൽ സ്നാനം നൽകുന്നവൻ എന്ന് പറഞ്ഞിരുന്നു" (1,33). അവന്റെ മേൽ ആത്മാവ് ഇറങ്ങിയപ്പോൾ ഞാൻ അവനെ തിരിച്ചറിഞ്ഞു എന്നല്ല യോഹന്നാൻ പറഞ്ഞത്. സ്നാനത്തിനു മുമ്പുതന്നെ അവനെക്കുറിച്ച് സാക്ഷ്യം നൽകികൊണ്ട് ഇപ്രകാരം പറഞ്ഞെന്ന് യോഹന്നാൻ സുവിശേഷകൻ സാക്ഷിക്കുന്നു: "ഇതാ ലോകത്തിന്റെ പാപം വഹിക്കുന്ന ദൈവകുഞ്ഞാട്."

"ഞാൻ നിന്നിൽ നിന്നു സ്നാനം സ്വീകരിക്കേണ്ടിയിരിക്കെ, നീ എന്റെ അടുത്തേക്കു വരുന്നുവോ എന്നു ചോദിച്ചുകൊണ്ട് സ്നാപകൻ അവനെ തടഞ്ഞു" എന്നാണ് മത്തായി രേഖപ്പെടുത്തിയിരിക്കുന്നത് (3,14). പക്ഷേ ആ യോഹന്നാൻ തന്നെ പറയുന്നു, "ഞാൻ അവനെ അറിഞ്ഞിരുന്നില്ല."

www.malankaralibrary.com



എന്നാൽ അവൻ വന്നെന്ന് എല്ലാവരുടെയും മുമ്പിൽ അറിയിക്കാനായി, എന്നെ അയച്ചവൻ വെള്ളം കൊണ്ടു സ്നാനം നൽകാനുള്ള അധികാരം എനിക്കു നൽകി. അവന്റെമേൽ ആത്മാവ് ഇറങ്ങിവരും എന്ന കാര്യവും എന്നെ മുൻകൂട്ടി അറിയിച്ചു (1,31.33). ഇതാണ് ഒരിക്കൽ മരുഭൂമിയിൽ വച്ച് അവനോടു പറഞ്ഞ വചനം. അവൻ വന്നയുടനെ ഇതു യാഥാർഥ്യമായി. അതുകൊണ്ട്, കർത്താവ് അവന്റെ പക്കൽ വന്നപ്പോൾ തന്നെ അവനെ ഏറ്റുപറയാൻ അവനു ദർശനം ലഭിച്ചു; പരസ്യമായ സാക്ഷ്യത്തിനായി അവന്റെ ഔന്നത്യത്തെ പ്രഖ്യാപിച്ചു.

നേരത്തെ കിട്ടിയ ദർശനം അനുസരിച്ച്, സ്നാനാവസരം പരിശുദ്ധാത്മാവ് ഇറങ്ങി വന്നത് ആത്മീയ ദർശനത്തിൽ അവൻ കാണുകയും പ്രവചനമനുസരിച്ചുള്ള പ്രതിഫലം പ്രാപിക്കുകയും ചെയ്തു എന്ന് ബോധ്യമായി. സംഭവിക്കാനിരിക്കുന്നത് ഇങ്ങനെ സംഭവിക്കുമെന്ന്, സംഭവിക്കുന്നതിനു മുൻപ് മരുഭൂമിയിൽ വച്ചു കേട്ട യോഹന്നാൻ പറഞ്ഞതായി സുവിശേഷകൻ രേഖപ്പെടുത്തി. സ്നാപകയോഹന്നാനാണ് ഇതു പറഞ്ഞത്. "അവനെക്കുറിച്ച് എന്നോട് മുമ്പു പറഞ്ഞിരുന്നത് ഇപ്പോൾ നിറവേറിയതായി ഞാൻ മനസ്സിലാക്കി. അതുകൊണ്ട്, വെളിപാടു വഴി ഞാൻ വാസ്തവത്തിൽ കണ്ടെന്ന് ന്യായമായും ഉചിതമായും പരസ്യമായി സാക്ഷ്യം നൽകുന്നു."

"ഞാൻ അത് കാണുകയും ഇവൻ ദൈവപുത്രനാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു" (1,34). അതായത്, ഞാൻ കാണുകയും ആ സംഭവത്തിൽ നിന്ന് കൂടുതൽ ഉറപ്പ് ലഭിക്കുകയും തന്മൂലം അവനെക്കുറിച്ച് സാക്ഷ്യം നൽകുകയും ചെയ്തു.

*ഇവൻ ദൈവപുത്രനാണ്* എന്ന വാക്കുകൾ അവന്റെ ദൈവികജനനത്തെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് ദൈവസ്വഭാവത്തെക്കുറിച്ചല്ല അവൻ പറയുന്നത്; പിന്നെയോ, ഏകജാതനുമായുള്ള ഐക്യം നിമിത്തം അവന്റെ മനുഷ്യസ്വഭാവത്തെക്കുറിച്ചാണ്. ഞാൻ ആത്മാവിനെ കണ്ടു എന്നും ആരുടെമേൽ ആത്മാവ് ഇറങ്ങി വസിക്കുന്നതായി കാണുന്നുവോ, അവനാണ് പരിശുദ്ധാത്മാവിനാൽ സ്നാനം നൽകുന്നവൻ എന്നും പറഞ്ഞശേഷം, "ഞാൻ കാണുകയും ഇവൻ ദൈവത്തിന്റെ പുത്രനാകുന്നു എന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു"എന്ന് കൂട്ടിച്ചേർത്തത് ഉചിതമാണ്. നാമും ആത്മാവിന്റെ ശക്തിയാൽ, വീണ്ടും ജനിക്കുകയും ദൈവമക്കളായി തീരുകയും ചെയ്തതിനാൽ, ദത്തുപുത്രസ്ഥാനത്തിന്റെ അരൂപിയിൽ "ആബാ, ഞങ്ങളുടെ പിതാവേ" എന്ന് ഉദ്ഘോഷിക്കുന്നു (റോമ. 8:15). ആദ്യം ആത്മാവിനാൽ ജനിക്കുകയും, ആത്മാവു വഴി ഏകജാതനോട് ഐക്യപ്പെട്ടിരിക്കുകയും, അങ്ങനെ പുത്രത്വത്തിന്റെ യഥാർഥമായ ഔന്നത്യം

www.malankaralibrary.com



സ്വീകരിക്കുകയും നമ്മെ വീണ്ടും ജനിപ്പിക്കുന്നതും ദൈവമക്കളുടെ കൂടെ ഓരോരുത്തരുടെയും ശക്തിയുടെ അളവനുസരിച്ച് എണ്ണപ്പെടുകയും ചെയ്യുന്നതിനുള്ള ആത്മാവിന്റെ ദാനത്തിന്റെ സംസർഗം നമുക്ക് നൽകുകയും ചെയ്ത മിശിഹായ്ക്ക് ജഡത്തിൽ സംഭവിച്ചവയിൽ നിന്നാണ് ഇവയുടെ ആരംഭം. സ്നാനാനന്തരം അവന്റെ മേലുള്ള ആത്മാവിന്റെ ഇറക്കത്തോടു ബന്ധപ്പെടുത്തി "ഞാൻ കാണുകയും ഇവൻ ദൈവപുത്രനാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു" എന്ന് സുവിശേഷകൻ പറഞ്ഞിരിക്കുന്നത് ഉചിതമാണ്.

## ആദ്യശിഷ്യന്മാർ

മറ്റൊരു ദിവസം യോഹന്നാൻ തന്റെ ശിഷ്യരിൽ രണ്ടുപേരോടുകൂടി നില്ക്കുകയായിരുന്നു. അപ്പോൾ യേശു നടന്നുപോകുന്നതു കണ്ട്, 'ഇതാ ദൈവത്തിന്റെ കുഞ്ഞാട്' എന്നു പറഞ്ഞു(1,36). ഭാഗ്യവാനായ യോഹന്നാൻ അനേകം ദിവസങ്ങളിൽ സ്നാനം നൽകുകയും മിശിഹായുടെ വരവിനെ പ്രഘോഷിക്കുകയും ചെയ്തു എന്നു വ്യക്തം. വസ്തുതകൾ മാത്രം അറിയിക്കുകയായിരുന്നു ശ്ലീഹന്മാരുടെ ഉദ്ദേശ്യം. അതുകൊണ്ട്, അവർ ഈ വാക്കുകൾ കൃത്യമായി പറയാൻ ശ്രദ്ധിച്ചില്ല. ഇത് ഒന്നാംദിവസം സംഭവിച്ചെന്നും അത് രണ്ടാംദിവസം സംഭവിച്ചെന്നും മറ്റത് മൂന്നാംദിവസം സംഭവിച്ചെന്നും കൃത്യമായി പറയാൻ വേറൊരു സുവിശേഷകനും താല്പര്യം കാണിച്ചില്ല, മറിച്ച്, അവരിൽ ഓരോരുത്തരും സംഭവങ്ങൾ മാത്രം അനുസ്മരിച്ചു. ഭാഗ്യവാനായ യോഹന്നാൻ ആകട്ടെ, മറ്റുള്ളവർ വിട്ടുകളഞ്ഞവയും പറയേണ്ടതാണെന്ന് തനിക്ക് ബോധ്യം വന്നവയും കാലക്രമമനുസരിച്ച് ഉൾപ്പെടുത്തി ചരിത്രം രചിച്ചു.

നമ്മുടെ കർത്താവിന്റെ സ്നാനത്തിനു ശേഷവും യോഹന്നാൻ തന്റെ ജോലി തുടർന്നു; സ്നാനം നൽകുന്നതിനു മുടക്കം വരുത്തിയില്ല. അതുകൊണ്ടാണ്, "സാലിമിനടുത്തുള്ള ഏനോനിൽ യോഹന്നാൻ സ്നാനം നൽകികൊണ്ടിരുന്നു" എന്ന് യോഹന്നാൻ പിന്നീട് പറയുന്നത് (3,23). കർത്താവിനെ കണ്ടപ്പോൾ അവൻ അതേ വാക്കുകൾ തന്നെ ആവർത്തിച്ചു. അവൻ പറഞ്ഞതു കേട്ട് ആ രണ്ടു ശിഷ്യന്മാർ യേശുവിനെ അനുഗമിച്ചു (1,37). അങ്ങനെ അവന്റെ വാക്കുകൾ കേട്ട്, അവന്റെ അടുത്തുണ്ടായിരുന്ന ശിഷ്യന്മാർ അവനെ വിട്ട്, അവൻ സാക്ഷ്യം നൽകിയ യേശുവിന്റെ പക്കലേക്കുപോയി.

"യേശു തിരിഞ്ഞ്, അവർ തന്റെ പിന്നാലെ വരുന്നതു കണ്ട്, നിങ്ങൾ എന്ത് അന്വേഷിക്കുന്നു എന്നു ചോദിച്ചു" (1,38). കാര്യം അറിയാഞ്ഞിട്ടല്ല,

www.malankaralibrary.com



തന്നിൽ വിശ്വാസം അർപ്പിക്കാൻ അവർക്കൊരവസരം നൽകാൻ വേണ്ടിയാണ് അവിടുന്ന് ഇപ്രകാരം ആരാഞ്ഞത്. അവർ ഉടനെതന്നെ അവനെ 'റബ്ബീ' എന്നു വിളിച്ചുകൊണ്ട് തങ്ങളുടെ ഹൃദയൈക്യം വെളിപ്പെടുത്തി. യേശുവിനെ ഗുരുവായി സ്വീകരിക്കാനും, അനുസരിക്കാനും വേണ്ടിയാണ് അവർ അവന്റെ പക്കലേക്കു വന്നത്. അവനെ കൂടെക്കൂടെ സന്ദർശിക്കാൻ വേണ്ടിയാണ്, 'അവൻ എവിടെയാണ് താമസിക്കുന്നത്' എന്ന് അവർ ചോദിച്ചത്. അവനാകട്ടെ, തന്റെ ഭവനം കാണിച്ചുകൊടുക്കാതെ, തന്നോടു കൂടുതൽ പരിചയവും ആത്മവിശ്വാസവും ഉണ്ടാകാൻ വേണ്ടി, "വന്നു കാണുവിൻ" എന്നു പറഞ്ഞു. അവർ ഉടനെ അവനെ അനുഗമിച്ചു. പത്താം മണിക്കൂർ ആയതിനാൽ, ശേഷിച്ച പകലും രാത്രി മുഴുവനും അവർ അവനോടൊത്ത് ചെലവഴിച്ചു. "അവർ അവനോടൊത്ത് ചെലവഴിച്ചു" എന്ന് പറയുന്നതിൽ നിന്ന് അവർ രാവിലെയാണ് അവിടെ നിന്നു പോയത് എന്ന് താഴെപ്പറയുന്ന സന്ദർഭത്തിൽ നിന്നു മനസ്സിലാക്കാം.

"അവനെ അനുഗമിച്ചവരിൽ ഒരാൾ ശെമയോന്റെ സഹോദരനായ അന്ത്രയോസ് ആയിരുന്നു" എന്നു സുവിശേഷകൻ പറയുന്നു (1,40). മറ്റെയാളുടെ പേരു പറയുന്നില്ലെങ്കിലും, അത് ഭാഗ്യവാനായ യോഹന്നാൻ ആണെന്നു വ്യക്തം. തന്നെക്കുറിച്ചു പറയുന്ന അവസരത്തിൽ പേരു വെളിപ്പെടുത്താതിരിക്കുക എന്നതാണു യോഹന്നാന്റെ രീതി. തന്നെ സംബന്ധിക്കുന്നവ കൈകാര്യം ചെയ്യുമ്പോഴും തന്റെ പേരു ചേർക്കാതെ വിട്ടുകളയുന്നു. സുവിശേഷം സ്വീകരിച്ചവർ നൽകിയ ശീർഷകം ഇല്ലാതിരുന്നെങ്കിൽ, ആരേക്കുറിച്ചാണ് അവൻ പറയുന്നതെന്നു നമുക്ക് അറിയാൻ കഴിയുമായിരുന്നില്ല. *പത്രോസ്* എന്നു വിളിക്കപ്പെടുന്നതിനു മുമ്പാണ് അന്ത്രയോസ് തന്റെ സഹോദരനായ ശെമയോനെ കാണുന്നതും പ്രതീക്ഷിച്ചിരുന്ന മിശിഹായെ താൻ കണ്ടുവെന്നു പറഞ്ഞതും എന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നു (1,41). പ്രതീക്ഷിച്ചിരുന്നവനെയാണ്, *ഞങ്ങൾ അവനെ കണ്ടു* എന്ന വാക്കുകൾ സൂചിപ്പിക്കുന്നത്.

സുവിശേഷകൻ തുടരുന്നതുപോലെ, അന്ത്രയോസ് അവനെ യേശുവിന്റെ പക്കൽ കൊണ്ടുവന്നു (1,42). യേശു അവനെ കണ്ടപ്പോൾ, "നീ യോനായുടെ പുത്രനായ ശെമയോൻ ആകുന്നു. നീ കേപ്പാ എന്നു വിളിക്കപ്പെടും" എന്നു പറഞ്ഞു(1,42). മറ്റുള്ളവരുടെ അന്തരംഗം താൻ നിഷ്പ്രയാസം ഗ്രഹിക്കുന്നുണ്ടെന്ന് കാണിക്കാനും തന്നെപ്പറ്റിയുള്ള അന്ത്രയോസിന്റെ സാക്ഷ്യം (1,41) സ്ഥിരീകരിക്കാനും വേണ്ടിയായിരുന്നു

www.malankaralibrary.com



ഇത്. ആദ്യം അവൻ ആരെന്നും ആരുടെ മകനെന്നും, പിന്നീട് എപ്രകാരം വിളിക്കപ്പെടണം എന്നും യേശു അരുളിച്ചെയ്യുന്നു. ഇങ്ങനെ ഓരോരുത്തരുടെയും ഊരും പേരും മറ്റും അറിയുന്നതിന് പ്രത്യേക പഠനം അവിടുത്തേക്ക് ആവശ്യമില്ലെന്ന് വ്യക്തമായ അടയാളങ്ങളാൽ കാട്ടിക്കൊടുത്തതിനാൽ, ഭാവികാര്യങ്ങൾ കേട്ട്, അവനിൽ വിശ്വസിക്കാൻ അവർക്കു കഴിഞ്ഞു.

അതുകൊണ്ട്, അവർ യേശുവിനെ അനുഗമിച്ച ദിവസം അവനോടൊത്തു പാർക്കുകയും അടുത്തദിവസം അവിടെ നിന്നു പോകുകയും ചെയ്തെന്നു വ്യക്തമാണ്. അതുകൊണ്ടാണ് അന്ത്രയോസ് തന്റെ സഹോദരനെ കണ്ടപ്പോൾ അവനോട് യേശുവിനെപ്പറ്റി പറയുകയും അവനെ യേശുവിന്റെ പക്കലേക്കു കൂട്ടിക്കൊണ്ടു പോകുകയും ചെയ്തത് (1,41-42).

## ഫീലിപ്പോസും നഥാനിയേലും

"പിറ്റേദിവസം യേശു ഗലീലിയിലേക്കു പോകാൻ തിരുവുള്ളമായി. അപ്പോൾ അവൻ ഫീലിപ്പോസിനെ കണ്ടു. 'എന്നെ അനുഗമിക്കുക' എന്ന് യേശു അവനോടു പറഞ്ഞു. ഫീലിപ്പോസ്, അന്ത്രയോസിന്റെയും പത്രോസിന്റെയും പട്ടണമായ ബേത്സയ്ദായിൽ നിന്നുള്ളവനായിരുന്നു" (1,43-44). കർത്താവ് ഫീലിപ്പോസിനെ വിളിച്ചു എന്ന് പറയുന്ന സുവിശേഷകൻ *അവൻ യേശുവിനെ അനുഗമിച്ചു* എന്ന് കൂട്ടിച്ചേർക്കുന്നില്ല. ഇത് ആവശ്യമായിരുന്നെന്ന് തോന്നാം. നഥാനിയേലിനെപ്പോലെ (1.45), മറ്റു ശിഷ്യരെയും അവൻ യേശുവിന്റെ പക്കലേക്ക് നയിച്ചുകാണും. എന്നാൽ അക്കാര്യം അവൻ സ്പഷ്ടമായി പറയുന്നില്ല. കാരണം, കാര്യങ്ങൾ ചുരുക്കി ലളിതമായി പറയാനാണ് സുവിശേഷകൻ പരിശ്രമിച്ചത്. തന്നെ പിൻചെല്ലാൻ കർത്താവ് ഫീലിപ്പോസിനോടു പറഞ്ഞത് വെറുതെ ആയിരിക്കുകയില്ല. താൻ മിശിഹാ ആണെന്ന് അവനറിയാമെന്ന് മനസ്സിലാക്കിക്കൊണ്ടാണ് (1.45) തന്നെ അനുഗമിക്കാൻ ഫീലിപ്പോസിനോട് ആവശ്യപ്പെട്ടത്. യോഹന്നാന്റെ സ്പഷ്ടമായ സാക്ഷ്യം നിമിത്തം അവനെപ്പറ്റി ഇതേ അഭിപ്രായം അനേകർക്കുണ്ടായിരുന്നു എന്ന് ഊഹിക്കാം. യേശുവിനെപ്പറ്റി നേരത്തെ കേട്ടിട്ടില്ലായിരുന്നെങ്കിൽ, തന്നെ അനുഗമിക്കാനുള്ള യേശുവിന്റെ ക്ഷണംകൊണ്ടു മാത്രം അനുഗമിക്കാൻ അവനു പ്രേരണ ലഭിക്കുമായിരുന്നില്ല. ചിലർക്ക് വലിയ ആഗ്രഹം ഉണ്ടെങ്കിലും, തങ്ങൾ സ്നേഹിക്കുന്നവനെ സമീപിക്കാൻ മടിയാണ്. മറ്റു ചിലർ ആഴമായ സ്നേഹംവഴി ലഭിച്ച വിശ്വാസത്താൽ പ്രേരി

www.malankaralibrary.com



തരായി, തങ്ങളുടെ മാനസ്സികാവസ്ഥ പ്രവൃത്തികളിലൂടെ വെളിപ്പെടുത്താൻ മുന്നോട്ടു വരുന്നു. ഇങ്ങനെ, രണ്ടുകൂട്ടരെയും നാം കാണുന്നുണ്ടല്ലോ. മറ്റു മനുഷ്യരിലെന്നപോലെ, ഇക്കാര്യം ശ്ലീഹന്മാരെക്കുറിച്ചും പറയാം.

യോഹന്നാന് യേശുവിനോടുള്ള സ്നേഹം നിമിത്തം നൽകിയ സാക്ഷ്യത്താൽ, നാണം കുണുങ്ങികളെങ്കിലും കുറെപ്പേർ യേശുവിനെ അനുഗമിച്ചു. അവരിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ നമ്മുടെ കർത്താവ് അവരിലേക്കു തിരിഞ്ഞ് സംഭാഷണം തുടങ്ങി. യോഹന്നാന്റെ സാക്ഷ്യം അവനെ എത്ര വലിയവനായി എടുത്തു കാണിച്ചുവോ, അത്രയധികമായി അവർ അവനെ ബഹുമാനിച്ചിരുന്നു. ഫീലിപ്പോസിനും അപ്രകാരം ചെയ്യണമെന്നു താല്പര്യമുണ്ടായിരുന്നെങ്കിലും, ഭീരുത്വം നിമിത്തം വിമുഖത കാണിച്ചു. ഈ ഭീരുത്വം മാറ്റാനാണ് തന്നെ അനുഗമിക്കാൻ കർത്താവ് അവനോടു പറഞ്ഞത്. അവൻ തന്റെ പക്കലേക്കു വരാൻ അവൻ അനുവദിക്കുന്നെന്നും ആഗ്രഹിക്കുന്നെന്നും ഇതു കാണിക്കുന്നു. തന്റെ പിന്നാലെ വരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവന്റെ ഭീരുത്വം മാറ്റി തന്നിൽ വിശ്വാസം അർപ്പിക്കുന്നതിനും തന്റെ തിരുഹിതം നിറവേറ്റുന്നതിനുമുള്ള അവസരം അവിടുന്ന് ഉണ്ടാക്കിക്കൊടുത്തു.

"ഫീലിപ്പോസ് നഥാനിയേലിനെ കണ്ട് അവനോടു പറഞ്ഞു: മോശയുടെ നിയമത്തിലും, പ്രവാചക ഗ്രന്ഥങ്ങളിലും ആരേപ്പറ്റി എഴുതിയിരിക്കുന്നുവോ, അവനെ - യൗസേപ്പിന്റെ പുത്രൻ, നസ്രത്തിൽ നിന്നുള്ള യേശുവിനെ - ഞങ്ങൾ കണ്ടു" (1,45). നഥാനിയേൽ യേശുവിനെ അനുഗമിച്ചു എന്നു സ്പഷ്ടമാണല്ലോ. വിശ്വസിച്ചവരെ മാത്രമേ യേശു പഠിപ്പിച്ചുള്ളൂ. അതുകൊണ്ടാണ് "യൗസേപ്പിന്റെ പുത്രൻ, നസ്രത്തിൽ നിന്നുള്ള യേശുവിനെ ഞങ്ങൾ കണ്ടു" എന്ന വാക്കുകളോട് "മോശയുടെ നിയമത്തിലും പ്രവാചക ഗ്രന്ഥങ്ങളിലും പരാമർശിക്കപ്പെട്ടവനെ" എന്ന് ചേർത്തിരിക്കുന്നത്. "യൗസേപ്പിന്റെ പുത്രനായ യേശു, നസ്രത്തിൽ നിന്നുള്ളവനാണ്" എന്ന് അവർ എഴുതിയെന്ന് സുവിശേഷകൻ പറയാൻ ആഗ്രഹിക്കുന്നില്ല. പിന്നെയോ, "നസ്രത്തിൽ നിന്നുള്ളവനായ യൗസേപ്പിന്റെ പുത്രനെ" ഞങ്ങൾ കണ്ടു. മിശിഹാ എന്നു വിളിക്കപ്പെടുന്ന അവനെക്കുറിച്ചാണ് മോശയും പ്രവാചകന്മാരും നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

"നഥാനിയേൽ അവനോടു ചോദിച്ചു. നസ്രത്തിൽ നിന്ന് എന്തെങ്കിലും നന്മ ഉണ്ടാകുമോ?" (1,46). വാസ്തവത്തിൽ അങ്ങനെയല്ല. വിപരീതാർത്ഥത്തിലും സംശയദൃഷ്ട്യായും നാം ഗ്രഹിക്കണം. അതായത്, എങ്ങനെയാണ് നസ്രത്തിൽ നിന്നു നന്മയുണ്ടാകാൻ സാധിക്കുക? ഈ ഗ്രാമത്തിന്റെ പേര് യഹൂദർ വളരെ പുച്ഛമായിട്ടത്രേ പറഞ്ഞിരുന്നത്. കാരണം, ആ ഗ്രാമ

www.malankaralibrary.com



വാസികൾ പുറജാതികളായിരുന്നു. അവിടെനിന്ന് എന്തെങ്കിലും നന്മയുണ്ടാകുക ഏതാണ്ട് അസാധ്യമായിരുന്നു. അതിനാലാണ് ഫരിസേയർ നിക്കൊദേമോസിനോട്, "ഗലീലിയിൽ നിന്ന് ഒരു പ്രവാചകനും ഉത്ഭവിക്കുന്നില്ല" എന്നു പരിശോധിച്ചറിയുക എന്നു പറഞ്ഞത് (7,52). അതുകൊണ്ടാണ് *വന്നു കാണുക* എന്ന് ഫീലിപ്പോസ് നഥാനിയേലിനോട് പറഞ്ഞത്. ആ പൊതു അഭിപ്രായത്തിനു വിരുദ്ധമായി വസ്തുത ഞാൻ നിനക്കു കാട്ടിത്തരാം എന്ന് ഫീലിപ്പോസ് വാഗ്ദാനം ചെയ്യുന്നു. ഒരിക്കൽ സത്യത്തിൽ വിശ്വസിച്ച ആളിന് ഇത് അധികപ്പറ്റാകുമായിരുന്നു.

"നഥാനിയേൽ തന്റെ അടുത്തേക്കു വരുന്നതു കണ്ട് യേശു അവനെപ്പറ്റി പറഞ്ഞു: ഇതാ, നിഷ്ക്കപടനായ ഒരു യഥാർഥ ഇസ്രായേൽക്കാരൻ. അപ്പോൾ നഥാനിയേൽ ചോദിച്ചു: നീ എന്നെ എങ്ങനെ അറിയുന്നു? യേശു മറുപടി പറഞ്ഞു. ഫീലിപ്പോസ് നിന്നെ വിളിക്കുന്നതിനു മുമ്പ്, നീ അത്തിമരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു" (1,47-48). നമ്മുടെ കർത്താവ്, തന്റെ പക്കൽ ആദ്യമായി വരുന്നവരെ ഉറപ്പിക്കാനും തന്റെ നിഗൂഢമായ സർവജ്ഞാനം വെളിപ്പെടുത്താനും വേണ്ടി അവർക്കു സുഗ്രാഹ്യമായവ കൊണ്ട് തുടങ്ങുന്നു. അങ്ങനെ, തന്റെ അടുക്കൽ വന്ന ശെമയോനോട് അവന്റെ പേരെന്താണെന്നും, ആരുടെ മകനാണെന്നും പറയുന്നു. തന്നെ അനുഗമിക്കാൻ ആഗ്രഹിക്കുകയും എന്നാൽ, ഭീരുത്വം മൂലം മാറി നില്ക്കുകയും ചെയ്ത ഫീലിപ്പോസിനോട്, *എന്നെ അനുഗമിക്കുക* എന്നു പറഞ്ഞുകൊണ്ട് അവൻ തന്റെ ഹൃദയാഗ്രഹം വെളിപ്പെടുത്തി. അവസാനം, ചഞ്ചലചിത്തനായ നഥാനിയേലിനെ പ്രശംസിച്ചുകൊണ്ട് അവനോട് അവിടുന്നു സംസാരിച്ചു തുടങ്ങി: "ഇതാ, ഒരു യഥാർഥ ഇസ്രായേൽക്കാരൻ. അവനിൽ കാപട്യം ഒട്ടുമില്ല" (1:47). അവനെപ്പറ്റി അവിടുന്ന് പറഞ്ഞ ഈ സാക്ഷ്യം വസ്തുനിഷ്ഠമാണ്. അവനിൽ ഇല്ലാത്തതു പറഞ്ഞല്ല അവിടുന്ന് അവനെ പ്രശംസിച്ചത്. "അവനിൽ കാപട്യം ഒട്ടുമില്ല"എന്ന വാക്കുകൾ വഴി അവൻ മുഖം നോക്കാതെ, നല്ല ഉദ്ദേശത്തോടുകൂടി ചിന്തിക്കുന്നതുപോലെ പറയുന്ന ആളാണെന്ന് സൂചിപ്പിക്കുന്നു. അതുകൊണ്ടാണ് ഫീലിപ്പോസ് പറഞ്ഞവയെക്കുറിച്ച് സംശയം പ്രകടിപ്പിക്കുകയും അക്കാര്യം ധൈര്യപൂർവം വെട്ടിത്തുറന്നു പറയുകയും ചെയ്തത്. കർത്താവ് അവനെ പ്രശംസിച്ചപ്പോൾ പോലും അവൻ തന്റെ നിഷ്കപടതയിൽ നിന്നു പിന്മാറിയില്ല. യേശു എങ്ങനെ തന്നെ അറിയുന്നു എന്ന് അവൻ ഉടനെ ചോദിച്ചു (1,48). ഫീലിപ്പോസ് അവനെ വിളിക്കുന്നതിനുമുമ്പ് അവൻ എവിടെ ഏതു

www.malankaralibrary.com



മരച്ചുവട്ടിൽ ആയിരുന്നു എന്ന് അവിടെ സന്നിഹിതനല്ലാതിരുന്ന യേശു വ്യക്തമായി ചൂണ്ടിക്കാണിക്കുകയും അങ്ങനെ തന്റെ മഹോന്നത ശക്തിയെ വെളിപ്പെടുത്തുകയും ചെയ്തു.

"റബി, അങ്ങ് ദൈവപുത്രനാണ്. അങ്ങ് ഇസ്രായേലിന്റെ രാജാവാണ്" (1,49). നീയാണ് വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ എന്ന് നഥാനിയേൽ ഈ സംഗതികളാൽ ബോധ്യപ്പെട്ടിട്ട് അവിടുത്തോടു പറഞ്ഞു. ദൈവത്തിന്റെ ഉത്തമ കാര്യസ്ഥനും ഇസ്രായേലിന്റെ രാജാവുമായ മിശിഹായെയാണ് അവർ പ്രതീക്ഷിച്ചിരുന്നത്. അവർ അവനെക്കുറിച്ച് അവ്യക്തമായും ജഡികമായുമാണ് ചിന്തിച്ചത്. അവൻ എങ്ങനെ ദൈവപുത്രനോ, ഇസ്രയേലിന്റെ രാജാവോ ആകുമെന്ന് യഹൂദർക്ക് അറിയാൻ കഴിവില്ലായിരുന്നു. നഥാനിയേൽ പോലും ദൈവപുത്രൻ എന്നു പറഞ്ഞത് ദൈവിക ജനനത്തെക്കുറിച്ചല്ല, അടുപ്പത്തെ ഉദ്ദേശിച്ചാണ്. തങ്ങളുടെ സുകൃതത്താൽ ദൈവത്തോട് അടുത്തിരുന്ന മനുഷ്യർ *ദൈവമക്കൾ* എന്നു വിളിക്കപ്പെട്ടിരുന്നു. ദീർഘകാലത്തിനു ശേഷമാണ് ശ്ലീഹന്മാർ പോലും ഈ കാര്യം മനസ്സിലാക്കിയത്. ആ സ്ഥിതിക്ക് അന്ന് അതു മനസ്സിലാക്കാൻ നഥാനിയേലിന് കഴിവില്ലായിരുന്നു. നമ്മുടെ കർത്താവ് അവനോടു പറഞ്ഞ വാക്കുകൾ, വേറൊരു സ്വഭാവത്തെ കാണിക്കാൻ പര്യാപ്തമായില്ല. പ്രവാചകന്മാരെക്കുറിച്ചും ഇക്കാര്യങ്ങൾ പറയുന്നുണ്ട്. ഉദാ: നാമാനിൽ നിന്ന് സ്വർണം സ്വീകരിച്ച തന്റെ ശിഷ്യനെ ഏലിശാ ശകാരിക്കുന്നു (2 രാജാ 5,26). പ്രസ്തുത പ്രവൃത്തി എങ്ങനെ നടന്നു എന്നു വെളിപ്പെടുത്തിയില്ല എന്നു വ്യക്തം. ആത്മാവിന്റെ പ്രചോദനത്താൽ ഇവ ഗ്രഹിച്ച പ്രവാചകന്മാരുടെ പ്രവർത്തനരീതി ഇതു പോലെയായിരുന്നു.

കർത്താവ് അവനോട് എന്താണു പറഞ്ഞത്? "അത്തിവൃക്ഷത്തിന്റെ കീഴിൽ നിന്നെ കണ്ടു എന്നു ഞാൻ പറഞ്ഞതുകൊണ്ട് നീ വിശ്വസിക്കുന്നല്ലോ. ഇവയെക്കാൾ വലിയവ നീ കാണും"(1,50). താൻ പറഞ്ഞത് വലിയ കാര്യമല്ലെന്നും താൻ ആരാണെന്ന് വെളിപ്പെടുത്താൻ, പറഞ്ഞ കാര്യം മാത്രം പര്യാപ്തമല്ലെന്നും യേശു അവനു കാണിച്ചുകൊടുത്തു.

അവൻ കാണാൻ ഇരിക്കുന്ന മഹദ് സംഗതികൾ ഏവയാണെന്ന് യേശു പ്രഖ്യാപിച്ചു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. സ്വർഗം തുറന്നിരിക്കുന്നതും ദൈവദൂതന്മാർ മനുഷ്യപുത്രന്റെ പക്കലേക്ക് ഇറങ്ങുകയും കയറുകയും ചെയ്യുന്നതും ഇപ്പോൾ മുതൽ കാണും. നഥാ

www.malankaralibrary.com



നിയേൽ അവിടുത്തെ ദൈവികജനനം അനുസരിച്ചാണ് പുത്രൻ എന്നു വിളിച്ചിരുന്നെങ്കിൽ, അതിനെക്കാൾ വലുതായി എന്താണ് കാണാനുണ്ടായിരുന്നത്? മാലാഖമാർ അവിടുത്തെ പക്കലേക്ക് ഇറങ്ങുന്നതും കയറുന്നതും കാണുന്നതിനെക്കാൾ ശ്രേഷ്ഠമായത് എങ്ങനെ സംഭവിക്കും? മറിച്ച്, അതാണ് കൂടുതൽ ശ്രേഷ്ഠവും വിസ്മയകരവും. മാലാഖമാർ അവിടുത്തെ പക്കൽ ഇറങ്ങുകയും കയറുകയും ചെയ്യുന്നുണ്ടെന്നും മനുഷ്യവംശം മുഴുവന്റെയും പ്രയോജനത്തിന് എപ്പോഴും സംഭവിക്കുന്നതാണെന്നും അവിടുന്നു മാലാഖമാരുടെ സ്രഷ്ടാവ് ആണെന്നും നഥാനിയേൽ അറിയുന്നത് എല്ലാറ്റിന്റെയും ഹേതുവായ ഏറ്റുപറയപ്പെട്ട ദൈവസ്വഭാവത്തിന് യോജിച്ചതാണ്. ആ ഏറ്റുപറച്ചിലിനു ശേഷം കുറെക്കൂടി ശ്രേഷ്ഠമായത് അവിടുന്ന് അരുളിച്ചെയ്തു. അതുവഴി നാം വിശദീകരിച്ച രീതിയിൽ ദൈവപുത്രൻ എന്ന സംജ്ഞ നഥാനിയേൽ ഏറ്റുപറഞ്ഞു എന്ന് വെളിവാകുന്നു.

അവൻ ചെയ്യുന്നവയ്ക്ക് ശുശ്രൂഷ ചെയ്യാനാണ് മാലാഖമാർ അവന്റെ പക്കലേക്ക് ഇറങ്ങുകയും കയറുകയും ചെയ്യുന്നതെന്നാണ് അവൻ പറഞ്ഞതിന്റെ അർത്ഥം. പ്രലോഭനത്തിന്റെ അവസാനം മാലാഖമാർ അവനെ സമീപിക്കുകയും ശുശ്രൂഷിക്കുകയും ചെയ്തു എന്ന് മത്തായി സുവിശേഷകൻ പറയുന്നു (4,11). പിശാചുമായുള്ള പോരാട്ടത്തിൽ വിജയിക്കുന്നതിന് ദൈവം അവനുവേണ്ടി ഒരുക്കിയ എല്ലാ കാര്യങ്ങളിലും അവന് ശുശ്രൂഷ ചെയ്തുകൊണ്ട് അവനോടുകൂടെ അവർ ഉണ്ടായിരുന്നു എന്നു വ്യക്തം. അതുപോലെ, പീഡാനുഭവ സമയത്തും മാലാഖമാർ അവന്റെ അടുത്തുണ്ടായിരുന്നു എന്ന് സുവിശേഷത്തിൽ നാം കാണുന്നു. അവൻ ഉയിർത്തശേഷം അവന്റെ കല്ലറയ്ക്കു സമീപം അവർ കാണപ്പെട്ടു. അവൻ സ്വർഗത്തിലേക്ക് ആരോഹണം ചെയ്തപ്പോഴും ശ്ലീഹന്മാർക്ക് അവർ പ്രത്യക്ഷരായി. അങ്ങനെ മിശിഹായുമായി ബന്ധപ്പെട്ട സമസ്ത സംഗതികളിലും ശുശ്രൂഷ ചെയ്തുകൊണ്ട് ഇടതടവില്ലാതെ മാലാഖമാർ സമീപത്തുണ്ടായിരുന്നു. ഇവയിലൂടെ, അവർ മിശിഹായുടെ ഔന്നത്യം വെളിപ്പെടുത്തുന്നു. അതുകൊണ്ടാണ് ഇവയെക്കാൾ വലിയവ അവർ കാണാനിരിക്കുന്നു എന്ന് അവിടുന്ന് ശരിയായി പറഞ്ഞത്. അതായത്, മാലാഖമാർ നിരന്തരം ഇറങ്ങിയും കയറിയും അവന്റെ സഹായത്തിനുണ്ടായിരുന്നു. അഥവാ, അവനു സംഭവിച്ച സകലതിലും അവർ ശ്രദ്ധാപൂർവം ശുശ്രൂഷിച്ചിരുന്നു. ഇതു മേല്പറഞ്ഞതിനെക്കാൾ വലുതാണ്. ദൈവസ്വഭാവത്തെ സംബന്ധിച്ച് ഇതു വളരെ നിസ്സാരമായിരിക്കാം. മാലാഖമാരുടെ സ്രഷ്ടാവായി അറിയപ്പെടുക എന്നത്

www.malankaralibrary.com



അവന് ഉചിതമാണ്. അവിടുന്ന് മനുഷ്യസ്വഭാവത്തിൽ വസിച്ചതുമൂലം അതിനു സംഭവിച്ച കാര്യങ്ങൾ നിസ്സാരമല്ല. എന്തുകൊണ്ടെന്നാൽ അവനു സംഭവിച്ചവ വഴി, മനുഷ്യവർഗം മുഴുവനും കൃപ ലഭിച്ചു.

**കാനായിലെ കല്യാണവിരുന്ന്**

"മൂന്നാംദിവസം ഗലീലിയിലെ കാനായിൽ ഒരു വിവാഹവിരുന്നു നടന്നു. യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു" (2,1). മൂന്നാം ദിവസമെന്നു പറയുന്നത് സ്നാനത്തിനു ശേഷമുള്ള മൂന്നാം ദിവസമാണെന്നു വ്യക്തമാണ്. ഒന്നാംദിവസം അന്ത്രയാസും കൂട്ടുകാരനും അവനെ അനുഗമിക്കുകയും അവന്റെ കൂടെ രാത്രി പാർക്കുകയും ചെയ്തു. രണ്ടാം ദിവസം ഫീലിപ്പോസിനെയും നഥാനിയേലിനെയും പരാമർശിക്കുന്ന സംഗതികൾ നടന്നു. മൂന്നാം ദിവസമാകട്ടെ, ഈ കല്യാണവിരുന്നിൽ നടന്നവ വിവരിക്കുന്നു. ഇവയെല്ലാം ഗലീലിയിലാണ് നടന്നത്. സ്നാനാനന്തരം അവൻ അവിടേക്കു പോകുകയും അവിടെ താമസിക്കുകയും ചെയ്തു. പിശാചിനോടുള്ള പോരാട്ടത്തെക്കുറിച്ച് മത്തായി പറയുന്നത് പിന്നീട് സംഭവിച്ചതാണ്. മത്തായി ആകട്ടെ വസ്തുതകൾ മാത്രം പറയുന്നു; സംഭവങ്ങളുടെ കാലക്രമം പരിഗണിക്കുന്നില്ല.

"യേശുവും ശിഷ്യന്മാരും വിരുന്നിനു ക്ഷണിക്കപ്പെട്ടിരുന്നു" (2,2). നേരത്തെ പറഞ്ഞതുപോലെ, യേശുവിന്റെ കൂടെ നടന്നവരെപ്പറ്റിയാണ് *ശിഷ്യന്മാർ* എന്നു പറയുന്നത്. പന്ത്രണ്ടുപേരും അവനിൽ വിശ്വസിക്കുകയോ ഒരു ഗണമായി തീരുകയോ ചെയ്തില്ല. അതുകൊണ്ട് കർത്താവ് അവർക്കു കഠിന പരിശീലനം നൽകിത്തുടങ്ങിയില്ല അതുകൊണ്ടാണ് അവരേക്കൂടി വിരുന്നിനു കൂട്ടിക്കൊണ്ടുപോയത്.

"അവിടെ വീഞ്ഞു തീർന്നപ്പോൾ യേശുവിന്റെ അമ്മ അവനോടു പറഞ്ഞു: അവർക്കു വീഞ്ഞില്ല"(2.3). അത്ഭുതം പ്രവർത്തിക്കാൻ അവനെ അവന്റെ അമ്മ മാതൃസഹജമായി പ്രേരിപ്പിച്ചതാണ്. തന്റെ പുത്രന്റെ മഹത്വം വെളിപ്പെടുത്തണമെന്ന് അവൾ ആഗ്രഹിക്കുകയും വീഞ്ഞില്ലാതെ വന്നത് അത്ഭുതം ചെയ്യാനുള്ള നല്ലൊരവസരമായി കാണുകയും ചെയ്തു.

"യേശു അവളോടു പറഞ്ഞു: സ്തീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല" (2,4). എന്റെ സമയം ഇനിയും ആയിട്ടില്ല എന്നത് വിപരീതാർഥത്തിൽ മനസ്സിലാക്കണം. അതായത്, നീ എന്തിനാണ് ഇത്ര ആകുലത കാണിച്ച്, എന്നെ ശല്യപ്പെടുത്തുന്നത്? മോശയ്ക്കെന്നതുപോലെ, എനിക്കും അറിയാനും വേണ്ടതു ചെയ്യാനും വ്യത്യസ്ത നിമിഷങ്ങളുണ്ടെന്ന് നീ കരുതരുത്? ജനത്തിന്റെ ആവശ്യാനുസൃതം മോശ

www.malankaralibrary.com



ഒരിക്കൽ മന്നായും പിന്നീടൊരിക്കൽ മാംസവും അനന്തരം പാറയിൽ നിന്നു വെള്ളവും നൽകി. അവനു ലഭിച്ച അത്ഭുതശക്തി അനുസരിച്ചാണ് ഇതൊക്കെ ജനത്തിനു വേണ്ടി ചെയ്തത്. എനിക്കിതിന്റെ ഒന്നും ആവശ്യമില്ല. ഞാൻ മനസ്സാകുമ്പോഴൊക്കെ പ്രവർത്തിക്കാനുള്ള ശക്തി എപ്പോഴും എനിക്കുണ്ട്. ജനത്തിന് ആവശ്യമില്ലെങ്കിലും എന്റെ ശക്തി പ്രകടിപ്പിക്കാൻ എനിക്കു കഴിവുണ്ട്. അതുകൊണ്ട് അവർക്കു വീഞ്ഞില്ല എന്നു പറഞ്ഞുകൊണ്ട് നീ നടത്തിയ അഭ്യർത്ഥന എനിക്ക് അപമാനകരമാണ്. മറ്റുള്ളവരുടെ ആവശ്യം കൊണ്ടാണ് എനിക്ക് അത്ഭുതശക്തി കിട്ടിയതെന്ന് തോന്നുമല്ലോ. മറിച്ച്, ഞാൻ കഴിവുറ്റവനായതിനാലാണ് ഈ ആവശ്യം ഇവിടെ ഉണ്ടായത്.

അവൻ പറഞ്ഞത് ഗ്രഹിച്ചതുകൊണ്ട് അവന്റെ അമ്മ വേലക്കാരോടു പറഞ്ഞു: "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ"(2,5). - തനിക്ക് അത്ഭുതപ്രവർത്തനത്തിനായി നിശ്ചിത നിമിഷമോ, മണിക്കൂറോ ഇല്ലെന്നും ദാനങ്ങൾ വർഷിക്കാൻ ജനങ്ങൾ ആവശ്യക്കാരായിരിക്കണമെന്നില്ലെന്നും അങ്ങനെ മുൻകൂട്ടി നിശ്ചയിച്ച സമയത്തിനായി കാത്തിരിക്കേണ്ടതില്ലെന്നും താൻ തിരുവുള്ളമാകുന്നതൊക്കെ ചെയ്യാൻ തനിക്കു കഴിയുമെന്നും മറിയം മനസ്സിലാക്കിയതിനാലാണ്, വലിയ ആത്മവിശ്വാസത്തോടെ അവനെ അനുസരിക്കാൻ അവരോട് അവൾ നിർദേശിച്ചത്.

"എന്റെ സമയം ഇനിയും ആയിട്ടില്ല"(2.4) എന്ന വാക്കുകൾ, ചിലർ കരുതുന്നതു പോലെ, വാച്യാർഥത്തിൽ എടുത്താൽ, തന്റെ മാതാവിനെ തിരസ്കരിക്കാനും അവൾ പറഞ്ഞതു ചെയ്യാതിരിക്കാനും മുതിർന്നു എന്നു തോന്നാം. അങ്ങനെ ആയിരുന്നെങ്കിൽ അവനെ അനുസരിക്കാൻ വേലക്കാരോട് അവൾ നിർദേശിക്കുകയില്ലായിരുന്നു.

സുവിശേഷകൻ പറയുന്നതനുസരിച്ച്, "യഹൂദരുടെ ശുദ്ധീകരണ കർമത്തിനുള്ള വെള്ളം നിറയ്ക്കുന്ന ആറു കൽഭരണികൾ അവിടെ ഉണ്ടായിരുന്നു"(2,6). നിയമം അനുസരിച്ച് കൂടെക്കൂടെ ശുദ്ധികർമം നടത്തുക ആവശ്യമായിരുന്നതിനാൽ എല്ലാ ഭവനങ്ങളിലും ഇത്തരം ഭരണികൾ ഉണ്ടായിരിക്കാനിടയുണ്ട്.

"ഭരണികളിൽ വെള്ളം നിറയ്ക്കുവിൻ എന്ന് യേശു അവരോടു കല്പിച്ചു. അവർ അവ വക്കോളം നിറച്ചു"(2,7). - *വക്കോളം* എന്നതു വെറുതെ ചേർത്തതല്ല, വെള്ളം കുറച്ചേ ഉണ്ടായിരുന്നുള്ളൂ എങ്കിൽ അതിലേക്കു കുറച്ച് വീഞ്ഞ് ഒഴിച്ചോ എന്നു സംശയം ഉണ്ടാകാം; അവൻ വെള്ളം വീഞ്ഞാക്കി എന്ന് തോന്നിച്ചതേയുള്ളൂ എന്നും രുചി സംബന്ധമായി അവർക്ക് കബ

www.malankaralibrary.com



ളിപ്പു പറ്റിയെന്നും വരാം. വെള്ളം കോരിയവർ തന്നെയാണ് അതു വിളമ്പിക്കൊടുത്തത്. കല്പിച്ചവന്റെ തിരുഹിതാനുസൃതം വെള്ളം വീഞ്ഞായിത്തീർന്നു; അത് ദാഹം ശമിപ്പിക്കുക മാത്രമല്ല, പിന്നീടുള്ള ഉപയോഗത്തിനും സമൃദ്ധമായി നൽകും. താൻ പറഞ്ഞവ പ്രസ്തുത പ്രവൃത്തിയിലൂടെ തെളിയിക്കാൻ കർത്താവ് ഉദ്ദേശിച്ചു. അതായത്, അത്ഭുതപ്രവർത്തനത്തിന് തനിക്കു പ്രത്യേക സമയം ആവശ്യമില്ല. അതിന് മറ്റുള്ളവർ ആവശ്യക്കാരായിരിക്കുകയും വേണ്ട. തന്റെ ശക്തിയുടെ സമൃദ്ധമായ സമ്പത്ത്, താൻ തിരുമനസ്സാകുമ്പോഴൊക്കെ വിതരണം ചെയ്യുന്നു. "വീഞ്ഞായി മാറിയ ആ വെള്ളം കലവറക്കാരൻ രുചിച്ചുനോക്കി" എന്ന് സുവിശേഷകൻ പറയുന്നു (2,9).- ഈ കലവറക്കാരനാണ് കല്യാണ വിരുന്നിന് നേതൃത്വം നൽകുന്നതും വച്ചുവിളമ്പുന്നതും. താൻ രുചിച്ചുനോക്കിയ പുതുവീഞ്ഞ് എവിടെനിന്ന് ലഭിച്ചെന്ന് അവൻ അറിഞ്ഞില്ല. എന്നാൽ വെള്ളം കോരിയ വേലക്കാർ അത് അറിഞ്ഞിരുന്നു. അവൻ മണവാളനെ വിളിച്ച് ശകാരിക്കാൻ തുടങ്ങി: "എല്ലാവരും മേൽത്തരം വീഞ്ഞ് ആദ്യം വിളമ്പുന്നു; ഇവനാകട്ടെ വിരുന്നുകാർക്ക് ലഹരി പിടിച്ചു കഴിയുന്നതുവരെ അത് അവസാനം വരെ സൂക്ഷിച്ചുവച്ചു" (2,10).

സുവിശേഷകൻ കൂടുതലായിട്ടൊന്നും ചേർക്കുന്നില്ല. മണവാളന്റെ പക്കൽ വേറെ വീഞ്ഞ് ഇല്ലായിരുന്നെന്ന് അറിഞ്ഞിരുന്നതിനാൽ വീഞ്ഞ് തീർന്നുപോയി എന്നറിഞ്ഞ കലവറക്കാരന് സംശയം തോന്നി; ഈ നല്ല വീഞ്ഞ് എവിടെ നിന്നാണെന്ന് അന്വേഷിച്ചു. അത് ഒരത്ഭുതം വഴിയാണെന്ന് മനസ്സിലാക്കിയിരിക്കണം. യോഹന്നാൻ അതേപ്പറ്റി പ്രത്യേകിച്ച് ഒന്നും പറയുന്നില്ല. കലവറക്കാരൻ മണവാളനെ വിളിച്ച്, എന്തിന് അവസാനം വരെ നല്ലവീഞ്ഞ് സൂക്ഷിച്ചുവച്ചു എന്നു ചോദിച്ചെന്നു മാത്രം സുവിശേഷകൻ പറയുന്നു. വെള്ളം വീഞ്ഞാക്കി എന്നു മാത്രമല്ല, അതിനെ മേല്ത്തരം വീഞ്ഞാക്കി എന്നുകൂടി കാണിക്കാനാണ് സുവിശേഷകൻ ഇപ്രകാരം പറഞ്ഞത്. വിവരിക്കേണ്ട ആവശ്യമില്ലാത്തവ അവൻ വിട്ടുകളഞ്ഞു.

ഇത്രയും പറഞ്ഞിട്ട് സുവിശേഷകൻ ഇങ്ങനെ അനുമാനിക്കുന്നു: "ഇത് യേശു ഗലീലിയിലെ കാനായിൽ ചെയ്ത ഒന്നാമത്തെ അടയാളമാണ്. ഇതുവഴി അവൻ തന്റെ മഹത്വം വെളിപ്പെടുത്തി; അവന്റെ ശിഷ്യർ അവനിൽ വിശ്വസിക്കുകയും ചെയ്തു" (2,11). മണവാളൻ കലവറക്കാരനോട് *അത്ഭുതം നടന്നു* എന്ന കാര്യം വാക്കുകളിൽ സ്പഷ്ടമായി മറുപടി പറയാതിരുന്നെങ്കിൽ, *അവൻ തന്റെ മഹത്വം വെളിപ്പെടുത്തി* എന്നു പറഞ്ഞത് വെറുതെ ആകുമായിരുന്നു. അത്ഭുതത്തെയും അതു ചെയ്ത ആളിനെയും വെളിപ്പെടുത്തുന്ന വാക്കുകൾ അന്നുണ്ടായെന്നു വ്യക്തം. അതുകൊണ്ടാണ്, *അവന്റെ ശിഷ്യർ അവനിൽ വിശ്വസിച്ചു* എന്ന് സുവിശേഷകൻ

www.malankaralibrary.com



പറയുന്നത്. അവർക്കു നേരത്തെ വിശ്വാസം ഉണ്ടായിരുന്നിരിക്കാം. വിശ്വാസത്തിന് സ്ഥിരീകരണം ആവശ്യമായതിനാൽ, ഇതുവഴി അവർ വിശ്വാസത്തിൽ കൂടുതലായി ഉറപ്പിക്കപ്പെട്ടു എന്ന് സുവിശേഷകൻ സൂചിപ്പിക്കുന്നു. തന്റെ ഈ ലക്ഷ്യത്തിന് ഉപകരിക്കാത്തവ വിവരിക്കാതെ വിട്ടുകളയുന്നു.

ഇത് ആദ്യത്തെ അടയാളമാണ്. സുവിശേഷകൻ അതു വ്യക്തമായി പറയുകയും ചെയ്യുന്നു. ഇതു സംഭവിച്ച സ്ഥലവും വെളിപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ കർത്താവ് തന്റെ ബാല്യകാലത്തിൽ ചെയ്തതായി പറയപ്പെടുന്ന കാര്യങ്ങൾ വിശ്വസിക്കുന്നത് ഭോഷത്തരമാണ് എന്ന് ഈ ടെക്സ്റ്റിൽ നിന്ന് മാത്രമല്ല, യോഹന്നാൻ പോലും 'അവനെ അറിഞ്ഞിരുന്നില്ല' എന്ന പ്രസ്തവനയിൽ നിന്നുകൂടി തെളിയുന്നു. ഇങ്ങനെ, പരമ്പരാഗതമായി പറയപ്പെടുന്ന കാര്യങ്ങൾ യഥാർത്ഥമായിരുന്നെങ്കിൽ, യോഹന്നാന്റെ സാക്ഷ്യത്തിനു മുമ്പുതന്നെ അവൻ കൂടുതൽ പരസ്യമായി അറിയപ്പെടുമായിരുന്നു.

അവൻ ഇതിനുമുമ്പ് മറ്റൊരത്ഭുതവും ചെയ്തിട്ടില്ലെങ്കിൽ, ഇതാണ് അവന്റെ ആദ്യത്തെ അത്ഭുതം എങ്കിൽ, അവന്റെ ശക്തിയെക്കുറിച്ച് അറിവില്ലാതിരുന്ന അവന്റെ അമ്മ വീഞ്ഞു തീർന്നുപോയപ്പോൾ അവനെ സമീപിക്കുകയും അവർക്കു വീഞ്ഞില്ല എന്നു പറയുകയും ചെയ്തത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. അവനു ചെയ്യാൻ കഴിയും എന്ന് അവൾ എങ്ങനെ അറിഞ്ഞു?

അവന്റെ മാതാവിന് അവന്റെ ശൈശവം മുതൽ അവനെ കുറിച്ച് നല്ല അഭിപ്രായമാണ് ഉണ്ടായിരുന്നത് എന്നു തീർച്ചയാണ്. കാരണം, മോശയുടെ നിയമം അനുസരിച്ച് ആദ്യജാതന്റെ ബലിയർപ്പിക്കാൻ ശിശുവിനെ ദേവാലയത്തിൽ കൊണ്ടുചെന്നപ്പോൾ അവനെക്കുറിച്ച് പ്രവാചകരായ ശെമയോനും ഹന്നായും പറഞ്ഞ വാക്കുകളിൽ നിന്ന് തന്റെ മകന്റെ മഹത്വം അവൾക്കു വെളിപ്പെട്ടിരുന്നു. മംഗലവാർത്തയുടെ അവസരം, ഗർഭധാരണത്തിനുമുമ്പ് മാലാഖ പറഞ്ഞ വാക്കുകളിൽ നിന്ന് അവൾ ആ മഹത്വം അറിഞ്ഞിരുന്നു: "പുരുഷനെ കൂടാതെ ആത്മാവിനാൽ നീ ഗർഭസ്ഥിതയാകും. അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും" (ലൂ.1, 31-32). പിന്നീട് അവൻ ജനിച്ച് പുൽക്കൂട്ടിൽ കിടന്നപ്പോൾ, മാലാഖമാരുടെ നിർദേശപ്രകാരം ആട്ടിടയന്മാർ അവനെ വന്ന് കാണുകയും ദർശനം വിവരിക്കുകയും ചെയ്തു. ഇക്കാര്യത്തെപ്പറ്റി സുവിശേഷകൻ പറയുന്നു: "മറിയം ഇവയെല്ലാം തന്റെ ഹൃദയത്തിൽ സംഗ്രഹിച്ചു"(ലൂ.2,19). എലിസബത്തിന്റെ വാക്കുകളും അവൾ നിസ്സാരമായി കരുതിയില്ല. കൂടാതെ വിദ്വാന്മാരുടെ സന്ദർശനവും അത്ഭുതകരമായിരുന്നു. ഇവയിൽ നിന്നെല്ലാം അവന്റെ

www.malankaralibrary.com



മഹത്വത്തെപ്പറ്റി അവൾക്ക് അനുഭവജ്ഞാനം ഉണ്ടായി. ഇവയോട് യോഹന്നാന്റെ സാക്ഷ്യംകൂടി ചേർത്താൽ ന്യായമായും ഉചിതമായും അവൾക്ക് അവനെപ്പറ്റി ഏറ്റവും വലിയ മതിപ്പുണ്ടായിരുന്നു.

ഈ അത്ഭുതത്തിനുശേഷം അവൻ പറയുന്നു: "ഇതിനുശേഷം അവൻ തന്റെ അമ്മയോടും സഹോദരന്മാരോടും ശിഷ്യന്മാരോടും കൂടെ കഫർണാമിലേക്കു പോയി. അവർ അവിടെ ഏതാനും ദിവസം താമസിച്ചു" (2,12). മറ്റുള്ളവർ വിവരിച്ചതും ഇടയ്ക്കു നടന്നതുമായ പലതും വിട്ടുകളഞ്ഞ യോഹന്നാൻ മറ്റൊരു ചരിത്രത്തിലേക്കു കടക്കുന്നു. സംഭവങ്ങളുടെ കാലക്രമം തെറ്റിച്ചില്ല. പിന്നീട് സംഭവിച്ചതെന്നു പറയുന്നവ, ആദ്യം വിവരിച്ചവയ്ക്കുശേഷം നടന്നവയാണ്.

## ദൈവാലയശുദ്ധീകരണം

എല്ലാവരും ചെയ്തിരുന്നതുപോലെ, യഹൂദരുടെ പെസഹാ അടുത്തിരുന്നതിനാൽ യേശു ജറുസലേമിലേക്കു പോയി. അവൻ അവിടെ മൃഗങ്ങളെയും നാണയങ്ങളെയും കൈമാറ്റം ചെയ്യുന്നവരെ കണ്ടു - ഇവരെ അവൻ *നാണയ കൈമാറ്റക്കാർ* എന്നു വിളിക്കുന്നു - അവൻ കയറുകൊണ്ട് ഒരു ചമ്മട്ടി ഉണ്ടാക്കി (2,13-15). കാരണം, അവരെ ഉപദ്രവിക്കാൻ അവനു മനസ്സില്ലായിരുന്നു: തന്റെ ദേവാലയ പ്രവേശനാവസരം ഉപയോഗിച്ച് അവൻ അവിടെനിന്ന് ഇത്തരക്കാരെയെല്ലാം പുറത്താക്കി; ഇവ ഈ സ്ഥലത്തിനു യോജിച്ചതല്ല എന്ന് അവൻ അവരോടു പറഞ്ഞു.

"നിന്റെ ഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണത എന്നെ വിഴുങ്ങിക്കളഞ്ഞു എന്ന് എഴുതപ്പെട്ടിരിക്കുന്നത് അപ്പോൾ അവന്റെ ശിഷ്യന്മാർ ഓർത്തു" (2,17). അവനെക്കുറിച്ചുള്ള പ്രവചനത്തിലല്ല ഇതു പറഞ്ഞിരിക്കുന്നത്. ദേവാലയത്തിന് ഉചിതമായത് അവൻ സാന്ദർഭികമായി ചെയ്യുകയായിരുന്നു. ദൈവഭവനത്തിനുവേണ്ടി തീക്ഷ്ണത കാണിക്കുകയും അനുചിതമായതിനെ കുറ്റപ്പെടുത്തുകയും ചെയ്യുക നീതിമാന്മാർക്ക് ഉചിതമായിരുന്നു.

ഇതു ചെയ്യാൻ ഒരടയാളത്തിന്റെ ആവശ്യമില്ലായിരുന്നു. എങ്കിലും ഇത് എന്തുകൊണ്ട് ചെയ്തു എന്നതിന് യഹൂദർ ഒരടയാളം ആവശ്യപ്പെട്ടു (2,8). അവൻ ചെയ്തതു തന്നെ വിസ്മയകരമായിരുന്നു. അടയാളം വേണ്ടിയിരുന്നെങ്കിൽ, അതുതന്നെ അടയാളമായി എടുക്കാമായിരുന്നു.

ഞാൻ മുമ്പു പറഞ്ഞതുപോലെ, സുവിശേഷകൻ ഇവിടെ ക്രമമനുസരിച്ചല്ല പറയുന്നത്. ഇടയ്ക്കു സംഭവിച്ച പലതും വിട്ടുകളഞ്ഞെന്നു തോന്നുന്നു. കർത്താവ് അത്ഭുതങ്ങൾ വഴി തന്നെത്തന്നെ വെളിപ്പെടുത്താ

www.malankaralibrary.com



തെ, പൊടുന്നനവെ ഈ പ്രവൃത്തി ചെയ്യുമായിരുന്നില്ല. ഒരജ്ഞാത വ്യക്തിയാണിതു ചെയ്തിരുന്നതെങ്കിൽ, തങ്ങളെ പുറത്താക്കാൻ അവിടെയുള്ള കച്ചവടക്കാർ അനുവദിക്കുകയില്ലായിരുന്നു.

യേശു അവരോടു പറഞ്ഞു: "നിങ്ങൾ ഈ ദേവാലയം തകർക്കുവിൻ. മൂന്നു ദിവസത്തിനകം ഞാനിതു പുനരുദ്ധരിക്കും" (2,19). കച്ചവടം മാത്രമല്ല, മൃഗബലിയും നീക്കിക്കളഞ്ഞതായി തോന്നുന്നു. ദൂരെനിന്നു വരുന്ന തീർഥാടകർക്ക് ബലിവസ്തുക്കൾ വാങ്ങാൻ വേണ്ടിയാണ് കച്ചവടക്കാർ അവിടെ കാളകളെയും പ്രാവുകളെയും വിറ്റിരുന്നത്. നിങ്ങൾക്ക് ഇതറിയാൻ ആഗ്രഹമുണ്ടെങ്കിൽ അല്പസമയം കാത്തിരിക്കുക എന്ന് പറഞ്ഞുകൊണ്ട് തന്റെ ഉയിർപ്പിനെപ്പറ്റി ഉചിതമാംവിധം സൂചിപ്പിക്കുന്നു. ഞാൻ കൊല്ലപ്പെട്ടെന്ന് നിങ്ങൾ വിചാരിച്ചിരിക്കെ, ഞാൻ ഉയിർത്തെഴുന്നേറ്റ്, ഞാൻ ആരാണെന്ന് വെളിപ്പെടുത്തി കാണിച്ചു തരുന്നതാണ്. ഉയിർപ്പിനുശേഷം നവയുഗത്തെപ്പറ്റി പ്രഘോഷിക്കേണ്ടതാകയാൽ, പഴയനിയമത്തിലെ പഴയ ബലികൾക്കു പകരം പുതിയ അനുഷ്ഠാനങ്ങളും പുതിയ ഭരണക്രമവും തുടങ്ങേണ്ടിയിരിക്കുന്നു.

നമ്മുടെ കർത്താവ് ഇവയൊക്കെ പ്രതീകാത്മകമായും അവ്യക്തമായും അത്രേ പറഞ്ഞത്. ഉപമയിൽ പൊതിഞ്ഞും, സ്പഷ്ടമായി വെളിപ്പെടുത്താതെയും പ്രതീകാത്മകമായി പ്രവർത്തിച്ചതിനാൽ, അവിടുന്ന് ചെയ്തത് ശ്രോതാക്കൾക്ക് പൂർണമായി ഉൾക്കൊള്ളാൻ കഴിഞ്ഞില്ല.. ശിഷ്യർക്കുപോലും മനസ്സിലായില്ലെന്നു സുവിശേഷകൻ നിരീക്ഷിക്കുന്നു. കാളകളെയും മറ്റു മൃഗങ്ങളെയും വിറ്റിരുന്നവരെ പുറത്താക്കികൊണ്ട്, കച്ചവടം നിർത്തലാക്കി എന്നാണ് കരുതിയിരുന്നത്. എന്നാൽ ഭാവിയിൽ മൃഗബലി നിർത്തലാക്കാനാണ് യഥാർഥത്തിൽ അവൻ ഉദ്ദേശിച്ചത്.

"ഈ ദേവാലയം പണിയാൻ നാല്പത്തിയാറു വർഷമെടുത്തു; വെറും മൂന്നു ദിവസത്തിനകം നീ അതു പുനരുദ്ധരിക്കുമോ?" (2,20). എന്ന് യഹൂദർ ചോദിച്ചത്, അവൻ പറഞ്ഞത് ഈ ഭൗതികാലയത്തെ പറ്റിയാണ് എന്ന് കരുതിയതു കൊണ്ടും അവന്റെ വാക്കുകളുടെയും പ്രവൃത്തികളുടെയും ശരിയായ അർഥം ശരിക്ക് ഗ്രഹിക്കാത്തതുകൊണ്ടുമത്രേ. ആലയത്തിന്റെ നിർമാണത്തിനു ബാബിലോണിൽ നിന്നു തിരിച്ചെത്തിയതു മുതൽ നാല്പത്തിയാറു കൊല്ലമെടുത്തു. ആ കാലയളവു മുഴുവൻ അവർ അത് പണിതുകൊണ്ടിരുന്നു. എന്നാൽ അത്രയും സമയം പണിക്കാവശ്യമില്ലായിരുന്നു. ചരിത്രഗ്രന്ഥങ്ങളിൽ നിന്ന് കൃത്യമായി അറിയാവുന്നതുപോലെ, ആലയനിർമാണം പലപ്പോഴും തടസ്സപ്പെട്ടിരുന്നു.

"അവൻ തന്റെ ശരീരമായ ആലയത്തെപ്പറ്റിയാണു പറഞ്ഞത്" എന്നു പറഞ്ഞുകൊണ്ട് സുവിശേഷകൻ കർത്താവിന്റെ അവ്യക്തമായ വാക്കുക

www.malankaralibrary.com



ളുടെ അർത്ഥം വിശദീകരിക്കുന്നത് ഉചിതമെന്നു കരുതുന്നു (2,21). 'ഈ ആലയം തകർക്കുവിൻ' എന്നതിനുശേഷം, "മൂന്നു ദിവസത്തിനകം ഞാനതു പുനരുദ്ധരിക്കും" എന്നു പറഞ്ഞ വാക്കുകളെ പാഷണ്ഡികൾ പരിഗണിക്കാതിരിക്കുന്നത് എങ്ങനെയാണ്? "തന്റെ തന്നെ തകർക്കലിനെ പ്പറ്റിയല്ല, ദേവാലയത്തിന്റെ നാശത്തെപ്പറ്റിയാണ് അവൻ പറഞ്ഞത്."- മറ്റൊരാലയം നിർമിക്കേണ്ട ആവശ്യമില്ല. അതിനു പകരം താൻതന്നെ മതിയെന്ന് ഇതു കാണിക്കുന്നു. മൂന്നു ദിവസത്തിനകം ഞാൻ തന്നെ അത് പുനരുദ്ധരിക്കും. അതായത്, ഞാൻ അതിനെ ഉയിർപ്പിക്കും. പിതാവ് മിശിഹായെ ഉയിർപ്പിച്ചു എന്നു പറയുന്നുണ്ടെങ്കിലും, ഈ പ്രയോഗത്തിന്റെ അർത്ഥത്തിന് സംശയമില്ല. അവർ തമ്മിലുള്ള ഐക്യം നിമിത്തം എല്ലാ പ്രവൃത്തികളും ഒരുപോലെ പിതാവിനും പുത്രനും ആരോപിക്കാം.

കർത്താവിന്റെ വാക്കുകൾ വിശദീകരിച്ചുകൊണ്ട് സുവിശേഷകൻ എഴുതുന്നു: "അവൻ മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്തപ്പോൾ ഇതു പറഞ്ഞിരുന്നു എന്ന് അവന്റെ ശിഷ്യന്മാർ ഓർക്കുകയും തിരുവെഴുത്തുകളും യേശു അരുളിച്ചെയ്ത വചനവും വിശ്വസിക്കുകയും ചെയ്തു"(2,22). കർത്താവ് ഇതു പറഞ്ഞപ്പോൾ ശിഷ്യന്മാർക്കുപോലും അന്ന് മനസ്സിലായില്ല എന്നു കാണിക്കാനാണ് സുവിശേഷകൻ ഇപ്രകാരം പറഞ്ഞിരിക്കുന്നത്. യേശു പറഞ്ഞവ ഈ സംഭവങ്ങളുടെയെല്ലാം പൂർത്തീകരണത്തിലൂടെ ശിഷ്യർ മനസ്സിലാക്കി; അവന്റെ പ്രവൃത്തികളുടെയും വാക്കുകളുടെയും പൂർണമായ അർത്ഥം ഗ്രഹിക്കാൻ അവർ പ്രാപ്തരായിത്തീർന്നു.

കാളകളെയും മറ്റു മൃഗങ്ങളെയും വിറ്റിരുന്നവരെ ദേവാലയത്തിൽ നിന്ന് അവൻ പുറത്താക്കി എന്ന് മറ്റു സുവിശേഷകരും വിവരിക്കുന്നു. യോഹന്നാനും ഈ കാര്യം ഇവിടെ സ്മരിക്കുന്നു, മറ്റുള്ളവർ വിട്ടുകളഞ്ഞ കാര്യങ്ങളെ കുറിച്ചു മാത്രമേ അവൻ ഇവിടെ പറയുന്നുള്ളൂ. അല്ലെങ്കിൽ, യേശു അപ്രകാരം രണ്ടു പ്രാവശ്യം ചെയ്തെന്നു തോന്നും. മറ്റു പല സംഗതികളിൽ നിന്നും നമുക്ക് കാണാൻ കഴിയുന്നതു പോലെ, അതും കാരണം കൂടാതെ സംഭവിച്ചതല്ല. അത്ഭുതകരമായ സംഭവത്തിൽ നിന്നു വരുന്ന പ്രബോധനത്തിന്റെ ശക്തി മൂലമാണ് മറ്റുള്ളവർ പറഞ്ഞതും അവൻ ഇവിടെ ആവർത്തിക്കുന്നത്. *യേശു അവരെ പുറത്താക്കി* എന്നാണ് മറ്റുള്ളവർ പറയുന്നത്. യോഹന്നാനാകട്ടെ, ഫരിസേയർ അവനെതിരെ പറഞ്ഞ വാക്കുകൾക്കു പുറമേ യേശുവിന്റെ മറുപടിയും കൂട്ടിച്ചേർക്കുന്നു. ഉയിർപ്പിന്റെ യാഥാർഥ്യത്തിലേക്കു മാത്രമല്ല, അതിന്റെ സമയത്തെയും അവൻ പരാമർശിക്കുന്നു. ആരാണ് സഹിക്കുന്നതെന്നും ആരുവഴിയാണ് ഉയിർപ്പിക്കപ്പെട്ടതെന്നും ഇവ തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നും അവൻ ഊന്നിപ്പറയുന്നു. അതുപോലെ, ശിഷ്യന്മാർക്ക് അപ്പോൾ പലകാര്യങ്ങളും മനസ്സിലാ

www.malankaralibrary.com



യില്ല എന്ന് നാം കേൾക്കുന്നു. അവൻ സ്മരിക്കുന്ന വസ്തുത മറ്റുള്ളവർ നേരത്തെ വിവരിച്ചതാണെന്ന് സ്ഥാപിക്കുന്നു: "പെസഹാത്തിരുനാളിന് അവൻ ജറുസലോമിൽ ആയിരിക്കുമ്പോൾ പ്രവർത്തിച്ച അടയാളങ്ങൾ കണ്ട് അനേകർ അവനിൽ വിശ്വസിച്ചു (2,23)

ഒന്നാം പുസ്തകം സമാപ്തം

# പുസ്തകം -2

## അനേകർ വിശ്വസിക്കുന്നു

"പെസഹാത്തിരുനാളിന് അവൻ ജറുസലേമിൽ ആയിരിക്കുമ്പോൾ പ്രവർത്തിച്ച അടയാളങ്ങൾ കണ്ട് വളരെപ്പേർ അവന്റെ നാമത്തിൽ വിശ്വസിച്ചു" (2,23). യേശു വളരെ അടയാളങ്ങൾ ചെയ്തിരുന്നെന്നും അവ നിമിത്തം അനേകർ അവനിൽ വിശ്വസിച്ചിരുന്നെന്നും സുവിശേഷകൻ ഈ വാക്കുകളിലൂടെ വ്യക്തമാക്കുന്നു. എന്നാൽ അവയെല്ലാം അവൻ വിവരിക്കുന്നില്ല. കാരണം, മിശിഹായുടെ എല്ലാ പ്രവൃത്തികളും വിവരിക്കാൻ അവന് ഉദ്ദേശമില്ലായിരുന്നു. ഏതെങ്കിലും ഉപദേശമോ വിശ്വാസസത്യമോ ഉൾക്കൊള്ളുന്നതും മറ്റുള്ളവർ ഉപേക്ഷിച്ചു കളഞ്ഞതുകൊണ്ട് ചേർക്കേണ്ടതാണെന്ന് കരുതിയതും മാത്രമേ അവൻ രേഖപ്പെടുത്തുന്നുള്ളു.

"യേശുവാകട്ടെ, അവരെ വിശ്വസിച്ചില്ല കാരണം, അവൻ അവരെയെല്ലാം അറിഞ്ഞിരുന്നു. മനുഷ്യനെപ്പറ്റി ആരുടെയും സാക്ഷ്യം അവന് ആവശ്യമില്ലായിരുന്നു. മനുഷ്യനിലുള്ളത് എന്താണെന്ന് അവൻ വ്യക്തമായി അറിഞ്ഞിരുന്നു."(2,24-25). അവർ അവനിൽ സത്യമായും വിശ്വസിച്ചിരുന്നെങ്കിൽ, എന്തുകൊണ്ടാണ് അവൻ അവരെ വിശ്വസിക്കാതിരുന്നത്? അനേകർ അവനിൽ വിശ്വസിച്ചു എന്നു പറയുന്നുണ്ടല്ലോ. അടിയുറച്ച സത്യവിശ്വാസത്തേക്കുറിച്ചല്ല ഇവൻ ഇവിടെ പറയുന്നത്. അവന്റെ വാക്കുകൾ സത്യമാണെന്നു വിശ്വസിക്കുകയും ഒട്ടും സംശയിക്കാതിരിക്കുകയും അവനെ സത്യപ്രബോധകൻ എന്ന് അംഗീകരിക്കുകയും ചെയ്യുന്നതാണ് സത്യവിശ്വാസം. സംഭവിച്ചവയെക്കുറിച്ച് ആശ്ചര്യസ്തബ്ധരായി യേശുവിനെ ഒരു വലിയ ആരാധ്യപുരുഷനായി പ്രശംസിക്കുന്നവരെയാണ് യേശു വിശ്വസിക്കാതിരുന്നത്. എല്ലാവരും ഒരുപോലെയല്ല അവന്റെ വചനം അംഗീകരിച്ചത്. ചുരുക്കം ചിലർ മാത്രമാണ് സത്യവിശ്വാസികളെപ്പോലെ പെരുമാറിയത്. അതുകൊണ്ടാണ് അവൻ അവരെ വിശ്വസിച്ചില്ല എന്നു ചേർത്തത്.

www.malankaralibrary.com



സത്യവിശ്വാസത്തെക്കുറിച്ചുള്ള പ്രത്യേക പ്രബോധനം ഈ വാക്കുകളിൽ ഉൾക്കൊള്ളുന്നു. തന്നെ സമീപിക്കുന്നവരുടെ ബാഹ്യമായ പെരുമാറ്റത്താൽ വഞ്ചിക്കപ്പെടാതിരിക്കാനുള്ള അറിവിന്റെ ശക്തി മിശിഹായ്ക്ക് ഉണ്ടായിരുന്നു. ആരൊക്കെയാണ് യഥാർഥ ശിഷ്യരെന്നും ആരൊക്കെയാണ് സംശയത്തോടും കപടവേഷത്തോടും സമീപിക്കുന്ന ശിഷ്യരെന്നും ഓരോരുത്തരെയും തരംതിരിച്ച് അവൻ അറിഞ്ഞിരുന്നു.

### യേശുവും നിക്കോദേമോസും

ഇത്രയും പറഞ്ഞശേഷം തന്റെ വാക്കുകൾ ഉറപ്പിക്കാനായി സുവിശേഷകൻ നിക്കോദേമോസിന്റെ ചരിത്രം സൂചിപ്പിക്കുന്നു. കർത്താവ് പ്രവർത്തിച്ച അടയാളങ്ങൾ നിമിത്തം അവൻ കർത്താവിനെ ബഹുമാനിച്ചിരുന്നു. അവിടുന്ന് പറഞ്ഞവ ഉറച്ച ബോധ്യത്തോടുകൂടെയും സംശയം കൂടാതെയും ഉൾക്കൊള്ളുന്നതിനു മുമ്പുതന്നെ അവൻ കർത്താവിനെ സത്യപ്രബോധകനായി കരുതി അവനിൽ വിശ്വസിച്ചിരുന്നു. നമ്മുടെ കർത്താവിനോട് അവൻ പറഞ്ഞ വാക്കുകളും അതിന് കർത്താവു നൽകിയ പ്രത്യുത്തരങ്ങളും ഇതിനു തെളിവാണ്. അതായത്, അവൻ എല്ലാവരെയും അറിഞ്ഞിരുന്നതിനാൽ, തന്നെത്തന്നെ അവർക്ക് വിശ്വസിച്ച് ഏൽപ്പിച്ചില്ല.

നിക്കോദേമോസ് ഫരിസേയരിൽ ഒരുവനായിരുന്നു (3,1). ഫരിസേയർ നിയമത്തെപ്പറ്റി തങ്ങൾക്കുള്ള അറിവിൽ അഹങ്കരിച്ചിരുന്നു. യഹൂദരിൽ പലരും ഫരിസേയവീക്ഷണം പുലർത്തുകയും ജനപ്രീതി നേടുകയും ചെയ്തിരുന്നു. നിക്കോദേമോസ് രാത്രിയിൽ യേശുവിന്റെ പക്കൽവന്ന് തന്റെ ഹൃദയം തുറന്ന് സംസാരിച്ചു. അവൻ യഹൂദരെ ഭയപ്പെട്ടതു കൊണ്ടാണ് രഹസ്യമായും കരുതലോടുകൂടിയും രാത്രിസമയം തെരഞ്ഞെടുത്തത്.

അവൻ വന്ന ഉടനെ പറഞ്ഞു: "റബ്ബീ, അങ്ങ് ദൈവത്തിൽ നിന്നു വന്ന ഒരു ഗുരുവാണെന്ന് ഞങ്ങൾ അറിയുന്നു. ദൈവം കൂടെയില്ലെങ്കിൽ, നീ ചെയ്യുന്ന അടയാളങ്ങൾ പ്രവർത്തിക്കാൻ ഒരുവനും കഴിയുകയില്ല" (3,2). അവൻ തന്റെ വാക്കുകൾ പ്രശംസകൊണ്ട് തുടങ്ങുന്നു. പ്രശസ്തരായ വ്യക്തികളോടു സംസാരിക്കുന്നവർ ഇപ്രകാരമുള്ള രീതി അനുവർത്തിക്കാറുണ്ട്. അതുകൊണ്ട്, നിക്കോദേമോസും പറയുന്നു: നീ സത്യപ്രബോധകനാണെന്നും ദൈവത്താൽ അയക്കപ്പെട്ടവനാണെന്നും ഞങ്ങൾ അറിയുന്നു. നീ പ്രവർത്തിച്ച അടയാളങ്ങൾ ഞങ്ങൾക്ക് അതു തെളിയിച്ചുതരുന്നു. നമ്മുടെ കർത്താവാകട്ടെ, അവന്റെ പ്രശംസയെ ഗൗനിക്കുന്നില്ല. സുവിശേഷകൻ പറഞ്ഞതുപോലെ, സംശയഗ്രസ്തമായ മനസ്സോടു കൂടെയാണ് അവൻ കർത്താവിനെ സമീപിച്ചത്. അതുകൊണ്ട്, അവന്റെ വാക്കുകളൊന്നും കർത്താവ് സ്വീകരിച്ചില്ല. അവന്റെ വാക്കുകളും ആന്തരിക ചിന്ത

www.malankaralibrary.com



കളും ഒത്തുപോകുന്നില്ല എന്നറിഞ്ഞുകൊണ്ടും താൻ ദൈവത്തിൽ നിന്നു വന്ന പ്രബോധകനാണെന്ന് അവനു ബോധ്യമുണ്ടെന്നു പറഞ്ഞതുകൊണ്ടും പഠിക്കാൻ താൽപര്യമുള്ളവന് യോജിച്ച വാക്കുകൾ കൊണ്ട് നമ്മുടെ കർത്താവ് തുടങ്ങുന്നു.

കർത്താവ് അവനോടു പറഞ്ഞു: "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: വീണ്ടും ജനിക്കുന്നില്ലെങ്കിൽ, ആർക്കും ദൈവരാജ്യം കാണാൻ കഴിയുകയില്ല"(3,3). നീ പറഞ്ഞതുപോലെ, നീ കണ്ടറിഞ്ഞ അടയാളങ്ങൾ നിമിത്തം ഞാൻ ദൈവത്താൽ അയക്കപ്പെട്ട പ്രബോധകനാണെന്ന് നീ വിശ്വസിക്കുന്നെങ്കിൽ, ഞങ്ങളുടെ പ്രബോധനം മറ്റൊരു ജീവിത വീക്ഷണം ആവശ്യപ്പെടുന്നതും നവജന്മത്തിന്റെ തുടക്കം പ്രതീക്ഷിക്കുന്നതുമാണ്. അങ്ങനെ, ഞങ്ങൾ ദൈവരാജ്യം പ്രതീക്ഷിക്കുന്നു. മർത്യരായിരിക്കുമ്പോൾ ഈ രാജ്യം സ്വീകരിക്കാൻ സാധ്യമല്ല. എന്നാൽ മരിക്കുകയും ഉയിർക്കുകയും ജീർണതയ്ക്ക് അതീതരായി തീരുകയും ചെയ്യുമ്പോൾ അതു സാധ്യമാകും. ഞങ്ങളുടെ സ്നാനംവഴി പ്രതീകാത്മകമായി ഈ പരിവർത്തനം നടക്കുന്നെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഉത്ഥാനത്തിന്റെ മാതൃകയിലേക്ക് വീണ്ടും ജനിക്കുന്നു.

"നിക്കൊദെമോസ് അവനോടു ചോദിച്ചു: പ്രായമായ മനുഷ്യന് ഇതെങ്ങനെ സാധിക്കും? അമ്മയുടെ ഉദരത്തിൽ വീണ്ടും പ്രവേശിച്ച് അവന് ജനിക്കാൻ കഴിയുമോ?"(3,4). ഈ ചോദ്യംതന്നെ ഒരവിശ്വാസിയുടേതായിരുന്നു. ജനനരീതിയും സ്വഭാവവും തേടിയത്, നടക്കാൻ സാധിക്കുമോ എന്നു വിശ്വസിച്ചുകൊണ്ടല്ല. ആത്മീയ ജനനത്തേക്കുറിച്ചാണ് പ്രതിപാദിക്കുന്നതെന്ന് അറിഞ്ഞശേഷവും പ്രസ്തുത വാക്കുകളുടെ വാസ്തവികത സംശയത്തോടെ സ്വീകരിച്ചതിൽ നിന്ന് ഇതു സ്പഷ്ടമാണ്. തന്നോടു പറഞ്ഞ വാക്കുകൾ ഭൗതികാർഥത്തിൽ സ്വീകരിക്കരുതെന്നും അങ്ങനെ ചെയ്താൽ അവയുടെ യഥാർഥമായ അർഥം ഗ്രഹിക്കുന്നതിൽ നിന്ന് തടയപ്പെടുമെന്നും ഈ ജനനം എങ്ങനെ നടക്കുമെന്ന് വിശദീകരിച്ചുകൊണ്ട് നമ്മുടെ കർത്താവ് വ്യക്തമായി അവന്റെ ചോദ്യത്തിന് ഉത്തരം പറഞ്ഞു: "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല" (3,5).

അമ്മയുടെ ഉദരത്തിൽ വീണ്ടും പ്രവേശിച്ച് ജനിക്കാൻ ആർക്കെങ്കിലും കഴിയുമോ? എന്നാണ് നിക്കോദേമോസ് ചോദിച്ചത്. അത് വെള്ളത്താലും ആത്മാവാലും സംഭവിക്കുമെന്ന് നമ്മുടെ കർത്താവ് വിശദീകരിച്ചു. വെള്ളം എന്ന മാധ്യമത്തിലൂടെ ഈ ജനനം പൂർത്തീകരിക്കപ്പെടുന്നതിനാലാണ് *വെള്ളം* എന്നു പറഞ്ഞത്. പരിശുദ്ധാത്മാവ്, വെള്ളംവഴി ജനനത്തിനു വേ

www.malankaralibrary.com



ണ്ട ശക്തി പകരുന്നതിനാലാണ് *ആത്മാവ്* എന്നു പറഞ്ഞത്. വെള്ളമല്ല, പരിശുദ്ധാത്മാവിന്റെ ശക്തിയാണ് നമ്മെ വീണ്ടും ജനിപ്പിക്കുന്നത്. അതുകൊണ്ടാണ് ദത്തുപുത്രസ്ഥാനത്തിന്റെ ആത്മാവെന്ന് അവൻ വിളിക്കപ്പെടുന്നത്. ഇക്കാരണത്താലാണ് സ്നാനത്തിൽ പിതാവിനോടും പുത്രനോടും കൂടെ പരിശുദ്ധാത്മാവിന്റെയും പേരു പറയുന്നത്. വെള്ളത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. അത് ഒരടയാളം പോലെ മാധ്യമമായി ഉപയോഗിക്കുന്നതാണെന്ന് ഇതിൽനിന്ന് വ്യക്തമാണല്ലോ. പിതാവിനോടും പുത്രനോടുംകൂടെ പരിശുദ്ധാത്മാവിനെ ഹേതുഭൂതനായി നാം വിളിച്ചപേക്ഷിക്കുന്നു.

അമ്മയുടെ ഉദരത്തിൽ വീണ്ടും കയറി ജനിക്കുന്നതിന് സാധിക്കുമോ? എന്നതിന് മറുപടിയായിട്ടാണ് വെള്ളത്താലും ആത്മാവിനാലും വീണ്ടും ജനിക്കണമെന്ന് നമ്മുടെ കർത്താവ് പറഞ്ഞത്. സ്വാഭാവിക ജനനത്തിൽ ഉദരത്തിലാണ് ശിശു രൂപീകരിക്കപ്പെടുന്നത്. ദൈവികശക്തിയാണ് ആരംഭം മുതൽ അതിനെ രൂപപ്പെടുത്തുന്നത്. അതേക്രമത്തിൽ ഇവിടെയും ഗർഭപാത്രത്തിന്റെ സ്ഥാനത്താണ് വെള്ളം. സ്രഷ്ടാവിന്റെയും കർത്താവിന്റെയും സ്ഥാനത്താണ് പരിശുദ്ധാത്മാവ്. സ്നാനത്തെ മരണത്തിന്റെയും ഉയിർപ്പിന്റെയും പ്രതീകം എന്ന് വിളിക്കുന്നതുപോലെയാണ് സ്നാനം പുനർജന്മമെന്നു വിളിക്കപ്പെടുന്നത്. മരിച്ചുയർത്തവൻ നവസൃഷ്ടിയാണെന്നു കരുതപ്പെടുന്നതുപോലെ, സ്നാനത്താൽ ജനിക്കുന്നവനും നവജന്മം സ്വീകരിച്ചെന്നു പറയുന്നു. ആദ്യം അവൻ വെള്ളത്തിൽ മരിക്കുന്നു. അതുപോലെ ദൈവികശക്തിയാൽ അവിടെ നിന്ന് ഉയിർക്കുന്നു. ഓരോ വിളിച്ചപേക്ഷിക്കലിലും വെള്ളത്തിൽ മുക്കുന്നത് കല്ലറയിലേക്ക് പ്രവേശിക്കുന്നതു പോലെയും, വെള്ളത്തിൽനിന്ന് തല പിടിച്ച് പൊക്കുന്നത് ആത്മാവിന്റെ ശക്തിയാലുള്ള ഉയിർപ്പു പോലെയുമാണ്.

ശാരീരിക ജനനത്തിൽ നിന്ന് അകലെയാണ് ആത്മീയജനനം എന്നു കാണിക്കാനാണ്, "ജഡത്തിൽ നിന്നു ജനിക്കുന്നത് ജഡമാകുന്നു; ആത്മാവിൽ നിന്ന് ജനിക്കുന്നത് ആത്മാവാകുന്നു" (3,6) എന്ന് നമ്മുടെ കർത്താവ് പറഞ്ഞത്. ജനകന്റെ സ്വഭാവത്തിന് അവശ്യാവശ്യം സദൃശ്യമാണ് ജനിക്കുന്നവൻ. ജഡം ജഡത്തെ ജനിപ്പിക്കുമ്പോൾ, അവശ്യാവശ്യം ആ ജനനം ശാരീരികമാണ്. ആത്മാവ് ജനകനാകുമ്പോൾ, ജനനം അശാരീരികവും ആത്മീയവും ആയിരിക്കണമെന്നു നാം മനസ്സിലാക്കണം. ആത്മാവോടു ചേർന്ന് ജലം പ്രവർത്തിക്കുന്നത് ഒരേ തരത്തിലല്ല. പ്രതീകം പോലെയും മാധ്യമമായുമാണ് വെള്ളത്തിന്റെ പ്രവർത്തനം. ജലത്തിൽ നിന്നു ജനിച്ചതെന്ന് വീണ്ടും ചേർക്കാത്തതിനാലും, ആത്മാവിൽനിന്നു ജനിച്ചതെന്ന് ചേർക്കുന്നതുകൊണ്ടും, ജനനപ്രക്രിയ ആത്മാവിന് ആരോപിക്കേണ്ടതാണ്.

www.malankaralibrary.com



നിക്കൊദേമോസ് ഈ വാക്കുകളെ കുറിച്ച് സംശയഗ്രസ്തനായിരുന്നതിനാൽ, കർത്താവ് വീണ്ടും പറയുന്നു: "നിങ്ങൾ വീണ്ടും ജനിക്കണമെന്നു ഞാൻ പറഞ്ഞതുകൊണ്ട് നീ വിസ്മയിക്കേണ്ട"(3,7). ഞാൻ പറഞ്ഞതിനെക്കുറിച്ച് നീ വീണ്ടും സംശയിക്കരുത്. - ഈ വാക്കുകൾ എന്റെ സ്വഭാവത്തിന് അതീതമാകയാൽ ഞാൻ എങ്ങനെ സംശയിക്കാതിരിക്കും? - കർത്താവ് പറയുന്നു: "കാറ്റ് അതിനിഷ്ടമുള്ളിടത്ത് ഊതുന്നു. അതിന്റെ സ്വരം നീ കേൾക്കുന്നു. അത് എവിടെ നിന്ന് വരുന്നെന്നോ എവിടേക്ക് പോകുന്നെന്നോ നീ അറിയുന്നില്ല. ഇപ്രകാരമാണ് ആത്മാവിൽ നിന്നു ജനിക്കുന്ന ഏവനും"(3,8). നിന്റെ സ്വഭാവം നോക്കേണ്ട. ജനകന്റെ ശക്തി മനസ്സിലാക്കുക. പരിശുദ്ധാത്മാവാകട്ടെ, സർവശക്തനാകയാൽ, എല്ലാ കാര്യങ്ങളും താൻ ആഗ്രഹിക്കുന്നതുപോലെ പ്രവർത്തിക്കുന്നു. അവന്റെ പ്രവർത്തനത്തെ എതിർക്കാൻ ആർക്കും സാധ്യമല്ല. "നീ അവന്റെ സ്വരം കേൾക്കുന്നു." അതായത്, അവന്റെ വരവിനെ കുറിച്ചുള്ള കേട്ടുകേൾവി നീ അറിയുന്നു. അവന്റെ പ്രവർത്തനശൈലി മനസ്സിലാക്കാൻ അവന്റെ *ക്നോമാ* എവിടെ ഉൾക്കൊണ്ടിരിക്കുന്നുവെന്ന് അറിയാൻ നിനക്കു കഴിയുകയില്ല. അവന്റെ സ്വഭാവം അപരിമിതമാകയാൽ, അവൻ തനിക്കിഷ്ടമുള്ളിടത്തെല്ലാം സന്നിഹിതനാണ്. അവന്റെ പ്രവൃത്തിയും അനിർവചനീയമാണ്. കാരണം, എല്ലാ കാര്യങ്ങളും തന്റെ അഭീഷ്ടമനുസരിച്ചാണ് അവൻ ചെയ്യുന്നത്. "നീ അവന്റെ സ്വരം കേൾക്കുന്നു" എന്ന് ശരിയായിട്ടാണ് അവൻ പറയുന്നത്. ശ്ലീഹന്മാരുടെ മേലുള്ള അവന്റെ ആദ്യത്തെ ആഗമനം ശബ്ദമുഖരിതമായിരുന്നു. കൊടുങ്കാറ്റടിക്കുന്നതു പോലുള്ള ശബ്ദമാണ് അവർ കേട്ടത്. അവരിൽ ആവസിച്ച ആത്മാവിന്റെ ശക്തികൊണ്ട് അവർ ഭാഷകളിൽ സംസാരിച്ചുതുടങ്ങി.

അങ്ങനെ എല്ലാ കാര്യങ്ങളും ജനകന്റെ ഔന്നത്യത്തിലേക്കു കൊണ്ടുവന്നശേഷം അവൻ നന്നായി ഉപസംഹരിക്കുന്നു: "ഇപ്രകാരമാണ് ആത്മാവിൽ നിന്നു ജനിച്ച ഏവനും." അതായത്, ഇത്തരത്തിലാണ് ആത്മീയ ജനനം. അത് മാനുഷികചിന്തയ്ക്ക് ഉൾക്കൊള്ളാനാവില്ല. അത് അവരുടെ ഗ്രഹണശക്തിക്ക് അതീതമാണ്. ആകയാൽ സ്വീകരിക്കുന്നവരുടെ പ്രയോജനാർഥം ശബ്ദത്താൽ മാത്രം അവൻ അറിയപ്പെട്ടു.

അന്തരീക്ഷവായുവിനെ കുറിച്ചാണ് ഇവിടെ പറയുന്നതെന്ന് ചിലർ കരുതുന്നത് ആശ്ചര്യകരമാണ്. "തനിക്കിഷ്ടമുള്ളിടത്ത് ഊതുന്നു" എന്നത് സ്വതന്ത്രമനസ്സില്ലാത്ത കാറ്റിന് എങ്ങനെ ചേരും? നിശ്ചലമായ വായുവിനെ ശക്തമായ കാറ്റ് ചലിപ്പിക്കുന്നു. "എവിടെനിന്ന് വരുന്നെന്നും എവിടേക്കു പോകുന്നെന്നും നിനക്കറിവില്ല" എന്ന് എങ്ങനെ പറയാനാകും? നേരേമറിച്ച്, കാറ്റ് എവിടെനിന്ന് അടിക്കുന്നെന്ന് എല്ലാവർക്കും അറിയാം. മനസ്സുള്ള

www.malankaralibrary.com



വർക്ക് കാറ്റിന്റെ ശക്തിയിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിയും. കാറ്റടിക്കാൻ തുടങ്ങുമ്പോഴേ അതിന്റെ പേരെന്താണെന്നും ഏതൊക്കെ പ്രദേശങ്ങളിലും നാടുകളിലുമാണ് അത് അടിക്കുന്നതെന്നും പറയാറുണ്ടല്ലോ. *ഇപ്രകാരമാണ്* എന്നത് താരതമ്യപ്പെടുത്തിയല്ല, ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പറയുന്നത്. അതായത്, ഈ പറഞ്ഞ രീതിയിൽ തന്നെ. അതുപോലെ, "തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ആരുംതന്നെ നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി അവനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു"(3,16) എന്ന വാക്യത്തിലും *അത്രമാത്രം* എന്നത് താരതമ്യപ്പെടുത്തിയല്ല, ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പറയുക.

നിക്കൊദേമോസ് അവനോട് ഉത്തരമായി ചോദിച്ചു: "ഇവ എങ്ങനെ സംഭവിക്കാൻ കഴിയും?"(3,9). തന്നോടു പറഞ്ഞ വാക്കുകളെക്കുറിച്ച് അവൻ സംശയിക്കുന്നുണ്ടെന്ന് ഇവിടെ വ്യക്തമാകുന്നു. അതുകൊണ്ട് കർത്താവ് അവനെ പരോക്ഷമായി കുറ്റപ്പെടുത്തിക്കൊണ്ട് പറയുന്നു: "നീ ഇസ്രായേലിന്റെ ഉപദേഷ്ടാവല്ലേ? എന്നിട്ടും നീ ഇവ അറിയുന്നില്ലേ?"(3,10). കാരണം, മോശയുടേയോ, ഏലിയായുടേയോ, മറ്റേതെങ്കിലും പ്രവാചകന്റെയോ നടപടികൾ വിവരിച്ചുകൊണ്ട്, എപ്പോഴും ജനത്തെ പഠിപ്പിക്കുന്ന ആളായിരുന്നു അവൻ. ഇക്കാര്യങ്ങളെല്ലാം ആശ്ചര്യകരവും മാനുഷികചിന്തയ്ക്ക് ഉപരിസ്ഥവുമായിരുന്നു. എങ്കിലും തങ്ങളുടെ വാക്കുകൾ ജനം വിശ്വസിക്കണമെന്ന് പ്രബോധകർ ആവശ്യപ്പെട്ടിരുന്നു. അവന്റെ പ്രബോധക ജോലിക്ക് വിരുദ്ധമായിട്ടുള്ള അവന്റെ അവിശ്വാസത്തെ കർത്താവ് ശകാരിച്ചു.

കർത്താവ് അതു വിശദീകരിച്ചുകൊണ്ട് പറയുന്നു: "സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: ഞങ്ങൾ അറിയുന്നതു പറയുകയും ഞങ്ങൾ കണ്ടത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. എങ്കിലും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ സ്വീകരിക്കുന്നില്ല"(3,11). അതായത്, എനിക്ക് ഉറപ്പായി അറിയാവുന്നവയാണ് ഞാൻ പഠിപ്പിക്കുന്നത്. ആത്മാവിനോട് സഹകരിച്ച് ഞാൻ ചെയ്യുന്ന പ്രവൃത്തികളുടെ കർത്താവും സാക്ഷിയും ഞാൻ തന്നെയാണ്. നിങ്ങളാകട്ടെ, നിങ്ങൾക്കറിയാൻ പാടില്ലാത്തവ പഠിപ്പിക്കുകയും കേൾവിക്കാർ നിങ്ങളെ വിശ്വസിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. "ഞങ്ങൾ അറിയുന്നതു പറയുകയും ഞങ്ങൾ കണ്ടത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു" എന്ന വാക്കുകൾ ദൈവസ്വഭാവത്തെ കാണിക്കുന്നു. എങ്കിലും ഇതു കേൾക്കുന്നവർ ഇതു മനസ്സിലാക്കാൻ കഴിവില്ലാത്തവരാകയാൽ, അതേക്കുറിച്ച് അവ്യക്തമായിട്ടത്രേ സൂചിപ്പിച്ചത്. ശ്രദ്ധയോടെ പരിഗണിക്കുന്നവർക്ക് അവന്റെ എല്ലാ വാക്കുകളിൽ നിന്നു കാര്യം മനസ്സിലാക്കാം.

"ഭൂമിയിലുള്ളത് ഞാൻ നിങ്ങളോടു പറഞ്ഞിട്ട് നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ, സ്വർഗത്തിലുള്ളത് നിങ്ങളോടു പറഞ്ഞാൽ എന്നെ നിങ്ങൾ

www.malankaralibrary.com



എങ്ങനെ വിശ്വസിക്കും?" എന്ന് അവിടുന്ന് കൂട്ടിച്ചേർത്തു (3,12). ഭൂമിയിൽ നിറവേറ്റപ്പെടുന്നതുകൊണ്ട് സ്നാനത്തെ *ഭൗമികം* എന്നും തന്റെ ദൈവിക ജനനത്തെ *സ്വർഗീയം* എന്നും വിളിക്കുന്നു. കാരണം, മനുഷ്യരുടെ ഇടയിലുള്ള ആത്മീയ ജനനത്തേക്കാൾ വളരെ ഉന്നതമാണത്. ഈ കാര്യങ്ങൾ നിങ്ങൾ സ്വീകരിക്കുന്നില്ലെങ്കിൽ, എന്റെ ശരിയായ സ്വഭാവത്തെക്കുറിച്ച് വിവരിക്കുകയും ഉന്നതങ്ങളിലുള്ളവയെപ്പറ്റി ചൂണ്ടിക്കാണിക്കുകയും ചെയ്യുന്ന എന്നെ നിങ്ങൾ എങ്ങനെ വിശ്വസിക്കും? ഇവയൊന്നും സ്പഷ്ടമായിട്ടല്ല, അവ്യക്തമായിട്ടത്രേ സൂചിപ്പിച്ചിരിക്കുന്നത്.

അവിടുന്ന് അതിന്റെ ആന്തരാർഥം ഇപ്രകാരം വ്യക്തമാക്കുന്നു: "സ്വർഗത്തിൽ നിന്ന് ഇറങ്ങി വന്നവൻ-സ്വർഗത്തിലിരിക്കുന്ന മനുഷ്യപുത്രൻ- അല്ലാതെ ആരും സ്വർഗത്തിലേക്കു കയറിയിട്ടില്ല (3,13). ഇത് മുമ്പിലത്തേതിനേക്കാൾ വ്യക്തമാണെങ്കിലും ആന്തരാർഥം സുസ്പഷ്ടമല്ല. അതുകൊണ്ട്, അതും ഭൗതികമായിട്ടത്രേ പറഞ്ഞിരിക്കുന്നത്. അവൻ *കയറി* എന്നും *ഇറങ്ങി* എന്നും പറഞ്ഞത് ദൈവത്വത്തെക്കുറിച്ചാണെന്ന് ആരെങ്കിലും വ്യാഖ്യാനിച്ചാൽ, അത് വലിയ ഭോഷത്തമായിരിക്കും. എപ്പോഴും സ്വർഗത്തിലും ഭൂമിയിലും ആയിരിക്കുന്നവന്റെ കരേറ്റവും ഇറക്കവും എങ്ങനെ ഉള്ളതായിരിക്കും? സ്ഥലത്തേയും കുടിയേറ്റത്തേയും സൂചിപ്പിക്കുന്ന കരേറ്റമായി മനസ്സിലാക്കാതിരിക്കാനാണ് *സ്വർഗത്തിലിരിക്കുന്നവൻ* എന്ന് പറഞ്ഞത്. അവൻ സ്വർഗത്തിലാണെങ്കിൽ, അവിടെ നിന്ന് കുടിയിറങ്ങി താഴേക്കു വന്നില്ല; അവൻ കുടിയിറങ്ങി താഴേക്കു വന്നെങ്കിൽ, സ്വർഗത്തിലില്ല. "എന്നാൽ അവൻ ലോകത്തിലായിരുന്നു" എന്ന് തന്റെ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ വളരെ വ്യക്തമായി സുവിശേഷകൻ പറയുന്നു. അതുകൊണ്ട്, ഒരിക്കൽ ഭൂമിയിൽ ആയിരുന്നവനും അതേസമയം സ്വർഗത്തിൽ ആയിരുന്നവനും എപ്പോഴും സ്വർഗത്തിലും ഭൂമിയിലും ആണെന്ന് വ്യക്തമാണല്ലോ. അതുകൊണ്ട്, കയറിയെന്നും ഇറങ്ങിയെന്നും ഭൗതികമായി പറയുന്നുവെന്നു മാത്രം.

യഥാർഥവ്യാഖ്യാനം മറ്റൊന്നാണ്. ഭൂമിയിൽ നിന്ന് സ്വർഗത്തിലേക്ക് കയറിയ അവന്റെ മനുഷ്യസ്വഭാവത്തെക്കുറിച്ചാണ് പറയുന്നതെങ്കിൽ, *ഇറങ്ങി* എന്ന വാക്ക് അവനു യോജിച്ചതല്ല. "അവൻ ദാവീദിന്റെ ബീജത്തിൽ നിന്ന് ജനിച്ചവനാണ്;" സ്വർഗത്തിൽനിന്ന് ഇറങ്ങിയവനല്ല. എന്നാൽ അവന്റെ മനുഷ്യസ്വഭാവത്തിൽ സംഭവിച്ചവയെ കുറിച്ച് സംസാരിക്കുന്നവൻ ഇവരണ്ടും കൂട്ടിച്ചേർക്കുന്നു. മനുഷ്യസ്വഭാവത്തെപ്പറ്റി മുമ്പു പറഞ്ഞവ നിക്കൊദേമോസിന്റെ ഗ്രഹണശക്തിയെ അതിശയിക്കുന്നതാകയാൽ, ദൈവികമായവയോട് അവയെ യോജിപ്പിച്ചുകൊണ്ട്, താൻ പറയാൻ പോകുന്നവ അവൻ സ്ഥിരീകരിച്ചു. ആരെങ്കിലും മനുഷ്യനെ ബുദ്ധിജീവിയെന്നു വിളിച്ചാൽ, അവന്റെ

www.malankaralibrary.com



ജ്ഞാനം കൊണ്ടാണ് അങ്ങനെ വിളിക്കുന്നത്. അതിൽ നിന്നുതന്നെ അവൻ പറയുന്നതിനെ തെളിയിക്കുകയും ചെയ്യുന്നു. തന്നോടു പറഞ്ഞ വാക്കുകൾ വിശ്വസിക്കാത്തവനെ സ്വർഗീയ കാര്യങ്ങൾ ഭരമേൽപ്പിക്കേണ്ടതില്ല. അതുകൊണ്ട്, "ആരും സ്വർഗത്തിലേക്ക് കയറിയിട്ടില്ല" എന്നും മറ്റും അവൻ കൂട്ടിച്ചേർത്തു. അതിന്റെ അർഥം, പറഞ്ഞവയെ നീ വിശ്വസിക്കുന്നില്ലെങ്കിലും, ആ സംഭവങ്ങൾ തന്നെ നിന്റെ അവിശ്വാസത്തെ മറികടക്കാൻ മാത്രം മതിയായവയാണ്. ഇതുവരെ ഒരു മനുഷ്യനും സംഭവിക്കാത്തത്, അതായത്, മനുഷ്യപുത്രൻ സ്വർഗത്തിലേക്ക് കയറുന്നത്, സംഭവിക്കാനിരിക്കുന്ന സംഗതിയാണ് എന്നർഥം. അവൻ കയറുമ്പോൾ, ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്കുള്ള മാറ്റം കൂടാതെ താഴേക്ക് ഇറങ്ങിയ, അവനിൽ വസിച്ച സ്വഭാവം, അവൻ സത്യമായും സുസ്പഷ്ടമാക്കും. അവൻ ഇപ്പോഴും സ്വർഗത്തിലാണ്; അവിടെ നിന്ന് ഒട്ടും വിദൂരത്തിലല്ല. എന്തുകൊണ്ടെന്നാൽ, അവൻ തന്റെ തിരുവിഷ്ടത്താൽ അതിൽ വസിച്ചു; അവൻ അതിനെ തന്നോടു യോജിപ്പിച്ചു; അതിനെ തന്റെ മഹിമയുടെ പങ്കാളിയാക്കാൻ തിരുമനസ്സായി. അതുകൊണ്ട്, അതിനെ എല്ലാറ്റിനും ഉപരിയായി സ്വർഗത്തിലേക്ക് ഉയർത്തി.

പിന്നീട് അവൻ സ്വർഗാരോഹണത്തെപ്പറ്റി ഇങ്ങനെ പറഞ്ഞു. കാരണം, കുരിശിലെ പീഡാനുഭവത്തിന് അവൻ കയ്യാളിക്കപ്പെടാൻ ഇരുന്നതിനാൽ, അത് അവിശ്വസനീയമായി തോന്നുമായിരുന്നു. അതുകൊണ്ട്, ഇങ്ങനെ കൂട്ടിച്ചേർത്തു: "മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, തന്നിൽ വിശ്വസിക്കുന്ന ഒരു മനുഷ്യനും നശിച്ചുപോകാതെ അവന് നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു" (3,14-15). കുരിശ് നിങ്ങളെ ഒരുതരത്തിലും ഭയപ്പെടുത്തരുത്. പറയപ്പെട്ടവയെ കുറിച്ച് കുരിശ് നിങ്ങളെ സംശയഗ്രസ്തരാക്കരുത്. മോശ മരുഭൂമിയിൽ പിച്ചളസർപ്പത്തെ ഉയർത്തുകയും അപ്രകാരം ചെയ്യാൻ കൽപിച്ചവന്റെ ശക്തി, അതിനെ നോക്കുന്നവരെ രക്ഷിക്കുകയും ചെയ്തതുപോലെ, ഇവനും മാനുഷികരീതിയിൽ പെരുമാറുകയും കുരിശിലെ വേദനകൾ സഹിക്കുകയും ചെയ്തെങ്കിലും, തന്നിൽ വസിച്ചവന്റെ ശക്തിയാൽ, തന്നിൽ വിശ്വസിച്ചവരെ നിത്യജീവന് അർഹരാക്കിത്തീർത്തു. സർപ്പദംശനം വഴി നശിച്ചെങ്കിലും തന്നെ നോക്കിയവരെ ജീവനില്ലാത്ത വസ്തു, മറ്റൊരുവന്റെ ശക്തിയാൽ, മരണത്തിൽ നിന്നു വിടുവിച്ചു. അതുപോലെ, മിശിഹായും സഹനത്തിനും മരണത്തിനും വിധേയനായെങ്കിലും, തന്നിൽ വിശ്വസിക്കുന്നവർക്ക് തന്നിൽ വസിച്ച ശക്തിനിമിത്തം ജീവൻ സജ്ജമാക്കി.

" തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, അവനെ നൽകുവാൻ തക്കവണ്ണം

www.malankaralibrary.com



ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു'' (3,16). തന്റെ ഏകജാതനെ ലോകരക്ഷാർഥം നൽകിയ ദൈവത്തിന്റെ സ്നേഹത്തിൻെറ അടയാളമാണിത്. അൽപം മുമ്പ് അവൻ സർപ്പത്തിന്റെ ദൃഷ്ടാന്തം അവതരിപ്പിച്ചല്ലോ. എടുക്കപ്പെട്ട മനുഷ്യനും സർപ്പത്തെപ്പോലെ, അവനിൽ വിശ്വസിക്കുന്നവർക്ക് ജീവൻ നൽകുന്നു. അത് സ്വശക്തിയാലല്ല, അവനിൽ വസിക്കുന്നവന്റെ ശക്തിയിലൂടെയാണ്. തന്റെ ഏകജാതനെ നൽകിയെന്ന് എങ്ങനെയാണ് പറയുന്നത്? ദൈവത്വത്തിന് സഹിക്കാൻ കഴിയില്ല എന്ന് വ്യക്തമാണല്ലോ. യോജിപ്പു നിമിത്തം ഒന്നായതിനാൽ ഒരാൾ സഹിക്കുന്നതെല്ലാം ദൈവത്വത്തിന് ആരോപിക്കപ്പെടുന്നു.

തിരുലിഖിതം സഹനത്തിന്റെ ആഴം വിശദീകരിക്കുമ്പോഴൊക്കെ അതിന്റെ ഉറപ്പിനായി ദൈവത്വത്തെക്കുറിച്ച് പറയുക പതിവാണ്. അങ്ങനെ, ഭാഗ്യവാനായ പൗലോസും സഹനത്തിന്റെ ആഴം വ്യക്തമാക്കാൻ ഉദ്ദേശിച്ചുകൊണ്ടു പറയുന്നു: " അവർ ഗ്രഹിച്ചിരുന്നെങ്കിൽ, മഹത്വത്തിന്റെ കർത്താവിനെ ഒരിക്കലും കുരിശിൽ തറയ്ക്കുമായിരുന്നില്ല''(1കൊറി 2,8). ഈ സംജ്ഞ കൊണ്ടുതന്നെ സഹനത്തിന്റെ ആഴം അവൻ വ്യക്തമാക്കുന്നു. അതുപോലെ നമ്മുടെ കർത്താവും തന്റെ സ്നേഹത്തിന്റെ വ്യാപ്തി കാണിക്കാൻ സഹനവിധേയനായതിനെപ്പറ്റി "ഏകജാതനെ നൽകി" എന്ന് ശ്രേഷ്ഠമായി പറയുന്നു.

വിശ്വസിക്കുന്നവർക്കെല്ലാം ജീവൻ ലഭിക്കാൻ ദൈവം തന്റെ ഏകജാതനെ നൽകി. അതുകൊണ്ട്, മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടിയിരിക്കുന്നു എന്ന് പറയപ്പെട്ടിരിക്കുന്നു. അവിശ്വാസികൾ ശിക്ഷിക്കപ്പെടാനിരിക്കുന്നതിനാൽ അവൻ കൂട്ടിച്ചേർത്തു പറയുന്നു: " ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത് ലോകത്തെ ശിക്ഷയ്ക്ക് വിധിക്കാനല്ല, പ്രത്യുത ലോകം രക്ഷ പ്രാപിക്കാനാണ് ''(3,17). വീണ്ടും, നടന്ന സംഭവങ്ങളുടെ ലക്ഷ്യത്തിലേക്കു തിരിയുന്നു. ആരെയും ശിക്ഷിക്കുകയല്ല, എല്ലാവരെയും രക്ഷിക്കുകയാണ് ദൈവത്തിന്റെ ഉദ്ദിഷ്ടലക്ഷ്യം. അതിനുശേഷം എന്ത്? " അവനിൽ വിശ്വസിക്കുന്നവൻ ശിക്ഷയ്ക്ക് വിധിക്കപ്പെടുന്നില്ല. വിശ്വസിക്കാത്തവൻ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരിക്കുന്നു. കാരണം, അവൻ ദൈവത്തിന്റെ ഏകജാതന്റെ നാമത്തിൽ വിശ്വസിച്ചില്ല'' (3,18). ദൈവതിരുമനസ്സ് ഇതാണെന്ന് അവൻ പറയുന്നു: എല്ലാ മനുഷ്യരും വിശ്വസിക്കുകയും രക്ഷ പ്രാപിക്കുകയും വേണം. അതുകൊണ്ടാണ് ഞാൻ മനുഷ്യരുടെ ഇടയിൽ വന്നത്. വിശ്വസിക്കാത്തവർ അവരുടെ തന്നെ ശിക്ഷാവിധിയുടെ കാരണക്കാരാണ്. കാരണം, വിശ്വസിക്കുന്നവർക്ക് രക്ഷയ്ക്ക് അവകാശമുണ്ട്. വിശ്വസിക്കാത്തവർ തങ്ങളെത്തന്നെയാണ് ശിക്ഷിക്കുന്നത്. സന്മനസ്സുള്ള എല്ലാവർക്കും അവന്റെ കൃപ ലഭിക്കുന്നു.

www.malankaralibrary.com



" ഇതാണ് ശിക്ഷാവിധി: പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തേക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു " (3,19). പ്രകാശം അവരുടെ പക്കലേക്ക് വന്നതുകൊണ്ട് അവർക്ക് മനസ്സുണ്ടായിരുന്നെങ്കിൽ, സന്തോഷം അനുഭവിക്കാമായിരുന്നു. അക്കാരണത്താൽ അവർ കുറ്റവാളികളാണ്. അവർ തങ്ങളുടെ ആത്മീയനയനങ്ങൾ അടച്ച് തിന്മയിലേക്ക് തിരിഞ്ഞു. ഇതിന്റെ കാരണം എന്താണെന്ന് അവൻ പറയുന്നു: "അവരുടെ പ്രവൃത്തികൾ തിന്മ നിറഞ്ഞതായിരുന്നു." അതായത്, പുണ്യത്തിനു വേണ്ടി പരിശ്രമിച്ചില്ല. അതിനാൽ രോഗഗ്രസ്തമായ മനസ്സ് സത്യപ്രബോധനം പരിഗണിക്കാൻപോലും കൂട്ടാക്കുന്നില്ലെന്നു കാണിക്കുന്നു. ഇതു സ്ഥിരീകരിക്കാൻ അവൻ പറയുന്നു: "തിന്മ പ്രവർത്തിക്കുന്നവൻ പ്രകാശത്തെ വെറുക്കുന്നു. അവന്റെ പ്രവൃത്തികൾ വെളിപ്പെടാതിരിക്കുന്നതിന് അവൻ വെളിച്ചത്ത് വരുന്നുമില്ല. സത്യം പ്രവർത്തിക്കുന്നവൻ വെളിച്ചത്തിലേക്കു വരുന്നു. അങ്ങനെ അവന്റെ പ്രവൃത്തികൾ ദൈവത്തിൽ ചെയ്യുന്നവയെന്ന് വെളിപ്പെടുന്നു" (3,20-21). ദുഷ്ടതയിൽ ആനന്ദിക്കുന്നവൻ നന്മ കാണുന്നില്ല. മറിച്ച്, നന്മയെ വെറുക്കുന്നു. കാരണം, അത് തന്റെ ദുഷ്ടതയുടെ വിധിവാചകമാണെന്ന് അവൻ അറിയുന്നു. സത്യം പ്രവർത്തിക്കുന്നവനാകട്ടെ, സുകൃതപാതയിൽ ചരിക്കുന്നു. അവ സ്തുതിയും തന്റെ മനസ്സാക്ഷിയുടെ നല്ല സാക്ഷ്യവും വെളിപ്പെടുത്തുന്നു. " തിന്മ ചെയ്യുന്നവരെല്ലാവരും" എന്നും " സത്യം പ്രവർത്തിക്കുന്നവരെല്ലാവരും" എന്നുമാണ് പറഞ്ഞത്. തിന്മ ചെയ്തവർ എന്നോ സത്യം പ്രവർത്തിച്ചവർ എന്നോ അല്ല പറഞ്ഞത് എന്നറിയണം. അതുകൊണ്ട്, ഒരിക്കൽ തിന്മ പ്രവർത്തിച്ചവൻ പിന്നീട് മാനസ്സാന്തരപ്പെട്ട് നന്മ ചെയ്യാൻ സാധ്യതയുണ്ട്. അതുപോലെ സത്യം പ്രവർത്തിച്ചവൻ പിന്നീട് തിന്മയിലേക്ക് തിരിയാൻ സാധ്യതയുണ്ട്. അതുകൊണ്ടാണ് " തിന്മ ചെയ്യുന്ന ഏവനും" എന്നും " സത്യം പ്രവർത്തിക്കുന്ന ഏവനും" എന്നും അവൻ പറഞ്ഞിരിക്കുന്നത്. തിന്മയിലേക്കു തിരിഞ്ഞിരിക്കുന്നവന് നന്മയിലേക്കു ചായാൻ സാധ്യമല്ല: അതുപോലെ, സത്യത്തെ സ്നേഹിക്കുന്നവൻ സുകൃതങ്ങൾ പരിശീലിക്കുന്നു.

## സ്നാപകന്റെ ദൗത്യം

ഇത്രയും പറഞ്ഞിട്ട് സുവിശേഷം ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: "ഇതിനുശേഷം യേശുവും ശിഷ്യന്മാരും യൂദയാ ദേശത്തേക്കുപോയി. അവിടെ അവൻ അവരോടൊത്ത് താമസിച്ച് സ്നാനം നൽകിയിരുന്നു"(3,22). അവൻ പട്ടണംവിട്ട് യൂദയായിലെ ഗ്രാമപ്രദേശങ്ങളിൽ ചുറ്റിനടന്ന് പഠിപ്പിക്കുകയും സ്നാനം നൽകുകയും ചെയ്തപ്പോൾ പ്രവർത്തിച്ച സംഗതികളാണ് ജറുസലേമിൽ നടന്നതായി മുകളിൽ പറഞ്ഞിരിക്കുന്നത് (2,23).

www.malankaralibrary.com



"സാലീമിനടുത്തുള്ള ഏനോനിൽ വെള്ളം ധാരാളം ഉണ്ടായിരുന്നതിനാൽ, അവിടെ യോഹന്നാനും സ്നാനം നൽകിയിരുന്നു. ആളുകൾ അവന്റെ അടുത്തുവന്ന് സ്നാനം സ്വീകരിച്ചിരുന്നു" (3,23). അവൻ ഇതും കൂട്ടിച്ചേർക്കുന്നു: "യോഹന്നാൻ അതുവരെ തടവിലാക്കപ്പെട്ടിരുന്നില്ല" (3,24). അതായത്, ഇവയൊക്കെ സംഭവിച്ചത് സ്നാപകൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെടുന്നതിനു മുമ്പാണ്. മറ്റു സുവിശേഷകരാകട്ടെ, കർത്താവിന്റെ സ്നാനത്തിന്റെയും മരുഭൂമിയിലെ പരീക്ഷകളുടെയും ശേഷം യോഹന്നാൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു എന്ന് പറയുന്നു. മത്തായി പറയുന്നു: "യോഹന്നാൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടെന്ന് കേട്ടപ്പോൾ, യേശു യൂദയായിൽ നിന്ന് ഗലീലിയിലേക്ക് മാറിപ്പോയി" (4,12). മർക്കോസ്: "യോഹന്നാൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടശേഷം യേശു ഗലീലിയിലേക്കു വന്നു" (1,14). ലൂക്കോസും ഇതേ ക്രമമാണ് പാലിക്കുന്നത് (3,19-20). മറ്റുള്ളവർ വിട്ടുകളഞ്ഞ ഈ കാര്യങ്ങളെല്ലാം യോഹന്നാൻ കൃത്യമായി വിവരിക്കുന്നു. അവരാകട്ടെ, സ്നാപകൻ കാരാഗൃഹത്തിൽ ഏൽപിക്കപ്പെട്ടതിനു മുമ്പ് കർത്താവു ചെയ്ത കാര്യങ്ങൾ വിവരിക്കുന്നില്ല. നമ്മുടെ കർത്താവ് ദേവാലയത്തിൽ നിന്ന് ആടുകളെയും കാളകളെയും പുറത്താക്കിക്കൊണ്ട് അവിടെ വച്ച് ചെയ്തവ യോഹന്നാൻ ആദ്യം പറയുമ്പോൾ, മറ്റു സുവിശേഷകർ അവസാനമാണ് അവ പറയുന്നത്. മത്തായിയാകട്ടെ, നമ്മുടെ കർത്താവ് കഴുതപ്പുറത്ത് കയറി ആഘോഷമായി ദേവാലയത്തിൽ പ്രവേശിച്ചതുമായി ബന്ധപ്പെടുത്തിയാണ് ഇതു പറയുന്നത്. ഇതു രണ്ടു പ്രാവശ്യം സംഭവിച്ചെന്നു ഞാൻ കരുതുന്നു. അതിനും സാധ്യതയുണ്ട്. ഒരിക്കൽ മാത്രമേ സംഭവിച്ചുള്ളുവെങ്കിൽ, യോഹന്നാൻ അത് ശരിയായ ക്രമം അനുസരിച്ചാണ് വിവരിച്ചിരിക്കുന്നത്. എന്നാൽ മറ്റുള്ളവർ കാര്യം മാത്രം പറയുന്നു. അവർ പലപ്പോഴും ചെയ്യുന്നതുപോലെ, അവർക്കു സംഭവങ്ങളുടെ ക്രമത്തെപ്പറ്റി യാതൊരു പരിഗണനയുമില്ല. വസ്തുതകൾ മാത്രം വിവരിക്കുന്നതിനാണ് അവർ ഉത്സാഹിക്കുന്നത്.

"യോഹന്നാന്റെ ശിഷ്യന്മാരിൽ ഒരുവനും ഒരു യഹൂദനുമായി ശുദ്ധീകരണത്തെപ്പറ്റി തർക്കമുണ്ടായി. അവർ യോഹന്നാന്റെ അടുക്കൽ വന്ന് അവനോടു പറഞ്ഞു: റബീ, യോർദാന്റെ അക്കരെ നിന്നോടുകൂടെ ഉണ്ടായിരുന്നവൻ, നീ ആരേപ്പറ്റി സാക്ഷ്യപ്പെടുത്തിയോ അവൻ, ഇതാ, ഇവിടെ സ്നാനം നൽകുന്നു. എല്ലാവരും അവന്റെ അടുത്തു വരുന്നു" (3,25-26). നിയമപ്രശ്നമുണ്ടായി എന്നല്ല, തർക്കമുണ്ടായി എന്നാണ് ഇവിടെ പറയുന്നത്. ശുദ്ധീകരണത്തെക്കുറിച്ച്, അതായത്, സ്നാനത്തെക്കുറിച്ച് അന്വേഷണം നടത്തി എന്നു പറയുന്നതുപോലെ. അവർ ഗ്രൂപ്പുതിരിഞ്ഞ് തർക്കിച്ചിരുന്നെങ്കിൽ, ശിഷ്യർ ഒരുമിച്ച് യോഹന്നാന്റെ പക്കൽ വരികയില്ലായിരുന്നു. അതുകൊണ്ട്, ക്ഷാളനങ്ങളുടെ വ്യത്യാസങ്ങളെപ്പറ്റി അവർ പരസ്പരം ആരായുകയും

www.malankaralibrary.com



വിലയിരുത്തുകയും ചെയ്തു എന്ന് വ്യക്തം. അതായത്, യഹൂദൻ നിയമത്തിലെ ക്ഷാളനങ്ങളെ പ്രശംസിച്ചപ്പോൾ, ശിഷ്യൻ തന്റെ ഗുരുവിന്റെ സ്നാനത്തെ ഉയർത്തിക്കാട്ടി. അങ്ങനെ, കർത്താവു നൽകിയ സ്നാനവും ചർച്ചാവിഷയമായി.

കർത്താവിന്റെ സ്നാനം രണ്ടുപേർക്കും നിരർഥകമായി തോന്നി. അവർ യോഹന്നാന്റെ അടുത്തു പറഞ്ഞത് അവനെ വാശി പിടിപ്പിക്കാനാണ്. കാരണം, അവനിൽ നിന്ന് സ്നാനം സ്വീകരിച്ചവനും അവൻ പരസ്യമായി പ്രഘോഷിച്ചവനും ഇപ്പോൾ വലിയ ശിഷ്യഗണത്തെ തന്റെകൂടെ കൂട്ടുന്നു. ഭാഗ്യവാനായ യോഹന്നാൻ അവരുടെ തെറ്റായ അഭിപ്രായത്തെ തിരുത്താനും കർത്താവിന്റെ വർദ്ധിച്ചുവരുന്ന സ്വാധീനത്തിൽ തനിക്ക് അസൂയ ഇല്ലെന്നും അവന്റെ മഹിമപ്രതാപത്തിൽ താൻ സന്തുഷ്ടനാണെന്നും കർത്താവ് യഥാർഥത്തിൽ വലിയവനാണെന്ന് എല്ലാവരും അംഗീകരിക്കേണ്ടതായതിനാൽ അവന്റെ പ്രശസ്തി തനിക്ക് ഭൂഷണമാണെന്നും കാണിക്കാൻ അവരോടു പറയുന്നു: "സ്വർഗത്തിൽ നിന്ന് നൽകപ്പെട്ടാൽ അല്ലാതെ മനുഷ്യന് താനേ ഒന്നും സ്വീകരിക്കാൻ കഴികയില്ല" (3,27). ദൈവം നൽകുന്നില്ലെങ്കിൽ, ഒരു മനുഷ്യനും ആത്മീയദാനം സ്വന്തമാക്കാൻ സാധിക്കുകയില്ല. ദൈവത്തിന്റെ സമ്മതം കൂടാതെ മനുഷ്യന് യാതൊന്നും സ്വീകരിക്കാനാവില്ല എന്ന വാക്കുകൾ ആത്മീയദാനങ്ങളെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ദൈവതിരുമനസ്സ് കൂടാതെ പലരും ഭൗതികവസ്തുക്കൾ സ്വീകരിക്കുന്നുണ്ട്.

അവൻ എന്തുകൊണ്ടാണ് ഇതു പറഞ്ഞത്? "ഞാൻ മിശിഹായല്ല, അവനുമുമ്പേ അയക്കപ്പെട്ടവനാകുന്നു എന്നു ഞാൻ പറഞ്ഞു എന്നതിന് നിങ്ങൾതന്നെ എനിക്കു സാക്ഷ്യം വഹിക്കുന്നു" (3,28). നിങ്ങൾ എന്റെ വാക്കുകൾ ഓർക്കുന്നെങ്കിൽ, നിങ്ങൾ എന്റെ സാക്ഷികളാണ്. നിങ്ങൾക്കറിയാവുന്നതുപോലെ, എന്നോടാരാഞ്ഞപ്പോൾ ഞാൻ മിശിഹാ അല്ലെന്നും അവനു മുമ്പ് അയക്കപ്പെട്ട പ്രതിപുരുഷനാണെന്നും ഞാൻ പറഞ്ഞിരുന്നു. മിശിഹായെ ചൂണ്ടിക്കാണിക്കാനാണ് ഞാൻ വന്നത്. ഞാൻ ചൂണ്ടിക്കാണിച്ച മിശിഹാ അവനാണ്. എല്ലാം അവന്റേതാണ്. അവനു കടപ്പെട്ടിരിക്കുകയും ചെയ്യുന്നു. അവന് ആരിൽ നിന്നും പഠിക്കേണ്ട ആവശ്യമില്ല. അവൻ തനിക്കു തന്നെ സർവസംഗതികളിലും മതിയായവനാണ്. കാരണം, അവനിൽ വസിക്കുന്ന സ്വഭാവത്തിന്റെ ഔന്നത്യം അവന് മറ്റുള്ളവ ആവശ്യമില്ലാത്തതാക്കുന്നു. ഞാൻ മനുഷ്യനാകയാൽ സ്വന്ത ഇഷ്ടത്താൽ ആത്മീയമായി എന്തെങ്കിലും സ്വീകരിക്കാൻ കഴിവില്ലാത്തവനാണ്. ദൈവം എനിക്കു തന്നില്ലായിരുന്നെങ്കിൽ, സ്നാനം നൽകാനോ സാക്ഷ്യം വഹിക്കാനോ എനിക്ക് യാതൊരവകാശവുമില്ലായിരുന്നു. ഞാൻ മിശിഹായല്ല. അവനാകട്ടെ സർവനന്മസ്വരൂപിയാണ്.

www.malankaralibrary.com



ഇക്കാര്യം ഊന്നിപ്പറഞ്ഞുകൊണ്ടും വ്യക്തമായി വിശദീകരിച്ചു കൊണ്ടും അവൻ പറയുന്നു: "മണവാട്ടിയുള്ളവൻ മണവാളനാകുന്നു. അടുത്തുനിന്ന് മണവാളനെ ശ്രവിക്കുന്ന സ്നേഹിതൻ അവന്റെ സ്വരത്തിൽ വളരെ സന്തോഷിക്കുന്നു" (3,29). വ്യക്തിത്വത്തിന്റെ വൈവിധ്യം നിമിത്തം ഈ ജീവിതത്തിൽ മനുഷ്യർ പരസ്പരം വ്യത്യസ്തരായി കാണപ്പെടുന്നു. എങ്കിലും സ്വഭാവത്തിന്റെ സാമ്യംവഴി നാമെല്ലാവരും ഒന്നാകുന്നു. എല്ലാവരുടെയും ശരീരം ഒരുപോലെയാണ്. നാമോരോരുത്തരും മനുഷ്യകുലത്തിലെ അംഗങ്ങളാണ്. ഒരു മനുഷ്യൻ മർത്യനും വ്യതിയാനവിധേയനുമാണെങ്കിൽ, നാമെല്ലാവരും മരണശാസനത്തിൻ കീഴുള്ളവരാണ്. നമ്മുടെ കർത്താവ് തന്റെ സമൃദ്ധമായ കൃപയാൽ അവനെ വീണ്ടും സൃഷ്ടിക്കുന്നതിനും മെച്ചപ്പെട്ട അവസ്ഥയിലേക്ക്, അതായത്, മരണശേഷം ഉയിർത്തെഴുന്നേൽക്കുന്ന ഭാവിജീവിതത്തിലേക്ക്, കൊണ്ടുവരുന്നതിനും തിരുമനസ്സായി. നാം നമ്മുടെ അസ്തിത്വവും ജീവനും വീണ്ടും പ്രാപിക്കുക മാത്രവല്ല, വ്യതിയാനാതീതരായി നിലനിൽക്കുകയും ചെയ്യും. അതുകൊണ്ട്, നമ്മുടെ ശരീരം ഈ മാറ്റംവഴി സ്ഥിരമായി അഴിവിനതീതമായ സ്ഥിതിയിൽ ആയിരിക്കും.

ഇപ്പോഴത്തെ നമ്മുടെ ജീവിതാവസ്ഥയുടെ കാരണം ആദമാണ്. നമ്മുടെ ഭാവിജീവിതത്തിന്റേത് നമ്മുടെ മിശിഹാ കർത്താവായിരിക്കും. ആദ്യമനുഷ്യനായ ആദാം മർത്യനായിരുന്നതുപോലെ, അവനുശേഷം വന്ന എല്ലാവരും മർത്യരായിരിക്കും. അതുപോലെ, മരണശേഷം ഉയിർത്ത മിശിഹായും ഒന്നാമനാണ്. അവൻ തന്റെ പിന്നാലെ വരുന്നവർക്ക് ഉയിർപ്പിന്റെ അച്ചാരം നൽകി. കാണപ്പെടുന്ന ഈ ജീവിതത്തിലേക്ക് ശാരീരിക ജനനത്തിലൂടെ നാം കടന്നുവന്നു. അതുകൊണ്ട്, നാമെല്ലാവരും വ്യതിയാന വിധേയരായിരിക്കുന്നു. ഭാവിജീവിതത്തിലാകട്ടെ, ആത്മാവിന്റെ ശക്തിയാൽ നാം രൂപാന്തരപ്പെടും. വ്യതിയാനാതീതരായി നാം ഉയിർത്തെഴുന്നേൽക്കും. അന്ന് ഇപ്രകാരം സംഭവിക്കാനിരിക്കുന്നതിനാൽ, നമുക്ക് സ്നാനവും തന്നിലുള്ള നവജീവനും നൽകിക്കൊണ്ട് നമ്മുടെ കർത്താവായ മിശിഹാ ഇപ്പോൾ നമ്മെ സൂചനാപരമായി അവയിലേക്കു മാറ്റുന്നു. നാം ആ ജീവിതത്തിലേക്ക് മാറ്റപ്പെടുമ്പോൾ, നമ്മിൽ പൂർത്തിയാകേണ്ട ഉത്ഥാനത്തിന്റേയും വീണ്ടും ജനനത്തിന്റേയും പ്രതീകമാണ് ഇപ്പോഴത്തെ ആത്മീയജനനം. അതുകൊണ്ടാണ് അവൻ സ്നാനത്തെ വീണ്ടുംജനനം എന്നു വിളിച്ചത്.

അക്കാരണത്താൽ ശ്ലീഹാ വളരെ ഭംഗിയായി പറയുന്നു:"യേശുമിശിഹായിൽ മാമോദീസാ സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തിലാണ് മാമോദീസാ സ്വീകരിച്ചിരിക്കുന്നത്. മാമോദീസാവഴി നാം അവന്റെ മരണത്തിൽ അവനോടുകൂടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു. യേശുമിശിഹാ മരിച്ചവരിൽ നിന്ന് തന്റെ പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവൻ നയിക്കേണ്ടതിനാണിത്. അവന്റെ മരണ

www.malankaralibrary.com



ത്തിന്റെ സാദൃശ്യത്തിൽ നാം അവനോടൊത്ത് ഒട്ടിക്കപ്പെട്ടെങ്കിൽ, അവന്റെ ഉയിർപ്പിലും അവന്റെ ജീവൻ വഴി നാം ജീവിക്കും" (റോമ 6,3-5). മാമോദീസാ വഴിയുള്ള ജനനം, മരണം കഴിഞ്ഞുള്ള ഉയിർപ്പിന്റെ പ്രതീകമാണെന്ന് അവൻ വ്യക്തമായി കാണിക്കുന്നു. എഴുതപ്പെട്ടിരിക്കുന്നതുപോലെ, ആത്മാവിന്റെ ശക്തിയാലാണ് ഇവ ഇപ്രകാരം നമ്മിൽ സംഭവിക്കുന്നത്: "നശ്വരതയിൽ വിതയ്ക്കപ്പെടുന്നു; അനശ്വരതയിൽ ഉയിർക്കുന്നു. അവമാനത്തിൽ വിതയ്ക്കപ്പെടുന്നു; മഹിമയിൽ ഉയിർക്കുന്നു. ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു; ശക്തിയിൽ ഉയിർക്കുന്നു" (1 കൊറി 15,42-43). അതായത്, നമ്മുടെ ശരീരം ആത്മാവിന്റെ സാന്നിധ്യത്താൽ ദൃശ്യമായ ജീവിതം നയിക്കുന്നെങ്കിൽ, അതുപോലെ, അത് ആത്മാവിന്റെ ശക്തിയാൽ അനശ്വരവും നിത്യവുമായ ജീവിതം നയിക്കും.

മാമോദീസാവഴി നമുക്കു ലഭിച്ച ഉയിർപ്പിന്റെ പ്രതീകമായ ജന്മത്തിൽ എന്നപോലെ, അതേ ആത്മാവുവഴി അച്ചാരമായി അൽപം കൃപ സ്വീകരിക്കുന്നു. അപ്പോഴാകട്ടെ, നാം യഥാർഥത്തിൽ ഉയിർത്തെഴുന്നേൽക്കുകയും നമുക്ക് അനശ്വരത ലഭിക്കുകയും ചെയ്യുമ്പോൾ, കൃപ പൂർണമായി സ്വീകരിക്കുന്നു. ഭാവിജീവിതത്തിന്റെ പ്രകൃതിയെപ്പറ്റി ചർച്ച ചെയ്തുകൊണ്ടും തന്റെ വാക്കുകൾകൊണ്ട് കേൾവിക്കാരെ ഉറപ്പിക്കാൻ ആഗ്രഹിച്ചു കൊണ്ടും ശ്ലീഹാ പറയുന്നു: "ഇവ മാത്രവുമല്ല, ആത്മാവിന്റെ ആദ്യഫലം ഉള്ളവരായ നാം തന്നെയും നമ്മുടെ ശരീരങ്ങളുടെ രക്ഷയ്ക്കായി നമ്മുടെ ഉള്ളിൽ നെടുവീർപ്പിടുകയും പുത്രസ്വീകാര്യത്തെ പാർത്തിരിക്കുകയും ചെയ്യുന്നു" (റോമ 8,23). ആദ്യഫലം എന്നപോലെ ഇപ്പോഴത്തെ കൃപ നാം സ്വീകരിക്കുന്നതിനാൽ, ഉയിർപ്പിന്റെ പരമാനന്ദം നമുക്ക് ലഭിക്കുമ്പോൾ പൂർണത ലഭിക്കുമെന്ന് നാം കരുതുന്നു.

അതുപോലെ, എല്ലാ കാര്യങ്ങളിലും നമ്മുടെ ആരംഭമായ, ജഡത്തിലുള്ള മിശിഹായും ഉയിർപ്പിക്കപ്പെട്ടു. കൃപ സ്വീകരിച്ചതിലും ആത്മാവിന്റെ ഇറക്കം അവന് ഗുണകരമായി. അതേരീതിയിൽ നാമും പങ്കാളിത്തം പ്രതീക്ഷിക്കുന്നതിനാൽ, ശ്ലീഹാ പറയുന്നു: "നമ്മുടെ കർത്താവേശുമിശിഹായെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നെങ്കിൽ, അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവൻ നിങ്ങളുടെ മൃതശരീരങ്ങളെയും നിങ്ങളിൽ വസിക്കുന്ന അവന്റെ ആത്മാവിനെക്കൊണ്ട് ജീവിപ്പിക്കും" (റോമ 8,11). ഈ ജീവിതത്തിനപ്പുറത്തുള്ള ജീവിതം നിമിത്തം ഉത്ഥാനത്തിൽ ആത്മാവിന്റെ ശക്തി സാധാരണരീതിയിൽ വെളിപ്പെട്ടില്ലെന്ന് സ്പഷ്ടമായി അറിയുക. അതേ ആത്മാവിനെ സ്വീകരിച്ച നാം സകാരണം അതേ ഉത്ഥാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെ, ഉത്ഥാനത്തിന്റെ പ്രതീകം പൂർണമായി അവനിൽ പൂർത്തിയാകുന്നതിനുവേണ്ടി, ആത്മാവ് അവന്റെ മേൽ ഇറങ്ങി:. യോഹന്നാൻ സാക്ഷ്യപ്പെടുത്തി പറഞ്ഞു, "അവനിൽ ഇറങ്ങി വസിച്ച ആത്മാവിനെ ഞാൻ കണ്ടു"(1,32).

www.malankaralibrary.com



ആദം മനുഷ്യരിൽ ഒന്നാമനായി സൃഷ്ടിക്കപ്പെട്ടു. പിന്നീട് അവനിൽ നിന്ന് ഒരംശമെടുത്ത് സ്ത്രീയെ ഉണ്ടാക്കി. അവളെ അവനു ഭാര്യയായി നൽകി. അതുകൊണ്ടാണ് അവർ ഇരുവരും ഒരു ശരീരമായിത്തീരുമെന്നു പറഞ്ഞിരിക്കുന്നത് (ഉൽപ.2,24). അങ്ങനെയാണ് മനുഷ്യവംശം മുഴുവന്റെയും ആരംഭം. അതേരീതിയിൽ, ജഡത്തിലുള്ള മിശിഹായും ആത്മീയ ജനനംവഴി ഒന്നാമനായി ജനിച്ചു. അവൻ സത്യമായും എല്ലാവരിലും ഒന്നാമനായി ഉത്ഥാനം ചെയ്തു. അതുപോലെ, പ്രതീകാത്മകമായി അവൻ സ്നാനത്തിൽ ആത്മാവിന്റെ കൃപവഴി ജനിച്ചു. ആത്മാവാകട്ടെ, യാഥാർത്ഥ്യവും പ്രതീകവും പൂർത്തിയാക്കി. മറ്റുള്ളവരും അവനിൽ പങ്കാളികളാകാനായി ദൈവം ഈ കൃപയിൽനിന്ന് ഒരംശം എടുത്ത് അവർക്കു നൽകി. അവരും അവൻവഴി ആത്മീയരീതിയിൽ വീണ്ടും ജനിക്കുന്നതിനുവേണ്ടി അവരെ ആത്മാവിന്റെ പങ്കാളികളാക്കുകയും ചെയ്തു. ജനനത്തിലുള്ള സാമ്യം വഴി അവനോടു നമുക്ക് സ്വാഭാവിക ബന്ധമുള്ളതുപോലെ, അവൻവഴി വചനമായ ദൈവത്തോടുള്ള ബന്ധവും നാം സ്വീകരിക്കുന്നു. വൈവാഹികൈക്യമല്ല, പ്രത്യുത, വിശ്വാസവും പരിപൂർണ സ്നേഹവും, വിശ്വാസികളായ എല്ലാവരേയും നമ്മുടെ കർത്താവായ മിശിഹായോട് ഐക്യപ്പെടുത്തുന്നു. അതുകൊണ്ടാണ് സഭയെ വധു എന്നപോലെ നമ്മുടെ കർത്താവ് സ്വീകരിച്ചത്. ഭാഗികമായി അവനുമായുള്ള ബന്ധത്തിന്റെ സാദൃശ്യം അവൾ സ്വീകരിക്കുന്നു. അഥവാ, അവനിലുള്ള വിശ്വാസം വഴി സ്നേഹത്താൽ അവനോട് ഐക്യപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ്, മിശിഹായുടെ മാതൃകയെ അനുകരിച്ചുകൊണ്ട് പുരുഷന്മാർ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കണം എന്ന് പൗലോസ് ശ്ലീഹാ ഭർത്താക്കന്മാരെ ഉപദേശിച്ചുകൊണ്ട് പറയുന്നത്. മേൽപ്പറഞ്ഞവ ശാരീരികമായി സംഭവിച്ചെന്നു കാണിക്കാൻ, അവർ ഇരുശരീരങ്ങളാണെങ്കിലും ഒന്നാണ് എന്നു പറഞ്ഞശേഷം, "ഇത് വലിയൊരു രഹസ്യമാണ്; ഞാൻ മിശിഹായേയും തന്റെ സഭയേയും കുറിച്ചാണ് പറയുന്നത് "(എഫേ 5,32) എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്.

വിശ്വസ്തസഭ വീണ്ടുംജനനം വഴി ജഡത്തിലുള്ള മിശിഹായുടെ പങ്കാളിയായിത്തീരുകയും അങ്ങനെ അവൻവഴി വചനമായ ദൈവത്തോട് അടുപ്പം പുലർത്തുകയും ചെയ്തതിനാൽ, അവൻ ഇവിടെ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "മണവാട്ടിയുള്ളവൻ മണവാളനാകുന്നു"(3,29). അതായത്, മണവാളന്റെ ഈ സ്ഥാനം എന്റേതല്ല, അവന്റേതാണ്. ഒന്നാമത്, നാം വിശ്വസിക്കുന്ന ദൈവസ്വഭാവം അവനിലാണ്. രണ്ടാമത്, എടുക്കപ്പെട്ട മനുഷ്യനോട് വീണ്ടുംജനനം വഴി സ്വാഭാവികമായ അടുപ്പം ഉണ്ടാകുന്നതോടൊപ്പം വചനമാം ദൈവത്തോടുള്ള അവാച്യമായ ഐക്യം നാം പ്രാപിക്കുന്നു.

അതുകൊണ്ട്, ഞാൻ മണവാളന്റെ സ്നേഹിതനാണ്. മണവാട്ടിയുടെ സ്നേഹം സ്വന്തമാക്കാൻ ഞാൻ മുതിരുന്നില്ല. അവനോടുള്ള സ്നേഹംമൂലം,

www.malankaralibrary.com



മണവാട്ടിക്ക് അവനോടുള്ള സ്നേഹത്തിൽ ഞാൻ സന്തോഷിക്കുന്നു. "എന്റെ സന്തോഷം പൂർത്തിയായിരിക്കുന്നു"(3,29). അതായത്, വ്യതിയാനാതീതയായ മണവാട്ടി അവനോടുള്ള സ്നേഹം നിലനിർത്തുന്നതു കാണുന്നതാണ് എന്റെ സന്തോഷം. എല്ലാവരും അവനെ സ്നേഹിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നതാണ് കടപ്പെട്ട സ്നേഹം; അവന് അർഹമായ കടമയും. കർത്താവെന്ന നിലയിൽ അവനോട് ഇങ്ങനെ കടപ്പെട്ടിരിക്കുന്നു. മണവാട്ടിയെ ഞാൻ എന്നിലേക്ക് ആകർഷിച്ചാൽ, ഞാൻ ആത്മീയ ദുഷിപ്പിക്കലായിരിക്കും ചെയ്യുക. കാരണം, എനിക്ക് അനർഹമായ സംബന്ധം, വഞ്ചിച്ച് നടത്തുകയും അങ്ങനെ ബോധപൂർവം ഞാൻ വ്യഭിചരിക്കുകയും ചെയ്യുന്നു. യോഹന്നാൻ ശരിയായിട്ടാണ് സഭയെ മണവാട്ടിയെന്നും മിശിഹായെ മണവാളനെന്നും വിളിക്കുന്നത്. സഭയുടെ സ്നേഹവും വിശ്വാസവും മുഴുവനും അവനുള്ളതാണ്. അതിൽനിന്ന് ഏതെങ്കിലും തരത്തിൽ പിറകോട്ടു മാറുന്നത് തിന്മയാണെന്നും കാണിക്കാനാണ് അവനിതു പറഞ്ഞത്.

"അവൻ വളരുകയും ഞാൻ കുറയുകയും വേണം"(3,30). അതുകൊണ്ട്, അതിനു ചുരുങ്ങിയ സമയം പോരാ. അവന്റേത് വർദ്ധിക്കുകയും എന്റേത് കുറയുകയും ചെയ്യേണ്ടത് ആവശ്യമാണ്. എന്തുകൊണ്ട്? "എന്തുകൊണ്ടെന്നാൽ, മേലിൽ നിന്നു വന്നവൻ എല്ലാവർക്കും മേലാകുന്നു. ഭൂമിയിൽ നിന്നുള്ളവൻ ഭൂമിയിൽ നിന്നാകുന്നു. ഭൗമികമായവയെപ്പറ്റി സംസാരിക്കുകയും ചെയ്യുന്നു" (3,31). അവൻ സ്വർഗത്തിൽ നിന്നുള്ളവൻ ആകയാൽ എല്ലാവർക്കും മുകളിലാണ്. ഞാനാകട്ടെ, ഭൂമിയിൽ നിന്നുള്ളവനാകയാൽ, അവശ്യാവശ്യം ഭൗമികനാണ്. പിന്നീട്, "സ്വർഗത്തിൽ നിന്നു വന്നവൻ എല്ലാവർക്കും മുകളിലാണ് "എന്നു വീണ്ടും പറയുന്നു (3,31). "അവൻ കാണുകയും കേൾക്കുകയും ചെയ്തത് സാക്ഷ്യപ്പെടുത്തുന്നു. അവന്റെ സാക്ഷ്യം ഒരു മനുഷ്യനും സ്വീകരിക്കുന്നില്ല" (3,32). ഇവിടെ *മുകളിൽ നിന്നുള്ളവനും സ്വർഗത്തിൽ നിന്നുള്ളവനും* എന്നു പറഞ്ഞിരിക്കുന്നത് സ്ഥലത്തെ പരാമർശിച്ചല്ല, സ്വഭാവത്തിന്റെ ഔന്നത്യമാണ് സൂചിതം. ഇവനാകട്ടെ, മറ്റുള്ളവരേക്കാൾ വളരെ ശ്രേഷ്ഠനാണ്. അതുപോലെ, പരമ്പരാഗത രീതിയിലല്ല അവൻ സംസാരിക്കുന്നത്. പിന്നെയോ, കൃത്യമായ അറിവുള്ള കാര്യങ്ങളാണ് പഠിപ്പിക്കുന്നത്. എങ്കിലും ഇതുപോലും വിശ്വസിക്കാൻ നിങ്ങൾ കൂട്ടാക്കുന്നില്ല. നമ്മുടെ കർത്താവ് നിക്കൊദേമോസിനോടു സംസാരിച്ചതും ഈ രീതിയിലാണ്: "ഞങ്ങൾ അറിയുന്നത് ഞങ്ങൾ പറയുന്നു. ഞങ്ങൾ കണ്ടത് ഞങ്ങൾ സാക്ഷ്യപ്പെടുത്തുന്നു." അതായത്, എനിക്കു പരിപൂർണമായ അറിവുള്ള കാര്യമാണ് ഞാൻ പഠിപ്പിക്കുന്നത്.

www.malankaralibrary.com



"അവന്റെ സാക്ഷ്യം സ്വീകരിക്കുന്നവൻ ദൈവം സത്യവാനാണ് എന്നതിന് മുദ്രവയ്ക്കുന്നു. ദൈവം അയച്ചവൻ ദൈവത്തിന്റെ വാക്കുകൾ സംസാരിക്കുന്നു" (3,33–34). ഈ വാക്കുകളിൽ വിശ്വസിക്കുന്നവൻ സ്പഷ്ടമായും ദൈവത്തിന്റെ സത്യം സ്ഥിരീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. ദൈവം അയച്ചവൻ അവന്റെ വാക്കുകൾ പറയുന്നു. അതുകൊണ്ട്, അവന്റെ വാക്കുകൾ സത്യമാണെന്നു വിശ്വസിക്കുന്നവൻ വ്യക്തമായി അവനോടു യോജിക്കുന്നു. അതുവഴി ദൈവം പറയുന്നവ സത്യമാണെന്ന് അവൻ ദൈവത്തെക്കുറിച്ച് സാക്ഷ്യം വഹിക്കുന്നു. വിശ്വസിക്കാത്തവൻ, അവ നുണയാണെന്നു വിധിക്കുന്നതായി തോന്നും. അവ സത്യമാണെന്ന് സ്വീകരിച്ചിരുന്നെങ്കിൽ, അവൻ വിശ്വസിക്കാൻ പ്രേരിതനാകുമായിരുന്നു.

ദൈവസ്വഭാവത്തെക്കുറിച്ച് ഇത്രയും പറഞ്ഞുകൊണ്ട് അവൻ കർത്താവിന്റെ മനുഷ്യസ്വഭാവത്തിലേക്കു ശ്രദ്ധ തിരിക്കുന്നു: "ദൈവം അയച്ചവൻ ദൈവത്തിന്റെ വാക്കുകൾ സംസാരിക്കുന്നു" (3,34). ഇവിടെ അവനു സ്വാഭാവികമായി ഔന്നത്യമില്ല. അതുകൊണ്ട്, അവൻ കൂട്ടിച്ചേർക്കുന്നു: "ദൈവം ആത്മാവിനെ അളന്നല്ല കൊടുക്കുന്നത്"(3,34). "പിതാവ് പുത്രനെ സ്നേഹിക്കുന്നു. എല്ലാം അവന്റെ കൈകളിൽ ഏൽപിച്ചിരിക്കുന്നു"(3,35). മറ്റു മനുഷ്യർക്കെന്നപോലെ ആത്മാവിന്റെ കൃപയുടെ ഒരംശമല്ല, പിന്നെയോ, പൂർണത മുഴുവനാണ് ദൈവം അവന് കൊടുത്തത്. കാരണം, അവൻ അവനെ സ്നേഹിച്ചിരുന്നു. അതുകൊണ്ട്, സാർവത്രികാധിപത്യവും ദൈവം അവനെ ഭരമേൽപിച്ചു. വചനമാം ദൈവത്തോടുള്ള ഐക്യംവഴി എല്ലാറ്റിന്മേലുമുള്ള ആധിപത്യം സ്വീകരിച്ച മനുഷ്യപ്രകൃതിക്ക് ഇതു യോജിച്ചതാണെന്ന് കാണിക്കുന്നു. അതുകൊണ്ട്, ആരുവഴി അവൻ ഐക്യവും വീണ്ടുംജനനവും സർവാധിപത്യവും സ്വീകരിച്ചുവോ, ആ ആത്മാവിനെക്കുറിച്ച് ആദ്യം പറഞ്ഞത് ഉചിതമാണ്. അവന്റെ കരങ്ങളിൽ എല്ലാം ഏൽപിച്ചുവെന്ന് പിന്നീട് പറയുന്നു (3,35). മറ്റു തരത്തിൽ, ആത്മാവിന്റെ ശക്തിയാൽ, യാതൊരു സംശയവും കൂടാതെ ഈ വാക്കിലുള്ള വിശ്വാസം ഉറപ്പിച്ചില്ലായിരുന്നെങ്കിൽ, അവൻ സർവാധിപത്യം സ്വീകരിച്ചു എന്നത് നമ്മുടെ കർത്താവിന്റെ മനുഷ്യപ്രകൃതിയെക്കുറിച്ച് സത്യമാണെന്ന് അവൻ കരുതുകയില്ലായിരുന്നു.

ഇത്രയും പറഞ്ഞശേഷം നമ്മുടെ കർത്താവായ മിശിഹായുടെ അധികാരം തെളിയിക്കാൻ ഉചിതമായ നിഗമനത്തിൽ എത്തിക്കൊണ്ട് അവൻ പറയുന്നു: "പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്. എന്നാൽ പുത്രനിൽ വിശ്വസിക്കാത്തവൻ ജീവൻ കാണുകയില്ല. മാത്രമല്ല, ദൈവകോപം അവന്റെ മേൽ നിലനിൽക്കുകയും ചെയ്യും (3,36). ഇവ ഇപ്രകാരമാകയാൽ, അവനിൽ പങ്കാളിയാകുമെന്ന് അവൻ പറയുന്നു. വിശ്വസിക്കാത്ത

www.malankaralibrary.com



വന് നിത്യശിക്ഷയുണ്ടാകും. അതുകൊണ്ട്, വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ഭാവിസൗഭാഗ്യത്തിന് അവനിലുള്ള വിശ്വാസം വഴി യോഗ്യരാകാനും വിധിയുടെ ഭീഷണിയിൽ നിന്ന് ഓടിയകലാനും എല്ലാവരും കൂടുതൽ ഉത്സാഹിക്കണം. ഇവ സ്നാപകയോഹന്നാന്റെ വാക്കുകളാണ്.

യൂദന്മാർ യോഹന്നാന്റെ അടുത്തുവന്നപ്പോൾ അവന്റെ ശിഷ്യന്മാർ പറഞ്ഞതും മിശിഹായുടെ ഔന്നത്യം പ്രസ്പഷ്ടമാക്കിക്കൊണ്ട് അവൻ വ്യക്തമായി മറുപടി നൽകിയതും മറ്റുമുള്ള വിവരങ്ങൾ സുവിശേഷകൻ ചേർത്തതിനുശേഷം വീണ്ടും സംഭവങ്ങളുടെ കാലക്രമത്തിലേക്കു കടക്കുന്നു.

## യേശുവും സമറിയാക്കാരിയും

"യോഹന്നാനേക്കാൾ അധികം ആളുകളെ താൻ ശിഷ്യപ്പെടുത്തുകയും സ്നാനപ്പെടുത്തുകയും ചെയ്യുന്നുവെന്ന് ഫരിസേയർ കേട്ടതായി കർത്താവ് അറിഞ്ഞപ്പോൾ, യൂദയാ വിട്ട് ഗലീലിയിലേക്ക് പുറപ്പെട്ടു. വാസ്തവത്തിൽ, യേശുവല്ല സ്നാനം നൽകിയിരുന്നത്, പിന്നെയോ, ശിഷ്യന്മാരാണ് "(4,1-3). ഇത് പറയേണ്ടിയിരുന്നത്, "അതിനുശേഷം യേശുവും ശിഷ്യന്മാരും യൂദയാ ദേശത്തേക്കുപോയി. അവൻ അവിടെ അവരോടൊത്തു താമസിച്ച് സ്നാനം നൽകി" (3,22) എന്നതിനു ശേഷമായിരുന്നു. ഇപ്പോൾ പറഞ്ഞിരിക്കുന്നതുപോലെയാണ് വസ്തുതകളുടെ ക്രമം. അതായത്, യഹൂദർ അതു കേൾക്കുകയും രോഷാകുലരാകുകയും ചെയ്തെന്ന് യേശു അറിഞ്ഞപ്പോൾ അവൻ യൂദയാ വിട്ട് ഗലീലിയിലേക്കു തിരിച്ചുപോയി. എന്നാൽ യോഹന്നാൻ ആ സമയത്ത് സ്നാനം നൽകിയിരുന്നു എന്ന് സുവിശേഷകൻ ആദ്യം പറയുന്നു (3,23). മിശിഹായേക്കുറിച്ച് അവനോടു ചോദിച്ചവർക്കുള്ള അവന്റെ മറുപടിയും നൽകുന്നു. ഈ വാക്കുകളും പ്രവൃത്തികളും നടന്നത് നമ്മുടെ കർത്താവ് യൂദയായിൽ സ്നാനം നൽകിക്കൊണ്ട് നടന്നിരുന്നപ്പോഴാണ്. പിന്നീട്, അവിടുന്ന് സ്നാനം നൽകുന്നത് അവസാനിപ്പിച്ച്, യൂദയാ വിട്ടുപോകാനുള്ള കാരണം സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു. അതിനാൽ ആദ്യം അവ വിവരിച്ചശേഷം സംഭവങ്ങളുടെ കാലക്രമത്തിലേക്കു തിരിച്ചുവരുകയും മുമ്പ് വിട്ടുകളഞ്ഞത് ഇവിടെ തിരുത്തി പറയുകയും ചെയ്യുന്നു: "യേശു നേരിട്ട് സ്നാനം നൽകയിരുന്നില്ല; അവന്റെ ശിഷ്യന്മാരാണ് അത് ചെയ്തത്." മുമ്പ് വിട്ടുകളഞ്ഞത് ഇവിടെ പറയണമെന്ന് കരുതിയത്, "യേശുവല്ല, അവന്റെ ശിഷ്യന്മാരാണ് സ്നാനം നൽകിയത് "എന്ന കാര്യം തെളിയിക്കാനാണ്. സ്നാനം സ്വീകരിച്ചവർ വിശ്വാസത്തിലേക്കു ആനീതരായിരുന്നു എന്നു വ്യക്തം. ഗലീലിയിലേക്കു പോകാൻ വേണ്ടി അവൻ യൂദയാ വിട്ടെന്ന് പറഞ്ഞപ്പോൾ ആ യാത്രയിൽ സമറിയാ
6 ക്കാരിയുമായുള്ള സംഭാഷണവും ബന്ധപ്പെട്ട കാര്യങ്ങളും മറ്റു സുവിശേ

www.malankaralibrary.com



ഷകർ വിട്ടുകളഞ്ഞത് കൈമാറാനും പറഞ്ഞതിന്റെ കാലക്രമം നിലനിർത്താനും വേണ്ടി ഇവിടെ സാന്ദർഭികമായി പറയുന്നു.

അതുകൊണ്ട്, അവൻ പറയുന്നു: "അവനു സമറിയായിലൂടെ കടന്നു പോകേണ്ടിയിരുന്നു" (4,4). സമറിയായിലൂടെ കടന്നു പോകേണ്ട ഈ ആവശ്യകത ഒരവസരവും തന്റെ വിവരണത്തിനു തുടക്കവുമായി അവൻ എടുത്തു. അത് അവൻ വെറുതെ സ്മരിച്ചതല്ല. എങ്ങനെ അവൻ യൂദയായിലേക്കു പോയി എന്നതിനോ, യൂദയായിൽ നിന്ന് ഗലീലിയിലേക്കു തിരിച്ചുപോയതിനോ അതുവഴി സമറിയാക്കാരെ സമീപിച്ചു എന്നതിനോ അല്ല ഊന്നൽ കൊടുക്കുന്നത്. പിന്നെയോ, യഹൂദരിൽ നിന്നുള്ള അവരുടെ അകൽച്ച നിമിത്തം, അവരുടെ ന്യായമായ ശണ്ഠയ്ക്ക് അവസരം നൽകാതിരിക്കുക എന്നതാണ് വിഷയം. അവരിൽ അർഹരായവർക്ക് പ്രയോജനം നഷ്ടപ്പെടാതിരിക്കാനായി, ഊടും പാവും പോലെയാണ് അവിടെ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ അവൻ ചെയ്തത്. താൻ ചെയതത് സാന്ദർഭികമായിട്ടാണ് എന്നു തോന്നത്തക്കവിധമാണ് അവൻ അവരോടു പെരുമാറിയത്. ദീർഘനാൾ യഹൂദരുടെ ഇടയിൽ പാർത്തതിനുശേഷവും അവർക്കു കഴിയാതിരുന്നത് - അതായത്, സത്യം ഏറ്റുപറയുന്നത്-വെറും സന്ദർശനം മൂലം സമറിയാക്കാർക്കു കഴിഞ്ഞു; അത് അവരുടെ സന്മനസ്സ് വെളിപ്പെടുത്തുന്നു.

ഇപ്രകാരം അവസരം ഒരുക്കിയശേഷം സമറിയാക്കാരിയോടും സമറിയാക്കാരോടും ചെയ്തവ വിവരിക്കാൻ തുടങ്ങുന്നു: "അവൻ സമറിയായിലെ സിക്കാർ എന്ന പട്ടണത്തിൽ, ശേഖേം എന്നു വിളിക്കപ്പെടുന്ന വയലിനരികെ എത്തി. ഈ വയൽ യാക്കോബ് തന്റെ പുത്രനായ യൗസേപ്പിനു നൽകിയതാണ്. അവിടെ യാക്കോബിന്റേത് എന്നു വിളിക്കപ്പെടുന്ന ഒരുറവ ഉണ്ടായിരുന്നു" (4,5-6). കാരണം, അവനാണ് അവിടെ ആ കിണർ കുഴിച്ചത്. ആ കിണറിനെ ഉറവ എന്നു വിളിക്കുന്നത് അതിൽ നിന്ന് പൊന്തിവരുന്ന വെള്ളം നിമിത്തമാണ്. സമറിയാക്കാരിയുടെ വാക്കുകളിൽ നിന്ന് ഇതു മനസ്സിലാക്കാം: "നിനക്കു തൊട്ടിയില്ല, കിണറോ, ആഴമുള്ളത് "(4,11).

"യാത്ര ചെയ്തു ക്ഷീണിച്ച യേശു ആ കിണറിന്റെ കരയിൽ ഇരുന്നു. അപ്പോൾ ആറാം മണിക്കൂർ ആയിരുന്നു. ആ സമയം ഒരു സമറിയാക്കാരി പട്ടണത്തിൽ നിന്ന് വെള്ളം കോരാൻ വന്നു" (4,6-7). തന്റെ പ്രബോധനം സ്വീകരിക്കാൻ അവൾ പ്രാപ്തയാണെന്ന് നമ്മുടെ കർത്താവ് അറിഞ്ഞിട്ടും ഉടനെ അതേപ്പറ്റി സംസാരിക്കാൻ തുടങ്ങിയില്ല. പുറത്തുള്ളവരോട് അങ്ങനെയുള്ള വാക്കുകൾകൊണ്ട് തുടങ്ങുന്നത് ഉചിതമല്ലെന്ന് അവനു തോന്നി. കാണപ്പെടുന്ന കാര്യങ്ങളെ കുറിച്ച് സാധാരണക്കാരോട് സംസാരിച്ചു തുടങ്ങുന്നതാണ് ഉചിതമെന്ന് അവൻ കരുതി. അതുകൊണ്ട്, അവിടുന്ന് പറഞ്ഞു: "എനിക്കു കുടിക്കാൻ വെള്ളം തരിക" (4,7). വഴിയാത്രയും

www.malankaralibrary.com



ദിവസത്തിന്റെ ചൂടും കൊണ്ട് ക്ഷീണിച്ച് ഒരു പുരുഷൻ പറഞ്ഞത്, വെള്ളം കോരാൻ വന്ന സ്ത്രീയെ സ്വാധീനിച്ചു. അവിടുന്ന് അപരിചിത സ്ത്രീകളോട് ഏതെങ്കിലും തരത്തിൽ ശങ്കയില്ലാതെ സംസാരിക്കുന്നവനല്ലെന്നും തന്നെ സമീപിക്കുന്നവരെല്ലാം തന്റെ സംഭാഷണം നിമിത്തം തന്നെ ബഹുമാനിക്കത്തക്കവണ്ണം തനിക്ക് യോജിച്ച ആദരവോടെ പെരുമാറുന്നവനാണെന്നും കാണിച്ചുകൊടുക്കാനാണ്, "അവന്റെ ശിഷ്യന്മാർ ഭക്ഷണസാധനം വാങ്ങാനായി പട്ടണത്തിൽ പോയിരുന്നു" എന്ന് യോഹന്നാൻ കൂട്ടിച്ചേർത്തത് (4,8).

സമറിയാക്കാരി അവനോട് പറഞ്ഞു: "നീ ഒരു യൂദനായിരിക്കെ സമറിയാക്കാരിയായ എന്നോട് കുടിക്കാൻ ചോദിക്കുന്നത് എങ്ങനെ? യഹൂദരും സമറിയാക്കാരും തമ്മിൽ സമ്പർക്കം ഒന്നും ഇല്ലല്ലോ" (4,9). ഭാഗ്യവാനായ യോഹന്നാൻ ഈ സംഭവത്തിലൂടെ ആ സ്ത്രീയുടെ സുകൃതം വെളിവാക്കാൻ ആഗ്രഹിച്ചു. അവനു കുടിക്കാനായി വെള്ളം കൊടുക്കാൻ അവൾ തയാറായിരുന്നു. എങ്കിലും നിർദിഷ്ട നിയമത്തെ അവൾ ആദ്യം ഓർപ്പിക്കയാണ് ചെയ്തത്. പലപ്പോഴും എളുപ്പത്തിലും ചിലപ്പോഴൊക്കെ ആവശ്യത്തെ പ്രതിയും സംഭവിക്കുന്നതുപോലെ, പുറമേയുള്ളവരുമായി ഇടപെടുന്നതിലുള്ള ഈ നിയമലംഘനം തന്റെ സത്യസന്ധത നിമിത്തം അവൾ അംഗീകരിച്ചില്ല.

അങ്ങനെ, സ്ത്രീ അപരിചിതരോടു എതിർപ്പുള്ളവളാണെന്നും അവന് കുടിക്കാൻ കൊടുക്കാതിരുന്നത് ദുഷ്ടത മൂലമാണെന്നും വരാതിരിക്കാൻ, സുവിശേഷകൻ അവളെക്കൊണ്ട് ഇപ്രകാരം പറയിക്കുന്നു: "യഹൂദരും സമറിയാക്കാരും തമ്മിൽ സമ്പർക്കമൊന്നുമില്ലല്ലോ" (4,9). അവൻ അവളുടെ മതത്തിന് അന്യനായതിനാലും ശത്രുതയാലുമല്ല അവനു വെള്ളം കൊടുക്കാൻ വിസമ്മതിച്ചതെന്നും, അവന്റെ ദാഹത്തിന്റെ ആധിക്യം നിമിത്തം നിയമത്തിന്റെ അനുശാസനം ലംഘിക്കപ്പെടാതിരിക്കാൻ അവനു മുന്നിയിപ്പു കൊടുക്കുന്നതെന്നും നാം അറിയാൻ വേണ്ടിയാണ് അവളെക്കൊണ്ട് ഇപ്രകാരം പറയിച്ചത്.

തന്റെ പ്രബോധനം പകർന്നു കൊടുക്കാനുള്ള അവസരമായി നമ്മുടെ കർത്താവ് സ്ത്രീയുടെ മറുപടി വിനിയോഗിച്ചു. നിയമം അനുസരിക്കാൻ ആഗ്രഹിക്കുന്നവളാണ് താനെന്നു കാണിക്കാൻ അവൾ അവനെ നിയമത്തിന്റെ അനുശാസനം ഓർപ്പിച്ചതിനാൽ, താനാരാണെന്ന് വെളിപ്പെടുത്താനുള്ള ശ്രമം അവൻ അവിടെ നിന്ന് തുടങ്ങി: "ദൈവത്തിന്റെ ദാനം എന്താണെന്നും എനിക്കു കുടിക്കാൻ തരിക എന്ന് നിന്നോട് ആവശ്യപ്പെടുന്നത് ആരെന്നും അറിഞ്ഞിരുന്നെങ്കിൽ, നീ അവനോടു ചോദിക്കുകയും അവൻ നിനക്ക് ജീവജലം തരികയും ചെയ്യുമായിരുന്നു" (4,10). എന്നെ നിയമത്തിന്റെ

www.malankaralibrary.com



അനുശാസനങ്ങൾ ഓർപ്പിക്കാനുള്ള നിന്റെ സന്മനസ്സ് ഞാൻഅംഗീകരിക്കുന്നു. പക്ഷേ, നിന്നോടു സംസാരിക്കുന്നവന്റെ ഔന്നത്യം നിനക്ക് അറിയില്ലെന്നു തോന്നുന്നു. നിന്റെ ഉപദേശം ആവശ്യമുള്ളവനല്ല ഞാൻ. മറിച്ച്, ചോദിക്കുന്നവർക്ക് മനുഷ്യസ്വഭാവത്തിന് ഉപരിസ്ഥമായി നന്മകൾ നൽകാൻ കഴിവുറ്റവനാണ് ഞാൻ.

എന്നാൽ ആ സ്ത്രീ ഈ വാക്കുകൾ മനസ്സിലാക്കാഞ്ഞതിനാലും ജീവജലം എന്താണെന്ന് അവൾക്ക് അറിവില്ലാഞ്ഞതിനാലും അവനോടു പറഞ്ഞു: "കർത്താവേ, നിനക്കു തൊട്ടിയില്ല. കിണറോ ആഴമുള്ളത്. പിന്നെ, ജീവജലം നിനക്ക് എവിടെനിന്ന് കിട്ടും?" (4,11). - അവൾ തന്റെ സംസാരരീതി മാറ്റി. നേരത്തേ അവൾ എടുത്തുചാടി പറഞ്ഞു: "നീ ഒരു യൂദനായിരിക്കെ എങ്ങനെ?" ഇവിടെ, *കർത്താവേ,* എന്നു വിളിച്ചുകൊണ്ട് ഉപചാരപൂർവമാണ് സംസാരിക്കുന്നത്. ദാഹത്തിന്റെ ഉഗ്രത നിമിത്തം നിയമം ലംഘിക്കാൻ അവൻ മടിക്കില്ല എന്ന് കരുതിക്കൊണ്ടാണ് അവൾ നേരത്തേ സംസാരിച്ചത്. ഇവിടെ, അവൻ കുടിക്കാൻ ചോദിച്ചത് ദാഹം കൊണ്ടു വലഞ്ഞതിനാലല്ല എന്ന് അവന്റെ മറുപടിയിലും കുലീന വാക്കുകളിലും നിന്ന് അവൾ ഗ്രഹിച്ചതുകൊണ്ട്, അവൾ അവന്റെ വാക്കുകൾക്ക് അർഹമായ ആദരവു നൽകി: എവിടെ നിന്നാണ് നീയെനിക്ക് ഈ ജീവജലം നല്കുന്നത്? നിനക്കു തൊട്ടി പോലുമില്ല. കിണറാണെങ്കിൽ ആഴമുള്ളത്.

അവൾ കൂടുതൽ കാര്യങ്ങൾ അറിയാൻ ആഗ്രഹിച്ചതുകൊണ്ട് അവനോടു പറഞ്ഞു: "ഈ കിണർ ഞങ്ങൾക്കുതന്ന ഞങ്ങളുടെ പിതാവായ യാക്കോബിനേക്കാൾ നീ വലിയവനാണോ? അവനും അവന്റെ മക്കളും ആടുമാടുകളും ഈ കിണറ്റിൽ നിന്നാണ് കുടിച്ചിരുന്നത് "(4,12). - ഞങ്ങൾക്ക് ഈ കിണർ കുഴിച്ചു തന്നവനേക്കാൾ വലിയ ശക്തിയുള്ളവനാണോ നീ? അവനും അവന്റെ മക്കളും ഇതുപയോഗിച്ചു. അവന്റെ പ്രവൃത്തിയുടെ ഫലം ഞങ്ങളും അനുഭവിക്കുന്നതിന് അവൻ ഇതു ഞങ്ങൾക്ക് കൈവശമായി തന്നു. അധ്വാനവും മാനുഷിക പരിശ്രമവും കൂടാതെയും തൊട്ടി ഇല്ലാതെയും കുടിക്കാൻ വെള്ളം തരാൻ കഴിവുള്ള നിന്നിൽ നിന്ന് എന്തെങ്കിലും ഉണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

നമ്മുടെ കർത്താവ് ഈ വെള്ളത്തെക്കുറിച്ചല്ല സംസാരിച്ചതെന്ന് അവളെ അറിയിക്കാൻ പറഞ്ഞു: "ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും. എന്നാൽ ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനിലേക്ക് നിർഗളിക്കുന്ന അരുവിയാകും"(4,13-14). ഞാൻ വാഗ്ദാനം

www.malankaralibrary.com



ചെയ്ത ഈ വെള്ളവും ആ വെള്ളവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ആ വെള്ളം കുടിച്ചാൽ, കുറച്ചു സമയത്തേക്കുമാത്രം ദാഹം തീരും. ആ സ്വാഭാവികജലം കുടിച്ചാൽ, കുടിക്കുന്നവന് അധികം താമസിയാതെ വീണ്ടും ദാഹിക്കും. ഞാൻ തരുന്ന വെള്ളമാകട്ടെ, ഒരിക്കലും തീർന്നുപോകുകയില്ല. എന്നു മാത്രമല്ല, കുടിക്കുന്നവന് പിന്നെ ദാഹം തോന്നുകയുമില്ല. മറിച്ച് , അത് അവനിൽ എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്ന ഒരരുവിയായി മാറും. ഉറവയിൽ നിന്നുള്ള വെള്ളം വറ്റിപ്പോകാത്തതുകൊണ്ട് വേറൊരിടത്തുനിന്ന് കൊണ്ടുവരികയും അതിൽ ഒഴിക്കുകയും ചെയ്യേണ്ടതില്ല. ആഗ്രഹിക്കുന്നവർക്ക് അത് നിരന്തരമായ സംതൃപ്തി നൽകും. അതുപോലെ, ഈ വെള്ളത്തിന്റെ ശക്തി അതു കുടിക്കുന്നവർക്ക് നിത്യസഹായം നൽകുന്നു. എപ്പോഴും അയാളെ കാത്തുസൂക്ഷിക്കുന്നു. അവൻ നശിക്കാൻ അത് ഒരിക്കലും അനുവദിക്കുകയില്ല. അതുകൊണ്ട്, ഈ കൃപ സ്വീകരിക്കുന്നവൻ ഒരിക്കലും മരണത്തിലേക്കു വരുന്നില്ല. ആത്മാവിന്റെ ശക്തി യഥാർഥത്തിൽ ഇത്തരത്തിൽ ഉള്ളതായതിനാൽ ന്യായമായും ഉചിതമായുമാണ് അപ്രകാരം പറഞ്ഞത്. അതിനാൽ ഭാവിയിലെ ഉത്ഥാനത്തിന്റെ പ്രത്യാശയോടെ ഇവിടെ ആത്മാവിന്റെ ആദ്യഫലം അവനിൽ നിന്നു നാം പ്രാപിക്കുന്നു. ഇപ്പോൾ പ്രതീകാത്മകമായി ഈ കാര്യം നിറവേറ്റപ്പെടുന്നു. അപ്പോഴാകട്ടെ, സമ്പൂർണകൃപ പ്രാപിക്കാമെന്ന് പ്രതീക്ഷിക്കുന്നു. തദ്ഫലമായി അതിലുള്ള പങ്കാളിത്തംവഴി നാം വ്യതിയാനാതീതരായിത്തീരും.

ഈ വാക്കുകൾ ഭൗതികമായി മനസ്സിലാക്കിയ സ്ത്രീ പറഞ്ഞു: "ആ വെള്ളം എനിക്കു തരിക. മേലിൽ എനിക്കു ദാഹിക്കുകയില്ലല്ലോ. വെള്ളം കോരാൻ ഞാൻ ഇവിടെ വരികയും വേണ്ടല്ലോ" (4.15). അപ്പോൾ കർത്താവ് എന്ത് ചെയ്തു? തന്റെ ആന്തരികസ്വഭാവം വെളിപ്പെടുത്തിക്കൊണ്ടും തന്റെ വാഗ്ദാനം സ്ഥിരപ്പെടുത്തിക്കൊണ്ടും ഇതുവരെ മറഞ്ഞിരുന്നത് വെളിവാക്കിക്കൊണ്ടും അനുകൂല സാഹചര്യം സൃഷ്ടിച്ച്, അവളോട് ഇപ്രകാരം പറഞ്ഞു: "നീ പോയി നിന്റെ ഭർത്താവിനെ കൂട്ടിക്കൊണ്ടുവരിക" (4,16). തനിക്കു ഭർത്താവില്ലെന്ന് അവൾ മറുപടി പറഞ്ഞപ്പോൾ യേശു അവളോടു പറഞ്ഞു: "എനിക്കു ഭർത്താവില്ലെന്നു നീ പറഞ്ഞത് ശരിയാണ്. നിനക്ക് അഞ്ച് ഭർത്താക്കന്മാർ ഉണ്ടായിരുന്നു. ഇപ്പോഴുള്ളവൻ നിന്റെ ഭർത്താവല്ല. നീ പറഞ്ഞത് സത്യമാണ് "(4,17-18). എല്ലാവർക്കും മറഞ്ഞിരുന്നത് വെളിപ്പെടുത്തിക്കൊണ്ട് അവൻ തന്റെ ആന്തരികസ്വഭാവം കൃത്യമായി വെളിപ്പെടുത്തി. തന്റെ വാഗ്ദാനം വഞ്ചനാപരമല്ലെന്നു തെളിയിച്ചു. താൻ വാഗ്ദാനം ചെയ്തതു നിസ്സാര കാര്യമല്ലെന്നും കാണിച്ചു. ആ സ്ത്രീ നല്ല ജീവിതമല്ല

www.malankaralibrary.com



നയിച്ചിരുന്നതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. നിയമാനുസൃതമല്ലാതെ വിവാഹം കഴിച്ച ഒരു പുരുഷൻ അവൾക്കുണ്ടെന്ന് തോന്നുന്നു. അതുകൊണ്ട് അവൾ പറഞ്ഞു: "എനിക്കു ഭർത്താവില്ല." അവൻ അവളുടെ ഭർത്താവല്ലെന്ന് നമ്മുടെ കർത്താവും പറയുന്നുണ്ടല്ലോ. അവളെ സ്വീകരിച്ച അഞ്ചുപേരും അവളെ ഒന്നിനു പിറകെ ഒന്നായി പരസ്യമായി വിവാഹം ചെയ്തു എന്നു തോന്നുന്നില്ല. തന്റെ സഹപൗരന്മാർക്കെല്ലാം മറഞ്ഞിരുന്നത് ഒരപരിചിതൻ വ്യക്തമായും വെളിവായും പറഞ്ഞല്ലോ എന്നതുകൊണ്ട് സ്ത്രീ അത്ഭുതപരതന്ത്രയായി. അതുകൊണ്ട് അവൾ അവനോടു പറഞ്ഞു: "കർത്താവേ, അങ്ങ് ഒരു പ്രവാചകനാമെന്ന് ഞാൻ മനസ്സിലാക്കുന്നു" (4,19). എല്ലാവർക്കും മറഞ്ഞിരിക്കുന്നത് വെളിപ്പെടുത്താൻ ഒരു പ്രവാചകനു മാത്രമേ കഴികയുള്ളു. അതുകൊണ്ടെന്ത്? ഒരു പ്രവാചകനോട്, എനിക്ക് വലിയ കാര്യങ്ങൾ ചോദിച്ചറിയാനുണ്ട്. എന്നെ വല്ലാതെ അലട്ടുന്ന എന്റെ ഈ പ്രശ്നത്തിന് എനിക്ക് ഉത്തരം തരണമെ. അതിനുത്തരം കണ്ടെത്താൻ കഴിയാതെ അതേക്കുറിച്ച് ചർച്ച നടത്തിയവർ ധാരാളമുണ്ട്. പഴക്കംകൊണ്ട് ഇതൊരു വലിയ പ്രശ്നമായി മാറിയിരിക്കയാണ്. മറ്റ് സ്ഥലത്ത് ആരാധന നടത്തുന്നത് തെറ്റായി കരുതി ഞങ്ങളുടെ പിതാക്കന്മാർ എപ്പോഴും ഈ മലയിലാണ് ദൈവത്തെ ആരാധിച്ചിരുന്നത്. ജറുസലേം മലയാണ് ദൈവത്തിന്റെ സ്ഥലമെന്ന് പണ്ടുമുതലേ നിങ്ങൾ വാദിക്കുന്നു. ഇതുകേട്ട കർത്താവ് അവളെ കൃത്യമായി പഠിപ്പിക്കേണ്ടതാണെന്ന് വിലയിരുത്തി. കാരണം, തന്നെ ഒരു പ്രവാചകനായി കരുതിയാണ് അവൾ തന്നോട് ഈ ചോദ്യം ചോദിച്ചതെന്ന് അവൻ മനസ്സിലാക്കി.

അതുകൊണ്ട്, അവൻ അവളോടു പറഞ്ഞു: "സ്ത്രീ, എന്നെ വിശ്വസിക്കുക"(4,21). മുമ്പ് അവളോടു പറഞ്ഞവ വഴി അവൻ തന്റെ വാക്കുകളുടെ യാഥാർഥ്യം വ്യക്തമായി ചൂണ്ടിക്കാണിച്ചശേഷം പറഞ്ഞ "എന്നെ വിശ്വസിക്കുക" എന്ന വാക്കുകൾ വളരെ നന്നായിരിക്കുന്നു. നിങ്ങൾ പിതാവിനെ ആരാധിക്കുന്നത് ഈ മലയിലുമല്ല, ജറുസലേത്തുമല്ല എന്ന സമയം വരുന്നു (4,21). ഇതേക്കുറിച്ച് അറിയാൻ നിനക്ക് ആഗ്രഹമുണ്ടോ? ഭാവിയിൽ രണ്ടു സ്ഥലവും അവസാനിക്കുമെന്ന് നീ അറിയുക. ഈ രണ്ട് ആരാധന സ്ഥലങ്ങളുടെയും അന്ത്യം പ്രവചിച്ചതുകൊണ്ട് യഹൂദരേയും സമറിയാക്കാരേയും തുല്യരായി കാണാതിരിക്കാൻ അവിടുന്ന് പറയുന്നു: "സമറിയാക്കാരായ നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു. യഹൂദരായ ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു. എന്തെന്നാൽ രക്ഷ യഹൂദരിൽ നിന്നാണ് " (4,21-22). *യഹൂദരിൽ* എന്നല്ല, *യഹൂദരിൽ നിന്ന്* എന്നത്രേ

www.malankaralibrary.com



അവിടുന്ന് പറഞ്ഞത്. കാരണം, രക്ഷ അവരിലല്ല, അവരിൽ നിന്നാണ് ഉണ്ടായത്. അതായത്, ജഡത്തിലുള്ള മിശിഹാ അവരിൽ നിന്നാണ് ഉണ്ടായത്. അതുകൊണ്ടാണ് രക്ഷ യഹൂദരുടെ കൂടെയാണെന്ന് അവൻ പറഞ്ഞത്. എങ്കിലും രണ്ട് ആരാധനസ്ഥലങ്ങളും ശൂന്യമാക്കപ്പെടും.

ഇതെങ്ങനെ സംഭവിക്കുമെന്ന് അവൻ വിശദീകരിക്കുന്നു: "എന്നാൽ സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു. അത് ഇപ്പോൾ തന്നെയുമാകുന്നു. അങ്ങനെയുള്ള ആരാധകരെയാണ് പിതാവും അന്വേഷിക്കുന്നത്. ദൈവം ആത്മാവാകുന്നു. അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത് " (4,23-24). ദൈവം അർഹിക്കുന്ന വിധത്തിലും അവന്റെ സ്വഭാവത്തിന് അനുയോജ്യമായ വിധത്തിലും ആരാധിക്കപ്പെടുന്ന സമയം വരുന്നു. അത് ഇപ്പോഴേ വന്നുകഴിഞ്ഞു. ദൈവസ്വഭാവം അശരീരികമാണ്: അവന് സ്ഥലപരിമിതിയില്ല. അവൻ എല്ലായിടത്തുമുണ്ടെന്ന ആശയം അനുസരിച്ചാണ് അവൻ ആരാധിക്കപ്പെടേണ്ടത്. അതുകൊണ്ട്, ദൈവം അർഹിക്കുന്ന രീതിയിൽ അവനെ ബഹുമാനിക്കുകയും അപരിമിതനായവനോട് എവിടെ വച്ചും സംസാരിക്കാൻ കഴിയുമെന്നും ശുദ്ധമനസ്സാക്ഷിയിൽ വിശ്വസിക്കുകയും ചെയ്യുന്നവനാണ് സത്യാരാധകൻ. ദൈവം ഇവിടെ അല്ലെങ്കിൽ അവിടെ മാത്രമാണുള്ളതെന്നു കരുതി ഒരു സ്ഥലത്തു മാത്രമേ അവൻ ആരാധിക്കപ്പെടാവൂ എന്നതിനേപ്പറ്റി തർക്കിക്കേണ്ട കാര്യമില്ല. അത്തരം തർക്കങ്ങൾ ദൈവത്തിന് ബഹുമാനത്തേക്കാൾ അപമാനകരമാണ്. അതുപോലെ ആരാധകരുടെ യഥാർഥ മനോഭാവത്തിന് എതിരാണ്.

ഈ പുതിയ പ്രബോധനം പഴയതിനേക്കാൾ ആഴമുള്ളതും ദൈവസ്വഭാവത്തിന് ചേരുന്നതും യഹൂദ ബലഹീനതകൾക്ക് അതീതവുമാണെന്ന് മനസ്സിലാക്കിയ ആ സ്ത്രീ അവനോട് ഇങ്ങനെ ഉചിതമായി പറഞ്ഞു: "മിശിഹാ വരുമെന്ന് എനിക്കറിയാം. അവൻ വരുമ്പോൾ ഞങ്ങളെ എല്ലാ കാര്യങ്ങളും പഠിപ്പിക്കും"(4,25). മിശിഹായെ ഞങ്ങൾ കാത്തിരിക്കുന്നു. അവൻ വരുമ്പോൾ ഞങ്ങളുടെ പരമ്പരാഗതമായ പ്രബോധനത്തെ അതിശയിക്കുന്നതും ആഴമേറിയതുമായ സംഗതികൾ ഞങ്ങളെ പഠിപ്പിക്കും. നീ ആ മിശിഹാ ആണോ? അവൻ അവളോടു മറുപടി പറഞ്ഞു: "നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെയാണ് അവൻ" (4,26). അതായത്, നിങ്ങൾ പ്രതീക്ഷിക്കുന്നവൻ ഞാൻ തന്നെയാണ്.

അവൻ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അവന്റെ ശിഷ്യന്മാർ വരികയും അവൻ ഒരു സ്ത്രീയോട് സംസാരിച്ചുകൊണ്ടിരിക്കുന്നതു കണ്ട് ആശ്ചര്യപ്പെടുകയും ചെയ്തു. എന്തിനെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന് ആരും

www.malankaralibrary.com



ചോദിച്ചില്ല. "നീ എന്തു ചോദിക്കുന്നു?" എന്ന വാക്കുകളുടെ അർത്ഥം, ആരേക്കുറിച്ച്, അല്ലെങ്കിൽ എന്തിനേക്കുറിച്ച്, നീ സംസാരിക്കുന്നു എന്നാണ്. അവൻ ഒരു സ്ത്രീയോട് സംസാരിക്കുന്നതു കൊണ്ടല്ല അവർ വിസ്മയിച്ചതെന്നു വ്യക്തം. പലപ്പോഴും അവൻ വ്യത്യസ്ത സ്ത്രീകളോട് സംസാരിച്ചിട്ടുണ്ട്. എന്തുകൊണ്ടാണ് അവൻ ഒരു അപരിചിതയോട് വ്യക്തിപരമായി സംസാരിക്കുന്നത് ഒഴിവാക്കാതിരുന്നത് എന്നതിനാലാണ് അവർ ആശ്ചര്യപ്പെട്ടത്. "ശിഷ്യന്മാർ പട്ടണത്തിലേക്കു പോയിരുന്നു" എന്ന വാക്കുകൾ പറഞ്ഞുകൊണ്ട് (4,8) യോഹന്നാൻ ഇതേപ്പറ്റി സൂചന നൽകുന്നു. കാരണം, അപരിചിതരായ സ്ത്രീകളോട്-അന്യജാതിയിൽ പെട്ട പുത്രിമാരോട്-അവൻ വളരെ അടുത്തും സ്വതന്ത്രമായിട്ടും സംസാരിക്കാറില്ലായിരുന്നു. സംസാരിക്കുന്നവരും ശാലീനത കാക്കത്തക്കവിധം വലിയ മാന്യതയോടെയാണ് അവൻ സംസാരിച്ചിരുന്നത്. ഇത് പലപ്പോഴും, പ്രത്യേകിച്ച് മർത്തായുടെയും മറിയത്തിന്റെയും ഭവനത്തിൽ സംഭവിച്ചതിൽ നിന്നും, കാണാവുന്നതാണ്. തന്നെ പഠിപ്പിക്കുന്ന നമ്മുടെ കർത്താവിന്റെ പാദത്തിങ്കൽ അവരിലൊരാൾ ഇരുന്നു. മറ്റവളാകട്ടെ, തനിച്ച് ശുശ്രൂഷ ചെയ്തു ക്ഷീണിച്ചതിനാൽ, തന്റെ സഹോദരിയെ എഴുന്നേൽപിച്ചുവിടണം എന്നു പറഞ്ഞു.

സ്ത്രീയാകട്ടെ ഈ വാക്കുകൾ കേട്ടശേഷം തന്റെ കുടം അവിടെ വച്ചിട്ട്, അടുത്തു നിൽക്കുന്നവരെയും തന്റെ വരവിന്റെ ഉദ്ദേശ്യവും മറന്നിട്ട് പട്ടണത്തിലേക്കോടി, മിശിഹായെക്കാണാൻ പട്ടണവാസികളെ വിളിച്ചുകൊണ്ടുവന്നു. വളരെ വിവേകത്തോടെയാണ് അവൾ ഈ കാര്യം അവരെ ധരിപ്പിച്ചത്: ഞാൻ രഹസ്യമായി ചെയ്തതെല്ലാം അവൻ എന്നോട് കൃത്യമായി പറഞ്ഞു. അവൻ മിശിഹയാണെന്ന് അവൾ തറപ്പിച്ചു പറഞ്ഞില്ല. സംശയം പ്രകടിപ്പിച്ചതേയുള്ളു: "അവൻ തന്നെ ആയിരിക്കുമോ മിശിഹാ എന്നു ചോദിച്ചു" (4,29). ഈ പറഞ്ഞവയെക്കുറിച്ച് അവർ വിലയിരുത്താൻ അവർക്ക് അവസരം കൊടുക്കാനാണ് അവൾ ഇങ്ങനെ ചോദിച്ചത്. വ്യക്തമായ തെളിവിനുശേഷവും അവൾ തീർച്ചയായി ഒന്നും പറയുന്നില്ലെന്നും അന്വേഷിക്കുകയാണെന്നും അറിഞ്ഞപ്പോൾ, അവളുടെ വാക്കുകളിൽ അവർ കൂടുതൽ വിശ്വസിക്കുകയാണ് ചെയ്തത്. അതുകൊണ്ട്, അവൾ പറഞ്ഞതിന്റെ വാസ്തവികത അറിയാനായി അവർ താൽപര്യപൂർവം പുറപ്പെട്ടു.

ഇതിനിടയ്ക്ക് കർത്താവും ശിഷ്യരും തമ്മിൽ നടന്ന സംസാരമാണ് സുവിശേഷകൻ തുടർന്ന് വിവരിക്കുന്നത്. അവർ കർത്താവിനോട് ഭക്ഷണം കഴിക്കാൻ അപേക്ഷിച്ചു. അവർക്ക് അജ്ഞാതമായ ഭക്ഷണം തനിക്കുണ്ടെന്ന് അവൻ പ്രത്യുത്തരിച്ചു. ഇത് അവരുടെ സംശയം ദൂരീകരിച്ചു. അവൻ ആ

www.malankaralibrary.com



സ്ത്രീയോട് സംസാരിക്കാൻ ഇടയായതിന്റെ കാരണം എന്താണെന്ന് അറിയാതെ, അതേക്കുറിച്ച് അവർ ആശ്ചര്യപ്പെട്ടിരുന്നു. മനുഷ്യരക്ഷയിൽ തനിക്കുള്ള താൽപര്യം മറ്റേതൊരു കാര്യത്തേക്കാൾ ഉപരിയായിരുന്നതിനാലാണ് അവൻ അവളോടു സംസാരിച്ചത്. അതുകൊണ്ട്, ഭക്ഷണത്തിന്റെ ആവശ്യത്തേക്കാൾ കൂടുതലായി അതാണ് അവനെ കൂടുതൽ നിർബന്ധിച്ചത്.

ശിഷ്യന്മാരാകട്ടെ ഭൗതിക ഭക്ഷണത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ട്, "ആരെങ്കിലും അവന് ഭക്ഷിക്കാൻ കൊടുത്തുവോ? എന്ന് പരസ്പരം പറഞ്ഞു. അതുകൊണ്ട് യേശു കാര്യം മുഴുവൻ വ്യക്തമാക്കാൻ പറഞ്ഞു: എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം"(4,34). ഏതാണ് ഈ ജോലി? -മനുഷ്യരുടെ മാനസാന്തരം. മനുഷ്യനെന്ന നിലയിൽ ശാരീരികഭക്ഷണത്തെക്കുറിച്ച് തനിക്കാവശ്യമുണ്ടെന്ന് നേരത്തേ പറഞ്ഞു. ശാരീരികഭക്ഷണത്തേക്കാൾ തനിക്കാവശ്യമുള്ളത് തന്നെ അയച്ചവന്റെ തിരുമനസ്സ് നിറവേറ്റുക എന്നതാണ്. അതാണവന്റെ ദൗത്യം. ഭൗമികമനുഷ്യരുടെ മാനസാന്തരമാണ് തന്റെ ജോലി. ഇതേജോലി നിറവേറ്റാൻ നിയുക്തരായ മറ്റുള്ളവരേക്കാൾ കൂടുതലായി ദൈവികസഹായത്തിലാണ് അവൻ ആശ്രയിച്ചത്.

"നാലുമാസംകൂടി കഴിഞ്ഞാൽ വിളവെടുപ്പായി എന്നു നിങ്ങൾ പറയുന്നില്ലേ? എന്നാൽ ഞാൻ പറയുന്നു: നിങ്ങൾ കണ്ണുകളുയർത്തി വയലുകളിലേക്കു നോക്കുവിൻ. അവ ഇപ്പോൾതന്നെ വിളഞ്ഞ് കൊയ്ത്തിനു പാകമായിരിക്കുന്നു"(4,35). അവൻ സംസാരിച്ച സമയത്തെയാണ് ഇതു കാണിക്കുന്നത്. നാലുമാസത്തിനുശേഷം വിളവെടുപ്പാണ്. ഇവിടെ നമ്മുടെ കർത്താവു പറയുന്നു: "കൊയ്ത്തുകാലം വരെ നാലുമാസം ഉണ്ടെന്ന് നിങ്ങൾ പറയുന്നില്ലേ?" മെച്ചപ്പെട്ടതും അടുത്തുള്ളതുമായ വിളവെടുപ്പ് ഞാൻ നിങ്ങൾക്ക് കാട്ടിത്തരാം. സമറിയാക്കാരുടെ വരവും മാനസാന്തരവുമാണ് അവൻ ഉദ്ദേശിച്ചത്: "കൊയ്യുന്നവന് കൂലി കിട്ടുകയും അവൻ നിത്യജീവനിലേക്ക് ഫലം ശേഖരിക്കുകയും ചെയ്യുന്നു. അങ്ങനെ വിതയ്ക്കുന്നവനും കൊയ്യുന്നവനും ഒപ്പം സന്തോഷിക്കുന്നു. വിതയ്ക്കുന്നത് ഒരുവൻ, കൊയ്യുന്നത് മറ്റൊരുവൻ എന്ന ചൊല്ല് ഇവിടെ സാർഥകമായിരിക്കുന്നു"(4,36-37). പ്രസംഗിക്കാനും പഠിപ്പിക്കാനും അവൻ ആഗ്രഹിച്ചതിനാൽ, തന്നെത്തന്നെ വിതക്കാരൻ എന്നും ശ്ലീഹന്മാരെ കൊയ്ത്തുകാരെന്നും വിളിക്കുന്നു. കാരണം, അവനിൽ നിന്നാണ് അവർ തുടങ്ങുന്നതും ഫലങ്ങളായ മനുഷ്യരെ ദൈവത്തിനു സമർപ്പിക്കുന്നതും. അതുകൊണ്ട് അവൻ കൂട്ടിച്ചേർത്തു: "കൊയ്യുന്നവൻ കൂലി സ്വീകരിക്കുന്നു." അതായത്,

www.malankaralibrary.com



നിങ്ങളുടെ പ്രവൃത്തികളുടെ ആരംഭവും ഹേതുവും ഞാനാണെങ്കിലും നിങ്ങളുടെ അധ്വാനത്തിന് നിങ്ങൾക്ക് പ്രതിഫലം ലഭിക്കും. എന്നാൽ നിങ്ങളുടെ അധ്വാനത്തിന് അനുസൃതമായിട്ടായിരിക്കും നിങ്ങൾക്കു കൂലി കിട്ടുക. നേട്ടം പൊതുവായിരിക്കും. ഞാൻ വിതച്ചതിനാൽ എന്റേതും, നിങ്ങൾ കൊയ്തതിനാൽ നിങ്ങളുടേതും. ഫലം ശേഖരിച്ചതിനാൽ നിങ്ങൾ സന്തോഷിക്കുന്നു. വിത്ത് മുളച്ചു വളരുന്നതു കണ്ട് ഞാനും സന്തോഷിക്കുന്നു. ഞാൻ വിതച്ച വിത്തിൽ നിന്ന് നിങ്ങൾക്ക് വലിയ ശക്തി ലഭിച്ചിരിക്കുന്നു. എന്നിൽ നിന്നു സ്വീകരിച്ച സഹായം വഴി അനേകരെ വിശ്വാസത്തിലേക്കു കൊണ്ടുവരാൻ നിങ്ങൾക്കു കഴിയുന്നു. ഇതുവഴി കൃപയുടെ യാഥാർഥ്യം കൂടുതൽ വെളിവാകുന്നു. എന്നിൽ നിന്നു പുറപ്പെടുന്ന ശക്തിയാൽ നിങ്ങൾക്ക് ചെയ്യാൻ കഴിയുന്നതും നിങ്ങൾ തദനുസൃതം പ്രവർത്തിക്കുന്നതും എന്റെ ശക്തിയുടെ ഔന്നത്യം ഉറപ്പിക്കുന്നു.

"നിങ്ങൾ അധ്വാനിച്ചിട്ടില്ലാത്ത വിളവു ശേഖരിക്കാൻ ഞാൻ നിങ്ങളെ അയച്ചു. മറ്റുള്ളവരാണ് അധ്വാനിച്ചത്. അവരുടെ അധ്വാനത്തിന്റെ ഫലത്തിലേക്ക് നിങ്ങൾ പ്രവേശിച്ചിരിക്കുന്നു"(4,38). അവൻ തന്നെത്തന്നെ മതത്തിന്റെ വിതക്കാരനെന്ന് വിളിക്കുന്നു; താൻ ജഡത്തിൽ പ്രത്യക്ഷനാകുന്നതിനുമുമ്പ്, പ്രവാചകന്മാരിലൂടെയും പിന്നീടു വന്ന നീതിമാന്മാരിലൂടെയും മതപരമായ പ്രബോധനത്തിന്റെ തുടക്കം കുറിച്ചെന്നും ആ തുടക്കം തന്നിൽ നിന്ന് ലഭിച്ചതാണെന്നും ബോധപൂർവം കാണിക്കുന്നു. മതപ്രബോധനമാകുന്ന വിത്ത് മനുഷ്യരുടെ ഇടയിൽ നിലനിൽക്കാൻ അവർ വളരെ അധ്വാനിച്ചു. അതിനു ശേഷമാണ് നിങ്ങൾ വന്നതും അവരുടെ അധ്വാനഫലമായി നിങ്ങൾ മനുഷ്യരെ ശേഖരിച്ച് മതത്തിലേക്ക് നയിച്ചതും. തുടക്കം മുതൽ ഈ കൃഷി എന്റേതല്ലാതിരുന്നെങ്കിൽ, മറ്റുള്ളവരുടെ പ്രവർത്തനഫലം കൊയ്യുന്നതിനും അനുഭവിക്കുന്നതിനും ഞാൻ നിങ്ങളോടു കൽപിക്കയില്ലായിരുന്നു. കാലാകാലങ്ങളിൽ വിതയ്ക്കാനും കൊയ്യാനുമുള്ള കൃഷിസംബന്ധമായ വിവിധജോലികൾ ഞാൻ പങ്കിട്ടുകൊടുത്ത് ഓരോരുത്തരെ ഏൽപിക്കുന്നു.

നമ്മുടെ കർത്താവിന്റെ പ്രബോധനം ഇവിടെ നിർത്തിയിട്ട്, സുവിശേഷകൻ പറയുന്നു: "ആ സ്ത്രീയുടെ സാക്ഷ്യം മൂലം അനേകം സമറിയാക്കാർ അവനിൽ വിശ്വസിച്ചു" (4,39). തങ്ങളുടെ കൂടെ പാർക്കണമെന്ന് അവർ അവനോട് ഉടനെ അപേക്ഷിക്കുകയും അവൻ അവിടെ രണ്ടു ദിവസം ചെലവഴിക്കുകയും ചെയ്തു. വളരെപ്പേർ അവനിൽ വിശ്വസിച്ചു. അവർ ആ സ്ത്രീയോട്, നിന്റെ സാക്ഷ്യം നിമിത്തമല്ല ഇപ്പോൾ ഞങ്ങൾ വിശ്വസിക്കുന്നത്. അവളുടെ വാക്കുകളുടെ സാക്ഷ്യത്തേക്കാൾ വലിയ തെളിവുകൾ അവർക്ക് ലഭിച്ചതിനാൽ, അവൻ മിശിഹായാണെന്ന് ദൃഢമായി അവർ വിശ്വസിച്ചു.

www.malankaralibrary.com



### ഗലീലിയിലേക്കു പോകുന്നു

രണ്ടുദിവസം അവിടെ പാർത്തശേഷം മുൻകൂട്ടി നിശ്ചയിച്ചിരുന്നതനുസരിച്ച് അവൻ ഗലീലിയിലേക്കു യാത്രതിരിച്ചു (4,43-45). ഇത് അവസരോചിതമായിരുന്നു. എന്നു മാത്രമല്ല, പ്രവാചകൻ സ്വന്തനാട്ടിൽ ബഹുമാനിക്കപ്പെടുന്നില്ലെന്ന് പല പ്രാവശ്യം അവൻ പറയുകയും ചെയ്തിട്ടുള്ളതാണ്. യൂദയായെയാണ് അവൻ തന്റെ സ്വന്തനാടെന്നു വിളിച്ചത്. യഹൂദർ കൊടിയ അസൂയ നിമിത്തം അവനെ പലതരത്തിൽ പീഡിപ്പിച്ചതാണ് അവൻ അവിടം വിട്ടുപോരാൻ കാരണം. സുവിശേഷകൻ സമറിയാക്കാരേപ്പറ്റി പറഞ്ഞതെല്ലാം ഒരു പാർശ്വവിവരണമായി കണക്കാക്കാം. മിശിഹായുടെ ജന്മസ്ഥലം സമറിയാ അല്ലായിരുന്നു. "ബഹുമാനിക്കപ്പെടുന്നില്ല" എന്ന വാക്ക് സമറിയാക്കാരേപ്പറ്റി പറയാൻ സാധ്യമല്ല. അവർ അവനിൽ വിശ്വസിക്കുകയും ബഹുമാനപൂർവം അവനെ സ്വീകരിക്കുകയും ചെയ്തു. അവൻ ജറുസലേമിൽ ചെയ്തവ കാണുകയും അറിയുകയും ചെയ്തപ്പോൾ, ഗലീലിയരും അവനെ ബഹുമാനപൂർവം സ്വീകരിച്ചെന്ന് സുവിശേഷകൻ രേഖപ്പെടുത്തുന്നു. അതുകൊണ്ട്, നമ്മുടെ കർത്താവ് അവിവേകമായി വന്ന് ദേവാലയത്തിൽ ആടുമാടുകളെ വിറ്റിരുന്നവരെ പുറത്താക്കുകയല്ല ചെയ്തത്. പിന്നെയോ, അവിടെ അത്ഭുതങ്ങളും വളരെ അടയാളങ്ങളും കാണിച്ച ശേഷമാണ് അങ്ങനെ ചെയ്തത് എന്നു വ്യക്തമാണ്.

### രാജസേവകന്റെ പുത്രൻ

"അവൻ വീണ്ടും ഗലീലിയിലെ കാനായിലെത്തി. അവിടെവച്ചാണ് അവൻ വെള്ളം വീഞ്ഞാക്കിയത്. കഫർണാമിൽ ഒരു രാജസേവകൻ ഉണ്ടായിരുന്നു. അവന്റെ മകൻ രോഗബാധിതനായിരുന്നു. യേശു യൂദയായിൽ നിന്ന് ഗലീലിയിലേക്കു വന്നെന്ന് കേട്ടപ്പോൾ, അവൻ ചെന്ന് തന്റെ ആസന്നമരണനായ മകനെ വന്ന് സുഖപ്പെടുത്തണമെന്ന് അവനോടപേക്ഷിച്ചു. അടയാളങ്ങളും അത്ഭുതങ്ങളും കാണുന്നില്ലെങ്കിൽ നിങ്ങൾ ഒരിക്കലും വിശ്വസിക്കുകയില്ലല്ലോ"എന്ന് കുറ്റപ്പെടുത്തിക്കൊണ്ട് യേശു പ്രത്യുത്തരിച്ചു (4,46-48). സമ്പൂർണ വിശ്വാസം കൂടാതെ യേശുവിന്റെ അടുത്തുവന്ന് തന്റെ ആസന്നമരണനായ മകനെ സുഖപ്പെടുത്തണമെന്ന് അപേക്ഷിച്ച രാജസേവകനെയാണ് അവൻ ശകാരിച്ചത്. ഇതു കേട്ടപ്പോഴും അവന്റെ മറുപടി, തന്റെ "മകൻ മരിക്കുന്നതിനുമുമ്പ് വേഗം വരണമെ" എന്നായിരുന്നു(4,44). പൂർണവിശ്വാസം കൂടാതെ തന്റെ പക്കൽ വന്നതിനാൽ, അവനെ ശകാരിച്ചുകൊണ്ട്, നമ്മുടെ കർത്താവ് പറഞ്ഞു: "പൊയ്ക്കൊൾക, നിന്റെ മകൻ ജീവിക്കും"(4,50). അതായത്, ഞാൻ വരേണ്ട കാര്യമില്ല.

www.malankaralibrary.com



ഞാൻ പറഞ്ഞാൽ മാത്രം മതി. "യേശു പറഞ്ഞ വചനം വിശ്വസിച്ച് അവൻ പോയി"(4,50). ഇവിടെ *വിശ്വസിച്ചു* എന്ന പദം കൊണ്ട് സുവിശേഷകൻ ഉദ്ദേശിക്കുന്നത്, പൂർണമായി വിശ്വസിച്ചു എന്നല്ല, സംശയം കൂടാതെ കർത്താവിന്റെ വാക്കുകൾ സ്വീകരിച്ചു എന്നും അവനിൽ നിന്ന് നല്ല കാര്യങ്ങൾ പ്രതീക്ഷിച്ചു എന്നുമാണ്. ഇതിനോടു സാമ്യമുള്ളവയാണ് ഈ പുസ്തകത്തിന്റെ ആരംഭത്തിൽ പറഞ്ഞ വാക്കുകൾ: "വളരെപ്പേർ അവനിൽ വിശ്വസിച്ചു"(2,23). അവിടെ സുവിശേഷകൻ കൂട്ടിച്ചേർത്തു: "യേശുവാകട്ടെ, അവരെ വിശ്വസിച്ചില്ല"(2,24). അവർ ദൃഢമായി വിശ്വസിച്ചിരുന്നെങ്കിൽ, അവൻ ഇങ്ങനെ എഴുതുകയില്ലായിരുന്നു.

രാജസേവകൻ അപൂർണ വിശ്വാസത്തോടു കൂടെയാണ് കർതൃസവിധത്തിൽ നിന്ന് മടങ്ങിയതെന്ന് താഴെപ്പറയുന്നവ വ്യക്തമാക്കുന്നു: വീട്ടിലേക്ക് പോയവനോട് അവന്റെ വേലക്കാർ വന്ന് കുട്ടിയുടെ സൗഖ്യത്തെക്കുറിച്ച് പറഞ്ഞു. അവനാകട്ടെ, നന്ദിപറയാൻ തിരിച്ചു വന്നില്ല. ഏതു മണിക്കൂറിലാണ് സൗഖ്യം ലഭിച്ചത് എന്നു ചോദിക്കുകയും കർത്താവ് കുട്ടിക്ക് സൗഖ്യം വാഗ്ദാനം ചെയ്യുകയും ചെയ്ത സമയത്തു തന്നെയാണ് അതു നടന്നതെന്ന് മനസ്സിലാക്കുകയും ചെയ്തു. അപ്പോൾ "അവനും അവന്റെ കുടുംബം മുഴുവനും വിശ്വസിച്ചു" എന്ന് സുവിശേഷകൻ പറയുന്നു: "നിന്റെ മകൻ ജീവിക്കുമെന്ന് യേശു പറഞ്ഞത് ആ മണിക്കൂറിൽ തന്നെയാണെന്ന് ആ പിതാവ് മനസ്സിലാക്കി. അവനും കുടുംബം മുഴുവനും വിശ്വസിച്ചു" (4,53). അവൻ യേശുവിന്റെ വാക്കുകൾ അപ്പോൾതന്നെ പൂർണമായി വിശ്വസിച്ചിരുന്നെങ്കിൽ, അവന്റെ പിതാവ് അറിയുകയും വിശ്വസിക്കുകയും ചെയ്തു എന്ന് പറഞ്ഞത് അധികപ്പറ്റാകുമായിരുന്നു. അതുകൊണ്ട്, *വിശ്വസിച്ചു* എന്ന് മുകളിൽ പറഞ്ഞതിനർഥം *സ്വീകരിച്ചു* എന്നാണ്. ഇവിടെയാകട്ടെ, അവനും അവന്റെ കുടുംബം മുഴുവനും *ഉറപ്പിക്കപ്പെട്ടു* എന്നർഥം (4,53). കാരണം, ഈ സംഭവത്തിൽ നിന്നാണ് അവന് തെളിവു കിട്ടിയത്. നമ്മുടെ കർത്താവ് തുടക്കത്തിൽ ഇതു പരിഗണിച്ചുകൊണ്ടാണ് വ്യക്തമായി പറഞ്ഞത്, "നിങ്ങൾ അടയാളങ്ങളും അത്ഭുതങ്ങളും കാണുന്നില്ലെങ്കിൽ വിശ്വസിക്കുകയില്ലല്ലോ" (4,48). അനന്തരം സുവിശേഷകൻ പറയുന്നു: "യേശു ഗലീലിയിൽ പ്രവർത്തിച്ച രണ്ടാമത്തെ അത്ഭുതമാണിത് (4,54). ഒന്നാമത്തേത് വീഞ്ഞിന്റെ അത്ഭുതമാണ്. അതിനുശേഷം മറ്റുള്ളവർ വിട്ടുകളഞ്ഞ ഒരു കാര്യം വിവരിക്കാൻ തുടങ്ങുന്നു.

**ബേതസ്ഥായിലെ രോഗശാന്തി**

"യഹൂദരുടെ പെരുന്നാളായിരുന്നു. യേശു തന്റെ ശിഷ്യരോടൊത്ത് ജറുസലേമിലേക്കു പോയി" (5,1). എല്ലാ മനുഷ്യർക്കും സഹായം നൽകാൻ

www.malankaralibrary.com



ദത്തശ്രദ്ധനായ യേശു അതിനായി പെരുന്നാൾ ദിനങ്ങൾ തെരഞ്ഞെടുത്തെന്ന് ഇതിൽനിന്ന് കാണാം. നേരത്തേ പറഞ്ഞതുപോലെ, "യഹൂദരുടെ പെസഹാ ആയിരുന്നതിനാൽ യേശു ജറുസലേമിലേക്കു പോയി"(2,13). അതുപോലെ ഇവിടെയും വേറൊരു പെരുന്നാൾ ആയിരുന്നതിനാലാണ് അവൻ പോയത്. എല്ലാ മനുഷ്യരും ഒരുമിച്ചുകൂടുന്ന സമയത്താണ് എല്ലാവർക്കും സഹായം നൽകാൻ അവൻ തെരഞ്ഞെടുത്തത്. അതുകൊണ്ട്, ഇപ്പോൾ അവൻ ജറുസലേമിലേക്കു പോയി. താൻ മഹത്വം തേടുന്നെന്ന് തോന്നാതിരിക്കാൻ, രോഗികളെ തേടി അവിടെയും ഇവിടെയും ഓടി നടക്കേണ്ടതാണെന്ന് അവൻ കരുതിയില്ല. അവൻ ഒരാളെ സുഖപ്പെടുത്തി. അതുവഴി അനേകർക്ക് തന്നെത്തന്നെ വെളിപ്പെടുത്തി.

ഇക്കാരണത്താൽ അവൻ കുളത്തിനടുത്തേക്ക് വന്നു. ബേത്-ഹെസ്ദാ (ബേതസ്ഥാ) എന്നു വിളിക്കപ്പെടുന്ന ആ കുളത്തിന് അഞ്ചു മണ്ഡപങ്ങളുണ്ടായിരുന്നു (5,2). നാലുവശത്തും ഉണ്ടായിരുന്ന മണ്ഡപങ്ങൾ കൂടാതെ നടുക്ക് ഒരു മണ്ഡപം കൂടിയുണ്ടായിരുന്നു. വിവിധ രോഗങ്ങൾ ബാധിച്ചിരുന്നവർ സുഖം കിട്ടുമെന്നു കരുതി ഒന്നിച്ചു കൂടിയിരുന്നത് ഇവിടെയാണ്. അങ്ങനെ അവിടെ രോഗികളുടെ ഒരു വലിയകൂട്ടം ഉണ്ടായിരുന്നു. സൗഖ്യദായകമായ എന്തെങ്കിലും ചെയ്യാൻ അതിലെ വെള്ളത്തിന് കഴിയുമെന്ന് അവർ കരുതി. അതിനുള്ള കാരണം, ദൈവത്തിനർപ്പിക്കപ്പെട്ട ബലിവസ്തുക്കളാകുന്ന ആടുകളുടെ അന്തരാവയവങ്ങൾ അവിടെയാണ് കഴുകിയിരുന്നത്. ചിലപ്പോഴൊക്കെ ആ വെള്ളത്തെ ഇളക്കിക്കൊണ്ട് ദൈവവും അവരുടെ അഭിപ്രായത്തെ അനുകൂലിച്ചിരുന്നു. ജലത്തിന്റെ ഇളക്കത്തിനുശേഷം കുളത്തിൽ ഇറങ്ങിയവർക്ക് രോഗശാന്തി ലഭിച്ചിരുന്നു എന്നതാണ്, ദൈവികശക്തിയാലാണ് വെള്ളം ഇളകിയിരുന്നതെന്ന് അവർ വിശ്വസിക്കാൻ കാരണം. ഒരേ സമയത്ത് പലർക്ക് സൗഖ്യം ലഭിച്ചിരുന്നില്ല. സൗഖ്യത്തിന്റെ കൃപ ലഭിച്ചിരുന്നത് ആദ്യം ഇറങ്ങുന്ന ആളിനു മാത്രമായിരുന്നു. സൗഖ്യത്തിനുള്ള അവസരം കൂടിയാൽ അത്ഭുതശക്തി കുറയുമെന്ന് അവർ കരുതിയിരുന്നു. തദ്ഫലമായി വെള്ളത്തിന്റെ ഇളക്കം വളരെ ശ്രദ്ധയോടും താൽപര്യത്തോടും കൂടെ അവർ പ്രതീക്ഷിക്കുകയും തങ്ങൾക്കു കിട്ടിയ രോഗശാന്തിയുടെ ഓർമ കൂടുതലായി നിലനിർത്തുകയും ചെയ്തു. അങ്ങനെ ധാരാളം രോഗികൾ അവിടെ കിടന്നിരുന്നു. എങ്കിലും എല്ലാവരും സുഖം പ്രാപിച്ചിരുന്നില്ല. ദീർഘനാളായി കഠിനരോഗം ബാധിച്ചവനും രോഗശാന്തിയെപ്പറ്റി പ്രത്യാശ നശിച്ചവനുമായ ഒരാളെ തന്റെ ശക്തി പ്രദർശിപ്പിക്കാൻ യേശു തെരഞ്ഞെടുത്തു. മുപ്പത്തെട്ടു കൊല്ലമായി രോഗം ബാധിച്ച ഒരു തളർവാതരോഗി അവിടെ അവരുടെ ഇടയിൽ ഉണ്ടായിരുന്നു. കർത്താവ് അവനെ സമീപിച്ചു പറഞ്ഞു: "എഴുന്നേറ്റ് കിടക്ക എടുത്ത് നടക്കുക"(5,8). സമറിയാക്കാരിയോട് ചെയ്തതുപോലെ, സാവകാശമാണ് അയാളോട് അവിടുന്ന് സംസാരിച്ചു തുടങ്ങിയത്.

www.malankaralibrary.com



അവിടുന്ന് അവനോടു ചോദിച്ചു: "സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ?"(5,6). ഈ ചോദ്യം അപ്രസക്തമെന്നു തോന്നാം. ഏതു രോഗിയും രോഗവിമുക്തി ആഗ്രഹിക്കുന്നെന്ന് വ്യക്തമാണ്. ആ ആഗ്രഹം കൊണ്ടുതന്നെയാണ് അവൻ വളരെ നാളായി അവിടെ കിടന്നതും. എന്നാൽ അത്ഭുതത്തിലേക്ക് ക്രമേണ നയിക്കാൻ വേണ്ടിയാണ് അവിടുന്ന് അവനോട് ആദ്യം ചോദിച്ചത്. തൃപ്തികരമായ ഉത്തരം ലഭിച്ചശേഷം അവന് സൗഖ്യത്തിന്റെ കൃപ നല്കി. തളർവാതരോഗിക്കാകട്ടെ, ചോദ്യത്തിന്റെ കാരണം മനസ്സിലായില്ല. സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ? എന്നു ചോദിച്ചതിൽ രോഗിക്കു സന്ദേഹമുണ്ടായി. ഇത്രയുംനാൾ രോഗത്തിൽ തുടർന്നിട്ടും ഇതുവരെ സൗഖ്യത്തിന്റെ കൃപ കിട്ടാതിരുന്നത് തന്റെ അശ്രദ്ധ മൂലമാണെന്ന സൂചന മനസ്സിലാക്കി അവൻ മറുപടി പറഞ്ഞു: "വെള്ളം ഇളകുമ്പോൾ എന്നെ കുളത്തിൽ ഇറക്കുവാൻ എനിക്കാരുമില്ല. ഞാൻ എത്തുമ്പോഴേക്കും മറ്റൊരുവൻ വെള്ളത്തിൽ ഇറങ്ങിക്കഴിഞ്ഞിരിക്കും"(5,7). അതായത്, ഞാൻ സുഖം പ്രാപിക്കാൻ ആഗ്രഹിക്കുന്നു. ഉദാസീനത കാരണമല്ല ഇത്രയുംനാൾ ഞാൻ രോഗിയായി കിടന്നത്. പിന്നെയോ, എന്റെ രോഗത്തിന്റെ കാഠിന്യം നിമിത്തം കുളത്തിൽ ആദ്യമെ ഇറങ്ങാനുള്ള അവസരം ലഭിച്ചില്ല. മറ്റുള്ളവർ എന്നേക്കാൾ ശക്തരാകയാൽ, അവരെ തടയാനും എനിക്കു കഴിവില്ല. വെള്ളം ഇളകുമ്പോൾ എന്നെ അതിൽ ഇറക്കാൻ എനിക്കൊരു സഹായിയുമില്ല. അതുകൊണ്ടാണ് ഇതുവരെ എനിക്ക് സൗഖ്യത്തിന്റെ കൃപ ലഭിക്കാതിരുന്നത്.

അപ്പോൾ കർത്താവ് പറഞ്ഞു: "എഴുന്നേറ്റ് നിന്റെ കിടക്കയെടുത്തു നടക്കുക"(5,8). അതായത്, നിനക്ക് സൗഖ്യം പ്രതീക്ഷിക്കാൻപോലും സാധ്യമല്ല. നിന്റെ രോഗം നിന്നെ ബന്ധിച്ചിരിക്കുന്നു. രോഗശാന്തി പ്രതീക്ഷിക്കാൻ പോലും നിന്നെ അനുവദിക്കുന്നില്ല. അതുകൊണ്ട്, ഇവിടെ എല്ലാവർക്കും ലഭിക്കുന്ന സൗഖ്യത്തിന്റെ ദാനം നിനക്കു കിട്ടിയില്ല. ഞാൻ ഇതൊക്കെ നിനക്കു ചെയ്തു തരാം. നീ നിന്റെ രോഗത്തിൽ നിന്ന് മോചിതനാകും. നിനക്കു പൂർണസൗഖ്യം ലഭിക്കും. അതുകൊണ്ട്, എഴുന്നേൽക്കുക. നിന്റെ കിടക്കയുമെടുത്ത് നടക്കുക(5,11). ഈ വാക്കുച്ചരിച്ച ഉടൻ അത്ഭുതം നടന്നു. ഇതു സംഭവിച്ച ദിവസം സാബതായിരുന്നു(5,9). കർത്താവ് അവനോട് കിടക്ക എടുക്കാനും നടക്കാനും പറഞ്ഞ ദിവസം സാബതും പെരുന്നാൾ ദിനവും ആയിരുന്നു. മോശയുടെ നിയമമനുസരിച്ച് ഈ രണ്ടു കാരണങ്ങളാലും വിശ്രമിക്കേണ്ടതായിരുന്നു. കിടക്ക എടുത്തു നടന്നതിനാൽ അനേകർ അവനെ നിയമലംഘകനായി കുറ്റപ്പെടുത്തുകയും അവനെതിരെ പിറുപിറുക്കുകയും ചെയ്തു. അവൻ സ്വയം കുറ്റവിമുക്തനാക്കിക്കൊണ്ട്, ഈ രോഗശാന്തി നൽകിയ കർത്താവിനെ വെളിപ്പെടുത്താൻ നിർബന്ധിതനായി.

www.malankaralibrary.com



സുവിശേഷകൻ തുടരുന്നു: യഹൂദർ അവനെ കുറ്റപ്പെടുത്തിക്കൊണ്ട് കിടക്ക താഴെ വയ്ക്കാൻ ആവശ്യപ്പെട്ടു. അവൻ സ്വയം നീതീകരിച്ചുകൊണ്ടു പറഞ്ഞു: "എന്നെ സുഖപ്പെടുത്തിയവൻ ഇതു ചെയ്യാൻ എന്നോടു കൽപിച്ചു" (5,11). ഇത്രയും വലിയ ഉപകാരം സ്വീകരിച്ച ഞാൻ അവനെ അനുസരിക്കേണ്ടത് തികച്ചും ന്യായമാണ്. അവർ അവനോട് ചോദിച്ചു: നിന്നോടിതു കൽപിച്ചവൻ ആരാണ്? അവൻ ആരാണെന്ന് സൗഖ്യം പ്രാപിച്ചവൻ അറിഞ്ഞിരുന്നില്ല. കാരണം, അവനെ സുഖപ്പെടുത്തിയ ഉടൻ യേശു ജനക്കൂട്ടത്തിൽ മറഞ്ഞിരുന്നു. അവൻ മഹത്വം തേടുന്നവൻ ആയിരുന്നെങ്കിൽ, സുഖം പ്രാപിച്ചവന്റെ കൂടെ ഉണ്ടാകുമായിരുന്നു. തന്നെത്തന്നെ പരസ്യമായി വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നവൻ ഇങ്ങനെ ചെയ്യുമായിരുന്നു. നമ്മുടെ കർത്താവാകട്ടെ, ഇവിടെയും ഇത് ഒഴിവാക്കിയെന്നു നമുക്കു കാണാം. ദൈവമായി അറിയപ്പെടുന്നത് അവന് സൗകര്യപ്രദമായിരുന്നെങ്കിലും അവൻ മനുഷ്യനായി കാണപ്പെട്ടതുകൊണ്ടും പലർക്കും അവനെപ്പറ്റി ഇത്തരം അഭിപ്രായം ഉണ്ടായിരുന്നതുകൊണ്ടും അവനെ കണ്ടവരുടെ അഭിപ്രായത്തിൽ നിന്ന് അവൻ മനപ്പൂർവം ഒഴിഞ്ഞു മാറുകയായിരുന്നു.

നമ്മുടെ കർത്താവ് ആ മനുഷ്യനെ ദേവാലയത്തിൽവച്ചു കണ്ടു. യഹൂദർ കോപം കൊണ്ട് ജ്വലിച്ച് അവനെതിരെ മരണഭീഷണി മുഴക്കിക്കൊണ്ടിരുന്നു. ഇത്ര വലിയ ദാനം സ്വീകരിച്ചിട്ടും യേശുവിനെ യഹുദർക്ക് കാണിച്ചു കൊടുക്കാതിരിക്കുന്നതിന് തക്ക ശുദ്ധമനസ്സാക്ഷി അവനില്ലെന്ന് മനസ്സിലാക്കി യേശു അവനോടു പറഞ്ഞു: "ഇതാ, നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു. കൂടുതൽ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുത് "(5,14). അവൻ തിന്മയിലേക്കു ചായരുതെന്നും കിട്ടിയ ദാനത്തിന് ദാതാവിനോടു സ്നേഹം കാണിക്കണമെന്നുമാണ് ഇതുവഴി കർത്താവ് സൂചിപ്പിച്ചത്. ഈ രോഗശാന്തി നൽകിയത് കർത്താവാണെന്ന് പരസ്യമാകുന്നത് നല്ലതാണെങ്കിലും കർത്താവ് അവന്റെ അന്തരംഗം പരിശോധിച്ച് അവന്റെ ദുഷ്ടലാക്കിനെ സൂചിപ്പിക്കുന്നു. ഈ വാക്കുകൾ കൊണ്ടൊന്നും യാതൊരു പ്രയോജനവും ഉണ്ടായില്ല. തന്നെ സുഖപ്പെടുത്തിയത് ആരെന്ന് അവൻ എല്ലാവരോടും പറഞ്ഞു.

ഈ വാക്കുകൾ നിമിത്തം ചിലർ അവനെ പ്രശംസിക്കാൻ ആഗ്രഹിക്കുന്നു. അവൻ യഹൂദരോടുപോലും ആരാണ് തന്നെ സുഖപ്പെടുത്തിയതെന്ന് പറയുന്നതിനാൽ, അവൻ ചെയ്തത് പ്രശംസാർഹമാണെന്ന് അവർ കരുതുന്നു. അവർ പറയുന്നതനുസരിച്ച്, അവൻ തന്റെ ഉപകാരിയെ എല്ലാവരുടെയും മുമ്പിൽവച്ച് ബഹുമാനിക്കാനും വെളിപ്പെടുത്താനും ആഗ്രഹി

www.malankaralibrary.com



ച്ചു. കൈയടി കാംക്ഷിച്ച്, സത്യത്തെക്കുറിച്ച് യാതൊരു താൽപര്യവുമില്ലാത്ത ഏതെങ്കിലും ഒരു സോഫിസ്റ്റ് ഇങ്ങനെ എഴുതാൻ ആഗ്രഹിച്ചാൽ, അങ്ങനെയുള്ള ആളിന് ഈ പറയുന്നത് ചേരുമായിരിക്കും. സത്യത്തെ സ്നേഹിക്കുകയും എല്ലാത്തരത്തിലും ബഹുമാനിക്കുകയും ചെയ്യുന്നവർക്ക്, സ്വന്ത താൽപര്യമനുസരിച്ച് വ്യാഖ്യാനിക്കാതെ, തിരുലിഖിത വ്യാഖ്യാനത്തിന് ഉചിതമാംവിധം ഗ്രന്ഥങ്ങളിലെ സാക്ഷ്യം എല്ലായിടത്തും കാണിച്ചു കൊടുക്കുകയാണെങ്കിൽ, ഇത്തരം വ്യഖ്യാനം വളരെ കുറ്റകരവും അപര്യാപ്തവുമല്ലെന്ന് എങ്ങനെ പറയാൻ കഴിയും പറയും? സാബതിൽ കിടക്ക ചുമന്നതിനാൽ നിയമലംഘകനായി കുറ്റപ്പെടുത്തിക്കൊണ്ട് യഹൂദർ അവനെതിരെ ഭീഷണി മുഴക്കിയപ്പോൾ, നമ്മുടെ കർത്താവിനെ യഹൂദർക്കു വെളിപ്പെടുത്തിയ തളർവാതരോഗി എങ്ങനെ പ്രശംസയ്ക്ക് അർഹനാകും?

ഇപ്രകാരം ചെയ്യാൻ തന്നോട് പറഞ്ഞത് വേറൊരാളാണെന്ന് പറഞ്ഞ് അവൻ സ്വയം നീതീകരിച്ചപ്പോൾ, യഹൂദർ അവരുടെ കോപം അവനിലേക്ക് തിരിച്ചുവിട്ടു. അവൻ ഇങ്ങനെയൊരു നിർദേശം കൊടുത്തെന്ന് ഉറപ്പായപ്പോൾ, അവനെ വിധിക്കാനും നിയമലംഘനത്തിന്റെ കുറ്റം ചുമത്താനുംവേണ്ടി അവർ അവനോടു ചോദിച്ചു: "നിന്നോടിതു പറഞ്ഞത് ആരാണ്?" വിദ്വേഷം വമിക്കുന്നവർക്ക് യേശുവിനെ കാണിച്ചുകൊടുക്കുകയും വെളിപ്പെടുത്തുകയും ചെയ്തവൻ സ്നേഹിതൻ എന്ന നിലയ്ക്കല്ല പെരുമാറിയത്. യഹൂദരുടെ താൽപര്യമനുസരിച്ച് ഉപകാരിയെ ഒറ്റിക്കൊടുക്കുകയാണ് ചെയ്തത്. അവന് വാസ്തവത്തിൽ അതിന്റെ ആവശ്യമൊന്നുമില്ലായിരുന്നു. ചോദിച്ചവർ നിർബന്ധിച്ചിട്ടാണെങ്കിൽ പോലും അവനു ന്യായീകരണമില്ല.

നമ്മുടെ കർത്താവ് ദേവാലയത്തിൽ വച്ച് അവനെ കണ്ടപ്പോൾ പാപത്തിലേക്കുള്ള അവന്റെ ചാച്ചിൽ വെളിപ്പെടുത്തുന്ന വാക്കുകൾ അവനോടു പറഞ്ഞതാണ്. എന്നാൽ അവൻ അതിൽ നിന്ന് യാതൊരു പാഠവും പഠിച്ചില്ല. തന്റെ ദുഷ്ടലാക്ക് പ്രാവർത്തികമാക്കി. അതുകൊണ്ട്, ഭീഷണിപ്പെടുത്തിയ യഹൂദരെ തൃപ്തിപ്പെടുത്താനായി സ്വന്ത ഇഷ്ടത്താൽ തന്നെ തന്റെ ഉപകാരിയെ അവൻ ഒറ്റിക്കൊടുക്കുകയും അവന് വളരെ ക്ലേശങ്ങൾ വരുത്തിവയ്ക്കുകയും ചെയ്തു. യഹൂദന്മാർ ഇതറിഞ്ഞ മാത്രയിൽ യേശുവിനെ അഭക്തനും നിയമലംഘകനും മോശവഴി ദൈവം നൽകിയതും ഇത്രയും നാൾ അവരുടെ ഇടയിൽ നിലനിന്നതുമായ പഴയനിയമത്തെ നശിപ്പിക്കുന്നവനുമായി അവനെതിരെ കുറ്റപത്രമുണ്ടാക്കി. സാബതു ലംഘനത്തെക്കുറിച്ച് കുറ്റം വിധിക്കപ്പെട്ട നമ്മുടെ കർത്താവ്, താനാരാണെന്ന് വെളിപ്പെടു

www.malankaralibrary.com



ത്തിക്കൊണ്ട് അവരുടെ കുറ്റാരോപണത്തിൽ നിന്ന് സ്വയം വിമുക്തനാക്കി. ദൈവതിരുമനസ്സിനു വിധേയമായി സാബതുദിവസം പ്രവർത്തിക്കുന്ന അദൃശ്യ പ്രകൃതികളെക്കുറിച്ചും ദൈവിക ക്രമീകരണമനുസരിച്ച് അദൃശ്യശക്തികളാൽ സാബതിൽ ചലിക്കപ്പെടുന്നവയെക്കുറിച്ചും വളരെ കാര്യങ്ങൾ പറയുവാൻ കഴിയുമായിരുന്നെങ്കിലും, സാബതിൽ എന്തെങ്കിലും ചെയ്ത മറ്റാരേയും അവിടുന്ന് ഓർമിപ്പിച്ചില്ല.

അവൻ എന്തുപറഞ്ഞു? "എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു. ഞാനും പ്രവർത്തിക്കുന്നു"(5,17). ഈ പ്രവൃത്തികളോരോന്നും അവൻ എടുത്തു പറയുന്നില്ല. കാരണം, ദൈവകൽപന അനുസരിച്ചാണ് അവയോരോന്നും പ്രവർത്തിക്കുന്നത്. എന്നാൽ സ്വന്തം മനസ്സും ശക്തിയും അനുസരിച്ച് എപ്പോഴും പ്രവർത്തിക്കുകയും നമ്മുടെ രക്ഷയ്ക്ക് ഏതു സമയവും പറ്റിയതാണെന്ന് അറിഞ്ഞുകൊണ്ട് നമുക്ക് ഉപകാരപ്രദമായ പ്രവൃത്തികൾ സാബതിൽ പോലും ചെയ്യുകയും ചെയ്യുന്ന തന്റെ പിതാവിനെ അവൻ അനുസ്മരിക്കുന്നു. പിതാവിന്റെ കാര്യം അനുസ്മരിച്ചത് തന്റെ പക്കലും അതേ ശക്തി ഉണ്ടെന്നു കാണിക്കാനാണ്. മറ്റുള്ളവർക്കുവേണ്ടി അവൻ സാബതിലുള്ള വിശ്രമനിയമം ഉണ്ടാക്കിയെങ്കിലും ആ നിയമത്തിനു വിധേയനാകാതെ, എപ്പോഴും പ്രവർത്തിക്കാനുള്ള ശക്തി അവനുള്ളതുപോലെ, താനും തത്തുല്യമായ അധികാരമുള്ളവൻ ആണെന്നും തനിക്കിഷ്ടമുള്ളത് ചെയ്യുന്നതിൽനിന്ന് തന്നെ വിലക്കുന്ന നിയമമോ കൽപനയോ ഇല്ലെന്നും അവൻ പറയുന്നു.

ശിഷ്യന്മാർ സാബതിൽ കതിരുകൾ പറിക്കുകയും കൈകൊണ്ട് തിരുമി തിന്നുകയും ചെയ്തത് അവർക്കെതിരായി യഹൂദർ ഉന്നയിച്ചപ്പോൾ, അവൻ ദാവീദിന്റേയും പുരോഹിതന്മാരുടേയും ദൃഷ്ടാന്തം അവതരിപ്പിക്കുകയും നിയമത്തിൽ എഴുതപ്പെട്ട വചനം ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. നിയമവിരുദ്ധമെന്നു തോന്നിയത് അവർക്ക് പ്രത്യേകാവസരം അനുവദനീയമായിരുന്നെന്ന് കാണിക്കാനായിരുന്നു അത്. സ്വന്തം പ്രവൃത്തിയെപ്പറ്റി ആരോപണം വന്നപ്പോൾ, നിയമവിധേയരായിരുന്ന ആരേയും അവൻ അനുസ്മരിച്ചില്ല. അവരുടെ പ്രവൃത്തിയുടെ കാരണം മറ്റൊരാളിലേക്ക് വിരൽ ചൂണ്ടിയതായി തോന്നി. സദാ കർമനിരതനായ പിതാവിനെ അനുസ്മരിച്ചുകൊണ്ട് അവൻ പറഞ്ഞു: "എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു. ഞാനും പ്രവർത്തിക്കുന്നു"(5,17). പ്രവർത്തിക്കുന്നതിൽ നിന്ന് എന്റെ പിതാവ് ഒരിക്കലും വിരമിക്കുന്നില്ല; അതുപോലെ ഞാനും. അവന്റെ പ്രവൃത്തി മനുഷ്യരുടെ പരിപാലന ആകയാൽ, അതിൽ നിന്ന് അവനെ പിൻതിരിപ്പിക്കുന്ന യാതൊരു നിയമവുമില്ല. അതു ചെയ്യുന്നതിൽ നിന്ന് അവനെ വിലക്കുന്ന ഒരു കൽപനയുമില്ല. അതുപോലെ, ഞാനും എനിക്കിഷ്ടമുള്ളപ്പോൾ

www.malankaralibrary.com



പ്രവർത്തിക്കുന്നു. കാരണം, മനുഷ്യരക്ഷയെ പ്രതിയുള്ള എന്റെ പ്രവർത്തനത്തിന് നിശ്ചിത സമയമില്ല. എപ്പോഴും പ്രവർത്തിക്കാൻ അവന് അധികാരം ഉള്ളതുപോലെ, എനിക്കും അധികാരമുണ്ട്. ഞാൻ സാബതിൽ പ്രവർത്തിച്ചതുകൊണ്ട് നിങ്ങൾ എന്നെ കുറ്റം വിധിക്കുകയാണെങ്കിൽ, എപ്പോഴും പ്രവർത്തിക്കുന്ന പിതാവിനെയും കുറ്റപ്പെടുത്തേണ്ടിയിരിക്കുന്നു. അവന്റെ ആധിപത്യം അവന് ആ ശക്തി നല്കുന്നതുകൊണ്ട് ആരും അവനെ കുറ്റം വിധിക്കുന്നില്ലെങ്കിൽ, എന്നെയും ആരും കുറ്റം വിധിക്കരുത്. കാരണം, എനിക്കും ഇഷ്ടാനുസൃതം പ്രവർത്തിക്കാനുള്ള അതേ ശക്തിയുണ്ട്.

ഇത്തരത്തിലുള്ള മറുപടി കേട്ടുകൊണ്ടിരിക്കാൻ യഹൂദർക്കു കഴിഞ്ഞില്ല. കാരണം, ഇത് ആദ്യത്തേതിനെ കടത്തിവെട്ടുന്ന വലിയ ദൈവദൂഷണമായി അവർ കരുതി. സാബതു ലംഘനത്തേക്കാൾ വലിയ തിന്മയായി അവന്റെ ഈ വാക്കുകളെ അവർ വിധിച്ചു. മാനുഷികരീതിയിലാണ് ഈ കാര്യം വിധിക്കേണ്ടിയിരുന്നതെങ്കിൽ, വാസ്തവത്തിൽ അങ്ങനെയുള്ള വാക്ക് വലിയൊരപരാധം ആകുമായിരുന്നു. സാബതുലംഘനം നിയമലംഘനമാണ്. അവന്റെ വാക്കാകട്ടെ, ദൈവത്തോടു തന്നെയുള്ള തുല്യത ഉൾക്കൊള്ളുന്നതാണ്. ഏതെങ്കിലുമൊരു മനുഷ്യനെക്കുറിച്ച് അവൻ ദൈവത്തിനു സമനാണെന്നു പറയുന്നത് സാബതു ലംഘനത്തേക്കാൾ വലിയ ദുഷ്ടതയായി അവർ പരിഗണിച്ചിരുന്നു.

## പുത്രന്റെ അധികാരം

അതുകൊണ്ടാണ് സുവിശേഷകൻ ഉചിതമാംവിധം കൂട്ടിച്ചേർത്തത്: "ഇതുമൂലം അവനെ വധിക്കാൻ യഹൂദർ കൂടുതലായി പരിശ്രമിച്ചു. കാരണം, അവൻ സാബത് ലംഘിക്കുക മാത്രമല്ല, തന്നെത്തന്നെ ദൈവതുല്യനാക്കിക്കൊണ്ട്, ദൈവത്തെ തന്റെ പിതാവെന്ന് വിളിക്കുകയും ചെയ്തു" (5,18). ഇതുമൂലം "കൂടുതലായി "എന്നും "മാത്രമല്ല" എന്നും അവൻ പറഞ്ഞത്, അവൻ പറഞ്ഞ വാക്കുകൾവഴി അവന്റെ കുറ്റകൃത്യം കൂടുതൽ വർദ്ധിക്കുന്നതിന് അവന്റെ പ്രസംഗംമൂലം അവനെതിരായി രണ്ടാമതൊരു ആരോപണം കൂടിയുണ്ട് എന്ന് കാണിക്കാനാണ്. അവൻ സാബത് ലംഘിച്ചു എന്നതുകൊണ്ടാണ് അവർ അവനെ പീഡിപ്പിച്ചിരുന്നതെന്ന് അവൻ ആദ്യം പറയുന്നു. സാബത് ലംഘനത്തെ കുറിച്ച് കുറ്റം ചുമത്തപ്പെട്ട കർത്താവ് അവരോട് എന്തു പറയുന്നെന്ന് പിന്നീട് അവൻ കൂട്ടിച്ചേർക്കുന്നു. ഇപ്പോഴാകട്ടെ, "ഇതുമൂലം യഹൂദർ അവനെ വധിക്കാൻ കൂടുതലായി ക്രുദ്ധരായി" എന്ന് അവൻ വീണ്ടും ചേർത്തു നന്നായി പറയുന്നു (5,18). അവൻ പറഞ്ഞ വാക്കുകൾ വഴി അവന്റെ കുറ്റം വർദ്ധിച്ചെന്ന് ഇതു സൂചിപ്പിക്കുന്നു. "അ

www.malankaralibrary.com



ക്കാരണം കൊണ്ടു *മാത്രമല്ല* "എന്ന് അവൻ മനോഹരമായി പറയുന്നു. കാരണം, അതുകൊണ്ടാണ് അവർ അവനെ ഭീഷണിപ്പെടുത്തിയത്. അതായത്, ഇതുകൂടാതെ വേറേ ഏതു കാരണമാണുള്ളതെന്ന് അവൻ പറയുന്നു: "തന്നെത്തന്നെ ദൈവതുല്യനാക്കിക്കൊണ്ട് ദൈവത്തെ തന്റെ പിതാവെന്ന് അവൻ വിളിച്ചു." അവൻ ദൈവത്തെ തന്റെ പിതാവെന്ന് വെറുതെ വിളിച്ചിരുന്നെങ്കിലും അവർ പിറുപിറുക്കുമായിരുന്നു. എന്നാൽ അവൻ ദൈവത്തിൽ നിന്ന് പുറപ്പെടുന്നെന്നും ശക്തിയിലും അധികാരത്തിലും അവനു തുല്യനാണെന്നും വരത്തക്ക രീതിയിൽ ദൈവത്തെ തന്റെ പിതാവ് എന്ന് വിളിച്ചു. സാബത് ലംഘനത്തെക്കുറിച്ചുള്ള കുറ്റാരോപണത്തിനു മറുപടി പറഞ്ഞപ്പോഴാണ് അവൻ ഇപ്രകാരം സ്പഷ്ടമായി പ്രഖ്യാപിച്ചത്. എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു. ഞാനും പ്രവർത്തിക്കുന്നു "(5,17). യേശു തന്നെത്തന്നെ ദൈവത്തോടു തുല്യനാക്കിയില്ലെന്നും യഹൂദർ അങ്ങനെ സങ്കൽപിച്ചതേയുള്ളെന്നും ചിലർ പറയുന്നത്, സന്ദർഭം മുഴുവൻ പരിശോധിക്കാതെ എല്ലാ കാര്യങ്ങളും വേഗത്തിൽ തിരിച്ചുമറിച്ചു പറയുന്നതുകൊണ്ടാണ്.

അതുകൊണ്ടാണ് നമ്മുടെ കർത്താവ് ഈ അഭിപ്രായം അവരുടെ ഇടയിൽനിന്ന് നീക്കാൻ ആഗ്രഹിച്ചുകൊണ്ട് അവരോടു മറുപടി പറഞ്ഞത്: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: പുത്രന് സ്വന്തം ഇഷ്ടം അനുസരിച്ച് ഒന്നും ചെയ്യാൻ സാധിക്കുകയില്ല" (5,19). - ഇത് എങ്ങനെയാണ് പറഞ്ഞതെന്ന് ദൈവസഹായത്താൽ പിന്നീട് വിശദീകരിക്കാം. ഇപ്പോഴാകട്ടെ, നമ്മുടെ കർത്താവ് തന്റെ വാക്കുകളിൽ ഇത് പഠിപ്പിച്ചിരുന്നില്ലെങ്കിൽ, യഹൂദർ ഈ അഭിപ്രായത്തിലേക്കു വന്നത് എങ്ങനെയാണെന്ന് അന്വേഷിക്കാം. ഏതു ഭാഗത്തുനിന്നു നോക്കിയാലും എനിക്ക് തോന്നുന്നത്, മിശിഹായെ കുറിച്ച് യഹൂദർക്ക് പ്രസ്തുത അഭിപ്രായം തങ്ങളിൽ നിന്നുതന്നെ ഉളവാക്കാൻ സാധ്യമല്ലെന്നാണ്. സുവിശേഷകൻ പറയുന്നതുപോലെ, അവൻ സാബത് ലംഘിച്ചതുകൊണ്ട് അവർ അവനെ പീഡിപ്പിക്കുകയായിരുന്നു. അവൻ തന്നെത്തന്നെ ദൈവത്തോട് തുല്യനാക്കിയതുകൊണ്ടല്ല അവർ അവനെ കുറ്റപ്പെടുത്തിയത്. സാബത് ലംഘനത്തിന്റെ കുറ്റമാണ് അവർ അവനിൽ ആരോപിച്ചത്. "എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു, ഞാനും പ്രവർത്തിക്കുന്നു" (5,17) എന്ന് അവൻ മറുപടി പറഞ്ഞില്ലായിരുന്നെങ്കിൽ, സുവിശേഷകൻ അതുപോലും പറയുമായിരുന്നില്ല. എന്നിട്ട് അവൻ കൂട്ടിച്ചേർക്കുന്നു: "അവൻ സാബത് ലംഘിച്ചതുകൊണ്ട് മാത്രമല്ല, തന്നെത്തന്നെ ദൈവപുത്രനാക്കിക്കൊണ്ട് ദൈവത്തെ തന്റെ പിതാവെന്ന് വിളിച്ചതുകൊണ്ടുകൂടിയാണ് അവർ അവനെ പീഡിപ്പിച്ചത് "(5,18). എന്റെ യുക്തിവിചാരം കൊണ്ടാണ് ഞാൻ ഈ നിഗമനത്തിലെത്തിയത്. അവൻ ദൈവത്തെ തന്റെ പിതാവെന്ന് വിളിച്ചതിനാലാണ്, അവൻ തന്നെത്തന്നെ ദൈവത്തോടു തുല്യനാക്കുന്നുവെന്ന് അവർ അനുമാനിച്ചത്.

www.malankaralibrary.com



അക്കാലത്ത് എവിടെയും മനുഷ്യർ ദൈവമക്കളെന്നും ദൈവം മനുഷ്യരുടെ പിതാവെന്നും വിളിക്കപ്പെട്ടിരുന്നതിനാൽ, കേൾവിക്കാരായ യഹൂദർക്ക് ദൈവിക തുല്യതയെക്കുറിച്ചുള്ള അഭിപ്രായം ജനിപ്പിക്കാൻ ഈ വാക്കിനു കഴിഞ്ഞില്ലെന്ന് ചിലർ അനുചിതമായി ചിന്തിച്ചേക്കാം. കൂട്ടമായി ബഹുവചനത്തിലല്ല, ഭാഗ്യവാനായ ദാവീദ് പറഞ്ഞതുപോലെ, ഏകവചനത്തിലാണ് അവൻ പറഞ്ഞത്: "അവൻ എന്നെ വിളിച്ചപേക്ഷിക്കും, നീ എന്റെ പിതാവാണ്. ഞാൻ അവനെ ആദ്യജാതനാക്കും. ഞാൻ അവനെ ഭൂമിയിലെ രാജാക്കന്മാരേക്കാൾ ഉന്നതനാക്കും" (സങ്കീ 88,26-27). രാജ്യം ലഭിക്കാനിരിക്കുന്ന ആരേക്കുറിച്ചു വേണമെങ്കിലും ഇതു പറയാം. ദൈവനിയമം അനുസരിക്കുന്ന അവരിലാരെയും പുത്രനെന്നും ആദ്യജാതനെന്നും ന്യായമായി വിളിക്കാം. വെറും അടുപ്പം കൊണ്ട് യഹൂദർ ദൈവത്തെ പിതാവെന്നു വിളിച്ചിരുന്നതിനാൽ, ആ അർഥത്തിൽ ഈ പേരുപയോഗിക്കുക അവർക്കു പതിവായിരുന്നെന്നു വ്യക്തമാണ്. അതിനാൽ ഇവിടെ പറയുന്നതുപോലെ, മിശിഹായെക്കുറിച്ച് സംസാരിക്കുമ്പോഴും അവനെ അങ്ങനെ വിളിക്കാൻ അവർ മടിച്ചിരുന്നില്ല."ദൈവമാണ് ഞങ്ങളുടെ ഏകപിതാവ്"(8,41). അവർ ദൈവത്തെ തങ്ങളുടെ പിതാവ് എന്നു വിളിച്ചത് തങ്ങൾ ദൈവത്തോടു തുല്യരാണെന്ന് വിചാരിച്ചതുകൊണ്ടല്ല. അവർക്കു സുപരിചിതമായ ഈ സംസാരരീതിയിൽ നിന്നും അവരുടെ ഇടയിൽ പുരാതനകാലം മുതൽ പ്രയോഗത്തിലിരുന്ന പതിവുകളിൽ നിന്നും, "താൻ ദൈവത്തിനു തുല്യനാണെന്ന് സ്വമനസ്സാലെയും സ്വതന്ത്രമായും അവൻ പറഞ്ഞു" എന്ന നിഗമനത്തിലെത്താൻ അവർക്ക് എങ്ങനെ കഴിയും?

ഇത്തരം സംസാരരീതി പൊതുവായിരുന്നതിനാലും പലപ്പോഴും പലരും പ്രയോഗിച്ചിരുന്നതിനാലും യഹൂദർക്ക് എന്തുകൊണ്ടാണ് അവനെക്കുറിച്ച് സംശയം ഉണ്ടായതെന്ന് നാം വീണ്ടും അന്വേഷിക്കേണ്ടിയിരിക്കുന്നു. അവന്റെ വാക്കുകളിൽ നിന്നാണ് അവർ ഇവ രണ്ടും ഗ്രഹിച്ചതെന്ന് വ്യക്തം. ആ വാക്കുകളിൽ അവർ ഇവ രണ്ടും കണ്ടെത്തി. അതായത്, ദൈവത്തെ തന്റെ പിതാവെന്ന് അവൻ വിളിച്ചതും തന്നെത്തന്നെ ദൈവത്തോടു തുല്യനാക്കിയതും. സാബതുലംഘനം തന്നിൽ ആരോപിച്ചവർക്കെതിരായി, "എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു, ഞാനും പ്രവർത്തിക്കുന്നു"(5,17) എന്ന് അവൻ പറഞ്ഞത്, തനിക്ക് പിതാവിന്റേതുപോലെ പ്രവർത്തിക്കാനുള്ള ശക്തിയുണ്ടെന്നും, പിതാവിനേപ്പോലെ താനും എല്ലാ നിയമങ്ങളിലും കൽപനകളിലും നിന്ന് വിമുക്തനാണെന്നും കാണിക്കാൻ വേണ്ടിയാണ്. അതുകൊണ്ട്, അവന്റെ വാക്കുകളിൽ ഇവ രണ്ടും അവർ കണ്ടെത്തി. താൻ പിതാവിനോടു തുല്യനാണെന്നും ഈ വാക്കുകളിലൂടെ അവൻ തറപ്പിച്ചുപറയുകയും തെളിയിക്കുകയും ചെയ്തു. അതായത്, അവൻ ദൈവത്തെ *പിതാവെന്ന്* വിളിച്ചത് സാധാരണ രീതിയിലല്ല. ഉന്നതവും

www.malankaralibrary.com



ഉൽകൃഷ്ടവുമായ അർഥത്തിലാണ്. അതായത്, അവനിൽ നിന്ന് ജനിച്ചവനും അവന്റെ തന്നെ സ്വഭാവമുള്ളവനും. ന്യായമായും യുക്തമായും പുത്രൻ പിതാവിനോടെന്നപോലെ, എല്ലാക്കാര്യങ്ങളിലും അവന്റെ എല്ലാ പ്രവർത്തനങ്ങളിലും ശക്തിയിലും യേശു പങ്കുചേരുന്നു. അവൻ തന്റെ ഇഷ്ടം അനുസരിച്ച് ചെയ്യുന്ന സർവസാംഗതികളിലും കുറ്റമറ്റവനാണ്. മനുഷ്യർക്ക് ഇതിൽ പങ്കുചേരാനാവില്ല. കാരണം, സ്വഭാവാനുസൃതമല്ല, ദത്തെടുക്കൽ വഴിയാണ് അവൻ അവരുടെ പിതാവായിരിക്കുന്നത്.

അതുകൊണ്ട്, അവൻ ദൈവത്തെ സ്വാഭാവിക ജനനംവഴി തന്റെ പിതാവെന്ന് വിളിക്കുന്നു എന്നും അവൻ തന്നെത്തന്നെ ദൈവത്തോടു തുല്യനാക്കുന്നു എന്നും അവന്റെ വാക്കുകളിൽ അവർ കണ്ടെത്തിയതു കൊണ്ട്, അവനെതിരായി മുറുമുറുക്കുന്നത് ന്യായമാണെന്ന് അവർ കരുതി. വെറും സംശയം കൊണ്ടല്ല അവർ ഇങ്ങനെ വിധിച്ചത്; അവനിൽ വലിയ അഹന്തയുണ്ടെന്ന് അവന്റെ വാക്കുകളിൽ നിന്നുതന്നെ അവർ അനുമാനിച്ചു. കർത്താവും അവരും രണ്ടു കാര്യങ്ങളാണ് പറഞ്ഞിരുന്നത്. ഒന്ന്, അവൻ സാബത് ലംഘിക്കുന്നു; രണ്ട്, അവൻ ദൈവത്തെ പിതാവെന്നു വിളിക്കുന്നു. നാം അൽപം മുമ്പ് ചൂണ്ടിക്കാണിച്ചതുപോലെ, ഒന്നാമത്തെ കാര്യം യഹൂദരിൽ തുല്യതയെ കുറിച്ചുള്ള അഭിപ്രായം ജനിപ്പിക്കാൻ കഴിഞ്ഞില്ല. കാരണം, സാബതിന്റെ ലംഘനം ഒരു തിന്മയായും കൽപനയുടെ ലംഘനമായും അവർ കരുതിയിരുന്നു. സാബത് ദിവസം കാട്ടിൽ നിന്ന് വിറകു ശേഖരിക്കുന്നവനെതിരെ എന്നപോലെ (സംഖ്യ 15,32-36) ഈ കാര്യത്തിൽ തെറ്റു ചെയ്യുന്നവർക്കെതിരെ കൽപന ലംഘനത്തിന്റെ ശിക്ഷാവിധി നടത്തിയിരുന്നു. ദൈവത്തോടുള്ള തുല്യത സ്വന്തമാക്കി എന്ന പേരിൽ അവരെ ശിക്ഷിച്ചിരുന്നില്ല. അതുപോലെ, അവൻ ദൈവത്തെ പിതാവെന്നു വിളിച്ചതും, അവരിൽ ഒരു തരത്തിലും അത്തരം സംശയം ഉളവാക്കാൻ സാധ്യമായിരുന്നില്ല. കാരണം, അത്തരം പ്രയോഗം അവരുടെ ഇടയിൽ നടപ്പുള്ളതും പതിവുള്ളതുമായിരുന്നു. അതുകൊണ്ട്, യഹൂദർ യേശുവിന്റെ വാക്കുകളിൽ നിന്ന് തന്നെയാണ് അവൻ ദൈവത്തെ നിഷ്കൃഷ്ടാർഥത്തിൽ പിതാവെന്നു വിളിച്ചതെന്നും മറ്റു മനുഷ്യർ വിളിക്കുന്നതുപോലെ ദത്തെടുക്കലോ കൃപയോ വഴിയല്ലെന്നും പറയാനല്ലാതെ നമുക്ക് മറ്റൊന്നും പറയാനില്ല. പുത്രൻ എല്ലാക്കാര്യങ്ങളിലും പിതാവിനു തുല്യനായിരിക്കയാൽ, തനിക്ക് ദൈവത്തോട് തുല്യമായ അധികാരമുണ്ടെന്ന് അവൻ പ്രഖ്യാപിച്ചത് ശരിയായിട്ടാണ്. ദൈവസഹായത്താൽ സന്ദർഭം അനുസരിച്ചാണ് ഞാൻ ഇവ വിശദീകരിച്ചത്.

പാഷണ്ഡികൾ പറയുന്ന വേറൊരു കാര്യവും ആശ്ചര്യകരമായിരിക്കുന്നു. പ്രസ്തുത അഭിപ്രായത്തെ എതിർക്കാൻ വേണ്ടിയാണ് "പുത്രന് സ്വന്ത ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കാൻ സാധ്യമല്ല" എന്ന്

www.malankaralibrary.com



കർത്താവ് കൂട്ടിച്ചേർത്തത് (5,19). ഇതും യഹൂദരുടെ ദുഷ്ടമനസ്സിനെ ഖണ്ഡിക്കാൻ വേണ്ടിയാണെന്ന് പാഷണ്ഡികൾ പറയുന്നു. നമ്മുടെ കർത്താവ് പ്രസ്തുത അഭിപ്രായത്തെ പൂർണമായി എതിർക്കുകയല്ല. മറിച്ച്, അതിനെ കൂടുതലായി ഉറപ്പിക്കുകയത്രേ ചെയ്യുന്നത് എന്ന് താഴെപ്പറയുന്ന വാക്കുകളിൽ നിന്ന് വ്യക്തമാകും.

"പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കാൻ സാധ്യമല്ല"(5,19) എന്ന് പിന്നെ എന്തിനാണ് അവൻ പറഞ്ഞത്? മനുഷ്യപ്രകൃതിക്ക് ചെയ്യാൻ കഴിയുന്നതുപോലും ചെയ്യാനുള്ള കഴിവ് പാഷണ്ഡികൾ അവന് നിഷേധിക്കുമോ? മനുഷ്യർക്ക് എന്തെങ്കിലും സ്വന്തമായി ചെയ്യാൻ കഴിയുമോ ഇല്ലയോ എന്ന് അവരോടു ചോദിക്കുന്നു. അവർക്ക് സാധ്യമല്ലെങ്കിൽ, ദുഷ്ടർ അവരിൽ തന്നെ ദുഷ്ടരല്ല. നല്ലവരെക്കുറിച്ചും ഇതുതന്നെ പറയാം. യൂദാസും അവനിൽതന്നെ ഒറ്റുകാരനല്ല. പത്രോസിനെക്കുറിച്ചും നീ ഇതുതന്നെ പറയുക. ഇതു ശരിയാണെങ്കിൽ, അവന്റെ ദുഷ്ടത നിമിത്തം അവനെ കുറ്റം വിധിക്കേണ്ടതില്ല. ഇവന്റെ സന്മനസ്സു കാരണം ഇവനെ സ്തുതിക്കേണ്ടതുമില്ല. കാരണം, അവരിലാരും അവരിൽതന്നെ അവരായിരിക്കുന്നത് ആയിരുന്നില്ല. ഈ പറയുന്നത് ഭക്തിരാഹിത്യം ആണെങ്കിൽ, യൂദാസ് തന്റെ ദുഷ്ടമനസ്സ് നിമിത്തം ന്യായമായി ശിക്ഷിക്കപ്പെടുന്നു. പത്രോസ് തന്റെ സന്മനസ്സിനു യോജിച്ച ബഹുമാനം സ്വീകരിച്ചുകൊണ്ട് മറ്റുള്ളവരേക്കാൾ സ്തുതിക്കപ്പെടുന്നു. മനുഷ്യർ അവരായിരിക്കുന്നത് അവരിൽ തന്നെ ആണെങ്കിൽ, എന്തുകൊണ്ട് കർത്താവിന് തന്നിൽതന്നെ എന്തെങ്കിലും ചെയ്യാൻ സാധ്യമല്ല. ഓരോരുത്തരും താൻ ആഗ്രഹിക്കുന്നതാണ് സ്വമനസ്സാ ചെയ്യുന്നത്. നമ്മുടെ കർത്താവാകട്ടെ, മനസ്സറിവോടെ ഒരു തരത്തിലും സാബത് ലംഘിച്ചില്ല. അങ്ങനെയുള്ള ആരോപണത്തിന് എതിരായിട്ടാണ് ഈ ഉത്തരം കൊണ്ടുവന്നത്. അതുകൊണ്ട്, സാത്താനും സ്വന്തമനസാലെയല്ല സാത്താനായിരിക്കുന്നത്. അതുകൊണ്ട്, മറ്റുള്ളവർ പറയുന്നതുപോലെ, കർത്താവും തന്നിൽതന്നെ തന്റെ പിതാവിനോടുള്ള സന്മനസ്സ് സ്വന്തമാക്കിയില്ല. പിന്നെയോ, കൽപനയാൽ പ്രേരിതനായിട്ടാണ് തന്റെ അനുസരണം കാഴ്ചവച്ചത്. എന്നാൽ ഇവയെല്ലാം തികഞ്ഞ ദൈവദൂഷണമാണ്.

മിശിഹായുടെ മറുപടിയുടെ അർത്ഥമിതാണ്. നമ്മുടെ ഇടയിലും തിരുലിഖിതത്തിലും *സാധ്യമല്ല* എന്നത് രണ്ടുതരത്തിൽ പ്രയോഗിക്കുന്നു. "കാളകളുടെയും കോലാടുകളുടെയും രക്തത്തിന് പാപങ്ങൾ നീക്കിക്കളയാൻ സാധ്യമല്ല" എന്നു പറയുമ്പോൾ (എബ്രാ.10,4), കോലാടുകളുടെ രക്തം പാപം നീക്കിക്കളയാൻ അശക്തമാണ് എന്നാണർഥം എന്നു വ്യക്തമാണല്ലോ. "മാറ്റമില്ലാത്ത രണ്ടു കാര്യങ്ങളെക്കുറിച്ച്, ദൈവത്തിനു സാധ്യമല്ല" എന്നു പറയുമ്പോൾ (എബ്രാ. 6,18), ദൈവത്തിൽ അശക്തത ആരോപിക്ക

www.malankaralibrary.com



പ്പെടുന്നില്ല. നുണ പറയുന്നത് ദൈവത്തിനു ചേരുകയില്ല. അതുകൊണ്ട്, അസാധ്യമാണ് എന്നാണ് അർഥമാക്കുന്നത്. ഇത് അവന്റെ ശക്തിയുടെ വലിയ അടയാളമാണ്. അങ്ങനെ, ദൈവം നുണ പറയുന്നത് അസാധ്യമാണ് എന്നു ദൈവത്തേക്കുറിച്ച് പറയുന്നത്, അവിടുന്ന് സത്യംതന്നെ ആയതുകൊണ്ടാണ്. ദൈവം തന്റെ സത്യത്തിൽ വിശ്വസ്തനും സ്ഥിരതയുള്ളവനും ആകയാൽ, ബലഹീനത നിമിത്തം, നുണ പറയേണ്ട ആവശ്യം അവനില്ല.

"പുത്രന് *സ്വന്തം ഇഷ്ടം അനുസരിച്ച്* ഒന്നും പ്രവർത്തിക്കാൻ സാധിക്കുകയില്ല" എന്ന വാക്കുകൾ(യോഹ 5,19) അശക്തതയുടെ അർഥത്തിലല്ല എടുക്കേണ്ടത് എന്ന് മേൽപറഞ്ഞതിൽ നിന്ന് സ്പഷ്ടമാണല്ലോ. മനുഷ്യരും സ്വന്തമായി വളരെ കാര്യങ്ങൾ ചെയ്യുന്നു. അതുകൊണ്ട്, ഈ അർഥത്തിലേക്ക് നാം തിരിയേണ്ടിയിരിക്കുന്നു. മനുഷ്യപുത്രൻ ഈയർഥത്തിൽ സ്വന്തം ഇഷ്ടം അനുസരിച്ച് എന്തെങ്കിലും ചെയ്യുന്നത് അസാധ്യമാകുന്നത് എന്തുകൊണ്ട്? അവന് പിതാവുമായുള്ള അവിഭാജ്യമായ തുല്യത കൊണ്ടാണിത്. കാരണം, ഈ സ്വാഭാവികൈക്യം മനസ്സിന്റെ വലിയ യോജിപ്പ് ഉളവാക്കുന്നു. അതുകൊണ്ടാണ് പിതാവ് ആഗ്രഹിക്കാത്തത് പുത്രന് ആഗ്രഹിക്കാൻ കഴിയാത്തത്. ദൈവസ്വഭാവമാകട്ടെ, കാലക്രമം അനുസരിച്ചല്ല സംഭവങ്ങൾ അറിയുന്നത്. ഭാവിയിലെ എല്ലാ കാര്യങ്ങളും അവ നിമിത്തം ഉണ്ടാകേണ്ടവയും ആരംഭത്തിൽ തന്നെ അവൻ അറിയുന്നത് മുന്നറിവു കൊണ്ടാണ്. ഈ ജ്ഞാനം പുത്രനും തുല്യമായി സ്വന്തമായിരിക്കുന്നു. മനസുൾപ്പെടെ എല്ലാ കാര്യങ്ങളും പിതാവിനും പുത്രനും പൊതുവാണ്. അതുകൊണ്ട് അവർക്ക് വ്യത്യസ്തമായ ലക്ഷ്യമോ അറിവോ ഇല്ല. എല്ലാ കാര്യങ്ങളും അവൻ ചെയ്യാൻ ആഗ്രഹിക്കുന്നതുപോലെ ഇവനും ആഗ്രഹിക്കുന്നു. സുവിശേഷകൻ അർഥമാക്കുന്നത് ഇതാണ്: അതായത്, കർത്താവ് തന്റെ വാക്കുകളിലൂടെ പറയുന്നതുതന്നെ.

"പുത്രന് സ്വന്തം ഇഷ്ടം അനുസരിച്ച് ഒന്നും പ്രവർത്തിക്കാൻ സാധിക്കുകയില്ല" എന്നു പറഞ്ഞശേഷം അതിന്റെ കാരണം കൂട്ടിച്ചേർക്കുന്നു: "പിതാവു ചെയ്തു കാണുന്നതല്ലാതെ"(5,19). ശക്തിയുടെയോ അധികാരത്തിന്റെയോ കുറവിനെ കാണിക്കാൻ അവൻ ആഗ്രഹിച്ചിരുന്നെങ്കിൽ, പിതാവ് "കൽപിക്കുന്നതല്ലാതെ, അഥവാ, "പിതാവ് അവനു കൊടുത്ത പ്രവർത്തനശക്തി അല്ലാതെ" എന്നു പറയേണ്ടിയിരുന്നു. ഇപ്പോൾ അവൻ ഇതും കൂട്ടിച്ചേർക്കുന്നു: "പിതാവ് ചെയ്തു കാണുന്നതല്ലാതെ" (5,19). അത് സാമ്യത്തെ കുറിക്കുന്നു. അതുകൊണ്ട്, "പിതാവ് ചെയ്തു കാണുന്നതല്ലാതെ" മറ്റൊന്നും അവൻ ചെയ്യുന്നില്ലെങ്കിൽ, തന്റെ പ്രവർത്തനത്തിൽ പിതാവിനോട് പൂർണമായ സാമ്യം അവനുണ്ടെന്ന് വ്യക്തമാണ്. പിതാവിനും പുത്രനും ഒരേ അധികാരം ഇല്ലായിരുന്നെങ്കിൽ, അത് അസാധ്യമാകുമായിരുന്നു. തുല്യമായ ശക്തി ഇല്ലാതെ എങ്ങനെ പുത്രൻ പിതാവിനോട് തുല്യ

www.malankaralibrary.com



നായിരിക്കും? എങ്ങനെ അതേ പ്രവൃത്തികൾ ചെയ്യും? അതുകൊണ്ട്, ഇത് താഴെപ്പറയുന്നതിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ല: "എന്റെ പിതാവ് എപ്പോഴും പ്രവർത്തിക്കുന്നു. ഞാനും പ്രവർത്തിക്കുന്നു" (5,17). മുമ്പ് വ്യക്തമായി പറഞ്ഞത്, ശ്രോതാക്കളുടെ ബലഹീനത നിമിത്തം അവതരണശക്തി കുറച്ച് അവ്യക്തമായി പറയുന്നു.

ഇതിനുശേഷം, "പിതാവ് ചെയ്തുകാണുന്നതല്ലാതെ" എന്ന് പറയുന്നത്, തന്റെയും പിതാവിന്റെയും പ്രവർത്തനത്തിന്റെ ഒത്തൊരുമ നമ്മെ പഠിപ്പിക്കാൻ വേണ്ടിയാണ്. പിതാവ് ഒന്നു പ്രവർത്തിക്കുന്നു, പുത്രൻ വേറൊന്നു പ്രവർത്തിക്കുന്നു എന്നു കരുതരുത്. സൃഷ്ടികളെ സംബന്ധിച്ച് സദൃശ്യമായ കാര്യങ്ങളിൽ പോലും ചില വ്യത്യാസം ഉണ്ടാകാം. അതുപോലെ, ചില കാര്യങ്ങൾ പിതാവിനും ചില കാര്യങ്ങൾ പുത്രനും ആരോപിക്കേണ്ടിവരും എന്നത് ശരിയല്ലെന്നു കാണിക്കാൻ അവൻ കൂട്ടി ച്ചേർക്കുന്നു: "പിതാവ് ചെയ്യുന്നതുപോലെ അപ്രകാരം തന്നെ പുത്രനും ചെയ്യുന്നു" (5,19). "പിതാവ് ചെയ്യുന്നതെല്ലാം അതുപോലെയുള്ളവ പുത്രനും ചെയ്യുന്നു" എന്നല്ല പറഞ്ഞത്. പിതാവ് ഒരു കാര്യം ചെയ്യുന്നു, പുത്രൻ മറ്റൊരു കാര്യം ചെയ്യുന്നു, പിതാവ് ചെയ്തവയ്ക്ക് സദൃശ്യമായ വേറേ കാര്യങ്ങൾ പുത്രൻ ചെയ്യുന്നു എന്നല്ല, പിന്നെയോ, "പിതാവ് ചെയ്യുന്ന തെല്ലാം ഞാനും ചെയ്യുന്നു" എന്നാണ് പറഞ്ഞത്. കാരണം, പ്രവർത്തനം പൊതുവാണ്. ഞാനും അവനും ഒരേ കാര്യം ചെയ്യുന്നു. വെറുതെ പെരു പ്പിച്ചു പറയുകയല്ല, പുത്രനും ഇവ ചെയ്യുന്നു. പിതാവിനു കീഴ്പ്പെട്ടവനായി പ്രവർത്തിക്കുന്നു എന്ന് കരുതപ്പെടാതിരിക്കാൻ, *സദൃശ്യമായി* എന്ന് കൂട്ടി ച്ചേർക്കുന്നു. പ്രവർത്തനങ്ങൾ മാത്രമല്ല, പ്രവർത്തനരീതിയും പൊതു വാണെന്നു കാണിക്കാൻ വേണ്ടിയാണിത്. അധികാരവും മനസ്സും ഒന്നായിരിക്കുന്നതുകൊണ്ട്, എന്തൊക്കെ ഉണ്ടാക്കപ്പെടുന്നുണ്ടോ, അവയെല്ലാം ഒരുപോലെ അവനാലും പിതാവിനാലും സൃഷ്ടിക്കപ്പെടുന്നു. അതുകൊണ്ട് അവൻ ഉചിതമായി പറയുന്നു, "പുത്രനു തനിയെ ഒന്നും ചെയ്യാൻ കഴിയുകയില്ല"(5,19). പ്രവർത്തനങ്ങൾ പൊതുവായതിനാലും, അവ ഉത്ഭവിക്കുന്ന മനസ്സ് ഒന്നുതന്നെ ആയതിനാലും എങ്ങനെയാണ് മനസ്സും സംഗതികളുടെ ആലോചനയും വേർതിരിക്കപ്പെടാൻ കഴിയുന്നത്? അതുകൊണ്ട് ഇവ താഴെ വരുന്ന വാക്കുകളെ നന്നായി ഉറപ്പിക്കുന്നു: "എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു. ഞാനും പ്രവർത്തിക്കുന്നു" (5,18). പുത്രനെക്കുറിച്ചുള്ള ആരോപണം പിതാവിനെയും ബാധിക്കും എന്ന് കാണിക്കുന്നു. അതുപോലെ, പിതാവുമായുള്ള അവന്റെ സാമ്യവും വ്യക്തമായി പഠിപ്പിക്കുന്നു. പാഷണ്ഡികൾ പറയുന്നതുപോലെ, അവ ഇവനെ അവനിൽ നിന്ന് ഒട്ടും വേർതിരിക്കുന്നില്ല.

www.malankaralibrary.com



പിതാവ് ചെയ്യുന്നതു തന്നെ താനും ചെയ്യുന്നെന്നും, തുല്യതയിലാണ് താൻ അവ ചെയ്യുന്നതെന്നും വ്യക്തമായി തെളിയിച്ച ശേഷം, തന്റെ മനുഷ്യസ്വഭാവത്തിലേക്കു തിരിഞ്ഞ് അവിടുന്ന് പറയുന്നു: "പിതാവ് പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവനെ കാണിക്കുകയും ചെയ്യുന്നു. നിങ്ങൾ വിസ്മയിക്കത്തക്കവിധം ഇവയേക്കാൾ വലിയ പ്രവൃത്തികളും അവിടുന്ന് അവനെ കാണിക്കും" (5,20). ഇവ അക്ഷരാർഥത്തിൽ എടുത്താൽ, ദൈവത്വത്തിന് ചേരുകയില്ലെന്ന് വ്യക്തമാണല്ലോ. തന്നെ പിതാവ് കാണിച്ചതായി ദൃശ്യാദൃശ്യമായവയുടെയെല്ലാം സ്രഷ്ടാവും മറ്റെല്ലാറ്റിനേക്കാൾ ഉന്നതമായ സ്വഭാവം ഉള്ളവനും, മുമ്പു പറഞ്ഞതുപോലെ, പിതാവ് ചെയ്യുന്നതെല്ലാം അതുപോലെ ചെയ്യുന്നവനുമായ വചനമാം ദൈവം കാണാനിരിക്കുന്നവ ഏതൊക്കെയാണ്?

നമ്മുടെ കർത്താവും രക്ഷകനുമായ യേശുമിശിഹാ ദൈവവും മനുഷ്യനുമാകയാലും എല്ലാ കാര്യങ്ങളും സ്വാഭാവികമായി ദൈവത്തിൽ സ്ഥിതിചെയ്യുന്നതിനാലും വചനമാം ദൈവത്തോടുള്ള ഐക്യംവഴി എല്ലാ കാര്യങ്ങളും മനുഷ്യത്വത്തിനു വന്നുചേരുന്നതുകൊണ്ട്, താൻ സാബത് ലംഘിച്ചില്ലെന്നും താൻ ആഗ്രഹിച്ചതൊക്കെ ചെയ്യാൻ തനിക്ക് അനുവാദം ഉണ്ടെന്നും, സാബത് ലംഘനത്തെപ്പറ്റി ആരോപിതനായ മനുഷ്യനെന്ന നിലയിൽ ന്യായവും യുക്തവുമായി ദൈവത്തിന്റെ മഹനീയതകൊണ്ട് തെളിയിക്കുന്നു. അതുകൊണ്ട്, ഈ സ്വഭാവത്തിന്റെ മഹനീയതയെക്കുറിച്ച് അവൻ പറയുന്നു. തന്നെ യഹൂദർ കുറ്റപ്പെടുത്തിയ അവസരം ഉപയോഗിച്ച് അത് ഏതു തരമാണെന്നും കഴിയുന്നിടത്തോളം ചൂണ്ടിക്കാണിക്കാൻ അതേക്കുറിച്ച് പറയുന്നു. അങ്ങനെ ക്രമമായി തന്റെ മനുഷ്യത്വത്തിലേക്ക് സംസാരം തിരിച്ചുവിടുന്നു. കാരണം, കാണപ്പെടുന്ന ഇവന് ഒട്ടും യോജിക്കാത്തതാണ് ആ വാക്കുകളെന്ന് അവർ കരുതിയിരുന്നു. അതുകൊണ്ട് അവൻ പറയുന്നു: " പിതാവ് പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവനെ കാണിക്കുകയും ചെയ്യുന്നു"(5,20). അവനെപ്പോലെ എല്ലാം സ്വാഭാവികമായി ചെയ്യാൻ കഴിയുന്നവനെ സൗഹൃദത്തെ പ്രതി ചിലത് കാണിക്കുന്നത് അധികപ്പറ്റായിരിക്കും. മുമ്പു പറഞ്ഞതുപോലെ, ഈ വിഷയത്തിലേക്ക് അവൻ കടന്നത് വിവരണത്തിന്റെ വഴിയിലൂടെ വലിച്ചിഴയ്ക്കപ്പെട്ടതിനാലാണ്. കാരണം, മനുഷ്യനെന്ന നിലയിൽ അവർ അവനെ കുറ്റപ്പെടുത്തിയപ്പോൾ, വെറും ഒരു ബഹുമാന്യവ്യക്തിയെന്ന നിലയിൽ, അത്ര അനർഹവും പ്രതിഷേധാർഹവുമായ ആരോപണം സ്വീകരിക്കുക സാധ്യമായിരുന്നില്ല.

അങ്ങനെ ദൈവത്വത്തിലേക്കു കടന്നുകൊണ്ട് രണ്ടുകാര്യങ്ങൾ ചെയ്തു. അതായത്, കഴിയുന്നതു പോലെ, തന്നെത്തന്നെ വെളിപ്പെടുത്തി,

www.malankaralibrary.com



തന്നെക്കുറിച്ചുള്ള കുറ്റാരോപണം ശക്തമായി തള്ളിക്കളഞ്ഞു. ഇവ ദൃശ്യനായ അവന് ചേരുന്നവ അല്ലാത്തതിനാൽ ക്രമമായി ഇപ്രകാരം കൂട്ടിച്ചേർത്തു: "പിതാവ് പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവനെ കാണിക്കുകയും ചെയ്യുന്നു" (5,20). ദൃശ്യൻ എന്ന നിലയിലും തനിക്കധികാരമുണ്ടെന്നു കാണിക്കാൻ അവൻ ആഗ്രഹിക്കുന്നു. ദൈവത്തോടുള്ള തന്റെ ഐക്യം നിമിത്തം അവൻ വലുതും സ്വഭാവാതീതവുമായ കാര്യങ്ങൾ സ്വന്തമാക്കുന്നു. അതുകൊണ്ട്, "കാണിക്കുന്നു" എന്നപദം "തന്നു"എന്നതിനു പകരം ആലങ്കാരികമായി അവൻ ഉപയോഗിക്കുന്നു. കാരണം, ഈ കാര്യങ്ങളിലെല്ലാം അവൻ യഹൂദരോട് ഇപ്രകാരം സംസാരിച്ചത്, അവരുടെ ബലഹീനതയ്ക്ക് തന്റെ പ്രസംഗത്തെ അനുരൂപപ്പെടുത്തിക്കൊണ്ട്, വ്യത്യസ്ത സ്വഭാവങ്ങളെ വ്യക്തമായ വാക്കുകളിൽ ചൂണ്ടിക്കാണിക്കുന്നതിനാലാണ്. അവൻ ഒന്നിനെക്കുറിച്ച് രണ്ടു കാര്യങ്ങൾ പറഞ്ഞപ്പോൾ, വ്യക്തിയുടെ ഏകത്വം സൂചിപ്പിക്കുകയായിരുന്നു. യഹൂദർക്ക് അപ്പോൾ അവ ഗ്രഹിക്കാൻ കഴിയുമായിരുന്നില്ല. എങ്കിലും അവൻ അത്തരം കാര്യങ്ങൾ പറഞ്ഞത്, പിന്നീട് അവർ തിരുലിഖിതത്തിൽ കണ്ടെത്തുന്നതിനാണ്. ശിഷ്യർപോലും വളരെ കാര്യങ്ങൾ അപ്പോൾ ഗ്രഹിച്ചിരുന്നില്ല. പിന്നീട് ആ വാക്കുകൾ ഓർത്ത്, അവയുടെ അർഥം ഗ്രഹിച്ചിരുന്നു. അതേക്കുറിച്ച് സുവിശേഷകൻ സൂചിപ്പിക്കുന്നു: "നിങ്ങൾ ഈ ആലയം തകർക്കുവിൻ. മൂന്നു ദിവസത്തിനകം ഞാനതു പുനരുദ്ധരിക്കും" എന്നു നമ്മുടെ കർത്താവു പറഞ്ഞതിനോട്, "അവൻ മരിച്ചവരുടെ ഇടയിൽ നിന്ന് ഉത്ഥാനം ചെയ്തപ്പോൾ, അവൻ ഇതു പറഞ്ഞിരുന്നെന്ന് അവന്റെ ശിഷ്യന്മാർ ഓർക്കുകയും വിശ്വസിക്കുകയും ചെയ്തു" എന്ന് കൂട്ടിച്ചേർത്തത് ഇതു സൂചിപ്പിക്കാനാണ് (2,19.22).

" ഇവയേക്കാൾ വലിയ പ്രവൃത്തികൾ"(5,20) -അതായത്, അവർ അവനെക്കുറിച്ച് വിസ്മയിക്കത്തക്കവിധം, തളർവാതരോഗിയുടെ സൗഖ്യത്തേക്കാൾ വലിയവ തനിക്ക് കാണിക്കാനുണ്ടെന്ന് അവൻ പറഞ്ഞു. ഇതുവഴി പൊതുവായ ഉത്ഥാനത്തേയും വിധിദിവസത്തിൽ അവൻ ചെയ്യാനിരിക്കുന്നവയേയും സൂചിപ്പിക്കുന്നു. അവൻ ലോകത്തെ വിധിക്കാൻ നിൽക്കുമ്പോൾ അവർ ഇതിൽ അവന്റെ മഹത്വം ദർശിക്കും. അപ്പോൾ അവനാരാണെന്നും അവൻ എങ്ങനെയുള്ളവൻ ആയിത്തീർന്നെന്നും മനസ്സിലാക്കി അവർ ന്യായമായി ആശ്ചര്യപ്പെടും. ഇവകൊണ്ട് സംശയലേശമെന്യേ അവർ അവനിൽ വസിക്കുന്ന സ്വഭാവത്തിൽ വിശ്വസിക്കാൻ സമ്മതിക്കും. ഈ കാര്യങ്ങൾ താഴെ വിശദമായി വിവരിക്കുന്നു.

www.malankaralibrary.com



ഇത്തരം വാക്കുകൾ ദൃശ്യപ്രകൃതിയെ ഉല്ലംഘിക്കുന്നതാണെന്ന് അറിഞ്ഞുകൊണ്ട് അവ ഉച്ചരിക്കുന്നതിനു മുമ്പ്, ദൈവിക സ്വഭാവത്തിന്റെ ഔന്നത്യത്തെ സൂചിപ്പിക്കുന്ന തന്റെ വാക്കുകൾ വീണ്ടും സ്ഥിരീകരിക്കുന്നു: "പിതാവ് മരിച്ചവരെ എഴുന്നേൽപിച്ച് അവർക്ക് ജീവൻ നൽകുന്നതുപോലെ തന്നെ പുത്രനും താൻ ഇച്ഛിക്കുന്നവർക്ക് ജീവൻ നൽകുന്നു" (5,21). ഈ പറഞ്ഞത് മുകളിൽ പറഞ്ഞതിനോട് പൂർണമായി യോജിക്കുന്നു. പ്രത്യേകിച്ച്, "പിതാവ് ചെയ്തതായി കാണുന്നവയെല്ലാം പുത്രനും അതുപോലെ ചെയ്യുന്നു എന്നതും "പിതാവ് മരിച്ചവരെ എഴുന്നേൽപ്പിച്ച് അവർക്കു ജീവൻ നൽകുന്നതു പോലെ തന്നെ പുത്രനും താൻ ഇച്ഛിക്കുന്നവർക്ക് ജീവൻ നൽകുന്നു" എന്നതും തമ്മിൽ വ്യത്യാസമൊന്നുമില്ല. ആദ്യത്തേത് എല്ലാറ്റിനെയും സംബന്ധിച്ചു പറയുമ്പോൾ, രണ്ടാമത്തേത് വിവരണക്രമം അനുസരിച്ച് ഒരു പ്രത്യേക വിഭാഗത്തെപ്പറ്റി മാത്രം പറയുന്നു. ഈ പ്രകൃതിയുടെ മഹനീയതയെപ്പറ്റിയുള്ള വാക്കുകൾ സ്ഥിരീകരിച്ചശേഷം അവൻ ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: "പിതാവ് ആരെയും വിധിക്കുന്നില്ല. വിധി മുഴുവൻ പുത്രനെ ഏൽപിച്ചിരിക്കുന്നു" (5,22). അവൻ ഉത്ഥാനത്തേയും വിധിയേയും ബന്ധിപ്പിക്കുന്നു. കാരണം, രണ്ടും ഒരുമിച്ചു സംഭവിക്കാൻ ഉള്ളവയാണ്. അവൻവഴി എല്ലാവരും ഉയിർക്കുകയും അവൻ എല്ലാവരേയും വിധിക്കുകയും ചെയ്യുന്നതിനാൽ, അവ ഒരുപോലെ നമ്മുടെ കർത്താവിന്റെ മഹിമയെ വിളംബരം ചെയ്യുന്നു. കർത്താവിന്റെ മനുഷ്യസ്വഭാവത്തിൽ സംഭവിച്ചവയെ കുറിച്ച് തിരുലിഖിതം പ്രതിപാദിക്കുന്നു.

ഈ മനുഷ്യസ്വഭാവത്തിന് ഉപരിസ്ഥമായവ സംഭവിക്കുമ്പോൾ ഉടനെ ദൈവത്വത്തിന്റെ മഹനീയതയെ കുറിച്ച് പറയുകയും ശ്രോതാക്കളെ സംശയത്തിൽ നിന്ന് വിമുക്തരാക്കുകയും ചെയ്യുന്നു. ഉദാഹരണമായി, ഭാഗ്യവാനായ പൗലോസ് പറയുന്നു: "ദൈവം നമ്മോട് തന്റെ പുത്രനിലൂടെ സംസാരിച്ചു. അവനെ അവിടുന്ന് സകലത്തിന്റേയും അവകാശിയായി സ്ഥാപിച്ചിരിക്കുന്നു"(എബ്രാ.1,2). ഇത് എടുക്കപ്പെട്ട മനുഷ്യനെ ഉദ്ദേശിച്ചാണ്. അവൻ മാനുഷികരീതിയിൽ സംസാരിച്ചെന്നും, അവൻ വസ്തുക്കളുടെ നാഥൻ അല്ലായിരുന്നെങ്കിലും ദൈവവചനത്തോടുള്ള അവന്റെ ഐക്യം നിമിത്തം അവയുടെ മേലുള്ള അധികാരം അവനു ലഭിച്ചെന്നും പൗലോസ് ശ്ലീഹാ കാണിക്കുന്നു. കാരണം, വചനം വസ്തുക്കളുടെ സ്രഷ്ടാവെന്ന നിലയിലും അവയുടെ മേൽ ആധിപത്യം പുലർത്തി. ഈ വാക്ക് ആരേക്കുറിച്ചു പറയുന്നുവോ, അവന്റെ സ്വഭാവത്തിന് അതീതമാണെന്നു മനസ്സിലാക്കി, "അവൻവഴി അവൻ യുഗങ്ങളെ നിർമിച്ചു" എന്ന് അവൻ കൂട്ടിച്ചേർക്കുന്നു. ദൈവസ്വഭാവത്തിന്റെ സവിശേഷതയിൽ നിന്ന്, ദൃശ്യനായ മിശിഹായ്ക്കും ഈ സാർവത്രികാധിപത്യം ഉണ്ടെന്ന് കണിക്കാനാണിത്.

www.malankaralibrary.com



അതുപോലെ, ഇവിടെ ദൈവസ്വഭാവത്തിന്റെ സവിശേഷതകളെ ആധാരമാക്കി മേൽപറഞ്ഞ കുറ്റാരോപണത്തിൽ നിന്ന് തന്നെ വിമുക്തനാക്കുന്നു. അതേ കാരണത്താൽ ദൈവസ്വഭാവത്തിൽ നിന്ന് മനുഷ്യസ്വഭാവം അതിസ്വാഭാവിക ഗുണങ്ങൾ സ്വീകരിച്ചെന്നു പഠിപ്പിക്കാൻ അവൻ തന്റെ വിവരണം മനുഷ്യസ്വഭാവത്തിലേക്കു തിരിക്കുന്നു.

തന്റെ സ്വഭാവത്തിന് ഉപരിസ്ഥമായി അവൻ സ്വീകരിച്ചവ ഏവയാണെന്ന് വിവരിക്കാൻ ആഗ്രഹിച്ചുകൊണ്ട്, ആദ്യം ദൈവത്വത്തിന്റെ ഔന്നത്യത്തെക്കുറിച്ചുള്ള വിവരണം ഉറപ്പിച്ചു. പിന്നീട് തനിക്കു നൽകപ്പെട്ടയെ വ്യാപകമായി ചേർത്തു വിവരിക്കുന്നു: "പിതാവ് ആരെയും വിധിക്കുന്നില്ല. വിധി മുഴുവൻ അവിടുന്ന് പുത്രനെ ഏൽപ്പിച്ചിരിക്കുന്നു" (5,22). ഇത് ദൈവസ്വഭാവത്തിന് ചേരുന്നതല്ലെന്ന് വ്യക്തമാണ്. കാരണം, വചനമാം ദൈവം, അവൻ പറഞ്ഞതുപോലെ, പിതാവിനെപ്പോലെ എല്ലാം ചെയ്യുന്നു. പിതാവിനെപ്പോലെ എല്ലാം ചെയ്യുന്നവന്, പിതാവ് വിധിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി വിധിക്കാൻ സാധ്യമല്ല. അതുകൊണ്ടാണ് പുത്രൻ വിധി സ്വീകരിച്ചെന്നും പിതാവ് കൊടുത്തെന്നും പറഞ്ഞിരിക്കുന്നത്. ഇത് മനുഷ്യസ്വഭാവത്തിന് പരിപൂർണമായി യോജിക്കുന്നതാണ്. കാരണം, ദൈവസ്വഭാവം എല്ലാ സൃഷ്ടികൾക്കും അദൃശ്യമാകയാൽ, വിധിക്കപ്പെടാനുള്ളവരെ പ്രതി വിധിയാളൻ കാണപ്പെടേണ്ടതാകയാൽ, വിധിക്കുന്നവനും കൽപിക്കുന്നവനും ദൃശ്യനാകാൻവേണ്ടി സൗകര്യപൂർവം വചനമാം ദൈവം മനുഷ്യത്വം സ്വീകരിച്ചു. നമ്മുടെ രക്ഷയെപ്രതി അവനിൽ ദിവ്യവ്യാപാരം മുഴുവൻ പൂർത്തിയാക്കിക്കൊണ്ടും അവനിലൂടെ വിധി നടപ്പാക്കിക്കൊണ്ടും വിധിക്കാനുള്ള അധികാരം അവനു കൊടുത്തു. മനുഷ്യത്വത്തിന് ഈ ബഹുമാനവും അധികാരവും സ്വഭാവത്താലേ ലഭിച്ചതല്ലെന്ന് അറിയുക. പിന്നെയോ, അതുമായുള്ള ഐക്യം നിമിത്തം അവനു സ്വന്തമായവ അതിനു കൊടുക്കുന്നതും അതിൽ വസിക്കുന്നതുമായ മഹോന്നത സ്വഭാവത്തിൽ നിന്നാണ്.

"പിതാവ് ആരെയും വിധിക്കുന്നില്ല" എന്നുള്ളത് അധികാരത്തെയോ ശക്തിയെയോ കുറിച്ചു പറയാൻ പറ്റില്ല. വിധിക്കാനുള്ള അധികാരത്തിൽ നിന്ന് പിതാവ് ഒരിക്കലും പിന്മാറുന്നില്ല. എല്ലാറ്റിന്റെയും സ്രഷ്ടാവും കർത്താവും ആയതിനാൽ അവകാശമെന്ന നിലയിൽ എല്ലാവരെയും വിധിക്കുകയും ചെയ്യുന്നു. ദൃശ്യതയെ, അഥവാ, വിധിക്കപ്പെടേണ്ടവർക്ക് വാസ്തവത്തിൽ കാണപ്പെടുന്നു എന്നതു സംബന്ധിച്ച്, പുത്രനും ആരെയും വിധിക്കുന്നില്ല. കാരണം, അവനെയും കാണാൻ കഴിയില്ല. എന്നാൽ എടുക്കപ്പെട്ട മനുഷ്യൻ സ്വർഗത്തിൽ നിന്ന് വാരാനിരിക്കുന്നു: " നിങ്ങളിൽ നിന്ന് സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ട ഈ യേശു, സ്വർഗത്തിലേക്കു കരേറുന്ന

www.malankaralibrary.com



തായി നിങ്ങൾ കണ്ടതുപോലെ, വരാനിരിക്കുന്നു" (നട 1,11). മുമ്പു പറഞ്ഞതുപോലെ, അവൻ ഓരോരുത്തരുടെയും യോഗ്യതയ്ക്ക് തക്ക പ്രതിഫലം നൽകിക്കൊണ്ട് എല്ലാവരെയും വിധിക്കുകയും താൻ ഇച്ഛിക്കുന്നതുപോലെ എല്ലാവരെക്കുറിച്ചും വിധിപറയുകയും ചെയ്യും. സ്വാഭാവികമായി ഇതു ചെയ്യാൻ അവനു കഴിയാത്തതുകൊണ്ട്, വിധിക്കാനുള്ള അധികാരം പിതാവ് പുത്രന് നൽകിയെന്ന് ശരിയായി പറയുന്നു. അവന് ഇല്ലാതിരുന്നത്, വചനമാം ദൈവവുമായുള്ള ഐക്യംവഴി അവൻ സ്വീകരിച്ചു. അവൻ സ്വഭാവത്താൽ തന്നെ എല്ലാവരുടെയും വിധിയാളനാകയാൽ, സ്വന്ത അവകാശത്താൽതന്നെ തന്റെ സേവകരെ വിധിക്കുന്നു. പിതാവിനെപ്പോലെ അവൻ എല്ലാം ചെയ്യുന്നതിനാൽ, അതുപോലെ, എല്ലാവരെയും വിധിക്കുന്നു. അതുകൊണ്ട്, വചനമാം ദൈവത്തിന് വിധിക്കാനുള്ള അധികാരം കൊടുത്തു എന്ന് ചിലർ പറയുന്നത് ഭോഷത്തമാണ്. ഇതെങ്ങനെ സാധ്യമാകും? ഇവ പിതാവിനും പുത്രനും തുല്യമായിട്ടുള്ളവയാണ്. എല്ലാ സംഗതികളും അവൻ പിതാവിനെപ്പോലെ ചെയ്യുന്നുവെന്നു പറയുന്നത് സത്യമാണെങ്കിൽ, വിധിയുടെ അധികാരം അവന് അന്യമായിരിക്കുന്നത് എങ്ങനെയാണ്?

വിധിക്കാനുള്ള ഈ അധികാരത്തിന്റെ അനന്തരഫലം എന്താണെന്ന് അവൻ വ്യക്തമാക്കുന്നു: "എല്ലാവരും പിതാവിനെ ആദരിക്കുന്നതുപോലെ പുത്രനെയും ആദരിക്കേണ്ടതിനാണിത് " (5,23). വചനമാം ദൈവം എല്ലാവരുടെയും ബഹുമാനം അർഹിക്കുന്നത്, വിധികർത്താവായതുകൊണ്ടല്ല, സ്രഷ്ടാവായതു കൊണ്ടാണ്. കാരണം, വിധിക്കുന്നതിനേക്കാൾ ഉത്കൃഷ്ടമാണ് ഇല്ലാതിരുന്നവയെ സൃഷ്ടിക്കുന്നത്. തദ്ഫലമായി, ഇതും എടുക്കപ്പെട്ട മനുഷ്യന് നന്നായി ആരോപിക്കപ്പെടുന്നു. അവൻ സ്വീകരിച്ചവ വഴി പിതാവിന്റെ ബഹുമാനത്തിലും അവൻ പങ്കാളിയാകുന്നു. അതുപോലെ, അവനും പിതാവിനെപ്പോലെ ബഹുമാനിക്കപ്പെടുന്നത് ഉചിതമാണ്. എടുക്കപ്പെട്ട മനുഷ്യത്വം എല്ലാവരുടെയും ബഹുമാനം സ്വീകരിക്കുന്നത് സ്വാഭാവികമായിട്ടല്ല, പിന്നെയോ, വചനമാം ദൈവത്തോട് ആരാധനയിൽ ഐക്യപ്പെട്ടിരിക്കുന്നതിനാലത്രേ. പിതാവ് വചനമാം ദൈവത്തോടുകൂടെ ബഹുമാനിക്കപ്പെടുന്നതുപോലെ, അവശ്യാവശ്യം അതേ ബഹുമാനത്താൽ മനുഷ്യത്വവും ബഹുമാനിക്കപ്പെടുന്നു. അതുകൊണ്ട്, അവൻ കൂട്ടിച്ചേർക്കുന്നു: "പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല (5,23). അതുകൊണ്ട്, നിങ്ങൾ എന്റെമേൽ ചൊരിഞ്ഞ അപമാനം പിതാവിലേക്കും ചെന്നെത്തുന്നുവെന്ന് അവൻ പറയുന്നു.

അവനിൽ വിശ്വസിക്കുകയും അവനെ ബഹുമാനിക്കുകയും ചെയ്യുന്നവർക്ക് എന്ത് പ്രയോജനം ലഭിക്കുനെന്ന് അവൻ പറയുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അ

www.malankaralibrary.com



വനു ശിക്ഷാവിധി ഉണ്ടാകുന്നില്ല. പ്രത്യുത, അവൻ മരണത്തിൽ നിന്ന് ജീവനിലേക്ക് കടന്നിരിക്കുന്നു " (5,24). എന്റെ വചനം കേൾക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവൻ നിത്യജീവന്റെ പങ്കാളിയാകും. അവന് ശിക്ഷാവിധി, അതായത്, ന്യായവിധിയിലുള്ള പ്രയാസങ്ങൾ ഉണ്ടാകുന്നില്ല. അവൻ ബഹുമാനിക്കപ്പെടും. വിധിയാളൻ തന്നെ അവനെ ബഹുമാനിക്കും. തന്റെ വിവരണത്തിന്റെ വിഷയം മനുഷ്യസ്വഭാവം ആക്കിയതുകൊണ്ട്, മനുഷ്യസ്വഭാവത്തിന്റെ ബഹുമാനത്തേക്കുറിച്ച് വിവരിച്ചു പറയുന്നു. അതേപ്പറ്റി പറയപ്പെട്ടവ എത്ര മഹനീയമായിരുന്നുവോ, അത്രയ്ക്ക് കൂടുതലായി അവനിൽ ഉണ്ടായിരുന്ന സ്വഭാവത്തെ അത് വെളിപ്പെടുത്തിയിരുന്നു. തന്റെ വചനം ഉറപ്പിച്ചുകൊണ്ട് അവൻ തുടർന്ന് പറയുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അല്ല, വന്നുകഴിഞ്ഞു. ആ സ്വരം ശ്രവിക്കുന്നവർ ജീവിക്കും "(5,25). മരിച്ച മനുഷ്യർ മരണത്തിൽനിന്ന് ജീവനിലേക്കു കടക്കുമെന്നത് അവിശ്വസനീയം ആയതിനാൽ, അവൻ ശരിയായി കൂട്ടിച്ചേർക്കുന്നു: "ആ സമയം വരാനിരിക്കുന്നു." മരിച്ച അനേകർ ഉടൻതന്നെ എന്റെ സ്വരം ശ്രവിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. ഈ വസ്തുത കാണുന്നവർ അവന്റെ വാക്കിൽ സംശയിക്കാതിരിക്കാനാണിതു പറഞ്ഞത്. ഇത് വിധവയുടെ പുത്രനിൽ സംഭവിച്ചു. സിനഗോഗ് അധികാരിയുടെ പുത്രിയിലും സംഭവിച്ചു. ലാസറിനു സംഭവിച്ചത് വളരെ പ്രശസ്തമായി. അതുപോലെ മറ്റനേകരിലും. എല്ലാ സംഗതികളും രേഖപ്പെടുത്തിയിട്ടില്ലല്ലോ.

ഇവ പ്രവർത്തിക്കുന്നതിനുള്ള അധികാരം എവിടെ നിന്നാണെന്ന് അവൻ പറയുന്നു: "എന്തെന്നാൽ പിതാവിന് തന്നിൽതന്നെ ജീവനുള്ളതുപോലെ, പുത്രനും തന്നിൽതന്നെ ജീവനുണ്ടാകുവാൻ അവിടുന്ന് വരം നൽകിയിരിക്കുന്നു. വിധിക്കാനുള്ള അധികാരവും അവനു നൽകിയിരിക്കുന്നു " (5,26). ഉയിർപ്പിക്കാനുള്ള ശക്തി പിതാവ് അവനു കൊടുത്തു. അതേ അധികാരം വിധിക്കാനും അവനു നൽകി. മനുഷ്യനെപ്പറ്റി അവൻ ഇവ നന്നായി പറയുന്നു. കാരണം, വചനമാം ദൈവത്തോടുള്ള ഐക്യം വഴി പിതാവിനെപ്പോലെ അവൻ സർവശക്തി സ്വീകരിച്ചു. അവനിൽ ഉണ്ടായിരുന്ന വചനമാം ദൈവം പിതാവിനെപ്പോലെ എല്ലാറ്റിനും കഴിവുറ്റവനാണ്.

എടുക്കപ്പെട്ട മനുഷ്യനെപ്പറ്റിയാണ് ഇവയെല്ലാം പറയുന്നതെന്നു വ്യക്തം. കാരണം, പിതാവ് ആരെയും വിധിക്കാത്തതുകൊണ്ട്, വിവരണം മുഴുവൻ എടുക്കപ്പെട്ട മനുഷ്യനെപ്പറ്റിയാക്കി. അതായത്, "പിതാവ് പുത്രനെ സ്നേഹിക്കുന്നു" എന്നതുമുതൽ (5,20) "പിതാവ് മരിച്ചവരെ എഴുന്നേൽപ്പിച്ച് അവർക്ക് ജീവൻ നൽകുന്നതുപോലെതന്നെ പുത്രനും താൻ ഇച്ഛിക്കുന്ന

www.malankaralibrary.com



വർക്ക് ജീവൻ നൽകുന്നു "(5,21) എന്നതുവരെ. മേൽപ്പറഞ്ഞവയുടെ ഉറപ്പിനു വേണ്ടിയാണ് ഈ വിവരണത്തിൽ ഈ ഭാഗം ഉദ്ധരിച്ചിരിക്കുന്നത്.

## യേശുവിന്റെ സാക്ഷ്യം

അത്തരം പ്രസംഗം അതിന്റെ ആഴം നിമിത്തം ദൃശ്യപ്രകൃതിയെ വളരെ അതിലംഘിക്കുന്നതാണെന്നു മനസ്സിലാക്കി, "മനുഷ്യപുത്രനായതുകൊണ്ട് "എന്ന് കർത്താവ് കൂട്ടിച്ചേർക്കുന്നു (5,27). "ഇതിൽ നിങ്ങൾ വിസ്മയിക്കേണ്ട. എന്തെന്നാൽ കല്ലറകളിൽ ഉള്ളവരെല്ലാം അവന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു. അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും" (5,28-29). എന്റെ ഈ ദൃശ്യപ്രകൃതി പരിഗണിച്ച്, ഞാൻ പറഞ്ഞതിനെപ്പറ്റി നിങ്ങൾ സംശയിക്കരുത്. അതായത്, കല്ലറയിലുള്ളവർ അവന്റെ സ്വരം കേൾക്കുകയും പുറത്തുവരികയും അവരുടെ ഇടയിൽ വിഭജനം ഉണ്ടാകുകയും ഓരോരുത്തരും അർഹിക്കുന്ന പ്രതിഫലം ലഭിക്കുകയും ചെയ്യുന്ന ദിവസം വരുന്നു. ഇവിടെ "വിസ്മയിക്കേണ്ട" എന്നതിന്റെ പിന്നാലെ വരുന്നതാണ് "സമയം വന്നുകഴിഞ്ഞു" എന്നത്. അതുകൊണ്ട്, "വിസ്മയിക്കേണ്ട" എന്നതിന്റെ കാരണമായി, "സമയം വന്നുകഴിഞ്ഞു" എന്നതിനെ ഒരിക്കലും കണക്കാക്കരുത്. മറിച്ച്, മുകളിൽ പറഞ്ഞതുപോലെ, "മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വരുന്നു, അല്ല ഇപ്പോഴാണ്. ആ സ്വരം ശ്രവിക്കുന്നവർ ജീവിക്കും"(5,25). വീണ്ടും, "വിധിക്കാനുള്ള അധികാരവും അവനു നൽകിയിരിക്കുന്നു." ഇവ ദൃശ്യപ്രകൃതിയോട് ബന്ധപ്പെട്ടതാണെന്ന് വിശ്വസിക്കാൻ പ്രയാസമായിരുന്നതുകൊണ്ട് അവൻ അത് ആവർത്തിച്ചുകൊണ്ട് സൗകര്യപൂർവം കൂട്ടിച്ചേർക്കുന്നു: ഈ സ്വഭാവം പരിഗണിച്ച്, നിങ്ങൾ കേട്ടവയെപ്പറ്റി വിസ്മയിക്കേണ്ട. അവ വിശ്വസിക്കാൻ പ്രയാസമാണെന്നു കരുതരുത്.-എന്തു കാരണത്താലാണ് അവർ വിസ്മയിക്കാതിരിക്കേണ്ടതെന്ന് അവൻ പറയുന്നു: "സ്വമേധയാ ഒന്നും ചെയ്യാൻ എനിക്കു സാധിക്കുകയില്ല. ഞാൻ ശ്രവിക്കുന്നതുപോലെ ഞാൻ വിധിക്കുന്നു" (5,30). വേറൊരുവനിൽ നിന്നാണ് തനിക്ക് വിധിക്കാനുള്ള അധികാരവും ശക്തിയും കിട്ടിയതെന്ന് അവൻ സൂചിപ്പിക്കുന്നു. എല്ലാക്കാര്യങ്ങളും നീതിയോടെ വിധിക്കാൻ സാധിക്കുന്നത് വെറും മനുഷ്യന്റെ കഴിവിൽ പെട്ടതല്ല. ആരിൽ നിന്നാണ് അവൻ വിധിക്കാനുള്ള അധികാരവും ശക്തിയും സ്വീകരിച്ചത്? വചനമാം ദൈവത്തോടുള്ള തന്റെ ഐക്യം നിമിത്തം വിധിക്കുന്നതിനുള്ള ശക്തിയും അധികാരവും അവനിൽ നിന്നാണെന്ന് വ്യക്തം. അവനത് സ്വന്തപ്രകൃതിയാൽ ചെയ്യാൻ ഒരിക്കലും കഴിയുമായിരുന്നില്ല.

അതുകൊണ്ട്, അവൻ പറയുന്നു: "എന്റെ വിധി നീതിയുക്തമാണ്. കാരണം, ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമാണ്

www.malankaralibrary.com



അന്വേഷിക്കുന്നത്"(5,30). അവിശ്വാസികൾക്കെതിരായി നീതിയുക്തമായ വിധി ഞാൻ പ്രസ്താവിക്കും. കാരണം, നിങ്ങളെ മതത്തിൽ നിന്ന് വേർതിരിക്കാനും എന്നിലേക്കു തിരിക്കാനുമല്ല ഞാൻ നിങ്ങളോടു സംസാരിക്കുന്നത്. പിന്നെയോ, ഞാൻ നിങ്ങളെ ദൈവത്തിലേക്ക് നയിക്കും. അവനെക്കുറിച്ചുള്ള ജ്ഞാനം പകർന്നുതരും. എന്നിൽ വിശ്വസിക്കാൻ വിസമ്മതിക്കുന്നവർക്ക് ന്യായീകരണത്തിന് ഒരവസരവും ലഭിക്കുകയില്ല.

"കഴിവിനെക്കുറിച്ച് ഒരേ അർത്ഥത്തിലല്ല പറഞ്ഞിരിക്കുന്നത്. ഉദാ. "എനിക്കു തനിയെ ഒന്നും ചെയ്യാൻ കഴിയുകയില്ല" എന്നതും, "പുത്രന് തനിച്ച് ഒന്നും ചെയ്യാൻ കഴിയുകയില്ല "എന്നതും (5,19). ഉയിർപ്പിനെയും വിധിയെയും കുറിച്ചു സംസാരിക്കുമ്പോൾ, മനുഷ്യരുടെ ദൃശ്യമായ പ്രകൃതിയെ ഉല്ലംഘിക്കുന്നവയെക്കുറിച്ച്, "എനിക്ക് തനിയെ ഒന്നും ചെയ്യാൻ കഴിയുകയില്ല" എന്നു പറയുന്നത്, വചനമാം ദൈവത്തോട് അതിനുള്ള ഐക്യംവഴി അവന്റെ അധികാരത്തിലും ശക്തിയിലും പങ്കാളിയാണെന്ന് കാണിക്കാനാണ്. അതുകൊണ്ട് അവൻ കൂട്ടിച്ചേർക്കുന്നു: "ഞാൻ കേൾക്കുന്നതുപോലെ വിധിക്കുന്നു"(5,30). എന്നിൽ വസിക്കുന്ന വചനമാം ദൈവത്തിന്റെ ഔന്നത്യം എനിക്കുണ്ട്. മുകളിൽ, സാബതു ലംഘനത്തെപ്പറ്റി യഹൂദർ കുറ്റപ്പെടുത്തിയപ്പോൾ അവിടുന്ന് പറഞ്ഞു: "പുത്രനു തനിയെ ഒന്നും ചെയ്യാൻ കഴിയുകയില്ല"(5,19). ആർക്കു വേണമെങ്കിലും സാബത് ലംഘിക്കാൻ കഴിയും. അതുകൊണ്ട്, ഇവിടുത്തെ പ്രശ്നം അധികാര സംബന്ധമല്ല. പിന്നെയോ, പിതാവിന്റെ തിരുഹിതത്തിനു വിരുദ്ധമായി എന്തെങ്കിലും ആഗ്രഹിക്കാനുള്ള അസാധ്യതയെ കുറിച്ചാണ്.

അതുകൊണ്ട് അവൻ കൂട്ടിച്ചേർക്കുന്നു: "പിതാവു ചെയ്തു കാണുന്ന തല്ലാതെ"(5,19).ഇവിടെയാകട്ടെ, "ഞാൻ കേൾക്കുന്നതുപോലെ വിധിക്കുന്നു" (5,30). ഇത് അറിവിനെ കാണിക്കുന്നു; മറ്റത് സാദൃശ്യത്തെയും. പശ്ചാത്തലം മുഴുവൻ പരിഗണിച്ചാൽ, രണ്ടും തമ്മിലുള്ള വ്യത്യാസം കാണാം. "പിതാവ് ചെയ്തു കാണുന്നതല്ലാതെ" എന്നു പറഞ്ഞശേഷം "പിതാവ് ചെയ്യുന്നതെല്ലാം പുത്രനും അതുപോലെ ചെയ്യുന്നു" എന്നു പറഞ്ഞ് അവൻ സാദൃശ്യത്തെയും സമത്വത്തെയും പറ്റി പ്രതിപാദിക്കുന്നു. "ഞാൻ കേൾക്കുന്നതുപോലെ വിധിക്കുന്നു" എന്ന വാക്കുകൾക്കു ശേഷം "എന്റെ വിധി നീതിപൂർവകവുമാണ് "എന്നു കൂട്ടിച്ചേർക്കുന്നു (5,30). കാരണം, നിങ്ങളെ എന്നിലേക്കു മനസ്സുതിരിക്കാനല്ല ഞാൻ ആഗ്രഹിക്കുന്നത്. മറിച്ച്, നിങ്ങളെ, ദൈവത്വത്തിലേക്കു നയിക്കാനാണ്. അതുകൊണ്ട്, പറഞ്ഞതിന്റെ സന്ദർഭവും യുക്തിയും കാണിക്കുന്നത്, ഇത് മനുഷ്യസ്വഭാവത്തെപ്പറ്റിയാണ് എന്നത്രേ. കാരണം, വചനമാം ദൈവത്തോടുള്ള ഐക്യത്തിൽ നിന്നുമാറി തനിച്ച് ഒന്നും ചെയ്യാൻ മനുഷ്യത്വത്തിന് കഴിയുകയില്ല. മറ്റതിന്റെ അർത്ഥം ഇതാണ്: വചനമാം

www.malankaralibrary.com



ദൈവത്തിന്റെ പ്രവൃത്തികൾ പിതാവിന്റെ തിരുമനസ്സിന് എതിരോ വിപരീതമോ ആണെന്ന്, പിതാവിന്റെ തിരുമനസ്സിലും സ്വഭാവത്തിലും അതിനുള്ള പങ്കാളിത്തം മൂലം നമുക്കു ചിന്തിക്കാനാവില്ല. നിയമ ലംഘനത്തെക്കുറിച്ച് ശാസിക്കപ്പെട്ടപ്പോഴാണ് ഇത് വിശദീകരിക്കാൻ അവൻ പ്രേരിതനായത്. അവൻ പറഞ്ഞ അവിശ്വസനീയ വചനം നിമിത്തം, താൻ അഹങ്കാരിയാണെന്ന് പരിഗണിക്കപ്പെടുമോ എന്നും അങ്ങനെ ന്യായ യുക്തമായി അവിശ്വസിക്കപ്പെടുമോ എന്നും അവൻ ഇവിടെ ഭയപ്പെടുന്നു. അതുകൊണ്ട്, വചനമാം ദൈവത്തിന്റെ ഭാഗത്തുനിന്ന് ചിന്തിച്ച്, തന്റെ വാക്കുകളുടെ ആഴം വിശ്വസിനീയമാക്കുന്നു.

ഈ പറഞ്ഞവ കൃത്യമായി മനസ്സിലാക്കുന്നതിനുവേണ്ടി താഴെ വരുന്നവ കൂടി ശ്രദ്ധിക്കുക: "സ്വന്തം ഇഷ്ടം അനുസരിച്ച് ഒന്നും പ്രവർത്തിക്കാൻ അവനു കഴിവില്ല" (5,19). ഇത് ദൈവസ്വഭാവത്തെക്കുറിച്ച് എടുക്കുന്നത് ഒട്ടും ഉചിതമല്ല. കാരണം, ഇത് ബലഹീനത ഉൾക്കൊള്ളു ന്നതാണ്. ദൈവത്വം പ്രവർത്തിക്കുന്നതെല്ലാം അതിന്റെ സ്വാഭാവിക ശക്തിയാലത്രേ.

മുകളിൽ ചൂണ്ടിക്കാണിച്ചതുപോലെ, പിതാവായ ദൈവത്തെ കൂടാതെ പ്രവർത്തിക്കാൻ വചനമായ ദൈവത്തിന് സാധ്യമല്ല എന്ന അർഥത്തിലാണ് മുകളിൽ പറഞ്ഞവ ഗ്രഹിക്കേണ്ടത്. ഇവ മനുഷ്യസ്വഭാവത്തേക്കുറിച്ച് പരിഗണിച്ചാൽ, അത് ഉത്തമമായ അർഥമായിരിക്കും. കാരണം, ഈ സ്വഭാവത്തെ അതിശയിക്കുന്നവയെല്ലാം - വചനമാം ദൈവത്തോടുള്ള ഐക്യംമൂലം വളരെ പ്രവൃത്തികൾക്ക് ഭാഗഭാഗിത്വം കിട്ടി - ആ സ്വഭാവത്തിൽ നിന്നല്ല, മറ്റെവിടെയോ നിന്നു വരുന്നതാണ്. അതായത്, അതിനോടു യോജിപ്പിക്കപ്പെട്ട ദൈവസ്വഭാവത്തിൽ നിന്ന്.

"ഞാൻ എന്നെക്കുറിച്ചു തന്നെ സാക്ഷ്യപ്പെടുത്തുന്നെങ്കിൽ എന്റെ സാക്ഷ്യം സത്യമല്ല. എന്നെക്കുറിച്ച് സാക്ഷ്യം നൽകുന്ന വേറൊരാളുണ്ട്, എന്നെക്കുറിച്ചുള്ള അവന്റെ സാക്ഷ്യം സത്യമാണെന്ന് എനിക്കറിയാം" (5,31-32). നമ്മുടെ കർത്താവ് തന്നെക്കുറിച്ച് പറഞ്ഞ സാക്ഷ്യം സത്യമല്ലെന്ന് നുണ പറയാതെ എങ്ങനെ പറയാനാകും? മറ്റൊരാൾ പറഞ്ഞാലും ന്യായമായും യഹൂദർ അവന്റെ വാക്ക് വിശ്വസിക്കുകയില്ലായിരുന്നു. അവനോട് സംസാരിച്ചവരുടെ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് അവൻ വളരെ കാര്യങ്ങൾ പറഞ്ഞിരുന്നു എന്നത് വ്യക്തമാണ്. അതുകൊണ്ടാണ്, തന്നെക്കുറിച്ചു തന്നെ നമ്മുടെ കർത്താവ് പറഞ്ഞ വാക്കുകൾക്കെതിരെ അവർ തടസ്സം ഉന്നയിച്ചത്. "നിന്റെ വചനം സത്യമല്ല. അവ സ്വീകാര്യമല്ല. കാരണം, നീ നിന്നെക്കുറിച്ചുതന്നെ സാക്ഷ്യം നൽകുന്നു." -തനിക്കെതിരെ തർക്കിച്ചുകൊണ്ട് അവർ ഉന്നയിക്കാനിരുന്ന ഈ തടസ്സവാദത്തെ മുൻകൂട്ടി
8 കണ്ടുകൊണ്ട് നമ്മുടെ കർത്താവ് പറയുന്നു: എന്നെ സത്യവാനായി

www.malankaralibrary.com



കാണേണ്ട. കാരണം, ഞാൻ എന്നെക്കുറിച്ചു തന്നെ സാക്ഷ്യം നൽകുന്നു. ഇതാണ് നിങ്ങൾ സംശയരഹിതമായി പറയാൻ ആഗ്രഹിക്കുന്നത്. ഞാൻ മാത്രമാണ് എന്നെക്കുറിച്ച് സാക്ഷ്യം പറഞ്ഞിരുന്നതെങ്കിൽ, ഈ പറഞ്ഞതിന് പ്രസക്തിയുണ്ടാകുമായിരുന്നു. ഇപ്പോഴാകട്ടെ, എന്നേക്കുറിച്ച് ഞാൻ പറഞ്ഞവയ്ക്ക് സമമായി മറ്റൊരാൾകൂടി സാക്ഷ്യം പറയുന്നു. അത് എനിക്ക് വളരെ ഉറപ്പു നൽകുന്നു.

ആ മറ്റെയാൾ ആരാണ്? " നിങ്ങൾ യോഹന്നാന്റെ അടുത്തേക്ക് ആളയച്ചു. അവൻ സത്യത്തിന് സാക്ഷ്യം നൽകുകയും ചെയ്തു"(5.33). നിങ്ങൾ പറഞ്ഞ തടസ്സങ്ങൾക്കെതിരെ ഞാൻ പറഞ്ഞവ കൂടാതെ, നിങ്ങൾ യോഹന്നാന്റെ പക്കലേക്ക് ആളുകളെ അയച്ചപ്പോൾ അവൻ നിങ്ങൾക്ക് സാക്ഷ്യം നൽകി. തന്റെ വാക്കുകളുടെ ഉറപ്പ് ഇവയിലൂടെ നഷ്ടപ്പെടാതിരിക്കാൻ, അവൻ വിവേകത്തോടെ പറഞ്ഞു: " ഞാൻ മനുഷ്യരുടെ സാക്ഷ്യം സ്വീകരിക്കുന്നു എന്നു വിചാരിക്കേണ്ട. നിങ്ങൾ രക്ഷിക്കപ്പെടേണ്ടതിനാണ് ഞാൻ ഇതെല്ലാം പറയുന്നത് " (5,34). ഞാനിവ പറയുന്നത് എനിക്ക് അവന്റെ സാക്ഷ്യം ആവശ്യമായിട്ടല്ല, മനുഷ്യരുടെ സാക്ഷ്യം കൊണ്ട് വർദ്ധിക്കുന്ന ഒന്നല്ല എന്റെ വാക്കുകളുടെ മൂല്യം. ഞാനിത് പറയാൻ കനിഞ്ഞത് നിങ്ങളുടെ രക്ഷയെ പ്രതിയാണ്. അതുകൊണ്ടാണ് യോഹന്നാന്റെ വാക്കുകൾ അനുസ്മരിക്കാൻ ഞാൻ ആഗ്രഹിച്ചത്. ഒരുപക്ഷേ യോഹന്നാന്റെ സാക്ഷ്യത്താൽ പ്രേരിതരായി സംശയം കൂടാതെ നിങ്ങൾ എന്റെ വാക്കുകളെ സ്വീകരിക്കുമെന്ന് കരുതിയാണിത്.

എന്തുകൊണ്ട് എനിക്ക് അവന്റെ സാക്ഷ്യം ആവശ്യമില്ല? "കത്തിജ്ജ്വലിക്കുന്ന ഒരു വിളക്കായിരുന്നു അവൻ. അൽപസമയത്തേക്ക് അവന്റെ പ്രകാശത്തിൽ ആനന്ദിക്കാൻ നിങ്ങൾ ഒരുക്കവുമായിരുന്നു" (5,35). അവൻ വിളക്കിന്റെ സ്ഥാനം വഹിച്ചിരുന്നു. സൂര്യന്റെ അഭാവത്തിൽ ഇരുട്ടിൽ നടന്നിരുന്ന നിങ്ങൾക്ക് അത് ഉപകാരപ്രദമായി. സൂര്യൻ ഉദിച്ചപ്പോൾ അത് അധികപ്പറ്റായി. സൂര്യന്റെ വെളിച്ചം ലഭിക്കുന്നവർക്ക് മറ്റതിന്റെ പ്രയോജനമില്ല. അതുപോലെ, ഞാൻ വരുന്നതിനുമുമ്പ് അവൻ നിങ്ങളുടെ ശിക്ഷണത്തിന് ഉപകരിച്ചു. സത്യവെളിച്ചമായ ഞാൻ വന്നശേഷം എല്ലാവരും അതിലേക്കു തിരിയാനും അതിനെ ആശ്രയിക്കാനും കടപ്പെട്ടിരിക്കുന്നു. ഉപയോഗം കഴിഞ്ഞ വിളക്കുപോലെ അവൻ അവസാനിക്കണം. അതുകൊണ്ട്, ഞാനും അവനും തമ്മിൽ ഇത്ര വലിയ അന്തരമുണ്ട്. നിങ്ങളെ രക്ഷിക്കാൻവേണ്ടി അവൻ നിങ്ങളുടെ പക്കലേക്കു വന്നതിനാൽ, അവന്റെ സാക്ഷ്യത്തെക്കുറിച്ച് സാന്ദർഭികമായി ഞാൻ നിങ്ങളെ അനുസ്മരിപ്പിക്കുന്നു. അവൻ നിങ്ങളിൽ നിന്ന് വളരെ അകലെയായിരുന്നപ്പോഴും അവനെ അനുസരിക്കുന്നവരായി നിങ്ങൾ കാണപ്പെട്ടു. എന്നാലത് യഥാർത്ഥമായ അനുസരണമായിരുന്നില്ല.

www.malankaralibrary.com



കുറച്ചുനാളത്തേക്കു നിങ്ങൾ അവനിൽ സന്തോഷിച്ചു. അവനിൽ വിശ്വസിക്കുന്നവരായി കുറച്ചുനാളത്തേക്കു നിങ്ങൾ കാണപ്പെട്ടു. എന്നെക്കുറിച്ചുള്ള അവന്റെ സാക്ഷ്യം നിങ്ങൾ സത്യമായി സ്വീകരിക്കാനും എന്റെ വാക്കുകളെ അനുസരിക്കാനും വിസമ്മതിച്ചതു കാരണം നിങ്ങളുടെ പ്രവൃത്തികൾ വഴി നിങ്ങളുടെ അനുസരണക്കേട് നിങ്ങൾ എടുത്തു കാണിച്ചു.

സത്യസന്ധമായ സാക്ഷ്യം കൊണ്ടുവരേണ്ടതാണെങ്കിൽ, എതിരാളികൾക്കെതിരായി എനിക്ക് ഉന്നതമായ സാക്ഷ്യമുണ്ട്. അതുകൊണ്ട് അവൻ പറയുന്നു: "യോഹന്നാന്റേതിനേക്കാൾ വലിയ സാക്ഷ്യം എനിക്കുണ്ട്. അത് ഏതാണെന്ന് അവൻ പറയുന്നു: "ഞാൻ പൂർത്തിയാക്കാനായി പിതാവ് എന്നെ ഏൽപിച്ച ജോലികൾ – ഞാൻ ചെയ്തു കൊണ്ടിരിക്കുന്ന ജോലികൾ തന്നെ-പിതാവാണ് എന്നെ അയച്ചതെന്ന് സാക്ഷ്യപ്പെടുത്തുന്നു" (5,36). പ്രവൃത്തികളുടെ സാക്ഷ്യമാണ് ഏറ്റവും വലുത്. വാക്കുകളുടെ സാക്ഷ്യമാകട്ടെ, ചിലപ്പോൾ തെറ്റാനിടയുണ്ട്. പ്രവൃത്തികൾക്ക് സംശയരഹിതമായ സത്യസന്ധതയുണ്ട്. ഞാൻ ചെയ്യുന്നവ നിശ്ചയമായും എനിക്ക് ദൈവത്തോടുള്ള ഐക്യം വെളിപ്പെടുത്തുന്നു. ഇങ്ങനെയുള്ള സ്വഭാവം എനിക്കില്ലായിരുന്നെങ്കിൽ ഇത്തരം പ്രവൃത്തികൾ ചെയ്യാൻ എനിക്കു സാധിക്കുമായിരുന്നില്ല. എന്നെ അയച്ച പിതാവു തന്നെ എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു (5,37). പ്രവൃത്തികൾ കൂടാതെ വാക്കുവഴിയും എന്നെക്കുറിച്ചുള്ള സാക്ഷ്യം ഞാൻ സ്വീകരിച്ചു. സ്നാനസമയത്തുണ്ടായ സ്വരത്തെ കുറിച്ചാണ് അവൻ പറയുന്നത്. "ഇവൻ എന്റെ പ്രിയപുത്രനാണ്. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു (മത്താ 3,17). യഹൂദരെ പഠിപ്പിക്കാൻ വേണ്ടിയാണ് ജഡത്തിലുള്ള മിശിഹായ്ക്കു മീതേ ഈ സ്വരമുണ്ടായത്. ആർക്കുവേണ്ടിയാണ് ഈ സ്വരമുണ്ടായതെന്ന് അവിടെ ഉണ്ടായിരുന്ന ജനം മനസ്സിലാക്കി. അവരുടെ ഇടയിൽ പുത്രനെന്ന പദത്തിന്റെ ഉപയോഗം സാധാരണമായിരുന്നു. -ഉദാ."ഞാൻ മക്കളെ പോറ്റിവളർത്തി"(ഏശാ. 1,2); വീണ്ടും, "നിങ്ങൾ ദൈവങ്ങളാണ്. നിങ്ങൾ എല്ലാവരും അത്യുന്നതന്റെ മക്കളാണെന്നു ഞാൻ പറയുന്നു" (സങ്കീ. 82,6).- എന്നാൽ ഇവന്റെ ഔന്നത്യം വ്യത്യസ്തമാണെന്നു കാണിക്കാൻ അവൻ പറയുന്നു."ഇവനാണ് എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു"(മത്താ 3,17). അവൻ അവർക്കു തുല്യനല്ല. വെറും വാചികസംബന്ധം മാത്രമല്ല അവൻ സ്വീകരിച്ചത്. മറിച്ച്, ഉന്നതമായ സ്നേഹത്തിന് അർഹനായി. യഥാർഥ പുത്രനോടുള്ള തന്റെ ഐക്യം നിമിത്തം, പുത്രന്റെ ബഹുമാനത്തിലും അവൻ പങ്കാളിയായി.

വീണ്ടും, അവൻ കൂട്ടിച്ചേർക്കുന്നു: "അവിടുത്തെ സ്വരം നിങ്ങൾ ഒരിക്കലും കേട്ടിട്ടില്ല. രൂപം കണ്ടിട്ടുമില്ല. അവിടുന്ന് അയച്ചവനെ നിങ്ങൾ

www.malankaralibrary.com



വിശ്വസിക്കാത്തതുകൊണ്ട് അവിടുത്തെ വചനം നിങ്ങളിൽ വസിക്കുന്നില്ല'' (5,37-38). ഇങ്ങനെ ന്യായമായി അവൻ അവരെ കുറ്റപ്പെടുത്തുന്നു. നിങ്ങൾ ഒരിക്കലും അവനെ കണ്ടിട്ടില്ലെങ്കിലും, അവന്റെ സ്വരം കേട്ടിട്ടില്ലെങ്കിലും, സ്വർഗത്തിൽ നിന്ന് അവന്റെ സ്വരം കേൾക്കാൻ നിങ്ങൾ യോഗ്യരായിത്തീർന്നു. എന്നാൽ എന്റെ വാക്കുകൾ വിശ്വസിക്കുന്നതിനുള്ള മാന്യത നിങ്ങൾക്കുണ്ടായില്ല. മറിച്ച്, നിങ്ങൾ അവന്റെ വാക്കുകൾ വിസ്മരിക്കുകയും അവൻ അയച്ച് സാക്ഷ്യപ്പെടുത്തിയ എന്നെ അവിശ്വസിക്കുകയും ചെയ്തു - ഇവയൊന്നും മതിയാകാതെ നമ്മുടെ കർത്താവ് അവരുടെ ഇടയിൽ അംഗീകൃതമായ മറ്റു കാര്യങ്ങൾ കൊണ്ടും തന്നെക്കുറിച്ചുള്ള സാക്ഷ്യം ഉറപ്പിക്കുന്നു. അവൻ പറയുന്നു: ''നിങ്ങൾ തിരുലിഖിതങ്ങൾ പരിശോധിക്കുവിൻ. എന്തെന്നാൽ അവയിൽ നിത്യജീവൻ ഉണ്ടെന്ന് നിങ്ങൾ വിചാരിക്കുന്നു. അവ തന്നെയാണ് എന്നെക്കുറിച്ച് സാക്ഷ്യം നൽകുന്നത്. എന്നിട്ടും നിങ്ങൾക്ക് നിത്യജീവൻ ഉണ്ടാകേണ്ടതിന് എന്റെ അടുത്തേക്കു വരാൻ നിങ്ങൾ വിസമ്മതിക്കുന്നു'' (5,39-40). പ്രവൃത്തികളിൽ വിശ്വസിക്കാൻ നിങ്ങൾ കൂട്ടാക്കുന്നില്ലെങ്കിൽ, നിങ്ങൾ വിശ്വാസം അർപ്പിക്കുന്നതും നിങ്ങൾക്കു നിത്യജീവൻ തരാൻ കഴിവുണ്ടെന്ന് നിങ്ങൾ കരുതുന്നതുമായ തിരുലിഖിതങ്ങൾ പരിശോധിക്കുക. അവയിൽ എന്നെക്കുറിച്ചുള്ള സാക്ഷ്യം പലപ്പോഴും കാണാം. എന്നാൽ അവയിൽ എഴുതപ്പെട്ട വചനങ്ങൾ നിമിത്തം നിങ്ങൾ എന്റെ വാക്കുകളിൽ വിശ്വസിക്കുകയും തിരുലിഖിതങ്ങൾ വഴി നിങ്ങൾക്കു ലഭിക്കുമെന്ന് കരുതുന്ന യഥാർഥജീവൻ പ്രാപിക്കുകയും ചെയ്യുന്നതിന്, അവയിലും വിശ്വസിക്കാൻ നിങ്ങൾ കൂട്ടാക്കുന്നില്ല.

തന്റെ വാക്കുകളിൽ വിശ്വസിക്കാൻ വിമുഖത കാണിച്ചതിന്, ഇവയിലൂടെ അവരെ കുറ്റപ്പെടുത്തുകയും തന്നെക്കുറിച്ച് പറഞ്ഞ വാക്കുകൾ വിവിധതരം വാദമുഖങ്ങൾകൊണ്ട് ഉറപ്പിക്കുകയും ചെയ്തുകൊണ്ട്, തന്റെ വാക്കുകളിൽ നിന്ന് ഉണ്ടാകാവുന്ന ബുദ്ധിശൂന്യമായ അനുമാനം അവസരോചിതമായി നീക്കിക്കളഞ്ഞു: ''മനുഷ്യരിൽ നിന്നു ഞാൻ മഹത്വം സ്വീകരിക്കുന്നില്ല. എനിക്കു നിങ്ങളെ അറിയാം. നിങ്ങളിൽ ദൈവസ്നേഹമില്ല'' (5,41-42). ഞാൻ നിങ്ങളിൽ നിന്ന് മഹത്വം ആഗ്രഹിക്കുന്നതുകൊണ്ടോ, നിങ്ങൾ എന്നിൽ വിശ്വാസം അർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നതുകൊണ്ടോ അല്ല ഞാൻ ഈ വാക്കുകൾ ഉച്ചരിച്ചത്. പിന്നെയോ, ദൈവസ്നേഹം നിങ്ങളിൽ വർദ്ധിക്കുന്നില്ല എന്നു കാണിക്കാനാണ്. മാത്രമല്ല, ഞാൻ വ്യർഥമായും മോശമായും ദൈവ

www.malankaralibrary.com



ത്തോടുള്ള തുല്യതയിൽ അഭിമാനിക്കുന്നെന്നു കരുതി ദൈവ സ്നേഹത്തിന്റെ നാട്യത്തിൽ വളരെ തീക്ഷ്ണതയോടെ നിങ്ങൾ എന്നെ പീഡിപ്പിക്കുന്നു. ഇപ്രകാരം കുറ്റപ്പെടുത്തിയെങ്കിലും, നിങ്ങൾ സുകൃത ത്തിലേക്കു തിരിയുമെന്നു കരുതിയാണ് ഞാൻ നിങ്ങളോടു ഇങ്ങനെ സംസാരിച്ചത്. *ഞാൻ സ്വീകരിക്കുന്നില്ല* എന്ന് ഉചിതമായിട്ടാണ് അവൻ പറഞ്ഞത്. അതായത്, എനിക്കു നൽകപ്പെട്ട മഹത്വം ഞാൻ സ്വീകരിക്കുന്നില്ല. മനുഷ്യരിൽ നിന്നു മഹത്വം സ്വീകരിച്ച് ഔന്നത്യം വർദ്ധിപ്പിക്കുന്ന സ്വഭാവമല്ല എനിക്കുള്ളത്.

വിവിധ രീതികളും വിവിധ ക്രമങ്ങളും ഉപയോഗിച്ച് വ്യത്യസ്തവും ബഹുവിധവുമായ വാദമുഖങ്ങളാൽ യഹൂദരുടെ അവിശ്വസ്തതയെ അവിടുന്ന് ഖണ്ഡിക്കുകയും തന്റെ വാക്കുകളുടെ ഉദ്ദേശ്യം സംശയരഹിതമായി സ്ഥാപിക്കുകയും ഉറപ്പിക്കുകയും ചെയ്തു. സാബത്തു ലംഘനത്തെക്കുറിച്ച് അവർ അവനെ കുറ്റപ്പെടുത്തുകയും മറ്റു മനുഷ്യരെപ്പോലെ നിയമവിധേയനായ വെറുമൊരു മനുഷ്യനെന്ന നിലയിൽ അവൻ കൽപന ലംഘിച്ചെന്ന് കരുതി ന്യായമായി ഭത്സിക്കുകയും ചെയ്തെന്ന് കാണപ്പെടുകയാൽ, അവരുടെ ആരോപണത്തിനു മറുപടി പറയാനായി തന്റെ വാക്കുകൾ അവൻ ഉപയോഗിച്ചു. അങ്ങനെ മറ്റു മനുഷ്യരെപ്പോലെ താൻ നിയമവിധേയനല്ലെന്നു കാണിക്കാൻ, ക്രമമായി വാക്കുകൾ ഉപയോഗിച്ച്, ദൈവിക സ്വഭാവത്തിന്റേത് ഏവയെന്ന് അനുസ്മരിച്ചു. കാരണം, പിതാവിനു തുല്യനെന്ന നിലയിൽ തന്നിൽ വസിക്കുന്നവന് പിതാവു ചെയ്യുന്നതെല്ലാം പൂർണ അധികാരത്തോടെ പ്രവർത്തിക്കാൻ കഴിയും. "എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു. ഞാനും പ്രവർത്തിക്കുന്നു (5,17). കൂടാതെ, "പിതാവ് ചെയ്യുന്നതെല്ലാം അതുപോലെ, പുത്രനും ചെയ്യുന്നു"(5,19).

മനുഷ്യസ്വഭാവത്തിലും തനിക്ക് അധികാരവും ശക്തിയും ഉണ്ടെന്ന് കാണിക്കാൻ അവൻ പിന്നീട് അതിലേക്ക് തിരിഞ്ഞുകൊണ്ടു പറയുന്നു: "പിതാവ് പുത്രനെ സ്നേഹിക്കുകയും താൻ ചെയ്യുന്നതെല്ലാം അവനെ കാണിക്കുകയും ചെയ്യുന്നു" (5,20). എടുക്കപ്പെട്ട മനുഷ്യന്റെ മഹത്വം വെളിപ്പെടുത്താൻ ആഗ്രഹിച്ചുകൊണ്ട്, ദൈവത്വത്തെപ്പറ്റി പറഞ്ഞ തന്റെ വാക്കുകൾ ഉറപ്പിക്കാനായി വീണ്ടും അതേപ്പറ്റി പറയുന്നു. ഇങ്ങനെ തന്റെ വിവരണോദ്ദേശ്യം വിപുലമാക്കിയശേഷം, താഴെപ്പറയുന്ന വാക്കുകളിൽ, തന്റെ ബഹുമാനത്തെക്കുറിച്ചുള്ള പ്രശ്നം അവതരിപ്പിക്കുന്നു.

www.malankaralibrary.com



രണ്ടു കാര്യങ്ങളാണ് അവൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത്: ഒന്ന്, താൻ സാബത് ലംഘിച്ചെന്ന് യഹൂദർ തനിക്കെതിരെ ഉന്നയിച്ച ആരോപണത്തിന് മറുപടി പറയാൻ; രണ്ട്, തന്റെ ഔന്നത്യം ദൃശ്യസ്വഭാവത്തെ ഉല്ലംഘിക്കുന്നതാണെന്ന് പഠിപ്പിക്കാൻ. ദൈവസ്വഭാവത്തെക്കുറിച്ച് അവൻ പറഞ്ഞ വാക്കുകളിലൂടെ ഇവ രണ്ടും ഉറപ്പിക്കുന്നു.

തനിക്കിഷ്ടമുള്ളതെല്ലാം ചെയ്യുന്നതിന് അവന് അനുവാദമുണ്ടെന്ന് കാണിക്കാൻ ഈ ഔന്നത്യത്തെ സൂചിപ്പിച്ച ഉടനെ അവൻ മനുഷ്യസ്വഭാവത്തിലേക്കു തിരിയുന്നു. എടുക്കപ്പെട്ട മനുഷ്യന്റെ ബഹുമാനത്തേയും സ്ഥാനത്തേയും അതേ ക്രമത്തിൽ ചർച്ചചെയ്യേണ്ടിയിരിക്കുന്നതിനാൽ, വീണ്ടും ദൈവത്വത്തെ കുറിച്ചുള്ള തന്റെ വാക്കുകൾ ഉറപ്പിച്ചുകൊണ്ട്, തന്റെ വിശദീകരണത്തിലേക്ക് കടക്കുന്നു. താൻ എല്ലാ മനുഷ്യരുടെയും ഉത്ഥാനത്തിന്റെ ഹേതുവാണെന്നും എല്ലാവരുടേയും ഭാവി വിധിയാളനാണെന്നും ഇവയെല്ലാംവഴി പറയുകയും പഠിപ്പിക്കുകയും ചെയ്തു.

ഇത് അവിശ്വസനീയമാണെന്ന് കരുതുന്നവരുടെ അഭിപ്രായത്തെ കൃത്യമായി തള്ളിക്കളഞ്ഞുകൊണ്ട് അവൻ പറയുന്നു: തന്റെ സ്വഭാവത്താൽ തന്നെയല്ല, വേറൊരു സ്വഭാവത്താൽ മാത്രമേ ഇതുചെയ്യാൻ കഴിയു എന്നതുകൊണ്ട്, മനുഷ്യന് ഇത് ചെയ്യാൻ കഴിയുന്നതിൽ നിങ്ങൾ വിസ്മയിക്കേണ്ട. തന്റെ വാക്കുകളുടെ വിശ്വസനീയതയെ എല്ലാ രീതിയിലും സമർഥിക്കാൻവേണ്ടി ഭാവിയിലെ ഉത്ഥാനത്തെ നന്നായി തെളിയിക്കുന്ന പ്രവൃത്തികൾ ഇപ്പോഴും താൻ ചെയ്യുന്നെന്ന് പറയുന്നു. തന്നെപ്പറ്റി സാക്ഷ്യം പറഞ്ഞ യോഹന്നാനെയും അവൻ അനുസ്മരിക്കുന്നു. പിതാവ് തന്നെ ഇവയെക്കുറിച്ച് സാക്ഷ്യം നൽകിയെന്നും താൻ പ്രവർത്തിച്ച അടയാളങ്ങളും മതിയായ സാക്ഷ്യം നൽകുന്നെന്നും പറഞ്ഞുകൊണ്ട് തന്റെ വിവരണത്തെ അവൻ കൂടുതലായി പ്രശംസിക്കുന്നു. കൂടാതെ, തിരു ലിഖിതത്തിലും അവനെപ്പറ്റി വളരെ പ്രവചനങ്ങൾ പറഞ്ഞിട്ടുണ്ട്.

പ്രവാചകഗ്രന്ഥങ്ങളിലും പ്രവർത്തിച്ച അത്ഭുതങ്ങളിലും, ആരിൽ തങ്ങൾക്ക് വിശ്വാസം ഉണ്ടെന്ന് അവർ കരുതിയോ അവരുടെ അടുത്തേക്ക് വന്ന ആ പ്രവാചകനിലും, സർവോപരി, പിതാവിന്റെ തന്നെ സ്വരത്തിലും വിശ്വസിക്കാതിരുന്ന അവർ തർക്കിക്കുന്നവരാണെന്ന് ഇവയെല്ലാംവഴി അവൻ കാണിച്ചു. ഇവയ്ക്കെല്ലാം എതിരെ അവർക്ക് ഒരുത്തരമേ ഉണ്ടായിരുന്നുള്ളു: തങ്ങൾ പിതാവിനുവേണ്ടി പോരാടുന്നു.

www.malankaralibrary.com



പിതാവിനും തനിക്കും ഒരേ അധികാരമാണുള്ളതെന്നും പിതാവ് ചെയ്യുന്നതെല്ലാം പുത്രനും താൻ ഇച്ഛിക്കുന്നതുപോലെ ചെയ്യുന്നെന്നും പറയുന്ന അവന്റെ വാക്കുകളെ(5,19) മതത്തിന്റെ പേരിൽ തങ്ങൾ വിശ്വസിക്കുന്നില്ലെന്ന് അവർ തീരുമാനിച്ചു. അതുകൊണ്ട്, അവസാനം ചുരുക്കമായി അതിനെതിരെ വലിയ ശക്തിയോടെ മറുപടി പറഞ്ഞുകൊണ്ട് അവൻ പറയുന്നു: "ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു. എന്നിട്ടും നിങ്ങൾ എന്നെ സ്വീകരിക്കുന്നില്ല. എന്നാൽ മറ്റൊരുവൻ സ്വന്തനാമത്തിൽ വന്നാൽ നിങ്ങൾ അവനെ സ്വീകരിക്കും" (5,43). അന്തിക്രിസ്തു ചെയ്യാനിരിക്കുന്നവയെ സൂചിപ്പിക്കാനാണ് അവൻ ഇതു പറഞ്ഞത്. നിങ്ങൾ അവനിൽ അഭയം തേടുകയും അവനെ സ്വീകരിക്കുകയും ചെയ്യുമ്പോൾ, നിങ്ങളുടെ മർക്കടമുഷ്ടിയെ അവൻ ഖണ്ഡിക്കും. ഞാൻ പറയുന്നതും ചെയ്യുന്നതുമെല്ലാം എന്റെ പിതാവിനോടു ബന്ധപ്പെടുത്തുന്നു. കാരണം, എന്റെ മഹത്വം എന്റെ പിതാവിന്റെ മഹത്വമാണ്. അതുകൊണ്ടാണ് ഞാൻ നിങ്ങളെ പിതൃസവിധത്തിലേക്ക് ആനയിക്കുന്നതും നിങ്ങളുടെ വിശ്വാസരാഹിത്യത്തിന്റെ ശരിയായ മറ കാണിച്ചുതരുന്നതും. അവൻ (അന്തിക്രിസ്തു)വരും. അവൻ പിതാവിനെക്കുറിച്ച് ഒന്നും പറയുകയില്ല. തന്റെ എല്ലാ പ്രവൃത്തികളും സ്വന്തമഹത്വത്തിനുവേണ്ടി ചെയ്യും. അവൻ തന്നെക്കുറിച്ച്, താൻ ദൈവമാണെന്നും പറയും. എല്ലാവരുടേയും മുൻപാകെ മഹാനായും അത്ഭുത പ്രവർത്തകനായും തന്നെത്തന്നെ കാണിക്കും (2തെസ്സ.3,12). പിതാവിന്റെ കാര്യത്തെക്കുറിച്ച് ബന്ധമില്ലാതെയും ദൈവഭക്തിയുടെ മറപിടിക്കാതെയും അപ്പോൾ നിങ്ങൾ അവന്റെ പക്കൽ അഭയം പ്രാപിക്കുകയും ഇപ്പോഴത്തേപ്പോലെ നാട്യഭാവത്തിൽ പിടിച്ചുനിൽക്കുകയും ചെയ്യും. തിന്മയിലേക്കുള്ള നിങ്ങളുടെ മനസ്സിന്റെ ചാച്ചിലിൽ നിന്നാണ് നിങ്ങൾ പ്രവർത്തിക്കുന്നതെന്ന് നിങ്ങൾ ഇപ്പോൾ ചെയ്യുന്നതും ഭാവിയിൽ ചെയ്യാനിരിക്കുന്നതുമായ എല്ലാ കാര്യങ്ങളിൽ നിന്നും വ്യക്തമാകുന്നു. അവർ അവനിൽ വിശ്വസിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് അവൻ പ്രസ്താവിക്കുന്നു: " മനുഷ്യരിൽ നിന്നുള്ള മഹത്വം അന്വേഷിക്കുകയും ദൈവത്തിൽ നിന്നുള്ള മഹത്വം അന്വേഷിക്കാതിരിക്കുകയും ചെയ്യുന്ന നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കാൻ കഴിയും?" (5,44). ഈ ജീവിതത്തിൽ വലിയതൊന്നും നിങ്ങൾക്ക് വാഗ്ദാനം ചെയ്യാതെ, ഞാൻ നിങ്ങളെ ദൈവത്തിലേക്ക് ആനയിക്കുന്നതിനാൽ, എന്റെ വാക്കുകളുടെ കാഠിന്യം നിമിത്തം നിങ്ങൾ എന്നിൽനിന്ന് ഓടിപ്പോകുന്നു. അവനാകട്ടെ, തന്നിൽ

www.malankaralibrary.com



വിശ്വസിക്കുന്നവർക്ക് വലിയ സുരക്ഷിതത്വവും സ്ഥാനമാനങ്ങളും ഇവിടെ വാഗ്ദാനം ചെയ്തുകൊണ്ട്, ഈ ജീവിതത്തിൽ തന്റെ എല്ലാ മഹിമയും കാണിക്കുന്നതിനാൽ, ഇപ്പോഴത്തെ ജീവിതത്തിന്റെ അത്യാർത്തിയാൽ ആകൃഷ്ടരായി അവന്റെ പക്കലേക്ക് നിങ്ങൾ ഓടിച്ചെല്ലും.

പിതാവിനോടുള്ള സ്നേഹം കൊണ്ടല്ല പുത്രനെതിരായി അവർ പീഡനങ്ങൾ അഴിച്ചുവിടുന്നതെന്ന് ഇവയ്ക്കുശേഷം അവൻ വ്യക്തമായി തെളിയിക്കുന്നു. നിയമത്തിനു ശുശ്രൂഷ ചെയ്ത മോശയുടെ കൽപന അവർ അനുസരിക്കുന്നില്ലെന്ന് അവൻ തെളിയിക്കുന്നു. – ഇവ രണ്ടിന്റെയും സംരക്ഷകരെന്ന നിലയിലാണ് അവനെ അവർ പീഡിപ്പിച്ചത്. തദ്ഫലമായി, നിയമദാതാവിനെ ബഹുമാനിക്കാത്തവരും നിയമത്തിന്റെ ശുശ്രൂഷകനെ സ്നേഹിക്കാത്തവരുമായി അവർ അറിയപ്പെടുന്നു. അതുകൊണ്ട് അവൻ പറയുന്നു: "പിതാവിന്റെ സന്നിധിയിൽ ഞാനായിരിക്കും നിങ്ങളെ കുറ്റപ്പെടുത്തുന്നതെന്നു നിങ്ങൾ വിചാരിക്കേണ്ട. നിങ്ങൾ പ്രത്യാശ അർപ്പിച്ചിരിക്കുന്ന മോശ ആയിരിക്കും നിങ്ങളെ കുറ്റപ്പെടുത്തുക. നിങ്ങൾ മോശയെ വിശ്വസിച്ചിരുന്നെങ്കിൽ, എന്നെയും വിശ്വസിക്കുമായിരുന്നു. കാരണം, എന്നെക്കുറിച്ച് അവൻ എഴുതിയിരിക്കുന്നു. എന്നാൽ അവൻ എഴുതിയവ നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ, പിന്നെ എന്റെ വാക്കുകൾ എങ്ങനെ വിശ്വസിക്കും" (5,45-47). ഇതും അറിയേണ്ടത് ആവശ്യമാണെന്ന് അവൻ പറയുന്നു: അതായത്, പിതാവിന്റെ പക്കൽ നിങ്ങളെ കുറ്റപ്പെടുത്തേണ്ട ആവശ്യം എനിക്കില്ല. നിങ്ങൾക്കെതിരെയുള്ള കുറ്റാരോപണം തിരുലിഖിതത്തിൽ തന്നെയുണ്ട്. കാരണം, നിങ്ങൾ എന്നെ അപമാനിക്കുന്നതുപോലെ, അനുസരണക്കേടുമൂലം നിങ്ങൾ അപമാനിക്കുന്ന മോശ, പ്രതീക്ഷിച്ചിരുന്ന എന്റെ വരവിനെക്കുറിച്ച് വളരെ നൂറ്റാണ്ടുകൾക്കുമുമ്പ് നിങ്ങൾക്ക് എഴുതിയിട്ടുണ്ടല്ലോ. അതുകൊണ്ട്, അവനായിരിക്കും നിങ്ങളെ ഏറ്റവും കഠിനമായും ന്യായമായും കുറ്റപ്പെടുത്താനിരിക്കുന്നത്. നിങ്ങൾ അവന്റെ പ്രവാചക വചസ്സുകളിൽ വിശ്വസിക്കാൻ വിസമ്മതിച്ചു.നിങ്ങൾ മോശയിൽ വിശ്വസിച്ചിരുന്നെങ്കിൽ, നിസ്സംശയം വിശ്വസിച്ചുകൊണ്ട്, എന്നെയും സ്വീകരിക്കുമായിരുന്നു. മറിച്ച്, നിങ്ങൾ അവന്റെ വാക്കുകൾ ശ്രവിക്കാതിരുന്നതിനാൽ, എന്റെ വാക്കുകളിൽ വിശ്വസിക്കുന്നില്ല. അതിൽ അത്ഭുതപ്പെടാനില്ല.

രണ്ടാം പുസ്തകം സമാപ്തം.

www.malankaralibrary.com

# പുസ്തകം-3

## അപ്പം വർദ്ധിപ്പിക്കൽ

മറ്റെല്ലാ സുവിശേഷകരും വിവരിച്ച അപ്പത്തിന്റെ അത്ഭുതം വിവരിക്കാനായി സുവിശേഷകൻ അതിലേക്കു കടക്കുന്നു. മറ്റുള്ളവർ വിട്ടുകളഞ്ഞതും നമ്മുടെ കർത്താവ് പ്രസ്തുത അത്ഭുതത്തിൽ നിന്ന് അനുമാനിക്കുന്നതുമായ പ്രബോധനത്തെപ്പറ്റിയാണ് യോഹന്നാൻ ഇവിടെ അനുസ്മരിക്കുന്നത്. അതുകൊണ്ട്, തന്റെ വിവരണത്തിൽ അത് ഉൾപ്പെടുത്തണമെന്ന് അവൻ തീരുമാനിച്ചു.

ഈ വാക്കുകളുടെയും പ്രവൃത്തികളുടെയും ശേഷം "യേശു തിബേരിയാസ് കടലിന്റെ മറുകരയിലേക്ക് പോയി. രോഗികളിൽ അവൻ പ്രവർത്തിച്ച അടയാളങ്ങൾ കണ്ടതിനാൽ വലിയൊരു ജനക്കൂട്ടവും അവന്റെ പിന്നാലെ പോയി. യേശു മലയിൽ കയറി തന്റെ ശിഷ്യരോടുകൂടെ അവിടെ ഇരുന്നു" (6,1-3). അവൻ എപ്പോഴും ജനങ്ങളുടെ പിറകേ പോയി എന്നു കരുതാതിരിക്കാൻ, അവൻ മാന്യത പുലർത്തി. എന്നാൽ അവരാണ് താൽപര്യപൂർവം അവനെ പിൻതുടർന്നത്. ഇവ സംഭവിച്ച സമയവും സുവിശേഷകൻ ചൂണ്ടിക്കാണിക്കുന്നു. താൻ വിവരിക്കാൻ പോകുന്ന വാക്കുകളും പ്രവൃത്തികളും തിരുനാളിന് അൽപം മുമ്പ് നടന്നവയാണെന്നു കാണിക്കാൻ, "പെസഹാ അടുത്തിരുന്നു" എന്ന് സുവിശേഷകൻ പറയുന്നു (6,4).

"യേശു കണ്ണുകളുയർത്തി ഒരു വലിയ ജനക്കൂട്ടം തന്റെ അടുത്തേക്കു വരുന്നതു കണ്ടു. അവൻ ഫീലിപ്പോസിനോട് ചോദിച്ചു: ഇവർക്ക് ഭക്ഷിക്കാൻ നാം എവിടെനിന്ന് അപ്പം വാങ്ങും?"(6,5). താൻ ചെയ്യാൻ പോകുന്ന അത്ഭുതം അവർ ശ്രദ്ധയോടെ വീക്ഷിക്കാനായി ഫീലിപ്പോസിനോടുള്ള ചോദ്യത്തിലൂടെ അവൻ തന്റെ ശിഷ്യരെ സംശയഗ്രസ്തരാക്കാൻ ഉദ്ദേശിച്ചു. അവൻ ഒരാളോടു മാത്രമാണ് ചോദിച്ചതെങ്കിലും, പൊതുനന്മയെപ്രതി അത് എല്ലാവരോടുമായിരുന്നു. ചോദ്യത്തിന്റെ അർഥം വിവരിച്ചുകൊണ്ട് സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു: "അവനെ പരീക്ഷിക്കാനാണ് യേശു ഇങ്ങനെ ചോദിച്ചത്. എന്തു

www.malankaralibrary.com



ചെയ്യണമെന്ന് യേശു നേരത്തേ മനസ്സിൽ കരുതിയിരുന്നു'' (6,6). ''അവനെ പരീക്ഷിക്കാനായി'' എന്നതിന്റെ അർത്ഥം അവനെ പരിശോധിച്ച് അംഗീകരിക്കപ്പെട്ടവൻ ആക്കുന്നതിനാണ് എന്നത്രേ. കാരണം, ആദ്യം അവൻ ദൗർലഭ്യം നിമിത്തം ഉത്കണ്ഠയും സംശയവും പ്രകടിപ്പിച്ചു. പിന്നീട്, ചെയ്ത അടയാളം ദർശിച്ചപ്പോൾ, തന്നെ മുഴുവനായി എപ്പോഴും ദൈവത്തിനു സമർപ്പിക്കേണ്ടതാണെന്നും ഇല്ലായ്മകൊണ്ട് ഒരിക്കലും മനസ്സ് തളരരുതെന്നും മനസ്സിലാക്കി.

മാനുഷികരീതിയിൽ ചോദ്യത്തിന് ഉത്തരമായി ഫീലിപ്പോസ് പറഞ്ഞു, ''ഓരോരുത്തർക്കും അൽപം വീതം കൊടുക്കാൻ ഇരുനൂറ് ദേനാറായ്ക്ക് അപ്പം പോലും തികയുകയില്ല'' (6,7). അതായത്, ഞങ്ങൾക്കില്ലാത്തത് കൊണ്ട് ഇരുനൂറ് ദേനാറാകൾ ചെലവാക്കാൻ ഞങ്ങൾക്ക് കഴിയുകയില്ല. ഞങ്ങളുടെ സമ്പാദ്യത്തേക്കാൾ വളരെ വലുതാണ് ഈ തുക. ഞങ്ങൾക്ക് അതുണ്ടായിരുന്നെങ്കിൽ പോലും ഓരോരുത്തർക്കും അൽപാൽപം കൊടുക്കാൻ തികയുമായിരുന്നില്ല. അതിന്റെ അർത്ഥം, ഇത്രയും വലിയ തുകയ്ക്ക് ഞങ്ങൾ അപ്പം വാങ്ങിയാലും, അവരിൽ ഓരോരുത്തർക്കും അപ്പം മാത്രം കൊടുക്കുന്നതിന് മതിയാകയില്ലായിരുന്നു.

ഫീലിപ്പോസ് ഇതു പറഞ്ഞപ്പോൾ, ശെമയോന്റെ സഹോദരൻ അന്ത്രയോസ് പറഞ്ഞു: ''അഞ്ച് ബാർലിഅപ്പവും രണ്ടുമീനും കൈവശമുള്ള ഒരുകുട്ടി ഇവിടെയുണ്ട്. എന്നാൽ ഇത്രയും പേർക്ക് അത് എന്തുണ്ട്?'' (6,9). തങ്ങളുടെ ഉപയോഗത്തിനായി കൈവശമുള്ളത് മറച്ചുവയ്ക്കുന്നെന്നു തോന്നാതിരിക്കാൻ വേണ്ടിയാണ് അന്ത്രയോസ് ഇതു പറഞ്ഞത്. ഇത്ര വലിയ ജനക്കൂട്ടത്തിന് ഈ അഞ്ചപ്പം വളരെ നിസ്സാരമാണെന്ന് അവൻ സത്യമായി പറഞ്ഞു. യാഥാർത്ഥ്യം മറിച്ചായിരുന്നില്ല.

ഒരാൾ ഉത്ക്കണ്ഠാകുലനാകുകയും മറ്റൊരാൾ ദൗർലഭ്യം ഏറ്റു പറയുകയും ചെയ്തുകഴിഞ്ഞപ്പോൾ കർത്താവ് അത്ഭുതം പ്രവർത്തിക്കാൻ തയാറായി. ജനങ്ങളെ ഇരുത്തുവാൻ അവിടുന്ന് നിർദേശിച്ചു. അപ്പോൾ സംഭവിക്കാൻ പോകുന്നത് എന്താണെന്ന് അറിയാതെ ജനക്കൂട്ടത്തോട് ഇരിക്കാൻ വലിയ ഭയത്തോടെ ശിഷ്യർ നിർദേശിച്ചു. തങ്ങൾ പരിഹാസ പാത്രമാകുമോ എന്ന് അവർ ഭയപ്പെട്ടിരുന്നു. അവർ അവിടെ ഇരുന്നു. ''ആ സ്ഥലത്ത് വളരെ പുല്ലുണ്ടായിരുന്നു''(6,10). അതുകൊണ്ട്, അവർ ഇരുന്ന സ്ഥലം സൗകര്യപ്രദമായിരുന്നു. സമയവും അവസരോചിതമായിരുന്നു. കൂടുതൽ ചൂടുള്ള സ്ഥലത്ത് ചെടികൾ മുളച്ച് ഭൂമിയെ മൂടുന്ന നീസാൻ മാസമായിരുന്നു അപ്പോൾ. ''പെസഹാ അടുത്തിരുന്നു'' എന്ന് മുകളിൽ പറഞ്ഞത് ഇതാണ് സൂചിപ്പിക്കുന്നത്.

''എണ്ണത്തിൽ അയ്യായിരം പുരുഷന്മാർ ഇരുന്നു. അനന്തരം യേശു

www.malankaralibrary.com



അപ്പം എടുത്ത് വാഴ്ത്തി, ഇരുന്നവർക്കായി ഭാഗിച്ചുകൊടുത്തു. അങ്ങനെ തന്നെ മത്സ്യത്തിൽ നിന്നും അവർക്ക് വേണ്ടുവോളം കൊടുത്തു'' (6,10-11). തിന്നാൻ ആഗ്രഹിക്കുന്നിടത്തോളവും സാധിക്കുന്നിടത്തോളവും അളവിൽ അവിടുന്ന് അവർക്ക് അപ്പവും മീനും വർദ്ധിപ്പിച്ചു എന്നു കാണിക്കാനാണ് ''അവർ വേണ്ടുവോളം ഭക്ഷിച്ചു'' എന്ന് സുവിശേഷകൻ കൂട്ടിച്ചേർത്തത്. വിശന്നിരുന്നവരുടെ ആവശ്യം നിറവേറ്റുക മാത്രമല്ല അവരുടെ ആഗ്രഹം അനുസരിച്ച് ധാരാളമായി തന്റെ കൃപ അവർക്കു നൽകുക കൂടി ചെയ്തു. ഇത് വലിയ ശക്തിയുടെ അടയാളമാണ്. തിന്നു തൃപ്തരായവരിൽ ചിലർ വഴിയാത്രയിൽ ഭക്ഷിക്കാനും മനുഷ്യരുടെ പതിവനുസരിച്ച് വീട്ടിൽ കൊണ്ടു കൊടുക്കാനും വേണ്ടി എടുത്തുകൊണ്ടുപോയി എന്നതാണ് ''ആഗ്രഹിച്ചിട ത്തോളം'' എന്നതിന്റെ അർത്ഥം.

കൃതജ്ഞതാസ്തോത്രം ചെയ്തശേഷം, അപ്പം വിതരണം ചെയ്തു. ഈ ചെയ്തതിനും ഒരുദ്ദേശമുണ്ട്. പൊതുവേ മനുഷ്യർ അവനെ മനുഷ്യനായി കരുതിയതിനാൽ, മാനുഷിക രീതിയിൽ നന്ദി പറഞ്ഞുകൊണ്ട് തുടങ്ങേണ്ടത് ആവശ്യമായിരുന്നു. ദാതാവിന് ഉചിതമാംവിധം നന്ദി പറയാതെ ഭക്ഷണം കഴിക്കരുതെന്ന് ജനത്തെ പഠിപ്പിക്കാൻ വേണ്ടിയായിരുന്നു ഇത്. ജനങ്ങൾ തങ്ങൾക്കാവശ്യമുള്ളത്ര എടുത്തശേഷം ബാക്കിയുള്ളത് ശേഖരിക്കാൻ അവൻ തന്റെ ശിഷ്യരോട് കൽപിച്ചു. പന്ത്രണ്ട് കുട്ട നിറയെ അവർ ശേഖരിച്ചു (6,13). അവർ അവ ആസ്വദിക്കുന്നതനുസരിച്ച് ഈ അടയാളത്തിന്റെ ഓർമ അവരിൽ ദീർഘനാൾ നിലനിൽക്കുന്നതിനാണ് ശേഷിച്ചവ ശേഖരിക്കാൻ നമ്മുടെ കർത്താവ് അവരോടു പറഞ്ഞത്. ''ഒന്നും നഷ്ടപ്പെടാതിരിക്കാൻ'' എന്നു കൂട്ടിച്ചേർത്താണ് യേശു കൽപിച്ചത്.

വാസ്തവത്തിൽ, എന്തെങ്കിലും നശിച്ചുപോകുന്നതിനെക്കുറിച്ചുള്ള ആകാംക്ഷ കൊണ്ടല്ല അവിടുന്ന് ഇപ്രകാരം പറഞ്ഞത്. അതിൽനിന്ന് എന്തു തിന്മയാണ് വരാനുള്ളത്? ശേഷിച്ച കഷണങ്ങൾ പെറുക്കാൻ അവരോട് കൽപിച്ചുകൊണ്ട്, അവൻ തന്റെ വാക്കിന് പ്രത്യേകമായൊരർഥം നൽകി. ഈ സംഭവത്തിനു ശേഷം നടന്നവ തന്റെ പരിപാലനയാൽ സംഭവിച്ചതാണ്. വളരെപ്പേർ കൂടുതൽ നാൾ അപ്പം ഭക്ഷിച്ചുകൊണ്ട്, നടന്ന അത്ഭുതത്തിന്റെ ഓർമ നിലനിർത്തി. കൂടാതെ, ഈ കാര്യം മറ്റുള്ളവരോട് പറഞ്ഞുപരത്തി. ശിഷ്യരുടെ പക്കൽ ഉണ്ടായിരുന്ന ഈ വലിയ അത്ഭുതശേഖരം കണ്ട്, ഇതെവിടെ നിന്നാണെന്ന് ജനങ്ങൾ ചോദിച്ചതുവഴി, നടന്ന അത്ഭുതം സംബന്ധിച്ച് അവർ മനസ്സിലാക്കി. അവൻ ചെയ്ത അടയാളങ്ങളുടെ വലിപ്പം നിമിത്തം അവനെതിരായി അഹങ്കാരത്തിന്റെ സംശയം ജനങ്ങളിൽ ഉളവാകാതിരിക്കാൻ, തന്റെ പരിപാലനാനുസൃതം ചില കാര്യങ്ങൾ ചെയ്യുകയും മറ്റുകാര്യങ്ങൾ പറയുന്നതായി കാണപ്പെടുകയും ചെയ്യുക എന്നത് തന്റെ ഈ വ്യാപാരത്തിൽ കർത്താവ് ശ്രദ്ധിക്കുക പതിവായിരുന്നു.

www.malankaralibrary.com



ഉദാഹരണമായി, "ആരാണ് എന്നെ സ്പർശിച്ചത്?" എന്നു ചോദിച്ചുകൊണ്ട്, അത്ഭുതം വെളിപ്പെടുത്താൻ രക്തസ്രാവക്കാരിയെ അവൻ പ്രേരിപ്പിച്ചു. പ്രവാചകരെപ്പോലെ ആവശ്യം കണക്കിലെടുത്തല്ല താൻ അത്ഭുതം പ്രവർത്തിക്കുന്നതെന്നും തന്റെ ശക്തിയുടെ ശ്രേഷ്ഠത കൊണ്ടാണെന്നും ശേഖരിച്ച അപ്പക്കഷണങ്ങൾ വഴി അവിടുന്ന് കാണിച്ചു കൊടുത്തു. ഇസ്രായേൽക്കാർക്ക് മരുഭൂമിയിൽ മോശ കൊടുത്ത മന്നാ ഓരോ ദിവസത്തേക്കു മാത്രമായിരുന്നു. ആരെങ്കിലും കൂടുതൽ ശേഖരിച്ചു വച്ചിരുന്നെങ്കിൽ, അത് ഉപയോഗശൂന്യമായി തീരുമായിരുന്നു. ജോലി ചെയ്യാതിരിക്കാൻ സാബതിൽ കടപ്പെട്ടിരുന്നതിനാൽ, സാബതിനു തലേന്നാൾ ഇരട്ടി മന്നാ ശേഖരിക്കാൻ അവർക്ക് അനുവാദം ലഭിച്ചിരുന്നു. ഭൂമിയിൽ നിന്നുള്ള ഫലങ്ങൾ ലഭിക്കുന്ന സ്ഥലത്ത് എത്തിയപ്പോൾ മന്നാവർഷം നിന്നുപോയി. ഏലിയായുടെ കാര്യത്തിലും ഇതുതന്നെ സംഭവിച്ചു. കർത്താവ് ഭൂമിയിൽ മഴ പെയ്യിക്കുന്നതുവരെ അത്ഭുതം തുടരും. അതായത്, മാവും എണ്ണയും തീരുകയില്ലെന്ന് വിധവയോട് ഏലിയാ വാഗ്ദാനം ചെയ്തു (1രാജാ 17,14). നിറയ്ക്കേണ്ട പാത്രങ്ങൾ തീരുന്നതുവരെ കടക്കാരിയായ സ്ത്രീക്ക് ഏലീശായും എണ്ണ കൊടുത്തു. പാത്രങ്ങൾ എല്ലാം നിറഞ്ഞപ്പോൾ എണ്ണയൊഴുക്കും നിന്നു (2 രാജാ.4,1-7).

നമ്മുടെ കർത്താവ് ഇങ്ങനെ ചെയ്തില്ല. ആദ്യംതന്നെ അവർക്കിഷ്ടമുള്ളിടത്തോളം കൊടുത്തു. ആർക്കുവേണ്ടി അത്ഭുതം പ്രവർത്തിച്ചോ അവർ സംതൃപ്തരായപ്പോൾ, ആരുവഴി അത്ഭുതം നടന്നോ അവർക്കായി, ശേഷിക്കുന്ന അപ്പക്കഷണങ്ങൾ കൊടുത്തുവിട്ടു. അങ്ങനെ അവർ പന്ത്രണ്ടുകുട്ട നിറച്ച് എടുത്തു കൊണ്ടുപോയി. അവൻ തന്റെ ഹിതാനുസൃതമാണ് അപ്പക്കഷണങ്ങൾ മിച്ചം വരുത്തിയതെന്ന് എല്ലായിടത്തും അറിയപ്പെടാൻ വേണ്ടി, ശിഷ്യന്മാരുടെ എണ്ണം അനുസരിച്ച്, പന്ത്രണ്ടുകുട്ട നിറയാൻ ഇടയാക്കി. മിച്ചം വന്നവയുടെ ആധിക്യത്തിലൂടെ കൃപയുടെ ആധിക്യത്തെയാണ് ഈ അത്ഭുതം വെളിപ്പെടുത്തുന്നത്. കുട്ടകൾ ചുമക്കുന്നവരുടെ എണ്ണമനുസരിച്ച് അവൻ തന്റെ ദാനത്തെ നിയന്ത്രിച്ചതിനാൽ, എല്ലാക്കാര്യങ്ങളും താൻ തിരുമനസ്സാകുന്നതുപോലെ ചെയ്യുന്നെന്ന് തെളിയിക്കുന്നു.

"അത്ഭുതം കണ്ട ജനങ്ങൾ പറഞ്ഞു, ലോകത്തിലേക്കു വരാനിരുന്ന പ്രവാചകൻ സത്യമായും ഇവനാണ്" (6,14). "അത്ഭുതം കണ്ട് വിസ്മയഭരിതരായ ജനക്കൂട്ടം തന്നെ രാജാവാക്കാൻ ആഗ്രഹിക്കുന്നെന്ന് നമ്മുടെ കർത്താവ് മനസ്സിലാക്കി തനിയെ മലയിലേക്കു മാറിക്കളഞ്ഞു" (6,15). അവൻ ഈ ചെയ്തത് ലക്ഷ്യമില്ലാതെയല്ല. രാജ്യത്തിന്റെ അധികാരം മനുഷ്യരുടെ തെരഞ്ഞെടുപ്പുവഴി ലഭിക്കാതിരിക്കാൻ വേണ്ടിയാണിത്. കർത്താവ് മലയിലേക്കു കയറിയപ്പോൾ ശിഷ്യന്മാർ അവിടെത്തന്നെ തങ്ങി.

www.malankaralibrary.com



## യേശു വെള്ളത്തിന്മീതെ നടക്കുന്നത്

വൈകുന്നേരമായപ്പോൾ അവർ പടവു കയറി കടലിനക്കരെ കഫർണാമിലേക്കു പുറപ്പെട്ടു. കടലിനു നടുക്കായപ്പോൾ നേരം ഇരുട്ടിത്തുടങ്ങി. യേശു അവരുടെ അടുത്ത് എത്തിയിരുന്നുമില്ല. ശക്തിയേറിയ കാറ്റടിച്ച് കടൽ ക്ഷോഭിച്ചു. വലിയൊരത്ഭുതം കാണിക്കാൻ വേണ്ടിയാണ് കർത്താവിതു ചെയ്തത്. ശിഷ്യന്മാർ ഇരുപത്തഞ്ചോ മുപ്പതോ *സ്താദിയാ* ദൂരം തണ്ടുവലിച്ചു കഴിഞ്ഞപ്പോൾ യേശു വെള്ളത്തിന്മീതേ നടക്കുന്നതായി അവർക്കു കാണപ്പെട്ടു. അവൻ പടവിനെ സമീപിച്ചപ്പോൾ ആശ്ചര്യകരവും മഹനീയവുമായ ഈ ദർശനം കണ്ട അവർക്ക് വലിയ ഭയമുണ്ടായി. പടവിൽ ഇരിക്കുന്നതു തന്നെ അവർക്ക് ഭയജന്യമായിരുന്നു. അതേസമയം, കർത്താവാകട്ടെ, കടൽ ക്ഷോഭിച്ചിരിക്കുമ്പോൾ ധൈര്യ പൂർവം വെള്ളത്തിൻമീതേ നടന്നു. അവരുടെ ഭയം കുറയ്ക്കാൻ കർത്താവ് അവരോടു പറഞ്ഞു, "ഞാനാണ്, ഭയപ്പെടേണ്ട" (6,20). കാരണമില്ലാതെയല്ല അവർ ഭയപ്പെട്ടത്. പിശാചിന്റെ ഏതോ മായാദർശനം കാണുകയാണെന്ന് അവർ കരുതി. അവരുടെ മുമ്പിൽ തന്റെ അത്ഭുതത്തെ വലുതാക്കി കാണിക്കാൻ അവൻ വെള്ളത്തിന്മീതേ നടക്കുകയായിരുന്നു. പടവിൽ കയറിയില്ല. അതേപ്പറ്റി സുവിശേഷകൻ പറയുന്നു: "അവനെ പടവിൽ കയറ്റാൻ അവർ ആഗ്രഹിച്ചു. ആ ക്ഷണത്തിൽതന്നെ ആ പടവ്, അവർ എവിടേക്കു പോയിരുന്നുവോ, ആ കരയ്ക്കടുത്തു"(6,21). ഇതിന്റെ അർഥം അവർ അവനെ വള്ളത്തിൽ കയറ്റിയില്ല, അവർ അവനെ സ്വീകരിക്കാൻ ശ്രമിച്ചപ്പോൾ വളരെ വേഗത്തിൽ വള്ളം കരയ്ക്കടുത്തു. കർത്താവും അവരോടൊപ്പം ഉണ്ടായിരുന്നു. കർത്താവ് ചെയ്തത് വിശ്വസിക്കാതിരിക്കാനും അവനെ ഒരു മായാദർശനംപോലെ കരുതാനും അവർക്കു കഴിഞ്ഞില്ല. കാരണം, പടവ് അവർക്ക് പോകേണ്ടിയിരുന്ന കരയ്ക്കടുക്കുകയും കർത്താവ് അവരോടൊപ്പം ഉണ്ടായിരിക്കുകയും ചെയ്തത് അവർ കണ്ടതാണ്.

"ശിഷ്യന്മാർ കയറിയ പടവല്ലാതെ വേറേ പടവ് അവിടെ ഇല്ലായിരുന്നെന്ന്, കടലിന്റെ അക്കരെ നിന്നിരുന്ന ജനക്കൂട്ടം പിറ്റേന്നാൾ മനസ്സിലാക്കി" (6,22). കൂടാതെ, നമ്മുടെ കർത്താവ് ശിഷ്യന്മാരോടുകൂടെ പടവിൽ കയറിയില്ലെന്നും ശിഷ്യന്മാർ തനിച്ചാണ് അതിൽ കയറിയതെന്നും അവർ കണ്ടു. "കർത്താവ് കൃതജ്ഞതാസ്തോത്രം ചെയ്ത് നൽകിയ അപ്പം ജനങ്ങൾ ഭക്ഷിച്ച സ്ഥലത്തിനടുത്തേക്ക് തിബേരിയാസിൽ നിന്ന് മറ്റു വള്ളങ്ങൾ വന്നു (6,23). "കർത്താവോ അവന്റെ ശിഷ്യന്മാരോ അവിടെ ഇല്ലെന്നു കണ്ടപ്പോൾ ജനക്കൂട്ടം വള്ളങ്ങളിൽ കയറി കഫർണാമിലെത്തി" (6,24). അവിടേക്ക് ശിഷ്യന്മാർ പോയിരുന്നെന്ന് അവർ അറിഞ്ഞിരുന്നതിനാൽ, കർത്താവിനെപ്പറ്റി അവരോടു ചോദിക്കാൻ വേണ്ടിയാണ് അവരിങ്ങനെ ചെയ്തത്. അവനെ കണ്ടപ്പോൾ എപ്പോൾ അവിടെ എത്തിയെന്ന് അവർ അവനോടു ചോദിച്ചു (6,25).

www.malankaralibrary.com



## യേശു ജീവന്റെ അപ്പം

ശിഷ്യന്മാരേപ്പോലെ അവന്റെ വരവിന്റെ അത്ഭുതരീതി മനസ്സിലാക്കാൻ അവർക്കു കഴിയാതിരുന്നതിനാൽ, അവൻ ഒരുപക്ഷേ പടവിൽ വന്നിരിക്കാമെന്ന് മാനുഷിക രീതിയിൽ അവർ ചിന്തിച്ചു. എങ്ങനെയാണ് ഇത്രവേഗം ഇവിടെ എത്തിയതെന്ന് അത്ഭുതപ്പെട്ടുകൊണ്ട് സമയത്തേക്കുറിച്ചു മാത്രമേ അവർ അവനോടു ചോദിച്ചുള്ളു. അവൻ ശിഷ്യന്മാരോടൊത്ത് പടവിൽ കയറിയില്ലെന്ന് അവർക്ക് അറിയാമായിരുന്നു. അടുത്ത ദിവസം തങ്ങളോടുകൂടെ അവർ അവനെ കണ്ടില്ല. അതുകൊണ്ടാണ് അവർ ശ്രദ്ധാപൂർവം സമയത്തെ കുറിച്ച് അന്വേഷിച്ചത്. മാനുഷികരീതിയിൽ ഇത് വിസ്മയത്തിന് കാരണമാണ്, വാസ്തവത്തിൽ അവർക്കജ്ഞാതമായിരുന്ന അവന്റെ വരവിന്റെ രീതി സമയത്തേക്കാൾ ആശ്ചര്യകരമായിരുന്നു. ചോദ്യരീതി സ്നേഹം നിറഞ്ഞതായിരുന്നെങ്കിലും, തന്നെപ്പറ്റിയുള്ള അവരുടെ ചോദ്യത്തെയോ ചോദ്യരീതിയെയോ നമ്മുടെ കർത്താവ് ശ്രദ്ധിച്ചില്ല. അവർ അവനെ എങ്ങനെ, എന്തിന് അന്വേഷിച്ചു എന്ന് അവരുടെ ഉദ്ദേശ്യം മനസ്സിലാക്കി അവൻ അവരോടു പറഞ്ഞു, "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അടയാളങ്ങൾ കണ്ടതുകൊണ്ടല്ല, അപ്പം തിന്ന് തൃപ്തരായതുകൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്" (6,26). നിങ്ങൾ എന്നെ അന്വേഷിക്കുന്നതിന്റെ കാരണം എനിക്കറിയാം. ആ അത്ഭുതം ചെയ്ത എന്റെ ശക്തിയെ അല്ല നിങ്ങൾ ശ്ലാഘിക്കുന്നത്. ശുദ്ധനിയോഗത്തോടെ നിങ്ങൾ എന്റെ നേരേ സ്നേഹം കാണിക്കുന്നില്ല. മറിച്ച്, കൊതിയും ആർത്തിയും കൊണ്ടു നിറഞ്ഞ്, അലസരായി ജീവിച്ച് ധാരാളം അപ്പം തിന്നുന്നതാണ് സൗഭാഗ്യമെന്ന് നിങ്ങൾ കരുതുന്നതു കൊണ്ട് അപ്പം ലഭിക്കാൻ വേണ്ടി നിങ്ങൾ ഓടുകയാണ്. ഇതേ കാരണത്താലാണ് നിങ്ങൾ എന്നെ രാജാവാക്കാൻ പരിശ്രമിക്കുന്നത്. ഞാൻ നിങ്ങൾക്ക് എപ്പോഴും ഭക്ഷണം നൽകാൻ നിർബന്ധിതൻ ആകത്തക്ക രീതിയിൽ, രാജകീയ ശക്തിയാൽ, ഞാൻ ആവശ്യങ്ങൾ ഏറ്റെടുക്കുന്നതിനു വേണ്ടിയാണത്.

അവർക്കെതിരായി കൊതിയും അലസതയും ആരോപിച്ചശേഷം അവൻ തുടരുന്നു: " നശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ, അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുവിൻ. എന്തെന്നാൽ പിതാവായ ദൈവം അവന്റെ മേൽ അംഗീകാരമുദ്ര വച്ചിരിക്കുന്നു "(6,27). നിങ്ങൾ അലസതയിൽ മുഴുകാതെ, ജോലിചെയ്യാൻ ആഗ്രഹിക്കണമെന്നും നല്ലതും മേന്മയേറിയതുമായ പ്രവൃത്തികൾ ചെയ്യണമെന്നും ഞാൻ താൽപര്യപ്പെടുന്നു. നേരത്തേ കഴിച്ച ഭക്ഷണം നശിച്ചുപോകുന്നതുകൊണ്ട്, തൽക്കാലത്തേക്ക് വയർ നിറയ്ക്കുന്നതും വീണ്ടും വിശപ്പുണ്ടാക്കുന്നതുമായ ഭക്ഷണത്തിനു

www.malankaralibrary.com



വേണ്ടിയല്ല നിങ്ങൾ അധ്വാനിക്കേണ്ടത്. മറിച്ച്, ഒരിക്കൽ ഭക്ഷിച്ചാൽ നിത്യജീവനിൽ പങ്കാളിത്തം ലഭിക്കുകയും മറ്റു ഭക്ഷണം കൂടാതെ അക്ഷയരായി നിലനിൽക്കാൻ സാധിക്കുകയും ചെയ്യുന്നവയ്ക്കായിട്ടാണ് നിങ്ങൾ അധ്വാനിക്കേണ്ടത്.

സമറിയാക്കാരിയോടു പറഞ്ഞ വാക്കിനു തുല്യമാണിത്. അവിടെ അവൻ പറയുന്നു: " ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദീഹിക്കും. എന്നാൽ ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനിലേക്കു നിർഗളിക്കുന്ന അരുവിയാകും" (4,13-14). പെട്ടെന്ന് തൽക്കാലത്തേക്ക് ദാഹം തീർക്കുന്ന സ്വാഭാവിക ജലത്തിന്റെ ഉപയോഗശൂന്യതയെ അവൻ ചൂണ്ടിക്കാണിക്കുന്നു. അവൻ തരാനിരിക്കുന്ന അവന്റെ ശക്തി നിത്യജീവിതത്തിൽ നിന്ന് വെളിവാകുന്നു. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ഏവനും അതിൽ പങ്കാളിയാകുന്നു. ഇവിടെയും അവൻ അതുതന്നെ പറയുന്നു. സ്വാഭാവിക ഭക്ഷണത്തിന്റെ ഫലമിതാണ്. അത് തൽക്കാലത്തേക്ക് നമ്മുടെ വിശപ്പ് ശമിപ്പിക്കും. ഉടനെതന്നെ നമ്മെ വിശക്കുന്നവരാക്കും. എന്നാൽ ഞാൻ നിങ്ങൾക്കു തരുന്ന ഭക്ഷണം നിത്യജീവൻ നൽകുന്നു.

എല്ലാ മനുഷ്യർക്കും ഉയിർപ്പും ഉയിർപ്പിനുശേഷം വ്യതിയാനരാഹിത്യവും നൽകുക എന്നതാണ് അവന്റെ വരവിന്റെ ലക്ഷ്യം. പ്രസ്തുത ലക്ഷ്യം തന്റെ വാക്കുകളിലൂടെ വിശദീകരിക്കുന്നതായി എവിടെയും കാണാം. തളർവാതരോഗിയുടെ കാര്യത്തിൽ സംഭവിച്ചതിനു തുല്യമാണ് ഇവിടെയും അവൻ ചെയ്തതെന്നു പറയാം. മുകളിൽ എന്നപോലെ, യഹൂദർ തന്നിലാരോപിച്ച കുറ്റത്തിന് മറുപടി പറഞ്ഞുകൊണ്ട്, തന്റെ മഹനീയത ശ്രോതാക്കൾക്ക് വെളിപ്പെടുത്തി കൊടുക്കുന്നു. അതുകൊണ്ട്, തന്റെ ദൈവത്വത്തെക്കുറിച്ച് മാത്രം പറയുന്നു. മനുഷ്യപ്രകൃതിയെ കുറിച്ച് പറഞ്ഞവയുടെ സ്ഥിരീകരണത്തിനായി അവ ഓർക്കേണ്ടതാണ്. പ്രത്യക്ഷമായ ബലഹീനതമൂലം അവ അവിശ്വസനീയമായി തോന്നാം. അതുപോലെ, യഹൂദരുടെ ചോദ്യം ഉപയോഗിച്ച്, തന്നെക്കുറിച്ചു തന്നെ വിശദീകരിക്കുന്നതിനും തന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി താൻ എന്തെല്ലാം തരാനിരിക്കുന്നു, എന്തെല്ലാം തരാൻ തനിക്ക് കഴിയും എന്ന് ഇവിടെയും ചൂണ്ടിക്കാണിക്കുന്നു. അതുപോലെ ദൈവത്വത്തെ സൂചിപ്പിച്ചുകൊണ്ട് അവൻ പറഞ്ഞവ ഇവിടെയും സ്ഥിരീകരിക്കുന്നു. അതായത്, ഭക്ഷണംവഴി ഇതു സംഭവ്യമാണ്. ആശ്ചര്യകരവും ഉന്നതവുമായ

www.malankaralibrary.com



ഈ വചനം ഉച്ചരിച്ചശേഷം,-അതായത്, ആ ഭക്ഷണം നിത്യജീവൻ നൽകും.- അത് തൽക്കാലത്തേക്ക് ശരീരത്തെ പോഷിപ്പിക്കുക മാത്രമല്ല, അതിനെ അക്ഷയമാക്കും എന്നു പറഞ്ഞശേഷം-കൂട്ടിച്ചേർത്തു പറയുന്നു: "മനുഷ്യപുത്രൻ നിങ്ങൾക്കു തരുന്ന അപ്പം." എന്റെ പ്രവർത്തനം വഴി നിങ്ങൾ ഈ അപ്പം രുചിക്കും. ഞാൻ നിങ്ങൾക്കുവേണ്ടി സഹിക്കും. എന്റെ പീഡാസഹനം വഴി നിങ്ങളുടെ പാപങ്ങൾ ഞാൻ മോചിക്കും. എന്റെ മരണത്തിന്റെ പ്രതീകമാണ് നിങ്ങൾ കഴിക്കേണ്ടിയിരിക്കുന്ന ആ ഭക്ഷണം.

താൻ പറഞ്ഞത് കൂടുതൽ സ്ഥിരീകരിക്കാൻ വേണ്ടി അവൻ കൂട്ടിച്ചേർക്കുന്നു: " പിതാവായ ദൈവം മുദ്രകുത്തിയവനെ," അതായത്, യഥാർത്ഥത്തിൽ ഇവനെ, ഈ ആത്മീയഭക്ഷണത്തിന്റെ ഹേതു ആക്കി യിരിക്കുന്നു. വചനമാം ദൈവത്തോടുള്ള തന്റെ ഐക്യം നിമിത്തം, ദൈവത്തിന്റെ നിഗൂഢപദ്ധതി അനുസരിച്ച് മരണശേഷം ഉയിർക്കുന്ന അവൻ, തന്റെ തിരുഹിതാനുസൃതം കൂദാശയിലേക്കു കടന്നു വരുന്നവരെ തീർച്ചയായും ന്യായയുക്തമായി നിത്യജീവനിലേക്ക് ക്ഷണിക്കുന്നു. "മുദ്രവച്ചു" എന്ന വാക്ക് "സാക്ഷ്യപ്പെടുത്തി" എന്നതിനു പകരമായിട്ടാണ് അവൻ എപ്പോഴും ഉപയോഗിച്ചിരിക്കുന്നത്. ചിലർ ചിന്തിക്കുന്നതുപോലെ, അവന്റെ ദൈവികജനനത്തിന്റെ സാമ്യത്തെ കുറിച്ചല്ല പറഞ്ഞിരിക്കുന്നത്. അതുപോലെ, യോഹന്നാനും പറഞ്ഞിരിക്കുന്നു: "അവന്റെ സാക്ഷ്യം സ്വീകരിക്കുന്നവൻ ദൈവം സത്യവാനാണ് എന്നതിന് മുദ്ര വയ്ക്കുന്നു" (3,33). അതായത്, സാധ്യമാംവിധം അവൻ ദൈവത്തിന്റെ സത്യം ഉറപ്പിക്കുകയും മുദ്രവയ്ക്കുകയും ചെയ്യുന്നു. "വാഴ്വ്" എന്ന വാക്ക് നമുക്ക് ദൈവത്തോടും ദൈവത്തിന് നമ്മോടുമുള്ള ബന്ധത്തെ കുറിക്കുന്നു. നാം ദൈവത്തെ വാഴ്ത്തുന്നു. "എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക" (സങ്കീ. 102,11) എന്നതിൽ നാം ദൈവത്തെ വാഴ്ത്തുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുന്നു എന്നതിന് ഉദാഹരണമാണ്, "സെഹിയോനിൽ നിന്ന് കർത്താവ് നിന്നെ അനുഗ്രഹിക്കട്ടെ എന്നത്. രണ്ടിന്റേയും ഫലം ഒന്നല്ല. നമ്മുടെ ഭാഗത്തുനിന്ന് നാം ദൈവമഹത്വം പ്രകീർത്തിക്കുന്നു. തന്റെ ഭാഗത്തുനിന്ന് ദൈവം നമുക്ക് സഹായം നൽകുന്നു. അതുപോലെ, അവന്റെ വാക്കുകൾ സത്യമാണെന്ന് കഴിവുപോലെ തെളിയിച്ചുകൊണ്ട്, "മുദ്ര വയ്ക്കുന്നു" എന്ന വാക്ക് നമ്മുടെ ഭാഗത്തുനിന്ന് ദൈവത്തിന്റെ സത്യം, വിശ്വാസം വഴി നാം കാണിക്കുന്നു. എടുക്കപ്പെട്ട മനുഷ്യൻ മറ്റുള്ളവർക്കും നിത്യജീവൻ നൽകുന്നു എന്നകാര്യം സത്യമാണെന്ന് ദൈവത്തിന്റെ ഭാഗത്തുനിന്ന് പ്രവൃത്തിയാൽ അവൻ കാണിക്കുന്നു.

പറഞ്ഞ വാക്കുകളുടെ അർഥം മനസ്സിലാകാതെയോ, കൂടുതൽ വ്യക്തമായി അവ കേൾക്കുന്നതിന് ആഗ്രഹിച്ചോ ആണ് യഹൂദർ അവനോട്,

www.malankaralibrary.com



"ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്യാൻ ഞങ്ങൾ എന്തു ചെയ്യണം?" എന്നു ചോദിച്ചത്. നമ്മുടെ കർത്താവ് അവരോട് മറുപടി പറഞ്ഞു: "അവൻ അയച്ചവനിൽ നിങ്ങൾ വിശ്വസിക്കണം എന്നതാണ് ദൈവത്തിന്റെ പ്രവൃത്തി." കുർബാനയുടെ രഹസ്യത്തെ കുറിച്ചുള്ള വാക്കുകൾ അവരുടെ ബുദ്ധിശക്തിക്ക് അതീതമാണെന്നു മനസ്സിലാക്കി, അവൻ അതേക്കുറിച്ച് ഉടനെ പറയാൻ മുതിർന്നില്ല. മറിച്ച്, ആ വാക്കിനോട് ചേർന്നുപോകുന്ന രീതി ഉപയോഗിച്ച് പറയുന്നു: നിങ്ങൾ എന്നിൽ വിശ്വസിക്കുന്നതാണ് ദൈവത്തിന്റെ പ്രവൃത്തി. മറ്റ് കാര്യങ്ങളുടെ അറിവിൽ എത്തിച്ചേരാനുള്ള വഴിയാണിത്. നിങ്ങൾ എന്നിൽ വിശ്വസിക്കുകയാണെങ്കിൽ, പറയപ്പെട്ട മറ്റു കാര്യങ്ങളെ കുറിച്ച് നിങ്ങൾക്ക് സംശയിക്കാൻ ഇടവരില്ല. പല കാര്യങ്ങളും നിങ്ങളുടെ ശക്തിക്കതീതവും അതിനെ ഉല്ലംഘിക്കുന്നതുമാണ് എന്നതുകൊണ്ട് വിശ്വസിക്കുന്നവർക്ക് സ്വീകാര്യമാണ്.

"ഞങ്ങൾ കണ്ട് നിന്നിൽ വിശ്വസിക്കുന്നതിന് എന്തടയാളമാണ് നീ കാണിക്കുന്നത്? നീ എന്താണ് പ്രവർത്തിക്കുന്നത്?" എന്ന് അവർ ചോദിച്ചു (6,30). യഹൂദരുടെ ധാർഷ്ഠ്യത്തിന്റെ പരമകോടിയാണിത്. അവരുടെ ഇടയിൽ മഹത്തായ ഒരത്ഭുതം നടന്നിരിക്കുന്നു. അവർ ആസ്വദിച്ച ഭക്ഷണത്തിന്റെ അംശം അവരുടെ പല്ലുകൾക്കിടയിൽ അപ്പോഴും തങ്ങി നിന്നപ്പോൾ തന്നെയാണ് അവർ അവനിൽനിന്ന് തന്റെ ശക്തിക്കുള്ള തെളിവ് തേടുന്നത്. ഒരുപക്ഷേ അവൻ ചെയ്ത അത്ഭുതം മഹത്തരമാണെന്നും മറ്റൊന്ന് ആവശ്യപ്പെടുന്നത് അർത്ഥശൂന്യമാണെന്നും മനസ്സിലാക്കി മറ്റൊന്നിനോട് താരതമ്യപ്പെടുത്തി ആ അടയാളത്തെ തരംതാഴ്ത്തി കാണിക്കാൻ അവർ ആഗ്രഹിച്ചു. അതുകൊണ്ട്, അവരുടെ ചോദ്യം ധിക്കാരപരമായി കാണപ്പെടാതിരിക്കാൻ, കുറേക്കൂടി വലിയൊരടയാളം ദർശി ച്ചാൽ, ഞങ്ങൾ വിശ്വസിക്കാൻ തയാറാണെന്ന് കാണിക്കാൻ വേണ്ടി അവർ പറയുന്നു: "അവിടുന്ന് അവർക്കു ഭക്ഷിക്കാൻ സ്വർഗത്തിൽ നിന്ന് അപ്പം കൊടുത്തു എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ, ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ വച്ച് മന്നാ ഭക്ഷിച്ചു"(6,31).

ഇങ്ങനെ ഈ മന്നായോടു താരതമ്യപ്പെടുത്തി ഈ അപ്പത്തിന്റെ ദാനം നിസ്സാരമാണെന്നു വരുത്താനും മോശയാണ് യേശുവിനേക്കാൾ വലിയവനെന്ന് വരുത്താനും അവർ ആഗ്രഹിച്ചു. എഴുതപ്പെട്ടവയിൽ നിന്ന് വിപരീതമാണ് തെളിയുന്നത്. കാരണം, മരുഭൂമിയിൽ വച്ച് മന്നാ അവർക്കു കൊടുത്തപ്പോഴും അവർ ദൈവത്തോട് പിറുപിറുക്കുന്നതിൽ നിന്ന് വിരമിച്ചില്ല. അവൻ പാറയിൽ അടിച്ച് വെള്ളം ഒഴുക്കുകയും ജലം പ്രവഹിക്കുകയും ചെയ്തെങ്കിലും, ഞങ്ങൾക്ക് അപ്പം തരാൻ അവനു

www.malankaralibrary.com



കഴിയുമോ? എന്നാണ് അവർ ദൈവത്തേക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നത് (സങ്കീ.77,20). അപ്പം നൽകാൻ അവന് കഴിവില്ലെന്നു പറഞ്ഞ് അവർ ദൈവത്തെ പ്രകോപിപ്പിച്ചെങ്കിലും മറ്റുള്ളതിനേക്കാൾ മെച്ചമാണ് അപ്പം എന്നു കരുതിയാണ് അവർ ചോദിച്ചത്. ഇവിടെയാകട്ടെ, മെച്ചപ്പെട്ട ദാനം സ്വീകരിച്ചിട്ടും മന്നായെപ്പറ്റി ശ്രേയസ്കരം എന്ന് അവർ കരുതി. ഈ അപ്പം ഒരത്ഭുതമാണെന്നു കരുതിയ പിതാക്കന്മാരുടെ അഭിപ്രായത്തെ അവർ നിരാകരിക്കേണ്ട കാര്യമില്ലായിരുന്നു. അതുപോലെ, അവർക്കു നിസ്സാരമായി തോന്നിയ അപ്പം ഭക്ഷിച്ചപ്പോഴും, വരാനിരുന്നവന്റെ മഹത്വം അവർ ഏറ്റുപറയേണ്ടതായിരുന്നു. അകലെയുള്ള ഒന്നുമായി താരതമ്യപ്പെടുത്തി ലഭിച്ച കൃപയെ നിന്ദിക്കാനുള്ള പ്രവണത നന്ദികേടാണ്. അത് ഇരുകൂട്ടർക്കും ഒരുപോലെ ഉണ്ടായിരുന്നു.

"യേശു മറുപടി പറഞ്ഞു, സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. മോശയല്ല നിങ്ങൾക്ക് സ്വർഗത്തിൽ നിന്ന് അപ്പം തന്നത്. എന്റെ പിതാവാണ് സ്വർഗത്തിൽ നിന്ന് നിങ്ങൾക്ക് യഥാർഥമായ അപ്പം തരുന്നത്. എന്തെന്നാൽ ദൈവത്തിന്റെ അപ്പം സ്വർഗത്തിൽ നിന്നിറങ്ങിവന്ന് ലോകത്തിന് ജീവൻ നൽകുന്നതത്രേ "(6,32-33). അപ്പത്തിന്റെ ദാനം മന്നായുടേതിനേക്കാൾ വലുതാണെന്ന്, മരുഭൂമിയിൽ അവരുടെ പിതാക്കന്മാർ പറഞ്ഞ വാക്കുകളിൽനിന്ന് കാണിക്കാൻ സാധിക്കുമായിരുന്നിട്ടും, കർത്താവ് അപ്രകാരം ചെയ്തില്ല. അവർക്ക് അപ്പം നൽകാൻ അവന് കഴിവില്ലെന്ന് അവർ പിറുപിറുത്തു. എങ്കിലും മന്നാ എന്ന ദാനം ദൈവത്തിൽ അവർ ആരോപിച്ചു. ഇത് അതിനേക്കാൾ വലുതാണെന്ന് താരതമ്യംവഴി തെളിയിക്കാൻ കഴിയുമായിരുന്നിട്ടും അവനതു ചെയ്തില്ല. കാരണം, തന്നെത്തന്നെ മോശയോടല്ല, ദൈവത്തോടുതന്നെ താരതമ്യപ്പെടുത്തി, താൻ പിതാവിനേക്കാൾ വലിയവനാണെന്ന് കരുതപ്പെടാതിരിക്കാൻ അവിടുന്ന് ആഗ്രഹിച്ചു. കൂടാതെ, തന്നെ സകാരണം കുറ്റപ്പെടുത്താൻ യഹൂദർക്ക് ഒരു കാരണംകൂടി ആകുമായിരുന്നു. അങ്ങനെ ഗോപ്യമായി അവൻ ഉത്തരം പറഞ്ഞു. പറഞ്ഞ ഓരോ വാക്കിനും പൂർണമായി അർഥം നൽകുകയും ചെയ്തു. എന്തെന്നാൽ അവൻ ആ വാക്കുകൾ പൂർണമായിട്ടല്ല പ്രസ്താവിച്ചത്. മറിച്ച്, ഒന്നായിട്ട് ചുരുക്കി തന്റെ പ്രബോധനം ഗോപ്യമാക്കി. അതായത്, "മോശയല്ല നിങ്ങൾക്ക് അപ്പം നൽകിയത്. പിന്നെയോ, എന്റെ പിതാവാണ്." ഈ വാക്കുകളിലൂടെ സംഗതി വ്യക്തമാക്കി. അർഥവും ഒന്നായി കാണപ്പെടുന്നു. എന്നാൽ അവ തമ്മിൽ വളരെ അകലമുണ്ട്. ഓരോന്നിനും അതിന്റേതായ പൂർണാർഥമുണ്ട്. അതായത്, മോശയല്ല സ്വർഗത്തിൽ നിന്ന് നിങ്ങൾക്ക് അപ്പം നൽകിയത് എന്നതിന് അതിൽതന്നെ പൂർണാർഥമുണ്ട്. എങ്കിലും അത് നിഗൂഢമായി പറഞ്ഞതാണ്.

www.malankaralibrary.com



അവിടുന്ന് ഉദ്ദേശിച്ച അർത്ഥം ഇതാണ്: പഴയ കാര്യങ്ങൾ നിങ്ങൾക്ക് അത്ഭുതകരമായി തോന്നുന്നെങ്കിൽ, അവ മോശയല്ല ഞാനാണ് നിങ്ങൾക്ക് നൽകിയത്. ഇത് അവൻ നിശ്ശബ്ദമായി സൂചിപ്പിക്കുന്നു. കാരണം, മനുഷ്യനായി കാണപ്പെടുകയും മനുഷ്യനായിരിക്കുകയും ചെയ്യുന്നവൻ മരുഭൂമിയിൽ വച്ച് അപ്പം കൊടുത്തു എന്ന് പറഞ്ഞാൽ, അതു ഗ്രഹിക്കാൻ ശ്രോതാക്കൾക്ക് പ്രയാസമായിത്തീരും. വേറൊരു സ്ഥലത്ത് അവൻ പറയുന്നു: "അബ്രഹാമിനു മുമ്പ് ഞാനുണ്ട്." അപ്പോൾ അവർ അവനെ കേൾക്കാൻ തയാറാകാതെ കല്ലെറിയാൻ മുതിർന്നു. അതുകൊണ്ട്, താൻ തന്നെയാണ് മന്നാ നൽകിയവൻ എന്ന് വ്യംഗ്യമായും നിശ്ശബ്ദമായും പറയുന്നു. അവൻ ഇതും കൂട്ടിച്ചേർക്കുന്നു: "എന്നാൽ എന്റെ പിതാവാണ് നിങ്ങൾക്ക് സ്വർഗത്തിൽനിന്ന് യഥാർത്ഥമായ അപ്പം നൽകുന്നത്." അതിന്റെ അർത്ഥം, അവനെ നിങ്ങൾ എന്നിൽ നിന്ന് സ്വീകരിച്ചിരിക്കുന്നു. നിങ്ങൾ എന്നെ അനുസരിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അപ്പത്തിന്റെ ദാനവും മന്നായും ഉപേക്ഷിക്കുവിൻ. രണ്ടും വളരെ വില കുറഞ്ഞതും തരംതാണതുമാണ്. മുകളിൽനിന്നു പിതാവ് നിങ്ങൾക്കു നൽകുന്ന സത്യഅപ്പത്തെ നിങ്ങൾ കാംക്ഷിക്കുവിൻ. അത് സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന് ലോകം മുഴുവനും നിത്യജീവൻ നൽകുന്നു.

അവൻ തന്റെ ശരീരത്തെ കുറിച്ച് വ്യക്തമായി ഇവിടെ സംസാരിക്കുന്നു. കൗദാശികമായി ഭക്ഷിക്കേണ്ടതും കുർബാന എന്ന രഹസ്യത്തിന്റെ സ്ഥാപനത്തിലൂടെ ഭാവിയിൽ യാഥാർത്ഥ്യവൽക്കരിക്കേണ്ടതുമായ ശരീരത്തെ അവൻ സൂചിപ്പിക്കുന്നു. നമ്മുടെ കർത്താവ് തന്റെ ശിഷ്യർക്ക് നൽകിയ അപ്പം തന്റെ ശരീരമാകുന്ന ഭക്ഷണത്തിന്റെ സാദൃശ്യമാണ്. ഇന്നുവരെ നാമത് ബലിപീഠത്തിൽ അർപ്പിക്കുകയും നമ്മുടെ കരങ്ങളിലൂടെ കർതൃശരീരമായി സ്വീകരിക്കുകയും ചെയ്യുന്നു. അവൻ ഇതു വ്യക്തമായി താഴെപ്പറയുന്ന വാക്കുകളിലൂടെ പ്രസ്താവിക്കുന്നു: "ഞാൻ നിങ്ങൾക്കു നൽകുന്ന അപ്പം എന്റെ ശരീരമാകുന്നു." സ്വർഗത്തിൽ നിന്ന് ഇറങ്ങി വന്നതും ലോകത്തിനു മുഴുവൻ ജീവൻ നൽകുന്നതുമായ ശരീരത്തെക്കുറിച്ച് അവൻ പറയുന്നതിൽ നാം വിസ്മയിക്കേണ്ട. മനുഷ്യപുത്രൻ സ്വർഗത്തിൽ നിന്നുള്ളവനാണ്. എല്ലാവരുടേയും ഉയിർപ്പിനും ജീവനും വേണ്ടി അവസാനദിവസം അവൻ എടുക്കപ്പെട്ടു. പൗലോസ് ശ്ലീഹാ പറയുന്നതു പോലെ, "മണ്ണിൽ നിന്ന് എടുക്കപ്പെട്ട ആദ്യമനുഷ്യൻ ഭൗമികനായിരുന്നു. രണ്ടാമത്തെ മനുഷ്യനാകട്ടെ, സ്വർഗത്തിൽ നിന്നുള്ള കർത്താവ്" (1 കൊറി 15,45). മണ്ണിൽ നിന്നെടുക്കപ്പെട്ട ആദത്തിന്റെ ശരീരം പോലെയല്ല സ്വർഗത്തിൽ നിന്നിറങ്ങിയ കർത്താവ്. വ്യക്തമായിരിക്കുന്നതു പോലെ, മറിയത്തിന്റെ ഉദരത്തിലാണ് കർതൃശരീരം രൂപപ്പെട്ടത്.

www.malankaralibrary.com



എന്നാൽ ഭാവിയിലെ പൊതുവായ ഉയിർപ്പിനെ സൂചിപ്പിച്ചു കൊണ്ടാണ് സ്വർഗത്തിൽ നിന്നുള്ള വരവിനെപറ്റി പൗലോസ്ശ്ലീഹാ പറയുന്നത്. സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്നു എന്ന് ഇപ്പോൾ തന്റെ ശരീരത്തെ കുറിച്ച് അവൻ പറയുന്നു. ദൈവത്വത്തെപ്പറ്റിയുള്ളവ മനുഷ്യത്വത്തെപ്പറ്റിയും പറയാറുള്ളത് കർത്താവിന്റെ രീതിയാണ്. മുമ്പ് പറഞ്ഞതുപോലെ, അത് സ്വഭാവേനയല്ല; ലോകത്തിനു ജീവൻ നൽകുകയും എല്ലാവരെയും എല്ലായിടത്തും ഉയിർപ്പിക്കുകയും ചെയ്യുന്ന അവന്റെ ഭാവി ആഗമനത്തെക്കുറിച്ചാണ്. അവന്റെ ഇപ്പോഴത്തെ ആഗമനത്തെക്കുറിച്ചും ഇത് പറയാൻ കാരണം, അവനിലുള്ള ദൈവത്വം സ്വർഗത്തിലാണെങ്കിലും, എപ്പോഴും അവനിലായതിരുന്നു; ഇപ്പോഴും അവനിലാണ് എന്നതിനാലത്രേ.

"അപ്പോൾ അവർ അവനോട് അപേക്ഷിച്ചു: കർത്താവേ, ഈ അപ്പം ഞങ്ങൾക്ക് എപ്പോഴും നൽകണമേ" (6,34). യഥാർഥമായ അപ്പത്തെപ്പറ്റി കേട്ട് കൊതിപൂണ്ട ശ്രോതാക്കൾ ഭൗതികഭക്ഷണം അവർക്ക് കർത്താവ് എപ്പോഴും നൽകും എന്നാണ് കരുതിയത്. ഈ അപ്പം കിട്ടിയാൽ അധ്വാനം കൂടാതെ കഴിയാം എന്നു പ്രതീക്ഷിച്ചാണ് അവർ ഈ അപ്പം ചോദിച്ചത്. കർത്താവ് എന്താണ് അവരോടു മറുപടി പറഞ്ഞത്? "ഞാനാണ് ജീവന്റെ അപ്പം. എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല (6,35). നിങ്ങൾ സത്യമായും യഥാർഥമായ അപ്പം ഭക്ഷിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, ഞാനാണ് യഥാർഥമായ അപ്പം. എന്നെ അനുസരിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവന് ഒരിക്കലും വിശക്കുകയോ ദാഹിക്കുകയോ ചെയ്യാത്ത ഇത്തരം അനുഗ്രഹങ്ങൾ കൈവരും. എന്നെ ഭക്ഷിക്കുന്നവൻ എന്ന് അവൻ ഉടനെ പറഞ്ഞില്ല. മറിച്ച്, എന്റെ അടുത്തുവരികയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ എന്നാണ് പറഞ്ഞത്. വാക്കുകളുടെ കാഠിന്യം നിമിത്തമാണ് അത് ഇവിടെ ഒഴിവാക്കുകയും ഉചിതമായ മറ്റൊരവസരത്തിലേക്ക് മാറ്റിവയ്ക്കുകയും ചെയ്തത്. കൂടാതെ, അവർ ഈ വാക്കുകളിൽ വിശ്വസിക്കാഞ്ഞതിനാൽ, അവരുടെ അവിശ്വാസത്തെപ്പറ്റി അജ്ഞനല്ല എന്നു കാണിക്കാനും അവർ വിശ്വസിക്കേണ്ടവ അവരെ പഠിപ്പിക്കുന്നു എന്നു കാണിക്കാനും വേണ്ടി അവൻ പറയുന്നു: "എന്നാൽ നിങ്ങൾ എന്നെ കണ്ടിട്ടും വിശ്വസിക്കുന്നില്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞിട്ടുണ്ടല്ലോ" (6,36). അത്ഭുതങ്ങൾ കണ്ടിട്ടുപോലും നിങ്ങൾ അവിശ്വാസത്തിൽ തുടരുന്നു എന്ന് തീർച്ചയായും അറിഞ്ഞുകൊണ്ട് ഞാനിവ നിങ്ങളോട് പറയുന്നു. ഞാനിത് അറിഞ്ഞിരുന്നു. നിങ്ങളോട് മുൻകൂട്ടി പറയുകയും ചെയ്തിരുന്നു.

www.malankaralibrary.com



അനന്തരം മുൻപറഞ്ഞ വാക്കുകളിൽ എന്നപോലെ, അവരെ പഠിപ്പിക്കാൻ ആഗ്രഹിച്ചുകൊണ്ട്, അവർ കരുതുന്നതു ശരിയല്ലെന്നു കാണിക്കാൻ, - അതായത്, തങ്ങൾ പിതാവിൽ വിശ്വസിക്കുന്നുണ്ടെന്നും അവനോടുള്ള സ്നേഹത്താലാണ് അവനെതിരെയുള്ള ശത്രുത ജ്വലിക്കുന്നതെന്നും-അവൻ പറഞ്ഞു: "പിതാവ് എനിക്കു നൽകുന്നവരെല്ലാം എന്റെ അടുത്തുവരും. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരിക്കലും തള്ളിക്കളയുകയുമില്ല" (6,37). എന്നാൽ നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ലെങ്കിൽ, നിങ്ങൾ പിതാവിൽ വിശ്വസിക്കുന്നെന്ന് കരുതേണ്ട. ഇത് സത്യവിരുദ്ധമാകയാൽ, സത്യത്തിൽനിന്ന് അകലെയാണ്. എന്നിൽ വിശ്വസിക്കുന്നവരെയാണ് പിതാവ് സ്വീകരിക്കുന്നത്. അതുപോലെ, പിതാവ് തനിക്കുള്ളവരെ എന്റെ പക്കലെത്തിക്കുന്നു. പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവൻ എന്നെപ്പറ്റി സംശയിക്കുകയില്ല. അതുപോലെയുള്ളവനെ ഞാനും തിരസ്ക്കരിക്കുകയില്ല. പിതാവിനോട് അടുത്തായിരിക്കുന്നവർ എന്റെ പക്കലേക്കു വരുന്നു. അതുപോലെ, പിതാവ് എനിക്കു തന്നവരെ ഞാൻ എന്റെ അടുത്തവരായി സ്നേഹിക്കും. അവൻ അതിശയോക്തിപരമായി പറയുന്നു: " ഞാൻ സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്നിരിക്കുന്നത് എന്റെ ഇഷ്ടം പ്രവർത്തിക്കാനല്ല, എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റാനാണ്. " (6,38). അതുകൊണ്ട്, തന്റെ ഇഷ്ടം നിറവേറ്റാതിരിക്കാൻ അവനെങ്ങനെ കഴിയും? പിതാവ് ഇച്ഛിക്കുന്നത് തന്നെയാണ് അവനും ഇച്ഛിക്കുന്നതെങ്കിൽ പിതാവിന്റെ മാത്രമല്ല, തന്റേയും ഇഷ്ടമാണ് അവൻ നിറവേറ്റുന്നത്. എന്നാൽ പിതാവിനെതിരായി ഒരു സമൂഹത്തെ എനിക്കായി രൂപീകരിക്കാനല്ല ഞാൻ വന്നത് എന്നാണ് അതിന്റെ അർഥം. മറിച്ച്, എന്നിലുള്ള വിശ്വാസത്തിലൂടെ എല്ലാവരെയും അവനിലേക്ക് എത്തിക്കാനാണ്. എന്നിൽ വിശ്വസിക്കുകയും എന്റെ പിതാവിന് അന്യരായിരിക്കുകയും ചെയ്യാൻ ആർക്കും സാധിക്കുകയില്ല. തന്നിൽ വിശ്വസിക്കാതിരിക്കാൻ ന്യായമായ കാരണമൊന്നും ഇല്ലെന്നു കാണിക്കാൻവേണ്ടി യഹൂദർക്കെതിരെ വാദിക്കാനാണ് അവൻ ഇതു പറഞ്ഞത്.

"അവിടുന്ന് എനിക്കു നൽകിയവരിൽ ഒരുവനെയും ഞാൻ നഷ്ടപ്പെടുത്താതെ, അന്ത്യദിനത്തിൽ ഉയിർപ്പിക്കണമെന്നതാണ് എന്നെ അയച്ചവന്റെ ഇഷ്ടം. പുത്രനെ കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ആരോ, അവന് നിത്യജീവൻ ഉണ്ടാകണമെന്നതാണ് എന്റെ പിതാവിന്റെ ഇഷ്ടം. അന്ത്യദിനത്തിൽ ഞാൻ അവനെ ഉയിർപ്പിക്കുകയും ചെയ്യും" (6,39-40). രണ്ടു കാര്യങ്ങളാണ് അവൻ ഇവിടെ പറയുന്നത്. ഒന്ന്,

www.malankaralibrary.com



എല്ലാവരും തന്നിൽ വിശ്വസിക്കാൻ കടപ്പെട്ടിരിക്കുന്നു. രണ്ട്, വിശ്വസിക്കുന്നവർക്ക് നിത്യജീവൻ നൽകുന്നതാണ്. ഇവരണ്ടും അവൻ ഭംഗിയായി പിതാവിന്റെ തിരുഹിതത്തോടു യോജിപ്പിച്ചു. എല്ലാവരും തന്നിൽ വിശ്വസിക്കണം എന്നതാണ് പിതാവിന്റെ തിരുമനസ്സ്. എന്നിൽ വിശ്വസിക്കുന്നവർക്ക് എന്നിൽ നിന്നുള്ള ദാനം ലഭിക്കും. ഇവരണ്ടും വഴി പിതാവിന്റെ തിരുമനസ്സ് അനുവർത്തിക്കാൻ മനസ്സില്ലാത്തവരാണ് തങ്ങളെന്ന് അവർ കാണിക്കുന്നു. പിതാവ് രണ്ടും ഒരുപോലെ ആഗ്രഹിക്കുന്നെങ്കിൽ, രണ്ടിലും പിതാവിന്റെ തിരുമനസ്സിനെ എതിർക്കുന്നവരായി അവർ കുറ്റപ്പെടുത്തപ്പെടുന്നു. അവരിൽ ആദ്യത്തെയാളിനെ അവർ സ്വീകരിക്കുന്നില്ല; രണ്ടാമത്തെയാളിൽ വിശ്വസിക്കുന്നുമില്ല.

"സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന അപ്പം ഞാനാണ് "എന്ന് അവൻ പറഞ്ഞതിനാൽ യഹൂദർ അവനെതിരെ പിറുപിറുത്തു. അവർ പറഞ്ഞു, ഇവൻ യൗസേപ്പിന്റെ മകനായ യേശുവല്ലേ? ഇവന്റെ പിതാവിനെയും മാതാവിനെയും നമുക്കറിഞ്ഞുകൂടേ? പിന്നെങ്ങനെയാണ് ഞാൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നിരിക്കുവെന്ന് അവൻ പറയുന്നത്? (6,41-42). അവർ പിറുപിറുത്തത് അവന്റെ വാക്കുകൾ നിമിത്തമല്ല, അവരുടെ മനസ്സിന്റെ ദുഷ്ടത നിമിത്തമാണ്. കേൾവിക്കാർ വാക്കുകൾ സ്വീകരിക്കാത്തത് രണ്ട് കാരണങ്ങളാലാണ്. ഒന്ന്, അവ ബോധ്യം വരുത്തത്തക്കവയല്ല. രണ്ട്, അവ തിന്മ നിറഞ്ഞവയാണ്. ഈ രണ്ടു കാര്യങ്ങ ളിലും നമ്മുടെ കർത്താവ് സൂക്ഷിച്ചു പെരുമാറി. തിന്മയുടെ സംശയം നീക്കിക്കളയാൻ അവൻ എല്ലാവരെയും പിതാവിങ്കലേക്ക് തിരിച്ചുവിട്ടു. സംഭവിച്ചവയെല്ലാം അവിടുത്തെ തിരുമനസ്സിന് ആരോപിച്ചു. തന്റെ വാക്കുകൾ വിശ്വസനീയമല്ല എന്ന അവരുടെ സംശയം അപ്പം വർദ്ധിപ്പിച്ച അടയാളത്താൽതന്നെ അവൻ ദൂരീകരിച്ചു. ആത്മീയഭക്ഷണത്തെക്കുറിച്ച് അവരോടു സംസാരിച്ചു. അവിശ്വസനീയമായത് ഉറപ്പിക്കാനാണ് ഈ അടയാളം കാണിച്ചത്. യഹൂദരാകട്ടെ, ഇവയൊന്നും മനസ്സിലാക്കിയില്ല. അവന്റെ അപ്പന്റെയും അമ്മയുടെയും കാര്യം അവർ ഉന്നയിച്ചു. മനുഷ്യരിൽ നിന്ന് ഉത്ഭവിച്ചവന് സ്വർഗത്തിൽ നിന്ന് ഇറങ്ങി വരാനാവില്ലെന്ന് അവർ പറഞ്ഞു. കാരണം, കർത്താവിന്റെ ആലങ്കാരികഭാഷ അവർ മനസ്സിലാക്കിയില്ല.

"യേശു അവരോടു പറഞ്ഞു, നിങ്ങൾ പരസ്പരം പിറുപിറുക്കേണ്ട. എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ആർക്കും എന്റെ അടുക്കലേക്കു വരാൻ സാധിക്കുകയില്ല. അന്ത്യദിനത്തിൽ ഞാൻ അവനെ ഉയിർപ്പിക്കും" (6,43-44). അവരെ പിതാവിൽനിന്ന് അകറ്റാതിരിക്കാനും തന്നോടുള്ള ചാർച്ചയിൽനിന്ന് പിന്മാറാനുള്ള ഏതെങ്കിലും പഴുത് അവർ

www.malankaralibrary.com



തേടാതിരിക്കാനും വേണ്ടി തന്റെ വാക്കുകളിൽ ഉടനീളം യേശു യഹൂദരോട് സൂക്ഷിച്ചാണ് സംസാരിച്ചതെന്ന് വ്യക്തമാണ്. അതുകൊണ്ട് ഇവിടെയും അവരുടെ ഭോഷ്ക്കിനെതിരെ അവൻ പറയുന്നു: നിങ്ങളുടെ പിറുപിറുപ്പും കലഹവും എനിക്കെതിരെയല്ല, പിതാവിനെതിരെയാണ് തിരിഞ്ഞിരിക്കുന്നത്. നിങ്ങൾ പിതാവിന്റെ സ്നേഹിതർ ആയിരുന്നെങ്കിൽ, എന്നിൽ വിശ്വസിക്കാൻ മടിക്കുകയില്ലായിരുന്നു. കാരണം, പിതാവ് തന്റെ നന്മ നിമിത്തം സ്വീകരിക്കുകയും എന്നിലേക്ക് അടുപ്പിക്കുകയും ചെയ്യുന്നില്ലെങ്കിൽ, ആർക്കും എന്റേതായിരിക്കാൻ കഴിയുകയില്ല. അങ്ങനെയുള്ളവരെയാണ് ഞാൻ സ്വീകരിക്കുന്നതും, പിതാവ് എനിക്കു നൽകിയവർ എന്ന രീതിയിൽ അർഹമായ ശ്രദ്ധയോടെ പരിപാലിക്കുന്നതും, ഉയിർപ്പിന്റെ വലിയ സമ്മാനം ദാനമായി നൽകുന്നതും. ഈ പ്രസംഗം മുഴുവൻ മുമ്പ് പറഞ്ഞതിനു തുല്യമാണ്: " അവൻ എനിക്കു നൽകിയവരിൽ ഒരുവനെപ്പോലും ഞാൻ നഷ്ടപ്പെടുത്താതെ അന്ത്യദിനത്തിൽ ഉയിർപ്പിക്കണം എന്നതാണ് പിതാവിന്റെ തിരുവിഷ്ടം" (6,39).

താഴെപ്പറയുന്ന വാക്കുകളിൽ അവൻ തന്റെ ഭാഷണം സ്ഥിരീകരിക്കുന്നു: "അവരെല്ലാവരും ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരാകുമെന്ന് പ്രവാചക ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു. പിതാവിൽനിന്ന് ശ്രവിക്കുകയും പഠിക്കുകയും ചെയ്തവരെല്ലാം എന്റെ അടുക്കൽ വരുന്നു (6,39). പ്രവാചകന്മാർ രേഖപ്പെടുത്തിയിരിക്കുന്നത് നിങ്ങൾക്ക് അറിയാമല്ലോ. അതായത്, എല്ലാവരും ഒരിക്കൽ ദൈവത്താൽ പ്രബോധിതരാകും. അതിപ്പോൾ നിറവേറിക്കൊണ്ടിരിക്കുന്നു. സന്മനസ്സുള്ളവരെ പിതാവ് തന്റെ അദൃശ്യകൃപയാൽ എന്നിലേക്ക് അടുപ്പിക്കുന്നു. കേൾവിയുടേയും പരിശീലനത്തിന്റേയും സ്ഥാനത്താണ് അവർക്ക് അവന്റെ ഈ പ്രവർത്തനം. അവിടുന്ന് പറഞ്ഞത് വാച്യാർത്ഥത്തിലെടുത്ത് "പിതാവ് " എന്ന വാക്ക് യൗസേപ്പിനെ കുറിച്ച് വിചാരിക്കാതിരിക്കാനായി കൂട്ടിച്ചേർത്തു: "ആരെങ്കിലും പിതാവിനെ കണ്ടുട്ടുണ്ട് എന്നല്ല ഇതിനർത്ഥം. ദൈവത്തിൽ നിന്നുള്ളവൻ മാത്രമേ പിതാവിനെ കണ്ടിട്ടുള്ളു"(6,46). ഞാൻ ഈ പറഞ്ഞത്, നിങ്ങൾക്ക് പിതാവിനെ കാണാൻ സാധിക്കും എന്നതിനാലല്ല. അവനിൽ നിന്നുള്ളവനും പിതാവിന്റെ ദർശനം എപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നവനും മാത്രമാണ് പിതാവിനെ അറിയുന്നതെന്നു കാണിക്കാനാണ് അവൻ പറഞ്ഞത്.

ഇതു പറയുകയും എല്ലാം പിതാവിങ്കലേക്ക് ആരോപിക്കുകയും ചെയ്തശേഷം അവൻ കൂട്ടിച്ചേർക്കുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട് "

www.malankaralibrary.com



(6,47). അതുകൊണ്ട്, എന്റെ സ്വന്തമായവർക്ക് ഞാൻ ജീവൻ നൽകുമെന്ന് പറഞ്ഞതിനെ സംബന്ധിച്ച് നിങ്ങൾ സംശയിക്കേണ്ടെന്ന് അവൻ പറഞ്ഞു. "ഞാൻ ജീവന്റെ അപ്പമാണ്." ഞാൻ നിത്യജീവൻ പ്രദാനം ചെയ്യുന്നു എന്നു പറഞ്ഞത് ശ്രോതാക്കളുടെ ഇടയിൽ വിശ്വാസം ജനിപ്പിച്ചില്ല എന്ന കാര്യം അവൻ നന്നായി പരിഗണിച്ചു. കാരണം, ഭക്ഷിക്കുന്ന അപ്പം സ്വാഭാവികമായി നിത്യജീവൻ നൽകുന്നതാണെന്ന് അനുഭവപ്പെടുകയില്ല. സ്വാഭാവികമായി അതിനില്ലാത്തത് മറ്റുള്ളവർക്ക് കൊടുക്കാൻ കഴിയുമെന്ന് അവരെങ്ങനെ വിശ്വസിക്കും? അവൻ തന്നെത്തന്നെ അപ്പമെന്നു വിളിച്ചുകൊണ്ട് ഉദാഹരണമെന്ന രീതിയിൽ സിംബോളിക്കലായി തന്റെ വാക്കുകൾക്ക് അർത്ഥക്ലിപ്തത നൽകി. നാം ഉപയോഗിക്കുന്ന അപ്പത്തിന് സ്വാഭാവികമായി ജീവനില്ലെങ്കിലും, അത് മനുഷ്യരുടെ ജീവൻ നിലനിർത്തുകയും പോഷിപ്പിക്കുകയും ചെയ്യുന്നു. കാരണം, ദൈവത്തിന്റെ ദിവ്യക്രമീകരണം അനുസരിച്ച്, ആരംഭം മുതലേ അപ്പം അതിനുവേണ്ടിയാണ്. അതുകൊണ്ട്, സ്വഭാവം നോക്കി വചനത്തെ കുറിച്ച് സംശയിക്കരുതെന്ന് അവൻ പറയുന്നു.

അവൻ ദൈവത്താൽ അയക്കപ്പെട്ടവനാകയാൽ അവൻ ഈ ദാനങ്ങൾ നൽകുമെന്ന് അറിയപ്പെടാൻ വേണ്ടിയാണ്, "പിതാവ് അവന് മുദ്രവച്ചിരിക്കുന്നു" എന്ന് മുമ്പ് പറഞ്ഞത്. ഉപമവഴി തന്റെ ഔന്നത്യം കാണിക്കാൻ ആഗ്രഹിച്ചുകൊണ്ട് അവൻ പറയുന്നു: "നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവച്ച് മന്നാ ഭക്ഷിച്ചു, എങ്കിലും മരിച്ചു. ഇതാകട്ടെ, മനുഷ്യർ ഭക്ഷിക്കുന്നിനുവേണ്ടി സ്വർഗത്തിൽ നിന്നിറങ്ങിയ അപ്പമാണ്. ഇതു ഭക്ഷിക്കുന്നവൻ മരിക്കുകയില്ല"(6,49-50). അതായത്, മരുഭൂമിയിൽ വച്ചു മന്നാ ഭക്ഷിച്ച നിങ്ങളുടെ പിതാക്കന്മാർ മരണവിധിയിൽ നിന്ന് സ്വതന്ത്രരായില്ലെന്നു മാത്രമല്ല, അവരെല്ലാം മരുഭൂമിയിൽ വച്ച് നശിക്കുകയും ചെയ്തു. വാഗ്ദാനഭൂമിയിൽ പ്രവേശിക്കാൻപോലും അവർ യോഗ്യരായി കാണപ്പെട്ടില്ല. ഈ അപ്പം ഭക്ഷിക്കുന്നവരാകട്ടെ മരണത്തിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ അർത്ഥം: മരിക്കയില്ല എന്നു പറഞ്ഞത് മരണം ആസ്വദിക്കുകയില്ല എന്നല്ല, പിന്നെയോ, മരണം അഴിഞ്ഞുപോയി എന്നു വിശ്വസിച്ചുകൊണ്ട് ആരെങ്കിലും മരിക്കുമ്പോൾ, അത് യഥാർത്ഥ മരണമായിരിക്കുകയില്ല. ഭാഗ്യവാനായ പൗലോസും ഇപ്രകാരം പറയുന്നു: "എന്റെ സഹോദരരേ, പ്രത്യാശയില്ലാത്ത മറ്റുള്ളവർ ചെയ്യുന്നതുപോലെ, നിങ്ങൾ ദുഃഖിക്കാതിരിക്കാൻ നിദ്ര പ്രാപിച്ചവരെപ്പറ്റി നിങ്ങൾക്ക് അറിവുണ്ടായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു" (1 തെസ്സ.4,13). ഉയിർപ്പു പ്രതീക്ഷിക്കുന്നവരെയാണ് ഇവിടെ "ഉറങ്ങുന്നവർ" എന്ന് അവൻ വിളിക്കുന്നത്. മറ്റൊരിടത്തു പറയുന്നു: "മരിച്ചവർക്കുവേണ്ടി എന്തിന്

www.malankaralibrary.com



സ്നാനം സ്വീകരിക്കുന്നു?" ഇവിടെ ഉയിർപ്പിലുള്ള പ്രത്യാശയില്ലാത്തവരെ "ജഡങ്ങൾ" എന്ന് അവൻ വിളിക്കുന്നു. ഉയിർപ്പിന്റെ പ്രത്യാശയുള്ളവർ അമർത്ത്യരാണെന്ന് കരുതപ്പെടുന്നു. അതുപോലെ, നമ്മുടെ കർത്താവും പറയുന്നു:"ദൈവം മരിച്ചവരുടെയല്ല, ജീവിക്കുന്നവരുടെയാണ് (മർക്കോ.12,27). അതായത്, ഉത്ഥാനം പ്രതീക്ഷിക്കുന്നവരെ "മരിച്ചവർ" എന്നു വിളിക്കാൻ അവൻ വിസമ്മതിച്ചു.

"സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന അപ്പം എന്റെ ശരീരമാകുന്നു" (6,51).- ഇവിടെ തന്റെ ശരീരത്തെയാണ് അപ്പമെന്ന് താൻ വിളിക്കുന്നതെന്ന് അവിടുന്ന് വ്യക്തമായി കാണിക്കുന്നു. ഇങ്ങനെ ആലങ്കാരിക രീതിയിൽ അതിനെ വിളിക്കാൻ കാരണം, ഒന്നുകിൽ അതു ഭക്ഷിക്കപ്പെടുന്നു, അല്ലെങ്കിൽ അത് കൗദാശികമായി[6] നൽകപ്പെടുന്നു. മുമ്പ് വിവരിച്ചതുപോലെ, ഈ അപ്പം സ്വർഗത്തിൽനിന്ന് ഇറങ്ങി വന്നതാണെന്ന് അവൻ പറയുന്നു. ശരീരമാണ് ഇറങ്ങി വന്നതെന്ന് കാണിക്കാൻ അവൻ ആഗ്രഹിക്കുന്നില്ല. മറിച്ച്, ആ വസ്തുവിന്റെ ദാനം സ്വാഭാവികമായി ശ്രേഷ്ഠമാണ്. അതുകൊണ്ടാണ് ഇങ്ങനെ പറഞ്ഞത് എന്നത്രേ. ദൈവത്വത്തിന്റെ മഹത്വം സൂചിപ്പിച്ചുകൊണ്ട് അവൻ തന്റെ വാക്ക് സ്ഥിരീകരിക്കുന്നു. അതുകൊണ്ട്, യഹൂദർക്ക് ഈ ആലങ്കാരികഭാഷണം ബുദ്ധിമുട്ടുണ്ടാക്കേണ്ടതില്ലായിരുന്നു. പിന്നീട് ഈ പ്രബോധനം ആർക്കു വേണ്ടി എഴുതപ്പെടുകയും പറയപ്പെടുകയും ചെയ്തുവോ, അവർക്ക് സുവ്യക്തവും സുനിശ്ചിതവും ആയിരുന്നു.

കർത്താവ് ഇതു പറഞ്ഞശേഷം, ഭക്ഷിക്കേണ്ട തന്റെ ശരീരത്തെ കുറിച്ചാണ് അപ്പമെന്നു പറഞ്ഞത് എന്ന് വ്യക്തമാക്കിയിട്ടും, യഹൂദർ തർക്കമുന്നയിച്ചു: "ഇതേപ്പറ്റി യഹൂദർക്കിടയിൽ തർക്കമുണ്ടായി. തന്റെ ശരീരം നമുക്കു ഭക്ഷണമായി തരാൻ ഇവന് എങ്ങനെ കഴിയും എന്ന് അവർ ചോദിച്ചു" (6,52). പ്രകൃതിപോലും ഇത് അംഗീകരിക്കുന്നില്ല. മനുഷ്യമാംസം ഭക്ഷിക്കേണ്ടിവരിക എന്നത് കഠിനവും ദുഷ്കരവുമായ സംഗതിയായി അവർ എടുക്കുകയും ഇതേപ്പറ്റി അവർക്ക് അറപ്പുണ്ടാകുകയും ചെയ്തു.

"യേശു പറഞ്ഞു, സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം കുടിക്കുകയും ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കുകയില്ല" (6,53). "നിങ്ങൾ ജീവിക്കയില്ല" എന്നല്ല അവൻ പറഞ്ഞത്, പിന്നെയോ,

www.malankaralibrary.com



"നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കുകയില്ല" എന്നത്രേ. അതായത്, നിങ്ങൾ അമർത്ത്യരായിരിക്കുകയില്ല. ജീവിക്കുക സാധ്യമാണ്. കാരണം, ഈ ജീവന്റെ ഹേതു മറ്റൊന്നാണ്. ഈ ജീവൻ തന്നിൽ സ്വീകരിക്കാതെ ആർക്കും അമർത്ത്യനാകാൻ കഴിയില്ല. അനന്തരം അവൻ ആവർത്തിക്കുന്നു: "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിക്കും. എന്തെന്നാൽ എന്റെ ശരീരം യഥാർഥ ഭക്ഷണമാണ്. എന്റെ രക്തം യഥാർഥ പാനീയവുമാണ്" (6,54-55).

അവനെ ഭക്ഷിക്കുന്നവർക്ക് ഇതാണ് യഥാർഥഭക്ഷണവും യഥാർഥ പാനീയവുമെന്ന് അവൻ പറഞ്ഞു, "എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു"(6,56). നമ്മുടെ ഭക്ഷണവും പാനീയവും നമ്മുടെ ശരീരത്തിന്റെ പ്രകൃതിയിലേക്ക് രൂപാന്തരപ്പെടുന്നു. ശരീരം അങ്ങനെ പോഷിപ്പിക്കപ്പെടുന്നു. അതിൽനിന്നു തുടർച്ചയായി നഷ്ടപ്പെടുന്നത് നവീകരിക്കപ്പെടുന്നു. നമ്മുടെ ശരീരത്തോടു ചേർന്നുപോകുന്നവ സ്വാംശീകരിച്ചു കൊണ്ടാണിതു നടക്കുന്നത്. നമുക്ക് സ്വാഭാവികമായി സംഭവിക്കുന്നവയിൽ നിന്ന് സംഭാഷണം ആവർത്തിച്ചുകൊണ്ട് അവൻ പറയുന്നു: "എന്റെ ശരീരം ഭക്ഷിക്കുകയും രക്തം കുടിക്കുകയും ചെയ്യുന്നവൻ" ആത്മാവിന്റെ കൃപയുടെ ഫലംവഴി എന്നോട് സംസർഗം ചെയ്യുന്നു. എന്നേക്കും നിത്യജീവൻ അനുഭവിച്ചുകൊണ്ട് എന്നോടുള്ള സ്വാഭാവികൈക്യം സ്വന്തമാക്കുന്നു. ഭാഗ്യവാനായ പൗലോസ് ശ്ലീഹായും ഇങ്ങനെ പറയുന്നു, "നമ്മുടെ ദുർബലശരീരത്തെ തന്റെ മഹത്വമുള്ള ശരീരംപോലെ അവൻ രൂപാന്തരപ്പെടുത്തും" (ഫിലി 3,21).

ഈ പറഞ്ഞ വാക്കുകൾ യഥാർഥ അർഥത്തിൽ ദൈവത്വത്തിന് ചേരുന്നതല്ലെന്ന് വ്യക്തമാണ്. അവതന്നെ ആ കാര്യം കൃത്യമായി കാണിക്കുന്നുമുണ്ട്. അതുകൊണ്ട്, അവൻ കൂട്ടിച്ചേർക്കുന്നു: " ജീവിക്കുന്നവനായ പിതാവ് എന്നെ അയച്ചു. ഞാൻ പിതാവു മൂലം ജീവിക്കുന്നു. അതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ ഞാൻമൂലം ജീവിക്കും" (6,57). "ഞാൻ പിതാവുമൂലം ജീവിക്കുന്നു" എന്ന വാക്കുകൾ ദുർവ്യാഖ്യാനിക്കുകയും ഏകജാതന്റെ ദൈവത്വത്തെ ദുഷിക്കുകയും ചെയ്യുന്ന പാഷണ്ഡികൾക്കെതിരായി, അവന്റെ വാക്കുകളുടെ ഉദ്ദേശ്യം എന്തെന്നും അവയുടെ ക്രമമെന്തെന്നും ചൂണ്ടിക്കാണിച്ചാൽ മതിയാകും. കൂടാതെ, അവൻ കൂട്ടിച്ചേർത്ത വാക്കുകൾതന്നെ മതിയാകുന്നവയാണ്. "ഞാൻ പിതാവുമൂലം ജീവിക്കുന്നു" എന്നു പറഞ്ഞശേഷം, "എന്നെ ഭക്ഷിക്കുന്നവൻ ഞാൻമൂലം

www.malankaralibrary.com



ജീവിക്കും'' എന്ന് അവൻ കൂട്ടിച്ചേർക്കുന്നു. ദൈവികതയെ ഭക്ഷിക്കാമെന്ന് ആരാണ് പറയുക? ദൈവസഹായത്താൽ വിശദീകരണം നൽകിക്കൊണ്ട് ഈ വാക്യത്തിന്റെ ക്രമം കാട്ടിത്തരാം.

നിത്യജീവൻ നൽകാൻ ശരീരത്തിനു കഴിയുമെന്നു പറയുന്നത് അവിശ്വസനീയമാണെന്ന് ചുരുക്കമായി പറയാം. എപ്പോഴും ജീവിക്കുന്ന പിതാവ് എന്റെ സൃഷ്ടപ്രകൃതത്തിന് അതീതമായ നിത്യജീവൻ എനിക്കു നൽകി. എന്നെ ഭക്ഷിക്കുന്നവർക്കും ഞാൻവഴി അതു നൽകിയിരിക്കുന്നു.- ഇങ്ങനെ ശരീരത്തിന്റെ പ്രകൃതിക്ക് അതീതമായ കാര്യം പിതാവിൽ ആരോപിച്ചശേഷം, യഹൂദർക്ക് തന്നെ ഖണ്ഡിക്കാൻ കഴിയാത്തവിധം അവിടുന്ന് കൃത്യമായി അതിനെ സ്ഥിരീകരിച്ചു. പിതാവിൽ നിന്ന് ശക്തി സ്വീകരിച്ചാൽപോലും ശരീരത്തിന് അവ നൽകാനാവില്ലെന്ന് അവർക്കു പറയാൻ കഴിഞ്ഞില്ല. തന്റെ വാക്കുകൾ ഉറപ്പിക്കുന്നതിന്, അവയ്ക്ക് കൃത്യമായ അർഥം നൽകിക്കൊണ്ട് അവൻ പറഞ്ഞു: " ഇതു സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന അപ്പമാണ്. പിതാക്കന്മാർ മന്നാ ഭക്ഷിച്ചു; എങ്കിലും മരിച്ചു. അതുപോലെയല്ല ഈ അപ്പം. ഇതു ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും'' (6,58). ഞാൻ ആദ്യമേ പറഞ്ഞതുപോലെ, സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നതും നിത്യജീവൻ നൽകുന്നതുമായ അപ്പം ഇതാണ്. മരിച്ചുപോയ മറ്റു മനുഷ്യർ ഭക്ഷിച്ച മന്നായേക്കാൾ ഇത് ഉപരിശ്രേഷ്ഠമാണ്. സ്വാഭാവികമായി തനിക്കില്ലാത്തത് പിതാവിൽനിന്ന് സ്വീകരിക്കുകയും മറ്റുള്ളവർ തന്നോട് യഥാർഥത്തിൽ സംസർഗത്തിൽ ആയിരിക്കുകയും ചെയ്യാൻ അവർക്കതു നൽകുകയും ചെയ്യുന്നു. " സ്വർഗത്തിൽ നിന്ന് ഇറങ്ങിയവൻ" എന്ന് കൂട്ടിച്ചേർത്തതും പിതാവിൽനിന്ന് അവർക്കു നൽകപ്പെട്ടത് എന്നു പറഞ്ഞതും തന്റെ പ്രത്യേക സ്വഭാവത്തെ സൂചിപ്പിക്കാനാണ്.

അതിനുശേഷം സുവിശേഷകൻ പറയുന്നു: "കഫർണാമിലെ സിനഗോഗിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോളാണ് അവനിതു പറഞ്ഞത് " (6,59). ജനം ആരംഭംമുതൽ കഫർണാമിൽ വരികയും കർത്താവിനെ സിനഗോഗിൽ കാണുകയും അവനിൽനിന്ന് ഈ വചനം ശ്രവിക്കുകയും അവന്റെ സംഭാഷണവും പ്രസംഗവും ഗ്രഹിക്കുകയും ചെയ്തിരുന്നു എന്ന് വ്യക്തമാണ്. സുവിശേഷകൻ പറയുന്നതുപോലെ, "ഇതു കേട്ടപ്പോൾ, ശിഷ്യരിൽ പലരും പറഞ്ഞു, ഈ വചനം കഠിനമാണ്. ഇതു ശ്രവിക്കാൻ ആർക്കു കഴിയും?'' (6,60). മാനുഷികരീതിയിൽ കേട്ടു ഗ്രഹിച്ചവർ മാംസം ഭക്ഷിക്കണം എന്നു മനസ്സിലാക്കുകയും അത് നിഷിദ്ധവും കഠിനവുമാണെന്ന് കരുതുകയും ചെയ്തു. ശിഷ്യന്മാർ പരസ്പരം ഇവ പറഞ്ഞുവെന്ന് സുവിശേഷകൻ സൂചിപ്പിക്കുന്നു. "തന്റെ ശിഷ്യന്മാർ പിറുപിറുക്കുന്നു

www.malankaralibrary.com



എന്നു മനസ്സിലാക്കി യേശു അവരോടു ചോദിച്ചു"(6,61). ശിഷ്യന്മാർ വ്യക്തമായി പറഞ്ഞിരുന്നെങ്കിൽ "മനസ്സിലാക്കി "എന്നപദം കർത്താവ് ഉപയോഗിക്കുകയില്ലായിരുന്നു. അവനോടുള്ള അവരുടെ ബഹുമാനം നിമിത്തം ശിഷ്യന്മാർക്ക് ഉചിതമാംവിധം, അവർ പരസ്പരം പിറുപിറുത്തതേയുള്ളു. അവനാകട്ടെ, ദിവ്യശക്തിയാൽ അവരുടെ വിചാരങ്ങൾ മനസ്സിലാക്കി അവരോടു ചോദിച്ചു, " ഇതു നിങ്ങൾക്ക് ഇടർച്ച വരുത്തുന്നുവോ? അങ്ങനെയെങ്കിൽ, മനുഷ്യപുത്രൻ ആദ്യം ആയിരുന്നിടത്തേക്ക്..." (6,61-62).

നിങ്ങൾക്ക് അവിശ്വസനീയമായി തോന്നുന്ന ഈ വാക്കുകൾ നിങ്ങൾക്ക് ഇടർച്ചവരുത്തിയെന്ന് എനിക്കറിയാം. കാരണം, നിങ്ങൾ ദൃശ്യപ്രകൃതിയെ മാത്രമാണ് പരിഗണിക്കുന്നത്. എന്നാൽ അവൻ സ്വർഗത്തിലേക്കു കയറുന്നതും കൂടുതൽ ഉയർന്ന സ്ഥാനത്ത് ആയിരിക്കുന്നതും നിങ്ങൾ കാണുമ്പോൾ ഞാൻ ഈ പറഞ്ഞവ നിങ്ങൾ വിശ്വസിക്കുകയില്ലേ? അതോ, ഈ കാഴ്ചയിൽ നിങ്ങൾ വിസ്മയിക്കുമോ? തന്റെ മനുഷ്യസ്വഭാവത്തിൽ സംഭവിക്കുന്ന വലിയ കാര്യങ്ങളെ കുറിച്ച് പറയാൻ ആഗ്രഹിക്കുമ്പോൾപോലും അവ സ്വാഭാവികമായി ഉണ്ടായതല്ല, ദൈവസ്വഭാവത്തിൽനിന്ന് വന്നതാണെന്ന് അവൻ തെളിയിക്കുന്നു. താൻ മുമ്പിരുന്നിടത്തേക്കു കയറിയെന്നു പറഞ്ഞത് മനുഷ്യപ്രകൃതിക്ക് ചേരുന്നതല്ല. എന്നാൽ ആലങ്കാരികമായി പറഞ്ഞാൽ എന്നവണ്ണം സ്വർഗത്തിലേക്ക്, അതായത്, തന്റെ സ്വഭാവത്തിന്റെ മഹത്വത്തിന് അനുസരിച്ച് പിതാവ് നൽകിയ സ്ഥാനത്തേക്ക്, അവനെ ഉയർത്തി എന്നാണർഥം. സ്വർഗത്തിലേക്ക് കയറാൻ അവനെ സഹായിച്ച ആ സ്വഭാവം തന്നെയാണ് നിത്യജീവൻ നൽകാനുള്ള ശക്തി അവനു നൽകിയത്.

"ആത്മാവാണ് ജീവൻ നൽകുന്നത്. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല"(6,63). വളരെ കാര്യങ്ങൾ പറഞ്ഞശേഷം, താൻ ദൈവപുത്രനാണെന്ന് അവൻ കൂട്ടിച്ചേർക്കുന്നു. നിങ്ങൾ ഇതിങ്കൽ ആശ്ചര്യപ്പെടേണ്ട. എനിക്ക് എന്നിൽതന്നെ ഒന്നും ചെയ്യാനാവില്ല. അങ്ങനെ, തന്റെ ഏതുതരം ശരീരമാണ് ഭക്ഷിക്കാനായി നൽകുന്നതെന്ന് പറഞ്ഞശേഷം തന്റെ വാക്കുകളെ കുറിച്ചുള്ള സംശയം തീർക്കുന്നു. വെറും മാംസത്തിന്റെ ശക്തിയാലല്ല ഈ ദാനം ലഭിക്കുന്നത്. മറിച്ച്, പദാർഥത്തിൽ അന്തർലീനമല്ലാത്ത ദിവ്യശക്തിയാണ് ശരീരം വഴി നിത്യജീവൻ നൽകുന്നത്. ഇവിടെ വ്യക്തമായും ഏകജാതന്റെ ദൈവസ്വഭാവത്തെ പറ്റിയാണ് പറയുന്നത്. "മുമ്പ് ആയിരുന്നിടത്തേക്ക് കയറി" എന്നതിനു ശേഷം "ആത്മാവാണ് ജീവിപ്പിക്കുന്നത്. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല" എന്നു കൂട്ടിച്ചേർത്തിരിക്കുന്നു. അതായത്, ഈ ദൈവസ്വഭാവവുമായുള്ള ഐക്യംവഴിയാണ്

www.malankaralibrary.com



തന്നെ ഭക്ഷിക്കുന്നവർക്ക് ദാനങ്ങൾ നൽകുന്നത്. നമ്മുടെ ഇടയിൽ കർതൃസ്നേഹത്തിന്റെ പ്രതീകത്തിൽ പരിശുദ്ധാത്മാവിന്റെ ആവാസംവഴി വിശുദ്ധകുർബാനയെന്ന ദിവ്യരഹസ്യത്തിൽ ഇതു സംഭവിക്കുന്നുവെന്നു നാം വിശ്വസിക്കുന്നു. അങ്ങനെ തന്റെ സ്വഭാവം ആത്മാവിന്റേതിനോടു തുല്യമാണെന്ന് കാണിക്കുന്നു. നമ്മുടെ കർത്താവിന്റെ ശരീരത്തിനും, ദൈവത്വം മൂറോന്റെ സ്ഥാനത്തായിരുന്നു. അവൻ എപ്പോഴും അതിന്റെ കൂടെയാണ്. ദൈവവചനത്തോടുള്ള ഐക്യവും പങ്കാളിത്തവും അവൻ അതിനൊരുക്കി. നിങ്ങളോടു ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാകുന്നു (6,63). അതുകൊണ്ട്, ഞാൻ നിങ്ങളോടു പറഞ്ഞവയും ആത്മീയമായി മനസ്സിലാക്കേണ്ടവയാണ്. അങ്ങനെ, അവ നിത്യജീവനാണെന്ന് നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയും.

"എന്നാൽ വിശ്വസിക്കാത്തവരായി നിങ്ങളിൽ ചിലരുണ്ട് " (6,64). തന്റെ പ്രബോധനം ജനക്കൂട്ടത്തിനു മുഴുവനും വേണ്ടിയാണെങ്കിലും, താൻ എല്ലാവരുടെയും വിചാരങ്ങൾ കൃത്യമായി അറിയുന്നുണ്ടെന്നും താൻ പഠിപ്പിക്കുന്നത് വെറും പടാർത്ത പറച്ചിലല്ലെന്നും ഇവവഴി അവൻ കാണിക്കുന്നു. അതുകൊണ്ട്, സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു: "വിശ്വസിക്കാത്തവൻ ആരെന്നും തന്നെ ഒറ്റിക്കൊടുക്കാനിരിക്കുന്നവൻ ആരെന്നും ആരംഭം മുതൽ യേശു അറിഞ്ഞിരുന്നു" (6,64). അതുകൊണ്ട് അവൻ പറഞ്ഞു, " ഇതുകൊണ്ടാണ്, പിതാവിൽനിന്ന് വരം ലഭിച്ചാലല്ലാതെ എന്റെ അടുത്തുവരാൻ ആർക്കും സാധിക്കയില്ലെന്നു ഞാൻ നിങ്ങളോടു പറഞ്ഞത് " (6,65). അവരുടെ വിചാരങ്ങൾ കൃത്യമായി അറിഞ്ഞുകൊണ്ട് അവൻ പറഞ്ഞു: എന്റെ പിതാവിനാൽ തെരഞ്ഞെടുക്കപ്പെടുന്നവരല്ലാതെ ആരും എന്റെ പക്കലേക്കു വരുന്നില്ല. അതുകൊണ്ട്, പിതാവിന്റെ വിജ്ഞാനത്തിൽനിന്ന് തള്ളപ്പെട്ടവനോ, അകന്നിരിക്കുന്നവനോ ഒരിക്കലും എന്റെ സഖിത്വത്തിലേക്കു വരാൻ സാധിക്കുകയില്ല.

"ഇതിനുശേഷം അവന്റെ ശിഷ്യരിൽ വളരെപ്പേർ അവനെ വിട്ടുപോയി. അവർ പിന്നീട് ഒരിക്കലും അവന്റെകൂടെ നടന്നില്ല"(6,66). പന്ത്രണ്ടുപേർ ഒഴികെയുള്ള ശിഷ്യരെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. കാരണം, തുടർന്ന് അവൻ പറയുന്നു: "യേശു പന്ത്രണ്ടു പേരോടുമായി ചോദിച്ചു. നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ?" (6,67). തനിക്ക് സ്വീകാര്യമായത് ആന്തരിക മനോഭാവമാണ്, അംഗസംഖ്യയല്ല എന്ന് ഇത് കാണിക്കുന്നു. എല്ലാവർക്കുംവേണ്ടി ശെമയോൻ പത്രോസ് മറുപടി പറയുന്നു: "കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കു പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. സജീവദൈവത്തിന്റെ

www.malankaralibrary.com



പുത്രനായ മിശിഹായാണ് നീയെന്ന് ഞങ്ങൾ അറിയുകയും വിശ്വസിക്കുകയും ചെയ്തിരിക്കുന്നു" (6,68-69). ഞങ്ങളുടെ അഭിപ്രായം അവരുടെ അഭിപ്രായം പോലെയല്ല, ഞങ്ങൾ പ്രതീക്ഷിച്ചിരുന്ന ദൈവപുത്രനായ മിശിഹാ നീയാണെന്ന് ഞങ്ങൾ അറിയുകയും ഞങ്ങൾക്ക് ബോധ്യം വരികയും ചെയ്തിരിക്കുന്നു. നിന്റെ വാക്കുകൾ വിശ്വസിക്കുന്നവർക്ക് നീ നിത്യജീവൻ ഒരുക്കുന്നു. നീ വാഗ്ദാനം ചെയ്യുന്നവ അവർക്ക് ലഭിക്കുകയും ചെയ്യുന്നു.

ഇവയ്ക്കുശേഷം കർത്താവ് എന്താണ് പറഞ്ഞത്? "നിങ്ങൾ പന്ത്രണ്ടുപേരേ ഞാൻ തെരഞ്ഞെടുത്തില്ലേ? എന്നാൽ നിങ്ങളിൽ ഒരുവൻ പിശാചാകുന്നു. അവൻ ഇതു പറഞ്ഞത് ശെമയോൻ സ്കറിയോത്തായുടെ മകനായ യൂദാസിനെ കുറിച്ചാണ്. എന്തെന്നാൽ പന്ത്രണ്ടിൽ ഒരുവനായ അവനാണ് യേശുവിനെ ഒറ്റിക്കൊടുക്കാനിരുന്നത് "(6,71). ശെമയോൻ പത്രോസ് മറ്റുള്ളവരുടെ പേരിൽ പ്രത്യുത്തരിച്ചതിനാൽ, ആർക്കാണ് താൻ തന്നെത്തന്നെ ഏൽപിച്ചു കൊടുത്തിരിക്കുന്നതെന്ന് തനിക്കാറിയാമെന്നും ആരാണ് എതിരായ പാതയിലൂടെ ചരിക്കുന്നതെന്നും യേശുവും വ്യക്തമാക്കി.

**യേശു ജറുസലേമിൽ**

"ഇവയ്ക്കുശേഷം യേശു ഗലീലിയിൽ ചുറ്റിസഞ്ചരിച്ചു കൊണ്ടിരുന്നു" (7,1). യഹൂദരുടെ വിദ്വേഷം നിമിത്തം യൂദയായിലേക്കു പോകാതെ ഒഴിഞ്ഞുമാറി. യഹൂദരുടെ കൂടാരത്തിരുനാൾ അടുത്തപ്പോൾ, അവന്റെ സഹോദരന്മാർ അവനോടു പറഞ്ഞു: തിരുനാൾ ദിവസം എല്ലാവരും ജറുസലേം സന്ദർശിക്കാൻ കടപ്പെട്ടിരിക്കുന്നു. "നീ ചെയ്യുന്ന പ്രവൃത്തികൾ നിന്റെ ശിഷ്യന്മാർ കാണേണ്ടതിന് നീ ഇവിടംവിട്ട് യുദയായിലേക്കു പോകുക. പരസ്യമായി അറിയപ്പെടാൻ ആഗ്രഹിക്കുന്നവൻ രഹസ്യമായി പ്രവർത്തിക്കുകയില്ല. നീ ഇതെല്ലാം ചെയ്യുന്നെങ്കിൽ നിന്നെ ലോകത്തിനു വെളിപ്പെടുത്തുക"(7,3-4). മാനുഷിക പരിഗണന വച്ചാണ് അവന്റെ സഹോദരന്മാർ ഇപ്രകാരം പറഞ്ഞത്. എല്ലാവരുടെയും മുമ്പാകെ അടയാളങ്ങൾ വഴി അവൻ തന്നെത്തന്നെ വെളിപ്പെടുത്തണമെന്ന് അവർ ആഗ്രഹിച്ചു; അങ്ങനെ അവൻമൂലം അവർക്കും മഹത്വം ലഭിക്കുമെന്ന് അവർ കരുതി. അവനിൽ നിഗൂഢമായിരുന്ന സ്വഭാവം നിമിത്തം എല്ലാവരുടെയും മുമ്പാകെ വെളിപ്പെടണമെന്നും എല്ലാവരേക്കാളും ഉയർത്തപ്പെടണമെന്നും വിശ്വസിക്കത്തക്കവണ്ണം പൂർണമായ വിശ്വാസം അവനെപ്പറ്റി അവർക്കില്ലായിരുന്നു. ഇക്കാര്യം സുവിശേഷകൻതന്നെ വ്യക്തമാക്കുന്നു. "അവന്റെ സഹോദരന്മാർ പോലും അവനിൽ വിശ്വസിച്ചിരുന്നില്ല" (7,5). അതായത്,

www.malankaralibrary.com



അവർക്ക് അവനെ കുറിച്ച് താണതരവും ജഡികവുമായ ആശയമേ ഉണ്ടായിരുന്നുള്ളു.

"യേശു പറഞ്ഞു: എന്റെ സമയം ഇതുവരെയും ആയിട്ടില്ല. നിങ്ങൾക്കാകട്ടെ, എപ്പോഴും അനുകൂലമായ സമയമാണല്ലോ." നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ജറുസലേമിലേക്കു പോകാൻ കഴിയും. നിങ്ങളെത്തന്നെ പ്രദർശിപ്പിക്കുകയും ചെയ്യാം. നിങ്ങൾക്ക് സമയത്തിന്റെ പ്രശ്നമില്ല. ഞാനാകട്ടെ, എന്നിൽ മറഞ്ഞിരിക്കുന്ന മഹനീയവും ശ്രേഷ്ഠവുമായ സ്വഭാവം നിമിത്തം, എന്നെത്തന്നെ മറച്ചു വയ്ക്കുന്നു. കാരണം, പൂർത്തിയാകേണ്ട രക്ഷാകരപദ്ധതിക്ക് അത് ആവശ്യമാണ്. അതായത്, എല്ലാവരുടെയും മുമ്പാകെ, ഞാൻ ആരാണെന്ന് വ്യക്തമായി വെളിപ്പെടുത്തുന്ന എന്റെ സമയം വരാനിരിക്കുന്നതേയുള്ളു. തന്റെ കുരിശു മരണത്തേയും അതിനോടു ബന്ധപ്പെട്ട് സംഭവിക്കാൻ ഇരിക്കുന്നവയേയുമാണ് അവൻ സൂചിപ്പിച്ചത്. ഇതേക്കുറിച്ച് മറ്റൊരിടത്തും അവൻ പറയുന്നു: "മനുഷ്യപുത്രൻ മഹത്വീകരിക്കപ്പെടേണ്ട നാഴികയടുത്തു" (12,23). എന്തുകൊണ്ടാണ് ജറുസലേമിലേക്ക് പോകാത്തതെന്ന് കാണിക്കാൻ അവിടുന്ന് പറഞ്ഞു: "ലോകത്തിനു നിങ്ങളെ വെറുക്കാൻ സാധിക്കുകയില്ല. എന്നാൽ അതിന്റെ പ്രവൃത്തികൾ തിന്മയാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നതിനാൽ, അത് എന്നെ വെറുക്കുന്നു. നിങ്ങൾ പെരുന്നാളിന് പൊയ്ക്കൊൾവിൻ. ഞാൻ ഈ പെരുന്നാളിന് പോകുന്നില്ല. എന്തെന്നാൽ എന്റെ സമയം ഇനിയും പൂർത്തിയായിട്ടില്ല" (7,7-8). നിങ്ങൾക്ക് സൗകര്യംപോലെ പോകാം. നിങ്ങളെ ആരും തടയുകയില്ല. എന്നെ അവർക്ക് വെറുപ്പാണ്. കാരണം, ഞാൻ അവരുടെ ദുഷ്ടതയെ കുറ്റപ്പെടുത്തുന്നു. ശാന്തതയും കാലതാമസവും വഴി ഞാൻ അവരുടെ കോപം ശമിപ്പിക്കും. അതുകൊണ്ട്, വിവേകപൂർവം ഇപ്പോൾ ഞാൻ വരുന്നില്ല. യഥാസമയം ഞാൻ പോകുന്നതാണ്. ഉചിതമായും കൃത്യമായും അവിടുന്ന് പറഞ്ഞു: "ഇപ്പോൾ ഞാൻ പോകുന്നില്ല". അതിന്റെ അർത്ഥം അവൻ പോകും, പക്ഷേ, ഉടനെ തിരുനാളിന്റെ ആരംഭത്തിലല്ല എന്നത്രേ.

സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു: "ഇപ്രകാരം പറഞ്ഞ്, അവൻ ഗലീലിയിൽ തന്നെ താമസിച്ചു" (7,9). "എന്നാൽ അവന്റെ സഹോദരന്മാർ പെരുന്നാളിന് പോയശേഷം അവനും പോയി. പരസ്യമായിട്ടല്ല, രഹസ്യമായി" (7,10). ചിലർ അവനെ ദ്വേഷിച്ചിരുന്നെങ്കിലും, അവനോടുള്ള സ്നേഹം നിമിത്തം അവൻ ചെയ്ത അത്ഭുതങ്ങൾ മൂലം മറ്റുപലർക്കും അവനെ കാണാൻ ആഗ്രഹമുണ്ടായിരുന്നു. രണ്ടുകൂട്ടർക്കും അവന്റെ താമസിച്ചുള്ള വരവ് ഉപകാരപ്രദമായി. എതിരാളികൾക്ക് കോപം ശമിക്കുന്നതിനും മറ്റുള്ളവർക്ക് സ്നേഹം വർദ്ധിക്കുന്നതിനും അത് ഹേതുവായി.

www.malankaralibrary.com



സുവിശേഷകൻ പറയുന്നു: "അവൻ എവിടെയെന്നു ചോദിച്ചു കൊണ്ട് യഹൂദർ അവനെ അന്വേഷിച്ചുകൊണ്ടിരുന്നു" (7,11). അവൻ പ്രവർത്തിച്ച അത്ഭുതങ്ങളും അവൻ പറഞ്ഞ വാക്കുകളും ഇപ്പോഴും അവരുടെ ചെവികളിൽ മുഴങ്ങിക്കൊണ്ടിരുന്നു. അവൻ എവിടെയാണെന്ന് അവർ ആരാഞ്ഞു. ഈ വാക്കുകൾ അവനെ വെറുത്തിരുന്നവരുടേതാണ്. സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു: "ആളുകൾ അവനെപ്പറ്റി രഹസ്യമായി പലതും പറഞ്ഞിരുന്നു. അവനൊരു നല്ല മനുഷ്യനാണെന്ന് ചിലർ പറഞ്ഞു. അല്ല, അവൻ ജനത്തെ വഴിപിഴപ്പിക്കുന്നെന്ന് മറ്റുചിലരും. എങ്കിലും യഹൂദരെ ഭയന്ന് ആരും അവനെപ്പറ്റി പരസ്യമായി ഒന്നും സംസാരിച്ചില്ല"(7,12-13). വളരെ പ്രയോജനപ്രദമായ വിവേകത്തോടു കൂടിയാണ് അവൻ താമസിച്ചെത്തിയത്. അവനെ ഉടനെ കാണാത്തതിനാൽ അവരുടെ കോപം ശമിച്ചു. അവനെ കാണാൻ ആഗ്രഹിച്ചവരുടെ സ്നേഹം ശതഗുണീഭവിച്ചു. അതുകൊണ്ട് സുവിശേഷകൻ പറയുന്നു: "തിരുനാൾ പകുതിയായപ്പോൾ യേശു ദേവാലയത്തിൽ ചെന്ന് പഠിപ്പിച്ചു തുടങ്ങി. ഒന്നും പഠിച്ചിട്ടില്ലാതിരിക്കെ, ഇവന് ഈ അറിവ് എവിടെനിന്നു കിട്ടി എന്നുപറഞ്ഞ് യഹൂദർ വിസ്മയിച്ചു" (7,14-15).

അവൻ എങ്ങനെ ഇത്ര ആഴമായ പ്രബോധനം പഠിപ്പിക്കുന്നു? നമ്മുടെ കർത്താവ് തന്റെ പതിവനുസരിച്ച് അവരുടെ അവിശ്വാസകാരണം വ്യക്തമാക്കുന്നു: "യേശു പറഞ്ഞു, എന്റെ പ്രബോധനം എന്റെ സ്വന്തമല്ല, എന്നെ അയച്ചവന്റേതത്രേ. അവന്റെ ഇഷ്ടം നിറവേറ്റാൻ മനസ്സുള്ളവൻ, ഈ പ്രബോധനം ദൈവത്തിൽ നിന്നുള്ളതോ, അതോ ഞാൻ സ്വയം നൽകുന്നതോ എന്നു മനസ്സിലാക്കും"(7,16-17). നിങ്ങളുടെ അവിശ്വാസ കാരണം ദൈവത്തിനു വേണ്ടിയുള്ള പ്രതികാരമായി മാറ്റരുത്. ഞാൻ വ്യക്തമായി സംസാരിക്കുന്നു. ഈ വാക്കുകൾ അവന്റേതു തന്നെയാണ്. ഈ വാക്കുകളിലൂടെ നിങ്ങളെ ഞാൻ അവന്റെ പക്കലേക്കാണ് ആനയിക്കുന്നത്. നിങ്ങൾ ദൈവത്തിന്റെ ഇഷ്ടം ചെയ്യാൻ ആഗ്രഹിക്കുന്നെങ്കിൽ, എന്റെ പ്രബോധനം അവന്റേതാണെന്നും അവന് എതിരല്ലെന്നും ഗ്രഹിക്കുവിൻ. - ഇക്കാര്യം വ്യക്തമാക്കുന്നതാണ്, "ഞാൻ എന്നെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നില്ല" എന്ന അവന്റെ വാക്കുകൾ. തന്റെ ബലഹീനതകൊണ്ടല്ല, യഹൂദരുടെ എതിർപ്പു നിമിത്തമാണ് ഇങ്ങനെ പറയാൻ ഇടയായത്. എന്റെ സംസാരം ദൈവത്തിൽ നിന്നാണോ, അതോ ഞാൻ സ്വയം നൽകുന്നതാണോ എന്ന് നിങ്ങൾ മനസ്സിലാക്കുവിൻ. എന്റെ പ്രബോധനം അവനിൽ നിന്നാണോ, അതോ, അവന് എതിരാണോ എന്ന് നിങ്ങൾ ഗ്രഹിക്കുവിൻ. ഇതുപോലെ, യേശു പറയുന്നു: "പിതാവ് ചെയ്തു കാണുന്നതല്ലാതെ പുത്രന് സ്വന്ത ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കാൻ സാധിക്കുകയില്ല" (5,19). ഇത് നേരത്തേ വിശദീകരിച്ചതാണല്ലോ. പരിപൂർണ സമ്മതമാണ് ഇത് സൂചിപ്പിക്കുന്നത്.

www.malankaralibrary.com



അതുകൊണ്ട്, തന്റെ വാക്ക് വ്യക്തമായി വിശദീകരിക്കുന്നതിനായി അവൻ ഇപ്രകാരം കൂട്ടിച്ചേർത്തു: "സ്വമേധയാ സംസാരിക്കുന്നവൻ സ്വന്തം മഹത്വം അന്വേഷിക്കുന്നു. എന്നാൽ, തന്നെ അയച്ചവന്റെ മഹത്വം അന്വേഷിക്കുന്നവൻ സത്യവാനാണ്. അവനിൽ അനീതിയില്ല" (7,18). അതുകൊണ്ട്, ഞാൻ നിങ്ങളെ ദൈവത്തിൽ നിന്നകറ്റി എന്നോടു ചേർക്കുകയാണെങ്കിൽ, ഞാൻ ദൈവത്തിനെതിരായ പ്രബോധനം നിങ്ങളെ പഠിപ്പിക്കുന്നുവെന്ന് തെളിയുമായിരുന്നു. എന്നാൽ എന്റെ വാക്കുകളിലൂടെ നിങ്ങളെ ഞാൻ അവനിലേക്ക് അടുപ്പിക്കുകയാണ് ചെയ്തത്. അങ്ങനെ ഞാൻ നിങ്ങളോടു പറഞ്ഞ വാക്കുകൾ ന്യായപൂർവമാണെന്നും അവയെ ദുഷ്ടവാക്കുകളായി വ്യാഖ്യാനിക്കുന്നതിന് അടിസ്ഥാനമില്ലെന്നും തെളിയുന്നു.

കഴിഞ്ഞ തിരുനാളിൽ തളർവാതരോഗിയെ സുഖപ്പെടുത്തിയതിന്റെ പേരിൽ, നിയമം ലംഘിച്ചെന്ന് അവർ അവനെ കുറ്റപ്പെടുത്തിയിരുന്നു. അവരുടെ അവിശ്വാസത്തിന്റെ ന്യായീകരണം തള്ളിക്കളയാൻ വേണ്ടി അവൻ ഈ വിഷയത്തിലേക്ക് തന്റെ പ്രസംഗം തിരിച്ചുവിടുന്നു: "മോശ നിങ്ങൾക്ക് നിയമം നൽകിയില്ലേ? എങ്കിലും നിങ്ങളാരും നിയമം പാലിക്കുന്നില്ല. എന്തുകൊണ്ടാണ് നിങ്ങൾ എന്നെ കൊല്ലാൻ ആലോചിക്കുന്നത്? "(7,19). നിങ്ങൾ മോശയുടെ നിയമം ഉയർത്തിപ്പിടിക്കുന്നവരാണെങ്കിൽ, അവ അനുസരിക്കുന്നുണ്ടെന്ന് പ്രവൃത്തികളിലൂടെ തെളിയിക്കുക. എന്തുകൊണ്ടാണ് എന്നെ കൊല്ലാൻ ആഗ്രഹിക്കുന്നതെന്ന് എന്നോടു പറയുക. ഇത് നിയമത്തിനെതിരാണ്. മറ്റേത് ലംഘനത്തേക്കാളും കുറ്റകരവുമാണ്. "യേശു പ്രതിവചിച്ചു, ഞാൻ ഒരു പ്രവൃത്തി ചെയ്തു. അതിൽ നിങ്ങളെല്ലാവരും ആശ്ചര്യപ്പെടുന്നു" (7,21). "ആശ്ചര്യപ്പെടുന്നു" എന്ന വാക്ക് ഒരു പ്രശംസയായിട്ടല്ല ഇവിടെ പറഞ്ഞിരിക്കുന്നത്. മറിച്ച്, നവീനവും വിസ്മയാവഹവുമായ കാര്യമെന്ന രീതിയിൽ നിങ്ങൾ ഇതിൽ സ്തബ്ധരായിരിക്കുന്നു എന്ന അർത്ഥത്തിലത്രേ. മോശവഴി ദൈവം നമുക്കു നൽകിയ നിയമം ലംഘിക്കപ്പെട്ടതിൽ നിങ്ങൾ ക്രുദ്ധരായി കാണപ്പെടുന്നു.

അവൻ വീണ്ടും കൂട്ടിച്ചേർക്കുന്നു: "മോശ നിങ്ങൾക്ക് പരിച്ഛേദന നിയമം നൽകിയിരിക്കുന്നു. വാസ്തവത്തിൽ അതു മോശയിൽ നിന്നല്ല, പിതാക്കന്മാരിൽ നിന്നാണ്. അതനുസരിച്ച്, സാബത്തിൽ നിങ്ങൾ പരിച്ഛേദനം നടത്തുന്നു. മോശയുടെ നിയമം ലംഘിക്കാതിരിക്കുന്നതിന് സാബത്തിൽ പരിച്ഛേദനം സ്വീകരിക്കുന്നെങ്കിൽ, സാബതുദിവസം ഒരു മനുഷ്യനെ സുഖമാക്കിയതിന് നിങ്ങൾ എന്നോടു കോപിക്കുന്നുവോ?" (7,22-23). -ശരിയായ വാദമുഖം അവൻ ഇവിടെ അവതരിപ്പിക്കുന്നു. മോശ പരിച്ഛേദനവും സാബതും നൽകി. സാബതുദിവസം പരിച്ഛേദിക്കപ്പെടണമെന്ന്

10

www.malankaralibrary.com



കൽപിക്കുകയും ചെയ്തു. സാബത് മനുഷ്യന്റെ സൗകര്യത്തിനാണ് നൽകിയിരിക്കുന്നത്. ഇതുവരെ ആരും അത് പാലിച്ചിട്ടില്ല. പരിച്ഛേദനമാകട്ടെ, അവശ്യാവശ്യമായി നൽകപ്പെട്ടതല്ല. പിതാക്കന്മാർ വഴി നൽകപ്പെട്ടതാണ്. അപ്രകാരം ചെയ്യാൻ കൽപിച്ചെങ്കിലും അത് അവശ്യകാര്യങ്ങളിൽ പെടുന്നതല്ല. അതുകൊണ്ട് ചിലപ്പോഴൊക്കെ ഉപേക്ഷിക്കാവുന്നതുമാണ്. മോശയ്ക്ക് ഇഷ്ടമായ രീതിയിൽ, പരിച്ഛേദനംവഴി സാബത്‌ലംഘനം നടന്നാൽ അത് നിയമലംഘനമായി പരിഗണിക്കപ്പെടുന്നില്ല. അപ്പോൾ, സാബതിൽ സൗഖ്യം ലഭിച്ചവനെ നിയമലംഘകനായി നിങ്ങൾ ചിത്രീകരിക്കുന്നത് എങ്ങനെ?

അങ്ങനെ, അവരെ ലജ്ജിപ്പിക്കാൻ അവൻ ഇതുകൂടി പറഞ്ഞു, "പുറമേ കാണുന്നതനുസരിച്ച് വിധിക്കാതെ, ശരിയായി വിധിക്കുവിൻ"(7,24). സാബതിൽ ആരെങ്കിലും എന്തെങ്കിലും ചെയ്ത് നിയമലംഘകൻ ആയിത്തീരുന്നെങ്കിൽ, മോശയെയാണ് ആദ്യം കുറ്റം വിധിക്കേണ്ടത്. അവൻ നിയമലംഘകനായി വിധിക്കപ്പെടുന്നില്ലെങ്കിൽ, അതിനേക്കാൾ മഹനീയമായ എന്റെ പ്രവൃത്തിവഴി ഞാൻ എത്രയധികമായി കുറ്റവിമുക്തനായിരിക്കുന്നു? അവൻ ഇതു പറഞ്ഞപ്പോൾ അവർ മിണ്ടാതിരുന്നു. കാരണം, വ്യക്തമായ കുറ്റാരോപണത്താൽ അവർ ലജ്ജിതരായിപ്പോയി.

"ജറുസലേം നിവാസികളിൽ ചിലർ പറഞ്ഞു, ഇവനേയല്ലേ അവർ കൊല്ലാൻ അന്വേഷിക്കുന്നത്?എന്നാൽ ഇതാ, ഇവൻ പരസ്യമായി സംസാരിക്കുന്നു. എന്നിട്ടും അവർ ഇവനോട് ഒന്നും പറയുന്നില്ല. അവൻ തന്നെയാണ് ക്രിസ്തുവെന്ന് ഒരുപക്ഷേ അധികാരികൾ യഥാർഥത്തിൽ അറിഞ്ഞിരിക്കുമോ? ഇവൻ എവിടെനിന്നു വരുന്നുവെന്ന് നമുക്കറിയാം. എന്നാൽ ക്രിസ്തു വരുമ്പോൾ എവിടെ നിന്നാണ് വരുന്നതെന്ന് ആരും അറിയുകയില്ലല്ലോ" (7,25-27). അവർ പറഞ്ഞത് പച്ചക്കള്ളമാണ്. മിശിഹാ ബേത്‌ലഹേമിൽ ദാവീദിന്റെ ഗോത്രത്തിൽ നിന്ന് ആഗതനാകുമെന്ന് പ്രവാചക വാക്കുകളിൽനിന്ന് അവർക്ക് അറിയാമായിരുന്നു. ഹേറോദേസിനോട് ചോദിച്ചപ്പോൾ ലഭിച്ച മറുപടിയിൽനിന്ന് ഇതു വ്യക്തമാണ്. അതുകൊണ്ട്, കർത്താവ് അവരോടു പറഞ്ഞു, "ഞാൻ ആരാണെന്നും എവിടെനിന്നു വരുന്നു എന്നും നിങ്ങൾക്കറിയാം. എന്നാൽ ഞാൻ സ്വമേധയാ വന്നവനല്ല. എന്നെ അയച്ചവൻ സത്യവാനാണ്. അവനെ നിങ്ങൾക്ക് അറിഞ്ഞുകൂടാ. എനിക്ക് അവനെ അറിയാം. എന്തെന്നാൽ ഞാൻ അവന്റെ അടുക്കൽ നിന്ന് വരുന്നു. അവനാണ് എന്നെ അയച്ചത്" (7,28-29). മിശിഹാ എവിടെനിന്ന് വരുമെന്ന് നിങ്ങൾക്കറിയാമെന്ന് അവൻ തന്നെ പറയുന്നു. ഞാൻ എവിടെ നിന്നു വന്നുവെന്ന് നിങ്ങൾക്ക് തീർച്ചയായും അറിയാം. അതുകൊണ്ട് എന്നേക്കുറിച്ചുള്ള പ്രവചനം ശരിയാണോ എന്ന് നിങ്ങൾക്ക് കണ്ടുപിടിക്കാം.

www.malankaralibrary.com



പിതാവിനെതിരായി എന്റെ ഇഷ്ടം ചെയ്യാനല്ല ഞാൻ വന്നത്. മിശിഹായുടെ വരവിന്റെ അടയാളം ഇതാണെന്ന് നിങ്ങൾ കരുതരുത്. അവൻ എവിടെനിന്ന് വരുമെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടാ. എന്നേക്കുറിച്ചാണെങ്കിലും, നിങ്ങളുടെ അറിവ് പൂർണമല്ല. ബാഹ്യമായ രീതിയിൽ നിങ്ങൾ എന്നെ അറിയുമെങ്കിലും, എന്റെ ആന്തരികസ്വഭാവം നിമിത്തം നിങ്ങൾ എന്നെ അറിയുന്നില്ല. നിങ്ങൾ എന്റെ പിതാവിനെ അറിയാത്തതിനാൽ, എന്നെയും കൃത്യമായി അറിയുന്നില്ല എന്നു വ്യക്തം. ഞാനാകട്ടെ, എന്റെ പിതാവിനെ അറിയുന്നു. അവനാണ് എന്നെ അയച്ചത്. അവന്റെ തിരുവിഷ്ടമത്രേ ഞാൻ പ്രവർത്തിക്കുന്നത്. അങ്ങനെ, നിങ്ങളുടെ അവിശ്വാസത്തിന് യാതൊരു ന്യായീകരണവുമില്ല. ഞാൻ സകലതും പിതൃഹിതാനുസൃതം ചെയ്യുന്നതിനാൽ, എന്നെപ്പറ്റി നിങ്ങൾ അറിഞ്ഞിരിക്കുന്ന കാര്യങ്ങൾ വച്ചുകൊണ്ട്, ഞാൻ മിശിഹായാണെന്ന് നിങ്ങൾക്ക് ന്യായമായി ഗ്രഹിക്കാം. കൂടാതെ, നിങ്ങളുടെ കഴിവിന് അതീതമായി എന്നിൽ മറഞ്ഞിരിക്കുന്ന എന്തോ ഉണ്ടെന്ന് നിങ്ങൾ പറയുന്നതാണ് മിശിഹായുടെ ആഗമനത്തിന്റെ അടയാളം.

അവനിതു പറഞ്ഞപ്പോൾ "അവർ അവനെ ബന്ധിക്കാൻ ശ്രമിച്ചു. എന്നാൽ ആർക്കും അവനെ പിടിക്കാൻ കഴിഞ്ഞില്ല" (7,30). ദൈവികശക്തിയാൽ അവർ തടയപ്പെട്ടിരുന്നു. കാരണം, അവന്റെ സമയം ഇനിയും വന്നിരുന്നില്ല. അതായത്, അവന്റെ പീഡാനുഭവനാഴിക സമാഗതമായില്ല. അതുകൊണ്ട്, അവൻ മനസ്സായെങ്കിൽ മാത്രമേ അവനെ പിടിക്കാൻ അവർക്ക് സാധിക്കൂ എന്ന് വ്യക്തമാണ്. സുവിശേഷകന്റെ വാക്കുകൾ പ്രയോജനപ്രദമാണ്: കാരണം, "അവൻ മിശിഹാ ആണെന്ന് വളരെപ്പേർ വിശ്വസിച്ചിരുന്നു." അവർ പറഞ്ഞത്, വരാനുള്ളവൻ വരുമ്പോൾ ഇവനേക്കാൾ വലിയ അടയാളങ്ങൾ കാണിക്കാൻ അസാധ്യമാണ് (7,31). ഫരിസേയരാകട്ടെ, ജനങ്ങളുടെ ഈ പൊതുവായ അഭിപ്രായത്തെ മാനിക്കാതെ, അസൂയയും കോപവും കൊണ്ട് ജ്വലിച്ച് പുരോഹിതപ്രമാണികളെയും സേവകരേയും അവനെ ബന്ധിക്കാൻ അയച്ചു. എന്നാൽ അവരും ദൈവികശക്തിയാൽ തടയപ്പെട്ടതിനാൽ അവനെ പിടിച്ചില്ല(7,32). കർത്താവാകട്ടെ, തനിക്ക് ഇഷ്ടമുള്ള സമയത്ത് പീഡാനുഭവം വരിക്കുമെന്ന് കാണിക്കാനായി ഇപ്രകാരം പറഞ്ഞു: "അൽപസമയം കൂടി ഞാൻ നിങ്ങളോടു കൂടെയുണ്ട്. അതിനുശേഷം ഞാൻ എന്നെ അയച്ചവന്റെ അടുത്തേക്കു പോകും. നിങ്ങൾ എന്നെ അന്വേഷിക്കും. കണ്ടെത്തുകയില്ല. ഞാൻ ആയിരിക്കുന്നിടത്തേക്കു വരാൻ നിങ്ങൾക്ക് സാധിക്കുകയില്ല" (7,33-34).

അതുകൊണ്ട് അവൻ പറഞ്ഞു: എന്തിന് നിങ്ങൾ എന്നെ പിടിക്കാൻ പരിശ്രമിക്കുന്നു? എന്തിന് നിങ്ങളുടെ കഴിവിന് അതീതമായത് ചെയ്യാൻ

www.malankaralibrary.com



ഉത്സാഹിക്കുന്നു? അൽപസമയം കൂടി കാത്തിരിക്കുക. ഞാൻ നിങ്ങൾക്ക് എന്നെത്തന്നെ വിട്ടുതരാം. എന്റെ മരണശേഷം ഞാൻ പിതൃസവിധത്തിലേക്ക് എടുക്കപ്പെടും. അവിടെ നിന്ന് നിങ്ങളുടെ പക്കലേക്ക് തീർച്ചയായും തിരികെവരും. നിങ്ങൾക്കുപരിയായി ഞാൻ ഉയർത്തപ്പെടും. നിങ്ങൾ പരിശ്രമിച്ചാലും എന്നെ കണ്ടെത്താനാകില്ല. നിങ്ങൾക്കാഗ്രഹം ഉണ്ടെങ്കിലും ഞാൻ ആയിരിക്കുന്നിടത്തേക്ക് വരാൻ നിങ്ങൾക്ക് കഴിയുകയില്ല. മഹത്വത്തിലും ബഹുമാനത്തിലും ഞാൻ നിങ്ങൾക്കുപരിയായി ഉയർത്തപ്പെട്ടിരിക്കുന്നു. - യഹൂദരാകട്ടെ, ഈ വാക്കുകളിൽ ഒന്നുപോലും ഗ്രഹിച്ചില്ല. അതിൽ അത്ഭുതപ്പെടാനുമില്ല. ശിഷ്യന്മാർക്കു പോലും അവൻ പറഞ്ഞത് മനസ്സിലായില്ലെന്ന് മുമ്പ് പല പ്രാവശ്യം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണല്ലോ. അവസാനം നടന്ന സംഗതികളിൽ നിന്നാണ് അവർ ഈ കാര്യം ഗ്രഹിച്ചത്.

ഈ വാക്കുകൾ അവർക്ക് മനസ്സിലാകാതിരുന്നതിനാൽ, അവർ അപ്രസക്തമായ പ്രത്യുത്തരം നൽകിക്കൊണ്ട് തമ്മിൽത്തമ്മിൽ പറഞ്ഞു, നമുക്കു കണ്ടെത്താൻ കഴിയാത്തവിധം എവിടേക്കാണ് അവൻ പോകുക? വിജാതീയരുടെ ഇടയിൽ പോയി അവരെ പഠിപ്പിക്കാൻ ആയിരിക്കുമോ? അവൻ പറഞ്ഞ ഈ വചനം എന്താണ്? ഇങ്ങനെ അവർക്ക് അവന്റെ വാക്കുകളിന്മേൽ സംശയമുണ്ടായി. കാരണം, അവയെക്കുറിച്ച് മാനുഷിക രീതിയിലാണ് അവർ ചിന്തിച്ചത്.

"തിരുനാളിന്റെ അവസാനത്തെ മഹാദിനത്തിൽ യേശു എഴുന്നേറ്റു നിന്ന് ശബ്ദമുയർത്തി പറഞ്ഞു, ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അയാൾ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, തിരുലിഖിതം പ്രസ്താവിക്കുന്നതുപോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും. അവനിതു പറഞ്ഞത്, തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിനെ കുറിച്ചാണ്. അതുവരെയും ആത്മാവ് നൽകപ്പെട്ടിട്ടില്ലായിരുന്നു. എന്തെന്നാൽ യേശു അതുവരെയും മഹത്വീകരിക്കപ്പെട്ടിരുന്നില്ല" (7,37-39).

ആരംഭത്തിൽ അവിടേക്കു പോകാൻ അവൻ തയാറായില്ല. തിരുനാൾ പകുതിയായപ്പോൾ അവൻ പോയി. എല്ലാ കാര്യങ്ങളും പിതാവിൽ ആരോപിച്ചുകൊണ്ട്, എളിയ വാക്കുകളിൽ അവൻ സംസാരിക്കാൻ തുടങ്ങി. തിരുനാളിന്റെ അവസാനദിനം തങ്ങളുടെ ഭവനങ്ങളിലേക്ക് തിരികെ പോകാനുള്ള ജനം അവിടെ തടിച്ചുകൂടിയപ്പോൾ അവരെയെല്ലാം അവൻ വിശ്വാസത്തിലെടുത്തു. "തിരുലിഖിതം സാക്ഷിക്കുന്നതുപോലെ, വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന് ജീവജലത്തിന്റെ അരുവികൾ

www.malankaralibrary.com



ഒഴുകും" എന്നതിനെപ്പറ്റി അവർ ചിന്തിച്ചു. ദൈവികഗ്രന്ഥങ്ങളിൽ മിശിഹായെപ്പറ്റി ധാരാളം പ്രവചനങ്ങളുണ്ട്, അവയെല്ലാം അവനിൽ വിശ്വാസം ജനിപ്പിക്കുന്നു. അവൻ നേരത്തേ പറഞ്ഞതുപോലെ, ആ "തിരുവചനങ്ങൾ എനിക്കു സാക്ഷ്യം നൽകുന്നു"(5,39). അതിന്റെ അർഥം തിരുലിഖിതം അനുസരിക്കുന്നവരും എന്നിൽ വിശ്വസിക്കുന്നവരും കൃപ കൊണ്ട് നിറയും. അരുവിപോലെ അത് അവരിൽനിന്ന് ഒഴുകുകയും നിർഗളിക്കുകയും ചെയ്യും. തദ്ഫലമായി അത് അവർക്കും മറ്റുള്ളവർക്കും പ്രയോജനപ്രദമാകും. അതുപോലെ, ശ്ലീഹന്മാരും ആത്മാവിനെ സ്വീകരിച്ചശേഷം ദാനങ്ങൾകൊണ്ട് നിറഞ്ഞു. ഇവിടെ ഇടയ്ക്കൊന്നു പറയട്ടെ, പരിശുദ്ധാത്മാവെന്നു പറയുന്നതുകൊണ്ട് പരിശുദ്ധാത്മാവിന്റെ വ്യക്തിത്വത്തെയോ സ്വഭാവത്തെയോ അല്ല, പ്രവർത്തനങ്ങളെയും കൃപയെയുമാണ് ഉദ്ദേശിക്കുന്നത്. ശ്ലീഹന്മാർ സ്വീകരിക്കാനിരുന്നതും അവർവഴി മറ്റുള്ളവരിലേക്ക് കൈമാറ്റപ്പെടുന്നതുമായ കൃപയെക്കുറിച്ചാണ് അവൻ പറഞ്ഞത്. ഇതു തുടങ്ങിയിട്ടില്ല. അതു സ്വീകരിച്ചവരിൽ അതു വളരുകയും സ്വീകരിക്കുന്നവരുടെ ദുഷ്ടതമൂലം ചിലപ്പോൾ കുറയുകയും ചെയ്യും. അതുകൊണ്ട് പൗലോസ് ശ്ലീഹാ പറയുന്നു: "നിങ്ങൾ പരിശുദ്ധാത്മാവിനെ നിർവീര്യമാക്കരുത് "(1 തെസ്സ.5,19).

**ജനത്തിന്റെ തർക്കം**

"ഈ വാക്കുകൾ കേട്ടപ്പോൾ ചിലർ പറഞ്ഞു: ഇവൻ യഥാർഥത്തിൽ പ്രവാചകനാണ്. മറ്റുചിലർ പറഞ്ഞു: ഇവൻ ക്രിസ്തുവാണ് "(7,40-41). ഇവിടെ പ്രവാചകനും മിശിഹായും വേറേ വേറേ ആളുകളാണെന്നു പറയാൻ തിരുലിഖിതം ഉദ്ദേശിക്കുന്നില്ല. സാധാരണ ജനമാകട്ടെ, രണ്ടു വാക്കുകൾകൊണ്ട് രണ്ടുപേരെ പ്രതീക്ഷിച്ചിരുന്നു. "വേറേ ചിലർ ചോദിച്ചു, മിശിഹാ ഗലീലിയിൽ നിന്നാണോ വരിക? മിശിഹാ ദാവീദിന്റെ സന്താനപരമ്പരയിൽ നിന്നാണെന്നും ദാവീദിന്റെ നഗരമായ ബേത്ലഹേമിൽ നിന്നു വരുമെന്നുമല്ലേ തിരുലിഖിതം പറയുന്നത്? തദ്ഫലമായി ജനത്തിനിടയിൽ അവനെക്കുറിച്ച് ഭിന്നതയുണ്ടായി. ആളുകൾ അതുമിതും പറഞ്ഞുകൊണ്ടിരുന്നു." മിശിഹാ എവിടെനിന്നു വരുന്നെന്നും അവൻ ആരുടെ സന്താന പരമ്പരയിൽ പെട്ടവനാണെന്നും അറിഞ്ഞിരിക്കെ, അവർ മുകളിൽ പറഞ്ഞത് നുണയാണ്. അതായത്, മിശിഹാ എവിടെ നിന്നാണ് വരുന്നതെന്ന് തങ്ങൾക്കറിയില്ല എന്ന കാര്യം. അതുകൊണ്ട് കർത്താവ് അവരോട് ഉചിതമായി പറഞ്ഞു, "ഞാൻ ആരാണെന്നും എവിടെ നിന്ന് വരുന്നെന്നും നിങ്ങൾക്കറിയാം"(7,28). മാനുഷിക പ്രബോധനത്തേക്കാൾ ഉപരിസ്ഥമായ പുതിയ പ്രബോധനമാണ് അവന്റേതെന്ന് അവർ പറഞ്ഞു.

www.malankaralibrary.com



ഫരിസേയർ അയച്ച സേവകർ ജനത്തോടൊപ്പം അവന്റെ വാക്കുകളിൽ അത്ഭുതപ്പെടുകയും തങ്ങൾക്കു ലഭിച്ച നിർദേശാനുസൃതം പ്രവർത്തിക്കാതിരിക്കുകയും ചെയ്തതിനാൽ, അവരോടു പറഞ്ഞു: "നിങ്ങളും വഞ്ചിതരായോ? അധികാരികളിലോ ഫരിസേയരിലോ ആരെങ്കിലും അവനിൽ വിശ്വസിച്ചിട്ടുണ്ടോ? നിയമം അറിഞ്ഞു കൂടാത്ത ഈ ജനക്കൂട്ടം ശപിക്കപ്പെട്ടതാണ്" (7,47-49). അധികാരവും ഭീഷണിയും ഉപയോഗിച്ച് ജനങ്ങളെ നിയന്ത്രിക്കുന്ന വെറിപൂണ്ടവരുടെ വാക്കുകളാണിവ. തങ്ങളിലാരും അവനിൽ വിശ്വസിച്ചില്ല എന്നാണ് നേതാക്കന്മാർ പറയുന്നത്. അവരാകട്ടെ, മാനുഷിക പ്രശംസമൂലം യുവഭടന്റെ നിലയിലേക്ക് തരംതാഴാൻ ലജ്ജിച്ചിരുന്നു. മനസ്സിന്റെ ലാളിത്യംകൊണ്ട് സത്യത്തെ സ്വീകരിക്കാൻ ഒരുക്കമുള്ള സാധാരണ ജനത്തെ, നിയമം അറിയാത്തവർ എന്നുപറഞ്ഞ് നേതാക്കന്മാർ ശപിച്ചിരുന്നു.

ഫരിസേയർ ഇതുപറഞ്ഞപ്പോൾ നിക്കോദേമോസ് അവർക്ക് അവസരോചിതമായ മറുപടി നൽകി: "ഒരുവന് പറയാനുള്ളത് ആദ്യം കേൾക്കാതെയും അവൻ എന്താണ് ചെയ്യുന്നതെന്ന് അറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ?"(7,51) നിങ്ങൾ നീതിരഹിതമായിട്ടാണ് അവനെ വിധിക്കുന്നത്. നിങ്ങളയച്ച സേവകർ കേട്ടംഗീകരിച്ച അവന്റെ വാക്കുകൾക്ക് നിങ്ങൾ ചെവി കൊടുത്തില്ല. പ്രധാനികളെയും നിയമത്തെയും അവർ പരാമർശിച്ചതിനാൽ, രണ്ടിനും പറ്റിയ ഉത്തരമാണ് നിക്കോദേമോസ് നൽകിയത്. നിയമത്തിനെതിരായിട്ടാണ് അവർ യേശുവിൽ ദുഷ്ടത ആരോപിച്ചതെന്ന് നിക്കോദേമോസിന്റെ വാക്കുകളിൽനിന്ന് വ്യക്തമാണ്. പ്രധാനികളിൽ ഒരാളായ നിക്കോദേമോസ് അവരുടെ വാക്കുകൾക്കെതിരെ മറുപടി നൽകിയതിനാൽ, അവർ ചെയ്തത് എല്ലാ പ്രമാണിമാരെയും പ്രീതിപ്പെടുത്തി എന്നു പറയാനാവില്ല.

അപ്പോൾ അവരുടെ കോപം സേവകരിൽനിന്ന് നിക്കോദേമോസിലേക്കു തിരിഞ്ഞു. "നീയും ഗലീലിയിൽ നിന്നാണോ? പരിശോധിച്ചു നോക്കൂ. ഗലീലിയിൽനിന്ന് ഒരു പ്രവാചകനും വരുന്നില്ലെന്ന് അപ്പോൾ മനസ്സിലാകും"(7,52). കർത്താവിന്റെ വാക്കുകളും പ്രവൃത്തികളും വിസ്മയകരമാണെന്ന് അവർ മനസ്സിലാക്കിയിരുന്നു. അവരെയെല്ലാം വിശ്വാസത്തിലേക്കു നയിക്കാൻ അവ പര്യാപ്തമായിരുന്നെങ്കിലും ആരിൽനിന്നും ന്യായമായ മറുപടി കിട്ടിയില്ല. മറിച്ച്, കോപവെറിപൂണ്ട് അവർ സംസാരിച്ചു. അവനെപ്പറ്റി നല്ലകാര്യം പറഞ്ഞവർക്കെല്ലാം അവർ എതിരായി. സേവകരോടു മറുപടി പറഞ്ഞ രീതിയിൽ തന്നെയാണ് അവർ നിക്കോദേമോസിനോട് പറഞ്ഞത്. എന്നാൽ നിക്കോദേമോസ് ബലഹീനതകൊണ്ടോ പ്രമാണിമാരെ ഭയന്നതു കൊണ്ടോ അവർക്ക് ഉത്തരം

www.malankaralibrary.com



നൽകിയില്ല. അവർ ഗലീലിയുടെ പേരുപറഞ്ഞ് മിശിഹായുടെ വാക്കുകളെയും പ്രവൃത്തികളെയും നിരാകരിക്കാൻ ആഗ്രഹിച്ചതിനാൽ, അവൻ ഉത്തരം നൽകിയില്ല.

**യേശു ലോകദീപം**

ഈ ചർച്ചാവിഷയങ്ങൾ അവരുടെയിടയിൽ സജീവമാണെന്ന് മനസ്സിലാക്കി നമ്മുടെ കർത്താവ് അവരെ സമീപിച്ച് പറഞ്ഞു: "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശം ഉണ്ടായിരിക്കും"(8,12). ഗലീലിപ്രദേശത്തെപ്പറ്റി അവർ മോശമായി പറഞ്ഞതുകൊണ്ട് പ്രവാചകൻ പറഞ്ഞത് ഇവിടെ ഓർക്കാം. "ജനതകളുടെ ഗലീലിയേ, അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായൊരു പ്രകാശം കണ്ടു" (ഏശാ.9,1-2). ഇതിൽനിന്ന് ഗലീലിയിലെ ജനങ്ങൾ പ്രവചനം അനുസരിച്ച് ധാരാളം അനുഗ്രഹങ്ങൾ സ്വീകരിക്കാൻ വിളിക്കപ്പെട്ടവരാണെന്നു വ്യക്തമാണല്ലോ. "ഞാൻ ലോകത്തിന്റെ പ്രകാശമാണ് " എന്ന് അവൻ അവരോടു പറഞ്ഞു. "ഗലീലിയർ മഹത്തായ പ്രകാശം ദർശിച്ചു" എന്ന പ്രവാചകവചനം നിങ്ങൾ ഓർക്കുന്നില്ലേ? ആ പ്രകാശമാണ് ഞാൻ. അവർക്കു മാത്രമല്ല, എല്ലാ മനുഷ്യർക്കും ഞാൻ പര്യാപ്തനാണ്. എന്നോടു ചേർന്നിരിക്കുന്നവർക്ക് തിന്മ അനുഭവിക്കേണ്ടി വരികയില്ല. ഞാൻ എല്ലാ മനുഷ്യർക്കും മതിയായവനാണ്.

"ഫരിസേയർ അവനോടു പറഞ്ഞു, നീ തന്നെ നിനക്കു സാക്ഷ്യം നൽകുന്നു"(8,13). അത് എങ്ങനെ സാധ്യമാകും? കർത്താവ് എന്താണ് അവരോട് മറുപടിപറഞ്ഞത്? "ഞാൻതന്നെ എനിക്കു സാക്ഷ്യം നൽകിയാലും എന്റെ സാക്ഷ്യം സത്യമാണ്. കാരണം, ഞാൻ എവിടെനിന്ന് വന്നെന്നും എവിടേക്കു പോകുന്നെന്നും എനിക്കറിയാം. എന്നാൽ ഞാൻ എവിടെനിന്ന് വന്നെന്നോ എവിടേക്കു പോകുന്നെന്നോ നിങ്ങൾ അറിയുന്നില്ല" (8,14). നോക്കുക. ഞാൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകിയാലും എന്റെ സാക്ഷ്യം നിരാകരിക്കേണ്ടതില്ല. ഞാൻ എന്റെ ഔന്നത്യത്തിന് അനുസൃതമായാണ് സംസാരിക്കുന്നത്. എന്റെ സ്വർഗാ രോഹണാനന്തരം ഞാൻ ഏത് സ്ഥിതിയിൽ ആയിരിക്കുമെന്ന് എനിക്കറിയാം. എന്നിൽ മറഞ്ഞിരിക്കുന്ന മഹത്വം ഞാൻ മനസ്സിലാക്കുന്നു. പതിവുപോലെ, ആലങ്കാരികമായി അവൻ പറയുന്നു. ഞാൻ എവിടെനിന്ന് വന്നു, എവിടേക്കു പോകുന്നു എന്നത് തന്റെ മനുഷ്യത്വത്തിന്റെ ബഹുമാനം വെളിപ്പെടുത്തുന്നു. തന്റെ ദൈവത്വത്തെ അത് വ്യക്തമായി പരാമർശി ക്കുന്നു. ഇത് നിങ്ങൾക്ക് അറിഞ്ഞുകൂടാ. നിങ്ങളുടെ അറിവിനെ ഉല്ലംഘിക്കുന്നതാണ് പലതും.

അവർ എന്തുകൊണ്ടാണ് നിന്നെ അറിയാത്തതെന്നും നിന്റെ വാക്കുകൾ വിശ്വസിക്കാത്തതെന്നും പറയുന്നു: "നിങ്ങളുടെ വിധി

www.malankaralibrary.com



മാനുഷികമാണ് "(8,15). അതായത്, ബാഹ്യമായി കാണപ്പെടുന്നതു പോലെ നിങ്ങൾ വിധിക്കുന്നു. ഈ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനെ നിങ്ങൾ അറിയുന്നില്ല. "ഞാൻ ആരെയും വിധിക്കുന്നില്ല. ഞാൻ വിധിക്കുന്നെങ്കിൽ തന്നെ എന്റെ വിധി സത്യമാണ്. കാരണം, ഞാൻ തനിച്ചല്ല, എന്നെ അയച്ച പിതാവും എന്നോടുകൂടെയുണ്ട് "(8,16). അവൻ തന്നെക്കുറിച്ച് ആലങ്കാരികമായിട്ടാണ് യഹൂദരോട് സംസാരിക്കാറുള്ളത്. പ്രത്യേകിച്ച്, തന്റെ മനുഷ്യത്വത്തിന്റെ ഔന്നത്യം വെളിപ്പെടുത്താൻ ആഗ്രഹിക്കുമ്പോഴും തന്റെ ദൈവത്വത്തിന്റെ സ്വഭാവത്തെ പരാമർശിക്കുമ്പോഴും. തന്റെ ദൈവത്വം മൂലമാണ് തന്റെ മനുഷ്യത്വത്തിന് ഔന്നത്യം. ഇതു പലപ്രാവശ്യം തെളിയിച്ചിട്ടുള്ളതാണ്. താഴെപ്പറയുന്ന വാക്കുകളിൽ ഇത് വ്യക്തവുമാണ്. "ഞാൻ ആരെയും വിധിക്കുന്നില്ല. ഞാൻ വിധിക്കുകയാണെങ്കിൽ എന്റെ വിധി സത്യമാണ്." ഇവിടെ "ഞാൻ വിധിക്കുന്നില്ല" എന്നതും "ഞാൻ വിധിക്കുകയാണെങ്കിൽ" എന്നതും ചേർന്നുപോകുന്നു (8,15-16). വസ്തുനിഷ്ഠമായാണ് അവൻ മനുഷ്യരെ വിധിക്കുന്നത്. പിന്നെ എന്തുകൊണ്ടാണ് "ഞാൻ ആരെയും വിധിക്കുന്നില്ല" എന്ന് അവൻ പറഞ്ഞത്? ഇത് എന്തിനായിട്ടാണ്? "നിങ്ങളുടെ വിധി മാനുഷികമാണ്" എന്ന് അവൻ അവരോടു പറഞ്ഞതുകൊണ്ട് (8,15), ഈ വാക്കുകൾ തന്റെ മനുഷ്യത്വത്തെക്കുറിച്ച് പറഞ്ഞതാണെന്ന് അവർ അറിയണമെന്ന് അവൻ ആഗ്രഹിച്ചു. വിശ്വാസത്തോടുകൂടെ മാത്രമേ ഈ വാക്കുകൾ ഗ്രഹിക്കാനാവൂ. കാരണം, അവന്റെ ദൃശ്യസ്വഭാവത്തെയാണ് അത് സ്പർശിച്ചത്. എന്തുകൊണ്ട്? എന്തുകൊണ്ടെന്നാൽ ദൈവസ്വഭാവം അവനിൽ മറഞ്ഞിരിക്കുന്നു. ആ സ്വഭാവം കൊണ്ടാണ് ആശ്ചര്യകരമായ കാര്യങ്ങളിൽ അവന് പങ്കാളിത്തം ലഭിക്കുന്നത്. ദൈവസ്വഭാവത്തെപ്പറ്റിയുള്ള പദപ്രയോഗങ്ങൾ യഹൂദർ സ്വീകരിച്ചിരുന്നെങ്കിൽ, അവ പരസ്യമായും വ്യക്തമായും പറയുന്നതിന് അവന് തടസ്സം ഉണ്ടാകുമായിരുന്നില്ല. ഇവയെക്കുറിച്ചുള്ള പ്രബോധനം എല്ലാവരുടെയും ഗ്രഹണശക്തിക്ക് അതീതമാകയാൽ, ഇവയെപ്പറ്റി പറയുമ്പോൾ ആലങ്കാരികമായിട്ടാണ് സത്യപ്രബോധനം നൽകിയിരുന്നത്. അവൻ വേറൊരുസ്ഥലത്തു പറയുന്നു, "പിതാവ് ആരെയും വിധിക്കുന്നില്ല. വിധി മുഴുവൻ പുത്രനു നൽകിയിരിക്കുന്നു"(5,22). വിധിക്കാനുള്ള ദൗത്യം പിതാവിൽനിന്ന് എടുത്തു മാറ്റിയിട്ടില്ല. വിധിക്കപ്പെടേണ്ടവരെ പറ്റിയുള്ള ശരിയായ വീക്ഷണം വിധിയാളനു ലഭിക്കണം. എടുക്കപ്പെട്ട മനുഷ്യൻവഴി യേശുവിന് ഇത് ലഭിച്ചിട്ടുണ്ട്. സ്വഭാവേന ഇത്ര വലിയ ഔന്നത്യം ലഭിച്ചതല്ല, മറിച്ച്, ദൈവവചനം അവനിൽ വസിക്കുകയും അതുവഴി പിതാവുമായി സമ്പർക്കത്തിലായിരിക്കുകയും ചെയ്യുന്നതു വഴിയാണ്. അതുകൊണ്ട്, അവൻ പറയുന്നു: "പിതാവ് ആരേയും വിധിക്കുന്നില്ല. വിധിയെല്ലാം പുത്രന് നൽകിയിരിക്കുന്നു"(5,22). മനുഷ്യസ്വഭാവത്തിൽ കാണപ്പെടുന്നവനെ

www.malankaralibrary.com



ക്കുറിച്ച് "വിധി അവനെ ഏൽപിച്ചിരിക്കുന്നു"എന്ന് പറയുന്നു; അവൻ തന്നെയാണ് വിധിക്കുന്നവനും. പ്രസ്തുത വാക്കുകൾ വിശദീകരിച്ചപ്പോൾ ഇത് വ്യക്തമാക്കിയിട്ടുള്ളതാണ്. അതുകൊണ്ട്, ഇവിടെ ഈ വാക്കുകൾക്ക് അർഥമുണ്ട്. ഏകജാതന്റെ ദൈവത്വം ലോകത്തെ വിധിക്കുന്നില്ല. കാരണം, പിതാവിനെ പോലെ ദൈവവചനവും മനുഷ്യർക്ക് അദൃശ്യനാണ്. പിതാവിനെ പോലെ അവനും വിധിക്കാനുള്ള അധികാരമുണ്ട്.

അതുകൊണ്ട്, "ഞാൻ വിധിക്കുന്നെങ്കിൽ തന്നെ എന്റെ വിധി സത്യമാണ് " (8,16). അത് എല്ലാറ്റിനെയും വിധിക്കാനായി സ്വർഗത്തിൽ നിന്ന് വരാനിരിക്കുന്ന മനുഷ്യസ്വഭാവത്തെപ്പറ്റിയത്രേ. അതുകൊണ്ട് അവിടുന്ന് കൂട്ടിച്ചേർത്തു, "എന്റെ വിധി സത്യമാണ്." അതിനോട്, "ഞാൻ തനിച്ചല്ല, പിന്നെയോ, ഞാനും എന്നെ അയച്ച എന്റെ പിതാവും"എന്ന് കൂട്ടിച്ചേർക്കുന്നു(8,16). ഞാൻ മാത്രമല്ല, എന്നെ അയച്ച എന്റെ പിതാവും കൂടെയുണ്ട് എന്നു പറയുന്നതിനു പകരം "ഞാനും എന്റെ പിതാവും" എന്ന് ചുരുക്കിയത് തന്റെ ദൈവത്വത്തെ കാണിക്കാനാണ്. ഇതുപോലെ ശ്ലീഹായും നമ്മുടെ ആത്മാവിനെയും ശരീരത്തെയും കുറിച്ച് റോമാലേഖനത്തിൽ പ്രതിപാദിക്കുന്നു. നമ്മുടെ ആത്മാവ് എങ്ങനെ പുണ്യത്തിലേക്ക് ചാഞ്ഞിരിക്കുന്നു എന്നും അതേസമയം നമ്മുടെ ശരീരം അതിന്റെ മർത്യതയും പ്രകൃതിയിലേക്കുള്ള ചാച്ചിലും നിമിത്തം പാപത്തിലേക്കു നയിക്കുന്നെന്നും അവൻ തന്നെ പഠിപ്പിക്കുന്നു: "നന്മ ചെയ്യാൻ ആഗ്രഹിക്കുന്ന എന്നിൽ തന്നെ തിന്മയുണ്ട് എന്നൊരു തത്വം ഞാൻ കാണുന്നു" (7,21). ഒരേ രീതിയിലല്ല അവനിതു പറഞ്ഞത്. ഒന്ന് "നന്മ ചെയ്യാനുള്ള ആഗ്രഹം എനിക്കുണ്ട്." രണ്ട്, "തിന്മ എന്നോട് ചേർന്നിരിക്കുന്നു." രണ്ടിലും "എനിക്ക് "എന്ന സർവനാമം ഉപയോഗിച്ചിട്ടുണ്ടെങ്കിലും, ഇവിടെ വാക്കുകളിൽ പോലും വൈരുദ്ധ്യം കാണാൻ പാടില്ല. "നന്മ ചെയ്യാൻ ആഗ്രഹിക്കുന്ന എനിക്ക് " എന്ന് പറയുന്നത് ആത്മാവിനെ കുറിച്ചാണ്. "തിന്മ എന്നോട് അടുത്തിരിക്കുന്നു" എന്നത് ശരീരത്തേക്കുറിച്ചാണ്. രണ്ട് പ്രകൃതങ്ങളെക്കുറിച്ചും രണ്ട് വ്യത്യസ്ത കാര്യങ്ങളെക്കുറിച്ചും സ്വഭാവങ്ങളുടെ വ്യത്യാസത്തിലൂടെ അവൻ പ്രതിപാദിക്കുന്നതിനാൽ, അവ രണ്ടും ഒന്നാണെന്ന രീതിയിൽ രണ്ടുഭാഗത്തും "എനിക്ക്" എന്ന സർവനാമം ഉപയാഗിച്ചിരിക്കുന്നു. ആത്മാവും ശരീരവും തമ്മിലുള്ള ബന്ധംമൂലം രണ്ടിലും തന്റെ വ്യക്തിത്വത്തെപ്പറ്റി പറയുന്നു.

അതുപോലെ, നമ്മുടെ കർത്താവും തന്റെ ദൈവസ്വഭാവത്തെയും മനുഷ്യസ്വഭാവത്തെയും പറ്റി സംസാരിക്കുമ്പോൾ, "ഞാൻ" എന്ന സർവനാമത്തിലൂടെ പൊതുവായ ആളത്തത്തെപ്പറ്റിയാണ് പറയുക. ഈ പറഞ്ഞ കാര്യങ്ങളിലൊക്കെ താൻ ഒരേ സ്വഭാവത്തെപ്പറ്റിയല്ല പറയുന്നതെന്നു കാണിക്കാൻ പല വാക്കുകൾ ഉപയോഗിച്ചു. ഒരുസ്ഥലത്ത്

www.malankaralibrary.com



പറയുന്നു, "ഞാൻ വിധിക്കുന്നില്ല." മറ്റൊരിടത്ത് പറയുന്നു, "ഞാൻ വിധിക്കുകയാണെങ്കിൽ." ആദ്യത്തേത് മുകളിൽ നാം വിവരിച്ച അർത്ഥത്തിലാണ്. "നിങ്ങളുടെ വിധി മാനുഷികമാണ് " എന്നു പറഞ്ഞതിനുശേഷം (8,15) തനിക്ക് അതേപ്പറ്റി സംശയം ഒന്നുമില്ലെന്ന് അവർ അറിയുന്നതിന് അവൻ കൂട്ടിച്ചേർത്തു: "ഞാൻ ആരെയും വിധിക്കുന്നില്ല. ഞാൻ വിധിക്കുന്നെങ്കിൽ തന്നെ എന്റെ വിധി സത്യമാണ് ". അർത്ഥത്തിൽ ഇതിനോടു തുല്യമാണ്, "പിതാവ് ആരെയും വിധിക്കുന്നില്ല, വിധിയെല്ലാം പുത്രനു നൽകിയിരിക്കുന്നു" എന്നത് (5,22).

അവൻ ഇവിടെ ഇപ്രകാരം പറുയന്നു: മനുഷ്യസ്വഭാവത്തെപറ്റി പറയുന്ന കാര്യങ്ങളെപ്പറ്റി നിങ്ങൾ സംശയിക്കേണ്ടതില്ല. നിങ്ങൾ ഇതുകൂടി അറിയണം. "ഞാൻ ആരേയും വിധിക്കുന്നില്ല"എന്നുപറഞ്ഞത് തന്റെ ദൈവസ്വഭാവത്തെ കുറിച്ചാണ്. എല്ലാ മനുഷ്യരെയും വിധിക്കുന്നതും വിധിക്കാനായി എഴുന്നെള്ളുന്നതും ഇവനാണ് (മനുഷ്യനായ ക്രിസ്തു). ന്യായവിധിക്ക് വിധേയരാകുന്നവർ അവനെ ദർശിക്കും. അവൻ വിധിക്കുന്ന വിധി സത്യവും നീതിയുക്തവുമാണ്. കാരണം, അവൻ ഈ ഔന്നത്യത്തിൽ പങ്കാളിയാകു ന്നതുകൊണ്ട്, ന്യായമായി എല്ലാ മനുഷ്യരെയും വിധിക്കുന്നു. കാരണം, അവൻ തനിച്ചല്ല, അവൻ ചെയ്യുന്നത് സ്വമേധയായുമല്ല. അങ്ങനെ ആയിരുന്നെങ്കിൽ, സ്വഭാവത്തിന്റെ ബലഹീനത നിമിത്തം അവന് വിശ്വസനീയത നഷ്ടപ്പെടുമായിരുന്നു. മറിച്ച്, ഞാൻ അവന്റെ കൂടെയാണ്. അതായത്, ദൈവിക സ്വഭാവത്തോടു കൂടെയാണ്. അവന്റെ കൂടെ പിതാവും അവശ്യാവശ്യമുണ്ട്. കാരണം, എന്നെ ബന്ധിപ്പിക്കുന്ന ദൈവസ്വഭാവം തന്നെയാണ് പിതാവിന്റേത്. അതുകൊണ്ട്, ആരെങ്കിലും താഴെപ്പറയുന്ന വചനഭാഗം വായിച്ചാൽ, ഇതും അതും തമ്മിലുള്ള സാമ്യം കാണാനാകും. "പിതാവ് ആരെയും വിധിക്കുന്നില്ല. പിന്നെയോ, വിധിയെല്ലാം പുത്രനു നൽകിയിരിക്കുന്നു" (5,22). കാരണം ഇവിടെയും "ഞാൻ വിധിക്കുന്നു" എന്ന വാക്കുവഴി തന്റെ ഔന്നത്യം വെളിവാക്കുന്നു. പറയപ്പെട്ടവയെപ്പറ്റി സംശയിക്കേണ്ട കാര്യമില്ല. കാരണം, അവരുടെ പ്രവൃത്തികളുടെ കാരണം വേറെയാണ്.

അതുകൊണ്ട് അവൻ ഉചിതമായി കൂട്ടിച്ചേർക്കുന്നു: "രണ്ടുപേരുടെ സാക്ഷ്യം സത്യമാണെന്ന് നിങ്ങളുടെ നിയമത്തിൽതന്നെ എഴുതിയിട്ടുണ്ടല്ലോ. എന്നെക്കുറിച്ച് ഞാൻതന്നെ സാക്ഷ്യം നൽകുന്നു. എന്നെ അയച്ച പിതാവും എന്നെക്കുറിച്ച് സാക്ഷ്യം നൽകുന്നു" (8,17-18). പിതാവിനോടു കൂടെ ആയിരിക്കുക എന്നത് ദൈവസ്വഭാവത്തെ കാണിക്കുന്നു എന്നതിന് ഇവിടെയും അവൻ വ്യക്തമായി സാക്ഷ്യം നൽകുന്നു. "സംയോജനം"[7] മൂലം പുത്രന്റെ സാക്ഷ്യം. പുത്രൻവഴിയുള്ള അടുപ്പംമൂലം പിതാവിന്റെ സാക്ഷ്യം.

www.malankaralibrary.com



"നിങ്ങൾ മാനുഷിക രീതിയിലാണ് വിധിക്കുന്നത് "എന്നു പറയുകയും തന്റെ മനുഷ്യത്വത്തിന്റെ ഔന്നത്യം എത്ര വലുതും എത്ര മഹനീയവുമാണെന്ന് തെളിയിക്കുകയും ചെയ്തശേഷം അവൻ ക്രമമായി കൂട്ടിച്ചേർക്കുന്നു. അവനെക്കുറിച്ചു പറഞ്ഞ എല്ലാ കാര്യങ്ങളും അവന്റെ പ്രകൃതിയെ ഉല്ലംഘിക്കുന്നതായി തോന്നിയേക്കാമെങ്കിലും, നിങ്ങൾക്ക് വിശ്വാസയോഗ്യമാകുന്നതിന് അവനെക്കുറിച്ച് രണ്ടുപേരുടെ സാക്ഷ്യമുണ്ട്. പ്രധാനമായും നിങ്ങളുടെ നിയമം ഇത് അനുശാസിക്കുന്നു. സംശയമുള്ള ഏതു കാര്യവും രണ്ടുപേരുടെ സാക്ഷ്യത്താൽ സ്ഥിരീകരിക്കപ്പെടണം. അതുകൊണ്ട്, ആരേക്കുറിച്ച് സാക്ഷ്യം പറയുന്നുവോ, അവനെ കൂടാതെ നിയമത്തിന്റെ അനുശാസനം അനുസരിച്ച്, രണ്ട് സാക്ഷികൾ വേണം. പിതാവും ദൈവസ്വഭാവത്തിൽ പുത്രനും നമ്മുടെ കർത്താവിന്റെ മനുഷ്യപ്രകൃതിയെകുറിച്ച് സാക്ഷ്യം നൽകിയാൽ, നിയമത്തിന്റെ അനുശാസനം പൂർത്തീകരിക്കുകയാണ്. നമ്മുടെ കർത്താവ് തന്നെയാണ് ഇവവഴി സാക്ഷ്യം നൽകുന്നതെങ്കിൽ, സാക്ഷ്യം ഒരാളുടേതു മാത്രമേ ആകൂ. രണ്ടുപേരുടേതാകില്ല. കേൾവിക്കാരെ പ്രതി ആലങ്കാരികമായി കർത്താവ് പറഞ്ഞ വാക്കുകളുടെ അർത്ഥം നിയമത്തിൽ നിന്നുള്ള വാദമായി കണക്കാക്കാം.

"യഹൂദർ അവനോടു ചോദിച്ചു: "നിന്റെ പിതാവ് എവിടെയാണ്?" (8,19). പിതാവിനെക്കുറിച്ച് മാനുഷിക തലത്തിലാണ് അവർ മനസ്സിലാക്കിയത്. കർത്താവ് പറയുന്നു: "നിങ്ങൾ എന്നെയാകട്ടെ, എന്റെ പിതാവിനെയാകട്ടെ അറിയുന്നില്ല. എന്നെ അറിഞ്ഞിരുന്നെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു" (8,19). ഞാൻ ആരേക്കുറിച്ചാണ് പറയുന്നത് എന്നറിയാതെയാണ് നിങ്ങൾ എന്റെ പിതാവിനെപ്പറ്റി അന്വേഷിക്കുന്നതെന്ന് എനിക്കറിയാം. എന്റെ മാനുഷിക പിതാവിനെ കുറിച്ചാണ് ഞാൻ സംസാരിക്കുന്നതെന്ന് നിങ്ങൾ വിചാരിക്കുന്നു. എന്റെ പിതാവിനെ നിങ്ങൾ അറിയാത്തതിൽ അത്ഭുതമില്ല. അറിയുന്നു എന്ന് നിങ്ങൾ അവകാശപ്പെടുന്ന എന്നേയും നിങ്ങൾ യഥാർത്ഥത്തിൽ അറിയുന്നില്ല. ഫീലിപ്പോസിനോട് അവൻ പറഞ്ഞതിന് തുല്യമാണിത്: "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (14,9).

"ദേവാലയത്തിൽ ഭണ്ഡാരസ്ഥലത്തു പഠിപ്പിച്ചു കൊണ്ടിരുന്നപ്പോഴാണ് അവൻ ഇതെല്ലാം പറഞ്ഞത്. എന്നാൽ ആരും അവനെ പിടിച്ചില്ല" (8,20). അവർ വളരെ കുപിതരും അവനെ പിടിക്കാൻ ഉത്സുകരും ആയിരുന്നെങ്കിലും, ആരും അവനെ പിടിച്ചില്ല. അതുകൊണ്ട്, നമ്മുടെ കർത്താവ് അവരുടെ മനോഭാവത്തിനും ഇഷ്ടത്തിനും എതിരായി മറുപടി പറയുന്നു: "ഞാൻ പോകുന്നു. നിങ്ങൾ എന്നെ അന്വേഷിക്കും. എന്നാൽ നിങ്ങളുടെ പാപത്തിൽ നിങ്ങൾ മരിക്കും. ഞാൻ പോകുന്നിടത്തേക്കു വരാൻ നിങ്ങൾക്ക് കഴിയുകയില്ല" (8,21). നിങ്ങൾക്ക് കഴിയുകയില്ലെങ്കിലും, നിങ്ങൾ

www.malankaralibrary.com



എന്നെ പിടിക്കാൻ ധൃതികൂട്ടുന്നത് എന്തിന്? അൽപം കാത്തിരിക്കുക. നിങ്ങൾക്ക് ഞാൻ എന്നെത്തന്നെ കയ്യാളിക്കാം. എനിക്കെതിരെയുള്ള നിങ്ങളുടെ സാഹസം വെളിപ്പെടുമ്പോൾ, നിങ്ങൾക്ക് എത്താനോ എന്നെ സമീപിക്കാനോ കഴിയാത്തിടത്തേക്ക് ഞാൻ കയറേണ്ടിയിരിക്കുന്നു.

യഹൂദർ അവനോടു പറഞ്ഞു: "ഞാൻ പോകുന്നിടത്തേക്ക് വരാൻ നിങ്ങൾക്ക് കഴിയുകയില്ലെന്ന് അവൻ പറയുന്നല്ലോ. അവൻ ആത്മഹത്യ ചെയ്തേക്കുമോ?"(8,22). അവരുടെ മറുപടി മാനുഷികമല്ല, തലതിരിഞ്ഞ താണ്. മരണശേഷം അവൻ എങ്ങോട്ടാണ് പോകേണ്ടിയിരുന്നത്? മാനുഷികതലത്തിൽ അവൻ ഈ മരണം കൈവരിച്ചാൽ, മറ്റുള്ളവർ പോകുന്നിടത്തേക്കു തന്നെയാണ് അവശ്യാവശ്യം അവനും പോകുന്നത്. എല്ലാവർക്കും വേണ്ടി നിശ്ചയിച്ച ഈ സ്ഥലം അവനും പ്രതീക്ഷിക്കുന്നു.

നമ്മുടെ കർത്താവ് അവരോടു പറഞ്ഞു: "നിങ്ങൾ താഴെ നിന്നുള്ളവരാണ്. ഞാൻ മുകളിൽ നിന്നുള്ളവനും. നിങ്ങൾ ഈ ലോകത്തിന്റേതാണ്. ഞാൻ ഈ ലോകത്തിന്റേതല്ല. നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കുമെന്ന് ഞാൻ നിങ്ങളോട് പറഞ്ഞു" (8,23-24). നിങ്ങൾ എന്റെ വാക്കുകളെക്കുറിച്ച് മാനുഷികരീതിയിൽ ചിന്തിക്കുന്നു. എന്നാൽ എന്റെ മരണം മറ്റു മനുഷ്യരുടേതു പോലെയല്ല. എന്റെ മരണശേഷം എന്നിലുള്ള അതിസ്വാഭാവികപ്രകൃതിമൂലം ഞാൻ സ്വർഗത്തിലേക്കു കയറുമ്പോൾ, ഞാൻ സ്വർഗീയ മഹത്വത്തിൽ ആയിരിക്കും. നിങ്ങൾ എല്ലാ കാര്യങ്ങളിലും ലൗകികർ ആയിരിക്കയാലും എന്നെക്കുറിച്ച് മാനുഷിക രീതിയിൽ ചിന്തിക്കുന്നതിനാലും ഞാൻ നിങ്ങളോട് പറഞ്ഞു: എനിക്കെതിരെയുള്ള നിങ്ങളുടെ ധാർഷ്ഠ്യത്തിന്റെ പ്രതികാരം നിങ്ങൾ അനുഭവിക്കും. കാരണം, എനിക്ക് സംഭവിക്കാനുള്ള കാര്യങ്ങൾ വിശ്വസിക്കാൻ നിങ്ങൾ വിസമ്മതിക്കുന്നു. ഇവ എത്ര ഔന്നത്യമുള്ളവയാണോ, അത്ര നീതിയുക്തമായ ശിക്ഷ നിങ്ങൾക്ക് ലഭിക്കും.

അവർ അവനോടു ചോദിച്ചു: "നീ ആരാണ്? യേശു പറഞ്ഞു: ഞാൻ നിങ്ങളോടു പറഞ്ഞിരുന്നതു തന്നെ. എനിക്ക് നിങ്ങളെക്കുറിച്ച് പലതും പറയാനും വിധിക്കാനുമുണ്ട്. എന്നാൽ എന്നെ അയച്ചവൻ സത്യവാനാകുന്നു. അവനിൽനിന്ന് കേട്ടത് ഞാൻ ലോകത്തോടു പറയുന്നു"(8,25-26). നിങ്ങൾ മത്സരക്കാരും ദുർമാനസ്സരും ആയതുകൊണ്ട് നിങ്ങളോടു സംസാരിക്കാൻ തന്നെ അയോഗ്യരായി നിങ്ങളെ ഞാൻ കരുതേണ്ടതാണ്. നിങ്ങളെ കുറ്റപ്പെടുത്തേണ്ട പലതും എനിക്കുണ്ട്. എന്നോടുള്ള സംഭാഷണത്തിനു തന്നെ നിങ്ങളെ യോഗ്യരായി കരുതേണ്ട ന്യായമില്ല. എന്നെ അയച്ചവൻ എല്ലാ കാര്യങ്ങളിലും സത്യവാനായതിനാലും എപ്പോഴും

www.malankaralibrary.com



സത്യത്തിൽ സന്തോഷിക്കുന്നതിനാലും നിങ്ങളോട് എന്തെങ്കിലും കളവായി പറയാനല്ല അവൻ എന്നെ അയച്ചിരിക്കുന്നത്. അതുപോലെ അവൻ ഇച്ഛിക്കുന്നതല്ലാതെ മറ്റൊന്നും ഞാൻ നിങ്ങളോട് സംസാരിക്കുകയുമില്ല. അക്കാരണത്താൽ, നിങ്ങൾ സത്യത്തെ എതിർക്കുന്നവരാകയാൽ, ന്യായമായി നിങ്ങളെ കുറ്റപ്പെടുത്താൻ എനിക്കു കഴിയും. എന്നോട് സംസാരിക്കാൻ നിങ്ങൾ അയോഗ്യരാണെന്ന് ഞാൻ കരുതേണ്ടതാണ്. "പിതാവിനെ കുറിച്ചാണ് അവൻ തങ്ങളോട് സംസാരിച്ചതെന്ന് അവർ മനസ്സിലാക്കിയില്ല" (8,27) എന്ന് സുവിശേഷകൻ പറയുന്നു. അതായത്, ഏതു പിതാവിനെ കുറിച്ചാണ് അവൻ പറയുന്നതെന്ന് അവർക്ക് മനസ്സിലായില്ല.

"യേശു വീണ്ടും അവരോടു പറഞ്ഞു, നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ, ഞാൻ, ഞാൻ തന്നെയെന്നും ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ല, പ്രത്യുത, എന്റെ പിതാവ് എന്നെ പഠിപ്പിച്ചതുപോലെ, ഇക്കാര്യങ്ങൾ ഞാൻ സംസാരിക്കുന്നെന്നും നിങ്ങൾ മനസ്സിലാക്കും. എന്നെ അയച്ചവൻ എന്നോടു കൂടെയുണ്ട്. അവൻ എന്നെ തനിയെ വിട്ടിരിക്കുകയല്ല. കാരണം, ഞാൻ എപ്പോഴും അവിടുത്തേക്ക് ഇഷ്ടമുള്ളതു പ്രവർത്തിക്കുന്നു"(8,28-29). ഞാൻ ഏതു പിതാവിനെപ്പറ്റി പറയുന്നുവെന്നോ, ഞാൻ പറഞ്ഞ കാര്യങ്ങൾ എന്താണെന്നോ ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നില്ലെന്ന് എനിക്കറിയാമെന്ന് അവൻ പറഞ്ഞു. ഇവ നിങ്ങളുടെ കഴിവിന് അതീതമാണ്. എന്നാൽ കുരിശിൽ നിങ്ങൾ എന്റെ സത്യം തിരിച്ചറിയും. ലോകം മുഴുവൻ ഇളകുകയും, ഇപ്പോൾ എന്റെ കൂടെയുള്ളവനും ഞാൻ പറയുന്നവയിലും ചെയ്യുന്നവയിലും സന്തോഷിക്കുന്നവനുമായ പിതാവ്, സംഭവിച്ചവ നിമിത്തം തന്റെ കോപം വെളിപ്പെടുത്തുകയും ചെയ്യുമ്പോൾ, ഞാൻ പിതാവിനെതിരെ യാതൊന്നും ചെയ്തില്ലെന്ന് നിങ്ങൾ മനസ്സിലാക്കും. അവൻ ഈ വാക്കുകളും ചൂണ്ടിക്കാണിക്കുന്നു: "ഞാൻ സ്വമോധയാ ഒന്നും ചെയ്യുന്നില്ല" എന്ന് പറയുന്നത്, എതിരായി ഞാൻ ഒന്നും ചെയ്യുന്നില്ല എന്നു പറയുന്നതിന് തുല്യമാണ്. സുവിശേഷകൻ പറയുന്നു: "ഇതു പറഞ്ഞപ്പോൾ വളരെപ്പേർ അവനിൽ വിശ്വസിച്ചു"(8,30).

വിശ്വസിച്ചവരോട് കർത്താവ് അരുളിച്ചെയ്തു, "എന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ, നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണ്. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (8,31-32). നാം ശാരീരിക കലകൾ അഭ്യസിക്കുന്നത് പ്രയോജനം നോക്കിയാണ്. ആശാരിപ്പണി, കൊല്ലപ്പണി, ആദിയായവ പഠിപ്പിക്കുന്നവരെ എല്ലാവർക്കുമറിയാം. അതുപോലെ, നമ്മുടെ കർത്താവും അവർ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നതിന് ശിഷ്യത്വത്തിന്റെ യാഥാർത്ഥ്യം

www.malankaralibrary.com



അവർക്കു നിർവചിച്ചു കൊടുത്തു. സത്യത്തേക്കുറിച്ചുള്ള അറിവ്. - ഇതാണ് എന്റെ പ്രബോധനം എന്നാണ് അവൻ പറഞ്ഞത്. ഈ പ്രബോധനത്തേക്കാൾ ആഴമായ മറ്റൊന്നുമില്ല. ഈ പ്രബോധനത്തിന്റെ ഫലമാണ് തിന്മകളിൽ നിന്നുള്ള മോചനം. അതുവഴി മനുഷ്യർക്ക് എല്ലാ നന്മകളും ലഭിക്കുന്നു.

തന്നിൽ വിശ്വസിച്ചവരോട് കർത്താവ് ഇതു പറഞ്ഞപ്പോൾ തങ്ങളെ പരിഹസിക്കയാണെന്ന് യഹൂദർ കരുതി. അവർ അവനോട് പറഞ്ഞു, "ഞങ്ങൾ അബ്രഹാമിന്റെ സന്തതികളാണ്. ഞങ്ങൾ ഒരിക്കലും ആരുടെയും അടിമകളായിരുന്നിട്ടില്ല. പിന്നെങ്ങനെയാണ് നിങ്ങൾ സ്വതന്ത്രരാക്കപ്പെടുമെന്ന് നീ പറയുന്നത്?"(8,33). അവർ ഈ പറഞ്ഞത് നുണയാണ്. അയൽക്കാരായ ഈജിപ്തുകാരുടെ അടിമത്തത്തിൽ അവർ ജീവിച്ചിരുന്നു; അതുപോലെ, ബാബിലോണിയാക്കാരുടേയും. അവർ പറയുന്ന ഈ സമയം അവർ റോമാക്കാരുടെ അടിമകളായിരുന്നു. അവർ പറഞ്ഞത് നുണയാണെങ്കിലും, കർത്താവ് അതേക്കുറിച്ച് അവരെ കുറ്റപ്പെടുത്താൻ ഒരുമ്പെട്ടില്ല. താൻ പഠിപ്പിക്കുന്ന പ്രബോധനം എന്താണെന്ന് വ്യക്തമാക്കാനും തന്റെ വാക്ക് വിശദീകരിക്കാനും അവൻ അവരോടു പറഞ്ഞു: "പാപം ചെയ്യുന്നവൻ പാപത്തിന്റെ അടിമയാണ്. അടിമ എക്കാലവും ഭവനത്തിൽ വസിക്കുന്നില്ല"(8,34). അതുകൊണ്ട്, പുത്രൻ നിങ്ങളെ മോചിപ്പിച്ചാൽ നിങ്ങൾ സ്വതന്ത്രരായിരിക്കും. മനുഷ്യരുടെ ഇടയിൽ അടിമകൾ വീട്ടിൽ നിൽക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് യജമാന്മാരുടെ ഇഷ്ടാനുസൃതമത്രേ. യജമാനന്മാർക്ക് ഇഷ്ടമില്ലെങ്കിൽ, അവനെ പുറംതള്ളുന്നു. പുത്രനാണ് അവകാശിയും ഭവനത്തിന്റെ കർത്താവും. അവൻ പറയാൻ ഉദ്ദേശിച്ചത് ഇതാണ്: ശാരീരികമായ അടിമത്തമല്ല എന്റെ പ്രഭാഷണലക്ഷ്യം. ഞാൻ നിങ്ങളോടു പറയുന്നത് യഥാർഥ പ്രായശ്ചിത്തത്തെക്കുറിച്ചാണ്. ദുഷ്ടലാക്കോടെ പെരുമാറുന്ന അടിമയെ യജമാനൻ തനിക്കിഷ്ടമുള്ളപ്പോൾ വീട്ടിന് പുറത്താക്കുന്നു. അതുപോലെ, തനിക്കിഷ്ടമുള്ള പീഡകൾ നൽകി അവനെ ശിക്ഷിക്കുന്നു. ആരും സ്വന്തപുത്രനെ വീട്ടിൽനിന്ന് പുറന്തള്ളാറില്ല. പാപത്തിനു സേവ ചെയ്യുന്നവൻ എല്ലാ ദൈവിക കർമങ്ങളിൽ നിന്നും വിദൂരസ്ഥനാകയാൽ, നിത്യശിക്ഷയ്ക്ക് ഏൽപിക്കപ്പെടുന്നു. സ്വാതന്ത്ര്യത്തിന് അർഹതയുള്ളവൻ, പുത്രന്റെ സ്ഥാനത്ത് നിയുക്തനായവൻ, എപ്പോഴും ദൈവികനന്മകൾ അനുഭവിക്കുന്നു. അവയിൽനിന്ന് ഒരിക്കലും അവനെ പുറംതള്ളുന്നില്ല. അതുകൊണ്ട്, ഞാൻ നിങ്ങളെ സ്വതന്ത്രരാക്കുകയും മക്കളുടെ സ്ഥാനത്തിന് അർഹരാക്കുകയും ചെയ്താൽ, നിങ്ങൾ യഥാർഥത്തിൽ സുനിശ്ചിതമായി സ്വതന്ത്രരാകും.

www.malankaralibrary.com



അബ്രഹാമിനോടുള്ള തങ്ങളുടെ ബന്ധത്തേക്കുറിച്ച് അവർ അഭിമാനിക്കുന്നത് വ്യർഥവും അർഥശൂന്യവുമാണെന്ന് അവരെ കുറ്റപ്പെടുത്തിക്കൊണ്ട് അവൻ പറഞ്ഞു, "നിങ്ങൾ അബ്രഹാമിന്റെ സന്തതികളാണെന്ന് എനിക്കറിയാം. എന്നിട്ടും നിങ്ങൾ എന്നെ കൊല്ലാൻ ആലോചിക്കുന്നു. കാരണം, എന്റെ വചനം സ്വീകരിക്കാൻ നിങ്ങൾ കഴിവുറ്റവരല്ല" (8,37). നിങ്ങൾ അബ്രഹാമിന്റെ മക്കളാണെങ്കിലും ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നു. കാരണം, പ്രവൃത്തികളിൽ നിങ്ങൾ അബ്രഹാമിന്റെ മക്കളെപ്പോലെയല്ല. നിങ്ങൾ എന്റെ വചനം സ്വീകരിക്കുന്നുമില്ല. കാരണം കൂടാതെ എന്നെ കൊല്ലാൻ നിങ്ങൾ ആഗ്രഹിക്കുന്നു. അവരുടെ മനസ്സ് അബ്രഹാമിൽനിന്ന് അന്യമായിരുന്നെന്ന് കാണിച്ചശേഷം, ആരോടാണ് അവർക്ക് സാധർമ്യം ഉള്ളതെന്ന് താരതമ്യം വഴി തന്നെത്തന്നെ വെളിപ്പെടുത്തിക്കൊണ്ട് അവൻ പറയുന്നു: "എന്റെ പിതാവിന്റെ സന്നിധിയിൽ കണ്ടവയെപ്പറ്റി ഞാൻ സംസാരിക്കുന്നു. നിങ്ങളുടെ പിതാവിൽനിന്നു കേട്ടത് നിങ്ങൾ പ്രവർത്തിക്കുന്നു"(8,38). അതുകൊണ്ട് പ്രവൃത്തികളിൽ നിന്നാണ് ആരുടെ മക്കളാണെന്ന് വെളിപ്പെടുന്നത്. ഞാൻ പറഞ്ഞവ നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിലും, ഞാൻ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിൽനിന്ന് ഞാൻ ആരുടെ പുത്രനാണെന്ന് വെളിവാകുന്നു.

"നിങ്ങൾ അബ്രഹാമിന്റെ മക്കളാണെന്ന് എനിക്കറിയാം" എന്ന് കർത്താവ് പറഞ്ഞപ്പോൾ, അവനിത് അംഗീകരിച്ചതിനാൽ യഹൂദർ കൂട്ടിച്ചേർത്തു പറഞ്ഞു, "അബ്രഹാമാണ് ഞങ്ങളുടെ പിതാവ് "(8,39). അപ്പോൾ കർത്താവ് വ്യക്തമായി പറഞ്ഞു, "നിങ്ങൾ അബ്രഹാമിന്റെ മക്കളാണെങ്കിൽ, അബ്രഹാമിന്റെ പ്രവൃത്തികൾ ചെയ്യുവിൻ"(8,39). ദൈവത്തിൽ നിന്നു കേട്ട സത്യം നിങ്ങളോടു പറഞ്ഞ എന്നെ കൊല്ലാൻ നിങ്ങൾ ആലോചിക്കുന്നു. അബ്രഹാം ഇങ്ങനെ ചെയ്തിട്ടില്ല (8,40). പ്രവൃത്തി വഴി അബ്രഹാമിൽനിന്ന് അന്യരാണെന്ന് കാണിക്കുന്ന നിങ്ങൾക്ക് എങ്ങനെ അവന്റെ മക്കളാകാൻ കഴിയും? അവനാകട്ടെ, അറിവില്ലാതിരുന്നത് അറിയാൻ ശ്രമിച്ചു. നിങ്ങളാകട്ടെ, സത്യപ്രബോധകനും നിങ്ങളുടെ സഹായിയുമായ എന്നെ കൊല്ലാൻ ശ്രമിക്കുന്നു. മുൻപറഞ്ഞ ക്രമം അനുസരിച്ച് അവൻ ഉപസംഹരിക്കുന്നു: "നിങ്ങൾ നിങ്ങളുടെ പിതാവിന്റെ പ്രവൃത്തി ചെയ്യുന്നു"(8,41). അതുകൊണ്ട്, നിങ്ങൾ അബ്രഹാമിന് അന്യരാണെന്ന് പ്രവൃത്തികൾ തെളിയിക്കുന്നു. നിങ്ങളുടെ പിതാവ് ആരാണെന്ന് നിങ്ങളുടെ പ്രവൃത്തികൾ വിളിച്ചുപറയുന്നു.

യഹൂദരാകട്ടെ, തങ്ങളുടെ പിതാവ് വേറൊരുവനാണെന്നു പറയുകയും കർത്താവ് ആത്മീയമായി പറഞ്ഞവ ഭൗതികമായി മനസ്സിലാക്കുകയും ചെയ്തു. അതിനാൽ അവർ ഇങ്ങനെ പറഞ്ഞു, "ഞങ്ങൾ

www.malankaralibrary.com



ജാരസന്തതികളല്ല, ഞങ്ങൾക്ക് പിതാവ് ഒന്നേയുള്ളു - ദൈവം'' (41). ഈ കാര്യത്തിൽ അവർക്ക് തെറ്റുപറ്റിയെന്ന് അവർക്കെതിരെ കർത്താവിന് പറയാമായിരുന്നു. കാരണം, പലപ്പോഴും വിജാതീയരുമായി കൂടിക്കലർന്ന് പലരും വ്യഭിചാരത്തിൽ നിന്ന് ജനിച്ചവരായിരുന്നു. പ്രവാചകന്മാരുടെ കുറ്റപ്പെടുത്തലുകളിൽ ഇതു സുവ്യക്തമാണ്. എന്നാൽ കർത്താവ് അപ്രകാരം ചെയ്തില്ല. അവൻ അവരുടെ വാക്കുകൾതന്നെ ഉപയോഗിച്ച് അവരെ ശാസിച്ചു. ''ദൈവമാണ് നിങ്ങളുടെ പിതാവെങ്കിൽ, നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു. കാരണം, ഞാൻ ദൈവത്തിൽ നിന്നാണ് പുറപ്പെട്ടു വന്നിരിക്കുന്നത്. ഞാൻ സ്വമേധയാ വന്നതല്ല, അവൻ എന്നെ അയച്ചതാണ്'' (8,42). ആ ദൈവത്തിൽ നിന്നാണ് ഞാൻ നിങ്ങളുടെ അടുത്തേക്ക് വന്നത്. അവനെതിരായി ഞാൻ യാതൊന്നും നിങ്ങളോടു പറയുന്നില്ല. നിങ്ങൾ പറയുന്നതുപോലെ ദൈവം നിങ്ങളുടെ പിതാവാണെങ്കിൽ, എങ്ങനെയാണ് അവന്റെ ഇഷ്ടം അനുസരിച്ച് നിങ്ങളോടു സംസാരിക്കുന്നവനെ നിങ്ങൾ സ്വീകരിക്കാതിരിക്കുന്നത്? ''ഞാൻ സ്വമേധയാ വന്നതല്ല'' എന്ന വാക്കുകൾ അവർക്കെതിരെ പറഞ്ഞതായി മനസ്സിലാക്കാം.

''ഞാൻ പറയുന്നത് എന്തുകൊണ്ട് നിങ്ങൾ ഗ്രഹിക്കുന്നില്ല?എന്റെ വചനം ശ്രവിക്കാൻ നിങ്ങൾക്ക് കഴിവില്ലാത്തതുകൊണ്ടുതന്നെ'' (8,43). ഇതൊരു ചോദ്യമായി നാം മനസ്സിലാക്കണം. അവൻ പറയാൻ ആഗ്രഹിക്കുന്നത് ഇതാണ്. ഞാൻ നിങ്ങളോട് പറയുന്നു: നിങ്ങൾ തിന്മയിലേക്ക് ചാഞ്ഞിരിക്കുന്നവരാണ്. അതിനുപകരം വ്യക്തമായ കുറ്റാരോപണം ഒഴിവാക്കാൻവേണ്ടി അവൻ തന്റെ ഭാഷണം തുടരുന്നു. ''എന്റെ വചനം ശ്രവിക്കാൻ നിങ്ങൾക്കു കഴിവില്ലാത്തതുകൊണ്ടാണ്.'' എന്തുകൊണ്ടാണ് അവർക്ക് കഴിയാതെ പോയത് എന്നു കാണിച്ച് അവൻ തുടർന്നു പറയുന്നു: ''നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽ നിന്നുള്ളവരാണ്. നിങ്ങളുടെ പിതാവിന്റെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു. അവനാകട്ടെ, ആദിമുതൽ കൊലപാതകിയാണ്. അവൻ ഒരിക്കലും സത്യത്തിൽ നിലനിന്നിട്ടില്ല. എന്തെന്നാൽ അവനിൽ സത്യമില്ല''(8,44). കാരണം, നിങ്ങൾ നിങ്ങളുടെ പ്രവൃത്തികളുടെ സാദൃശ്യംവഴി പിശാചിനെ നിങ്ങളുടെ പിതാവാക്കിയിരിക്കുന്നു. അവനിൽ സന്തോഷിക്കുകയും ചെയ്യുന്നു. അവന് പ്രീതികരമായവ ചെയ്യാൻ നിങ്ങൾ പരിശ്രമിക്കുന്നു. അങ്ങനെ എന്നെ കൊല്ലാൻ നിങ്ങൾ പരിശ്രമിക്കുന്നു. ഇത് പിശാചിന്റെ പ്രവൃത്തിയാണ്. അവൻ ആരംഭത്തിൽ കൽപന ലംഘനത്തിലൂടെ ആദത്തെ കൊന്നു; അവൻവഴി മറ്റെല്ലാ മനുഷ്യരെയും. നിങ്ങൾക്ക് അവനോടുള്ള ബന്ധം എന്റെ വാക്കുകൾ ഗ്രഹിക്കാൻ അനുവദിക്കുന്നില്ല; നിങ്ങൾക്ക് കഴിയുന്നുമില്ല. കാരണം, അവൻ നുണ പറയുന്നതിൽ

www.malankaralibrary.com



തൽപരനാണ്. നിങ്ങൾക്ക് സത്യത്തോട് എത്രമാത്രം വെറുപ്പുണ്ടോ, അത്രത്തോളമാണ് പിശാചിനോടുള്ള നിങ്ങളുടെ അടുപ്പം. അവൻ തന്റെ സ്വഭാവത്തിന് അനുസരിച്ച് നുണ പറയുന്നു. കാരണം, "അവൻ നുണയനാണ്, നുണയുടെ പിതാവുമാണ് " (8,44). സാത്താൻ നുണ പറയുമ്പോൾ, സാമ്യമുള്ള വാക്കുകൾ ഉപയോഗിക്കുന്നു. അന്യമായ വാക്കുകൾ ഉപയോഗിക്കുന്നില്ല. അവന് സ്വന്തമായ വാക്കുകളാണ് ഉപയോഗിക്കുന്നത്. അവൻ നുണയുടെ പിതാവ് കൂടിയാണ്. നുണയെ ജനിപ്പിച്ചവനാണ്. ആദത്തോട് നുണ പറഞ്ഞുകൊണ്ടാണ് അവൻ ആദ്യം അതുപയോഗിച്ചത്. ഒന്നിനു പകരം മറ്റൊന്നാണ് അവൻ അവരോടു പറഞ്ഞത്. അതുകൊണ്ട്, "അവൻ നുണ യനും നുണയുടെ പിതാവുമാണ്" എന്നതിന്റെ അർഥം അതു തന്നെയാണ്. അവൻ ആദ്യം നുണ പറഞ്ഞു. നുണ പ്രയോഗിച്ചു. നുണയെ ജനിപ്പിക്കുകയും ആദ്യം നുണ പുറത്തു കൊണ്ടുവരികയും ചെയ്തു.

"ഞാൻ സത്യം പറയുന്നതുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല"(8,45). നിങ്ങൾ നുണയിൽ സന്തോഷിക്കുന്നതു കൊണ്ടാണ് ഞാൻ പറയുന്ന സത്യം സ്വീകരിക്കാത്തത്. അവൻ കൂട്ടിച്ചേർക്കുന്നു: "ഞാൻ പറയുന്നത് എന്തുകൊണ്ട് നിങ്ങൾ ഗ്രഹിക്കുന്നില്ല? എന്റെ വചനം ശ്രവിക്കാൻ നിങ്ങൾക്ക് കഴിവില്ലാത്തതു കൊണ്ടു തന്നെ"(8,43). അവന്റെ വാക്കുകൾ സ്വീകരിക്കാൻ അവർക്ക് കഴിയാത്തതിന്റെ കാരണം, അവരുടെ സ്വഭാവത്തിലല്ല, മനസ്സിലാണെന്ന് അവൻ പറയുന്നു. നിങ്ങൾക്ക് കഴിവില്ലാത്തതു കൊണ്ടാണ്. കാരണം, തിന്മയിലേക്ക് ചാഞ്ഞിരിക്കുന്നവർ സത്യവചനം സ്വീകരിക്കുന്നില്ല. അതുകൊണ്ട്, അവ ഗ്രഹിക്കുന്നുമില്ല. കുറ്റപ്പെടുത്തലിന്റെ അവസാനം അവൻ പറയുന്നു: "ഞാൻ സത്യം പറയുന്നതുകൊണ്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല"(8,45).

കർത്താവ് പറഞ്ഞത് വെറുമൊരു പരാമർശമാണെന്ന് കരുതപ്പെടാതിരിക്കാൻ, - അതായത്, സാത്താനോടുള്ള അവരുടെ അഭിനിവേശം കാരണമാണ് അവർക്ക് കർത്താവിന്റെ പ്രബോധനം സ്വീകരിക്കാൻ കഴിയാത്തത് എന്ന കാര്യം - താഴെ വരുന്ന വാക്കുകളിലൂടെ ഉറപ്പിക്കുന്നു: "നിങ്ങളിൽ ആർക്ക് എന്നിൽ പാപം തെളിയിക്കാൻ കഴിയും?"(8,46). എന്നിൽ കുറ്റാരോപണം നടത്തുന്നതിന് യാതൊരടിസ്ഥാനവുമില്ല. നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ, അവ നന്നായില്ല എന്നുപറഞ്ഞ്, ഞാൻ ചെയ്തവയെ നിങ്ങൾക്ക് കുറ്റപ്പെടുത്താനാവുമോ? അവ വിസ്മയകരമായ കർമങ്ങളല്ലേ? എന്റെ വാക്കുകളാകട്ടെ, എപ്പോഴും പിതാവിന്റെ മഹത്വമാണ് ലക്ഷ്യം വയ്ക്കുന്നത്.

അവർക്ക് ഒന്നും പറയാനില്ലാതിരുന്നതിനാൽ അവർ മറുപടി ഒന്നും പറഞ്ഞില്ല. അവൻ പറഞ്ഞു, "ഞാൻ സത്യം പറയുന്നതുകൊണ്ട് നിങ്ങൾ

www.malankaralibrary.com



എന്നെ വിശ്വസിക്കുന്നില്ല"(8,45). അതായത്, നിങ്ങൾക്ക് എന്നോടെതിർത്ത് പറയാൻ ഒന്നുമില്ലെങ്കിൽ, ഞാൻ പറയുന്നതു സത്യമാണെങ്കിൽ, എന്തുകൊണ്ട് എന്റെ വാക്കുകൾ വിശ്വസിക്കുന്നില്ല? നിങ്ങൾ നുണയെ സ്നേഹിക്കുന്നതിനാൽ, സത്യത്തെ വെറുക്കുന്നെന്നു വ്യക്തമാണ്. ഇതു ചൂണ്ടിക്കാണിച്ചശേഷം അവർക്കെതിരെ കുറ്റാരോപണം നടത്താൻ തുടങ്ങി. മുകളിൽ പറഞ്ഞ വാക്കുകളിലൂടെ അവൻ അവരെ ഖണ്ഡിച്ചു. അതായത്, അവർ സാത്താനോട് ചേർന്നിരിക്കുന്നതു കൊണ്ടാണ് അവർക്ക് അവന്റെ വാക്ക് കേൾക്കാൻ കഴിയാതെ പോയത്. വീണ്ടും അതു തന്നെ തെളിയിച്ചശേഷം അതുപോലെയുള്ള ചോദ്യം ചോദിക്കുന്നു: "ദൈവത്തിൽ നിന്നുള്ളവൻ ദൈവത്തിന്റെ വാക്ക് ശ്രവിക്കുന്നു. നിങ്ങൾ ദൈവത്തിൽ നിന്നുള്ളവരല്ല. അതുകൊണ്ട് നിങ്ങൾ അവ ശ്രവിക്കുന്നില്ല"(8,47). അതുകൊണ്ട്, ദൈവത്തോടുള്ള അടുപ്പം ഉള്ളവൻ അവന്റെ വാക്കുകൾ അനുസരിക്കുന്നു. നിങ്ങൾ അവന്റെ വാക്കുകൾ സ്വീകരിക്കുന്നില്ല. കാരണം, നിങ്ങൾക്ക് അവനോട് കൂട്ടായ്മയില്ല. - പറയപ്പെട്ട വാക്കുകൾ സത്യമാണ്. അവയിൽ കുറ്റം പറയാൻ യാതൊന്നുമില്ല. നിങ്ങളോടു സത്യം പ്രഘോഷിച്ച എന്നെ കോല്ലാൻ നിങ്ങൾ ആഗ്രഹിക്കുന്നത് ദുഷ്ടതയോടുള്ള ചാച്ചിൽ നിമിത്തമാണെന്ന് തെളിയുന്നു.

അവന്റെ വാക്കുകളിൽ തെറ്റായി യാതൊന്നും കാണാൻ കഴിയാതിരുന്ന യഹൂദർ അവനെ ഉപദ്രവിക്കാൻ മുതിർന്നു. അവർ അവനെ "സമറിയാക്കാരൻ" എന്നു വിളിച്ചു. "നിനക്ക് പിശാചുണ്ട്" എന്നു പറഞ്ഞു (8,48). നമ്മുടെ കർത്താവ് ശാന്തമായി അതിനു മറുപടി പറയുകയും തെളിവ് നൽകുകയും ചെയ്യുന്നു: "എനിക്ക് പിശാചില്ല. ഞാൻ എന്റെ പിതാവിനെ ബഹുമാനിക്കുന്നു. നിങ്ങളാകട്ടെ എന്നെ അപമാനിക്കുന്നു" (8,49). ഞാൻ എപ്പോഴും എല്ലാ കാര്യങ്ങളും എന്റെ പിതാവിന്റെ ബഹുമാനാർഥം ചെയ്യുന്നു. ഞാൻ പല പ്രാവശ്യം പറഞ്ഞതിൽനിന്ന് ഇത് വ്യക്തമാണ്. ഇത് പിശാചിന്റെ പ്രവർത്തനമാണോ എന്ന് നിങ്ങൾക്കുതന്നെ വിധിക്കാം. പിതാവിനോടുള്ള ബഹുമാനത്തേപ്രതി നിങ്ങളുടെ സമ്മാനമായി ഈ അപമാനം ഞാൻ സ്വീകരിക്കുന്നു ഇതു നിങ്ങളുടെ വാക്കുകളിൽ നിന്നു തന്നെ സ്പഷ്ടമാണ്. നിങ്ങൾ എനിക്കെതിരെ പറയുന്ന കാര്യങ്ങളിൽ പിതാവിന്റെ ബഹുമാനത്തിനെതിരായി എന്തെങ്കിലുമുണ്ടോ എന്ന് പരിശോധിക്കുവിൻ. "ഞാൻ എന്റെ മഹത്വം അന്വേഷിക്കുന്നില്ല. അത് അന്വേഷിക്കുന്നവനും വിധികർത്താവുമായ ഒരുവനുണ്ട് " (8,50). ഞാൻ നിങ്ങളെ ഈ അപമാനം നിമിത്തം കുറ്റപ്പെടുത്തുന്നില്ല. ഞാൻ ബഹുമാനിക്കുന്നവൻ അവയെ വിധിക്കട്ടെ. നിങ്ങൾ എന്നെ അനുഗമിക്കുന്നതിൽ ലജ്ജിക്കേണ്ട.

www.malankaralibrary.com



അവരുടെ അവിശ്വാസം ഭാവിയിൽ ശിക്ഷിക്കപ്പെടാതെ പോകുകയില്ലെന്നു പറഞ്ഞശേഷം അവൻ കൂട്ടിച്ചേർക്കുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ആരെങ്കിലും എന്റെ വചനം പാലിച്ചാൽ അവൻ നിത്യമായി മരിക്കുകയില്ല"(8,51). വിശ്വസിക്കുന്നവർക്ക് അവരുടെ സമ്മാനം ലഭിക്കും. എന്നോടുള്ള അവരുടെ സ്നേഹം നിമിത്തം അവർ നിത്യജീവൻ ആസ്വദിക്കും.

ഇതുകേട്ട് യഹൂദർ പറഞ്ഞു: "നിനക്ക് പിശാചുണ്ടെന്ന് ഇപ്പോൾ ഞങ്ങൾക്ക് വ്യക്തമായിരിക്കുന്നു. അബ്രഹാം മരിച്ചു. പ്രവാചകന്മാരും മരിച്ചു"(8,52). - നിന്നിൽ വിശ്വസിക്കുന്നവർ അമർത്യരാകുമെന്ന് നീ പറയുന്നു. അതുകൊണ്ട്, നീ നിന്നെത്തന്നെ മറ്റുള്ളവരേക്കാൾ ഉയർത്തിക്കാട്ടുന്നു.

യേശു അവരോടു പറഞ്ഞു, "ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തിയാൽ എന്റെ മഹത്വത്തിന് വിലയില്ല. എന്നാൽ നിങ്ങളുടെ ദൈവമെന്ന് നിങ്ങൾ വിളിക്കുന്ന എന്റെ പിതാവാണ് എന്നെ മഹത്വപ്പെടുത്തുന്നത്. നിങ്ങൾ അവനെ അറിഞ്ഞിട്ടില്ല. ഞാനോ, അവനെ അറിയുന്നു. ഞാൻ അവനെ അറിയുന്നില്ലെന്നു പറയുന്നെങ്കിൽ, ഞാനും നിങ്ങളെപ്പോലെ നുണയനാകും. ഞാൻ അവനെ അറിയുകയും അവന്റെ വചനം പാലിക്കുകയും ചെയ്യുന്നു" (8,54-55) - ഈ വാക്കുകളിൽ പറയുന്നതുപോലെ, "ഞാൻ എന്നെക്കുറിച്ചുതന്നെ സാക്ഷ്യം നൽകിയാൽ എന്റെ സാക്ഷ്യം സത്യമല്ല". അവൻ വേറൊരു സ്ഥലത്ത് പറയുന്നു, "ഞാൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകിയാലും എന്റെ സാക്ഷ്യം സത്യമാണ് "(5,31;8,14). ഇവിടെ അവൻ പറയുന്നത് തന്റെ സ്വന്ത വാക്കുകളായിട്ടല്ല, തന്നെ എതിർക്കുന്നവരുടെ വാക്കുകളായിട്ടാണ്. കാരണം, അവൻ തന്നെ അബ്രഹാമിനെയും പ്രവാചകന്മാരെയുംകാൾ ഉയർന്നവനായി സ്വയം കരുതുന്നെന്ന് അവർ കുറ്റപ്പെടുത്തി. അങ്ങനെ അവനെ ശാസിച്ചുകൊണ്ട് അവർ ചോദിക്കുന്നു, "നീ നിന്നെത്തന്നെ ആരായിട്ടാണ് കാണുന്നത്? അവൻ അവരോടു മറുപടി പറഞ്ഞു, "ഞാൻ എന്നെക്കുറിച്ചു പറഞ്ഞാൽ ന്യായമായും നിങ്ങൾ എന്നെ വിശ്വസിക്കുകയില്ല." അതായത്, "ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തുന്നെങ്കിൽ" എന്ന് അവൻ പറഞ്ഞതിന്റെ അർത്ഥം "ഞാൻ എന്നെത്തന്നെ മഹത്വമുള്ളവൻ ആക്കുന്നു" എന്നല്ല, മറിച്ച്, ഞാൻ എന്റെ മഹിമയെക്കുറിച്ചും എന്റേതായിരിക്കുന്ന കാര്യങ്ങളെക്കുറിച്ചും പറഞ്ഞാൽ നിങ്ങൾ ഒരുപക്ഷേ എന്നെ വിശ്വസിക്കുകയില്ല. കാരണം, ഞാൻ എന്നെക്കുറിച്ചു തന്നെ സാക്ഷ്യം നൽകുന്നു. എന്നാൽ എന്റെ പിതാവ് എന്നേക്കുറിച്ച് സാക്ഷ്യം നൽകിക്കൊണ്ട് എന്റെ മഹത്വം വെളിപ്പെടുത്തുന്നു. അവൻ മുമ്പു പറഞ്ഞതുപോലെ, "എന്നെ അയച്ച പിതാവു തന്നെ എന്നെക്കുറിച്ച് സാക്ഷ്യം നൽകുന്നു" (8,16). നിങ്ങൾ ദൈവത്തിന്റേതാണെന്ന് പറയുന്നുണ്ടല്ലോ. എന്നാൽ നിങ്ങൾക്ക് അവനേക്കുറിച്ചുള്ള അറിവാകട്ടെ

www.malankaralibrary.com



അവനുമായുള്ള സംസർഗമാകട്ടെ ഇല്ല. കാരണം, നിങ്ങൾ അവന്റെ വചനം അനുസരിക്കുന്നില്ല. ഞാനാകട്ടെ, അവനെ അറിയുന്നു. എന്നെക്കുറിച്ചുള്ള അവന്റെ സാക്ഷ്യത്തിന് ഉചിതമാംവിധം ഞാൻ പ്രവർത്തിക്കുന്നു. ഞാൻ നിങ്ങളോട് എന്നെക്കുറിച്ച് അൽപം വലിയ കാര്യം പറഞ്ഞാലും, ഒരിക്കലും എന്നെക്കുറിച്ചുള്ള മുൻസാക്ഷ്യത്തിന് അത് വിരുദ്ധമായിരിക്കുകയില്ല. ഞാൻ അവന്റെ വചനം പാലിക്കുന്നു. ഇതാണ് താഴെപ്പറയുന്ന വാക്കുകളിലൂടെ അവൻ പറയാൻ ആഗ്രഹിക്കുന്നത്: "ഞാൻ അവനെ അറിയുന്നില്ല എന്നു പറഞ്ഞാൽ ഞാനും നിങ്ങളെപ്പോലെ നുണയനാകും" (8,55).

അവൻ പറഞ്ഞു: പിതാവിന് എന്നെപ്പറ്റിയുള്ള സാക്ഷ്യം അനുസരിച്ചാണ് ഞാൻ എന്നെപ്പറ്റി പറയുന്നത്. അവന്റെ തിരുവിഷ്ടം അനുസരിച്ചാണ് ഞാൻ പ്രവർത്തിക്കുന്നത്. അതിന് അവന്റെ സാക്ഷ്യവുമുണ്ട്. അവൻ കൂട്ടിച്ചേർക്കുന്നു: "എന്റെ ദിവസം കാണാമെന്ന പ്രതീക്ഷയിൽ നിങ്ങളുടെ പിതാവായ അബ്രഹാം ആനന്ദിച്ചു. അവനതു കാണുകയും സന്തോഷിക്കുകയും ചെയ്തു"(8,56). എന്നെക്കുറിച്ചുള്ള പിതാവിന്റെ സാക്ഷ്യം വെളിപ്പെട്ട സ്ഥിതിക്ക് അതിനനുസൃതമായി എന്നെക്കുറിച്ചുള്ള സാക്ഷ്യവും കേൾക്കുക. ഞാൻ അബ്രഹാമിനേക്കാൾ വളരെ വലിയവനാണ്. അതുകൊണ്ട്, എന്റെ പീഡാനുഭവംവഴി ലോകത്തെ നവീകരിക്കുന്ന എന്റെ ദിവസം കാണാൻ അവൻ ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തു. അവൻ തന്റെ ആഗ്രഹത്തിൽ അതു കാണുകയും സന്തോഷിക്കുകയും ചെയ്തു. അതായത്, അവൻ തന്റെ പുത്രനെ ബലി അർപ്പിക്കാനുള്ള സമ്മതം പ്രകടമാക്കിയപ്പോൾ ദൈവത്തിൽ നിന്ന് വെളിപാട് സ്വീകരിക്കുകയും വരാനിരിക്കുന്നവനെ കുറിച്ചുള്ള അറിവ് അവന് ലഭിക്കുകയും ചെയ്തു. അവൻ തന്റെ പുത്രനെ ദൈവത്തിന് ബലിയായി നൽകാൻ സമ്മതിച്ചുതുപോലെ ദൈവവും തന്റെ ഏകജാതനെ ലോകത്തിന്റെ രക്ഷയ്ക്കായി നൽകാനിരുന്നു."അപ്പോൾ യഹൂദർ അവനോട് പറഞ്ഞു: നിനക്ക് ഇനിയും അമ്പതു വയസ്സായിട്ടില്ല. എന്നിട്ടും നീ അബ്രഹാമിനെ കണ്ടെന്നോ? യേശു പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അബ്രഹാം ഉണ്ടാകുന്നതിനു മുമ്പ് ഞാനുണ്ട്" (8,57-58). ഇതൊരു ചെറിയ കാര്യമാണ്. എല്ലാ സൃഷ്ടികൾക്കും മുമ്പുള്ളതും അതിരില്ലാത്തതും അനന്തവും എല്ലാ സൃഷ്ടികൾക്കും മുമ്പനും ഉപരിസ്ഥനുമായി അവയുടെ അസ്തിത്വ കാരണമായിരിക്കുന്ന ദൈവസ്വഭാവത്തെ കുറിച്ച് താഴെ പറയുന്നുണ്ട്.

യഹൂദർക്ക് ഈ വചനം അസഹനീയമായതിനാൽ അവർ അവനെ എറിയാൻ കല്ലുകളെടുത്തു. എന്നാൽ യേശു അവരിൽ നിന്നു മറഞ്ഞ് അവരുടെ ഇടയിൽകൂടി ദേവാലയത്തിൽ നിന്ന് പുറത്തുപോയി (8,59). അവരുടെ കണ്ണുകൾ ദൈവികശക്തിയാൽ അടഞ്ഞു പോയതുകൊണ്ട്

www.malankaralibrary.com



അവൻ എങ്ങനെ അവരുടെ ഇടയിൽകൂടി പുറത്തുപോയി എന്നറിയാൻ അവർക്ക് കഴിഞ്ഞില്ല.

അവൻ അവിടെ നിന്ന് പുറത്തുപോയശേഷം തന്റെ വാക്കുകൾ ഉറപ്പിക്കാനായി, ജന്മനാ അന്ധനായ ഒരുവന്റെ കണ്ണുകൾ തുറന്ന് അത്ഭുതം കാണിച്ചു. താഴെവരുന്ന അത്ഭുതം അവന്റെ വാക്കുകൾ ഉറപ്പിക്കാൻ വേണ്ടിയാണെന്ന് സുവിശേഷകൻ സൂചിപ്പിക്കുന്നു: "ജന്മനാ അന്ധനായ ഒരു മനുഷ്യനെ അവൻ കണ്ടു" (9,1). "കണ്ടു എന്നു പറഞ്ഞിരിക്കുന്നത് അവൻ യഹൂദരുടെ ഇടയിൽ നിന്ന് പുറത്തുവന്ന ഉടനെ കുരുടനെ സുഖപ്പെടുത്തി അത്ഭുതം ചെയ്തെന്നു കാണിക്കാനാണ്. ഈ അത്ഭുതം മറ്റത്ഭുതത്തോടു ചേർന്നുപോകുന്നു. കാരണം, അവൻ ബോധപൂർവം തന്നത്തന്നെ മറയ്ക്കുകയും കാഴ്ചയുള്ളവരുടെ കണ്ണുകളിൽ പെടാതെ പുറത്തുവരികയും ചെയ്തു. അതുപോലെ ജന്മനാ കാഴ്ചയില്ലാത്ത കണ്ണുകൾക്ക് കാഴ്ച കൊടുക്കാൻ ആഗ്രഹിക്കുകയും അത്ഭുതം വഴി കാഴ്ചശക്തി കൊടുക്കുകയും ചെയ്തു.

മൂന്നാംപുസ്തകം സമാപ്തം.

# പുസ്തകം-4

## അന്ധനെ സുഖപ്പെടുത്തുന്നു

"യേശു നടന്നുപോകുമ്പോൾ ജന്മനാ അന്ധനായ ഒരുവനെ കണ്ടു. ശിഷ്യന്മാർ യേശുവിനോടു ചോദിച്ചു: റബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്? ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ? " (9,1-2). തങ്ങൾ കാണുന്നവയെപ്പറ്റി ചോദ്യങ്ങൾ ചോദിക്കുകയും മതപരമായ കാര്യങ്ങളിൽ പുരോഗതി പ്രാപിക്കുകയും ചെയ്യുക എന്നത് ശിഷ്യരുടെ പതിവായിരുന്നു എന്നാണ് ഇതിൽ നിന്ന് മനസ്സിലാകുന്നത്. കാരണം, അവർ എല്ലാം ഉപേക്ഷിച്ച് തങ്ങളെത്തന്നെ പൂർണമായി കർത്താവിന് സമർപ്പിച്ചത് അവനിൽനിന്ന് ഭക്തിയും മെച്ചമായ ആചാരങ്ങളും പഠിക്കാനായിരുന്നു. ആയതുകൊണ്ട്, തങ്ങൾക്ക് ലഭിച്ച അവസരങ്ങൾ ഉപയോഗിച്ച് വേണ്ടത്ര ശ്രദ്ധയോടെ അവർ അവനോട് ചോദ്യങ്ങൾ ചോദിച്ചിരുന്നു. അതുപോലെ, ഇവിടെയും. ജന്മനാ അന്ധനായ മനുഷ്യനെ കണ്ടിട്ട് അവർ

www.malankaralibrary.com



ചിന്തിച്ചു: അവൻ പാപത്തിൽ വീഴുന്നതിന് ഇടയാകുന്നതിനുമുമ്പുതന്നെ ഈ ദുരവസ്ഥ അവനുണ്ടായി. ഗർഭപാത്രത്തിൽ വച്ചുതന്നെ കുരുടനായി തീർന്നതുകൊണ്ട്, ഇതേക്കുറിച്ച് മാനുഷികതലത്തിൽ ചിന്തിച്ചപ്പോൾ അവർ അസ്വസ്തരായി. ദൈവം മാനുഷിക കാര്യങ്ങൾ നിയന്ത്രിക്കുന്നെന്ന് അവർ അറിഞ്ഞിരുന്നതിനാൽ, ഈ അനർഥം സംഭവിച്ചത് അവൻ അർഹിച്ചതു കൊണ്ടാണെന്നും ഇതിന് തക്കതായ കാരണം ഉണ്ടെന്നും അവർ ഉറച്ചു വിശ്വസിച്ചിരുന്നു. മനുഷ്യന്റെ സ്വാഭാവിക പ്രവണത നിമിത്തം കൂടുതൽ ചിന്തിക്കാതെ, ഈ ദുരന്തകാരണം അവന്റെയോ അവന്റെ മാതാപിതാക്കളുടെയോ പാപത്തിൽ അവർ ആരോപിച്ചു. അവൻ പാപം ചെയ്തതുകൊണ്ടല്ല, അവന് ഈ വൈകല്യം സംഭവിച്ചത്. ജനിക്കാതെ എങ്ങനെ പാപം ചെയ്യാനാകും? എന്നാൽ ദൈവം തന്റെ മുന്നറിവു നിമിത്തം ഈ വികലതയിലൂടെ അവനെ പാപം ചെയ്യുന്നതിൽ നിന്ന് തടഞ്ഞു. എല്ലാ തിന്മകളുടെയും കാരണം മനുഷ്യരുടെ പാപമാണെന്ന് അവർ ന്യായമായും മതാത്മകമായും കരുതി. മാനുഷികബലഹീനത നിമിത്തം മറ്റുരീതിയിൽ ചിന്തിക്കാൻ അവർക്ക് കഴിയാഞ്ഞതിനാൽ, ഈ വൈകല്യത്തിന് ഈ അന്ധനോ അവന്റെ മാതാപിതാക്കളോ അല്ലാതെ വേറൊരു കാരണമില്ലെന്ന് അവർ വിശ്വസിച്ചിരുന്നു. അവരുടെ പാപം നിമിത്തമാണ് പുത്രൻ ശിക്ഷ സ്വീകരിച്ചത്. അല്ലെങ്കിൽ ഭാവിയിൽ അവൻ ചെയ്യാനിരുന്ന പാപത്തിന് ശിക്ഷയായിട്ടാണ് അവന് അന്ധത ഉണ്ടായത്.

അവനെപ്പറ്റി ശിഷ്യർക്ക് ഇത്തരം അഭിപ്രായങ്ങളുണ്ടായിരുന്നു. കർത്താവ് അവരുടെ ചിന്താഗതിക്കനുസൃതമായി അവരുടെ വാക്കുകൾക്ക് മറുപടി നൽകി. "ആരാണ് പാപം ചെയ്തത്? ഇവനോ ഇവന്റെ മാതപിതാക്കളോ?"(9,3). ഇതാണവരുടെ ചോദ്യം. അതായത്, അവന്റെ മാതാപിതാക്കളുടെ പാപം കാരണമാണോ? അതോ, അവന്റെ തന്നെ പാപഫലമാണോ ഇതു സംഭവിച്ചത്? ഇതല്ലാതെ വേറേ കാരണമില്ലെന്ന് അവർ കരുതി. അതുകൊണ്ട്, ഇതുപോലുള്ള സംഭവങ്ങൾക്ക് നിരവധി കാരണങ്ങളുണ്ടെന്ന് കർത്താവ് അവരെ പഠിപ്പിച്ചു. അവയിൽ ചിലത് നിഗൂഢവും ചിലത് വിശകലനാതീതവുമാണ്. അതുകൊണ്ട്, നമുക്ക് കാരണം അറിഞ്ഞു കൂടാത്ത സംഭവങ്ങളെ കുറിച്ച് നാം വിലപിക്കുന്നു. വ്യർഥമായും നിഷ്ഫലമായും ഒന്നും സംഭവിക്കുന്നില്ലെന്നും പിന്നീട് നാം ഗ്രഹിക്കുന്നു. ഈ അറിവ് നമുക്ക് ഭാവിലോകത്തു ലഭിക്കും. ഇപ്പോൾ നമ്മിൽനിന്ന് മറഞ്ഞിരിക്കുന്നവ അപ്പോൾ വെളിപ്പെടും.

അതുകൊണ്ട്, കർത്താവ് പറഞ്ഞു: "ഇവന്റെയോ ഇവന്റെ മാതാപിതാക്കളുടെയോ പാപം നിമിത്തമല്ല, പ്രത്യുത, ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ് "(9,3). മറ്റുപലതും ഇതുപോലെയാണെന്ന് ഈ സംഭവത്തിൽനിന്ന് അവൻ സ്ഥിരീകരിച്ചു. അവനു കാഴ്ച ലഭിച്ചത്

www.malankaralibrary.com



പലതരത്തിൽ അവനു പ്രയോജനകരമായി. ഏകജാതനെ അറിയാനുള്ള അവസരമുണ്ടായി. അവൻ തന്റെ കണ്ണുകൾകൊണ്ട് മതപ്രബോധനം കൂടുതലായി സ്വീകരിച്ചു. കൂടാതെ, ഇവിടെ നടന്ന അടയാളം വഴി അനേകർ നമ്മുടെ കർത്താവിന്റെ ശക്തിയെപ്പറ്റി വിസ്മയിക്കുകയും അവർക്ക് അവനിലുള്ള വിശ്വാസം വർദ്ധിക്കുകയും ചെയ്തു. ഇങ്ങനെ സംഭവിക്കുമെന്നോ, അവന്റെ അന്ധത നിമിത്തം ധാരാളം നന്മകൾ ഉണ്ടാകുമെന്നോ സംഭവിക്കുന്നതിനുമുമ്പ് മനുഷ്യർക്ക് അറിവില്ലായിരുന്നു എന്ന് വ്യക്തമാണ്. അതുകൊണ്ട്, മറ്റുള്ളവയൊക്കെ ഈ ഒരു സംഗതിവഴി അവൻ സ്ഥിരീകരിച്ചു. അവന് ഇവിടെ സംഭവിച്ചതുപോലെ, മഹനീയവും വിസ്മയാവഹവുമായ പലതും ദൈവപരിപാലനയിൽ സംഭവിക്കാനിരുന്നു. ഇതു നടന്നതിനുമുമ്പ് ഇതേപ്പറ്റി ആർക്കും അറിവില്ലായിരുന്നു. ഇതുപോലെ മറ്റു സംഭവങ്ങളും. അവയ്ക്കും നിഗൂഢവും പരിശോധനാതീതവുമായ കാരണങ്ങളുണ്ടെന്ന് നാം ഗ്രഹിക്കണം. പിന്നീട്, സമയത്തിന്റെ പൂർത്തീകരണത്തിൽ അവയെപ്പറ്റി അറിവില്ലാത്തവരുടെ സഹായത്തിനായി അവ വെളിപ്പെടും.

അതുകൊണ്ട്, "ഇവനോ ഇവന്റെ മാതാപിതാക്കളോ പാപം ചെയ്തില്ല"(9,3). അവർ പറഞ്ഞതിനെ സ്ഥിരീകരിക്കുന്നതായിട്ടല്ല മനസ്സിലാക്കേണ്ടത്. പിന്നെയോ, തത്ക്കാലത്തേക്ക് മാറ്റിവച്ചു എന്നുമാത്രം. പല കാര്യങ്ങളെ പറ്റിയുള്ള ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം നൽകാതെ സാഹചര്യാനുസൃതം മാറ്റിവയ്ക്കുക നമുക്കും പതിവുള്ളതാണല്ലോ അതുകൊണ്ട്, കുരുടനോ അവന്റെ മാതാപിതാക്കളോ പാപരഹിതരാണെന്ന് തെളിയിക്കാൻ അവനുദ്ദേശിക്കുന്നില്ല. അതുകൊണ്ട്, അവർ പാപം ചെയ്തോ ഇല്ലയോ എന്നതല്ല ചോദ്യം. മറിച്ച്, എന്തുകൊണ്ടാണ് അവന് ഈ വൈകല്യം ഉണ്ടായത് എന്നതാണ്. അതിനു കാരണം, ഇവന്റെയോ, ഇവന്റെ മാതപിതാക്കളുടെയോ പാപമാണോ? ഇതിനാണ് കർത്താവ് മറുപടി നൽകുക. ദൈവം അനുവദിക്കുന്നതു മൂലം നമുക്കു സംഭവിക്കുന്ന കാര്യങ്ങളിൽ നമുക്ക് അജ്ഞാതമായ മറ്റു കാരണങ്ങളും ഉണ്ടെന്ന് അവരെ പഠിപ്പിക്കാൻ ആഗ്രഹിച്ചുകൊണ്ട് നമ്മുടെ കർത്താവ് പറയുന്നു, ഇവനോ ഇവന്റെ മാതാപിതാക്കളോ പാപം ചെയ്തില്ല. അതായത്, ഇതു മാത്രമാണ് കാരണമെന്ന് നിങ്ങൾ കരുതുന്നു. എന്നാൽ ഇവയൊന്നുമല്ല യഥാർത്ഥകാരണം എന്നു നാം പറയുന്നു. ഇവനോ ഇവന്റെ മാതാപിതാക്കളോ പാപം ചെയ്തില്ലെന്നും നാം പറയുന്നു. എന്നാൽ തന്റെ ശക്തി വെളിപ്പെടുത്താനായി തന്റെ പരിപാലന വഴി എല്ലാം ചെയ്യുന്നവൻ ഈ വൈകല്യം ഉണ്ടാകാൻ അനുവദിച്ചു. ഈ സംഭവങ്ങളിൽ നിന്ന് ഇത് കാണാമോ എന്നു നിങ്ങൾ പരിഗണിക്കുവിൻ. അന്ധത തടഞ്ഞിരുന്നെങ്കിൽ, അന്ധൻ ജനിക്കുകയില്ലായിരുന്നു. അവൻ ജനിച്ചില്ലായിരുന്നെങ്കിൽ, അവനു സൗഖ്യം കിട്ടുകയില്ലായിരുന്നു. വീണ്ടും, ഇവ സംഭ

www.malankaralibrary.com



വിച്ചില്ലായിരുന്നെങ്കിൽ, അന്ധൻ എന്നെ അംഗീകരിക്കുക എന്ന അത്ഭുതാവസ്ഥയുടെ മഹനീയത മറഞ്ഞിരിക്കുമായിരുന്നു. അന്ധൻവഴി എന്റെ ശക്തി ഗ്രഹിച്ച മറ്റുള്ളവരാകട്ടെ, എന്റെ വാക്കുകളെ കുറിച്ച് മേലിൽ സംശയിക്കുകയില്ല. എന്നിലുള്ള വിശ്വാസംവഴി വലിയ നേട്ടം പ്രാപിക്കും. നിങ്ങൾക്ക് വിശകലനാതീതമായ സംഭവങ്ങളെ കുറിച്ച് ഇതുപോലുള്ള കാരണങ്ങൾ ഉണ്ടെന്ന് നിങ്ങൾ മനസ്സിലാക്കുവിൻ.

"ദൈവത്തിന്റെ പ്രവൃത്തികൾ അവനിൽ പ്രകടമാകേണ്ടതിനാണ്" എന്ന വാക്കുകൾ തിരുലിഖിരീത്യാ പറയപ്പെട്ടവയാണ്. അതായത്, അവനിൽ ദൈവത്തിന്റെ പ്രവൃത്തികൾ കാണപ്പെടാനല്ല അവൻ അന്ധനായി ജനിച്ചത്. വൈകല്യം സ്വാഭാവികമായി ഉണ്ടായതാണ്. ഇതിനുള്ള അനുവാദം ദൈവത്തിന്റെ ഭാഗത്തു നിന്നുണ്ടായത് വലിയ പ്രയോജനത്തിനാണ്. അതായത്, ഒരത്ഭുതം ഉണ്ടാകാനുള്ള അവസരം. പഴയനിയമത്തിലും പുതിയ നിയമത്തിലും ഇതുപോലുള്ള പ്രയോഗങ്ങൾ സർവസാധാരണമാണ്. ഉദാ. "നിന്റെ വിധിനിർണയത്തിൽ നീ നീതിയുക്തനാണ്. നിന്റെ വിധിവാചകം കുറ്റമറ്റതാണ് " (സങ്കീ. 51,4). അതുകൊണ്ടല്ല പാപികൾ പാപം ചെയ്തത്. ദൈവം തന്റെ പരിപാലനയിൽ എല്ലാം ന്യായമായി ചെയ്യുന്നതിനാൽ, പാപികളെ ശിക്ഷിക്കുന്നതിലും - പാപികൾക്കുപോലും - നീതിമാനായി കാണപ്പെടുന്നു. ഈ പ്രയോഗം തിരുലിഖിതങ്ങളിൽ സർവസാധാരണമാണ്. എല്ലാവരും നമ്മോട് യോജിക്കുന്നതിനാൽ, കൂടുതൽ എന്തെങ്കിലും പറയേണ്ട തില്ല.

അതുകൊണ്ട്, ശിഷ്യരോട് മറുപടി പറഞ്ഞശേഷം അവരുടെ ചോദ്യത്തിന് ഉത്തരം നൽകുക മാത്രമല്ല, അതിനോടുചേർത്ത് തന്റെ പ്രബോധനം നൽകുക കൂടി ചെയ്തു. അന്ധൻ സുഖം പ്രാപിച്ചപ്പോൾ പറയേണ്ടിയിരുന്ന വാക്കുകൾ കൂട്ടിച്ചേർത്ത് അവൻ ശിഷ്യരോടു പറഞ്ഞു: "എന്നെ അയച്ചവന്റെ പ്രവൃത്തികൾ പകലായിരിക്കുവോളം നാം ചെയ്യേണ്ടിയിരിക്കുന്നു. ആർക്കും ജോലിചെയ്യാൻ കഴിയാത്ത രാത്രി വരുന്നു" (9,4). യഹൂദർ വിവിധ രീതികളിൽ തങ്ങളുടെ നീചമനസ്സ് വെളിവാക്കിക്കൊണ്ട് അത്ഭുതങ്ങൾക്കെതിരായി പ്രതികരിച്ചു എന്ന് മുമ്പു പറഞ്ഞവയിൽ നിന്ന് നമുക്കറിയാമല്ലോ. പ്രധാനമായും സാബതിൽ സൗഖ്യം നൽകി എന്ന അത്ഭുതത്തെ അംഗീകരിച്ചില്ല. മാത്രമല്ല, അതിനെ അഭക്തമായും ദുഷ്ടമായും വളച്ചൊടിച്ച് ചിത്രീകരിക്കുക കൂടി ചെയ്തു. ജന്മനാ അന്ധനായവനെ സൗഖ്യമാക്കിയതും സാബതിലായിരുന്നു. ഫരിസേയർക്കുപോലും ഈ അത്ഭുതത്തെ നിഷേധിക്കാനായില്ല. എങ്കിലും ഇതിനെ ദുഷിച്ചു പറയാൻ ശ്രമിച്ചു: "ഈ മനുഷ്യൻ ദൈവത്തിൽ നിന്നല്ല"(9,16). കാരണം, അവൻ സാബത് കാക്കുന്നില്ല. ഇതിനെതിരായി അവൻ പറഞ്ഞു, "എന്നെ അയച്ചവന്റെ പ്രവൃത്തികൾ ഞാൻ ചെയ്യേണ്ടിയിരിക്കുന്നു. അതായത്,

www.malankaralibrary.com



ചെയ്ത അത്ഭുതത്തിനെതിരായി ഫരിസേയർ വഴക്കുണ്ടാക്കുമെന്ന് എനിക്കറിയാം. അത്ഭുതത്തെ മാറ്റിനിർത്തിക്കൊണ്ട് അവർ ദിവസത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുകയും എന്നെ അഭക്തനും നിയമലംഘകനും സാബത് ലംഘകനുമായി ചിത്രീകരിക്കുകയും ചെയ്യുമെന്നും എനിക്കറിയാം. എന്നെ പീഡിപ്പിക്കുന്നതിന് തക്ക കാരണം കണ്ടെത്താൻ വേണ്ടിയാണ് അവർ ഈ ആരോപണങ്ങൾ നടത്തുന്നത്. അവർ തങ്ങൾക്കിഷ്ടമുള്ളത് പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഞാനാകട്ടെ, എന്നെ അയച്ചവന്റെ പ്രവൃത്തികൾ ചെയ്യാൻ ബാധ്യസ്ഥനായതുകൊണ്ട്, അവന്റെ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നു. ഇത് താഴെപ്പറയുന്നതിന് തുല്യമാണ്: "എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു. ഞാനും പ്രവർത്തിക്കുന്നു"(5,17).

തളർവാതരോഗിയെ സാബതിൽ സുഖപ്പെടുത്തിയപ്പോൾ തന്നിൽ കുറ്റമാരോപിച്ച യഹൂദരോട് പറഞ്ഞതാണിത്. പ്രവൃത്തികൾ പൊതുവാണെന്ന് അവൻ നേരത്തേ കാണിച്ചല്ലോ. പിതാവ് ചെയ്യുന്നതെല്ലാം അവനും ചെയ്യേണ്ടിയിരിക്കുന്നു. തന്നെ അയച്ചവന്റെ പ്രവൃത്തി ചെയ്യാൻ കടപ്പെട്ടവനാണ് താനെന്ന് അവൻ ഇവിടെ വീണ്ടും പറയുന്നു. കാരണം, അവൻ ചെയ്ത പ്രവൃത്തികളും പിതാവിന്റേതാണ്. അതുകൊണ്ട് അവൻ പറയുന്നു, അവർ എനിക്കെതിരെ നൂറായിരം പ്രാവശ്യം പിറുപിറുത്താലും, പ്രവൃത്തിക്കാനുള്ള സമയം ഉള്ളിടത്തോളം കാലം പ്രവർത്തിച്ചുകൊണ്ടിരിക്കാൻ ഞാൻ കടപ്പെട്ടവനാണ്. ഞാൻ പ്രവൃത്തികളിൽനിന്ന് വിരമിക്കേണ്ട സമയം വരും. മനുഷ്യരുടെ ഇടയിൽ രാവും പകലുമുണ്ട്. പകൽ ജോലിക്കും രാത്രി വിശ്രമത്തിനും ഉള്ളതാണ്. അതുകൊണ്ട്, രാത്രിയിൽ മനുഷ്യർ ഒന്നും ചെയ്യുന്നില്ല. അതുപോലെ, എനിക്കും അത്ഭുതം പ്രവർത്തിക്കാനുള്ള സമയം എന്റെ പീഡാനുഭവം വരെയാണ്. പിതാവിന്റെ തിരുമനസ്സിന് ചേരുന്നവ ഞാൻ പ്രവർത്തിക്കാനും ഞാൻ ആരാണെന്ന് എന്റെ ഔന്നത്യം വെളിപ്പെടുത്താനുമുള്ള സമയമാണിത്. പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും ശേഷം ഞാൻ അവയിൽ നിന്നു വിരമിക്കണം. അപ്പോൾ മനുഷ്യരുമായുള്ള സമ്പർക്കവും ഭൂമിയിലുള്ള സംഭാഷണവും ഞാൻ ഉപേക്ഷിക്കണം. അതുകൊണ്ട് ആ സമയംവരെ ഞാൻ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിൽനിന്ന് വിരമിക്കേണ്ടവനല്ല. ഞാൻ ചെയ്ത അടയാളങ്ങൾ നിമിത്തം നിങ്ങൾ എന്നെ പീഡിപ്പിക്കുന്നതു കൊണ്ട് നിങ്ങൾക്കൊരു പ്രയോജനവുമില്ല. എന്റെ സമയം വരുന്നതിനുമുമ്പ് നിങ്ങൾക്കെന്നോട് നിങ്ങൾക്കിഷ്ടമുള്ളത് ചെയ്യാനാവില്ല. ചെയ്യേണ്ടവ ചെയ്തശേഷം സ്വതന്ത്രമായി ഞാൻ പീഡാനുഭവ വിധേയനാകും. മനുഷ്യരുടെ ഇടയിൽ അടയാളം കാണിക്കാനുള്ള സമയത്തിന്റെ അന്ത്യമിതാണ്.

www.malankaralibrary.com



ആലങ്കാരികമായി തന്റെ സാന്നിധ്യസമയത്തെ "ദിവസം" എന്നും തന്റെ പീഡാനുഭവവും മരണവും ഉൾക്കൊള്ളുന്ന സമയത്തെ "രാത്രി" എന്നും വിളിച്ചുകൊണ്ട് അവൻ ഇവ വ്യക്തമാക്കുന്നു. "ലോകത്തിൽ ആയിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ് " (9,5). അതായത്, സൂര്യൻ ദിവസത്തെ പൂർണമാക്കിക്കൊണ്ട് മനുഷ്യർക്ക് പ്രവർത്തിക്കാനുള്ള അവസരം നൽകുന്നു. അതുപോലെ, ഞാനും ഈ ലോകത്തിൽ ആയിരിക്കുമ്പോൾ, എന്റെ സാന്നിധ്യം മൂലം ദിവസംപോലെ ലോകത്തെ പ്രകാശിപ്പിക്കും. അത്ഭുതം പ്രവർത്തിക്കുന്നതിനു മുമ്പ് അവൻ ഇപ്രകാരം പറഞ്ഞു. പിറുപിറുക്കുന്നവരെ കണ്ടുകൊണ്ട് അത്ഭുതം പ്രവർത്തിക്കുന്നതിൽ നിന്ന് താൻ വിരമിക്കുന്നില്ലെന്നും പിതാവിന് ഇഷ്ടമുള്ള കാര്യങ്ങൾ നടക്കുമെന്നും അതിൽ ഒന്നുകൊണ്ടും അവനെ പീഡിപ്പിക്കുന്നത് പ്രയോജനപ്രദമല്ലെന്നും നിശ്ചിതസമത്തിനുമുമ്പ് തനിക്കൊന്നും സഹിക്കാൻ കഴിയില്ലെന്നും മുൻകൂട്ടി നിശ്ചയിക്കപ്പെട്ട സമയം വരുമ്പോൾ മാത്രമേ താൻ സഹിക്കുകയുള്ളുവെന്നും അവൻ കാണിച്ചു. ഈ പുസ്തകത്തെ സമീപിക്കുന്നവരുടെ അറിവിനായി, നേരത്തേ ഞാൻ പറഞ്ഞതു പോലെ, പ്രസ്തുത വാക്കുകളിലൂടെ ഇവയൊക്കെയാണ് അർത്ഥമാക്കാൻ അവൻ ആഗ്രഹിക്കുന്നത്.

അവൻ അത്ഭുതം പ്രവർത്തിക്കാനായി അരമുറുക്കി ഒരുങ്ങി. അതുകൊണ്ട്, സുവിശേഷകൻ പറയുന്നു, "ഇതുപറഞ്ഞിട്ട് അവൻ നിലത്ത് തുപ്പി. തുപ്പൽ കൊണ്ട് ചെളിയുണ്ടാക്കി " (9,6). ചെയ്യാൻ പോകുന്ന അത്ഭുതത്തിന് ഒരുക്കമായിട്ടുള്ളതാണ് മുൻപറഞ്ഞ വാക്കുകളെന്ന് വ്യക്തമായി തെളിയുന്നു. അവൻ ചേറുണ്ടാക്കി, അന്ധന്റെ കണ്ണുകളിൽ പൂശി. പെട്ടെന്ന് അവന് കാഴ്ച കൊടുത്തില്ല. അവനോട് സീലോഹാ കുളത്തിൽ പോയി കഴുകാൻ പറഞ്ഞു. അവൻ കഴുകിയപ്പോൾ അവന്റെ കണ്ണുകൾ തുറക്കപ്പെടുകയും അവൻ കാണുകയും ചെയ്തു. - അവൻ പലപ്പോഴും തന്റെ വാക്കുകളിലൂടെ തന്റെ ഔന്നത്യം കാണിച്ചിരുന്നു; അതുപോലെ പ്രവൃത്തികളിലൂടെയും. അതായത്, അത്ഭുതം ചെയ്ത രീതിയിൽ. ജനനം വഴി കാഴ്ച ലഭിക്കാഞ്ഞവന് ചേറുവഴി കാഴ്ച കൊടുത്തത് ചേറുവഴി അവനത് സ്വീകരിക്കാനാണ്. ചേറിൽ നിന്നാണല്ലോ ആരംഭത്തിൽ മനുഷ്യപ്രകൃതി മുഴുവൻ ഉരുവായത്. ഇതുവഴി താൻ സ്രഷ്ടാവാണെന്ന് അവൻ വെളിപ്പെടുത്തി. അവന്റെ രൂപീകരണത്തിൽ, സ്രഷ്ടാവ് സൃഷ്ടിയുടെ ആരംഭത്തിൽ നിശ്ചയിച്ച ക്രമീകരണത്തിൽ, അവനില്ലാതിരുന്നത് നൽകിക്കൊണ്ട്, മനുഷ്യരുടെ സ്രഷ്ടാവിനോട് സൃഷ്ടികർമത്തിൽ താൻ തുല്യനാണെന്നും താൻ വസ്തുക്കളുടെ നിർമാതാവാണെന്നും അവൻ തെളിയിച്ചു. തന്റെ സാന്നിധ്യത്തിലല്ല അവനെ സൗഖ്യമാക്കിയത്. "പോയി കഴുകുക" എന്ന് അവനോട് കൽപിച്ചു.

www.malankaralibrary.com



കഴുകിയ ശേഷമാണ് അവനു സൗഖ്യം ലഭിച്ചത്. അത്ഭുതം ചെയ്യുന്നത് മറ്റാരുടെയും പ്രേരണയാലല്ല, തന്റെ പരിപാലനയാലാണെന്നു കാണിക്കനായിരുന്നു ഇത്. അനുവദനീയമല്ലാത്ത ദിവസം കിടക്ക എടുത്ത് നടക്കാൻ തളർവാതരോഗിയോട് അവൻ കൽപിച്ചത്, ഈ അത്ഭുതംവഴി നിയമം ലംഘിക്കപ്പെട്ടു എന്നറിഞ്ഞ എല്ലാവരും അത്ഭുതത്തിന്റെ വലിപ്പത്തെക്കുറിച്ച് മനസ്സിലാക്കാൻ വേണ്ടിയാണ്. അതുപോലെ, ദൂരെയുള്ള സീലോഹായിൽ പോയി കഴുകാൻ ഈ അന്ധനോടും പറഞ്ഞു.

ഒരുപക്ഷേ കർത്താവിന്റെ അടുത്തുണ്ടായിരുന്ന ജനക്കൂട്ടം മുഴുവൻ അവനെ ഉപേക്ഷിച്ച് അന്ധനെ അനുഗമിക്കുകയും അവന്റെ കണ്ണിൽ നടക്കുന്ന അത്ഭുതം കാണാൻ ആഗ്രഹിക്കുകയും ചെയതുകാണും. ഗ്രാമങ്ങളിലും പട്ടണങ്ങളിലും ജനങ്ങൾ അന്ധനോട് കാര്യങ്ങൾ തിരക്കുകയും അവന്റെ പിറകേ പോകുകയും അതുകണ്ട ജനങ്ങളും അവനെ അനുഗമിക്കുകയും ചെയ്തിരിക്കാം. അങ്ങനെ അന്ധന്റെ കൂടെ ഒരു വലിയ ജനക്കൂട്ടം നടന്നുനീങ്ങി. അവരാകട്ടെ, കാര്യങ്ങൾ കൃത്യമായി അന്വേഷിച്ചറിയുന്നതിനും എന്തു സംഭവിക്കുമെന്ന് കാണുന്നതിനും വേണ്ടിയാണ് ധൃതിപിടിച്ച് പിറകേ പോയത്. ഇങ്ങനെ ആളുകൾ കൂടിക്കൂടി വലിയ കൂട്ടമായിത്തീർന്നു. എങ്ങനെ അന്ധൻ സീലോഹായിൽ വന്ന് തന്നെത്തന്നെ കഴുകുകയും അത്ഭുതകരമായി കാഴ്ച പ്രാപിക്കുകയും ചെയ്തെന്ന് അവർക്കെല്ലാം കാണാൻ കഴിഞ്ഞു.

അവൻ അവിടെ എത്തി കഴുകിയപ്പോൾ കൃപ ലഭിച്ചു. അവന്റെ അയൽക്കാരും ഭിക്ഷ യാചിക്കുന്നവരായി അവനെ കണ്ടവരും അവനെ തിരിച്ചറിഞ്ഞു. എന്നാൽ അവനെക്കുറിച്ചുള്ള അഭിപ്രായം എല്ലാവർക്കും ഒരുപോലെ ആയിരുന്നില്ല. ഇവൻ അന്ധനാണെന്നു ചിലർ പറഞ്ഞു. ഇവനു സംഭവിച്ച അത്ഭുതം നിമിത്തം മറ്റുചിലർ പറഞ്ഞു: "ഇത് അവനല്ല. ഇവൻ അവനേപ്പോലെ ഇരിക്കുന്നതേയുള്ളു." എന്നാൽ അന്ധൻ പറഞ്ഞു, "ഞാൻ തന്നെ" (9,9). വാസ്തവത്തിൽ, അവൻ തന്നെത്തന്നെ വെളിപ്പെടുത്താൻ സ്വമേധയാ നിർബന്ധിക്കപ്പെട്ടിരുന്നില്ല. എങ്കിലും തനിക്ക് സംഭവിച്ച അത്ഭുതം പ്രസിദ്ധപ്പെടുത്താൻ അവന് അതിയായ ആഗ്രഹം ഉണ്ടായിരുന്നു. അതുകൊണ്ട്, "ഭിക്ഷ യാചിച്ചിരുന്ന അന്ധനായിരുന്നു ഞാൻ" എന്ന് ഏറ്റുപറഞ്ഞപ്പോൾ അതു കാണാത്തവർ, അവനെന്തു സംഭവിച്ചെന്നും എങ്ങനെ കാഴ്ച കിട്ടിയെന്നും അവനോടു ചോദിച്ചു. അതു കണ്ടവരാകട്ടെ, അവർക്കറിയാമായിരുന്നതിനാൽ, അവനോടൊന്നും ചോദിച്ചില്ല. അത് എങ്ങനെ സംഭവിച്ചു എന്ന് അവൻ വിശദീകരിക്കുകയും തന്നെ സുഖപ്പെടുത്തിയത് ആരെന്ന് വെളിപ്പെടുത്തുകയും ചെയ്തു. "യേശു എന്നു പേരുള്ള മനുഷ്യൻ ചെളിയുണ്ടാക്കി എന്റെ കണ്ണുകളിൽ പുരട്ടി, സീലോഹായിൽ പോയി കഴുകുക എന്നു പറഞ്ഞു. ഞാൻ പോയി കഴുകി, എനിക്ക് കാഴ്ച ലഭിച്ചു" (9,11).

www.malankaralibrary.com



എങ്ങനെയാണ് എനിക്ക് കാഴ്ച ലഭിച്ചതെന്ന് നിങ്ങൾ ചോദിച്ചതിന് ഞാൻ ഉത്തരം പറഞ്ഞുകഴിഞ്ഞു. ആരാണ് ഇത് ചെയ്തതെന്ന് നിങ്ങൾക്കറിയാൻ ആഗ്രഹമുണ്ടെങ്കിൽ, ഞാൻ പറയാം. യേശു എന്നു പേരുള്ള ഒരാളാണ് ഇത് ചെയ്തത്. അവർ ഇതു കേട്ടപ്പോൾ "അവനെവിടെ?" എന്നു ചോദിച്ചു. "എനിക്കറിഞ്ഞുകൂടാ" എന്ന് അവൻ മറുപടി പറഞ്ഞു (9,12). നഗ്നനേത്രങ്ങൾ കൊണ്ട് അവനെ കാണാഞ്ഞതിനാൽ അയാൾ അവനെ തിരിച്ചറിഞ്ഞില്ല. അവർ അവനെ പിടിച്ച്, യഹൂദരുടെ പക്കലേക്ക് കൊണ്ടുപോയി. സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു: "യേശു ചെളിയുണ്ടാക്കി അവന്റെ കണ്ണുകൾ തുറന്നത് സാബതുദിവസമാണ് "(9,14). എങ്ങനെ കാഴ്ച ലഭിച്ചെന്ന് ഫരിസേയരും അവനോടു ചോദിച്ചു. ആരാണ് തന്നെ സുഖപ്പെടുത്തിയതെന്നും എങ്ങനെയാണ് സൗഖ്യം ലഭിച്ചതെന്നും അവൻ മറുപടി പറഞ്ഞു(9,15). അവനെ അവരുടെ പക്കൽ കൊണ്ടുവന്നവരിൽ നിന്ന് ഈ കാര്യം അവർ മനസ്സിലാക്കിയിരുന്നു. അന്ധന്റെ ഈ മറുപടി കേട്ടശേഷം യഹൂദരുടെ ഇടയിൽ ഭിന്നതയുണ്ടായി. ചിലർ പറഞ്ഞു, "ഈ മനുഷ്യൻ ദൈവത്തിൽ നിന്നുള്ളവനല്ല. എന്തെന്നാൽ അവൻ സാബത് ആചരിക്കുന്നില്ല. എന്നാൽ മറ്റുള്ളവർ പറഞ്ഞു, പാപിയായ ഒരു മനുഷ്യന് എങ്ങനെ ഇത്തരം അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയും? അങ്ങനെ അവരുടെ ഇടയിൽ ഭിന്നതയുണ്ടായി" (9,16). അവർ തർക്കിച്ചശേഷം വീണ്ടും അന്ധന്റെ നേരേ തിരിഞ്ഞ് തങ്ങളുടെ ഭിന്നതയുടെ വിധിയാളനെന്ന നിലയിൽ അവനോടു പറഞ്ഞു, "നിന്റെ കണ്ണുകൾ തുറന്നവനെപ്പറ്റി നീ എന്തുപറയുന്നു?" (9,17). ഈ അത്ഭുതം നിമിത്തം യേശു കൂടുതൽ സ്വീകാര്യനായിതീർന്നോ, അതോ, സാബത് ലംഘനം നിമിത്തം അസ്വീകാര്യനായി മാറിയോ? അതുകൊണ്ട്, നിന്റെ കണ്ണു തുറന്നവനെപ്പറ്റി നീ എന്തുപറയുന്നു? അവനെപ്പറ്റിയുള്ള നിന്റെ അഭിപ്രായം എന്താണ്? (9,17). ഈ ചോദ്യങ്ങൾക്ക് ബുദ്ധിപൂർവം മറുപടി നൽകിക്കൊണ്ട് അന്ധൻ പറഞ്ഞു, "അവൻ ഒരു പ്രവാചകനാണ് " (9,17). അങ്ങനെയാണ് ഞാൻ അവനെ പരിഗണിക്കുന്നത്. അവൻ ചെയ്ത പ്രവൃത്തി നിമിത്തം അങ്ങനെ അവനെപ്പറ്റി പറയണമെന്ന് എനിക്കു തോന്നുന്നു.

നടന്ന അത്ഭുതം രോഗശാന്തിശക്തിയുടെ സാക്ഷ്യമായി കരുതപ്പെടുന്നെന്നും സൗഖ്യം പ്രാപിച്ച അന്ധൻ തന്നെ തനിക്ക് ലഭിച്ച സഹായകനെ വ്യക്തമായി ഏറ്റുപറയുന്നെന്നും തന്നെ സഹായിച്ചവന്റെ ഔന്നത്യം പ്രഖ്യാപിക്കുന്നെന്നും കണ്ടപ്പോൾ, അവർ സംശയിക്കാൻ തുടങ്ങി: ഇപ്പോൾ സൗഖ്യം പ്രാപിച്ച ഈ മനുഷ്യൻ നേരത്തേ അന്ധനായിരുന്നോ അതോ മറ്റൊരാളാണോ? അതുകൊണ്ട്, അവർ അവന്റെ മാതാപിതാക്കളെ വിളിക്കാൻ നിർബന്ധിതരായി. മാതാപിതാക്കളോട് അവർ ചോദിച്ചു, എങ്ങനെയാണ് അവൻ ഇപ്പോൾ കാണുന്നത്? അവന് എങ്ങനെ

www.malankaralibrary.com



കാഴ്ച ലഭിച്ചു എന്നറിയാഞ്ഞതിനാൽ, വ്യക്തമായ ഉത്തരം നൽകാൻ അവന്റെ മാതാപിതാക്കൾക്ക് കഴിഞ്ഞില്ല. അവർ സന്നിഗ്ധാവസ്ഥയിലായി. തന്മൂലം അവനെ അവർ തള്ളിപ്പറയുമെന്ന് ഫരിസേയർ കരുതി. മാതാപിതാക്കളാകട്ടെ വളരെ വിവേകപൂർവം മറുപടി പറഞ്ഞു: "അവൻ ഞങ്ങളുടെ മകനാണെന്നും അവൻ അന്ധനായി ജനിച്ചെന്നും ഞങ്ങൾക്കറിയാം. എന്നാൽ ഇപ്പോളവൻ എങ്ങനെ കാണുന്നെന്നും അവന്റെ കണ്ണുകൾ ആരു തുറന്നെന്നും ഞങ്ങൾക്കറിഞ്ഞു കൂടാ. അത് അവനോടു തന്നെ ചോദിക്കുവിൻ. അവന് പ്രായമായല്ലോ. തന്നെക്കുറിച്ച് അവൻതന്നെ പറയും" (9,20-21).

സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു: "യഹൂദരെ ഭയന്നിട്ടാണ് അവന്റെ മാതാപിതാക്കൾ ഇങ്ങനെ പറഞ്ഞത്: കാരണം, യേശുവിനെ, *ക്രിസ്തു* എന്ന് ആരെങ്കിലും പരസ്യമായി ഏറ്റുപറഞ്ഞാൽ അവനെ സിനഗോഗിൽ നിന്ന് പുറത്താക്കണമെന്ന് യഹൂദർ തീരുമാനിച്ചിരുന്നു" (9,22). അതുകൊണ്ട്, അവനെ സുഖപ്പെടുത്തിയത് ആരെന്നും എങ്ങനെയെന്നും അവന്റെ മാതാപിതാക്കൾക്ക് അറിയാമായിരുന്നെന്നു വ്യക്തം. എന്നാൽ യഹൂദരെ കുറിച്ചുള്ള ഭയം നിമിത്തമാണ് അവർക്കിഷ്ടമില്ലാത്തവ തുറന്നുപറയാതെ, അവൻ തന്നെ പറയട്ടെയെന്നു പറഞ്ഞത്. അന്ധനായിരുന്ന മനുഷ്യനെ അവർ വീണ്ടും വിളിച്ചുവരുത്തി കൂടുതൽ ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. കാരണം, അവൻ എങ്ങനെ സുഖപ്പെട്ടു എന്നതിനെക്കുറിച്ച് പരസ്യമായി സംസാരിക്കുന്നതായി യഹൂദർ അറിഞ്ഞു. അവർ അവനോട് പറഞ്ഞു: "ദൈവത്തെ മഹത്വപ്പെടുത്തുക. ആ മനുഷ്യൻ പാപിയാണെന്ന് ഞങ്ങൾക്കറിയാം"(9,24). യാഥാർഥ്യം നിഷേധിക്കാൻ അവർക്ക് കഴിയാതിരുന്നതിനാൽ അവനോടു പറഞ്ഞു, "നിനക്കു സംഭവിച്ചത് ദൈവകൃപയാണെന്ന് കരുതുക. അവൻ പാപിയാണെന്ന് നീ വിശ്വസിക്കണം. അവൻ അങ്ങനെയാണെന്നാണ് ഞങ്ങളുടെ അറിവ്." സൗഖ്യം പ്രാപിച്ചവൻ വിവേകപൂർവം മറുപടി പറഞ്ഞു, "അവൻ പാപിയോണോ എന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ ഒരു കാര്യം എനിക്കറിയാം. ഞാൻ അന്ധനായിരുന്നു. ഇപ്പോൾ ഞാൻ കാണുന്നു" (9,25-26).

എനിക്കറിയാൻ പാടില്ലാത്തത് പ്രസ്താവിക്കാൻ എനിക്ക് മനസ്സില്ലെന്ന് അവൻ പറഞ്ഞു. എനിക്ക് അറിയാവുന്നത് മറച്ചു വയ്ക്കാനോ പറയാതിരിക്കാനോ എനിക്കാവില്ല. വാസ്തവത്തിൽ നിങ്ങൾ പറയുന്നതു പോലെ ഉള്ളവനാണോ അവനെന്ന് എനിക്കറിഞ്ഞുകൂടാ. അവൻ പാപിയാണ് എന്നതിന് എനിക്ക് തെളിവൊന്നുമില്ല. ഞാൻ അന്ധനായിരുന്നു, കാഴ്ച കിട്ടുമെന്ന പ്രതീക്ഷയും ഇല്ലായിരുന്നു. എന്റെ പ്രതീക്ഷയ്ക്കപ്പുറം

www.malankaralibrary.com



എനിക്ക് കാഴ്ചകിട്ടി. ഇതെനിക്ക് നന്നായറിയാം. പാപിക്ക് ഇത് ചെയ്യാൻ സാധിക്കുമോയെന്ന് നിങ്ങൾ തന്നെ വിധിക്കുവിൻ. കാരണം, നിങ്ങളാണ് അങ്ങനെ പറഞ്ഞത്. അവൻ വളരെ വിവേകത്തോടെയാണ് പ്രത്യുത്തരിച്ചത്. അവന്റെ സംസാരം മിതമായിട്ടായിരുന്നു. തന്നോട് ചോദിച്ചവരോട് തർക്കിക്കാൻ അവൻ തയാറായില്ല. അവൻ പാപിയായിരുന്നെങ്കിൽ ഇതുചെയ്യാൻ അവനു കഴിയുമായിരുന്നില്ല എന്ന് അവൻ തന്റെ നിശ്ശബ്ദതയിലൂടെ തെളിയിക്കുന്നു.

അവർ അവനോടു ചോദിച്ചു, "അവൻ എങ്ങനെയാണ് നിന്റെ കണ്ണുകൾ തുറന്നത്?" അപ്പോൾ അവൻ അവരെ കുറ്റപ്പെടുത്തിക്കൊണ്ടും കളിയാക്കിക്കൊണ്ടും നിന്ദിച്ചുകൊണ്ടും പറഞ്ഞു: "നിങ്ങളോടു ഞാൻ പറഞ്ഞു കഴിഞ്ഞല്ലോ. അപ്പോൾ നിങ്ങൾ കേട്ടില്ല. എന്തുകൊണ്ടാണ് വീണ്ടും കേൾക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നത്? നിങ്ങളും അവന്റെ ശിഷ്യരാകാൻ ആഗ്രഹിക്കുന്നുവോ?" (9,27) – "ഞാൻ നിങ്ങളോടു പറഞ്ഞെങ്കിലും നിങ്ങൾ കേട്ടില്ല" എന്ന വാക്കുകൾ വ്യക്തമായ കുറ്റപ്പെടുത്തലാണ്. അവർ സത്യം സ്വീകരിക്കുന്നില്ല. "നിങ്ങളും അവന്റെ ശിഷ്യരാകാൻ ആഗ്രഹിക്കുന്നുവോ?" എന്ന വാക്കുകൾ അവരെ കളിയാക്കുന്നതും അവഹേളിക്കുന്നതുമാണ്.

അവന്റെ വാക്കുകൾ ഫരിസേയർക്ക് രസിക്കാഞ്ഞതിനാൽ അവനെ ദുഷിച്ചുകൊണ്ട് അവനോട് പറഞ്ഞു, "നീയാണ് അവന്റെ ശിഷ്യൻ. ഞങ്ങൾ മോശയുടെ ശിഷ്യരാണ്. ദൈവം മോശയോടു സംസാരിച്ചെന്ന് ഞങ്ങൾക്കറിയാം. എന്നാൽ ഈ മനുഷ്യൻ എവിടെ നിന്നാണെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ" (9,28–29). അവർക്ക് അതും അറിഞ്ഞുകൂടാ. കാരണം, ദൈവം മോശയോടു സംസാരിച്ചപ്പോൾ അവർ സന്നിഹിതരല്ലായിരുന്നു. അതുകൊണ്ട്, അന്ധനായിരുന്നവൻ അവരെ കൂടുതൽ ശക്തമായി കളിയാക്കിക്കൊണ്ടും കർത്താവിനെ മഹത്വീകരിച്ചുകൊണ്ടും പറഞ്ഞു, "ഇതു വിചിത്രമായിരിക്കുന്നു. അവൻ എവിടെ നിന്നാണെന്ന് നിങ്ങൾ അറിയുന്നില്ല. എന്നാൽ അവൻ എന്റെ കണ്ണുകൾ തുറന്നു. അവൻ ദൈവത്തിൽ നിന്നല്ലെങ്കിൽ, ഒന്നും ചെയ്യാൻ അവനു കഴിയുമായിരുന്നില്ല" (9,30–33).

അതുകൊണ്ട്, മാനുഷികചിന്തയിൽ ഉന്നതനായി കണ്ട് അവനെ അംഗീകരിക്കണം. അവൻ എവിടെ നിന്നാണെന്ന് നിങ്ങൾക്ക് അറിയില്ലെങ്കിലും, എനിക്കുവേണ്ടി ചെയ്ത അത്ഭുതം അവന്റെ ശക്തി തെളിയിക്കുന്നു. അവന്റെ ശക്തിയെ കുറിച്ച് സൂചനയൊന്നും ഇല്ലായിരുന്നെങ്കിൽ, അവനെ അറിയാത്ത നിങ്ങൾക്ക് മറ്റുള്ളവരുടെ സാക്ഷ്യം വേണ്ടിവരുമായിരുന്നു. അവനൊരു വലിയ മനുഷ്യനാണെന്ന് പ്രസ്തുത

www.malankaralibrary.com



അത്ഭുതങ്ങൾ തെളിയിക്കുന്നു. നിങ്ങളാകട്ടെ, അവൻ ആരാണെന്നോ, എവിടെ നിന്നാണെന്നോ അറിയുന്നുമില്ല. അവൻ നിങ്ങളുടെ മാനുഷിക ധാരണകൾക്ക് ഉപരിയാണെന്നാണ് അത്ഭുതങ്ങളുടെ വലിപ്പത്താലും നിങ്ങളുടെ അജ്ഞതയാലും വെളിപ്പെടുന്നത്. അവനെ പാപി എന്നു വിളിക്കാൻ സാധിക്കയില്ലെന്ന് ഈ വസ്തുതകളിൽനിന്ന് വ്യക്തമാണ്. ദൈവമാകട്ടെ പാപികളുടെ യാചന കേൾക്കുന്നില്ല.

മറിച്ച്, ദൈവതിരുമനസ്സ് വിശ്വസ്തതാപൂർവം നിറവേറ്റുകയും സത്പ്രവൃത്തികൾ കാണിക്കുകയും ചെയ്യുന്നവരുടെ സ്വരമാണ് കേൾക്കാറുള്ളത്. കൂടാതെ, ഇവിടെ സംഭവിച്ചത് അത്ര നിസ്സാരകാര്യമല്ല. സാധാരണ സുകൃതമുള്ളവരെ ദൈവം കേൾക്കുന്ന കാര്യവുമല്ല. കാരണം, അവൻ ജന്മനാ അന്ധനായവനെയാണ് സുഖപ്പെടുത്തിയത്. ഇത് ഒരിക്കലും കേട്ടുകേൾവിപോലും ഉള്ളതല്ല. നിങ്ങൾ പ്രശംസിക്കുന്ന മോശപോലും ഇതുപോലെ ചെയ്തതായി അറിവില്ല. അതുകൊണ്ട്, ദൈവതിരുമനസ്സ് അനുസരിച്ച് അവൻ എല്ലാക്കാര്യവും ചെയ്തിരുന്നില്ലെങ്കിൽ, ഈ അത്ഭുതം പ്രവർത്തിക്കാൻ അവനു കഴിയുമായിരുന്നില്ല എന്നത് സുവ്യക്തം. അതുകൊണ്ട്, സൗഖ്യം പ്രാപിച്ചവന്റെ ഉപദേശം സ്വീകരിക്കാൻ നാം കടപ്പെട്ടവരാണ്. മാത്രമല്ല, അവൻ തന്റെ ഉപകാരിയോട് തികഞ്ഞ സ്നേഹം കാണിച്ചെന്നും യേശു ആശ്രയിക്കത്തക്കവൻ ആണെന്ന അവബോധം തെളിയിക്കാനുള്ള ഭാരം ഏറ്റെടുത്തെന്നും അംഗീകരിക്കേണ്ടതു തന്നെയാണ്. ഞങ്ങൾ അവനെ അറിയുന്നില്ലെന്ന് ഫരിസേയർ പറഞ്ഞതിൽ നിന്നും ചെയ്ത അത്ഭുതത്തിൽ നിന്നും ദൈവം പാപികളെയല്ല തന്റെ ഭക്തരെയാണ് ശ്രവിക്കുന്നത് എന്നതിൽ നിന്നും ആദ്യമായിട്ടാണ് ഇങ്ങനെ ഒരു മനുഷ്യൻ വഴി ഇത്തരമൊന്നു നടക്കുന്നത് എന്നതിൽ നിന്നും അവർക്കെതിരെ അവൻ ഉന്നയിച്ച വാദമുഖങ്ങളിലുള്ള വിജ്ഞാനം പ്രശംസനീയമാണ്. നന്മയായാലും തിന്മയായാലും ഒരാൾ ചെയ്ത ഒരു വലിയ കാര്യമായി ഇത് കാണപ്പെടുന്നു.

തങ്ങളോട് അവൻ കാണിച്ച ധാർഷ്ട്യം സഹിക്കാൻ പറ്റാതെ വന്നതുകൊണ്ടും അവന്റെ കുറ്റപ്പെടുത്തലുകൾക്ക് മറുപടി പറയാൻ കഴിയാത്തതുകൊണ്ടും അവനെ കടന്നാക്രമിച്ചു കൊണ്ട് അവർ പറഞ്ഞു, "തികച്ചും പാപത്തിൽ പിറന്ന നീ ഞങ്ങളെ പഠിപ്പിക്കുന്നുവോ? അവർ അവനെ പുറത്താക്കി"(9,34). അന്ധനായിരുന്നവൻ വിവേകത്തോടും കൂർമബുദ്ധിയോടും കൂടെയാണ് അവരോട് മറുപടി പറഞ്ഞത്. തന്റെ ഉപകാരിയെ പ്രതിയാണ് താൻ പുറത്താക്കപ്പെട്ടത് എന്നതിൽ അവൻ സന്തോഷിച്ചു. അതുകൊണ്ട്, അത് അവനെ അധികം വേദനിപ്പിച്ചില്ല. അവർ അവനെ പുറത്താക്കിയെന്ന് യേശു കേട്ടു. ഇതു സംഭവിച്ചപ്പോൾ സന്നിഹിതരായിരുന്ന വലിയ ജനക്കൂട്ടത്തിൽ ചിലരാണ് യേശുവിനോടു

www.malankaralibrary.com



പറഞ്ഞത്. അവൻ തന്റെ പ്രവൃത്തികളിലൂടെ യോഗ്യനാണെന്ന് കണ്ടതിനാൽ, അവന് കൂടുതൽ ആഴമായ അറിവ് നൽകാൻ യേശു ആഗ്രഹിച്ചു. "അവനെ കണ്ടപ്പോൾ യേശു ചോദിച്ചു, മനുഷ്യപുത്രനിൽ നീ വിശ്വസിക്കുന്നുവോ?" (9,35). കുരുടനാകട്ടെ, സ്വരം കൊണ്ടാണ് യേശുവിനെ തിരിച്ചറിഞ്ഞത്. അവനെ കണ്ണുകൊണ്ട് കണ്ടിട്ടില്ലായിരുന്നു. അതുകൊണ്ട്, അവൻ ചോദിച്ചു, "കർത്താവേ, ഞാൻ അവനിൽ വിശ്വസിക്കേണ്ടതിന് അവൻ ആരാണ്?" (9,36).

അപ്രതീക്ഷിതമായി തനിക്ക് കാണാൻ കഴിഞ്ഞവൻ ദൈവ പുത്രൻതന്നെ ആയേക്കാമെന്ന് കരുതിയാണ് ബഹുമാനപൂർവം അവൻ ചോദിച്ചത്. നമ്മുടെ കർത്താവ് അവന് ഉത്തരമരുളി, "നീ അവനെ കണ്ടുകഴിഞ്ഞു, നിന്നോടു സംസാരിക്കുന്നവൻ തന്നെയാണ് അവൻ" (9,37). ഞാൻ തന്നെയാണ് എന്നു പറയാതെ, അവന്റെ തന്നെ വാക്കുകളിൽ യേശു തന്നെത്തന്നെ ചൂണ്ടിക്കാണിക്കുന്നു. ഞാൻ തന്നെ എന്നതിനു പകരം നിന്നോടു സംസാരിക്കുന്നവനാണ് അവൻ എന്നാണ് പറഞ്ഞത്. ഇങ്ങനെയാണ് സമറിയാക്കാരിയോടും പറഞ്ഞത്. അവിടെ അവൾ തനിച്ചായിരുന്നതുകൊണ്ട്, നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെയാണ് എന്ന് വ്യക്തമായി പറയാൻ മടിച്ചില്ല (4,26). ഇവിടെയാകട്ടെ, അവിശ്വാസികളായ ധാരാളം പേരുണ്ടായിരുന്നു. അതുകൊണ്ട്, പരോക്ഷമായിട്ടാണ് അവൻ തന്നെത്തന്നെ വെളിപ്പെടുത്തിയത്. സൗഖ്യം പ്രാപിച്ച അന്ധൻ കേട്ട ഉടൻതന്നെ അവനെ ആരാധിച്ച് തന്റെ വിശ്വാസം പ്രകടമാക്കി.

അത്ഭുതങ്ങൾ നടന്നശേഷം പതിവായി കൊടുത്തു കൊണ്ടിരുന്ന പൊതുപ്രബോധനം നമ്മുടെ കർത്താവ് പഠിപ്പിക്കാൻ തുടങ്ങി. സംഗതികളുടെ മാഹാത്മ്യം വാക്കുകളെ സ്ഥിരീകരിച്ചു. അവൻ പറഞ്ഞു, "കാഴ്ചയില്ലാത്തവർ കാണുകയും കാഴ്ചയുള്ളവർ അന്ധരായി തീരുകയും ചെയ്യേണ്ടതിന്, ന്യായവിധിക്കായിട്ടാണ് ഞാൻ ഈ ലോകത്തിലേക്ക് വന്നത്"(9,39). മറ്റൊരു സ്ഥലത്ത് അവൻ പറയുന്നു, "ലോകത്തെ ശിക്ഷയ്ക്ക് വിധിക്കാനല്ല ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത് "(9,39). ഇവിടെയാകട്ടെ, "ഈ ലോകത്തിന്റെ ന്യായവിധിക്കായിട്ടാണ് ഞാൻ വന്നത് " എന്നു കാണുന്നു. നേരത്തേ പറഞ്ഞത് തന്റെ വരവിന്റെ ഉദ്ദേശ്യത്തെപ്പറ്റിയാണ്. എല്ലാ മനുഷ്യരും ജീവൻ പ്രാപിക്കുക എന്നതാണ് അവന്റെ വരവിന്റെ ഉദ്ദേശ്യം. ഇവിടെയാകട്ടെ, കാര്യങ്ങളുടെ അന്ത്യത്തെക്കുറിച്ചു പറയുന്നു. എല്ലാ മനുഷ്യരെയും രക്ഷിക്കണമെന്നതാണ് തിരുമനസ്സെങ്കിലും, തങ്ങളുടെ ദുഷ്ടമനസ്സാക്ഷി നിമിത്തം അവിശ്വാസികൾ ശിക്ഷിക്കപ്പെടണം - ഇവിടെ വസ്തുതകളിൽ നിന്നുള്ള നിഗമനത്തെ സൂചിപ്പിക്കുന്നു. ആരാണ്

www.malankaralibrary.com



ശരിയായ കാഴ്ചയുള്ളവൻ, ആരാണ് യഥാർഥത്തിൽ അന്ധൻ എന്നറിയാൻ, മനുഷ്യരെ പരിശോധിക്കാൻ ഞാൻ വന്നിരിക്കുന്നു. അന്ധനെന്നു കരുതപ്പെട്ടവൻ കാണാൻ രണ്ടുപ്രാവശ്യം കണ്ണുകൾ സ്വീകരിച്ചു. അതായത്, ആദ്യം ശാരീരിക നയനങ്ങളും രണ്ടാമത് ആത്മാവിന്റെ പൂർണതയ്ക്കായി മതാത്മക പ്രബോധനങ്ങളും സ്വീകരിച്ചു. ശാരീരിക നയനങ്ങൾ കൊണ്ട് കാണുന്നവരെന്ന് കരുതപ്പെടുന്നവരും നിയമത്തിന്റെ അനുശാസനങ്ങൾ വിശദീകരിക്കാൻ കടപ്പെട്ടവരുമായവർ രണ്ടുതരത്തിലും അന്ധരായി കാണപ്പെടുന്നു. കാരണം, അവർ സത്യം സ്വീകരിക്കുന്നില്ല. തങ്ങളുടെ ശാരീരിക നയനങ്ങൾ കൊണ്ട് കണ്ട പ്രവൃത്തികളിലും വിശ്വസിക്കുന്നില്ല.

ഇതുകേട്ട ഫരിസേയർ അവനോടു പറഞ്ഞു: "ഞങ്ങളും അന്ധരാണോ?" (9,40). പാപത്തിൽ നിന്നുള്ള മോചനത്തെപ്പറ്റി കർത്താവ് മുമ്പ് സംസാരിച്ചപ്പോൾ, ശാരീരികമായ അടിമത്തത്തെപ്പറ്റിയാണ് അവൻ സംസാരിക്കുന്നതെന്ന് തെറ്റിദ്ധരിച്ച് "ഞങ്ങൾ അബ്രഹാമിന്റെ സന്തതി കളാണ്" എന്നും "ഞങ്ങൾ ആരുടെയും അടിമകളല്ല" എന്നും ഫരിസേയർ പറഞ്ഞിരുന്നല്ലോ. അതുപോലെ ഇവിടെയും. കർത്താവ് ആത്മീയമായ അന്ധതയെപ്രതി അവരെ കുറ്റപ്പെടുത്തിയപ്പോൾ, തങ്ങളുടെ ശാരീരിക നയനങ്ങൾക്ക് നല്ല കാഴ്ചയുണ്ടെന്ന് അവർ പറയുന്നു. "അതുകൊണ്ട് നിങ്ങളിൽ പാപം നിലനിൽക്കുന്നു" (9,41).- അവർ ആത്മപ്രശംസ നടത്തിയ കാര്യങ്ങൾ കൊണ്ടുതന്നെ അവരുടെ പാപം ഗൗരവമുള്ളതാക്കിയെന്ന് അവൻ പറയുന്നു. എന്ത്? നിങ്ങൾ കാണുന്നെന്ന് പറയുന്നുവോ? നിങ്ങൾ അന്ധരായിരുന്നെങ്കിൽ നന്നായിരുന്നു. അങ്ങനെ ആയിരുന്നെങ്കിൽ അവിശ്വാസികൾക്കുള്ള അൽപം ഇളവ് നിങ്ങൾക്ക് ലഭിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ നിങ്ങൾ കാണുകയും ഒരിക്കൽ അന്ധനായിരുന്നവനും ഇപ്പോൾ കാഴ്ചയുള്ളവനുമായവനെ നിങ്ങളുടെ കണ്ണുകൾ കൊണ്ടുതന്നെ കണ്ടിട്ടും പ്രസ്തുത കാര്യങ്ങൾ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്ന തിനാൽ, നിങ്ങൾക്ക് യാതൊരു ഒഴികഴിവുമില്ല. മറിച്ച്, നിങ്ങളുടെ അവിശ്വാ സം നിമിത്തം വ്യക്തമായ ശിക്ഷാവിധിക്കു നിങ്ങൾ വിധേയരാകും.

### യേശു നല്ല ഇടയൻ

അവരോട് ഇവ പറഞ്ഞശേഷം അവരേക്കാൾ അവരുടെ പ്രബോധനാധികാരത്തിന് മുൻഗണന കൊടുക്കുന്നുവെന്ന് ഉപമാമയമായി പറയാൻ തുടങ്ങി. നിയമജ്ഞരും നിയമപണ്ഡിതരും ജനത്തിന്റെ ഇടയിലെ മൂപ്പന്മാരും എന്ന നിലയിൽ, അതായത്, ഈ കാര്യത്തിൽ അധികാരമുള്ള മനുഷ്യർ, അന്ധനെ പുറത്താക്കിയതുകൊണ്ട്, യേശു അവനെ സ്വീകരിച്ചു. അവനെ പുറന്തള്ളാനുള്ള അധികാരം അവർക്കല്ല, തനിക്കാണുള്ളതെന്ന് പ്രസ്തുത സംഗതികളിൽനിന്ന് തെളിയിക്കാൻ അവൻ ആഗ്രഹിച്ചു. പണ്ഡി

www.malankaralibrary.com



തരുടെ ഔന്നത്യം താൻ പിടിച്ചുപറ്റുന്നെന്ന് പുറമേ കാണപ്പെടാതിരിക്കാൻവേണ്ടി ആലങ്കാരികമായിട്ടാണ് അവൻ ഇവ അവരോടു പറഞ്ഞത്. നമ്മുടെ കർത്താവ് ഉപമകളിലൂടെയാണ് ഇത് പറയുന്നതെന്നു വ്യക്തമാകയാൽ, ഉപമയെപ്പറ്റി കൂടുതലായി പറയേണ്ടിയിരിക്കുന്നു. വായനക്കാരുടെ അറിവിനായി തുടർന്ന് അവന്റെ വിശദീകരണം അവതരിപ്പിക്കാം.

ഇങ്ങനെ പറഞ്ഞിരിക്കുന്നു: ''സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ആട്ടിൻതൊഴുത്തിലേക്ക് വാതിലിലൂടെ അല്ലാതെ മറ്റുവഴിക്കു കടക്കുന്നവൻ കള്ളനും കവർച്ചക്കാരനുമാണ്. എന്നാൽ, വാതിലിലൂടെ പ്രവേശിക്കുന്നവൻ ആടുകളുടെ ഇടയനാണ്. കാവൽക്കാരൻ അവന് വാതിൽ തുറന്നുകൊടുക്കുന്നു. ആടുകൾ അവന്റെ സ്വരം കേൾക്കുന്നു. അവൻ തന്റെ ആടുകളെ പേരുചൊല്ലി വിളിക്കുകയും പുറത്തേക്കു നയിക്കുകയും ചെയ്യുന്നു. തനിക്കുള്ളതിനെയെല്ലാം പുറത്തിറക്കിയിട്ട്, അവൻ അവയ്ക്ക് മുമ്പേ നടക്കുന്നു. അവന്റെ സ്വരം തിരിച്ചറിയുന്നതുകൊണ്ട് ആടുകൾ അവനെ അനുഗമിക്കുന്നു. അവ ഒരിക്കലും അപരിചിതനെ അനുഗമിക്കുകയില്ല. അന്യരുടെ സ്വരം അറിയാത്തതിനാൽ അവ അവരിൽ നിന്ന് ഓടിയകലും. യേശു അവരോട് ഈ ഉപമ പറഞ്ഞു. എന്നാൽ അവൻ തങ്ങളോടു പറഞ്ഞതെന്തെന്ന് അവർ മനസ്സിലാക്കിയില്ല''(10,1-6). - കർത്താവു പറഞ്ഞ ഈ ഉപമയുടെ അർഥം യഹൂദർ ഗ്രഹിച്ചില്ല. അവർക്കെന്നതുപോലെ, നമുക്കും മറഞ്ഞിരിക്കുന്ന ഈ വാക്കുകൾ, ദൈവസഹായത്താൽ വിശദീകരിച്ച്, ഈ ഗ്രന്ഥം വായിക്കുന്നവർക്കുവേണ്ടി അർഥം പറയാൻ ഞാൻ മുതിരുന്നു. കർത്താവ് ഇതാണ് ഉദ്ദേശിക്കുന്നത്. മറഞ്ഞിരുന്ന് മോഷ്ടിക്കാൻ വാതിലിലൂടെ അല്ലാതെ ആട്ടിൻതൊഴുത്തിലേക്കു കള്ളൻ കടക്കുന്നു. ആട്ടിടയനാകട്ടെ മറ്റൊരിടത്തുകൂടി കടക്കാൻ ശ്രമിക്കുന്നില്ല. കാരണം, അവന് വാതിലിലൂടെ കടക്കാൻ കഴിയും. അവൻ ആടുകളെ മേയിക്കാൻ വാതിലിലൂടെ പതിവായി കൊണ്ടുപോകുന്നു. ഇടയനെ തിരിച്ചറിഞ്ഞ് ആടുകൾ അവനെ അനുഗമിക്കുന്നു. സ്വരം തിരിച്ചറിയാത്ത അപരിചിതരിൽ നിന്ന് അവ ഓടിയകലുന്നു. അതുപോലെ ഇപ്പോഴും....

ആട്ടിൻതൊഴുത്ത് നിയമപ്രബോധനമാണെന്നാണ് സങ്കൽപം. ഈ പ്രബോധനത്തിന് വിധേയരാണ് ആടുകൾ. അതായത്, പ്രസ്തുത അനുശാസനങ്ങൾ അനുസരിച്ച് ജീവിക്കാമെന്ന് ഒരിക്കൽ വാഗ്ദാനം ചെയ്തവർ. ഈ തൊഴുത്തിന്റെ വാതിൽകാവൽക്കാരൻ ഭാഗ്യവാനായ മോശയാണ്. നിയമത്തിന്റെ അനുശാസനങ്ങളിലൂടെ അവൻ ഈ തൊഴുത്ത് ഉറപ്പിച്ചു. അവിടെ അവന്റെ നിയമം അനുസരിച്ച് ജീവിതം നയിക്കുന്നവർ സുരക്ഷിതരായിരിക്കും. ആടുകളുടെ ഇടയൻ, പഠിപ്പിക്കാനുള്ള ദൗത്യം യഥാർഥത്തിൽ സ്വീകരിച്ചവൻ, ശരിയായ വാതിലിൽകൂടി പ്രവേശിക്കുന്നു. അതായത്, നിയമത്തിന്റെ പ്രബോധനം അനുസരിച്ച്, ശ്രദ്ധയോടെ

www.malankaralibrary.com



ജീവിക്കുന്നു. അങ്ങനെ മാന്യമായി തൊഴുത്തിൽ പ്രവേശിക്കുന്നു. അപ്പോൾ മറ്റുള്ളവരെ പ്രബോധനമാകുന്ന മേച്ചിൽസ്ഥലത്തേക്ക് ആടുകളെപ്പോലെ ആനയിക്കുന്നു. അവർ ആഹരിക്കേണ്ട ദിവ്യവചനമാകുന്ന ആഹാരം അവർക്ക് കാണിച്ചു കൊടുക്കുന്നു. വാക്കുകളുടെ അർഥം എന്താണെന്നും തിരുലിഖിതം എങ്ങനെ മനസ്സിലാക്കണമെന്നും, ആടുകളുടെ നാശത്തിനായി മറ്റുള്ളവർ ചതിവായി നൽകിയ അബദ്ധപ്രബോധനം ഏതാണെന്നും എങ്ങനെ തിരസ്കരിക്കണമെന്നും ചൂണ്ടിക്കാണിക്കാൻ അവർക്ക് കടമയുണ്ട്. അത്തരക്കാരനാണ് ശരിയായ ഇടയൻ. ഇതിനെതിരെ പ്രവർത്തിക്കുന്നവൻ കള്ളനും കവർച്ചക്കാരനുമാണ്. അവൻ നേരായ വാതിലിലൂടെ കടക്കുന്നില്ല. അവൻ നിയമത്തിന്റെ അനുശാസനങ്ങളിൽ പ്രത്യേക ശ്രദ്ധവയ്ക്കുന്നില്ല. തന്റെ ചുമതലയിലുള്ളവരെ പഠിപ്പിക്കുന്നെങ്കിലും, താനാണ് വാതിലെന്നും തനിക്ക് പഠിപ്പിക്കാൻ അധികാരം ഉണ്ടെന്നും വ്യർഥമായി അവകാശപ്പെടുന്നു. പക്ഷേ ഈ സ്ഥാനത്തിന്റെ ബഹുമാനം കിട്ടേണ്ടതിന് ചെയ്യേണ്ടവയൊന്നും ചെയ്യുന്നില്ല. ആടുകൾക്ക് ഉപദ്രവകരമായവ ധിക്കാരപൂർവം എങ്ങനെയെങ്കിലും ചെയ്തുകൂട്ടുന്നു. എന്തുകൊണ്ടെന്നാൽ, നിയമത്തിന്റെ അനുശാസനങ്ങളിൽ ആദ്യം തന്നെത്തന്നെ പരിശീലിപ്പിക്കാത്തവൻ എങ്ങനെയാണ് മറ്റുള്ളവർക്ക് പ്രയോജനപ്രദമാകുക?

ഞാനോ നിങ്ങളോ ആരാണ് ശരിയായ വാതിൽ ഉപയോഗിക്കുന്നതെന്ന് നിങ്ങൾക്ക് മനസുണ്ടെങ്കിൽ നമുക്ക് അന്വേഷിക്കാമെന്ന് കർത്താവ് അരുളിച്ചെയ്യുന്നു. നിയമത്തിന്റെ അനുശാസനങ്ങൾ ആരാണ് കൃത്യമായി അനുസരിക്കുന്നത്? തൊഴുത്തിന്റെ കാവൽക്കാരനായ മോശ യഥാർഥത്തിൽ ആർക്കാണ് വാതിൽ തുറന്നു കൊടുക്കുന്നത്? പൂർത്തിയാക്കിയ ദൗത്യത്തിലൂടെ ആരെയാണ് അവൻ പ്രശംസിക്കുകയും യോഗ്യനായി കാണുകയും ചെയ്യുന്നത്? അവൻ ചെയ്തവ മൂലം ആരെയാണ് ഇടയനായി പ്രഖ്യാപിക്കുന്നത്?മോശ തന്റെ പുസ്തകത്തിൽ നിയമത്തിന്റെ അനുശാസനങ്ങൾ അനുവർത്തിക്കുന്നതിനെ പ്രശംസിക്കുന്നു. അവയുടെ പൂർത്തീകരണം നിങ്ങളുടെ പക്കലല്ല, എന്റെ പക്കലാണ് കാണപ്പെടുക. അതുകൊണ്ട് നിങ്ങളുടെ പക്കലല്ല പ്രബോധനാധികാരം അഥവാ ബഹുമാനം. നിങ്ങൾ ആടുകളുടെ നന്മയ്ക്കായിട്ടല്ല പ്രവർത്തിക്കുക. നിങ്ങളുടെ തന്നെ സൗകര്യങ്ങളാണ് നിങ്ങൾ നോക്കുന്നത്. അതുകൊണ്ട്, ആധികാരികമായി ആരേയും പുറന്തള്ളാൻ നിങ്ങൾക്ക് സാധിക്കുകയില്ല. നിങ്ങൾ പുറന്തള്ളിയവർ കഷ്ടപ്പെടാൻ ഇടയാകരുത്. ഞാൻ ന്യായമായും ഉചിതമായും ഇടയൻ എന്നു വിളിക്കപ്പെടുന്നു. കാരണം, ഒന്നാമതായി ഞാൻ നിയമം കൃത്യമായി പാലിച്ചു. വാതിൽ കാവൽക്കാരൻ എനിക്കു കാണിച്ചുതന്ന യഥാർഥ വാതിലിൽകൂടി ഞാൻ കടക്കുന്നു. അവസാനമായി, ആടുകളുടെ പ്രയോജനത്തിനായി വേണ്ട സർവസംഗതികളും ഞാൻ ചെയ്യുന്നു.

www.malankaralibrary.com



അതുകൊണ്ട്, ഞാൻ ആരെയെങ്കിലും സത്യത്തിൽ നിന്ന് പിൻതള്ളിയാൽ, പിൻതള്ളപ്പെട്ടവൻ താഴെവീഴുന്നു. പുറന്തള്ളപ്പെട്ട ആരെയെങ്കിലും ഞാൻ സ്വീകരിച്ചാൽ, അവൻ സത്യത്തിനു പുറത്തല്ല. കാരണം, നിങ്ങൾ പുറന്തള്ളുന്നെങ്കിലും, ഞാൻ അവനെ സ്വീകരിച്ചതിനാൽ, അവൻ ദൈവഭയമാകുന്ന നിയമത്തിന്റെ അകത്താണ്. നമ്മുടെ കർത്താവ് പറഞ്ഞ ഉപമയിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങളൊന്നും യഹൂദർ ശ്രദ്ധിച്ചില്ല. താൻ അഹങ്കാരിയായി കാണപ്പെടാതിരിക്കാനും മറ്റുള്ളവരുടെ മുൻപാകെ തന്നെത്തന്നെ പ്രതിഷ്ഠിക്കാതിരിക്കാനും വേണ്ടിയാണ് കർത്താവ് ഈ ഉപമ പറഞ്ഞത്. അവൻ സ്പഷ്ടമായി പറയുന്നു, എനിക്കാണ്, നിങ്ങൾക്കല്ല ഇവയിൽനിന്ന് പ്രബോധനാധികാരം അവകാശപ്പെടാവുന്നത്. ജനനേതാക്കന്മാരും മാന്യന്മാരുമായ വ്യക്തികളോടു സംസാരിക്കുമ്പോൾ, അവർ മറ്റുള്ളവരേക്കാൾ ശ്രേഷ്ഠരാണെന്ന് കാണിക്കുന്നതിനോടു തുലനം ചെയ്യുമ്പോൾ, അവൻ തന്നെപ്പറ്റി പറഞ്ഞു എന്നു കരുതിയാൽപോലും, അത് അത്ര വലിയ അഹങ്കാരമൊന്നുമല്ല.

അതുകൊണ്ട്, അവൻ വ്യക്തമായി തുടങ്ങുന്നതുതന്നെ ഇടയന്റെ ഔന്നത്യം തന്റേതു തന്നെയാണെന്ന് പറഞ്ഞുകൊണ്ടാണ്. അവർ തന്നോട് പറയുമായിരുന്ന ഉത്തരം സ്വീകരിക്കുകയും വിശദീകരിക്കുകയും തന്നെത്തന്നെ മറ്റുള്ളവരുമായി താരതമ്യപ്പെടുത്തി അവരേക്കാൾ താൻ ഉന്നതനാണെന്ന് ഉപമാമയമായി പ്രഖ്യാപിക്കുന്ന വാക്കുകൾ അവിടുന്ന് കൂടുതലായി സ്ഥിരീകരിക്കുകയും ചെയ്തു. പ്രസ്തുത വാക്കുകളിൽനിന്ന് നമുക്കിത് ഗ്രഹിക്കാം. ഉപമയുടെ ശേഷം അവൻ പറഞ്ഞു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഞാനാണ് ആടുകളുടെ വാതിൽ"(10,7). - ഇവിടെ അവൻ തന്നെത്തന്നെ ഖണ്ഡിക്കുന്നതായി തോന്നാം. താൻ വാതിലിൽ കൂടി പ്രവേശിക്കുന്നതിനാൽ, തനിക്ക് അജപാലനാധികാരം ലഭിച്ചു എന്നാണ് മുൻവാക്കുകളിലൂടെ സൂചിതമായിരിക്കുന്നത്. ഇവിടെയാകട്ടെ, തന്നെത്തന്നെ "ആടുകളുടെ വാതിൽ" എന്നു വിളിച്ചു കൊണ്ട് വ്യത്യസ്തമായി പറയുന്നു.

നിയമാനുസൃതമായി, ജനനേതാക്കളായ ഫരിസേയരോടാണ് മുൻപറഞ്ഞ വാക്കുകളിലൂടെ അവൻ സംസാരിച്ചത്. അവർ അന്യായമായിട്ടാണ് അന്ധനെ പുറത്താക്കിയതെന്ന് അവൻ തെളിയിച്ചു. നിയമത്തിന്റെ അനുശാസനകളുമായി തന്നെത്തന്നെ ന്യായമായി താരതമ്യപ്പെടുത്തുകയും അവ കൃത്യമായി പാലിച്ചതുകൊണ്ട് താൻ തന്നെയാണ് യഥാർഥത്തിൽ ആടുകളുടെ ഇടയനെന്ന് പറയുകയും ചെയ്യുന്നു. താൻ വാതിലിൽ കൂടിയാണ് കടക്കുന്നതെന്ന് അവൻ ശരിയായി തന്നെ പറഞ്ഞു. കാരണം, അവൻ തന്നെ നിയമത്തിന് അധീനനായിരുന്നു. ശരിയായ വാതിൽ

www.malankaralibrary.com



ഉപയോഗിക്കുകയും ചെയ്യുന്നു. ഇവിടെ അവൻ ഒരേ തരത്തിലല്ല സംസാരിക്കുന്നത്. താൻ ആടുകളുടെ വാതിലാണെന്ന് അവൻ പറയുന്നു. കാരണം, എല്ലാവർക്കും സത്യത്തിലേക്കുള്ള പ്രവേശനകവാടമാണവൻ. അവന്റെ പ്രബോധനവും പ്രത്യേകതയുള്ളതാണ്. എല്ലാവരെയും സത്യത്തിന്റെ അറിവിലേക്ക് കൊണ്ടുവരുന്നതിന് അവൻ പരിശ്രമിച്ചു. അവന്റെ ഇഷ്ടമനുസരിച്ച് മനുഷ്യർ ജീവിക്കുന്നതിന് വേണ്ട നിയമങ്ങൾ അവനുണ്ടാക്കി. എല്ലാവരും പിതാവിനെ അംഗീകരിക്കുന്നതിന് അവൻ ഹേതുവായി തീരുകയും ചെയ്തു.

അതുകൊണ്ട് നാം നിയമത്തിന്റെ പ്രവൃത്തികൾ ഉപേക്ഷിച്ച് മിശിഹായുടെ കൽപനകൾ അനുസരിക്കാൻ പരിശ്രമിക്കുന്നു. നാം നമ്മെത്തന്നെ സുവിശേഷനിയമങ്ങൾക്ക് വിട്ടുകൊടുത്തു. അവന്റെ നിയമങ്ങൾ അനുസരിക്കുന്നതിന് നാം വലിയ ശ്രദ്ധ ചെലുത്തുന്നു. അതുകൊണ്ടാണ് അവൻ തന്നെത്തന്നെ ആടുകളുടെ വാതിലെന്ന് ശരിയായി വിളിച്ചത്. നമ്മുടെ കർത്താവിൽ നാം ആദ്യം വിശ്വസിക്കാതെയും അവന്റെ കൽപനകൾ വഴി സത്യത്തിന്റെ കവാടത്തിലേക്ക് അടുക്കാതെയും മറ്റുരീതിയിൽ സത്യത്തിലേക്കു വരാൻ പ്രയാസമാണ്. പിതാവിന്റെ പക്കലേക്ക് അവൻ വഴിയുള്ള പ്രവേശനം മൂലം നമുക്ക് ലഭിച്ച നന്മകൾ നാം ആസ്വദിക്കുന്നു. തങ്ങൾക്കുതന്നെ വളരെ അനർത്ഥങ്ങൾക്ക് ഹേതുവായിത്തീരുകയും തങ്ങളുടെ വലിയ വാഗ്ദാനങ്ങളാൽ നിരവധി യഹൂദരെ തങ്ങളുടെ അനുഗാമികളാക്കുകയും വഞ്ചിക്കുകയും നവീനവും പ്രയോജന പ്രദവുമായ ചില സംഗതികൾ പഠിപ്പിക്കുന്നെന്ന് അവകാശപ്പെടുകയും ചെയ്ത പലരും അവനുമുമ്പ് വന്നിരുന്നു. ഉദാ. തെവുദാസ്, ഗലീലിക്കാരനായ യൂദാസ്. ശ്ലീഹന്മാരുടെ നടപടിപ്പുസ്തകത്തിൽ അവരെപ്പറ്റി ഗമാലിയേൽ ഫരിസേയരോടു പറയുന്നുണ്ട് (5,34-37). ഫരിസേയർ ഇത്തരക്കാരെ അനുസ്മരിക്കുകയും അവരുമായുള്ള താരതമ്യത്തിലൂടെ ക്രിസ്തുവിന്റെ വാഗ്ദാനം തെറ്റാണെന്ന് കാണിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. കാരണം, അവർ അത്ഭുതങ്ങളുടെ പ്രതീക്ഷയിൽ വളരെപ്പേരെ വശീകരിച്ചു. അവരുടെ വാഗ്ദാനങ്ങൾ വ്യർത്ഥമാണെന്നും കപടമാണെന്നും സമയം തെളിയിച്ചു.

അതുകൊണ്ട്, അവർ കൊടുക്കാനിരുന്ന മറുപടി മുൻകൂറായി യേശു തള്ളിക്കളഞ്ഞു. മാത്രമല്ല, അതേ കാര്യങ്ങൾ ഉപയോഗിച്ച് താനും അവരും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കുകയും ചെയ്തു. അവൻ പറയുന്നു, "എനിക്കുമുമ്പ് വന്നവരെല്ലാം കള്ളന്മാരും കവർച്ചക്കാരുമായിരുന്നു. ആടുകൾ അവരെ ശ്രവിച്ചില്ല" (10,8). നിങ്ങൾ എന്നോട് പറയാൻ പോകുന്ന ആക്ഷേപം എന്താണെന്ന് എനിക്കറിയാം. മുമ്പ് വന്നവർ കള്ളന്മാരുടെയും കവർച്ചക്കാരുടെയും സ്ഥാനത്തായിരുന്നു. അതുകൊണ്ട് ആടുകൾ അവരെ

www.malankaralibrary.com



ശ്രവിച്ചില്ല. അവൻ എല്ലാ മനുഷ്യരെയും "ആടുകൾ" എന്നു വിളിക്കുന്നില്ലെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. തന്റെ അധീനതയിൽ, നിയമത്തിന്റെ ആലയിലുള്ളവരെ കുറിച്ചു മാത്രമാണ് ആടുകളെന്നു പറയുന്നത്. അവർ വലിയ ശ്രദ്ധയോടെ സത്യം പ്രവർത്തിക്കുന്നു. സത്യത്തിന്റെ നാഥനോട് സംസർഗം പുലർത്തുകയും ചെയ്യുന്നു.

അവൻ എന്തുപറയുന്നു? "ഞാനാണ് വാതിൽ"(10,9). അതായത്, ഞാൻ അവരെ പോലെയല്ല. അവർ കള്ളന്മാരാണ്. "ഞാനാണ് വാതിൽ. എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷ പ്രാപിക്കും. അവൻ അകത്തു വരികയും പുറത്തു പോകുകയും മേച്ചിൽസ്ഥലം കണ്ടെത്തുകയും ചെയ്യും (10,9). എന്റെ പക്കലെത്തുന്നവർ എന്നിലൂടെ സത്യം സ്വീകരിക്കും. യഥാർഥജീവൻ സ്വന്തമാക്കും. സത്യത്തിൽ ആനന്ദിക്കും. ദൈവനിയമ പ്രബോധനത്തിൽ ആഹ്ലാദിക്കും. "അകത്തു കടക്കുകയും പുറത്തു പോകുകയും മേച്ചിൽസ്ഥലം കണ്ടെത്തുകയും ചെയ്യും" എന്ന വാക്കുകൾ ആടുകളെ സംബന്ധിച്ചുള്ളതാണ്. അവന്റെ യഥാർഥ പ്രബോധനത്തിൽ നിന്ന് വലിയ സന്തോഷം നൽകുന്നവയാണിവ.

എങ്ങനെയാണ് അവർ കള്ളന്മാരും നീ ആടുകളുടെ ഇടയനുമാണെന്ന് തിരിച്ചറിയുക? വാക്കുകൾ കൊണ്ടു പറഞ്ഞാൽ മാത്രം പോരാ, വാക്കുകൾ തെളിവുകൾ കൊണ്ട് ഉറപ്പിക്കപ്പെടണം. അവൻ കൂട്ടിച്ചേർക്കുന്നു: "മോഷ്ടിക്കാനും കൊല്ലാനും നശിപ്പിക്കാനുമാണ് കള്ളൻ വരുന്നത്. ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധിയായി ഉണ്ടാകുവാനുമാണ് "(10,10). - കള്ളന്മാർക്ക് പതിവായിരിക്കുന്നതിൽ നിന്ന് അവൻ തന്റെ വാദം ഉറപ്പിക്കുന്നു. അത്യാർത്തി നിമിത്തം മോഷ്ടിക്കുകയും കൊല്ലുകയും ചെയ്യുക എന്നതാണ് കള്ളന്റെ ലക്ഷ്യം. അങ്ങനെയുള്ള കാര്യങ്ങൾ എന്നിൽനിന്ന് ഒരിക്കലും ഉണ്ടാകുകയില്ല. മറ്റുള്ളവർ ചെയ്തതിന് എതിരായിട്ടാണ് എന്നെ അനുസരിക്കുന്നവർക്കുവേണ്ടി ഞാൻ ചെയ്യുന്നത്. ഞാൻ അവർക്ക് ജീവൻ നൽകുന്നു. സാധാരണജീവനല്ല, നിത്യജീവൻ. "സമൃദ്ധിയായി ഉണ്ടാകുവാൻ" എന്നത് മനുഷ്യർക്ക് നൽകാനിരിക്കുന്ന ഉയിർപ്പിനെ സൂചിപ്പിക്കുന്നു. പ്രസ്തുത സംഗതികളിൽ നിന്നുതന്നെ അവൻ തെളിവു കൊണ്ടുവരുന്നു. അവരോടു വീണ്ടും പറയുന്നു, "ഞാൻ നല്ല ഇടയനാകുന്നു (10.11).

അതുകൊണ്ട്, കള്ളന്മാരിൽനിന്ന് വ്യത്യസ്തമായിട്ടാണ് ഞാൻ പ്രവർത്തിക്കുന്നത്. എന്നെ അനുസരിക്കുന്നവർക്ക് ഞാൻ നാശഹേതുവാകുന്നില്ല. എന്നു മാത്രവുമല്ല, അവരെ നവമായ നിത്യജീവിതത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, ഈ കാര്യങ്ങൾവഴി ഞാൻ നല്ല ഇടയനായി കാണപ്പെടുന്നു. ഞാൻ ആടുകൾക്ക് നിരവധി നന്മകളുടെ

www.malankaralibrary.com



ഹേതുവാണ്. – താൻ നല്ല ഇടയനാണ് എന്ന് തന്നെപ്പറ്റിത്തന്നെ സാക്ഷ്യം പറഞ്ഞത് വ്യർത്ഥമായി തോന്നാതിരിക്കാൻ, അവൻ ശ്രദ്ധയോടെ അക്കാര്യം പ്രഖ്യാപിക്കുകയും വ്യത്യസ്തമായ വാദമുഖങ്ങൾകൊണ്ടും വസ്തുതകൾ നിരത്തിയും തെളിയിക്കാനായി കൂടുതൽ തെളിവ് കൊണ്ടുവരികയും ചെയ്യുന്നു. "നല്ല ഇടയൻ ആടുകൾക്കു വേണ്ടി ജീവൻ സമർപ്പിക്കുന്നു"(11). ആടുകൾക്കു വേണ്ടി എല്ലാ ശിക്ഷകളും സഹിക്കാൻ തയാറാകുന്നവൻ നല്ല ഇടയനാണെങ്കിൽ, ഞാൻ ലോകരക്ഷാർഥം മരണം സ്വീകരിക്കാൻ തയാറാണ്. അതുകൊണ്ട് എന്നെക്കുറിച്ചുള്ള സാക്ഷ്യം സംശയാതീതമാണ്. അതായത്, ഞാൻ നല്ല ഇടയനാണ്. കള്ളൻ കൊല്ലാനാണ് വരുന്നതെങ്കിൽ, അതിനു വിപരീതമായി ഞാൻ കൊല്ലുന്നില്ലെന്നു മാത്രമല്ല, നിങ്ങൾക്കുവേണ്ടി മരിച്ചുകൊണ്ട് നവജീവൻ തരികയും ചെയ്യുന്നു. അതുകൊണ്ട്, സർവസംഗതികളിലും ഞാൻ നല്ല ഇടയനായി കാണപ്പെടുന്നു.

താൻ അവരെപ്പോലെ കള്ളനോ കവർച്ചക്കാരനോ അല്ലെന്ന് തെളിയിച്ചശേഷം, താൻ കൂലിക്കാരനായ ഇടയനല്ലെന്ന് തെളിയിക്കാൻ ആഗ്രഹിക്കുന്നു. സ്വന്തം അജഗണത്തെ മേയിക്കുന്ന ഉടമസ്ഥനെപ്പോലെയാണ് ഞാൻ. അല്ലാതെ കൂലിക്കാരെ ഏൽപിക്കുന്ന ആളേപ്പോലെയല്ല. ഫരിസേയരോടും നിയമജ്ഞരോടും മറ്റ് നിയമാനുസൃത നേതാക്കന്മാരോടും താരതമ്യപ്പെടുത്തിയാണ് അവനിതു പറഞ്ഞത്. അവരെ കള്ളന്മാരെന്നും കവർച്ചക്കാരെന്നും വിളിക്കാൻ സാധിക്കയില്ല. കാരണം, നിയമവ്യവസ്ഥ അനുസരിച്ച് അവർ ജനത്തിന്റെ നേതൃസ്ഥാനത്തു നിൽക്കുന്നു. യജമാനന്മാരെന്ന നിലയിലല്ല, ആടുകളുടെ ഉടമസ്ഥൻ തൽക്കാലത്തേക്ക് നിയമിച്ച കൂലിക്കാർ എന്ന നിലയിലാണ് അവർ ആടുകളെ മേയിക്കുന്നത്. അവൻ കൂട്ടിച്ചേർക്കുന്നു, "ഇടയനല്ലാത്തവനും ആടുകൾ തന്റേതല്ലാത്തവനുമായ കൂലിക്കാരൻ ചെന്നായ് വരുന്നതു കാണുമ്പോൾ ആടുകളെ ഉപേക്ഷിച്ച് ഓടിപ്പോകുന്നു. ചെന്നായ് വന്ന് അവയെ പിടിക്കുകയും ചിതറിച്ചുകളയുകയും ചെയ്യുന്നു. അവൻ ഓടിപ്പോകുന്നത് കൂലിക്കാരൻ ആയതുകൊണ്ടും ആടുകളെപ്പറ്റി താത്പര്യം ഇല്ലാത്തതുകൊണ്ടുമാണ്" (10,12-13).

ഇടയൻ കൂലിക്കാരനെപ്പോലെയല്ലെന്ന് അതേ വാദഗതികൊണ്ട് അവൻ തെളിയിക്കുന്നു. എന്തുകൊണ്ട്? കാരണം, "ആടുകൾ അവന്റെ സ്വന്തമല്ലാത്തതിനാൽ ചെന്നായ് വരുന്നത് കാണുമ്പോൾ കൂലിക്കാരൻ ആടുകളെ ഉപേക്ഷിച്ചിട്ട് സ്വയരക്ഷയ്ക്കായി ഓടിപ്പോകുന്നു. അവൻ കൂലിക്കാരൻ ആയതിനാൽ മറ്റുള്ളവർക്കുവേണ്ടി ശിക്ഷ സഹിക്കാൻ തയാറാകുന്നില്ല. "ഞാൻ നല്ല ഇടയനാണ്. പിതാവ് എന്നേയും ഞാൻ

www.malankaralibrary.com



പിതാവിനേയും അറിയുന്നതു പോലെ, ഞാൻ എനിക്കുള്ളവയെയും എനിക്കുള്ളവ എന്നെയും അറിയുന്നു. ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവൻ സമർപ്പി ക്കുന്നു"(10,14-15). - താൻ അവരെപ്പലെയുള്ള ഇടയനല്ലെന്ന് അവൻ പറയുന്നു.

ഞാൻ നല്ല ഇടയന്റെ ജോലി ചെയ്യുന്നു. എന്റെ ആടുകൾക്കുവേണ്ടി ഞാൻ മരണം സ്വീകരിക്കുന്നു. അവരുടെ രക്ഷയെ പ്രതി മരിക്കാൻ തയാറാകുന്നു. അതായത്, ഞാൻ അവരെ എന്റെ നിത്യസഖിത്വത്തിലേക്ക് സ്വീകരിക്കുന്നു. അതുകൊണ്ട്, സ്വതന്ത്രമായി അവർക്കുവേണ്ടി മരണം ഏറ്റെടുക്കുന്നു. കർത്താവ് തനിക്കുള്ളവരെ അറിയുന്നു എന്ന വാക്യത്തി ലെന്നതുപോലെ(2തിമോ2,19)ഞാൻ അറിയുന്നു എന്നത് സഖിത്വ ത്തേക്കുറിച്ചാണ്. സഖിത്വം വ്യത്യസ്ത വ്യക്തികളുടെ ഇടയിലുള്ള വ്യത്യാസം കാണിക്കുന്നതു പോലുള്ള അർഥത്തിലല്ല, "ഞാൻ എനിക്കുള്ള വയെ അറിയുന്നു, എനിക്കുള്ളവ എന്നെ അറിയുന്നു" എന്ന് പറഞ്ഞിരി ക്കുന്നത്. താൻ മനുഷ്യരെ തന്റെ സഖിത്വത്തിലേക്ക് സ്വീകരിക്കുമ്പോൾ അവരോടു തനിക്കുള്ള സഖിത്വംപോലെ അവർ തന്നെ അറിയുമെന്നു പറയാൻ അവനെങ്ങനെ കഴിയും? അവൻ പറയാൻ ഉദ്ദേശിക്കുന്നത് ഇതാണ്: അവരുടെ സന്മനസ്സ് നിമിത്തം ഞാൻ എന്റെ സഖിത്വത്തിലേക്ക് അവരെ എന്റെ സ്വന്തമാക്കിയിരിക്കുന്നു. അവർ പ്രതിഫലമായി എന്നിൽനിന്ന് സ്നേഹനിർഭരമായ പരിപാലന സ്വീകരിക്കുന്നു. എന്നെ നാഥനായി ഏറ്റുപറഞ്ഞുകൊണ്ടാണ് അവരെന്നെ അറിയുന്നത്. അതുകൊണ്ട് അവൻ കൂട്ടിച്ചേർക്കുന്നു: "പിതാവ് എന്നെ അറിയുന്നതു പോലെ ഞാൻ പിതാവിനെയും അറിയുന്നു."ഇവിടെ അവൻ തന്റെ മനുഷ്യസ്വഭാവത്തെക്കുറിച്ചാണ് പറയുന്നതെന്ന് സന്ദർഭം വ്യക്തമാക്കുന്നു. അതായത്, എനിക്ക് പിതാവിനോട് അഭേദ്യബന്ധമുണ്ട്. എനിക്ക് അവനിൽനിന്ന് അന്യനായിരിക്കാൻ കഴിയുകയില്ല. ദൈവവചന ത്തോടുള്ള എന്റെ ഐക്യംവഴി ഞാൻ പുത്രനായിരിക്കുകയും അവനെ പിതാവായി സ്വീകരിക്കുകയും അവനോടുള്ള ബന്ധം ഉപേക്ഷിക്കാ തിരിക്കുകയും ചെയ്യുന്നു. അതുപോലെ, എന്റേതായിരിക്കുന്നതിനാൽ, എന്റെ ആടുകളെ എന്റെ സഖിത്വത്തിൽ ഞാൻ സ്വീകരിക്കുന്നു. അവർ എന്നെ തങ്ങളുടെ ഇടയനായി ഏറ്റുപറയുന്നു. അവർ തങ്ങൾക്കുള്ള പ്രയോജനമോർത്ത് എന്റെ കർതൃത്വം അംഗീകരിക്കുന്നു. -ദൈവ വചനവുമായുള്ള തന്റെ ഐക്യംവഴി തനിക്ക് എല്ലാ കാര്യങ്ങളിലും കൂട്ടായ്മ ഉള്ളതിനാൽ മനുഷ്യനെന്ന നിലയിലാണ് താൻ കർത്താവാണെന്ന് പറഞ്ഞിരിക്കുന്നത്. അതിൽ വിസ്മയിക്കേണ്ട.

താനും അവരെപ്പോലെ കള്ളനോ മറ്റുള്ളവരെപ്പോലെ കൂലിക്കാരനോ അല്ലെന്ന് അവിടുന്ന് തെളിയിച്ചു. താനാണ് തന്റെ അജഗണത്തിന്റെ

www.malankaralibrary.com



പരിചിതനായ ഇടയനും എപ്പോഴും നേതാവും ദൈവവചനത്തോടുള്ള ഐക്യംമൂലം സ്വന്തക്കാരായവരുടെ ഇടയനും. അവൻ മുൻകൂട്ടി പറഞ്ഞ ഈ വസ്തുത, അത് സംഭവിക്കുന്നതിനുമുമ്പ് അവർക്ക് അജ്ഞാത മായിരുന്നു. പിന്നീട് നടന്നവയിലൂടെ അവ വെളിപ്പെട്ടു. അവൻ പറയുന്നു, "ഈ തൊഴുത്തിൽ പെടാത്ത മറ്റാടുകളും എനിക്കുണ്ട്. അവയേയും ഞാൻ കൊണ്ടുവരേണ്ടിയിരിക്കുന്നു. അവ എന്റെ സ്വരം കേൾക്കും. അങ്ങനെ ഒരാട്ടിൻ കൂട്ടവും ഒരിടയനുമാകും" (10,16).

ജനതകളിൽനിന്ന് വിശ്വസിക്കാനിരിക്കുന്നവരെ കുറിച്ചാണ് അവൻ ഇവിടെ പരാമർശിക്കുന്നത്. യഹൂദരിൽനിന്നും വിജാതീയരിൽനിന്നും ഏകസഭയാകാൻ വിളിക്കപ്പെട്ടവരാണവർ. മിശിഹാ ആകുന്ന ഏക കർത്താവിനെയും ഏക ഇടയനെയും അവർ ഏറ്റുപറയുന്നു. അത് വാസ്തവത്തിൽ സംഭവിക്കുകയും ചെയ്തു. അക്കാലത്ത് അത്ഭുതങ്ങൾ വാക്കുകളെ സ്ഥിരപ്പെടുത്തിയിരുന്നു. ഇന്നാകട്ടെ, വാക്കുകളുടെ സ്ഥിരീകരണം കാണപ്പെടുന്നില്ലെങ്കിലും നടന്ന അത്ഭുതങ്ങളെ ഉറപ്പിക്കുന്നു. രണ്ടു തരത്തിലുള്ളവയാണ് അവൻ ചെയ്തവ. അത്ഭുതങ്ങളും പ്രവചനങ്ങളും. പ്രവചനം നിറവേറിയതായി കണ്ടവരുടെ ഇടയിലാണ് അവ യുടെ പൂർത്തീകരണം നടന്നത്. അത്ഭുതങ്ങളാകട്ടെ, അതു കാണുന്നവരെ യാണ് ഉറപ്പിച്ചത്. എല്ലാവരും തങ്ങൾ കാണുന്നതുവഴി സംശയം കൂടാതെ തങ്ങൾ കാണുന്നതിനെക്കുറിച്ചുള്ള വിശ്വാസത്തിലേക്കു കടന്നുവരുന്നു. ഇട യന്റെ സ്ഥാനം താൻ യഥാർത്ഥത്തിൽ അർഹിക്കുന്നതാണെന്നും താൻ ആടു കളെ മോഷ്ടിക്കുന്നവനല്ലെന്നും കൂലിക്കാരനല്ലെന്നും ഗ്രഹിക്കാൻവേണ്ടി അവൻ തന്റെ പീഡാനുഭവത്തെക്കുറിച്ച് സംസാരിക്കുകയും അജഗണത്തി നു വേണ്ടി തന്റെ ജീവൻ ബലികഴിക്കുകയും ചെയ്യുമെന്ന് പറഞ്ഞത് തന്റെ പ്രസംഗം അസത്യത്തിൽ അവസാനിക്കാതിരിക്കാനും തന്നെക്കുറിച്ചുള്ള ബഹുമാനം തന്മൂലം കുറയാതിരിക്കാനും വേണ്ടിയാണ്.

മരണത്തേക്കാൾ വലുതായും ആശ്ചര്യകരമായും എന്തെങ്കിലും ഉണ്ടാകുമായിരുന്നില്ല. മറ്റു മനുഷ്യരുടെ ഇടയിലുള്ളതു പോലെയല്ല തന്റെ പീഡാനുഭവമെന്നു കാണിക്കാൻ അവൻ ഉദ്ദേശിച്ചു. ഇക്കാര്യത്തിൽ താനും അവരും തമ്മിൽ വലിയ വ്യത്യാസമുണ്ട്. അവർ, മരിക്കേണ്ടി വരുന്നതി നാൽ, നിർബന്ധിതരായി മരണം കൈവരിക്കുന്നു. മരണശേഷം അവർക്ക് മറ്റൊന്നും പ്രതീക്ഷിക്കാനാവില്ല. അവനാകട്ടെ അവരിൽ നിന്ന് രണ്ടുതര ത്തിൽ വ്യത്യസ്തനാണ്. അവരേക്കാൾ ഉപരിസ്ഥനുമാണ്. ഒന്ന്, അവൻ സ്വമേധയാ തനിക്കിഷ്ടമുള്ളപ്പോൾ മരണം വരിക്കുന്നു. രണ്ട്, അൽപസമയത്തിനുശേഷം-കല്ലറയിൽ- മരണം അഴിയപ്പെടുമെന്നും ആത്മാവ് ശരീരത്തിലേക്ക് തിരിച്ചുവന്ന് മുമ്പിലത്തേതിനേക്കാൾ മെച്ചപ്പെട്ട അമർത്യവും അഴിവിനതീതവുമായ ഭാവിജീവിതം കരസ്ഥമാക്കുമെന്നും

www.malankaralibrary.com



അവൻ അറിഞ്ഞിരുന്നു. അതുകൊണ്ട്, സംഭാഷണത്തിന്റെ അവസാനമായി അവൻ പറയുന്നു. "തിരിച്ചെടുക്കാനായി ഞാൻ ജീവൻ അർപ്പിക്കുന്നതിനാൽ പിതാവ് എന്നെ സ്നേഹിക്കുന്നു"(10,17).

അവൻ തന്നെക്കുറിച്ചു പറഞ്ഞ ഈ കാര്യങ്ങളെല്ലാം, വ്യാഖ്യാനത്തിനിടയിൽ നാം ചൂണ്ടിക്കാണിച്ചതു പോലെ പ്രധാനമായും വരാനിരിക്കുന്നവ.-അതായത് ഉയിർപ്പിലും ആരോഹണത്തിലും അവയോടു സമമായ മറ്റു കാര്യങ്ങളിലും സംഭവിക്കാനിരിക്കുന്നവ - ഉപമാമയമായി വിവരിച്ചിരിക്കുന്നു. സംഭാഷണത്തിന്റെ സന്ദർഭത്തിൽ നിന്ന് ഇവയെല്ലാം ഗ്രഹിക്കാനാവില്ല. അവൻ ഉദ്ദേശിച്ച കാര്യം അവസാനം മാത്രമേ മനസ്സിലാക്കാനാവൂ. ഉദാ. "സ്വർഗത്തിൽ നിന്നിറങ്ങിയ മനുഷ്യപുത്രനല്ലാതെ മറ്റാരും സ്വർഗത്തിൽ കയറിയിട്ടില്ല...."എന്നിത്യാദി. "മനുഷ്യപുത്രൻ ആദ്യം ആയിരുന്നിടത്തേക്ക് ആരോഹണം ചെയ്യുന്നത് നിങ്ങൾ കണ്ടാലോ?"(6,63). ഇങ്ങനെയുള്ള വ്യത്യസ്ത വാചകങ്ങൾക്ക് അവയുടെ അർഥമുണ്ടെങ്കിലും, വ്യക്തമായ വാക്കുകളിൽ അവയുടെ അർഥം പ്രകടമാക്കുന്നില്ല. ഇതുപോലെയാണ് മറ്റു പല കാര്യങ്ങളിലും. ദൈവസഹായത്താൽ അവ ഭാഷ്യത്തിലൂടെ കാണിക്കാം.

മുൻപറഞ്ഞ വാചകത്തിന് തുല്യമാണ് ഈ പറയുന്ന കാര്യം. തന്റെ ആത്മാവിനെ വീണ്ടും സ്വീകരിക്കാനായി പുത്രൻ സമർപ്പിക്കുന്നതിനാൽ, പിതാവ് അവനെ സ്നേഹിക്കുന്നു എന്ന് പറയുന്നത് കളിയാക്കി പറയുന്നതായി തോന്നാം. വീണ്ടും എടുക്കാൻ വേണ്ടിയല്ല, അജഗണ ത്തോടുള്ള തന്റെ സ്നേഹം നിമിത്തമാണ് പുത്രൻ തന്റെ ജീവൻ സമർപ്പിക്കുന്നത്. പിതാവ് അവനെ സ്നേഹിക്കുന്നു എന്നു പറഞ്ഞിരു ന്നെങ്കിൽ അത് കൂടുതൽ സ്വീകാര്യമാകുമായിരുന്നു. "അതുകൊണ്ട്, പിതാവ് എന്നെ സ്നേഹിക്കുന്നു" എന്ന വാക്കുകൾ നേരത്തേ പറഞ്ഞതിലേക്കു വിരൽ ചൂണ്ടുന്നു. "തിരിച്ചെടുക്കുന്നതിനു വേണ്ടി ഞാൻ ജീവൻ സമർപ്പിക്കുന്നു" എന്ന് അവൻ അവയോടു കൂട്ടിച്ചേർക്കുന്നു. തന്റെ പീഡാനുഭവം മഹത്വപൂർണമായി ചിത്രീകരിക്കാൻ ആഗ്രഹിച്ചുകൊണ്ട് അവൻ തുടങ്ങി. അത് ആരംഭം മുതൽ വിസ്മയകരമായ സംഗതിയാണ്. അത് പിതാവിന് പ്രീതികരമാണ്. പിതാവിന്റെ സ്നേഹം തന്നിലേക്കാകർഷി ക്കാൻ പറ്റിയ സംഗതിയുമാണ്. ആത്മാവ് ശരീരത്തിലേക്ക് തിരിച്ചുവരുന്ന ഉയിർപ്പുവഴി വീണ്ടെടുക്കാനായി തന്റെ ജീവൻ സമർപ്പിക്കുന്നുവെന്ന് പിന്നീട് അവൻ പറയുന്നു."തിരിച്ചെടുക്കുന്നതിനുവേണ്ടി"എന്നത് ജീവൻ സമർപ്പി ക്കുന്നതിനു കാരണമായിട്ടല്ല അവൻ പറയുന്നത്. അതായത്, പുനർജീവി ക്കാനായല്ല മരിക്കുന്നത്. സംഭവിക്കാനിരിക്കുന്നവയെ കാരണമായി പ്രയോ ഗിക്കുന്ന തിരുലിഖിതരീതി അനുസരിച്ചാണിത്. ഉദാ. " അവനിൽ ദൈവത്തിന്റെ

www.malankaralibrary.com



പ്രവൃത്തികൾ വെളിപ്പെടുന്നതിനുവേണ്ടി''(9,3). പിന്നീട് സംഭവിക്കാനിരിക്കുന്നതിനെ കാരണമായി കണക്കാക്കുന്നു. എന്നാൽ അന്ധതയുടെ കാരണം അതാണെന്ന് അവൻ പറയുന്നില്ല.

തന്റെ പീഡാനുഭവം പിതാവിന് സ്വീകാര്യവും വളരെ പ്രസാദകരവും ആയിരുന്നതിനാൽ, ശ്രേഷ്ഠവും മഹനീയവും ആയിരുന്നെന്ന് കാണിച്ച ശേഷം അവൻ ഇതുകൂടി സൂചിപ്പിക്കുന്നു. ''പിതാവ് എന്നെ സ്നേഹിക്കുന്നു'' (10,18). പീഡാനുഭവത്തിനുശേഷം അവൻ ഉടനെ ഉയിർത്ത് അഴിവിനതീതമായ ജീവിതത്തിലേക്ക് പ്രവേശിക്കാനിരുന്നു. ഇത് മനുഷ്യരിൽ ഒന്നാമൻ എന്ന നിലയിൽ അവന് സംഭവിച്ചതാണ്. അതിനാൽ അവൻ വേറൊരു രീതിയിൽ ഇതു പ്രകടമാക്കുന്നു. ''ആരും എന്നിൽനിന്ന് അത് പിടിച്ചെടുക്കുകയല്ല, ഞാൻ അത് സ്വമേധയാ സമർപ്പിക്കുകയാണ്'' (10,18). മറ്റുമനുഷ്യരെപ്പോലെ അവശ്യാവശ്യമോ ദൈവികനിശ്ചയത്താൽ നിർബന്ധിക്കപ്പെട്ടോ അല്ല. സ്വമേധയാ ഞാൻ പീഡാനുഭവം സ്വീകരിക്കയാണ്. എന്റെ ജീവൻ എന്നിൽ നിന്ന് ബലമായി പിടിച്ചെടുക്കാൻ ആർക്കും കഴിയുകയില്ല. അതുകൊണ്ട്, എനിക്കിഷ്ടമുള്ളപ്പോൾ ഞാൻ അതു സമർപ്പിക്കുന്നു. ഈ വാക്ക് കൂടുതൽ ഉറപ്പിക്കാൻവേണ്ടി അവൻ വീണ്ടും പറയുന്നു. ''അതു സമർപ്പിക്കാനും തിരികെ എടുക്കാനും എനിക്ക് അധികാരമുണ്ട് '' (10,18). ദൃശ്യപ്രകൃതിക്ക് ഈ വചനം വളരെ ഉന്നതമായി കാണപ്പെടുന്നതിനാൽ അവൻ കൂട്ടിച്ചേർക്കുന്നു. ''ഈ കൽപന എന്റെ പിതാവിൽ നിന്നാണ് എനിക്ക് ലഭിച്ചത്'' (10,18).

ഞാൻ പറഞ്ഞത് നവീനവും പ്രകൃത്യതീതവുമായി നിങ്ങൾക്ക് തോന്നുന്നുണ്ടെങ്കിൽ, അതുതന്നെയാണ് പിതാവിന്റെ തിരുഹിതവും കൽപനയും. എങ്കിലും അതു വിശ്വസിക്കേണ്ടിയിരിക്കുന്നു. ഞാൻ ഈ കൽപന സ്വീകരിച്ചത് പിതാവ് അപ്രകാരം തിരുമനസ്സായതിനാലത്രേ. ഞാൻ മരിക്കുകയും ഉയിർക്കുകയും ചെയ്യണമെന്ന് പിതാവ് കൽപിച്ചില്ല. നിയമം അനുസരിക്കുന്നതുവഴി തന്നെത്തന്നെ ഉയിർപ്പിക്കുക എന്നത് മാനുഷിക കഴിവുകൾക്ക് ഉപരിസ്ഥമാണ്. എന്നാൽ അവൻ പറഞ്ഞത് പിതാവിന്റെ തിരുമനസ്സും കൽപനയും അങ്ങനെ ആയിരുന്നു എന്നാണ്. തന്റെ മാനുഷിക സ്വഭാവത്തിന്റെ തലത്തിൽ തനിക്ക് തന്റെ ആത്മാവിനെ സമർപ്പിക്കാനും തിരികെ എടുക്കാനും അധികാരമുണ്ടെന്ന് അവൻ പറഞ്ഞാൽ അത്ഭുതപ്പെടേണ്ടതില്ല. തന്റെ സുകൃതത്താൽ ഹാനോക്ക് എടുക്കപ്പെടുകയും ഏലിയാ ഉയർത്തപ്പെടുകയും ചെയ്തു. അതുകൊണ്ട് എല്ലാവർക്കും എല്ലാ കാര്യങ്ങളിലും അതീതനായിരുന്നവൻ മരിക്കാതിരിക്കുക എന്നത് എത്രയധികമായി ഉചിതമായിരുന്നു. ഞാൻ അതൊന്നും പറയുന്നില്ല.

www.malankaralibrary.com



വചനമാം ദൈവത്തോടുള്ള ഐക്യം നിമിത്തം തന്റെ പ്രകൃതിക്ക് അതീതമായവ പോലും ചെയ്യാനുള്ള കഴിവ് അവനുണ്ട്. എന്തുകൊണ്ടെന്നാൽ എടുക്കപ്പെട്ട ആ മനുഷ്യൻ സമസ്ത സൃഷ്ടികളാലും അവന്റെ നിലയനുസരിച്ച് ആരാധിക്കപ്പെടുന്നു. ഇത് അവന്റെ മനുഷ്യസ്വഭാവത്തിൽനിന്ന് വളരെ ഉന്നതമായിട്ടുള്ളതത്രേ. വചനമാം ദൈവത്തോട് അതിനുള്ള ഐക്യംനിമിത്തം വാസ്തവത്തിൽ അത് ആരാധനയിലും പങ്കാളിയാകുന്നു. അതുപോലെ, താൻ തിരുമനസ്സാകുന്നെങ്കിൽ മരിക്കാനുമുള്ള കഴിവ് അവനുണ്ട്. നമ്മുടെ രക്ഷയ്ക്കുവേണ്ടി കൂടുതൽ മെച്ചപ്പെട്ടത് അവനു സ്വീകരിക്കാം. കൂടാതെ, മരണശേഷം ഉയിർക്കാനുള്ള കഴിവും അവനുണ്ട്. വചനമാം ദൈവവുമായുള്ള സംയോജനംമൂലം അതും ഈ ശക്തിയിൽ പങ്കാളിയാകുന്നു എന്നത് അവൻ പറഞ്ഞതിൽ നിന്ന് വ്യക്തമാണ്. "നിങ്ങൾ ഈ ആലയം തകർക്കുവിൻ. മൂന്നു ദിവസങ്ങൾക്കകം ഞാനത് പുനരുദ്ധരിക്കും" (2,19). വചനം സ്പഷ്ടമായി ദൈവമായിരുന്നതിനാൽ, ആലയം തകർക്കപ്പെട്ടശേഷം തന്റെ സ്വന്തശക്തിയിലും അധികാരത്തിലും പുനരുദ്ധരിക്കുമെന്ന് വാഗ്ദാനം ചെയ്തു. അതുകൊണ്ട്, "പുനരുദ്ധരിക്കുക"എന്നുള്ളത് ദൈവികശക്തിയുടെ പ്രവൃത്തിയാണെങ്കിൽ, അതിന് അവനോടുള്ള സംയോജനം വഴിയായി തനിക്കിഷ്ടമുള്ളപ്പോൾ മരിക്കുന്നതിനും പ്രകൃത്യതീതമായി ശരീരത്തി ലേക്ക് തിരികെവരുന്ന ജീവനെ തിരിച്ചെടുക്കുന്നതിനുമുള്ള അധികാരമുണ്ട്.

" ഈ വാക്കുകൾ നിമിത്തം യഹൂദരുടെ ഇടയിൽ വീണ്ടും ഭിന്നതയുണ്ടായി"എന്ന് സുവിശേഷകൻ പറയുന്നു. "അവനു പിശാചുണ്ട്, അവനു ഭ്രാന്താണ്, എന്തിന് അവൻ പറയുന്നത് കേൾക്കണം എന്നിങ്ങനെ അവരിൽ വളരെപ്പേർ പറഞ്ഞു. എന്നാൽ മറ്റുള്ളവർ പറഞ്ഞു, ഈ വാക്കുകൾ പിശാചു ബാധിതന്റേതല്ല" (10,19-21). അവൻ ചെയ്ത അടയാളങ്ങളിലൂടെ കാണപ്പെടുന്ന വിജ്ഞാനം മറ്റേത് മാനുഷിക ജ്ഞാനത്തേക്കാളും മെച്ചപ്പെട്ടതും ഉന്നതവുമാണ്. അവന്റെ വിസ്മയകരമായ അത്ഭുതങ്ങൾ നിമിത്തം അവന്റെ വാക്കുകൾ വിശ്വസനീയമാണ്. അന്ധനെ സുഖപ്പെടുത്താനുള്ള കഴിവ് പിശാചുബാധിതനില്ല.

നമ്മുടെ കർത്താവ് മുമ്പും പിമ്പും വ്യക്തമായി തന്റെ ആത്മാവിനെ കുറിച്ച് സംസാരിച്ചിട്ടുപോലും അവൻ ആത്മാവിനെ എടുത്തെന്ന് അംഗീകരിക്കാൻ വിസമ്മതിക്കുന്ന പാഷണ്ഡികളെപ്പറ്റി നമുക്ക് അത്ഭുതപ്പെടാനേ തരമുള്ളു. "ദൈവത്തെക്കുറിച്ചും ആത്മാവ് എന്ന് പറയുന്നു" എന്ന് ചിലർ നമുക്കെതിരെ വാദിക്കുന്നു. കാലുകളും കൈകളും കണ്ണുകളും മറ്റവയവങ്ങളും ദൈവത്തിന്റേതായി പറഞ്ഞിരിക്കുന്നത് അവർ മനസ്സിലാക്കുന്നില്ല. അവയും നമ്മുടെ കർത്താവ് എടുത്തതാണെന്ന് നാം

www.malankaralibrary.com



പറയുന്നു. ഇവിടെ എന്തെങ്കിലും ഉപമാമയമായി പറയുമ്പോൾ ആ വാക്കുകൾ വചനമാം ദൈവം എടുത്ത പ്രകൃതിയുടേതാണെന്ന് നാം മനസ്സിലാക്കുന്നു. അവർ പ്രവൃത്തിയും മനസ്സും മാത്രം സൂചിപ്പിക്കുന്നു. അങ്ങനെ, "എന്റെ ആത്മാവ് "എന്നു പറയുമ്പോൾ, അത് പ്രകൃതിയെ കുറിച്ചാണ്. മുകളിലാകട്ടെ, അത് സൂചിപ്പിക്കുന്നത് വസ്തുതയെപ്പറ്റിയുള്ള ദൈവ തിരുമനസ്സാണ്. നമ്മുടെ ആത്മാവിന്റെ ഇച്ഛയിൽനിന്നാണ് നാം ഏതെങ്കിലും നന്മയോ തിന്മയോ സ്വീകരിക്കാറുള്ളത്. കാരണം, ബൗദ്ധികചിന്ത അതിന്റെ സ്വഭാവത്തിൽ നിന്നാണ്.

ഭാഗ്യവാനായ ശെമയോൻ പറഞ്ഞതും നമുക്കെതിരെ അവർ ഉന്നയിക്കുന്നു. "നിനക്കുവേണ്ടി എന്റെ ജീവൻ ഞാൻ ത്യജിക്കും" (13,37).- ഇത് നമുക്ക് ഒരു വാദഗതിയായി എടുക്കാമെന്നു തോന്നുന്നു. അവനെപ്പോലെ ആത്മാവും ശരീരവുമുള്ള മനുഷ്യനെന്ന നിലയിൽ അവൻ പറഞ്ഞു, "എന്റെ ആത്മാവിനെ ഞാൻ ത്യജിക്കും". അതുപോലെ നമ്മുടെ കർത്താവും പറയുന്നു. പത്രോസ് തന്റെ ആത്മാവിനെ നൽകുമെന്ന് വാഗ്ദാനം ചെയ്തതുപോലെ, ദൈവസ്വഭാവമല്ല മനുഷ്യസ്വഭാവമാണ് ആത്മാവിനെ കുറിച്ച് സംസാരിച്ചത്. കാരണം, ആത്മാവ് മനുഷ്യന്റെ ഭാഗമാണെന്നു വ്യക്തം.

നമുക്ക് ഓരോന്നും എടുത്ത് എതിർക്കാൻ കഴിയുന്ന നിരവധി കാര്യങ്ങൾ അവർ എതിരായി പറയുന്നു. എന്നാൽ ഇപ്പോൾ അതിനുള്ള സമയമില്ല. ഇപ്പോൾ നമ്മുടെ ലക്ഷ്യം പാഷണ്ഡതകളെ ഖണ്ഡിക്കുക എന്നുള്ളതല്ല, പിന്നെയോ, തിരുലിഖിതം വ്യാഖ്യാനിക്കുക എന്നുള്ളതാണ്. നാമിതു പറഞ്ഞതിൽ വിസ്മയിക്കേണ്ട. കാരണം, അവയെക്കുറിച്ച് പറഞ്ഞില്ലെങ്കിൽ, അവ വിശദീകരണത്തിന്റെ ഒഴുക്കിന് ഭംഗം വരുത്തുമായിരുന്നു. നമ്മുടെ വിശദീകരണത്തിൽ നൽകിയ വാക്കുകളുടെ അർഥമാണ് യഥാർഥത്തിൽ ഉദ്ദിഷ്ടാർഥമെന്ന് തെളിയിക്കുന്നതിന്, അവയെ സൂചിപ്പിക്കേണ്ടിയി വരുന്നു. അവൻ ആത്മാവിനെക്കുറിച്ചാണ് സംസാരിക്കുന്നത്. പേരു പറയാൻ ആഗ്രഹിക്കുക മാത്രമല്ല അവൻ ചെയ്തത്. മറ്റൊരർഥത്തെക്കുറിച്ച് സ്വപ്നം കാണുന്നവരെപ്പോലെയല്ല നാം ചിന്തിക്കുന്നത്. വിവരണത്തിന് പുറത്തുള്ള അധിക വാക്കുകൾ ചേർക്കുന്നത് അനാവശ്യമാണെന്ന് വ്യാഖ്യാതാവ് കരുതുന്നതുപോലെ, വാക്കുകളുടെ അർഥത്തിന് എതിരായിട്ടുള്ളവ സൂചിപ്പിക്കേണ്ടത് അത്യാവശ്യമാണ്. പ്രസ്തുത വാക്കുകൾ പറയുന്നവർ ദുഷ്ടലാക്കോടെയോ, നിസ്സാരതയാലോ ആകാം പറഞ്ഞത്. അവയെ അവസരാനുസൃതം കൈകാര്യം ചെയ്യേണ്ടതാണ്. ഈ ഗ്രന്ഥത്തെ സമീപിക്കുന്നവർക്കുള്ള പ്രബോധനത്തിന് ഇതാവശ്യമാണെന്ന് ഞാൻ കരുതുന്നു.

www.malankaralibrary.com



അസ്തേരിയുസ് എന്ന പാഷണ്ഡിയെ ഞാൻ പരിഗണിക്കുന്നില്ല. ഈ സുവിശേഷകനെ ശരിയായി വ്യാഖ്യാനിക്കുന്നതിന്, തന്റെ അതിരുകടന്ന ധിക്കാരംവഴി തനിക്ക് മനസ്സില്ലെന്ന് അവൻ കാണിക്കുന്നു. എന്നാൽ സുവിശേഷവ്യാഖ്യാനത്തിന്റെ മറവിൽ തന്റെ വിഭാഗക്കാരുടെ ദുഷിച്ച പ്രബോധനത്തെക്കുറിച്ച് എഴുതുന്നതിന് അവൻ അവസരം കണ്ടെത്തി. തന്റെ വ്യാഖ്യാനത്തിൽ അവൻ എഴുതിയ വ്യാഖ്യാനവാക്കുകൾ അവന്റെ പാഷണ്ഡവിഭാഗം പരിഗണിക്കുന്ന വാക്കുകളുമായി താരതമ്യപ്പെടുത്തിയാൽ, പത്തിലൊന്നുപോലും കാണുകയില്ല. അവന്റെ കൃതിയിൽ നിന്ന് വിഷലിപ്തമായ പദപ്രയോഗങ്ങൾ നിക്കിക്കഴിഞ്ഞാൽ ഒന്നും തന്നെ അവശേഷിക്കുകയില്ല. അവ എങ്ങനെ മനസ്സിലാക്കണമെന്ന് ആഗ്രഹിക്കുകയും പ്രബോധനം സ്വീകരിക്കാൻ ആഗ്രഹമുള്ള ആത്മാവോടു കൂടെ മതസംഗതികൾ പരിശോധിക്കാൻ അടുത്തുവരികയും ചെയ്യുന്നെങ്കിൽ, നമ്മുടെ കർത്താവിന്റെ മനുഷ്യത്വത്തെപ്പറ്റി നാം രചിച്ച ഗ്രന്ഥം വായിക്കുക. അതിൽനിന്ന് വാക്കുകളുടെ വാസ്തവികത ഗ്രഹിക്കാനാവും. കാരണം, അവിടെ അവന്റെ പുസ്തകത്തിലെ വാദങ്ങൾ നാം ശരിയായി ഖണ്ഡിച്ചിട്ടുണ്ട്. അവയ്ക്കെല്ലാം എതിരായി കൃത്യമായി നാം വിവരിച്ചിട്ടുണ്ട്.

## പ്രതിഷ്ഠാതിരുനാളിൽ യേശു ജറുസലേമിൽ

ആ വാക്കുകൾക്കു ശേഷം, സുവിശേഷകൻ പറയുന്നതുപോലെ, "ജറുസലേമിൽ പ്രതിഷ്ഠയുടെ തിരുനാളായിരുന്നു" (10,22). ജറുസലേമിലെ പ്രതിഷ്ഠയെയാണ് അവൻ സൂചിപ്പിക്കുന്നത്. പട്ടണം പുതുക്കി പണിതതിനെയല്ല. പലപ്പോഴും ശത്രുക്കൾ ആ പട്ടണത്തെ കവർച്ച ചെയ്തിരുന്നു. അവസാനകാലങ്ങളിൽ അന്ത്യോക്കസും അതിനെ തകർത്തു. പിന്നീട് ശത്രുക്കളെ പുറത്താക്കിയശേഷം മക്കബായർ ദൈവസഹായത്താൽ പട്ടണത്തിന്റെ പഴയമുഖം വീണ്ടെടുത്തു. ഒരിക്കലും പ്രതീക്ഷിക്കാത്ത വിജയത്തിന്റെ ഓർമയ്ക്കായി എല്ലാ വർഷവും ആ ദിവസം ആഘോഷിച്ചിരുന്നു. അതിനെ ജറുസലേമിന്റെ പ്രതിഷ്ഠ (*എൻകേനിയ*) എന്ന് അവർ വിളിച്ചിരുന്നു. തിരുനാൾ ദിവസം എല്ലാവരും ഒന്നിച്ചുകൂടിയതുകൊണ്ട് യേശുവും ദേവാലയത്തിൽ സോളമന്റെ മണ്ഡപത്തിൽ നടക്കുകയായിരുന്നു. യഹൂദർ അവന്റെ ചുറ്റുംകൂടി അവനെ നടുവിൽ നിർത്തി ചോദിച്ചു. "നീ ഞങ്ങളെ എത്രനാൾ ഇങ്ങനെ സന്നിഗ്ധാവസ്ഥയിൽ നിർത്തും? നീ ക്രിസ്തുവാണെങ്കിൽ വ്യക്തമായി ഞങ്ങളോടു പറയുക"(10,24). - വഞ്ചനാത്മകമായിട്ടാണ് അവർ ഇങ്ങനെ ചോദിച്ചത്. അവർക്ക് വിശ്വസിക്കാൻ ആഗ്രഹം ഉണ്ടായിരുന്നെങ്കിൽ, അവൻ പറഞ്ഞതിനുപരി, പ്രവർത്തിച്ചതിൽ വിശ്വാസം അർപ്പിക്കേണ്ടതായിരുന്നു. താൻ ക്രിസ്തുവാണെന്ന് അവൻ വ്യക്തമായി പറഞ്ഞിരുന്നതുകൊണ്ട്, അവനെ ചോദ്യം ചെയ്യുകയായിരുന്നു അവരുടെ ലക്ഷ്യം.

www.malankaralibrary.com



അവൻ തന്നെക്കുറിച്ച് വ്യക്തമായ സാക്ഷ്യം നൽകിയെങ്കിലും അവർ അവനിൽ അഹങ്കാരം ആരോപിച്ചു. മുമ്പു പറഞ്ഞ വാക്കുകളിലൂടെയാണ് അവരിതു ചെയ്തത്. "ഞാൻ ലോകത്തിന്റെ പ്രകാശമാണ്" എന്ന് അവൻ പറഞ്ഞപ്പോൾ, അവർ അവനെ എതിർത്തു. "നീ നിന്നെക്കുറിച്ചു തന്നെ സാക്ഷ്യം നൽകുന്നു. നിന്റെ സാക്ഷ്യം സത്യമല്ല"(8,13). അവരുടെ ദുഷ്ടലക്ഷ്യത്തെ കുറ്റപ്പെടുത്തിക്കൊണ്ട്, "ഞാനാണ്" എന്നു പറഞ്ഞില്ല. കുറ്റപ്പെടുത്താനുള്ള വ്യക്തമായ ഒരവസരം അവർക്കു നൽകാതിരിക്കാൻ വേണ്ടിയായിരുന്നു ഇത്. മറിച്ചാണ് അവരോടു പറഞ്ഞത്. "ഞാൻ നിങ്ങളോടു പറഞ്ഞു. എന്നിട്ടും നിങ്ങൾ വിശ്വസിക്കുന്നില്ല. എന്റെ പിതാവിന്റെ നാമത്തിൽ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എനിക്കു സാക്ഷ്യം നൽകുന്നു. എന്നാൽ നിങ്ങൾ വിശ്വസിക്കുന്നില്ല. കാരണം, നിങ്ങൾ എന്റെ ആടുകളിൽ പെടുന്നവരല്ല" (10,25-26). അവൻ പറഞ്ഞു: നിങ്ങൾ എന്റെ വാക്കുകളിലൂടെ എന്നെപ്പറ്റി അറിയാൻ ആഗ്രഹിക്കുന്നെങ്കിൽ, ഞാൻ പല പ്രാവശ്യം നിങ്ങളോടു പറഞ്ഞു കഴിഞ്ഞു. എന്നാൽ നിങ്ങൾ വിശ്വസിച്ചില്ല. എങ്കിലും എന്നെക്കുറിച്ച് എന്തൊക്കെയാണ് വാക്കുകൾ വഴി അറിയാൻ ആഗ്രഹിക്കുന്നത്? എന്നെക്കുറിച്ച് മെച്ചപ്പെട്ട സാക്ഷ്യം നൽകാൻ പ്രവൃത്തികൾക്ക് കഴിവുള്ളപ്പോൾ, നിങ്ങൾ എന്തിനാണ് വാക്കുകളിലൂടെ എന്നെപ്പറ്റി അറിയാൻ ആഗ്രഹിക്കുന്നത്? ഞാൻ എല്ലാ പ്രവൃത്തികളും പിതാവിൽ ആരോപിക്കുന്നു. അതുകൊണ്ട്, എന്റെ ഈ പ്രവൃത്തികളെക്കുറിച്ച് നിങ്ങൾ രണ്ടു കാരണങ്ങൾ മൂലം ലജ്ജിക്കേണ്ടിവരും. ഒന്ന്, സംഭവിക്കുന്നവയുടെ ഔന്നത്യം നിമിത്തം. രണ്ട്, അവയിൽ നിന്ന് പിതാവിന് ലഭിക്കുന്ന മഹത്വം നിമിത്തം. എന്നാൽ ഇവരണ്ടും മൂലം നിങ്ങൾ ലജ്ജിക്കുന്നില്ല. കാരണം, ഞാൻ നിങ്ങളോടു പലപ്പോഴും പറഞ്ഞിട്ടുള്ളതു പോലെ, നിങ്ങൾ എന്റെ പ്രബോധനത്തിന് അന്യരാണ്. മാത്രമല്ല, നിങ്ങളുടെ ദുർമനസ്സു നിമിത്തം എന്നോട് നിങ്ങൾക്ക് സംസർഗം ഉണ്ടാകുവാൻ സാധിക്കുകയില്ല.

അനന്തരം, തന്നിൽ വിശ്വസിക്കാനിരുന്നവർ ആരെന്നും തന്നെ അവിശ്വസിക്കുന്നവർ ആരെന്നും വിശകലനാതീതമായ അറിവുകൊണ്ട് താൻ മുൻകൂട്ടി അറിഞ്ഞെന്ന് കാണിക്കാൻ ആഗ്രഹിച്ചുകൊണ്ട് പറഞ്ഞു, "എന്റെ ആടുകൾ എന്റെ സ്വരം കേൾക്കുന്നു. എനിക്ക് അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു" (10,27). - അവൻ പറഞ്ഞു, നിങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങൾ എന്റെ ആടുകളിൽ പെട്ടവരല്ലെന്ന് എനിക്കറിയാം. അക്കാരണത്താൽ നിങ്ങളോടു സംസാരിക്കുന്നതുകൊണ്ട് പ്രയോജനമില്ലെന്ന് ഞാൻ കരുതുന്നു. എന്നാൽ "ഞാൻ എന്റെ ആടുകളെ അറിയുന്നു". അവയെ എന്റേതായി പരിഗണിക്കുന്നു. കാരണം, "അവ എന്റെ സ്വരം കേൾക്കുന്നു". എന്റെ വാക്കുകളെ അനുസരിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



അതുകൊണ്ട് അവരോടു സംസാരിക്കാൻ എനിക്ക് വലിയ ഇഷ്ടമാണ്. അവരുടെ അനുസരണം എങ്ങനെയാണെന്നോ, ഏതു തരമാണെന്നോ അവൻ പറയുന്നില്ല.

"ഞാൻ അവയ്ക്ക് നിത്യജീവൻ നൽകുന്നു"(10,28). അതായത്, അവരുടെ അനുസരണത്തിന് പ്രതിഫലമായി ഞാൻ അവർക്ക് നിത്യജീവൻ നൽകും. അനന്തരം അതിശയോക്തി കലർത്തി അവൻ പറയുന്നു. "അവ ഒരിക്കലും നശിച്ചുപോകുകയില്ല" (10,28). അതായത്, എന്റെ ദാനം സ്വീകരിക്കുന്നവർ എക്കാലവും നിത്യജീവൻ ആസ്വദിക്കത്തക്കവിധമുള്ള ശക്തി എന്റെ ദാനത്തിനുണ്ട്. അവർക്ക് എന്റെ കൃപാദാനത്തിൽനിന്ന് വീണുപോകാനോ നശിക്കാനോ സാധിക്കുകയില്ല. അനേകർ വഞ്ചകരായതിനാൽ, ഇതെങ്ങനെ നടക്കും? "അവയെ എന്റെ കൈകളിൽ നിന്ന് ആരും തട്ടിയെടുക്കുകയില്ല"(10,28). അവരുടെ ശത്രുക്കൾ അവരുടെ നേരേ പതിനായിരം തിന്മകൾ വർഷിച്ചാലും, എന്നേക്കാൾ ശക്തനായ ഒരുവൻ എന്റെ കൈകളിൽ നിന്ന് അവരെ തട്ടിയെടുക്കുക അസാധ്യമാണ്. ആകെയുള്ള അന്തരം ഇതാണ്. നിങ്ങൾ വാക്കുകൾ കേട്ടിട്ടും അത്ഭുതങ്ങൾ കണ്ടിട്ടും വിശ്വസിക്കുന്നില്ല. അവരാകട്ടെ, ആയിരം ദുഷ്ടതകൾ സഹിക്കേണ്ടി വന്നാലും എന്റെ സഖിത്വത്തിൽനിന്ന് പിൻമാറുന്നില്ല. അതുകൊണ്ട് അവർ തങ്ങളുടെ മനസിനു ചേർന്ന സമ്മാനം, അതായത്, നിത്യജീവൻ പ്രാപിക്കും. "എന്റെ കൈകളിൽ നിന്ന് ആരും അവയെ തട്ടിയെടുക്കുകയില്ല" എന്ന് അവൻ പറഞ്ഞതുകൊണ്ട്, അവർക്ക് തന്നിൽ നിന്ന് അകന്നുപോകാൻ സാധിക്കുകയില്ല. തന്റെ ശ്രോതാക്കളെ ഉറപ്പിക്കാൻ ആഗ്രഹിച്ചുകൊണ്ട് അവൻ ഇപ്രകാരം പറഞ്ഞു: "അവയെ എനിക്കു നൽകിയ എന്റെ പിതാവ് എല്ലാവരേക്കാളും വലിയവനാണ്. പിതാവിന്റെ കൈയിൽനിന്ന് അവയെ പിടിച്ചെടുക്കാൻ ആർക്കും സാധിക്കുകയില്ല"(10,29). അവിശ്വാസികളുടെ സംശയം നീക്കുന്നതിനും തന്റെ വാക്കുകൾ ഉറപ്പിക്കുന്നതിനും വേണ്ടി അവൻ ആ കാര്യം പിതാവിങ്കൽ ആരോപിച്ചു. "എന്റെ കൈകളിൽനിന്ന് ആരും തട്ടിയെടുക്കുകയില്ല." എന്ന വാക്കുകൾ വളരെ ബലഹീനമായി തോന്നുകയാലാണ് പിതാവിന്റെ ശക്തിയും ശ്രേഷ്ഠമായ ഔന്നത്യവും അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത്. "എന്റെ പിതാവിന്റെ കൈയിൽനിന്ന് അവയെ പിടിച്ചെടുക്കാൻ ആർക്കും സാധിക്കുകയില്ല." കാരണം, അവന്റെ മുമ്പിൽ എല്ലാവരും നിസ്സാരരാണ്. അവന്റെ കൈകളിൽ നിന്ന് ആരെയും തട്ടിയെടുക്കാൻ ആർക്കും സാധിക്കുകയില്ലെന്ന് തെളിയിക്കാൻ അവൻ പറഞ്ഞു, " ഞാനും പിതാവും ഒന്നാണ് " (10,30).

പിതാവ് എല്ലാവരേക്കാളും വലിയവനാകയാൽ അവന്റെ കൈകളിൽ നിന്നോ, എന്റെ കൈകളിൽ നിന്നോ ആരും അവയെ തട്ടിയെടുക്കുകയില്ല

www.malankaralibrary.com



എന്നു പറഞ്ഞശേഷം സന്ദർഭോജിതമായി ഇതും കൂട്ടിച്ചേർക്കുന്നു: "ഞാനും പിതാവും ഒന്നാണ് "(10,30). കാരണം, അവനെപ്പോലെ ഞാനും എല്ലാവരിലും ശ്രേഷ്ഠനാണ്. ഞാനും അവനെപ്പോലെ സൃഷ്ടികർത്താവാണ്. ഞാനും അവനും ഔന്നത്യത്തിലും അധികാരത്തിലും ഒന്നാണ്. അതുകൊണ്ട്, പിതാവിന്റെ കൈകളിൽ നിന്ന് എന്നതുപോലെ എന്റെ കൈകളിൽ നിന്ന് ആർക്കും തട്ടിയെടുക്കാനാവില്ല.

ഇത്തരം വാക്കുകൾ സഹിക്കാനാവാതെ, "യഹൂദർ അവനെ എറിയാൻ കല്ലുകളെടുത്തു"(10,31). ഇതിനേക്കാൾ വഷളായി ചെയ്യാനാഗ്രഹിക്കുന്ന പാഷണ്ഢികൾ ഈ വാക്കിന്റെ അർത്ഥം ദുഷിപ്പിക്കാൻ ബോധപൂർവം ശ്രമിക്കുന്നു. വേറൊരു സ്ഥലത്ത് അവൻ പറയുന്നത് അവർ ഉദ്ധരിക്കുന്നു: "അവർക്കു വേണ്ടി മാത്രമല്ല, അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി കൂടിയാണ് ഞാൻ പ്രാർത്ഥിക്കുന്നത്. പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ." (17,20-21). എന്നിട്ട് അവർ പറയുന്നു: "*അവർ* ദൈവത്തോട് ശക്തിയിലും പ്രകൃതിയിലും തുല്യരാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല". ആ ഭാഗം ചർച്ചചെയ്യുമ്പോൾ ഇതിന്റെയർത്ഥം ദൈവസഹായത്താൽ വ്യക്തമാക്കുന്നതാണ്. പുത്രന് പിതാവിനോട് പ്രകൃത്യായുള്ള തുല്യതയും അപ്പോൾ തെളിയിക്കുന്നതാണ്. പ്രസ്തുത വാക്കുകൾ കൃത്യസ്ഥാനത്ത് വിശദീകരിക്കേണ്ടതുള്ളതിനാൽ വ്യാഖ്യാനത്തിന്റെ ക്രമംതെറ്റിച്ച് അനാവശ്യചർച്ച ഒഴിവാക്കാൻ വേണ്ടി ഇപ്പോളിത്രയും മതി.

"ഒന്ന്" എന്ന വാക്കിന് ഒത്തൊരുമ, സാദൃശ്യം മുതലായി പല അർത്ഥങ്ങളുണ്ട്. ഉദാ. "വിശ്വസിച്ച സമൂഹത്തിന് ഒരാത്മാവും ഒരു ഹൃദയവും ഉണ്ടായിരുന്നു"(നട.4,32) എന്നു പറഞ്ഞപ്പോൾ, അവിടെ ഒന്നിന്റെ അർത്ഥം മനസ്സുകളുടെ ഒത്തൊരുമ എന്നാണ്. വീണ്ടും, "ഒരാത്മാവിൽ നാമെല്ലാവരും ഏകശരീരമായി സ്നാനം സ്വീകരിച്ചിരിക്കുന്നു" (1കൊറി 12,13) എന്നു പറഞ്ഞപ്പോൾ, "ഒന്ന് " എന്നുള്ളത് പ്രകൃതിയുടെ സാദൃശ്യമാണ് കാണിക്കുന്നത്. കാരണം, നാമെല്ലാവരും ഒരേ ആത്മീയ പുനർജന്മംവഴി പുതിയ മനുഷ്യരായി രൂപാന്തരം പ്രാപിക്കുന്നു. നമ്മിലോരോരുത്തരും മിശിഹായുടെ അവയവം ആയിത്തീരുന്നു. അങ്ങനെ നാമെല്ലാവരും ഒരേ ശരീരത്തിലേക്ക് ചേർക്കപ്പെടുന്നു. നമ്മുടെ പ്രകൃതിയുടെ ആരംഭം ആദമായിരിക്കുന്നതുകൊണ്ട്, അവൻ നാമെല്ലാവരുടെയും ശിരസ്സാണ്. അങ്ങനെ നാമെല്ലാവരും സ്വാഭാവികമായി ഏകശരീരമായി തീരുന്നു. അതുപോലെ നാം മിശിഹായുടെ ഏകശരീരമെന്നു വിളിക്കപ്പെടുന്നു. കാരണം, ആത്മാവുവഴി അക്ഷയ ജീവനിലേക്ക് നാം ജനിച്ചിരിക്കുന്നു. ഉയിർപ്പിന്റെ സാദൃശ്യത്തിൽ ക്രിസ്തുവിനെ

www.malankaralibrary.com



നമ്മുടെ ശിരസ്സായി നാം ഏറ്റുപറയുന്നു. എന്തുകൊണ്ടെന്നാൽ അവനാണ് മരിച്ചവരിൽ നിന്ന് ഒന്നാമനായി ഉയിർത്തെഴുന്നേറ്റത്. സ്നാനം മരണത്തിന്റെയും ഉയിർപ്പിന്റെയും പ്രതീകമാണെന്ന് അറിയാമല്ലോ.

ഭാഗ്യവാനായ പൗലോസ് ഇതു വ്യക്തമായി പറയുന്നു, "അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ സ്നാനത്താൽ നാം അവനോടൊത്ത് സംസ്ക്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതു പോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്ത് സംസ്ക്കരിക്കപ്പെട്ടത് (റോമ 6,4).- "ഒന്ന്"എന്ന വാക്കിന് വ്യത്യസ്ത അർഥങ്ങളുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാണല്ലോ. സാദൃശ്യത്തെക്കുറിച്ചും ഒത്തൊരുമയെക്കുറിച്ചും മറ്റും പറയുന്നതിനാൽ, വേറേ സ്ഥലത്ത് വേറേ അർഥത്തിൽ പറയുന്നുണ്ടോ എന്ന് അന്വേഷിക്കേണ്ടതില്ല. ഇവിടെ ഏതർഥത്തിൽ എങ്ങനെയാണ് പറഞ്ഞിരിക്കുന്നതെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. അതായത്, തുല്യതയെക്കുറിച്ചാണോ അതോ വേറേ ഏതെങ്കിലും രീതിയെക്കുറിച്ചാണോ എന്ന്. ഒരു ഭാഗം വിശദീകരിക്കുമ്പോൾ സന്ദർഭത്തിന് കൂടുതൽ പ്രാധാന്യം നല്കണം. അവൻ "ഒന്ന്" എന്നു പറഞ്ഞത് ദിവ്യശക്തിയെ കുറിച്ചാണ്. അതായത്, മറ്റുള്ളവരേക്കാൾ വളരെ കൂടുതൽ ശ്രേഷ്ഠനും ശക്തനുമാണെന്ന് അർഥം. വാക്കുകളുടെ വ്യഖ്യാനത്തിൽ നിന്ന് ഇത് തെളിയുന്നു. കല്ലുകളെടുത്ത യഹൂദർ എറിഞ്ഞില്ല. അവർ കല്ലുകളെടുത്തശേഷം അവരുടെ അക്രമാസക്തിയെ നമ്മുടെ കർത്താവ് തന്റെ നിഗൂഢശക്തിയാൽ ശമിപ്പിച്ചു എന്ന് സുവ്യക്തമാണ്.

യേശു അവരോടു ചോദിച്ചു: "എന്റെ പിതാവിൽ നിന്നുള്ള അനേകം നല്ല പ്രവൃത്തികൾ ഞാൻ നിങ്ങളെ കാണിച്ചു. ഇവയിൽ ഏതു പ്രവൃത്തിമൂലമാണ് നിങ്ങൾ എന്നെ കല്ലെറിയുന്നത്?"(10,32). "എന്റെ പിതാവിൽനിന്ന് " എന്ന് അവൻ ഭംഗിയായി പറയുന്നു. അവനെതിരെ ദുഷ്ടത ആരോപിക്കാൻ യാതൊരു പഴുതും അവർക്ക് കിട്ടാതിരിക്കത്തക്കവിധം, അത്ഭുതങ്ങൾ പിതാവിന്റേതാണെന്ന് ആരോപിക്കപ്പെട്ടപ്പോൾ, അവ അവരെ വളരെ ലജ്ജിപ്പിച്ചു. എന്നാൽ അവർ അവനോടു പറഞ്ഞു: "ഏതെങ്കിലും നല്ല പ്രവൃത്തി മൂലമല്ല, ദൈവദൂഷണം മൂലമാണ് ഞങ്ങൾ നിന്നെ കല്ലെറിയുന്നത്. കാരണം, മനുഷ്യനായിരിക്കെ, നീ നിന്നെത്തന്നെ ദൈവമാക്കുന്നു" (10,33).

അത്ഭുതകരവും രക്ഷാകരവുമായി അവന്റെ പ്രവൃത്തികൾ കാണപ്പെട്ടതിനാൽ അവയെ എതിർക്കാൻ അവർക്ക് കഴിഞ്ഞില്ല. അതിനാൽ ദൈവദൂഷണത്തിന്റെ പേരിൽ അവനെ കുറ്റപ്പെടുത്തിക്കൊണ്ട് അവർ പറഞ്ഞു: "മനുഷ്യനായ നീ നിന്നെത്തന്നെ ദൈവമാക്കുന്നു." അവർ ഈ പറഞ്ഞത് ന്യായമാണ്. "ഞാനും എന്റെ പിതാവും ഒന്നാണ് "എന്നു

www.malankaralibrary.com



പറയുന്നവൻ, തന്നെത്തന്നെ, പിതാവ് എന്തായിരിക്കുന്നുവോ അതാക്കുന്നു. കർത്താവ് എന്തുത്തരം പറഞ്ഞു? അവൻ രണ്ടുകാര്യം ഒന്നിച്ചു ചെയ്തു. തന്റെ വാക്കുകൾ പിൻവലിക്കാതെ നിലനിർത്തി. താഴെയുള്ളവയോട് ഉപമിച്ചുകൊണ്ട് യഹൂദരുടെ ആരോപണങ്ങൾ നിരർഥകമാണെന്ന് കാണിച്ചു. താഴ്ന്നവയോടുള്ള താരതമ്യംവഴി വസ്തുത കൂടുതൽ വ്യക്തമാകുന്നു എന്നത് പതിവാണ്. അതുകൊണ്ട് അവൻ എന്തുപറഞ്ഞു? "നിങ്ങൾ ദൈവങ്ങളാണെന്ന് ഞാൻ പറഞ്ഞു എന്ന് നിങ്ങളുടെ നിയമത്തിൽ എഴുതപ്പെട്ടിട്ടില്ലേ? തിരുലിഖിതം നിറവേറാതിരിക്കുകയില്ലല്ലോ. ദൈവവചനം ആരുടെ അടുത്തേക്കു വന്നുവോ, അവരെ ദൈവങ്ങളെന്ന് അവൻ വിളിച്ചു. അങ്ങനെയെങ്കിൽ, പിതാവ് വിശുദ്ധീകരിച്ച് ലോകത്തിലേക്ക് അയച്ച എന്നെ, ഞാൻ ദൈവപുത്രനാണ് എന്നു പറഞ്ഞതുകൊണ്ട്, നീ ദൈവദൂഷണം പറയുന്നു എന്ന് നിങ്ങൾ കുറ്റപ്പെടുത്തുന്നുവോ?"

നിങ്ങൾ ദൈവങ്ങളാണ് എന്ന് മനുഷ്യരെപ്പറ്റി നിങ്ങളുടെ നിയമത്തിൽ എഴുതിയിരിക്കുന്നത് കാണുക. അവരോട് ഇത് ലളിതമായി പറഞ്ഞെങ്കിലും, അവർ ദൈവസ്വഭാവത്തിലേക്ക് മാറ്റപ്പെട്ടില്ല. മറിച്ച്, ഈ വിളിക്കനുസരിച്ചുള്ള ദൈവകൃപ സ്വീകരിച്ചു എന്നേയുള്ളു. ഈ വചനം മാറ്റമില്ലാതെ നിൽക്കുന്നെങ്കിലും, ഞാൻ എന്നെക്കുറിച്ച് "ഞാൻ ദൈവപുത്രനാണ് "എന്നു പറഞ്ഞതുകൊണ്ട് ദൈവദൂഷകനായി നിങ്ങളെന്നെ ചിത്രീകരിക്കുന്നു. സന്ദർഭാനുസൃതം ഇങ്ങനെയാണ് പറയേണ്ടിയിരുന്നത്: ഞാൻ ദൈവമാണെന്ന് ഞാൻ പറഞ്ഞതിനാൽ, "നീ ദൈവദൂഷണം പറയുന്നു" എന്ന് നിങ്ങൾ പറയുന്നു. അവർ ഇതിനെ എതിർത്തു. അതെങ്ങനെ പറയാൻ കഴിയുമെന്ന് അവർ ചോദിച്ചു. അവൻ അവരെ ദൈവങ്ങൾ എന്നു വിളിച്ചെങ്കിൽ, അവൻ ന്യായമായും താഴെ വരുന്നത് കൂട്ടിച്ചേർക്കേണ്ടിയിരുന്നു: ഞാൻ ദൈവമാണെന്ന് ഞാൻ പറഞ്ഞതിനാൽ, നീ ദൈവദൂഷണം പറയുന്നു എന്ന് നിങ്ങൾ പറയുന്നു. എന്നാൽ അവരുടെ പക്കലേക്ക് ദൈവവചനം വരുക മാത്രം ചെയ്തു. അതിനാൽ അവൻ വീണ്ടും പറയുന്നു: "ഞാനും എന്റെ പിതാവും ഒന്നാണ്." ഇവ തമ്മിൽ വലിയ അന്തരമുണ്ട്. മനുഷ്യൻ "ദൈവം" എന്നു വിളിക്കപ്പെടുന്നത് ദൈവദൂഷണമാണെന്ന് താരതമ്യംവഴി കാണിക്കാൻ അവൻ ആഗ്രഹിക്കുന്നു, അതുപോലെ, ഈ താരതമ്യംവഴി "ഞങ്ങൾ ഒന്നാണ് " എന്നതിൽ വലിയ വ്യത്യാസമുണ്ട്. താനും പിതാവിനെപ്പോലെ ഹേതുരഹിതനാണ് എന്ന അർഥത്തിൽ "ഒന്നാണ്"എന്നവാക്ക് അവനെ ക്കുറിച്ച് കരുതാതിരിക്കാൻ അവൻ സന്ദർഭോചിതമായി ഇതു കൂട്ടിച്ചേർത്തു: ഞാൻ ദൈവത്തിന്റെ പുത്രനാണ്. അതിന്റെ അർഥം ഞാൻ പിതാവുമായി ഒന്നാണെന്ന് പറഞ്ഞെങ്കിലും, ഹേതുരഹിതനായ അവനെപ്പോലെ ഞാനും ഹേതുരഹിതനാണ് എന്ന അർഥത്തിലല്ല പറഞ്ഞത്. മറിച്ച്, പിതാവിനോട് പുത്രൻ എന്ന രീതിയിൽ ജനനംവഴി അവന്റെ പരിപൂർണ സാദൃശ്യം ഉള്ളവനെ പോലെയാണ്.

www.malankaralibrary.com



തന്റെ വാക്കുകളെക്കുറിച്ച് സംശയിക്കേണ്ടതില്ലെന്ന് അവരെ കാണിച്ചുകൊണ്ടും താരതമ്യത്തിന്റെ അപര്യാപ്തത ശ്രദ്ധാപൂർവം ചൂണ്ടിക്കാണിച്ചുകൊണ്ടും ദൈവം എന്നോ ദൈവപുത്രൻ എന്നോ മനുഷ്യർ വിളിക്കപ്പെടുന്ന രീതിയിലാണ് പുത്രൻ എന്ന് വിശ്വസിക്കപ്പെടാതിരിക്കാൻ, അവൻ കൂട്ടിച്ചേർത്തു പറഞ്ഞു, "ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ, നിങ്ങൾ എന്നെ വിശ്വസിക്കേണ്ട. എന്നാൽ ഞാൻ അവ ചെയ്യുന്നെങ്കിൽ, നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ലെങ്കിലും, ആ പ്രവൃത്തികളിൽ വിശ്വസിക്കുവിൻ"(10,37-38). - പ്രവൃത്തികൾ എന്റെ ഔന്നത്യം പ്രസ്പഷ്ടമാക്കുന്നതിനാൽ, എന്റെ വാക്കുകളെക്കുറിച്ച് നിങ്ങൾ സംശയിക്കേണ്ട എന്ന് അവൻ പറഞ്ഞു. ദൈവത്തിന് എതിരായ കാര്യങ്ങൾ ഞാൻ ചെയ്യുന്നെങ്കിൽ, നിങ്ങൾ എന്നെ വിശ്വസിക്കേണ്ട. നേരേമറിച്ച്, അവ പിതാവിന് അനുയോജ്യവും അവന്റെ തിരുമനസ്സിനും ശക്തിക്കും അനുസൃതവും ആണെങ്കിൽ, നിങ്ങൾ എനിക്കെതിരെ ലഹളയുണ്ടാക്കുന്നെങ്കിലും, ചെയ്ത പ്രവൃത്തികളുടെ ശക്തി നിമിത്തം നിങ്ങൾ ലജ്ജിക്കേണ്ടിയിരിക്കുന്നു. അവന്റെ പ്രവൃത്തികൾ വാസ്തവത്തിൽ വിസ്മയാവഹവും മനുഷ്യർക്ക് പ്രയോജനപ്രദവും ആയിരുന്നു. വിശ്വസിക്കേണ്ടതെന്താണെന്ന് ഈ വസ്തുതകളിൽ നിന്ന് അവൻ പ്രഖ്യാപിക്കുന്നു. അതായത്, പിതാവ് എന്നിലും ഞാൻ പിതാവിലും ആണെന്ന് നിങ്ങൾ അറിയുകയും വിശ്വസിക്കുകയും ചെയ്യണം. ഇതിന്റെ അർഥം: ഞാനും എന്റെ പിതാവും യഥാർഥത്തിൽ ഒന്നാണെന്ന് നിങ്ങൾ അറിയുകയും വിശ്വസിക്കുകയും വേണം. യഹൂദർ അവനെതിരെ കലഹിച്ചപ്പോഴാണ് അവൻ ഈ കാര്യം പറഞ്ഞത്. അവരുടെ ശണ്ഠ ശമിച്ചതുമാണ്. തന്റെ വാക്കുകളിൽ വിശ്വസിക്കാൻ അവരെ ഉപദേശിച്ചുകൊണ്ട് അവൻ പറഞ്ഞു: "ഞാൻ എന്റെ പിതാവിലും എന്റെ പിതാവ് എന്നിലുമാണ്." കാരണം, രണ്ടുപേരുടെയും ശക്തി ഒന്നാണെന്ന് അവൻ അറിഞ്ഞിരുന്നു. എന്റെ വാക്കുകൾ നിങ്ങൾ വിശ്വസിക്കു ന്നില്ലെങ്കിലും എന്റെ പ്രവൃത്തികൾ നിമിത്തം വിശ്വസിക്കുവിൻ എന്നാണ് അർഥമാക്കാൻ അവൻ ഉദ്ദേശിച്ചത്. അതായത്, "എന്റെ പിതാവ് എന്നിലും ഞാൻ എന്റെ പിതാവിലുമാണ് "എന്നുപറഞ്ഞ് പിതാവ് അവനിലും അവൻ പിതാവിലും കാണപ്പെടുന്നതു പോലെ, സ്വാഭാവികമായ സാദൃശ്യത്തെ വ്യക്തമായി കാണിക്കുന്നു. അതിനോടു തുല്യമാണ്, "ഞാനും എന്റെ പിതാവും ഒന്നാണ് "എന്നത്.

അവൻ തന്നെത്തന്നെ മനുഷ്യരോട് താരതമ്യപ്പെടുത്തിക്കൊണ്ട്, തന്റെ വാക്കുകൾ സ്ഥിരീകരിക്കാനായി നേരത്തേ പറഞ്ഞവയിലേക്ക് അവരുടെ ശ്രദ്ധ തിരിച്ചെന്ന് യഹൂദർ മനസ്സിലാക്കിയതുകൊണ്ട്, "അവനെ ബന്ധിക്കാൻ അവർ ശ്രമിച്ചു. എന്നാൽ അവൻ അവരുടെ കൈയിൽനിന്ന്

www.malankaralibrary.com



രക്ഷപെട്ടു. യോർദാന്റെ മറുകരയിൽ യോഹന്നാൻ ആദ്യം സ്നാനം നൽകിയിരുന്ന സ്ഥലത്തേക്ക് വീണ്ടും പോയി അവിടെ താമസിച്ചു (10,39-40). - അവന്റെ പക്കലേക്ക് വളരെപ്പേർ വന്നുകൂടി. അവന്റെ വാക്കുകൾ നിമിത്തം വിശ്വാസം സ്വീകരിച്ചവർ പറഞ്ഞു: "യോഹന്നാൻ ഒരടയാളവും പ്രവർത്തിച്ചില്ല. ഈ മനുഷ്യനെപ്പറ്റി യോഹന്നാൻ പറഞ്ഞിരുന്നതെല്ലാം സത്യമാണ് "(10,39-41). സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു: "അവിടെവച്ച് വളരെപ്പേർ അവനിൽ വിശ്വസിച്ചു"(10,42). അവിടെ അവന്റെ പക്കലേക്കു പോയവർ അവൻ ചെയ്തതായി അവർ പിന്നീട് കണ്ടവയും അവൻ പഠിപ്പിച്ചതായി കേട്ടവയും നിമിത്തം വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെട്ടു. ഈ വാക്കകളോട് സുവിശേഷകൻ ലാസറിന്റെ കഥ ബന്ധിക്കുന്നു.

നാലാം പുസ്തകം സമാപ്തം.

# പുസ്തകം-5

## ലാസറിനെ ഉയിർപ്പിക്കുന്നു

മർത്തായുടെയും മറിയത്തിന്റെയും സഹോദരനായ ലാസർ എന്നു പേരായ ഒരുവൻ രോഗബാധിതനായി (11,1). അത്ഭുതം മാത്രം പറയാൻ ആഗ്രഹിച്ചിരുന്നെങ്കിൽ ഇങ്ങനെ ചുരുക്കി പറയാമായിരുന്നു: "ലാസർ എന്നു പേരുള്ള ഒരു രോഗി ഉണ്ടായിരുന്നു. അവൻ മരിച്ചശേഷം യേശു അവനെ ഉയിർപ്പിച്ചു." ഇത്ര ലളിതമായി കാര്യം പറഞ്ഞിരുന്നെങ്കിൽ, അവർ ഇത് വിശ്വസിക്കുമായിരുന്നില്ല. അതുപോലെ, അവൻ മറ്റു കാര്യങ്ങൾ-ഏതു ഗ്രാമത്തിൽ നിന്നാണ്, ആരുടെ സഹോദരനാണ്, എന്തൊക്കെ സംഭവിച്ചു എന്നൊക്കെ-കൂട്ടിച്ചേർത്ത് കൃത്യമായി ചരിത്രം പറയുന്നു. അങ്ങനെ ഈ ചരിത്രം വായിക്കുന്നവർക്കുവേണ്ടി അവൻ തന്റെ പ്രഭാഷണം വ്യക്തമാക്കുന്നു. ഈ ചരിത്രം മുഴുവൻ പൂർണമായി എഴുതിയുണ്ടാക്കാൻ സാധ്യമല്ല. സുവിശേഷകനാകട്ടെ, അത്ഭുതം മാത്രം വിവരിക്കാനല്ല ആഗ്രഹിച്ചത്. തന്റെ ഗ്രന്ഥം വായിക്കുന്നവർക്ക് മറ്റു പല കാര്യങ്ങളും ഉപകാരപ്രദമാണെന്ന് കരുതി അവയെല്ലാം ക്രമമായി രേഖപ്പെടുത്തുന്നു.

സുകൃതങ്ങളെപ്പറ്റി പഠിപ്പിക്കാനാണ് സ്ത്രീകളെക്കുറിച്ചുള്ള സ്മരണ ഒന്നാമതായി ഉപകരിക്കുന്നത്. അവരുടെ രീതികളെ കൃത്യമായി വിവരിക്കുന്നത് എന്തിനാണെന്നും മറ്റും പിന്നെ കാണാം. ഇവളാണ് അവനെ സുഗന്ധതൈലം കൊണ്ട് പൂശിയതെന്ന് ആദ്യമേതന്നെ ഇവിടെ പറയുന്നു

www.malankaralibrary.com



(11,2). "യേശു അവരെ സ്നേഹിച്ചിരുന്നു" എന്ന് പിന്നീട് പറയുന്നു (11,5). സ്ത്രീകളുടെ അടക്കമൊതുക്കത്തെ കാണിക്കുന്നതിനും ഈ അടയാളം ഉപകരിക്കുന്നു. ലാസറിന്റെ മരണത്തിനു മുമ്പും പിമ്പും ഈ സ്ത്രീകൾ നമ്മുടെ കർത്താവിനോട് പറഞ്ഞ വാക്കുകളിലൂടെ അവരുടെ വിശ്വാസവും ശുദ്ധതയും വ്യക്തമായി വെളിവാകുന്നു. ഈ സംഭവം വായിച്ചറിയുന്ന വരുടെ പ്രബോധനത്തിനായിട്ടാണ് സുവിശേഷകൻ ഇവയെല്ലാം രേഖപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട്, സുവിശേഷകൻ ഈ സംഭവം നടന്നതുപോലെ വിവരിക്കുന്നത് ബോധപൂർവമാണ്. കാരണം, ഈ സംഭവത്തിൽ ആഴമായ പ്രബോധനം അടങ്ങിയിരിക്കുന്നെന്ന് അവൻ ഗ്രഹിച്ചിരുന്നു.

മർത്തായുടെയും മറിയത്തിന്റെയും ഗ്രാമമായ ബേഥനിയായിൽ ലാസർ എന്നു പേരുള്ള ഒരാൾ രോഗബാധിതനായി. അവൻ അവരുടെ സഹോദരനായിരുന്നു. ഈ മറിയമാണ് സുഗന്ധതൈലംകൊണ്ട് യേശുവിന്റെ പാദങ്ങൾ പൂശുകയും തന്റെ തലമുടികൊണ്ട് തുടയ്ക്കുകയും ചെയ്തതെന്ന് ഈ ഭാഗം വ്യക്തമാക്കുന്നു. സ്ത്രീകളുടെ സുകൃതം സമ്യക്കായി അവതരിപ്പിക്കാനാണ് ഇത് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട്, നമ്മുടെ കർത്താവിനോട് മറിയത്തിനുള്ള വലിയ സ്നേഹം കാണിക്കുന്ന പ്രവൃത്തി വിവരിക്കുന്നു. തൈലം മുഴുവൻ ഉപയോഗിച്ച് അവൾ പാദം പൂശുകയും തന്റെ തലമുടികൊണ്ട് തുടയ്ക്കുകയും ചെയ്തത് ഈ മഹാസ്നേഹത്തിന്റെ അടയാളമാണ്. കർത്താവിന്റെ സംസ്ക്കാരത്തെ മുൻകൂട്ടി കണ്ടുകൊണ്ടാണ് അവൾ തന്നെത്തന്നെ പൂർണമായി സമർപ്പിച്ചത്. ലാസറിന്റെ ഉയിർപ്പിനു ശേഷമാണ് ഈ സംഭവം നടന്നത്. ഇത് പിന്നീടാണ് സുവിശേഷകൻ വിവരിക്കുന്നത് (12,1-8). ഈ സംഭവത്തിനുശേഷം സുവിശേഷകൻ ഈ പുസ്തകം എഴുതിയതിനാൽ, സംഭവിച്ച ക്രമത്തിൽ തന്നെ വിവരിക്കാൻ ഉദ്ദേശിച്ചിരുന്നു. ഈ സംഭവത്തെ കൂടുതൽ വിശദമാക്കുന്നതിനും ആ സ്ത്രീ ആരാണെന്ന് കാണിക്കുന്നതിനും അവൻ ഈ സംഭവം മുൻകൂട്ടി കാണുകയും ലാസറിന്റെ വിവരണത്തിൽ പരാമർശിച്ച്, അവൾ തന്നെയാണ് ആ സ്ത്രീയെന്ന് പറയുകയും ചെയ്യുന്നു. ഇങ്ങനെ പറഞ്ഞില്ലായിരുന്നെങ്കിൽ, മനുഷ്യരുടെ ഇടയിൽ പറയപ്പെടുന്നതുപോലെ, ആ പേരുള്ള പല സ്ത്രീകളെ കുറിച്ചും പരാമർശിക്കുന്നു എന്ന കരുതപ്പെടാൻ ഇടയാകുമായിരുന്നു.

"കർത്താവേ, അങ്ങ് സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു എന്നു പറയാൻ ഈ രണ്ട് സഹോദരിമാർ യേശുവിന്റെ പക്കലേക്ക് ആളയച്ചു" (11,3). ഈ വാക്കുകളിൽ വിശ്വാസത്തിന്റെ വലിയ പ്രകാശനം ദർശിക്കാം. രോഗബാധിതനെപോലും അവിടുന്ന് സ്നേഹിക്കുന്നതു കണ്ട്

www.malankaralibrary.com



അവർ അത്ഭുതപ്പെടുകയും കർത്താവിന്റെ നന്മ ഏറ്റുപറയുകയും ചെയ്തു. "അങ്ങ് സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു" എന്ന് ആത്മാർഥമായി പറഞ്ഞ വാക്കുകൾ അവരുടെ വലിയ മനോവിശ്വാസം വെളിവാക്കുന്നു. അതുകൊണ്ട്, നമ്മുടെ കർത്താവ് പറയുന്നു: " ഈ രോഗം മരണത്തിൽ അവസാനിക്കാനുള്ളതല്ല. പ്രത്യുത, ദൈവത്തിന്റെ മഹത്വത്തിനും അതുവഴി ദൈവപുത്രൻ മഹത്വം പ്രാപിക്കുന്നതിനും വേണ്ടിയുള്ളതാണ് " (11,4). - അവിടുന്ന് പറഞ്ഞത്, ഈ രോഗത്താൽ അവൻ മരിക്കുമെന്ന് നിങ്ങൾ കരുതരുത്. ഞാൻ സ്നേഹിക്കുന്നവനോട് ചെയ്യാനിരിക്കുന്ന അത്ഭുതംവഴി എന്റെ ശക്തിയുടെ വെളിപ്പെടുത്തലും ദൈവത്തിന്റെ വലിയ മഹത്വത്തിനുള്ള അവസരവും ഉണ്ടാകുവാൻ വേണ്ടി എന്റെ ഭാഗത്തുനിന്ന് ചെറിയൊരു വിളംബം സംഭവിക്കും. അതായത്, ദൈവമഹത്വത്തിനും അതുവഴി ദൈവപുത്രൻ മഹത്വീകരിക്കപ്പെടുന്നതിനും വേണ്ടിയാണെന്ന് അവൻ പറഞ്ഞു. ഈ കാര്യം പിതാവിന്റെയും തന്റെയും മഹത്വത്തിന് ഹേതുവാകും എന്നതാണ് കാരണം. അതായത്, പിതാവും ഞാനും മഹത്വീകരിക്കപ്പെടേണ്ടതിനാണിത് എന്ന് അവിടുന്ന് അരുളിച്ചെയ്തു. ദൈവത്തിന്റേതായിട്ടുള്ളത് തന്റേതാക്കി എടുക്കുകയാണെങ്കിൽ, അതേക്കുറിച്ച് നാം ചർച്ചചെയ്യുന്നില്ല. ഈ രോഗം മരണഹേതുവല്ലെന്ന്, മരിച്ച ലാസറിനെ കുറിച്ച് നമ്മുടെ കർത്താവ് പറഞ്ഞതിലും അത്ഭുതത്തിന് വകയില്ല. അൽപസമയത്തിനുള്ളിൽ ഉയിർപ്പിക്കപ്പെടാനിരുന്നവന് അത് മരണമേ അല്ലായിരുന്നു. ഇവിടെ സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു: "യേശു മർത്തായേയും അവളുടെ സഹോദരിയേയും ലാസറിനെയും സ്നേഹിച്ചിരുന്നു"(11,5). തനിക്ക് അവരോടുള്ള സ്നേഹം ഓർക്കുന്നത് മനുഷ്യരുടെ സുകൃതവും അവരുടെ ഇച്ഛയുടെ യോജിപ്പും കാണിക്കുന്നതിനു വേണ്ടിയാണ്. അവരെല്ലാവരും തങ്ങളുടെ ഉള്ളിലെ സ്നേഹത്തിലും സ്നേഹപ്രകടനത്തിലും ഒരുപോലെ ആയിരുന്നതുകൊണ്ടാണ് കർത്താവ് അവരെയെല്ലാം സ്നേഹിച്ചത്.

സുവിശേഷകൻ പറയുന്നതുപോലെ, അവൻ രോഗിയായെന്ന് കേട്ടിട്ടും അതിനു മറുപടി പറഞ്ഞ ശേഷവും രണ്ടു ദിവസംകൂടി കർത്താവ് അവിടെ താമസിച്ചു. "അനന്തരം അവൻ തന്റെ ശിഷ്യന്മാരോടു പറഞ്ഞു: നമുക്ക് വീണ്ടും യൂദയായിലേക്കു പോകാം. അപ്പോൾ ശിഷ്യന്മാർ ചോദിച്ചു: റബീ, യഹൂദർ ഇപ്പോൾ തന്നെ നിന്നെ കല്ലെറിയാൻ കാത്തിരിക്കയാണല്ലോ. എന്നിട്ടും അങ്ങോട്ടു പോകുകയാണോ?"(11,8-9). - കാരണം, ശിഷ്യന്മാർ മാനുഷികരീതിയിൽ ചിന്തിക്കുകയായിരുന്നു. അവനെ രക്ഷിക്കാൻ വേണ്ടിയാണ് അവർ അവനെ തടഞ്ഞുനിർത്താൻ ആഗ്രഹിച്ചത്. തന്റെ സമ്മതം കൂടാതെ യേശുവിന് ഒന്നും സംഭവിക്കുകയില്ലെന്ന് പല പ്രാവശ്യം തെളിഞ്ഞിട്ടുള്ളതാണ്. പറഞ്ഞവയിൽ നിന്നു

www.malankaralibrary.com



മാത്രമല്ല, അൽപം മുമ്പുണ്ടായ അത്ഭുതകരമായ സംഭവത്തിൽനിന്നും അത് വ്യക്തമായിട്ടുള്ളതാണ്; അതായത്, അവർ അവനെ പിടിക്കാൻ ശ്രമിച്ചപ്പോൾ അപ്രതീക്ഷിതമായി അവൻ അവരുടെ കൈകളിൽ നിന്ന് മാറിപ്പോയി എന്ന സംഗതിയിൽ നിന്ന്.

ഇതിന് കർത്താവ് എന്തു മറുപടിയാണ് പറഞ്ഞത്? "പകലിന് പന്ത്രണ്ട് മണിക്കൂറില്ലേ? പകൽ നടക്കുന്നവൻ കാൽ തട്ടിവീഴുന്നില്ല. ഈ ലോകത്തിന്റെ പ്രകാശം അവൻ കാണുന്നു. എന്നാൽ രാത്രി നടക്കുന്നവൻ തട്ടിവീഴുന്നു. കാരണം, അവന് പ്രകാശമില്ല"(11,9-10). അവൻ പറഞ്ഞു, നിങ്ങൾ എന്നെ കാണുന്നുണ്ടെങ്കിലും എന്നെ അറിയുന്നില്ല. എന്റെ സമ്മതം കൂടാതെ ഞാൻ മരിക്കുക അസാധ്യമാണെന്ന് നിങ്ങൾ അറിയുന്നില്ല. എന്റെ ശത്രുക്കളിൽ നിന്ന് രക്ഷനേടാൻ ഞാൻ യൂദയാ വിട്ടുപോകണമെന്ന് നിങ്ങൾ എന്നോടു പറയുന്നതെങ്ങനെ? ഞാൻ നിങ്ങളോടു പറയുന്നു, ദിവസത്തിന് പന്ത്രണ്ട് മണിക്കൂറുണ്ടല്ലോ. പകൽ നടക്കുന്നവൻ ഉപദ്രവങ്ങളിൽ നിന്ന് സുരക്ഷിതനാണ്. രാത്രിയിൽ നടക്കുന്നവന് അപകടം അടുത്തിരിക്കുന്നു. കാരണം, ഇരുട്ടിൽ അവന്റെ നടപ്പ് അനിശ്ചിതമാണ്. അതുപോലെ, എനിക്ക് എന്റെ സമ്മതം ഇല്ലാതെ എന്തെങ്കിലും സംഭവിക്കുക അസാധ്യമാണ്. കാരണം, എനിക്ക് അറിവിന്റെ വെളിച്ചമുണ്ട്. ഞാൻ എല്ലാം അറിയുന്നതു കൊണ്ട് എന്റെ സമ്മതം കൂടാതെ എനിക്കൊന്നും സംഭവിക്കുന്നില്ല. ഞാൻ എല്ലാ കാര്യങ്ങളും കൃത്യമായി അറിയുന്നതിനാൽ, എനിക്ക് എന്നെത്തന്നെ സംരക്ഷിക്കേണ്ട കാര്യമില്ല.

ഇതു പറഞ്ഞശേഷം അവൻ കൂട്ടിച്ചേർത്തു: "നമ്മുടെ സ്നേഹിതനായ ലാസർ ഉറങ്ങുകയാണ്. അവനെ ഉണർത്താൻ ഞാൻ പോകുന്നു" (11,11).- താൻ ചെയ്യാൻ പോകുന്നതിനെ സൂചിപ്പിച്ചുകൊണ്ടാണ് നമ്മുടെ കർത്താവ് മരണത്തെ ഉറക്കമെന്നു വിളിച്ചത്. അവനെ ഉയിർപ്പിക്കുന്നത് എത്ര എളുപ്പമാണെന്നും ഇതു സൂചിപ്പിക്കുന്നു. ഇതേ രീതിയിൽ മുമ്പും അവിടുന്ന് പറഞ്ഞു: " ഈ രോഗം മരണത്തിൽ അവസാനിക്കാനുള്ളതല്ല." അതു മനസ്സിലാക്കാതെയാണ് ശിഷ്യന്മാർ പറഞ്ഞത്: "കർത്താവേ, ഉറങ്ങുകയാണെങ്കിൽ അവൻ സുഖം പ്രാപിക്കും"(11,12).- അവൻ യഥാർത്ഥത്തിൽ ഉറങ്ങുകയാണെങ്കിൽ അവശ്യാവശ്യം ഉന്മേഷഭരിതനായി ഉണരുകതന്നെ ചെയ്യും. ഇതാണ് മനുഷ്യപ്രകൃതി. അവൻ മരണത്തെ ഉറക്കമെന്നു വിളിച്ചത് അവർ ഗ്രഹിച്ചില്ല. അതുകൊണ്ട് അവൻ വ്യക്തമായി പറഞ്ഞു: "ലാസർ മരിച്ചുപോയി. നിങ്ങൾ വിശ്വസിക്കേണ്ടതിന് ഞാൻ അവിടെ ഇല്ലാഞ്ഞതിൽ നിങ്ങളെപ്രതി ഞാൻ സന്തോഷിക്കുന്നു. നമുക്ക് അവന്റെ അടുത്തേക്കു പോകാം" (11,14-15). - മരണത്തെക്കുറിച്ചല്ല, നിങ്ങളെപ്രതി സംഭവിച്ചതിനെപ്പറ്റിയാണ് ഞാൻ സന്തോഷിക്കുന്നത്. ഞാൻ

www.malankaralibrary.com



അവിടെ ഇല്ലാതിരുന്നത് നിങ്ങളുടെ വിശ്വാസം ഉറപ്പിക്കുന്നതിന് ഉപകരിച്ചു. ഞാൻ അവിടെ ഉണ്ടായിരുന്നെങ്കിൽ ഞാൻ രോഗിയെ സുഖപ്പെടുത്തുകയും എന്റെ ശക്തി വെളിപ്പെടുത്തുന്നതിനുള്ള ഈ അത്ഭുതം അധികപ്പറ്റായി തീരുകയും ചെയ്യുമായിരുന്നു. എന്നാൽ മരണം സംഭവിച്ചപ്പോൾ ഞാൻ അകലെ ആയിരുന്നതിനാൽ, അവനെ ഉയിർപ്പിക്കാനായി ഇപ്പോൾ അവിടേക്കു പോകുന്നു. മരിച്ച് അഴുകിയവനെപ്പോലും ഉയിർപ്പിക്കാൻ എനിക്ക് കഴിയുമെന്ന് നിങ്ങൾ കണ്ട്, വിശ്വാസത്തിൽ കൂടുതൽ ഉറപ്പുള്ളവരാകുന്നതിനാണ് ഞാൻ പോകുന്നത്. അതുകൊണ്ട്, നമുക്ക് യഥാസമയം അങ്ങോട്ടുപോകാം.

"ദിദിമോസ് എന്ന തോമസ് മറ്റു ശിഷ്യന്മാരോടു പറഞ്ഞു: "അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം" (11,16). യഹൂദരിൽനിന്ന് ഏതെങ്കിലും ഉപദ്രവം അവനുണ്ടാകുമോ എന്ന് ഭയപ്പെട്ട് ശിഷ്യന്മാർ അവനെ തടഞ്ഞു നിർത്തുന്നതിന് ആഗ്രഹിച്ചതുകൊണ്ടാണ് തോമസ് ഇപ്രകാരം പറഞ്ഞത്. അത് വിശ്വാസക്കുറവു കൊണ്ടാണെങ്കിലും കർത്താവിനോടുള്ള വലിയ സ്നേഹം അവൻ ഇതിലൂടെ പ്രകടമാക്കുന്നു. യഹൂദരുടെ കൈകളിൽ നിന്ന് ഇപ്പോൾ സുരക്ഷിതനാണെങ്കിലും, അവരുടെ അടുത്തേക്ക് തിരികെ പോയാൽ, അവരുടെ കെണികളെ ഒഴിവാക്കാൻ അസാധ്യമാണെന്ന് വ്യക്തമാണ്. അതുകൊണ്ട് അവനെ പ്രേരിപ്പിച്ച്, ഇവിടെത്തന്നെ നിർത്തുകയും ശത്രുക്കളിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യുന്നതായിരുന്നു നല്ലത്. പക്ഷേ പോകാനാണ് അവർ തീരുമാനിച്ചത്. അവനോടൊപ്പം നമുക്കും പോകാം. അവനോടുകൂടെ നമുക്കും മരിക്കാം. സ്വന്തരക്ഷയെ പ്രതി നമ്മുടെ ഗുരുവിനെ ഉപേക്ഷിച്ച് മാറി നിൽക്കുന്നതിലും ഭേദം അവനോടൊപ്പം മരിക്കുന്നതാണ്.

ലാസർ മരിച്ച് നാലുനാൾ കഴിഞ്ഞപ്പോഴാണ് യേശു അവിടേക്ക് പോയത്. രണ്ടുനാൾ കഴിഞ്ഞാണ് അവൻ പുറപ്പെട്ടത്. യാത്രയ്ക്കുവേണ്ടി രണ്ടു നാളെടുത്തു. അങ്ങനെയാണ് നാലുനാൾ. ലാസർ മരിച്ച " ബേഥനിയാ ജറുസലേമിനടുത്ത് ഏകദേശം പതിനഞ്ചു സ്താദിയോൻ ദൂരത്തായിരുന്നു" (11,18). അതായത്, നമ്മുടെ ഭാഷയിൽ രണ്ട് മൈൽകുറ്റി. ചെയ്ത അത്ഭുതം അടുത്തായിരുന്നതിനാൽ, സകലരും അറിയാനിടയായി. അനേകം യഹൂദർ മർത്തായേയും മറിയത്തേയും, അവരുടെ സഹോദരനെപ്രതി ആശ്വസിപ്പിക്കാൻ വന്നിരുന്നു (11,19). - പ്രസ്തുത അടയാളത്തിന് അവരും സാക്ഷികളായിരുന്നതിനാൽ, അവരുടെ സാന്നിധ്യം വളരെ പ്രയോജനപ്രദമായിരുന്നു. "യേശു വരുന്നുണ്ടെന്ന് കേട്ടപ്പോൾ മർത്താ അവന്റെ പക്കലേക്ക് ഓടി. മറിയം വീട്ടിൽ തന്നെ ഇരുന്നു" (11,20). അവൾ അവന്റെ വരവിനെപ്പറ്റി അറിഞ്ഞില്ലായിരിക്കാം. താഴെവരുന്ന വാക്കുകളിൽ നിന്ന് ഇതു വ്യക്തമാണ്: "മർത്താ യേശുവിനോടു പറഞ്ഞു: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ, എന്റെ സഹോദരൻ മരിക്കുകയില്ലായിരുന്നു" (11,21).

www.malankaralibrary.com



"നീ സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു" എന്ന വാക്കുകളോട് ഇത് ഒത്തുപോകുന്നു. കർത്താവ് സ്നേഹിക്കുന്നവരെ രോഗം ബാധിക്കാൻ പാടില്ലെന്നു കരുതുന്നതും കർത്താവ് അടുത്തുണ്ടായിരുന്നെങ്കിൽ മരണത്തെ തടയാൻ കഴിയുമെന്ന വിശ്വാസവും ഒരേ മനോഭാവത്തിൽനിന്ന് പുറപ്പെടുന്നതാണ്. അവൾ തന്റെ വാക്ക് വിപുലീകരിച്ചുകൊണ്ട് പറയുന്നു: "എന്നാൽ നീ ചോദിക്കുന്നതെന്തും ദൈവം നിനക്കു തരുമെന്ന് എനിക്കറിയാം" (11,22). - അവൻ ഉയിർക്കും എന്ന പ്രസ്താവന ഇതിനു തുല്യമാണ്. അതുകൊണ്ട്, അവൾ അവനോടു പറഞ്ഞതിൽ അത്ഭുതപ്പെടേണ്ടതില്ല. നീ ചോദിക്കുന്നതെന്തും ദൈവം നിനക്കു തരും എന്ന് എനിക്കറിയാം. തന്റെ ശക്തികൊണ്ട് വളരെ കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന ഒരു മഹനീയവ്യക്തിയെക്കുറിച്ച് എന്നപോലെയാണ് ഇതുവരെ അവൾ സംസാരിച്ചത്. ദൈവവചനവും എല്ലാറ്റിന്റെയും ഹേതുവുമാണ് അവൻ എന്ന അറിവ്, ശ്ലീഹന്മാരും സുവിശേഷകരും പിന്നീട് വ്യക്തമായി പഠിപ്പിക്കുന്ന അറിവ്, അപ്പോൾ അവന്റെ കുരിശുമരണത്തിനുമുമ്പ് ശിഷ്യന്മാർക്കു പോലും ഇല്ലായിരുന്നു. അതുകൊണ്ട്, അവർ കേട്ട പല കാര്യങ്ങളും അവർക്ക് മനസ്സിലായില്ല. സുവിശേഷകന്റെ വാക്കുകളിൽ നിന്നുതന്നെ നാമിത് മുമ്പ് ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. അതുതന്നെ താഴെവരുന്ന വാക്കുകളിൽ നിന്നു വ്യക്തമാണ്. സുവിശേഷഗ്രന്ഥം മുഴുവൻ സൂക്ഷ്മമായി പരിശോധിക്കുന്നവന് ഇത് മനസ്സിലാകും.

കർത്താവ് എന്താണ് അവളോടു പറഞ്ഞത്? "നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും. മർത്താ പറഞ്ഞു: അന്ത്യദിനത്തിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കുമെന്ന് എനിക്കറിയാം" (11,23-24). കർത്താവിന്റെ ശക്തിയിൽ അവൾ കുറെയൊക്കെ വിശ്വസിച്ചിരുന്നെങ്കിലും, സംഗതിയുടെ ഗൗരവം നിമിത്തം സംശയിച്ചിരുന്നു എന്ന് വ്യക്തമാണ്. "നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും" എന്ന് നമ്മുടെ കർത്താവ് പറയുകയും "നീ ദൈവത്തോടു ചോദിക്കുന്നതെല്ലാം അവൻ നിനക്കു ചെയ്തു തരുമെന്ന് എനിക്കറിയാം"എന്ന് അവൾ പറയുകയും ചെയ്തിട്ടും എന്തുകൊണ്ടാണ് അവളിങ്ങനെ പറഞ്ഞത്? കാരണം ഒരുവശത്ത് അവന്റെ വാഗ്ദാനത്തെപ്പറ്റി അവൾ സംശയിക്കുന്നില്ല. മറുവശത്ത്, ഉയിർക്കുക എന്ന വസ്തുത മാനുഷികശക്തിക്ക് അതീതമാണെന്ന് അവൾ കരുതി. നാം മുമ്പ് പറഞ്ഞതുപോലെ, അവർ അവനെ കാണുന്നത്, സ്വന്തശക്തികൊണ്ട് എല്ലാം പ്രവർത്തിക്കുന്ന ഒരു മനുഷ്യനെന്ന നിലയിലാണ്. അതുകൊണ്ടാണ് അവൾ പറഞ്ഞത്: "അന്ത്യദിനത്തിൽ അവൻ ഉയിർക്കുമെന്ന് എനിക്കറിയാം." എന്നാൽ കർത്താവ് എന്താണ് അവളോടു പറഞ്ഞത്? "ഞാനാണ് പുനരുത്ഥാനവും ജീവനും"(11,25). അതായത്, നീ ആദ്യത്തേത് വിശ്വസിക്കുന്നെങ്കിൽ, രണ്ടാമത്തേതിനെ കുറിച്ച് സംശയിക്കരുത്. കാരണം,

www.malankaralibrary.com



ഞാനല്ലാതെ മറ്റാരുമല്ല അതു പ്രവർത്തിക്കുന്നത്. ഞാനാണ് മനുഷ്യരുടെ ജീവന്റെ കാരണം. എല്ലാ മനുഷ്യരെയും ഉയിർപ്പിക്കാൻ ഇരിക്കുന്നവന് ഒരു മനുഷ്യനെ ഉയിർപ്പിക്കാൻ കഴിവില്ലാതിരിക്കയില്ല.

അവൻ തന്റെ സംസാരം പ്രബോധനത്തിലേക്ക് തിരിച്ചുവിടുന്നു. "എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ നിത്യമായി മരിക്കുകയില്ല. ഇതു നീ വിശ്വസിക്കുന്നുവോ?" (11,25-26).-അതുകൊണ്ട്, ഉയിർപ്പിക്കുന്നവൻ ഞാനാകയാൽ, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. കാരണം, അവന്റെ വാഗ്ദാനത്തിലൂടെ ഭാവികാര്യങ്ങളെ കുറിച്ചുള്ള സൗഭാഗ്യകരമായ പ്രതീക്ഷയിലാണ് അവർ മരണത്തെ സ്വീകരിക്കുന്നത്. അതായത്, വിശ്വാസംവഴി എന്നിൽ ജീവിക്കുന്നവൻ ഒരിക്കലും മരിക്കുകയില്ല. കാരണം, അവൻ മരിക്കുന്നതായി കാണപ്പെട്ടാലും, അവൻ മരിച്ചവനല്ല. പ്രകൃതിയുടെ അഴിവിന്റെ നിയമം അവൻ സ്വീകരിക്കുന്നത് താൻ ജീവിക്കും എന്ന വാഗ്ദാനപ്രകാരമാണ്. ഇത്രയും ഭംഗിയായി വിവരിച്ചശേഷം, "നീ ഇത് വിശ്വസിക്കുന്നുവോ" എന്ന് അവൻ ചോദിക്കുന്നു. അതായത്, നിനക്കും, വിശ്വാസത്തിലൂടെ എന്നേക്കുറിച്ച് അറിവ് ലഭിക്കുന്ന എല്ലാവർക്കും പ്രയോജനപ്രദമായ ഈ കാര്യം നീ ദൃഢമായി വിശ്വസിക്കണം.

അപ്പോൾ മർത്താ എന്താണ് പറഞ്ഞത്? "ഉവ്വ്, കർത്താവേ, ലോകത്തിലേക്ക് വരാനിരുന്ന ദൈവപുത്രനായ ക്രിസ്തുവാണ് നീയെന്ന് ഞാൻ വിശ്വസിക്കുന്നു" (11,27).-"ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു" എന്ന് അവൻ പറഞ്ഞു. തങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന മിശിഹാവഴി എല്ലാ മനുഷ്യർക്കും അവ ലഭിക്കുമെന്ന് യഹൂദർ പ്രതീക്ഷിച്ചിരുന്നതിനാൽ, ഇവയ്ക്കുശേഷം അവൾ ഉചിതമായി പ്രത്യുത്തരിച്ചു: "ഉവ്വ്, കർത്താവേ, ഞാൻ വിശ്വസിക്കുന്നു. നീ ദൈവപുത്രനായ ക്രിസ്തുവാണ്." പ്രവാചകവചനാനുസൃതം, ലോകത്തിലേക്ക് വരുമെന്ന് പ്രതീക്ഷിച്ചിരുന്നവനാണ് നീ. അവനെക്കുറിച്ചുള്ള സമഗ്രമായ അറിവ് ലഭിക്കുന്നതിനു മുമ്പാണ് അവൾ ഇതു പറഞ്ഞത്. തെരഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധരുമായ ദൈവിക പ്രവാചകന്മാരെയാണ് നിയമത്തിൽ അഭിഷിക്തർ -മിശിഹാമാർ- എന്ന് വിളിച്ചിരുന്നത്. മിശിഹാ എല്ലാ മനുഷ്യരേക്കാളും ഉന്നതനായി കരുതപ്പെടുന്നതു കൊണ്ടാണ് അവളതു പറഞ്ഞത്. പൂർണമായ അറിവില്ലാതെ അവൾ പറഞ്ഞത് ഗ്രന്ഥത്തിൽ നിന്നു പഠിക്കുന്നതുപോലെ, നാം ഈ സംഭവത്തിൽ നിന്ന് മനസ്സിലാക്കുന്നു. ശ്ലീഹന്മാർപോലും അവന്റെ ഉയിർപ്പിനുമുമ്പ് അവനെ കൃത്യമായി അറിഞ്ഞിരുന്നില്ല എന്നതിൽനിന്ന് ഇതു വെളിവാകുന്നു. തിരുലിഖിതത്തിൽ നിന്നു നാം ഗ്രഹിക്കുന്നതുപോലെ, അവന്റെ ഉയിർപ്പിനുശേഷവും അവൻ ഉയിർത്തോ എന്ന് അവർ സംശയിച്ചിരുന്നു.

www.malankaralibrary.com



"ഇതു പറഞ്ഞിട്ട് അവൾ പോയി തന്റെ സഹോദരിയായ മറിയത്തെ വിളിച്ച്, ഇതാ, ഗുരു ഇവിടെയുണ്ട്. നിന്നെ വിളിക്കുന്നു എന്ന് സ്വകാര്യമായി പറഞ്ഞു" (11,28). - അവളുടെ സഹോദരിയെ വിളിക്കാൻ കർത്താവു പറയുന്നതായി സുവിശേഷത്തിൽ കാണുന്നില്ല. അങ്ങനെ പറഞ്ഞു എന്ന് വ്യക്തമായി അനുമാനിക്കാവുന്നതാണ്. അവശ്യകാര്യങ്ങൾ മാത്രം പ്രസ്താവിക്കുന്ന സുവിശേഷകൻ ഇതു വിട്ടുകളഞ്ഞതാകാം. യഹൂദസാന്നിധ്യം നിമിത്തം രഹസ്യമായി തന്റെ സഹോദരിയെ വിളിച്ചത് വിവേകപൂർവമാണ്. ഇത് യഹൂദർ അറിഞ്ഞാൽ അവർക്കിഷ്ടപ്പെടുകയി ല്ലെന്നു കരുതിയാകാം രഹസ്യത്തിൽ പറഞ്ഞത്.

ഇതു കേട്ടയുടൻ മറിയം എഴുന്നേറ്റ് അവന്റെ അടുത്തേക്കു ചെന്നു. യേശു അപ്പോഴും ഗ്രാമത്തിൽ പ്രവേശിച്ചിട്ടില്ലായിരുന്നു. മർത്താ കണ്ട സ്ഥലത്തുതന്നെ അവൻ നിൽക്കുകയായിരുന്നു. വീട്ടിൽ അവളെ ആശ്വസിപ്പിച്ചുകൊണ്ടിരുന്ന യഹൂദർ അവളെ അനുഗമിച്ചു. അവൾ കല്ലറയിൽ കരയാൻ പോകുകയാണെന്ന് അവർ കരുതി (11,29-31). -ദുഃഖാധി ക്യത്താൽ അവൾ എന്തെങ്കിലും കടുംകൈ ചെയ്യുമെങ്കിൽ തടയാനാണ് അവർ അവളെ അനുഗമിച്ചത്. നടക്കാൻ പോകുന്ന അത്ഭുതത്തിന് സാക്ഷികളാകാൻവേണ്ടി അവർ അറിയാതെ അവിടെ എത്തിയത് ദൈവപരിപാലനയാലാണ്. മറിയം യേശുവിന്റെ അടുത്തെത്തിയ ഉടനെ അവന്റെ കാൽക്കൽ വീണ്, മർത്താ പറഞ്ഞതുതന്നെ ആവർത്തിച്ചു. "കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ, എന്റെ സഹോദരൻ മരിക്ക യില്ലായിരുന്നു" (11,32). മർത്താ യേശുവിന്റെ കാൽക്കൽ വീണതായി പറയുന്നില്ല. അവനെ കണ്ടുമുട്ടിയപ്പോളാണ് ഇതു പറഞ്ഞത്. പലയിടത്തും വെളിവാകുന്നതുപോലെ, മറിയത്തിന് യേശുവിനോട് കൂടുതൽ സ്നേഹമുണ്ടായിരുന്നു. കർത്താവ് അവരുടെ വീട്ടിലായിരുന്നപ്പോൾ മർത്താ ശുശ്രൂഷയിൽ മുഴുകിയിരുന്നു. മറിയമാകട്ടെ, അവനോടുള്ള വലിയ സ്നേഹം നിമിത്തം അവന്റെ പാദങ്ങളിൽ ഇരുന്നു. അൽപനേരത്തേക്കു പോലും ഗുരുവിൽനിന്ന് അകന്നുനിൽക്കാൻ അവൾ ആഗ്രഹിച്ചില്ല. അതുകൊണ്ടാണ് കർത്താവും അവളെ മർത്തായേക്കാൾ കൂടുതലായി പ്രകീർത്തിച്ചത്.

"അവളും അവളോടുകൂടെ വന്ന യഹൂദരും കരയുന്നതു കണ്ടപ്പോൾ, യേശു ആത്മാവിൽ നെടുവീർപ്പിട്ടു കൊണ്ട് ചോദിച്ചു: അവനെ അടക്കിയിരിക്കുന്നത് എവിടെയാണ്?"(11,33-34).- അവന്റെ നെടുവീർപ്പ് കോപത്തിന്റെ അടയാളമായിരുന്നു. അത്ഭുതം കണ്ടശേഷവും വിശ്വസിക്കാതിരുന്ന യഹൂദരെ കാണിക്കാനാണ് നമ്മുടെ കർത്താവ് തന്റെ കോപം പ്രകടിപ്പിച്ചത്. അതുകൊണ്ട്, സുവിശേഷകൻ പറയുന്നു, അവൻ ആത്മാവിൽ നെടുവീർപ്പിട്ടു. അവൻ ചോദിച്ചു, അവനെ അടക്കിയിരിക്കുന്നത് എവിടെയാണ്? അവനത് അറിയാൻ പാടില്ലാഞ്ഞിട്ടല്ല. അവൻ മരിച്ചെന്ന് ദൂരെ

www.malankaralibrary.com



ആയിരുന്നപ്പോൾതന്നെ പറഞ്ഞവൻ എങ്ങനെയാണ് ഇത് അറിയാതിരുന്നത്? ഈ അത്ഭുതം പ്രവർത്തിക്കുന്നത് ഒരു പ്രകടനത്തിനു വേണ്ടിയല്ല; മറിച്ച്, ഒരു പ്രത്യേക ഉദ്ദേശ്യത്തോടു കൂടെയാണെന്ന് അറിയിക്കാൻ വേണ്ടിയാണ് അവൻ അത് ചോദിച്ചത്. അവർ അവനോട്, "കർത്താവേ, വന്നു കാണുക" എന്നു പറയുന്നു. അപ്പോൾ യേശു കണ്ണീർ പൊഴിച്ചു" (11,35). അവനെ ഉയിർപ്പിക്കാനിരിക്കെ കരഞ്ഞത് അധികപ്പറ്റായി തോന്നാം. അവിടുന്ന് ഇവിടെ നമുക്കൊരാചാരം നൽകുകയാണ് ചെയ്തത്. നാം അതീവദുഃഖത്താൽ ക്ലേശിതരാകാതിരിക്കാൻ കണ്ണീർവഴി ദുഃഖം നീക്കിക്കളയാമെന്ന് അവൻ തന്റെ കണ്ണീർവഴി നമ്മെ പഠിപ്പിക്കുകയത്രേ ചെയ്യുക. കർത്താവ് കരയുന്നതു കണ്ട യഹൂദർ ഇങ്ങനെ പറഞ്ഞു: "നോക്കൂ, അവൻ എത്ര മാത്രം അവനെ സ്നേഹിച്ചിരുന്നു. അന്ധന്റെ കണ്ണ് തുറന്ന ഈ മനുഷ്യന് ഇവനെ മരണത്തിൽ നിന്ന് രക്ഷിക്കാൻ കഴിയുമായിരുന്നില്ലേ?" (11,36-37). - ചെയ്യപ്പെട്ടതിനേക്കാൾ കൂടുതലായി ചെയ്യപ്പെടാത്തതിനെപ്പറ്റി കുറ്റം വിധിക്കുന്നത് എപ്പോഴും പതിവാണ്. മോശയോട് ഇസ്രായേൽക്കാർ ഇങ്ങനെ പറഞ്ഞു: "അവൻ പാറമേൽ അടിച്ച് വെള്ളം ഒഴുക്കി. നമുക്ക് അപ്പം തരാൻ അവനു കഴിവില്ലേ?"(സങ്കീ.78,20) അതുകൊണ്ട് സുവിശേഷകൻ ചേർത്തുപറയുന്നു: "യേശു വീണ്ടും നെടുവീർപ്പിട്ടുകൊണ്ട് ശവകുടീരത്തിങ്കൽ വന്നു." അവരുടെ വാക്കുകൾ നിമിത്തമുള്ള ദേഷ്യം കൊണ്ടാണ് അവൻ അസ്വസ്ഥനായത്. കാരണം, ചെയ്ത അത്ഭുതങ്ങളെ അവർ പുച്ഛിച്ചു തള്ളുന്നതായി അവൻ കണ്ടു(11,38). അവർ ചോദിച്ചത് അവൻ ചെയ്തപ്പോഴും അവർ അംഗീകരിച്ചില്ല.

ലാസറിനെ അടക്കിയിരുന്ന ഗുഹയുടെ മുകളിൽ ഒരു കല്ലു വച്ചിരുന്നു. " യേശു പറഞ്ഞു, ആ കല്ലെടുത്തു മാറ്റുവിൻ" (11,39). അവർ അതുമാറ്റുമ്പോൾ ദുർഗന്ധം ഉണ്ടാകുമെന്നു കരുതി മർത്താ പറഞ്ഞു, "കർത്താവേ, ഇപ്പോൾ ദുർഗന്ധം ഉണ്ടായിരിക്കും. ഇത് നാലാംദിവസമാണ" (11,39-40). സംശയിക്കുന്ന സ്ത്രീയുടെ വാക്കുകളാണിവ. അത്ഭുതത്തിന്റെ വലിപ്പത്തെയാണിത് സൂചിപ്പിക്കുന്നത്. പ്രകൃതിനിയമം അനുസരിച്ച്, എത്ര അധികമായി ശരീരം ചീയുന്നുവോ, അത്ര അധികമായി ലാസറിനുവേണ്ടി ചെയ്ത അത്ഭുതത്തിന്റെ ശക്തി വെളിപ്പെടും. കർത്താവ് അതിനെ എതിർത്തുകൊണ്ട് പറഞ്ഞു: "വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കുമെന്ന് ഞാൻ നിന്നോടു പറഞ്ഞില്ലേ?" (11,40). മുൻപറഞ്ഞ വാക്കുകൾ മർത്താ പറയുകയും അവ അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നതായി തോന്നിയെങ്കിലും, അവൾ പൂർണമായി സംശയ വിമുക്തയല്ലായിരുന്നെന്ന് ഇത് കാണിക്കുന്നു. "അവർ കല്ലെടുത്തു മാറ്റി" (11,41). താൻ ചെയ്യാൻ പോകുന്ന പ്രവൃത്തി പിതാവിന്റേതാണെന്ന് കാണിക്കാൻവേണ്ടി യേശു ഉന്നതത്തിലേക്ക് കണ്ണുകളുയർത്തി. യഹൂദർക്ക്

www.malankaralibrary.com



അവരുടെ വിശ്വാസരാഹിത്യത്തിന് ഒരു മുടന്തൻ ന്യായം ലഭിക്കാതിരിക്കാൻ വേണ്ടിയാണ് ഇപ്രകാരം ചെയ്തത്. "പിതാവേ, അങ്ങ് എന്റെ പ്രാർഥന ശ്രവിച്ചതിനാൽ ഞാൻ അങ്ങേയ്ക്ക് നന്ദി പറയുന്നു" (11,41). ഒരു യാചനയും അർപ്പിക്കുന്നതിനുമുമ്പ് കൃതജ്ഞതാസ്തോത്രം അർപ്പിക്കുന്നത് അസാധാരണമാണ്. ഇതെന്താണ് അർഥമാക്കുന്നത്? എന്തിനാണ് ഇങ്ങനെ പറഞ്ഞത്? "അങ്ങ് എന്റെ പ്രാർഥന എപ്പോഴും ശ്രവിക്കുമെന്നും എനിക്കറിയാം. എന്നാൽ എന്നെ അയച്ചത് അവിടുന്നാണെന്ന് ചുറ്റും നിൽക്കുന്ന ജനം വിശ്വസിക്കുന്നതിനു വേണ്ടിയാണ് ഞാനിതു പറയുന്നുത് "(11,42). - മനുഷ്യൻ എന്ന നിലയിലാണ് അവിടുന്ന് പറഞ്ഞതെങ്കിലും, തനിക്ക് സർവശക്തിയുണ്ടെന്ന് അവൻ കാണിക്കുന്നു.

"നീ എന്നെ എപ്പോഴും കേൾക്കുന്നു" എന്ന വാക്കുകളുടെ അർഥം, ദൈവവചനത്തോടുള്ള ഐക്യംനിമിത്തം ആ ശക്തി സ്വീകരിച്ചു എന്നാണ്. സമീപസ്ഥർക്കുവേണ്ടി അവൻ പറഞ്ഞ വാക്കുകളുടെ അർഥം ഗ്രഹിക്കാൻ ഇത് സഹായിക്കും. പിതാവിനെതിരായി അവൻ എന്തെങ്കിലും ചെയ്തെന്ന് വിശ്വാസരഹിതർ കരുതാൻ അവൻ അവസരം കൊടുത്തില്ല. അവൻ ചെയ്ത എല്ലാ കാര്യങ്ങളും പിതാവിന് ആരോപിക്കുന്നു. മരിച്ചവരെ പ്രാർഥനവഴി ഉയിർപ്പിക്കാനുള്ള ശക്തി സ്വീകരിക്കുന്നത് ദൈവവചനത്തിന് ഒട്ടും യോജിച്ചതല്ലെന്ന് സ്പഷ്ടമാണല്ലോ. എല്ലാറ്റിന്റെയും സ്രഷ്ടാവിന് മനുഷ്യരെ ഉയിർപ്പിക്കാൻ പ്രാർഥനയുടെ ആവശ്യമില്ലല്ലോ. ദേവാലയത്തെക്കുറിച്ച്, മൂന്നുദിവസം കൊണ്ട് ഞാനത് പണിതുയർത്തും എന്ന് അവൻ വ്യക്തമായി പറഞ്ഞു. ആ പ്രവൃത്തിയുടെ ശക്തിയും മനസ്സും തന്നിൽ നിഗൂഢമായിരിക്കുന്നു. ഇതു പറഞ്ഞിട്ട് അവൻ ഉച്ചത്തിൽ പറഞ്ഞു, "ലാസറേ, പുറത്തുവരിക"(11,43). ഉയർന്ന സ്വരം ഉത്ഥാനത്തിന് സഹായകമാകുന്നതു കൊണ്ടല്ല അവൻ ഉയർന്നസ്വരത്തിൽ വിളിച്ചു പറഞ്ഞത്. ആത്മാവിനെ ദൂരെനിന്നു വിളിച്ചുവരുത്തിയെന്നും ആത്മാവ് ശരീരത്തിൽ ഇല്ലായിരുന്നെന്നും അടുത്തു നിന്നവരെ കാണിക്കാനാണിത്.

"അപ്പോൾ ലാസർ പുറത്തുവന്നു. അവന്റെ കൈകാലുകൾ നാടകൾ കൊണ്ട് ബന്ധിക്കപ്പെട്ടും മുഖം തുണികൊണ്ട് ആവരണം ചെയ്യപ്പെട്ടും ഇരുന്നു" (11,44). മനുഷ്യരുടെ ഇടയിൽ നടക്കുന്ന രീതിയാണിത്. ഇവയെല്ലാം അത്ഭുതകരമായിരുന്നു. അതായത്, അവൻ ജീവിച്ചതും കൈകാലുകൾ ബന്ധിച്ചിരിക്കെ എഴുന്നേറ്റതും മുഖം മറച്ചിരുന്ന അവസ്ഥയിൽ പുറത്തു വന്നതും. ഒറ്റവാക്കിൽ, സൂക്ഷിച്ചു പരിശോധിച്ചാൽ, ഇവയെല്ലാം മഹനീയവും അത്ഭുതാവഹവും ആയിരുന്നു. വാചകങ്ങൾ വ്യാഖ്യാനിച്ച് അത്ഭുതത്തെക്കുറിച്ചുള്ള ചർച്ച ഇനിയും നീട്ടിക്കൊണ്ടു പോകേണ്ട കാര്യമില്ല.

www.malankaralibrary.com



അതുകൊണ്ട്, അവനെ കെട്ടഴിച്ച് സാധാരണ രീതിയിൽ നടക്കുന്നതിന് അനുവദിക്കാൻ കർത്താവ് കൽപിച്ചു. സംഭവിച്ചതിനെപ്പറ്റി അവിടെയുണ്ടായിരുന്ന യഹൂദർക്ക് വ്യത്യസ്താഭിപ്രായങ്ങൾ ഉണ്ടായിരുന്നു. അവൻ ചെയ്ത അത്ഭുതം നിമിത്തം ചിലർ അവനിൽ വിശ്വസിച്ചു. മറ്റുചിലർ വിശ്വസിച്ചില്ലെന്നു മാത്രമല്ല, ഏതാണ്ട് ഗർഹണീയകർമം ചെയ്തു എന്ന മട്ടിൽ അവനെ ഫരിസേരുടെ മുമ്പിൽ കുറ്റപ്പെടുത്തുക കൂടി ചെയ്തു. നടന്ന അത്ഭുതം എല്ലാവരും അറിയുന്നതിന്, അവർ വെറുപ്പുകൊണ്ടും ദുഷ്ടമനസ്സുകൊണ്ടും ചെയ്ത കാര്യം ഹേതുവായി.

**യേശുവിനെതിരെ ഗൂഢാലോചന**

ഇതുകേട്ട് പ്രധാന പുരോഹിതന്മാരും ഫരിസേയരും ഒരുമിച്ചുകൂടി ആലോചന നടത്തി പറഞ്ഞു: "നാം എന്താണ് ചെയ്യേണ്ടത്? ഈ മനുഷ്യൻ വളരെയധികം അടയാളങ്ങൾ പ്രവർത്തിക്കുന്നല്ലോ" (11,47). നടന്ന സംഭവം വിശ്വസിക്കുന്നതിനുപകരം അവർ അത്ഭുതത്തെ തിന്മയായി കണ്ട് പറഞ്ഞു, "അവനെ നാം ഇങ്ങനെ വിട്ടാൽ അത്ഭുതങ്ങൾ നിമിത്തം എല്ലാവരും അവനിൽ വിശ്വസിക്കും." അതിന്റെ പരിണിതഫലം എന്തായിരിക്കും? "റോമാക്കാർ വന്ന് നമ്മുടെ വിശുദ്ധ സ്ഥലത്തെയും ജനത്തെയും നശിപ്പിക്കും" (11,48). അവർ തങ്ങളുടെ ദുഷ്ടതയെ ന്യായീകരിക്കുന്നതിനുവേണ്ടി പ്രത്യേക കാരണം കണ്ടെത്തുന്നു. അവർ പറഞ്ഞത് എന്താണെന്ന് നോക്കുക. അവർ റോമാക്കാർക്ക് കപ്പം കൊടുത്തിരുന്നു. അവരുടെ പക്കൽ പേര് റജിസ്റ്റർ ചെയ്തിരുന്നു. അവരുടെ കണക്കനുസരിച്ച് കരം കൊടുത്തിരുന്നു. അതുകൊണ്ട് എല്ലാവരും അവനിൽ വിശ്വസിക്കുകയും അവനെ രാജാവും നേതാവുമായി അംഗീകരിച്ച് അനുഗമിക്കുകയും ചെയ്താൽ, നമ്മൾ ലഹള പ്രോത്സാഹപ്പിക്കുന്നെന്നും വീണ്ടും ഒരു ജനമായിത്തീരാനും നമ്മുടെ മേലുള്ള അവരുടെ ആധിപത്യം എടുത്തുമാറ്റാനും ആഗ്രഹിക്കുന്നെന്നും റോമാക്കാർക്ക് സംശയം തോന്നാം. അതുകൊണ്ട്, അവർ രോഷാകുലരായി നമ്മോടു പ്രവർത്തിക്കുകയും നമ്മെ നശിപ്പിക്കുകയും നമ്മുടെ രാജ്യം അവരുടേതാക്കി മാറ്റുകയും ചെയ്യും. അവർക്ക് കർത്താവിനോട് ഉണ്ടായിരുന്ന ധാർഷ്ഠ്യം മൂലം അവർക്കിതു സംഭവിക്കുകയും ചെയ്തു. അവർ വിശ്വസിച്ചിരുന്നെങ്കിൽ, അവർക്കിതു സംഭവിക്കയില്ലായിരുന്നു. കർത്താവിൽ വിശ്വസിച്ചവരെ തന്റെ പ്രബോധനം വഴി പ്രസ്തുത ലഹളയിൽനിന്ന് അവൻ അകറ്റുകയും റോമാക്കാർ അതു മനസ്സിലാക്കുകയും യഹൂദരെ ശത്രുക്കളും ലഹളക്കാരുമായി കരുതി കൊല്ലുകയും ചെയ്തു. നേരേമറിച്ച്, യഹൂദരിൽനിന്ന് യേശു ഉത്ഭവിച്ചതിനാൽ, യഹൂദർ മറ്റു മനുഷ്യരെപ്പോലെ അവനിൽ വിശ്വസിച്ചിരുന്നെങ്കിൽ റോമാക്കാരും യേശുവിലുള്ള വിശ്വാസം സ്വീകരിച്ച് യഹൂദരെയും വലിയ സ്നേഹത്തോടും ബഹുമാനത്തോടും കൂടെ സ്വീകരിക്കുമായിരുന്നു.

www.malankaralibrary.com



അവരിൽ ഒരുവനും ആ വർഷത്തെ പ്രധാന പുരോഹിതനുമായ കയ്യാഫാസ് അവരുടെ സംഘത്തിൽ പറഞ്ഞു: "ജനം മുഴുവൻ നശിക്കാതിരിക്കാനായി അവർക്കുവേണ്ടി ഒരുവൻ മരിക്കുന്നത് നമുക്ക് യുക്തമാണ്" (11,49). ഇക്കാര്യം വേറേ രീതിയിൽ മുകളിൽ പറഞ്ഞിട്ടുള്ളതാണ് (11,48). അവൻ ആ വർഷത്തെ പ്രധാനാചാര്യനായിരുന്നു. അതായത്, അക്കാലത്തെ പ്രധാനാചാര്യൻ. കാരണം, പ്രധാനാചാര്യത്വം ജനനം വഴിയുള്ള പിൻതലമുറയ്ക്കല്ല കൈമാറിയിരുന്നത്. റോമാക്കാർ തങ്ങൾക്ക് ഇഷ്ടമുള്ളവർക്ക് അത് നൽകുകയായിരുന്നു പതിവ്. ഒരാൾ കുറച്ചുനാൾ ആ സ്ഥാനം സ്വീകരിച്ചു കഴിയുമ്പോൾ, നിശ്ചിത കാലാവധി കൂടാതെ മറ്റുള്ളവരെ ആ സ്ഥാനത്തേക്ക് റോമാക്കാർ നിയമിച്ചിരുന്നു. സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു: "അവൻ ഇത് സ്വമേധയാ പറഞ്ഞതല്ല" (11,51). പ്രത്യുത, അവൻ പ്രധാനാചാര്യസ്ഥാനം വഹിച്ചിരുന്നതിനാൽ, എന്താണ് പറയുന്നതെന്നറിയാതെ, ഭാവികാര്യങ്ങൾ പ്രവചിക്കാൻ തുടങ്ങി. അവൻ എന്താണ് പറഞ്ഞത്? കർത്താവ് ജനത്തിനുവേണ്ടി മരിക്കും. പൊതുനന്മയ്ക്കുവേണ്ടിയാണ് അവൻ മരിക്കുന്നത്. ജനത്തിനുവേണ്ടി മാത്രവല്ല, ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒരുമിച്ചു കൂട്ടുന്നതിനു വേണ്ടിയുമാണ് അവൻ മരിക്കുന്നത് (11,52). നമ്മുടെ കർത്താവിന്റെ മരണം പ്രയോജനപ്പെടുന്നത് ഇവർക്കു മാത്രമല്ല; പിന്നീട് ജനതകളിൽനിന്ന് ശ്ലീഹന്മാർവഴി ദൈവഭയത്തിലേക്ക് തിരിഞ്ഞുവരുന്ന വിജാതീയരിൽ നിന്നുള്ള വിശ്വാസികൾക്കും കൂടിയാണ്. "അന്നുമുതൽ അവനെ വധിക്കാൻ അവർ ആലോചിച്ചു കൊണ്ടിരുന്നു. അതുകൊണ്ട്, യേശു പിന്നീടൊരിക്കലും യഹൂദരുടെ ഇടയിൽ പരസ്യമായി സഞ്ചരിച്ചില്ല. അവൻ പോയി മരുഭൂമിക്കടുത്തുള്ള എഫ്രയിം പട്ടണത്തിൽ ശിഷ്യരോടൊത്ത് വസിച്ചു" (11,53-54).

സംഭവിച്ച ഈ കാര്യങ്ങൾ വിവരിച്ചശേഷം സുവിശേഷകൻ നമ്മുടെ രക്ഷകന്റെ പീഡാനുഭവം വിവരിക്കുന്നു. പീഡാനുഭവത്തിനു മുൻപ് നമ്മുടെ കർത്താവ് പറഞ്ഞതും ചെയ്തതുമായ കാര്യങ്ങളും സുവിശേഷകൻ അനുസ്മരിക്കുന്നു. അതുപോലെ, തന്റെ പീഡാനുഭവത്തെപ്പറ്റി പറഞ്ഞവയും അവൻ കൂട്ടിച്ചേർക്കുന്നു. ഇവയെക്കുറിച്ചൊക്കെ മറ്റൊരു സുവിശേഷകനും പറഞ്ഞിട്ടില്ല. തന്റെ ലക്ഷ്യത്തിന് അനുയോജ്യമായതിനാൽ, ഭാഗ്യവാനായ യോഹന്നാൻ ഇവയെല്ലാം കൂട്ടിച്ചേർക്കണമെന്ന് തീരുമാനിച്ചു. കാരണം, മറ്റുള്ളവർ വിട്ടുകളഞ്ഞവ എഴുതിച്ചേർക്കാനാണ് അവൻ ലക്ഷ്യമിട്ടത്. അതുകൊണ്ട് അവൻ പറയുന്നു: "യഹൂദരുടെ പെസഹാതിരുനാൾ അടുത്തിരുന്നു" (11,55). അറിയപ്പെടുന്ന വാചകങ്ങൾ ഉദ്ധരിച്ചശേഷം അവ വ്യാഖ്യാനിക്കുന്നതിനാൽ, ഈ ഗ്രന്ഥത്തിന്റെ വലിപ്പം കൂടിപ്പോകാതിരിപ്പാൻ മുമ്പു ചെയ്തതുപോലെ ഇവിടെയും ചെയ്യുന്നു. അവ കൂടാതെ വ്യാഖ്യാനം മാത്രം നൽകാനാണ് പദ്ധതി. ഓരോ കാര്യത്തെപ്പറ്റിയും ക്രമ

www.malankaralibrary.com



മായി പറയുമ്പോൾ ഓരോ വാചകത്തെ പറ്റിയും ചർച്ചചെയ്യാം. അപ്പോൾ ആവർത്തനം ഒഴിവാകും.

പെസഹായ്ക്ക് മുമ്പ് തങ്ങളെത്തന്നെ വിശുദ്ധീകരിക്കാനായി നിയമ പാരമ്പര്യമനുസരിച്ച് അനേകർ തങ്ങളുടെ ദേശങ്ങളിൽ നിന്ന് ജറുസലേമിലേക്ക് വന്നുകൊണ്ടിരുന്നു. ഇവർക്ക് ഏതെങ്കിലും കാരണത്താൽ അശുദ്ധി സംഭവിച്ചിട്ടുണ്ടെങ്കിൽ, പതിവുള്ള ശുദ്ധീകരണം കൂടാതെ പെസഹായെ സമീപിക്കാൻ അനുവാദമില്ലായിരുന്നു (11,56). ഇക്കൂട്ടർ ദേവാലയത്തിൽ ഒരുമിച്ചുകൂടി തങ്ങൾക്കിടയിൽ നമ്മുടെ കർത്താവിനെ കുറിച്ച് ചർച്ച ചെയ്തപ്പോൾ, "അവൻ ഈ തിരുനാളിന് വരുമോ? അതോ, ശത്രുക്കളുടെ കെണികൾ ഒഴിവാക്കാൻ വരാതിരിക്കുമോ?" എന്ന് സംസാരിച്ചു. അവനെ കാണുന്നതിന് ആഗ്രഹിച്ചിരുന്നവരുടെ വാക്കുകളാണിവ. ചെയ്ത അത്ഭുതം നിമിത്തം ജനക്കൂട്ടം അവന് അനുകൂലമായിരുന്നു. "അവൻ എവിടെയാണെന്ന് ആർക്കെങ്കിലും വിവരം ലഭിച്ചാൽ, അവനെ ബന്ധിക്കേണ്ടതിന് തങ്ങളെ അറിയിക്കണമെന്ന് പുരോഹിത പ്രമുഖന്മാരും ഫരിസേയരും കൽപന കൊടുത്തിരുന്നു" (11,57).

**തൈലാഭിഷേകം**

മർത്തായുടെയും മറിയത്തിന്റെയും മരിച്ചവരിൽനിന്ന് താൻ ഉയിർപ്പിച്ച ലാസറിന്റെയും ഗ്രാമമായ ബഥാനിയായിലേക്ക് പെസഹായ്ക്ക് ആറ് ദിവസംമുമ്പ് യേശു വന്നു. അവർ പതിവുപോലെ വലിയ താൽപര്യത്തോടെ അവനെ സ്വീകരിക്കുകയും അവന് അത്താഴം ഒരുക്കുകയും ചെയ്തു. മർത്തായാണ് അവനെ ശുശ്രൂഷിച്ചത്. ലാസർ അവനോടുകൂടെ ഭക്ഷണത്തിന് ഇരുന്നിരുന്നു. "മറിയം വിലയേറിയതും ശുദ്ധവുമായ ഒരു കുപ്പി നർദീൻ തൈലമെടുത്ത് യേശുവിന്റെ പാദങ്ങളിൽ പൂശുകയും തന്റെ തലമുടികൊണ്ട് അവന്റെ പാദങ്ങൾ തുടയ്ക്കുകയും ചെയ്തു" (12,3). നമ്മുടെ കർത്താവിനോടുള്ള സ്നേഹവും ബഹുമാനവും പ്രകടമാക്കാനും തലമുടി കൊണ്ടുപോലും പാദങ്ങൾ തുടയ്ക്കാനുമുള്ള അവളുടെ വലിയ സ്നേഹം കണ്ടറിഞ്ഞെങ്കിലും, അവനെ ഒറ്റിക്കൊടുക്കാനിരുന്ന യൂദാസ് പിറുപിറുത്തുകൊണ്ട് പ്രതികരിച്ചു. നമ്മുടെ കർത്താവിന്റെ ശരീരത്തിന്റെ സുഗന്ധം തന്റെ ശരീരത്തിൽ ചേർക്കാൻ വേണ്ടി ആ സ്ത്രീ പരിശ്രമിച്ചെന്നു കരുതിയാണ് അവനിതു ചെയ്തത്. ഏപ്പോഴും അവനോടുകൂടെ ആയിരിക്കാനുള്ള സ്നേഹമാണ് അവളെ അതിനു പ്രേരിപ്പിച്ചത്. അവനിൽനിന്ന് ദൂരെ ആയിരിക്കുമ്പോഴും, ഈ പ്രവൃത്തിവഴി എപ്പോഴും അവന്റെകൂടെ ആയിരിക്കാമെന്ന് അവൾ കരുതി. അതുകൊണ്ടാണ് അവളുടെ ധൂർത്തിനെ കുറിച്ച് യൂദാസ് അവളെ ശകാരിച്ചത്. "എന്തുകൊണ്ട് ഈ തൈലം മുന്നൂറ്

www.malankaralibrary.com



ദേനാറായ്ക്ക് വിറ്റ് ദരിദ്രർക്ക് കൊടുത്തില്ല? " (12,5). അവൻ പറഞ്ഞ വാക്കുകൾ മാത്രമല്ല, അവന്റെ ഉദ്ദേശ്യവും സുവിശേഷകൻ വരച്ചുകാട്ടുന്നു. "അവൻ ഇതുപറഞ്ഞത് അവന് ദരിദ്രരോട് പരിഗണന ഉണ്ടായിരുന്നതു കൊണ്ടല്ല, പ്രത്യുത, അവൻ ഒരു കള്ളനായിരുന്നതുകൊണ്ടും പണസഞ്ചി അവന്റെ കൈയിൽ ആയിരുന്നതുകൊണ്ടും അതിൽ വീഴുന്നതിൽനിന്ന് അവൻ എടുത്തിരുന്നതു കൊണ്ടുമാണ് " (12,6). - സുവിശേഷകൻ പറഞ്ഞത് പ്രവൃത്തികളിലൂടെ സ്ഥിരീകരിക്കപ്പെട്ടു. പാവപ്പെട്ടവരുടെ പ്രബോധകനായ യേശുവിന് അവരോടുള്ള പരിഗണനയെക്കാൾ കൂടുതൽ താൽപര്യം അവന് അവരുടെ കാര്യത്തിൽ ഉണ്ടാകാൻ സാധ്യതയില്ല.

ആ സ്ത്രീക്ക് സ്വാർഥലക്ഷ്യങ്ങളില്ലെന്നും തനിക്കു വേണ്ടിയാണ് ചെയ്തതെന്നും പറഞ്ഞുകൊണ്ട് നമ്മുടെ കർത്താവ് അവളെ ന്യായീകരിച്ചു. കൂടാതെ, അവളെ കുറ്റപ്പെടുത്തിയവന്റെ ഗൂഢോദ്ദേശ്യം എന്തെന്ന് വെളിപ്പെടുത്തുകയും ചെയ്യുന്നു. അതുകൊണ്ട്, ഉപമാമയമായി അവൻ ഇപ്രകാരം പറയുന്നു: " അവളെ തടയേണ്ട. എന്റെ ശവസംസ്ക്കാര ദിനത്തിനായി ഇതു ചെയതുവെന്ന് കരുതിക്കൊള്ളട്ടെ. ദരിദ്രർ എപ്പോഴും നിങ്ങളോടു കൂടെയുണ്ട്. ഞാൻ എപ്പോഴും നിങ്ങളോടൊത്ത് ഉണ്ടായിരിക്കുകയില്ല" (12,7-8).

കർത്താവിനോടു സ്നേഹം കാണിച്ച സ്ത്രീയെ കുറ്റപ്പെടുത്തി അവൻ പറഞ്ഞ വാക്കുകളുടെ ഉദ്ദേശ്യത്തെ ശാസിച്ചുകൊണ്ട് യൂദാസിനെതിരെ കുറേക്കൂടി കഠിനമായ വാക്കുകൾ ഉപയോഗിക്കാമായിരുന്നു. അവളെ പ്രശംസിക്കുന്നതിനുപകരം യൂദാസ് അവളെ ശാസിക്കാൻ ധൈര്യപ്പെടുകയാണ് ചെയ്തത്. അവൻ ഗുരുവിനെ സ്നേഹിച്ചിരുന്നെങ്കിൽ, ഇതു ചെയ്യുമായിരുന്നില്ല. കർത്താവ് അവനെ സൂചനാപരമായി കുറ്റപ്പെടുത്തുകയും സ്ത്രീയെ ന്യായീകരിക്കുകയും ചെയ്തു. ഒരിക്കൽ തന്റെ പീഡാനുഭവത്തെപ്പറ്റി സംസാരിക്കവേ, "കർത്താവേ, ഇത് നിന്നിൽനിന്ന് അകന്നുപോകട്ടെ" എന്നുപറഞ്ഞ ഭാഗ്യവാനായ ശെമയോനെ, *സാത്താൻ* എന്ന കഠിന പദം ഉപയോഗിച്ച് അവിടുന്ന് വിളിച്ചു. അവനാകട്ടെ, ഗുരുവിനോടുള്ള സ്നേഹാധിക്യത്താലാണ് അങ്ങനെ പറഞ്ഞത്. താൻ ആരെ ശകാരിക്കുന്നുവോ, അത് അവനും മറ്റുള്ളവർക്കും ഉപകരിക്കുമെങ്കിൽ, കർത്താവ് കഠിനമായ വാക്കുകൾ ഉപയോഗിച്ച് ശാസിക്കും. തിരുത്തൽ പ്രയോജനപ്പെടുകയില്ലെന്ന് മുൻകൂട്ടി കണ്ടാൽ, അധികം പറയാതെ ഉചിതമായതു മാത്രം പറയുന്നു. അവൻ ഇവിടെ പറയുന്നു: അവൾ എന്നോടു കാണിച്ച സ്നേഹം അംഗീകരിച്ച് അവളുടെ പ്രവൃത്തിയെ പ്രശംസിക്കുന്നതിനു പകരം അവൾ ചെയ്തതിനെ കുറിച്ച് എന്തിനാണ് അവളെ നീ കുറ്റം പറയുന്നത്? അവൾ ചെയ്തത് അംഗീകരിക്കാൻ വേറൊരു കാരണവും നീ കണ്ടി

www.malankaralibrary.com



ല്ലെങ്കിലും, ഞാൻ പീഡാസഹനത്തോട് അടുത്തിരിക്കുകയാൽ, മാനുഷിക രീതിയിലുള്ള സഹാനുഭൂതിമൂലം, മരിക്കാൻ പോകുന്ന ഒരു മനുഷ്യനോട് കാണിക്കുന്ന ബഹുമാനം എത്ര വലുതാണെന്ന് ചിന്തിക്കണമായിരുന്നു. മരിക്കാറായ മനുഷ്യരോട് ശത്രുക്കൾപോലും അവരോടുള്ള വെറുപ്പ് മാറ്റിവച്ച് പലപ്പോഴും അനുരഞ്ജനപ്പെടാറുണ്ട്. ഞാൻ ഇപ്പോൾ തന്നെ മരണം വരിക്കാൻ പോകുന്നതിനാൽ മനുഷ്യരുടെ ഇടയിൽ നിലവിലുള്ള രീതിയിൽ എന്റെ ശവസംസ്ക്കാരത്തിനു വേണ്ടിയാണ് അവൾ ഈ തൈലം പൂശിയതെന്ന് അവളെപ്പറ്റി ചിന്തിക്കുക. അതോ, ശവസംസ്ക്കാരത്തിനും ഈ തൈലം പൂശലിനും ഒരുപക്ഷേ എനിക്ക് അർഹത ഇല്ലെന്നു നീ വിശ്വസിക്കുന്നോ? എന്റെ ശവസംസ്ക്കാര സമയത്തോ, പതിവനുസരിച്ച്, മൂന്നാം ദിവസം കല്ലറയിൽ മരിച്ചവർക്കുള്ള സംസ്ക്കാര കർമത്തിനോ ഇവ എനിക്കുവേണ്ടി ചെയ്യാൻ അവൾക്ക് സാധിക്കാത്തതിനാലും അവൾക്ക് അവസരം കിട്ടാത്തതിനാലും ഈ പ്രവൃത്തിവഴി മുൻകൂട്ടി അവൾ തന്റെ കടമ നിർവഹിച്ചുവെന്ന് ചിന്തിക്കുക. ആ സ്ത്രീയെ കുറ്റപ്പെടുത്താതെ വിടുക. ഇതാണ് കർത്താവ് പറഞ്ഞതിന്റെ അർത്ഥം: "അവളെ തടയേണ്ട, എന്റെ ശവസംസ്കാരത്തിനായി ഇതു ചെയ്തുവെന്ന് അവൾ കരുതിക്കൊള്ളട്ടെ" (12,7).

" ദരിദ്രർ എപ്പോഴും നിങ്ങളോടുകൂടെയുണ്ട് " (12,8). പാവങ്ങളോടുള്ള കാരുണ്യം നിമിത്തം നിനക്ക് അവരോട് അനുകമ്പ ഉണ്ടെങ്കിൽ, അവർക്ക് നന്മ ചെയ്യാൻ ധാരാളം സമയം അവശേഷിച്ചിട്ടുണ്ട്. ഭൂമിയിൽ ദരിദ്രർ സദാ ഉണ്ടായിരിക്കും. നിനക്ക് എന്നോടുള്ള കടമ നിറവേറ്റാൻ ഞാൻ എപ്പോഴും നിന്നോടുകൂടെ ഉണ്ടായിരിക്കുകയില്ല. കുറച്ചുസമയം മാത്രമേ ഞാൻ നിങ്ങളോടൊത്ത് ഉണ്ടായിരിക്കുകയുള്ളു. പിന്നീട് ഞാൻ പുറപ്പെടും. മേൽപ്പറഞ്ഞ വാക്കുകളുടെ അർത്ഥം: ഞാൻ നിങ്ങളോടുകൂടെ കുറച്ചു സമയത്തേക്കു മാത്രം ഉണ്ടായിരിക്കുന്നതിനാൽ, പാവപ്പെട്ടവരേക്കാൾ കൂടുതൽ ബഹുമാനം തനിക്ക് നൽകണമെന്ന് ശാന്തമായി പറഞ്ഞുകൊണ്ട് ആദ്യം ആ സ്ത്രീയെ കുറ്റവിമുക്തയാക്കി. അങ്ങനെ യൂദായുടെ ഉദ്ദേശശുദ്ധിയെ സൂചനാത്മകമായി കുറ്റപ്പെടുത്തി. കാരണം, അവന് പാവപ്പെട്ടവരെ കുറിച്ച് അനുകമ്പ ഇല്ലായിരുന്നു. പാവങ്ങളോടുള്ള സ്നേഹം കൊണ്ടല്ല സുഗന്ധതൈലം പൂശിയ സ്ത്രീയെ അവൻ കുറ്റപ്പെടുത്തിയത്. ഈ കാര്യം പ്രസ്താവിക്കുന്ന ഭാഗ്യവാനായ മത്തായി (26,6-13) ഇത് സാന്ദർഭികമായി അവതരിപ്പിക്കുമ്പോൾ, ഈ സ്ത്രീയുടെ പേര് വെളിപ്പെടുത്തുന്നില്ല. അവളെ കുറ്റപ്പെടുത്തിയത് യൂദാസാണെന്ന് പറയാതെ ശിഷ്യന്മാരാണെന്നു പറയുന്നു. ആരെയും കുറ്റപ്പെടുത്താതെ, നടന്ന സംഗതി അതുപോലെ വിവരിക്കുക മാത്രം ചെയ്യുന്നു. ഭാഗ്യവാനായ യോഹന്നാനാകട്ടെ, ഇതുവഴി ക്രിസ്തുവിനോടുള്ള തന്റെ മഹാസ്നേഹത്തിന്റെ ശക്തി പ്രകടിപ്പിക്കുന്നു. തൈലം

www.malankaralibrary.com



പൂശലിലൂടെ നമ്മുടെ കർത്താവിനോട് സ്നേഹം കാണിച്ച സ്ത്രീയെ പ്രത്യേകം എടുത്തു കാണിക്കുന്നു. അതുപോലെ ഒറ്റുകാരന്റെ കാപട്യം തുറന്നു കാണിക്കുന്നതിനും അവനെ ലജ്ജിപ്പിക്കുന്നതിനും വേണ്ടി ഭാവി തലമുറയ്ക്കായി ആ കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. യൂദാസിന്റെ പുണ്യമല്ല, അത്യാർത്തിയാണ് അവന്റെ പ്രവൃത്തിക്ക് പിന്നിൽ ഉണ്ടായിരുന്നത്. ശ്രദ്ധിക്കേണ്ട ഒരു വ്യത്യാസം അവൾ കർത്താവിന്റെ തലയിൽ തൈലം പൂശിയെന്ന് ഭാഗ്യവാനായ മത്തായി പറയുന്നു. അവൾ പാദങ്ങളിൽ പൂശിയെന്ന് യോഹന്നാൻ പറയുന്നു. അവൾ രണ്ടും ചെയ്തു എന്നു വ്യക്തം. അധികം വിവരിക്കാതെ പറയുന്നതിനാൽ, തല പൂശി എന്നു മാത്രം സൂചിപ്പിക്കുന്നു. അവൻ വിട്ടുപോയവ എടുത്തു പറയുന്ന യോഹന്നാനാകട്ടെ, പാദം പൂശിയ കാര്യം വിവരിക്കുന്നു. പാദം പൂശി തലമുടി കൊണ്ട് തുടയ്ക്കുന്നത് മിശിഹായോടുള്ള ഏറ്റവും വലിയ സ്നേഹത്തിന്റെ തെളിവായി കാണാവുന്നതാണ്.

യേശു വീണ്ടും ബഥാനിയായിൽ ലാസറിന്റെയും സഹോദരിമാരുടെയും അടുത്ത് താമസിക്കുകയാണെന്നും അവരുടെ കൂടെയാണെന്നും യഹൂദർക്ക് അറിവുകിട്ടി. അനേകർ അവിടെ പോയത് യേശുവിനെ കാണാൻ മാത്രമല്ല, മരിച്ചവരിൽനിന്ന് അവൻ ഉയിർപ്പിച്ച ലാസറിനെ കാണാനും കൂടിയാണ് (12,9). അവരിൽ നിന്ന് എന്തെങ്കിലും വാർത്ത് കിട്ടുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. അപരിചിതവും വിദൂരസ്ഥവുമായ ദേശത്തുനിന്നും മനുഷ്യസമ്പർക്കത്തിൽ നിന്നും തിരിച്ചുവന്ന ഒരാളിൽനിന്ന് എന്നവണ്ണം വാർത്ത കിട്ടുമെന്ന് അവർ പ്രതീക്ഷിച്ചു. അതുകൊണ്ട്, ഉയിർത്ത ലാസറിനെ കാണാൻ ജനം തടിച്ചുകൂടുന്നത് പുരോഹിതപ്രമുഖന്മാർ കണ്ടപ്പോൾ, ക്രിസ്തുവിനോടൊപ്പം ലാസറിനെയും കൊല്ലാൻ ആലോചിച്ചു. കാരണം, ജനം ലാസറിനെ കണ്ടതുകൊണ്ടു മാത്രം തൃപ്തരായില്ല. അവനെ ഉയിർപ്പിച്ച ക്രിസ്തുവിനെകൂടി കാണുകയും അവനിൽ വിശ്വസിക്കുകയും ചെയ്തു. ഒരിക്കൽ അവനെ ഉയിർപ്പിച്ചവന് ജീവൻ തിരിച്ചെടുക്കാൻ സാധിക്കയില്ല എന്ന രീതിയിലാണ് അവർ അവനെ കണ്ടത്.

### ജറുസലേമിലേക്കുള്ള രാജകീയപ്രവേശനം

തിരുനാൾ പ്രമാണിച്ച് യേശു ജറുസലേമിൽ പ്രവേശിക്കാൻ ഒരുങ്ങിയപ്പോൾ, "ജനക്കൂട്ടം ഈന്തപ്പനയുടെ കൈകൾ എടുത്തുകൊണ്ട് അവനെ എതിരേൽക്കാൻ പുറപ്പെട്ടു.അവർ വിളിച്ചുപറഞ്ഞു: ഹോസാനാ, കർത്താവിന്റെ നാമത്തിൽ വരുന്നവനും ഇസ്രായേലിന്റെ രാജാവുമായവൻ വാഴ്ത്തപ്പെട്ടവൻ" (12,13). - ഭാഗ്യവാനായ മത്തായി പറയുന്നത്, കുട്ടികളും അവനെ പുകഴ്ത്തിപ്പറഞ്ഞു എന്നാണ്. അതുകൊണ്ട്, പ്രധാന പുരോഹിതന്മാരും ഫരിസേയരും പിറുപിറുത്തുകൊണ്ട് കർത്താവാണ് ഇതിനു കാരണക്കാരൻ എന്നപോലെ അവനെ കുറ്റപ്പെടുത്തി (മത്താ.21,15). അവിടുന്ന്

www.malankaralibrary.com



പ്രവാചകന്റെ വാക്കുകളിലേക്ക് അവരുടെ ശ്രദ്ധ തിരിക്കുന്നു: "ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും അധരങ്ങളിൽ നീ സ്തുതി ഒരുക്കി" (സങ്കീ.8,2). അതായത്, അവിടെ മുൻകൂട്ടി പറയപ്പെട്ടതും ഇവിടെ പൂർത്തീകരിക്കപ്പെട്ടതുമായ കാര്യങ്ങളെ കുറിച്ച് അവ കാണുകയും പ്രവചനപൂർത്തീകരണം ഗ്രഹിക്കുകയും ചെയ്തശേഷം കുറ്റപ്പെടുത്തുന്നത് ഉചിതമല്ലെന്നു സൂചിപ്പിക്കുന്നു. യോഹന്നാൻ ഇതു പറയുന്നില്ല. "ജനക്കൂട്ടം അവനെ എതിരേൽക്കാൻ വന്നെന്നു" പറയുകയും (12,13) അവരുടെ വാക്കുകൾ പരാമർശിക്കുകയും ചെയ്യുന്നു. ഭാഗ്യവാനായ മത്തായി പറഞ്ഞ മറ്റു കാര്യങ്ങൾ യോഹന്നാൻ വിട്ടുകളഞ്ഞു. രണ്ടു കാര്യങ്ങൾ ഒരേ സമയത്തല്ല നടന്നതെന്ന് മത്തായിയും വിവരിക്കുന്നു. ജനക്കൂട്ടം അവനെ എതിരേൽക്കാൻ പുറപ്പെട്ടുവന്ന് അവനെ സ്വീകരിച്ച ശേഷമാണ് കുട്ടികളുടെ ആഹ്ലാദപ്രകടനം. ഭാഗ്യവാനായ യോഹന്നാനും ദേവാലയപ്രവേശനത്തെ പരാമർശിക്കുന്നു. സംഭവങ്ങളുടെ മുൻഗണനക്രമം കാണിക്കാനും അവൻ പരാമർശിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താനുമാണിത്. അത്ഭുത പ്രവർത്തനം മൂലമാണ് ജനക്കൂട്ടം അവനെ എതിരേൽക്കാൻ പുറപ്പെട്ടതെന്ന് യോഹന്നാൻ സൂചിപ്പിക്കുന്നു.

അതുകൊണ്ട് അവൻ പറയുന്നു, "യേശു ഒരു കഴുതക്കുട്ടിയെ കണ്ട് അതിന്റെ പുറത്തു കയറിയിരുന്നു" (12,14). ഇത് പ്രവചനപൂർത്തീകരണത്തെ കാണിക്കുന്നു. മത്തായി അതിന്റെ ചരിത്രവും മറ്റും വിശദമായി വിവരിക്കുന്നതിനാൽ, ആ ഭാഗം ഇവിടെ വിട്ടുകളഞ്ഞിരിക്കുന്നു. കുറ്റാരോപണം നിമിത്തം യോഹന്നാൻ കൂട്ടിച്ചേർക്കുന്നു: "അവന്റെ ശിഷ്യന്മാർക്ക് അപ്പോൾ ഇത് മനസ്സിലായില്ല. എന്നാൽ യേശു മഹത്വം പ്രാപിച്ചപ്പോൾ, അവനെപ്പറ്റി ഇക്കാര്യങ്ങൾ എഴുതപ്പെട്ടിരുന്നെന്നും അവനുവേണ്ടി ഇവയെല്ലാം ചെയ്തുവെന്നും അവർ അനുസ്മരിച്ചു" (12,16). ഉത്ഥാനത്തിനുമുമ്പ് നടന്നവയെപ്പറ്റി അവന്റെ ശിഷ്യർക്ക് വ്യക്തമായി മനസ്സിലായില്ല എന്ന് വായനക്കാരെ ഗ്രഹിപ്പിക്കാനാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്. നമ്മുടെ കർത്താവ് തന്റെ ഉത്ഥാനത്തെപ്പറ്റി പറഞ്ഞവ ഇതേ രീതിയിലാണ്.

പിന്നീട് കഴുതപ്പുറത്തു കയറി ജറുസലേമിലേക്ക് പ്രവേശിക്കുന്നത് വിവരിക്കുന്നു. അത് പ്രവചന പൂർത്തീകരണം ഉറപ്പിക്കാനാണ്. അന്നു നടന്നവ ശിഷ്യർക്ക് മനസ്സിലായില്ല എന്നു പറഞ്ഞത് ഉത്ഥാനാനന്തരം അവർ സ്വീകരിച്ച കൃപയെ കാണിക്കാനാണ്. എല്ലാറ്റിനെപ്പറ്റിയും അവർക്ക് ഉത്ഥാനത്തിലൂടെ സമ്പൂർണജ്ഞാനം ലഭിച്ചു. പൂർത്തീകരണം എന്ന നിലയിലാണ് അവൻ ഇത് തന്റെ വാക്കുകൾക്കിടയിൽ ചേർത്തത്. പിന്നീട്, ഏതു കാരണത്താലാണ് ജനക്കൂട്ടം അവനെതിരെ പുറപ്പെട്ടതെന്ന് കൂട്ടിച്ചേർക്കുന്നു: "ലാസറിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ച അവസരം അവനോടൊപ്പമുണ്ടായിരുന്ന ജനക്കൂട്ടം അവനു സാക്ഷ്യം നൽകിയിരുന്നു. അവൻ ഈ അട

www.malankaralibrary.com



യാളം പ്രവർത്തിച്ചു എന്ന് കേട്ടതു കൊണ്ടുകൂടിയാണ് വളരെ ജനക്കൂട്ടം അവനെ സ്വീകരിക്കാൻ വന്നത് " (12,17-18). - എല്ലാവരെയും കീഴടക്കിയ മരണം ആദത്തിലൂടെ കടന്നു വന്നതുകൊണ്ട്, ആ മരണത്തെ നശിപ്പിക്കാൻ ഒരാൾ വരുമെന്ന് തങ്ങളുടെ പ്രവാചകന്മാർ വഴി ജനക്കൂട്ടം കേട്ടിരുന്നു. നമ്മുടെ കർത്താവ് ലാസറിനെ നാലാം ദിവസം ഉയിർപ്പിച്ചപ്പോൾ, മനുഷ്യ സംഹാരകനായ മരണത്തെ കീഴടക്കിയവൻ അവിടുന്നാണെന്ന് ജനങ്ങൾ കരുതി. അതുകൊണ്ടാണ്, അവർ വിജയസൂചകമായി ഈന്തപ്പനയുടെ കൈകൾ കൈകളിലേന്തിയതും സ്തുതികൾ പാടി കർത്താവിനെ സ്വീകരിക്കാൻ പുറപ്പെട്ടതും. ഫരിസേയർക്ക് ഇതൊട്ടും ഇഷ്ടപ്പെട്ടില്ല. തങ്ങളുടെ കെണികളൊന്നും ഫലിക്കാത്തതിനാൽ അവർ പരസ്പരം കുറ്റപ്പെടുത്തി. കാരണം, ജനം മുഴുവൻ അവന്റെ പിന്നാലെ പോയി (12,19).

## വിജാതീയർ യേശുവിനെ തേടുന്നു

ദൈവത്തെ ആരാധിക്കാനായി തിരുനാളിൽ പതിവനുസരിച്ച് കുറേ വിജാതീയരും ഉണ്ടായിരുന്നെന്ന് സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു. യഹൂദരുടെ ഇടയിൽ ദൈവം ചെയ്ത അത്ഭുതങ്ങൾ നിമിത്തം ദേവാലയത്തിന് വലിയ കീർത്തിയുണ്ടായി. നിയമം മുഴുവൻ അനുസരിച്ചിരുന്നില്ലെങ്കിലും, അനേകം വിജാതീയർ ദേവാലയകർമങ്ങളിൽ കഴിവുള്ളിടത്തോളം പങ്കെടുത്ത് ദൈവത്തെ ആരാധിച്ചിരുന്നു. അങ്ങനെയുള്ള വിജാതീയർ, അവിടെ നടന്ന ചില അത്ഭുതങ്ങളെപ്പറ്റി കേൾക്കുകയും ചിലത് കാണുകയും ചെയ്തു. അതുകൊണ്ട്, അവർ ഫീലിപ്പോസിനോട് തങ്ങൾക്ക് കർത്താവിനെ കാണണമെന്ന് അറിയിച്ചു. ഇക്കാര്യം ഉചിതമാണോയെന്ന് ശിഷ്യനായ അവൻ പോലും സംശയിച്ചു. കാരണം, നിയമവിധി അനുസരിച്ച്, യഹൂദന് വിജാതീയനോട് സംസാരിക്കാൻ പാടില്ലായിരുന്നു. അതിലുപരി, നമ്മുടെ കർത്താവുതന്നെ ശിഷ്യരോടു കൽപ്പിച്ചിരുന്നു: "നിങ്ങൾ യൂദയായിലേക്കു മാത്രമേ പോകാവൂ. വിജാതീയ പ്രദേശങ്ങളിലേക്കു പോകരുത് " (മത്താ 10,5). അതുകൊണ്ട്, ഫീലിപ്പോസ് അന്ത്രയോസിനോടു സംസാരിച്ചു. ഇരുവരും കൂടി നമ്മുടെ കർത്താവിനെ സമീപിച്ചു പറഞ്ഞു: ചില വിജാതീയർ അങ്ങയെ കാണാൻ ആഗ്രഹിക്കുന്നു. നമ്മുടെ കർത്താവ് എന്താണ് അവരോടു പറഞ്ഞത്? ഈ കാര്യത്തിൽ യാതൊരു പുതുമയും ഉള്ളതായി കാണിക്കാതെ, അവരോട് തനിക്ക് പറയാനുണ്ടായിരുന്ന വലിയ കാര്യങ്ങളെ സൂചിപ്പിച്ചുകൊണ്ട്, ഭാവിസംഗതികളുടെ സൂചന നൽകുന്നു: "മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള സമയം ആയിരിക്കുന്നു" (12,23). എല്ലാവരുടെയും മുമ്പിൽ എനിക്കു മഹത്വം ലഭിക്കാനുള്ള സമയം അടുത്തിരിക്കുന്നു. ഈ അടുത്ത സമയത്ത് പ്രവൃത്തിയിലുള്ള എന്റെ ബഹുമാനാദരവുകൾ തിരിച്ചുകിട്ടും. മനുഷ്യപുത്രൻ എന്ന സംജ്ഞതന്നെ, മുമ്പ് പലയിടത്തും പറഞ്ഞതുപോലെ, കുരിശുമരണത്തിനുമുമ്പ് മാനുഷികാവസ്ഥയെ സൂചിപ്പിക്കുന്നു. ഉ

www.malankaralibrary.com



ത്ഥാനത്തിനും സ്വർഗാരോഹണത്തിനും ശേഷം, വചനമാം ദൈവവുമായുള്ള യോജിപ്പു നിമിത്തം എല്ലാവരാലും ആരാധിക്കപ്പെടുന്നു. അതുകൊണ്ടാണ് വലുതും പുതിയതും ആശ്ചര്യകരവുമായ വാഗ്ദാനം ചെയ്തത്. അതിനു വിരുദ്ധമായിരുന്നു ഭാവിപീഡാനുഭവം.

അതുകൊണ്ട് അവൻ പറഞ്ഞു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ, അത് അതേപടി ഇരിക്കും. അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും" (12,24). എന്നാൽ എന്റെ മരണം നിങ്ങളെ അസ്വസ്ഥരാക്കരുത്. നിലത്തുവീണ് അഴിയുന്ന ഗോതമ്പുമണിപോലെയാണ് എന്റെ ഈ ശരീരം. അത് വീണഴിയുമ്പോൾ, വലിയ മഹത്വത്തോടെ കിളിർത്തുവരും. ഇരട്ടിഫലം പുറപ്പെടുവിക്കും. എല്ലാവർക്കും സമൃദ്ധി പ്രദാനം ചെയ്യുന്ന കതിരുകൾ പോലെ, നോക്കുന്നവർക്കെല്ലാം തന്റെ സൗന്ദര്യാലങ്കാരം കാണിച്ചുകൊണ്ട് കിളിർക്കും. അതുപോലെ, എന്നെപ്പറ്റിയും ചിന്തിക്കുവിൻ. ഞാനിപ്പോൾ ഏകനാണ്. അറിയപ്പെടാത്ത മനുഷ്യരുടെ ഇടയിൽ അവഗണിക്കപ്പെട്ടവനായി ഞാൻ കരുതപ്പെടുന്നു. കുരിശിലെ പീഡകൾ ഏറ്റെടുത്ത്, വലിയ ബഹുമാനത്തോടെ ഞാൻ ഉയിർത്തെഴുന്നേൽക്കും. അപ്പോൾ ഞാൻ വളരെ ഫലങ്ങൾ പുറപ്പെടുവിക്കും. എല്ലാവരും എന്നെ ഏറ്റുപറയും. യഹൂദർ മാത്രമല്ല, ലോകം മുഴുവനിലെയും സർവമനുഷ്യരും എന്നെ തങ്ങളുടെ കർത്താവെന്ന് വിളിക്കും. ആത്മീയ ശക്തികൾപോലും എന്നെ ആരാധിക്കാൻ വിമുഖത കാണിക്കുകയില്ല. ഇങ്ങനെ തന്നെക്കുറിച്ചും തന്റെ ജീവിതത്തിൽ നിറവേറാനിരിക്കുന്നവയെക്കുറിച്ചും മുൻകൂട്ടി പറഞ്ഞശേഷം തന്നെ അനുകരിക്കാൻ ശിഷ്യരെ അവൻ ഉപദേശിക്കുന്നു: "തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തുന്നു. ഈ ലോകത്തിൽ തന്റെ ജീവനെ ദ്വേഷിക്കുന്നവൻ നിത്യജീവനിലേക്ക് അതിനെ കാത്തുസൂക്ഷിക്കും"(12,25).

അതുകൊണ്ട്, എന്റെ പീഡാസഹനം നിമിത്തം നിങ്ങൾക്ക് ഇടർച്ച ഉണ്ടാകരുത്. പൂർത്തിയാകാനിരിക്കുന്ന എന്റെ വാക്കുകളെക്കുറിച്ച് സംശയിക്കയുമരുത്. അതേകാര്യങ്ങൾ നിങ്ങൾ അനുഭവിക്കുന്നതിന് നിങ്ങളെത്തന്നെ സുസജ്ജരാക്കുവിൻ. തന്റെ ആത്മാവിനെ പരീക്ഷണങ്ങൾക്ക് ഏൽപിച്ചുകൊടുക്കാൻ തയാറാകാതെ, അതിനെ സുരക്ഷിതമാക്കാൻ ശ്രമിക്കുന്നവൻ ഭാവിലോകത്തിൽ അതിനെ നശിപ്പിക്കും. ഈ ലോകത്തിൽ തന്റെ ആത്മാവിനെ ദ്വേഷിക്കുകയും പീഡകൾക്ക് ഏൽപിച്ചുകൊടുക്കുകയും ചെയ്യുന്നവൻ നിരവധി ഫലങ്ങൾ ശേഖരിക്കും. ആത്മാവ് ഇവിടെ എന്തു സഹിക്കുമെന്നതിനെക്കുറിച്ചല്ല അവൻ പറഞ്ഞത്. നമ്മുടെ ഇടയിൽ വാഴുന്ന അഭിപ്രായത്തെയും ആത്മാവിലുള്ള സ്നേഹമെന്ന് അവൻ വിളിക്കുന്നു. ഉണ്ടാകാനിരിക്കുന്ന എല്ലാ അപകടങ്ങളിൽനിന്നും നമ്മുടെ ശരീരത്തെ നാം

www.malankaralibrary.com



ത്ഥാനത്തിനും സ്വർഗാരോഹണത്തിനും ശേഷം, വചനമാം ദൈവവുമായുള്ള യോജിപ്പു നിമിത്തം എല്ലാവരാലും ആരാധിക്കപ്പെടുന്നു. അതുകൊണ്ടാണ് വലുതും പുതിയതും ആശ്ചര്യകരവുമായ വാഗ്ദാനം ചെയ്തത്. അതിനു വിരുദ്ധമായിരുന്നു ഭാവിപീഡാനുഭവം.

അതുകൊണ്ട് അവൻ പറഞ്ഞു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ, അത് അതേപടി ഇരിക്കും. അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും" (12,24). എന്നാൽ എന്റെ മരണം നിങ്ങളെ അസ്വസ്ഥരാക്കരുത്. നിലത്തുവീണ് അഴിയുന്ന ഗോതമ്പുമണിപോലെയാണ് എന്റെ ഈ ശരീരം. അത് വീണഴിയുമ്പോൾ, വലിയ മഹത്വത്തോടെ കിളിർത്തുവരും. ഇരട്ടിഫലം പുറപ്പെടുവിക്കും. എല്ലാവർക്കും സമൃദ്ധി പ്രദാനം ചെയ്യുന്ന കതിരുകൾ പോലെ, നോക്കുന്നവർക്കെല്ലാം തന്റെ സൗന്ദര്യാലങ്കാരം കാണിച്ചുകൊണ്ട് കിളിർക്കും. അതുപോലെ, എന്നെപ്പറ്റിയും ചിന്തിക്കുവിൻ. ഞാനിപ്പോൾ ഏകനാണ്. അറിയപ്പെടാത്ത മനുഷ്യരുടെ ഇടയിൽ അവഗണിക്കപ്പെട്ടവനായി ഞാൻ കരുതപ്പെടുന്നു. കുരിശിലെ പീഡകൾ ഏറ്റെടുത്ത്, വലിയ ബഹുമാനത്തോടെ ഞാൻ ഉയിർത്തെഴുന്നേൽക്കും. അപ്പോൾ ഞാൻ വളരെ ഫലങ്ങൾ പുറപ്പെടുവിക്കും. എല്ലാവരും എന്നെ ഏറ്റുപറയും. യഹൂദർ മാത്രമല്ല, ലോകം മുഴുവനിലെയും സർവമനുഷ്യരും എന്നെ തങ്ങളുടെ കർത്താവെന്ന് വിളിക്കും. ആത്മീയ ശക്തികൾപോലും എന്നെ ആരാധിക്കാൻ വിമുഖത കാണിക്കുകയില്ല. ഇങ്ങനെ തന്നെക്കുറിച്ചും തന്റെ ജീവിതത്തിൽ നിറവേറാനിരിക്കുന്നവയെക്കുറിച്ചും മുൻകൂട്ടി പറഞ്ഞശേഷം തന്നെ അനുകരിക്കാൻ ശിഷ്യരെ അവൻ ഉപദേശിക്കുന്നു: "തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തുന്നു. ഈ ലോകത്തിൽ തന്റെ ജീവനെ ദ്വേഷിക്കുന്നവൻ നിത്യജീവനിലേക്ക് അതിനെ കാത്തുസൂക്ഷിക്കും"(12,25).

അതുകൊണ്ട്, എന്റെ പീഡാസഹനം നിമിത്തം നിങ്ങൾക്ക് ഇടർച്ച ഉണ്ടാകരുത്. പൂർത്തിയാകാനിരിക്കുന്ന എന്റെ വാക്കുകളെക്കുറിച്ച് സംശയിക്കയുമരുത്. അതേകാര്യങ്ങൾ നിങ്ങൾ അനുഭവിക്കുന്നതിന് നിങ്ങളെത്തന്നെ സുസജ്ജരാക്കുവിൻ. തന്റെ ആത്മാവിനെ പരീക്ഷണങ്ങൾക്ക് ഏൽപിച്ചുകൊടുക്കാൻ തയാറാകാതെ, അതിനെ സുരക്ഷിതമാക്കാൻ ശ്രമിക്കുന്നവൻ ഭാവിലോകത്തിൽ അതിനെ നശിപ്പിക്കും. ഈ ലോകത്തിൽ തന്റെ ആത്മാവിനെ ദ്വേഷിക്കുകയും പീഡകൾക്ക് ഏൽപിച്ചുകൊടുക്കുകയും ചെയ്യുന്നവൻ നിരവധി ഫലങ്ങൾ ശേഖരിക്കും. ആത്മാവ് ഇവിടെ എന്തു സഹിക്കുമെന്നതിനെക്കുറിച്ചല്ല അവൻ പറഞ്ഞത്. നമ്മുടെ ഇടയിൽ വാഴുന്ന അഭിപ്രായത്തെയും ആത്മാവിലുള്ള സ്നേഹമെന്ന് അവൻ വിളിക്കുന്നു. ഉണ്ടാകാനിരിക്കുന്ന എല്ലാ അപകടങ്ങളിൽനിന്നും നമ്മുടെ ശരീരത്തെ നാം

www.malankaralibrary.com



കാത്തുസൂക്ഷിക്കുകയാണെങ്കിൽ, നമ്മുടെ ആത്മാവിനെ രക്ഷിക്കുമെന്ന് നമ്മുടെ കർത്താവ് മുന്നറിയിപ്പ് നൽകുന്നു. പിന്നീട് അവരെ ലജ്ജിപ്പിക്കാൻ എന്നവണ്ണം അവൻ പറഞ്ഞു: "എന്നെ ശുശ്രൂഷിക്കാൻ ആഗ്രഹിക്കുന്നവൻ എന്നെ അനുഗമിക്കട്ടെ"(12,26). ആരെങ്കിലും എന്റെ ദാസനാകാൻ ആഗ്രഹിക്കുന്നെങ്കിൽ, അവൻ പ്രവൃത്തിയിലൂടെ എന്റെ പിന്നാലെ വരുന്നു എന്ന് തെളിയിക്കട്ടെ. - നിന്നോടുകൂടെ സഹിക്കുന്നവർക്ക് എന്തു പ്രയോജനമാണുള്ളത്? "ഞാൻ ആയിരിക്കുന്നിടത്ത് എന്റെ ശുശ്രൂഷകനും ആയിരിക്കും. എന്നെ ശുശ്രൂഷിക്കുന്നവനെ പിതാവ് ബഹുമാനിക്കും"(12,26). - എന്നോടുകൂടെ പീഡനങ്ങളിൽ പങ്കുചേരുന്നവൻ എന്റെ ബഹുമാനത്തിലും എന്റെകൂടെ ആയിരിക്കും. ഭാവി യുഗത്തിൽ നിത്യമായി എന്നോടുകൂടെ ആയിരിക്കുകയും ദൈവരാജ്യം അനുഭവിക്കുകയും ചെയ്യും. എനിക്ക് വിശ്വസ്തതയോടെ ശുശ്രൂഷ ചെയ്യുന്നവരെ എന്റെ പിതാവും വലിയ സ്ഥാനമാനങ്ങളോടെ ബഹുമാനിക്കും.

അവരെ തന്റെ മാതൃകയാൽ ഉപദേശിച്ചശേഷം പ്രബോധനത്തിൽ അവരെ ഉറപ്പിച്ചുകൊണ്ട് തന്റെ അനുഭവം അവരുമായി പങ്കുവയ്ക്കുന്നു. "ഇപ്പോൾ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കുന്നു. ഞാൻ എന്തുപറയേണ്ടു? പിതാവേ, ഈ മണിക്കൂറിൽനിന്ന് എന്നെ രക്ഷിക്കണമെ. ഇതിനുവേണ്ടിയാണല്ലോ ഈ മണിക്കൂറിലേക്ക് ഞാൻ വന്നത്"(12,27). - എനിക്കു സംഭവിക്കുന്നതെല്ലാം നിങ്ങളുടെ പ്രബോധനത്തിനായിട്ടാണ്. ഇപ്പോൾ എന്റെ ആത്മാവ് സഹനം പ്രതീക്ഷിച്ച് അസ്വസ്ഥമായിരിക്കുന്നു. ഞാൻ പിതാവിനോട് എന്താണ് അപേക്ഷിക്കേണ്ടത്? പീഡാസഹനത്തിൽനിന്ന് എന്നെ വിടുവിച്ച് മോചിക്കണമെന്നോ? ഇത് ഉചിതമല്ല. അതുകൊണ്ട്, അതു ഞാനൊരിക്കലും അപേക്ഷിക്കുകയില്ല. മറിച്ച്, സത്യത്തിനുവേണ്ടിയുള്ള ഈ പരീക്ഷണം മെച്ചമായതിനാൽ, ഞാൻ ഈ പ്രതീക്ഷയിലേക്ക് അടുക്കുന്നു. സഹനം എന്നെ പീഡിപ്പിക്കുന്നെങ്കിലും, നന്മ വിജയം നേടും. അത് എന്താണെന്ന് ഞാൻ ഇപ്പോൾ പറയുന്നില്ല. ഞാൻ പറയുന്നത്, "പിതാവേ, അങ്ങയുടെ നാമത്തെ മഹത്വപ്പെടുത്തണമെ" എന്നാണ് (12,28). ദൈവത്തിന് വലിയ മഹത്വം ഉണ്ടാകാൻവേണ്ടി ഞാൻ ഇപ്രകാരം അപേക്ഷിക്കുന്നു. അതുകൊണ്ട്, നിങ്ങളും മരണത്തെ ഭയപ്പെടേണ്ട. പീഡനങ്ങളുടെ പരീക്ഷണത്തെ ഭയപ്പെടുകയും വേണ്ട. മറിച്ച്, ദൈവത്തിനു പ്രീതികരമായത് ചെയ്യുവിൻ. അവനെ മനുഷ്യരുടെ ഇടയിൽ കൂടുതൽ മഹത്വപ്പെടുത്തുവിൻ. അങ്ങനെ, നിങ്ങളേൽക്കുന്ന പീഡാസഹനങ്ങൾ വഴി എല്ലാവരും അവനെ അറിയട്ടെ.

www.malankaralibrary.com



**സ്വർഗീയസ്വരം**

അവൻ ഇതു പറഞ്ഞപ്പോൾ പ്രസ്തുത വാക്കുകളെ ശിഷ്യരിൽ ഉറപ്പിക്കാനായി ആകാശത്തുനിന്ന് ഒരു സ്വരമുണ്ടായി. “ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും”(12,28). അതായത്, ഇതുവരെ ചെയ്ത അത്ഭുതങ്ങൾ വഴി ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തി. ഇനിയും ചെയ്യാനിരിക്കുന്നവയിലൂടെ ഞാൻ വീണ്ടും മഹത്വം വെളിപ്പെടുത്തും. എടുത്ത മനുഷ്യനു സംഭവിച്ചവ അവനിൽ വസിക്കുന്ന ദൈവവചനത്തിന്റെ സ്വഭാവത്തെ വെളിവാക്കുന്നു. ഇവയുടെയെല്ലാം കാരണമായവന്റെ ഔന്നത്യം എത്ര വലുതാണ്. ഇത്ര മഹനീയവും അത്ഭുതകരവുമായ സ്വഭാവത്തെ ജനിപ്പിച്ച ജനകനെത്തന്നെ അവ വെളിപ്പെടുത്തുന്നു. കേട്ട ശബ്ദത്തെ കുറിച്ച് ജനക്കൂട്ടത്തിനിടയിൽ ഭിന്നതയുണ്ടായി. ഇടിമുഴക്കമുണ്ടായി എന്ന് ചിലർ പറഞ്ഞു. മാലാഖാ അവനോട് സംസാരിച്ചെന്ന് വേറേ ചിലർ പറഞ്ഞു. ആ ശബ്ദം സുവ്യക്തമല്ലായിരുന്നെന്ന് സ്പഷ്ടം. അതിന്റെ മുഴക്കം അടുത്തു നിന്നവരെ ആശ്ചര്യഭരിതരാക്കി. എന്താണ് പറയപ്പെട്ടതെന്ന്, നമ്മുടെ കർത്താവ് ഉപദേശം നൽകിയ ശിഷ്യന്മാർക്ക്, ദൈവിക വെളിപാടിലൂടെ അറിയിക്കപ്പെട്ടു.

നമ്മുടെ കർത്താവു പറഞ്ഞു: “ഈ സ്വരമുണ്ടായത് എനിക്കുവേണ്ടിയല്ല, നിങ്ങൾക്കു വേണ്ടിയാണ്” (12,30). എനിക്ക് ഈ സ്വരത്തിന്റെ ആവശ്യമില്ല. ഞാൻ മഹത്വീകരിക്കപ്പെടുമെന്ന് എന്നെ പഠിപ്പിക്കാൻ ഈ സ്വരത്തിന്റെ ആവശ്യമില്ല. ഇതു സംഭവിക്കുമെന്ന് എനിക്ക് അറിയാമായിരുന്നു. പിതാവ് ചെയ്യാനിരിക്കുന്നത് സത്യമാണെന്ന് എനിക്ക് തീർച്ചയായും അറിയാമായിരുന്നതുകൊണ്ട്, അത[illegible]ദ്ദിക്കേണ്ട ആവശ്യമില്ലായിരുന്നു. വരാനിരിക്കുന്നവൻ ആരാണെന്ന് നിങ്ങൾ മനസ്സിലാക്കാൻ വേണ്ടിയാണ് ഈ സ്വരമുണ്ടായത്. അവനോടു സ[illegible]ിക്കുന്നവൻ സ്വർഗത്തിലാണ്. ഈ പദ്ധതിയിൽ പങ്കുചേരാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ, എനിക്കും നിങ്ങൾക്കും എന്തൊക്കെയാണ് സംഭവിക്കാനിരിക്കുന്നത് എന്നതിനെപ്പറ്റി ഞാൻ പറഞ്ഞവ സത്യമാണ്.

തന്റെ ശിഷ്യന്മാരുടെ മുമ്പാകെ ഇത്ര വലുതും സംശയാതീതവുമായ സ്ഥിരീകരണം ലഭിച്ചശേഷം, പറയപ്പെട്ടവ വിശ്വസിക്കാതിരിക്കാൻ അവർക്ക് കഴിയുമായിരുന്നില്ല. പ്രയോജനരഹിതമെന്ന് കരുതാതിരുന്നാൽ, തന്റെ പീഡാനുഭവം ലോകത്തിന് നിരവധി നന്മകളുടെ കാരണമാകുമെന്ന് നമ്മുടെ കർത്താവ് തെളിയിച്ചു. അതുകൊണ്ട്, അവൻ കൂട്ടിച്ചേർത്തു: “ഇപ്പോഴാണ് ഈ ലോകത്തിന്റെ ന്യായവിധി. ഇപ്പോൾ ഈ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും. ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും” (12,31-32). ഈ സംഭവിച്ചത് ലോകത്തിനു വേണ്ടിയാണ്. ഇപ്പോൾ ഞാൻ ലോകം മുഴുവനെയും വിധിക്കുന്നു.

www.malankaralibrary.com



**സ്വർഗീയസ്വരം**

അവൻ ഇതു പറഞ്ഞപ്പോൾ പ്രസ്തുത വാക്കുകളെ ശിഷ്യരിൽ ഉറപ്പിക്കാനായി ആകാശത്തുനിന്ന് ഒരു സ്വരമുണ്ടായി. "ഞാൻ മഹത്വപ്പെടുത്തിയിരിക്കുന്നു. ഇനിയും മഹത്വപ്പെടുത്തും"(12,28). അതായത്, ഇതുവരെ ചെയ്ത അത്ഭുതങ്ങൾ വഴി ഞാൻ എന്നെത്തന്നെ മഹത്വപ്പെടുത്തി. ഇനിയും ചെയ്യാനിരിക്കുന്നവയിലൂടെ ഞാൻ വീണ്ടും മഹത്വം വെളിപ്പെടുത്തും. എടുത്ത മനുഷ്യനു സംഭവിച്ചവ അവനിൽ വസിക്കുന്ന ദൈവവചനത്തിന്റെ സ്വഭാവത്തെ വെളിവാക്കുന്നു. ഇവയുടെയെല്ലാം കാരണമായവന്റെ ഔന്നത്യം എത്ര വലുതാണ്. ഇത്ര മഹനീയവും അത്ഭുതകരവുമായ സ്വഭാവത്തെ ജനിപ്പിച്ച ജനകനെത്തന്നെ അവ വെളിപ്പെടുത്തുന്നു. കേട്ട ശബ്ദത്തെ കുറിച്ച് ജനക്കൂട്ടത്തിനിടയിൽ ഭിന്നതയുണ്ടായി. ഇടിമുഴക്കമുണ്ടായി എന്ന് ചിലർ പറഞ്ഞു. മാലാഖാ അവനോട് സംസാരിച്ചെന്ന് വേറേ ചിലർ പറഞ്ഞു. ആ ശബ്ദം സുവ്യക്തമല്ലായിരുന്നെന്ന് സ്പഷ്ടം. അതിന്റെ മുഴക്കം അടുത്തു നിന്നവരെ ആശ്ചര്യഭരിതരാക്കി. എന്താണ് പറയപ്പെട്ടതെന്ന്, നമ്മുടെ കർത്താവ് ഉപദേശം നൽകിയ ശിഷ്യന്മാർക്ക്, ദൈവിക വെളിപാടിലൂടെ അറിയിക്കപ്പെട്ടു.

നമ്മുടെ കർത്താവു പറഞ്ഞു: "ഈ സ്വരമുണ്ടായത് എനിക്കുവേണ്ടിയല്ല, നിങ്ങൾക്കു വേണ്ടിയാണ്" (12,30). എനിക്ക് ഈ സ്വരത്തിന്റെ ആവശ്യമില്ല. ഞാൻ മഹത്വീകരിക്കപ്പെടുമെന്ന് എന്നെ പഠിപ്പിക്കാൻ ഈ സ്വരത്തിന്റെ ആവശ്യമില്ല. ഇതു സംഭ[illegible]ിക്കുമെന്ന് എനിക്ക് അറിയാമായിരുന്നു. പിതാവ് ചെയ്യാനിരിക്കുന്നത് [illegible]ാണെന്ന് എനിക്ക് തീർച്ചയായും അറിയാമായിരുന്നതുകൊണ്ട്, അത[illegible]ക്കേണ്ട ആവശ്യമില്ലായിരുന്നു. വരാനിരിക്കുന്നവൻ ആരാണെ[illegible]ൾ മനസ്സിലാക്കാൻ വേണ്ടിയാണ് ഈ സ്വരമുണ്ടായത്. അവനോടു സ[illegible]ിക്കുന്നവൻ സ്വർഗത്തിലാണ്. ഈ പദ്ധതിയിൽ പങ്കുചേരാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ, എനിക്കും നിങ്ങൾക്കും എന്തൊക്കെയാണ് സംഭവിക്കാനിരിക്കുന്നത് എന്നതിനെപ്പറ്റി ഞാൻ പറഞ്ഞവ സത്യമാണ്.

തന്റെ ശിഷ്യന്മാരുടെ മുമ്പാകെ ഇത്ര വലുതും സംശയാതീതവുമായ സ്ഥിരീകരണം ലഭിച്ചശേഷം, പറയപ്പെട്ടവ വിശ്വസിക്കാതിരിക്കാൻ അവർക്ക് കഴിയുമായിരുന്നില്ല. പ്രയോജനരഹിതമെന്ന് കരുതാതിരുന്നാൽ, തന്റെ പീഡാനുഭവം ലോകത്തിന് നിരവധി നന്മകളുടെ കാരണമാകുമെന്ന് നമ്മുടെ കർത്താവ് തെളിയിച്ചു. അതുകൊണ്ട്, അവൻ കൂട്ടിച്ചേർത്തു: "ഇപ്പോഴാണ് ഈ ലോകത്തിന്റെ ന്യായവിധി. ഇപ്പോൾ ഈ ലോകത്തിന്റെ അധികാരി പുറന്തള്ളപ്പെടും. ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും" (12,31-32). ഈ സംഭവിച്ചത് ലോകത്തിനു വേണ്ടിയാണ്. ഇപ്പോൾ ഞാൻ ലോകം മുഴുവനെയും വിധിക്കുന്നു.

www.malankaralibrary.com



ആദ്യമനുഷ്യൻ സൃഷ്ടിക്കപ്പെട്ടപ്പോൾ അനുസരണക്കേടുവഴി ദൈവത്തിൽനിന്ന് അകന്നുപോയി. അവൻ മരണശിക്ഷയ്ക്ക് അർഹനായപ്പോൾ, അവന്റെ സമസ്ത തലമുറകളോടുംകൂടെ സാത്താന് അടിമയായി. അവർ തങ്ങളുടെ ദുഷ്ടത വർദ്ധിപ്പിച്ചു. തങ്ങളുടെ മേൽ കഠിനമായ ആധിപത്യം പുലർത്താൻ അവർ സാത്താനെ അനുവദിച്ചു. സാത്താൻ അവർക്ക് സദാ തിന്മയുടെ ഉപദേശകനായിരുന്നു. പാപം വർദ്ധിപ്പിച്ചുകൊണ്ട് അവൻ അവരുടെ മേലുള്ള ഭരണം ഉറപ്പിച്ചു. അങ്ങനെ സാത്താനോടു പോരാടാൻ ഒരു മനുഷ്യനും കഴിവില്ലാതെയായി. മുമ്പുണ്ടായിരുന്നവരും ഇനി ഉണ്ടാകുവാനിരിക്കുന്നവരുമായ എല്ലാ മനുഷ്യർക്കും വേണ്ടിയാണ് ഞാൻ വന്നിരിക്കുന്നത്. ഞാൻ എന്റെ ശക്തിയിൽ ആശ്രയിക്കുന്നില്ല. എന്നിൽ വസിക്കുന്ന പ്രകൃതിയുടെ സഹായത്താൽ അത് എന്നിലൂടെ നിറവേറുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

സാത്താനെതിരെ എന്നിലൂടെ ലോകം വിധിക്കപ്പെട്ടിരിക്കുന്നു. പാപവും ദുഷ്ടതയും മനുഷ്യരുടെമേൽ സാത്താന് ആധിപത്യം നൽകി. അവൻ എല്ലാവരെയും മരണച്ചങ്ങലകളാൽ ബന്ധിച്ചു. ഞാനാകട്ടെ, സദാചാര മര്യാദകൾ പാലിച്ചു. ദൈവം നൽകിയ നിയമത്തിന് ഉചിതമായ കടം വീട്ടി. അവന്റെ ഇഷ്ടത്തിനും തിരുമനസ്സിനും അനുസൃതമായി എല്ലാക്കാര്യങ്ങളും പ്രവർത്തിച്ചു. മരണാർഹമായ യാതൊന്നും എന്നിലില്ല. എനിക്കു മാത്രം പ്രയോജനം കിട്ടാൻവേണ്ടി, ഏലിയായേയും ഹാനോക്കിനേയും പോലെ, ഞാൻ ഇവിടെനിന്ന് എടുക്കപ്പെടുന്നില്ല. മരണാർഹനാണെന്നവണ്ണം ഞാൻ മരണത്തെ സ്വീകരിക്കും. എ[illegible]ന്ന് അവശ്യാവശ്യമായിട്ടല്ല എന്നു മാത്രം. മരണം കൊണ്ടുവന്നവനെ, സ[illegible]ത്തിന്റേയും കർത്താവായ ദൈവത്തിന്റെ മുമ്പാകെ കുറ്റപ്പെടുത്താൻ [illegible]ടിയാണിത്. എന്നെ എടുത്ത് തന്നോടു യോജിപ്പിച്ച ദൈവവചനം [illegible]ിക്ക് വിധിയിലുള്ള വിജയത്തെക്കുറിച്ച് ആത്മവിശ്വാസം നൽകുന്നു. അവൻ എന്നെ എടുത്തപ്പോൾ, എന്നേക്കുമായി എന്നെ സ്വന്തമാക്കി. അതുകൊണ്ട്, ഞാൻ അന്ധമായി പ്രവർത്തിക്കാൻ അവൻ എന്നെ ഉപേക്ഷിച്ചു പോകുകയില്ലെന്ന് വ്യക്തമാണ്. സർവത്തിന്റേയും നാഥൻ നമ്മുടെ വിധിനിർണയം കേൾക്കും. എന്റെ മേലുള്ള തന്റെ അധികാരം ദുരുപയോഗിച്ചുകൊണ്ട് പിശാച് എനിക്കെതിരെ നീതിരഹിതമായും അനർഹമായും എന്നിൽ മരണം അടിച്ചേൽപിക്കുന്നതു കാണുമ്പോൾ, ഞാൻ മരണപാശങ്ങളിൽനിന്ന് മോചിതനാകാൻ പിതാവ് കൽപിക്കും. അങ്ങനെ, എന്റെ വംശത്തിലെ എല്ലാവർക്കുംവേണ്ടി ദൈവത്തിന് യാചന അർപ്പിക്കാനുള്ള ആത്മവിശ്വാസം എനിക്കുണ്ടാകും. എന്റെ മനുഷ്യപ്രകൃതിയിൽ പങ്കുകാരായിരിക്കുന്നവർ ഉയിർപ്പിലും പങ്കുകാരാകാൻ വേണ്ടിയാണ് ഞാൻ യാചിക്കുന്നത്. എന്റെ വിധിയുടെ വിജയത്തിലൂടെ ശിക്ഷാവിധിയിൽനിന്ന് എല്ലാവരും മോചിതരാകുമ്പോൾ, എല്ലാ മനു

www.malankaralibrary.com



ഷ്യർക്കും കൃപ ലഭിക്കാനിടയാകും. ഈ ലോകത്തിൽ മനുഷ്യരെ ദുഷ്ടതയോടെ അടക്കിവാണ സ്വേച്ഛാധിപതിയുടെ ആധിപത്യം നഷ്ടപ്പെടും. മുമ്പ് അവൻ മനുഷ്യരെ ബന്ധിച്ചിരുന്ന ചങ്ങലകൾ അവരിൽനിന്ന് എടുത്തു മാറ്റപ്പെടും. പിന്നീട് അവരെ അടിമകളാക്കാൻ അവനു സാധിക്കയില്ല. കാരണം, ശിക്ഷാവിധിമൂലം മുമ്പ് മരണവിധേയരായ മനുഷ്യർ പിന്നെ പാപങ്ങളിൽനിന്ന് എളുപ്പത്തിൽ അകന്നുനിൽക്കും. സ്വേച്ഛാധിപതിയാകട്ടെ, പാപം വർദ്ധിപ്പിച്ചുകൊണ്ട് അവരുടെമേൽ കൂടുതൽ ആധിപത്യം പുലർത്തിയിരുന്നു. അങ്ങനെ, എല്ലാ മനുഷ്യരും ഉത്ഥാനത്തിലൂടെ സൗഖ്യം പ്രാപിച്ച് സാത്താന്റെ അടിമത്തത്തിൽ നിന്ന് മോചിതരാകുമ്പോൾ, തങ്ങളുടെ കർത്താവിന്റെ പക്കലേക്ക് തിരിച്ചുപോകും. എന്തെന്നാൽ എന്റെ കുരിശുമരണവും ഉത്ഥാനവും കഴിഞ്ഞ്, ഞാൻ എല്ലാവരെയും എന്നിലേക്ക് വലിച്ചടുപ്പിക്കുകയും എനിക്കുവേണ്ടി ജീവിക്കുന്നവരാക്കുകയും ചെയ്യും.

ഞാൻ വലിച്ചടുപ്പിക്കുമെന്ന് അവൻ മനോഹരമായി പറയുന്നു. അതായത്, അവരെ ബലഹീനരാക്കിയവന്റെ കൈകളിൽനിന്ന് ബലമായി പിടിച്ചെടുക്കും. അവരെല്ലാവരെയും വലിച്ചെടുക്കും. കാരണം, അവൻ എല്ലാവർക്കും ഉത്ഥാനത്തിന്റെ പ്രത്യാശ പ്രദാനംചെയ്തു. അവർ പിന്നീട് ഉത്ഥാനത്തിൽ പങ്കാളികളാകും. കൂടാതെ, ഈ ജീവിതത്തിൽ തന്നെ അവൻ വളരെപ്പേർക്ക് സത്യത്തിന്റെ അറിവ് നൽകിയിരിക്കുന്നു. അനേകം തിന്മകളിൽനിന്ന് അവൻ മനുഷ്യരെ മോചിപ്പിച്ചു. പലതരം കുറ്റകൃത്യങ്ങളിൽനിന്ന് തന്റെ കൽപനകൾവഴി അവൻ അവരെ മാറ്റിനിർത്തി. അവൻ എല്ലാവർക്കും തന്റെ ഉത്ഥാനശേഷം സത്യത്തെക്കുറിച്ചുള്ള പരിപൂർണജ്ഞാനം നൽകും. "എല്ലാവരെയും ഞാൻ എന്നിലേക്ക് അടുപ്പിക്കും" എന്ന വാക്കുകൾവഴി അവൻ സൂചിപ്പിക്കുന്നത്, ഉത്ഥാനംവഴി എല്ലാവരും തന്നോട് യോജിച്ചിരിക്കുമെന്നാണ്. അവൻ അവരെ മരണത്തിൽനിന്ന് മോചിപ്പിക്കുകയും തന്റെ ബന്ധുക്കളാക്കുകയും ചെയ്യുന്നതു കൂടാതെ, അവർക്ക് തന്റെ സമ്പൂർണമായ ജ്ഞാനം നൽകുകയും ചെയ്യുന്നു.

" ഞാൻ ഉയർത്തപ്പെടുമ്പോൾ" എന്ന വാക്കുകൾ വിശദീകരിക്കാൻ സുവിശേഷകൻ പറയുന്നു: " അവൻ ഇതു പറഞ്ഞത് താൻ ഏതുവിധത്തിലുള്ള മരണമാണ് വരിക്കാൻ പോകുന്നതെന്നു സൂചിപ്പിക്കാനാണ് " (12,33).- ജനം അതിനെ എതിർക്കുന്നു: "ക്രിസ്തു എന്നേക്കും നിലനിൽക്കുന്നു എന്നാണല്ലോ നിയമത്തിൽ ഞങ്ങൾ കേട്ടിട്ടുള്ളത്. പിന്നെ, മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടിയിരിക്കുന്നു എന്ന് നീ പറയുന്നതെങ്ങനെ? ആരാണ് ഈ മനുഷ്യപുത്രൻ?"(12,34). മിശിഹായെക്കുറിച്ച് യഹൂദർക്ക് വലിയൊരു സങ്കൽപം ഉണ്ടായിരുന്നെന്ന് ഇതിൽനിന്ന് കാണാം. അവൻ നിത്യം നിലനിൽക്കും. അതായത്, അവൻ മരിക്കുകയില്ല എന്നാണ് അവർ പറയുന്നത്.

www.malankaralibrary.com



ഏലിയായെപ്പോലെ മരണമില്ലാത്തവനായി നിലനിൽക്കുന്ന ഒരാളെയാണ് അവർ പ്രതീക്ഷിച്ചിരുന്നത്. അതുകൊണ്ട്, യഹൂദർ മിശിഹായെക്കുറിച്ച് വ്യത്യസ്താഭിപ്രായങ്ങൾ വച്ചുപുലർത്തിയതിൽ ആശ്ചര്യപ്പെടേണ്ടതില്ല. സംഭവങ്ങൾ നടക്കുന്നതിനുമുമ്പ് പ്രവചനങ്ങളെക്കുറിച്ചും പ്രവാചകന്മാരുടെ വാക്കുകൾ സ്വീകരിക്കുന്നതിനെക്കുറിച്ചും അവർക്ക് വിവിധാഭിപ്രായങ്ങൾ ഉണ്ടായിരുന്നു.

നമ്മുടെ കർത്താവ് എന്താണ് പറഞ്ഞത്? "അൽപസമയത്തേക്കുകൂടി പ്രകാശം നിങ്ങളുടെ ഇടയിലുണ്ട്. അന്ധകാരം നിങ്ങളെ കീഴടക്കാതിരിക്കാൻ പ്രകാശമുള്ളപ്പോൾ നടന്നുകൊള്ളുവിൻ. അന്ധകാരത്തിൽ നടക്കുന്നവൻ താൻ എവിടേക്കാണ് പോകുന്നതെന്ന് അറിയുന്നില്ല. നിങ്ങൾ പ്രകാശത്തിന്റെ മക്കളാകേണ്ടതിന് നിങ്ങൾക്ക് പ്രകാശമുള്ളപ്പോൾ അതിൽ വിശ്വസിക്കുവിൻ" (12,35-36). ഉദാഹരണസഹിതം അവൻ പ്രഖ്യാപിച്ചത് താൻ മരണം പ്രതീക്ഷിക്കുന്നെന്നും മരണത്തിൽ തുടരുകയില്ലെന്നും താൻ പ്രകാശമാണെന്നുമാണ്. സൂര്യൻ മറയുമ്പോൾ സൂര്യപ്രകാശം കാണാൻ കഴിയുന്നില്ല. അത് കാണാത്തവർക്ക് അതില്ലാത്തതുപോലെ തോന്നും. പക്ഷേ അത് ഇല്ലാതാകുന്നില്ല. നശിച്ചുപോകുന്നുമില്ല. മറിച്ച്, അതിന്റെ തനിരൂപത്തിൽ തുടർന്ന് നിലനിൽക്കുന്നു. നിശ്ചിതസമയത്ത് വീണ്ടും പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. അതുപോലെ, എന്നെക്കുറിച്ചും ചിന്തിക്കുവിൻ. മരണത്തിൽ നിലനിൽക്കത്തക്ക രീതിയിലല്ല ഞാൻ മരിക്കാൻ പോകുന്നത്. എന്റെ ശരീരം അഴുകുകയില്ല. എന്റെ ആത്മാവ് അൽപസമയത്തേക്ക് വിട്ടുപോകും. അൽപം കഴിഞ്ഞ് എന്റെ ശരീരം ഉത്ഥാനം ചെയ്യും. ആത്മാവ് അതിന്റെ അഴിവില്ലായ്മയിൽ നിലനിൽക്കും. അതുകൊണ്ട്, വചനമാം ദൈവവുമായുള്ള എന്റെ ഐക്യത്തിൽ നിന്ന് എനിക്കുള്ള ഉന്നതമഹിമയിൽ തക്കസമയത്ത് ഉന്നതാകാശങ്ങളിൽനിന്ന് എല്ലാവർക്കും എന്റെ ഔന്നത്യം വെളിപ്പെടുത്തിക്കൊണ്ട് ഞാൻ കാണപ്പെടും.

അവൻ ഭംഗിയായി പറഞ്ഞു: " ഞാൻ അൽപസമയംകൂടെ നിങ്ങളോടൊപ്പം ഉണ്ടായിരിക്കും" (12,35). നിങ്ങളോടുകൂടെ പ്രകാശമുണ്ട് എന്നതിന്റെ അർഥം പ്രകാശം തീർന്നുപോയെന്നോ ഇല്ലാതായെന്നോ അല്ല. അവരിൽനിന്ന് മാറിപ്പോയെന്നാണ്. എന്നെക്കുറിച്ച് നിങ്ങൾക്ക് ഈ അഭിപ്രായം ഉണ്ടായിരിക്കട്ടെ. മരണം എന്റെ സമ്പൂർണനാശം ആണെന്നു പേടിക്കേണ്ട. എന്റെ പ്രബോധനത്തിൽ വിശ്വസിക്കുവിൻ. എന്റെ വാക്കുകളുടെ വെളിച്ചത്തിൽ നിങ്ങൾ പ്രകാശിതരാകും. എന്റെ അറിവ് നിങ്ങൾ സ്വീകരിക്കുവിൻ. എന്നിൽ വിശ്വസിക്കുന്ന നിങ്ങളെ തെറ്റ് പിടികൂടാതിരിക്കട്ടെ. അന്ധകാരത്തിൽ നടക്കുന്നവർ തങ്ങൾ ചെയ്യുന്നതും പ്രവർത്തിക്കുന്നതും എന്താണെന്ന് അറിയാത്തതുപോലെ, നിങ്ങൾക്കു സംഭവിക്കാതിരിക്കട്ടെ. വിശ്വാസംവഴി എന്റെ പ്രബോധനവുമായി നിങ്ങൾക്ക് പരിചയം ഉണ്ടാകുമ്പോൾ,

www.malankaralibrary.com



നിങ്ങൾ എനിക്ക് പുത്രന്മാരാകുവാൻ ഉള്ളവരാകയാൽ, ഈ പ്രകാശം എപ്പോഴും നിങ്ങളുടെ ആത്മാക്കളോടൊപ്പം ഉണ്ടായിരിക്കും. ഞാൻ അകലെയാണെന്ന് കരുതപ്പെടുമ്പോഴും എന്റെ പ്രബോധനംവഴി നിങ്ങളുടെ അടുത്ത് ഞാനുണ്ടായിരിക്കും. നിങ്ങൾ എപ്പോഴും സത്യത്തിലൂടെ പ്രകാശിതരായിരിക്കും. എന്റെ വാക്കുകളുടെ ഓർമ്മ നിങ്ങളിൽ ഉണ്ടായിരിക്കുന്നിടത്തോളം കാലം സത്യത്തിൽ നിന്ന് നിങ്ങൾ അകറ്റപ്പെടുകയില്ല.

"ഇതു പറഞ്ഞശേഷം യേശു അവരിൽനിന്ന് പോയി രഹസ്യമായി പാർത്തു" (12,36). പെസഹാദിവസമായ പീഡാസഹനത്തിന്റെ ദിവസത്തിലേക്ക് തന്നെ സംരക്ഷിക്കാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്തതെന്നു വ്യക്തം. യഹൂദരുടെ കുഞ്ഞാടിനുപകരം ലോകത്തിന്റെ പാപത്തിനുവേണ്ടി തന്നെത്തന്നെ സമർപ്പിക്കുന്ന വിശേഷബുദ്ധിയുള്ള കുഞ്ഞാട് അഥവാ പുതിയ പെസഹായായി തീരേണ്ട ദിവസത്തിലേക്ക്, നിശ്ചിത സമയത്തിനു മുമ്പ് തനിക്ക് എന്തെങ്കിലും അപകടം ഉണ്ടാകാതെ തന്നെ സംരക്ഷിച്ചതുപോലെ, താൻ സഹിക്കാനിരിക്കുന്ന ദിവസത്തിനുമുമ്പ് യഹൂദരുടെ കെണികളിൽ വീഴാതെ മാറിപ്പോകണമെന്ന് അവൻ കരുതി.

സുവിശേഷകൻ ഇതോട് കൂട്ടിച്ചേർക്കുന്നു: "അവൻ അവരുടെ മുമ്പാകെ വളരെ അടയാളങ്ങൾ പ്രവർത്തിച്ചെങ്കിലും അവർ വിശ്വസിച്ചില്ല. ഏശായാ പ്രവാചകൻ പറഞ്ഞ വചനം പൂർത്തിയാകേണ്ടതിനാണ് ഇത്. കർത്താവേ, ഞങ്ങളുടെ സന്ദേശം ആര് വിശ്വസിച്ചു? കർത്താവിന്റെ ഭുജം ആർക്കാണ് വെളിപ്പെട്ടത്?" (യോഹ 12,37-38; ഏശാ. 53,1). പ്രവചനം ഉണ്ടായിരുന്നതു കൊണ്ടാണ് അവർ വിശ്വസിക്കാതിരുന്നത് എന്ന് പറയാനല്ല സുവിശേഷകൻ ആഗ്രഹിക്കുന്നത്. അവരുടെ സമ്മതം കൂടാതെ, പ്രവചനംവഴി എങ്ങനെയാണ് അവരെ നിർബന്ധിക്കാൻ സാധിക്കുന്നത്? മറിച്ച്, സംഭവിച്ച കാര്യങ്ങളിൽ യഹൂദർ വിശ്വസിക്കാതിരുന്നത് ഒരു പുതിയ കാര്യമല്ലെന്നാണ് സൂചിപ്പിച്ചത്. കാരണം, വളരെ മുമ്പുതന്നെ പ്രവചനം അറിയപ്പെട്ടിരുന്നു. യഹൂദരുടെ ഇടയിൽ, വിശ്വസിക്കുന്നവരെ കണ്ടെത്താൻ പ്രയാസമാണെന്ന് മുൻകൂട്ടിപറഞ്ഞ ഏശായായെ ഉദ്ധരിക്കുക മാത്രമാണ് അവൻ ചെയ്തത്.

തന്റെ വാക്ക് സ്ഥിരീകരിക്കാനായി വേറൊരു സാക്ഷ്യവും അവൻ കൊണ്ടുവരുന്നു: "അവർ തങ്ങളുടെ കണ്ണുകൾകൊണ്ട് കാണുകയും ഹൃദയംകൊണ്ടു ഗ്രഹിക്കുകയും അങ്ങനെ അവർ എന്നിലേക്ക് തിരിഞ്ഞ് ഞാൻ അവരെ സുഖപ്പെടുത്തുകയും ചെയ്യാതിരിക്കേണ്ടതിന് അവിടുന്ന് അവരുടെ കണ്ണുകളെ അന്ധമാക്കുകയും ഹൃദയത്തെ കഠിനമാക്കുകയും ചെയ്തു" (12,40-41; ഏശാ.6,9-10). അനന്തരം സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു: "അവന്റെ മഹത്വം കാണുകയും അവനെപ്പറ്റി സംസാരിക്കു

www.malankaralibrary.com



കയും ചെയ്തപ്പോഴാണ് ഏശായാ ഇങ്ങനെ പറഞ്ഞത് " (12,41). "സൈന്യങ്ങളുടെ കർത്താവ് ഉന്നതവും മഹനീയവുമായ സിംഹാസനത്തിൽ ഇരിക്കുന്നതും സ്രാപ്പേന്മാർ അവനു ചുറ്റും നിന്ന് അവനെ സ്തുതിക്കുകയും പരിശുദ്ധൻ എന്നു പാടുകയും ചെയ്യുന്നതും പ്രവാചകൻ കണ്ടപ്പോൾ, കർത്താവ് അവനോടു പറഞ്ഞു: "പോകുക. ഈ ജനത്തോടു പറയുക. ചെവികൊണ്ട് നിങ്ങൾ കേൾക്കും. എന്നാൽ നിങ്ങൾ മനസ്സിലാക്കുകയില്ല. കണ്ണുകൊണ്ട് കാണും, എന്നാൽ ഗ്രഹിക്കുകയില്ല" എന്നിത്യാദി (ഏശാ.6,1-9). ഇവിടെ ഭാഗ്യവാനായ യോഹന്നാൻ മിശിഹായുടെ മഹത്വം ദർശിച്ചു എന്നാണ് പറഞ്ഞിരിക്കുന്നത്. താൻ ആത്മാവിനെ ദർശിച്ചെന്ന് ശ്ലീഹന്മാരുടെ നടപടികളിൽ പൗലോസ് പറയുന്നു. കാരണം, അവൻ യഹൂദരോടു പറഞ്ഞു: "പ്രവാചകനായ ഏശായായിലൂടെ പരിശുദ്ധാത്മാവ് നിങ്ങളുടെ പിതാക്കന്മാരോട് പറഞ്ഞിട്ടുള്ളത് ശരിയാണ്. നീ പോയി ഈ ജനത്തോടു പറയുക. നിങ്ങൾ തീർച്ചയായും കേൾക്കും. എന്നാൽ മനസ്സിലാക്കുകയില്ല" (28,25-26). ഇതെന്താണ്? അഗ്രാഹ്യമായ ദൈവസ്വഭാവത്തിന്റെ വെളിപാടിൽ, ആത്മീയദർശനത്തിലൂടെ ഏശായാ കണ്ട മഹത്വം, പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും പൊതുവായതുകൊണ്ട്, ഈ മഹത്വം പുത്രന്റേതാണോ പരിശുദ്ധാത്മാവിന്റേതാണോ എന്ന് വിശുദ്ധഗ്രന്ഥം വിശദീകരിക്കുന്നില്ല. ഒരിടത്ത് ഈ മഹത്വം പുത്രന്റേതാണെന്നും മറ്റൊരിടത്ത് പരിശുദ്ധാത്മാവിന്റേതാണെന്നും പറയുന്നതിന് സുവിശേഷകനോ ശ്ലീഹായോ എതിരല്ല. അതുകൊണ്ട് നമുക്ക് ഇതുകൂടെ ശ്രദ്ധിക്കാം. യഹൂദരുടെ അവിശ്വാസവും തിരസ്കരണവും കാണിക്കാൻ ആഗ്രഹിച്ചുകൊണ്ട്, ഭാഗ്യവാനായ പൗലോസ് റോമാക്കാർക്കുള്ള ലേഖനത്തിൽ ഇതേ സാക്ഷ്യങ്ങൾ ഉപയോഗിച്ചിരിക്കുന്നു. യഹൂദരുടെ അവിശ്വാസത്തിന്റെ കുറ്റപ്പെടുത്തൽ സ്ഥിരീകരിക്കാൻ വേണ്ടിയുള്ള ഉദ്ദേശ്യത്തോടുകൂടെയാണ് ഭാഗ്യവാനായ യോഹന്നാനും മേൽപറഞ്ഞ കാര്യങ്ങൾ വിവരിച്ചശേഷം ഇവ ചേർത്തതെന്ന് നാം അറിയണം.

അതുകൊണ്ട് അവൻ പറഞ്ഞു: അധികാരികളിൽ പോലും വളരെപ്പേർ നമ്മുടെ കർത്താവിൽ വിശ്വസിച്ചു. എന്നാൽ യഹൂദരെ കുറിച്ചുള്ള ഭയം നിമിത്തം അവർ തങ്ങളുടെ അഭിപ്രായം മറച്ചു വച്ചിരുന്നു (12,42). കാരണം, തങ്ങളുടെ സ്ഥാനമാനങ്ങൾ നഷ്ടപ്പെടുമോയെന്ന് അവർ ഭയപ്പെട്ടിരുന്നു. അങ്ങനെ ദൈവമഹത്വത്തേക്കാൾ മനുഷ്യരുടെ പ്രശംസയ്ക്ക് അവർ മുൻഗണന നൽകി. നമ്മുടെ കർത്താവ് എന്താണ് പറഞ്ഞത്? ചിലർ വിശ്വസിച്ചു. മറ്റുചിലർ കർത്താവു ചെയ്ത അത്ഭുതങ്ങൾ പോലും അംഗീകരിച്ചില്ല. വേറേചിലർ അത്ഭുതങ്ങൾ വഴി സത്യം അറിഞ്ഞെങ്കിലും യഹൂദരെക്കുറിച്ചുള്ള ഭയം നിമിത്തം തങ്ങളുടെ തീരുമാനം മറച്ചുവച്ച്, മാനുഷിക ബഹുമാനം അന്വേഷിച്ചു. അതുകൊണ്ട്, നമ്മുടെ കർത്താവ് ഉച്ചത്തിൽ വിളി

www.malankaralibrary.com



ച്ചുപറഞ്ഞ വാക്കുകൾ തനിക്കുള്ളവരെ സ്ഥിരീകരിക്കുകയും എതിരാളികളുടെ വായ്പൂട്ടുകയും ചെയ്തു. അതുകൊണ്ട്, സുവിശേഷകൻ പറയുന്നു: "എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല, എന്നെ അയച്ചവനിലാണ് വിശ്വസിക്കുന്നത്" (12,44). അവനിൽ വിശ്വസിക്കുന്നവൻ അവനിലല്ല വിശ്വസിക്കുന്നതെന്നു വരുന്നത് എങ്ങനെയാണ്? മുകളിലും താഴെയും കാണുന്നതുപോലെ, ദൈവത്തേയും നിയമത്തേയും ഉയർത്തിക്കാട്ടുന്നവരായി അഭിനയിച്ചുകൊണ്ട്, ഫരിസേയർ കർത്താവിനെ പീഡിപ്പിക്കുകയായിരുന്നു. അവരുടെ അഭിനയകാരണം മാറ്റിക്കളയാനും തന്നിൽ വിശ്വസിച്ചവരുടെ സംശയം ദൂരീകരിക്കാനുമായിട്ടാണ് കർത്താവിതു പറഞ്ഞത്. "എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല, എന്നെ അയച്ചവനിലാണ് വിശ്വസിക്കുന്നത്". - ഞാൻ നിങ്ങളെ അവനിലേക്കുയർത്തും. അതാണ് എന്റെ വാക്കുകളുടെ ലക്ഷ്യം. അതുകൊണ്ട്, എന്നിൽ വിശ്വസിക്കുന്നവൻ ഞാൻവഴി പിതാവിനെ അടുത്തറിയും. അക്കാരണത്താൽ, നിങ്ങളുടെ അനുസരണക്കേടിന് അതൊരു മുടന്തൻ ന്യായമാകുമെന്ന് കരുതരുത്. "എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു" (12,45). ഇത് മുമ്പു പറഞ്ഞതിന് വിരുദ്ധമാണെന്ന് തോന്നാം. അത് വലിയ വ്യത്യാസം കാണിക്കുന്നു. ഇത് പൂർണമായ സാമ്യം സൂചിപ്പിക്കുന്നു. പുത്രൻ വഴി പിതാവിനെ കാണുന്നവൻ സാമ്യം വഴിയാണ് കാഴ്ചയിലേക്കു കടക്കുന്നത്. അവരുടെ പ്രവൃത്തിക്ക് ന്യായീകരണം ആയേക്കാവുന്ന കാരണം എടുത്തുകളയാൻ വേണ്ടിയാണ് അവൻ ആ വാക്കുകൾ പറഞ്ഞത്. അവവഴി തനിക്ക് അധികമായ തരംതാഴ്ത്തൽ ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് തന്റെ സാദൃശ്യം എടുത്തുകാട്ടിയത്. "എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു" (12,45). താൻ അവരെ പിതാവിൽ നിന്ന് അകറ്റുകയല്ല എന്നാണ് ഇവ രണ്ടുംവഴി അവൻ ചൂണ്ടിക്കാണിക്കുന്നത്. അവന്റെ സാദൃശ്യത്തിന്റെ സത്യം തീർച്ചയായും വിശ്വാസികളുടെ സമൂഹത്തിനു മുഴുവൻ അറിവു നൽകും. അവരെ അത് ഒരിക്കലും പിതാവിൽനിന്ന് അകറ്റുകയില്ല.

അവനെന്താണ് പറയുന്നത്?"എന്നിൽ വിശ്വസിക്കുന്നവരാരും അന്ധകാരത്തിൽ വസിക്കാതിരിക്കേണ്ടതിന് ഞാൻ വെളിച്ചമായി ലോകത്തിലേക്ക് വന്നിരിക്കുന്നു" (12,46). എന്റെ ആഗമനംവഴി ഞാൻ നിങ്ങൾക്ക് പ്രകാശത്തിനു പകരം കടമ നിർവഹിക്കുന്നത്, എന്നെക്കുറിച്ചും എന്റെ പിതാവിനെക്കുറിച്ചും പഠിപ്പിക്കാൻ വേണ്ടിയാണ്. ഉദിക്കുന്ന ഉടനെ കാണപ്പെടുന്ന പ്രകാശംപോലെ അത് എല്ലാറ്റിനെയും പ്രകാശിപ്പിക്കുന്നു. "എന്റെ വാക്കുകൾ കേൾക്കുന്നവൻ അവ പാലിക്കുന്നില്ലെങ്കിലും ഞാൻ അവനെ വിധിക്കുന്നില്ല. കാരണം, ലോകത്തെ വിധിക്കാനല്ല, രക്ഷിക്കാനാണ് ഞാൻ വന്നിരിക്കുന്നത്" (12,47). ആരെങ്കിലും എന്റെ വാക്ക് കേൾക്കുന്നില്ലെങ്കിൽ, അഥവാ അനുസരിക്കുന്നില്ലെങ്കിൽ, അവനെ വിധിക്കുന്നത് ഞാനല്ല. ഞാൻ വന്നത്

www.malankaralibrary.com



രക്ഷിക്കാനാണ്. അതാണ് എന്റെ വരവിന്റെ ലക്ഷ്യം. അതുകൊണ്ടെന്ത്? "എന്നാൽ എന്നെ നിരസിക്കുകയും എന്റെ വാക്കുകൾ തിരസ്കരിക്കുകയും ചെയ്യുന്നവനൊരു വിധികർത്താവുണ്ട്." (12,48) ആരാണവൻ? "ഞാൻ പറഞ്ഞ വചനം തന്നെ. അന്ത്യദിനത്തിൽ അവനെ വിധിക്കും" (12,48). നീ പറഞ്ഞ ഏതു വചനമാണ് വിധിക്കുന്നത്? "എന്തെന്നാൽ ഞാൻ സ്വമേധയാ അല്ല സംസാരിച്ചത്. ഞാൻ എന്തുപറയണം, എന്തു പഠിപ്പിക്കണം എന്ന് എന്നെ അയച്ച പിതാവുതന്നെ കൽപന നൽകിയിരിക്കുന്നു. അവിടുത്തെ കൽപന നിത്യജീവനാണെന്ന് ഞാൻ അറിയുന്നു. അതിനാൽ, ഞാൻ പറയുന്നതെല്ലാം പിതാവ് എന്നോട് കൽപിച്ചതുപോലെ തന്നെയാണ്"(12,49-50). പല വാക്കുകളും സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്ത് തനിയെ പരിശോധിച്ചാൽ, പരസ്പരവിരുദ്ധമെന്ന് തോന്നാം.

ആദ്യമായി, "ഞാൻ വിധിക്കുന്നില്ല" എന്നത് "വിധി മുഴുവൻ അവൻ പുത്രനെ ഏൽപിച്ചിരിക്കുന്നു "(5,22) എന്നതിന് എതിരല്ല. അതുപോലെ, "ന്യായവിധിക്കാണ് ഞാൻ ലോകത്തിലേക്ക് വന്നത് " (9,39) എന്നതിലും വൈരുധ്യമില്ല. അതുപോലെ, അവൻ പറഞ്ഞ വചനം ഒരു വ്യക്തിയല്ല, അതുകൊണ്ട്, എങ്ങനെയാണ് വിധിക്കുന്നത്? വചനം ഒരു വിധിയാളന്റെ സ്ഥാനത്ത് ഇരിക്കാത്തതുകൊണ്ട് ഇതെങ്ങനെ സാധിക്കും? എന്നാൽ വിശ്വാസ രഹിതർക്ക് യാതൊരു ന്യായീകരണവും കൊടുക്കാത്തതിലൂടെയാണ് വചനം വിധിക്കുന്നത്. ന്യായീകരണം കൂടാതെ നീതിപൂർവകമായ ശിക്ഷയ്ക്ക് ഏൽപിച്ചുകൊടുക്കുന്ന വിധിയാളൻ ആരാണെന്ന് നാം അന്വേഷിക്കേണ്ടിയിരിക്കുന്നു. എന്നാൽ യഹൂദർ വിശ്വസിക്കാതിരുന്നത് അവരുടെ താർക്കിക മനഃസ്ഥിതിയും വാക്കുകളിലുള്ള ഭോഷത്തവും നിമിത്തമാണ്. അപ്പോൾ അവൻ ആരാണ്? എല്ലാ വിധിയും സ്വീകരിച്ചവനെന്നു വ്യക്തമാണ്. എന്നാൽ ഇപ്പോൾ അവൻ പറയുന്നു. "ഞാൻ വിധിക്കുന്നില്ല." അതുകൊണ്ട്, മുമ്പ് പലപ്പോഴും പറഞ്ഞിട്ടുള്ളതുപോലെ, അവൻ യഹൂദരുടെ അവിശ്വാസം നിമിത്തം തന്റെ മഹത്വത്തെക്കുറിച്ച് സംസാരിക്കുമ്പോഴും അവരെ കുറ്റപ്പെടുത്തുമ്പോഴും ആലങ്കാരികഭാഷ ഉപയോഗിക്കുന്നു. അവരുടെ ഹൃദയ കാഠിന്യത്തെക്കുറിച്ച് പറയുമ്പോഴും ഇതുതന്നെയാണ് നാം കാണുന്നത്.

അതുകൊണ്ട്, വാക്കുകളുടെ ലക്ഷ്യത്തെക്കുറിച്ച് നാം ചിന്തിക്കണം. അവൻ പറയാനുദ്ദേശിച്ചത് ഇതാണ്. എല്ലാവരുടെയും രക്ഷയാണ് എന്റെ ആഗമനലക്ഷ്യം. നിങ്ങൾ വിശ്വസിക്കാത്തതു നിമിത്തം ശിക്ഷാവിധിയിൽ ഉൾപ്പെടുന്നത് ഞാൻ വഴിയല്ല. അത് എന്റെ പീഡാസഹനത്തിന് എതിരാണ്. ഞാൻ അതാഗ്രഹിക്കുന്നുമില്ല. വിശ്വസിക്കാത്തവർക്ക് ന്യായവിധി ദിവസത്തിൽ യാതൊരു നീതീകരണവും ഇല്ലാതിരിക്കാൻ, ഞാൻ പറഞ്ഞ വാക്കുകളാൽ നിങ്ങളുടെ മാനസികാവസ്ഥ കാരണം നിങ്ങൾ കുറ്റം വിധിക്കപ്പെ

www.malankaralibrary.com



ടും. ഞാൻ പലപ്പോഴും പറഞ്ഞ വാക്കുകൾ ഇവതന്നെയാണ്. അതായത്, പിതാവിനെതിരായി ഞാനൊന്നും ആഗ്രഹിക്കുന്നില്ല. എനിക്കുവേണ്ടി മാത്രം ഒരു സമൂഹത്തെ കെട്ടിപ്പടുക്കുന്നതിനും ഞാനുദ്ദേശിക്കുന്നില്ല. നിങ്ങളെല്ലാവരെയും എപ്പോഴും എന്റെ വാക്കുകൾവഴി അവന്റെ അടുത്തേക്ക് ഞാൻ നയിച്ചുകൊണ്ടിരുന്നു. അവനാണ് എന്നെ അയച്ചത്. ഉചിതമായ കാര്യങ്ങൾ നിങ്ങളോടു പറയാനുള്ള കൽപനയും ഞാൻ സ്വീകരിച്ചു. ഇതുതന്നെയാണ് ഞാൻ ഇപ്പോഴും നിങ്ങളോട് സാക്ഷ്യമായി പറയുന്നത്. പ്രസ്തുത വാക്കുകളാൽ നിങ്ങൾ കുറ്റം വിധിക്കപ്പെടും. ഞാൻ തന്നെയാണ് നിങ്ങളെ പിതാവിന്റെ അടുത്തേക്ക് ആനയിക്കുന്നത് എന്നതിനാൽ, ദൈവമഹത്വത്തിനുവേണ്ടി പോരാടുന്നുവെന്ന ഒഴികഴിവ് പറയാൻ നിങ്ങൾക്ക് സാധിക്കുകയില്ല. അതായത്, ഞാൻ സ്വമേധയാ അല്ല സംസാരിച്ചത് എന്നകാര്യം എല്ലായിടത്തും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇവിടെയും അതുതന്നെയാണ് ഉദ്ദേശിക്കുന്നത്. പിതാവിൽനിന്ന് പുറപ്പെടാത്തതോ, അവന്റെ തിരുമനസ്സിന് വിരുദ്ധമായതോ എന്റെ സ്വന്തമായി എന്തെങ്കിലുമോ ഞാൻ പറഞ്ഞിട്ടില്ല. ഞാൻ നിങ്ങളെ പിതാവിൽനിന്ന് അകറ്റി എന്നിലേക്കു മാത്രം ആകർഷിക്കാനായി യാതൊന്നും പറഞ്ഞില്ല, ചെയ്തുമില്ല.

അവസാനമായി, ഇതുകൂടെ ചൂണ്ടിക്കാണിക്കാം. "ഇതുപറഞ്ഞശേഷം യേശു അവരിൽനിന്ന് പോയി രഹസ്യമായി പാർത്തു" എന്നു പറഞ്ഞശേഷമാണ് നാമിപ്പോൾ വ്യാഖ്യാനിച്ച വാക്കുകൾ സുവിശേഷകൻ കൂട്ടിച്ചേർക്കുന്നത്. അവ നമ്മുടെ കർത്താവ് യഹൂദരോട് പറഞ്ഞതായിട്ടാണ് പ്രസ്താവിക്കുന്നത്. കർത്താവ് രഹസ്യമായി പാർത്ത ശേഷമല്ല ഇവ പറഞ്ഞത്. ഇവ പറഞ്ഞശേഷമാണ് രഹസ്യമായി പാർത്തത് എന്ന് വ്യക്തമാണല്ലോ. സുവിശേഷകനാകട്ടെ താൻ പ്രതിപാദിക്കുന്ന വിഷയം പൂർത്തിയാക്കുകയും നമ്മുടെ കർത്താവ് ഇത്രയെല്ലാം അത്ഭുതങ്ങൾ ചെയ്തിട്ടും അവർ അവനിൽ വിശ്വസിക്കാതിരുന്നതുകൊണ്ട്, സ്വന്തം നിലയിൽ യഹൂദരെ കുറ്റപ്പെടുത്തുകയും അതിന്റെ സ്ഥിരീകരണത്തിനായി പ്രവാചകന്റെ വാക്കുകൾ ഉദ്ധരിക്കുകയും നമ്മുടെ കർത്താവ് തന്നെ പറഞ്ഞ വാക്കുകൾ കടമെടുക്കുകയും ചെയ്യുന്നതുവഴി, അവരുടെ നന്ദികെട്ട മനസ്സ് തുറന്നു കാണിച്ചുകൊണ്ട് അവരുടെ വിശ്വാസരാഹിത്യത്തിന് യാതൊരു ന്യായീകരണവും ഇല്ലെന്നു തെളിയിക്കുന്നു. തന്റെ പുസ്തകം മുഴുവനിലൂടെയും യഹൂദരുടെ വിശ്വാസരാഹിത്യത്തെ കുറ്റപ്പെടുത്തുക എന്ന ഉദ്ദേശ്യം സുവിശേഷകനുണ്ടെന്നും അതിനുവേണ്ടിയാണ് ഈ വാദഗതികൾ ഉന്നയിക്കുന്നതെന്നും നാം മുമ്പു പറഞ്ഞത് ഓർമയിരിക്കട്ടെ.

അഞ്ചാം പുസ്തകം സമാപ്തം.

www.malankaralibrary.com



# പുസ്തകം-6

## പാദം കഴുകൽ

"ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്ക് പോകാനുള്ള സമയമായി എന്ന് പെസഹാതിരുനാളിനുമുമ്പ് യേശു അറിഞ്ഞു" (13,1). തുടർന്ന് സുവിശേഷകൻ പീഡാനുഭവ ചരിത്രത്തിലേക്കു കടക്കുന്നു. ഇവിടെയും കഴിയുന്നിടത്തോളം മറ്റുള്ളവർ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രമിക്കുന്നു. എങ്കിലും വിവരണത്തിന്റെ തുടർച്ച ആവശ്യപ്പെടുകയോ, മറ്റുള്ളവർ പറഞ്ഞ കാര്യങ്ങൾ എടുത്തുപറയാതെ ചരിത്രപരമായ ക്രമം പാലിക്കാൻ സാധ്യമല്ലാതെ വരികയോ ചെയ്യുമ്പോൾ മാത്രം അവ എടുത്തുപറയുന്നു. മറ്റു സുവിശേഷ പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത കാര്യങ്ങൾ, നമ്മുടെ കർത്താവ് പീഡാസഹനത്തിന് മുമ്പ് ശിഷ്യരോട് പറഞ്ഞതും ചെയ്തതുമായ കാര്യങ്ങൾ, വിവരിക്കുമ്പോൾ സുവിശേഷകൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്, നമ്മുടെ രക്ഷകൻ തന്റെ അറിവും സമ്മതവും കൂടാതെയല്ല സ്വതന്ത്രമനസ്സോടെയാണ് സഹിച്ചത് എന്നാണ്. അവനിഷ്ടപ്പെട്ടപ്പോൾ അവൻ മരണം കൈവരിച്ചു.

അതുകൊണ്ട്, യോഹന്നാൻ യേശുവിന്റെ വാക്കുകൾ എടുത്തുപറയുന്നു: "ആരും എന്നിൽനിന്ന് അത് പിടിച്ചെടുക്കുകയല്ല, ഞാൻ അത് സ്വമനസ്സാ സമർപ്പിക്കുകയാണ്" (10,18). പീഡാനുഭവത്തിന് യേശുവിനെ ആരും നിർബന്ധിച്ചതല്ലെന്ന് ഇതു വ്യക്തമാക്കുന്നു. "യഹൂദർ നിന്നെ കല്ലെറിയാൻ അന്വേഷിക്കുന്നു. നീ വീണ്ടും അവിടേക്കു പോകുകയാണോ?" എന്ന് ചോദിച്ചുകൊണ്ട് ശിഷ്യന്മാർ യേശുവിനെ തടയാൻ ശ്രമിക്കുന്നതും യഹൂദർ അവനെ കൊന്നുകളയുമോ എന്ന് ശിഷ്യന്മാർ ഭയപ്പെടുന്നതും ലാസറിന്റെ അടുക്കൽ പോകരുതെന്ന് വിലക്കുന്നതും ലാസറിന്റെ ഉയിർപ്പിനെക്കുറിച്ച് വിവരിക്കുന്ന ഭാഗത്ത് നാം കണ്ടു. അവിടെ നമ്മുടെ കർത്താവിന്റെ മറുപടി ശ്രദ്ധേയമാണ്: "പകലിന് പന്ത്രണ്ട് മണിക്കൂറില്ലേ? പകൽ നടക്കുന്നവൻ കാൽതട്ടി വീഴുന്നില്ല. ഈ ലോകത്തിന്റെ പ്രകാശം അവൻ കാണുന്നു" (11,9). അവിടുന്ന് തന്റെ പീഡാസഹനം മുൻകൂട്ടി കണ്ടിരുന്നെന്നും തനിക്കിഷ്ടമുള്ള സമയത്ത് സഹിക്കാൻ തയാറായിരുന്നെന്നും ഈ വാക്കുകൾ വ്യക്തമാക്കുന്നു; അതുപോലെ, താഴെപ്പറയുന്ന വാക്കുകളും: "ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്ക് പോകാനുള്ള സമയമായി എന്ന് യേശു അറിഞ്ഞു"(13,1). ഇങ്ങനെ യേശു തന്റെ പീഡാസഹനത്തിന്റെ സമയവും തനിക്കു വരാനിരിക്കുന്ന എല്ലാ കാര്യങ്ങളും കൃത്യമായി അറിഞ്ഞിരുന്നെന്ന് കാണാവുന്നതാണ്.

www.malankaralibrary.com



എടുക്കപ്പെട്ട മനുഷ്യനെപ്പറ്റിയാണ് ഇവ പറയുന്നത്. മുകളിൽ സൂചിപ്പിച്ചതുപോലെ, അതേക്കുറിച്ചാണ് ചർച്ച എന്നു തോന്നുന്നു. മരണം കഴിഞ്ഞുള്ള ഉത്ഥാനവും സ്വർഗാരോഹണവും ഈ ലോകത്തിൽ നിന്ന് പിതാവിങ്കലേക്കുള്ള കടന്നുപോക്കായി കാണുന്നു. സാധാരണ മാനുഷികരീതിയിലല്ല അവിടുന്ന് സംസാരിക്കുന്നത്. സ്വാഭാവിക രീതികളെ സഹിഷ്ണതയോടെയാണ് കാണുന്നത്. എന്നാൽ അവൻ ദൈവവചനത്തോട് ഒട്ടിച്ചേർന്നിരിക്കുന്നു. അതുവഴിയാണ് പിതാവിനോടുള്ള ഈ സാമീപ്യം അവന് ലഭിച്ചത്. എല്ലാവരിൽ നിന്നും വലിയ ബഹുമാനമാണ് അവന് ലഭിക്കേണ്ടത്. ശ്ലീഹാ പറയുന്നതുപോലെ, അവൻ എല്ലാ മനുഷ്യരാലും ആത്മീയശക്തികളാലും ആരാധിക്കപ്പെടേണ്ടവനാണെന്ന് നാം അറിയുന്നു. "ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു." എന്തിന്? " യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകൾ മടക്കുന്നതിനും യേശു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിന് എല്ലാ നാവുകളും ഏറ്റുപറയുന്നതിനും വേണ്ടിയാണ്"(ഫിലി.2,9-11). അർഥം കൂടുതൽ വിശദമാക്കാൻ വേണ്ടി പ്രസ്തുത വാക്യങ്ങളെല്ലാം ഉദ്ധരിക്കാം.

" ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്ക് പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനുമുമ്പ് യേശു അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു. അത്താഴസമയത്ത് പിശാച് ശിമയോന്റെ പുത്രനായ യൂദാസ് സ്കറിയോത്തായുടെ മനസ്സിൽ യേശുവിനെ ഒറ്റിക്കൊടുക്കുവാൻ തോന്നിച്ചു. പിതാവ് സകലതും തന്റെ കരങ്ങളിൽ ഏൽപിച്ചിരിക്കുന്നെന്നും താൻ ദൈവത്തിൽനിന്ന് വരികയും ദൈവത്തിങ്കലേക്കു പോകുകയും ചെയ്യുന്നെന്നും യേശു അറിഞ്ഞു. അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ്, മേലങ്കിമാറ്റി, ഒരു തൂവാല എടുത്ത് അരയിൽ കെട്ടി. അനന്തരം ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാനും അരയിൽ ചുറ്റിയിരുന്ന തൂവാലകൊണ്ട് തുടയ്ക്കാനും തുടങ്ങി" (13,1-5). എളിമയാണ് എല്ലാ പുണ്യങ്ങളുടെയും ആരംഭം. മനുഷ്യരിൽനിന്ന് എല്ലാ കലഹങ്ങളും വിഭജനങ്ങളും വഴക്കുകളും അതെടുത്തു മാറ്റുന്നു. അവരുടെ ഇടയിൽ സമാധാനവും സ്നേഹവും നട്ടുവളർത്തുന്നു. സ്നേഹംവഴി അത് വളർന്ന് വലുതാകുന്നു. ഈ കാര്യം നമ്മുടെ കർത്താവ് തന്റെ ശിഷ്യരെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പഠിപ്പിക്കാൻ ആഗ്രഹിച്ചു.

അതുകൊണ്ട് തന്റെ പീഡാനുഭവം സമീപസ്ഥമായപ്പോൾ, അവരോടുള്ള തന്റെ സ്നേഹത്തിന്റെ വലിപ്പം വെളിപ്പെടുത്താനും ഏറ്റവും

www.malankaralibrary.com



ശ്രേഷ്ഠവും മഹനീയവുമായ കൽപന എന്ന നിലയിൽ അവരെ എളിമ പഠിപ്പിക്കാനും ആഗ്രഹിച്ചതിനാൽ, ഒന്നാമതായി പ്രവൃത്തിയിലൂടെ എളിമ പഠിപ്പിക്കുകയും പിന്നീട് താഴെവരുന്ന ഉപദേശം നൽകുകയും ചെയ്തു: "നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക നൽകിയിരിക്കുന്നു" (13,14). നമ്മുടെ കർത്താവു ചെയ്ത കാര്യം വിവരിച്ചുകൊണ്ട്, എല്ലാവരുടെയും ശിക്ഷണത്തിനായി എളിമയുടെ മാഹാത്മ്യം നമ്മെ കൂടുതലായി പഠിപ്പിക്കാൻ സുവിശേഷകൻ ആഗ്രഹിക്കുന്നു. ശിഷ്യരുടെ കാലുകൾ കഴുകുന്ന നമ്മുടെ കർത്താവിലെ മനുഷ്യനെപ്പറ്റി വിവരിച്ചു പറയുന്നു. കുറച്ചു സമയത്തിനുശേഷം, ദൈവവചനത്തോടുള്ള അവന്റെ ഐക്യംമൂലം അവന് താഴെ വരുന്നവയെല്ലാം ലഭിക്കും. അവൻ വലിയ പ്രശസ്തിയിലായിരിക്കും. തന്റെ ബഹുമാനത്തിന്റെ വലിപ്പവും ആസന്നതയും കണ്ട് നിറയുകയും താൻ എല്ലാവരുടെയും നാഥനായി തീരുകയും ചെയ്യുമ്പോഴും, തന്റെ മാഹാത്മ്യം നിമിത്തം അവന്റെ മനസ്സ് അഹങ്കരിക്കുകയില്ല.

അവൻ ദൈവത്തിൽനിന്ന് പുറപ്പെട്ട് ദൈവത്തിലേക്കു പോകുന്നു. അതായത്, തന്റെ പീഡാസഹനത്തിനുശേഷം എത്ര വലിയ മഹത്വത്തിലേക്കാണ് ദൈവം തന്നെ ഉയർത്തിയിരിക്കുന്നതെന്ന് അറിഞ്ഞ ശേഷവും അവൻ അഹങ്കരിച്ചില്ല. ഒറ്റിക്കൊടുക്കാനുള്ള ഹീനമായ ഉദ്ദേശ്യം യൂദാസ് മനസ്സിൽ വച്ചിരുന്നെങ്കിലും, അവൻ തന്റെ ശിഷ്യരെ സ്നേഹിച്ചതിനാൽ, അവരുടെ പാദങ്ങൾ കഴുകുകയും തന്റെ അരയിൽ കെട്ടിയിരുന്ന തൂവാല കൊണ്ട് അവ തുടയ്ക്കുകയും ചെയ്തു. ആ എളിയ പ്രവൃത്തിയെ കുറിച്ചും ഹീനമായ വസ്ത്രത്തെക്കുറിച്ചും ലജ്ജിക്കാതെ ആഴമായ എളിമയോടെ അവർക്ക് തന്റെ സ്നേഹത്തിന്റെ തെളിവു നൽകി. അവന്റെ സ്നേഹവും എളിമയും കൂടുതൽ തുറന്നു കാണിക്കാനാണ് സുവിശേഷകൻ ഇവയെല്ലാം ക്രമമായി വിവരിക്കുന്നത്. തന്നെ ഒറ്റിക്കൊടുക്കാൻ യൂദാസ് ഉദ്ദേശിക്കുന്നുവെന്ന് അറിഞ്ഞിട്ടും അവന്റെ കാലുകൾ കഴുകുന്നതിൽ നിന്ന് പിന്മാറാത്തതിൽ നിന്ന് അവനോടുള്ള സ്നേഹത്തിന്റെയും തന്റെ എളിമയുടെയും വലിപ്പം മനസ്സിലാക്കാം. കൂടാതെ, ഏറ്റവും മോശമായ, കാലുകഴുകൽ എന്ന പ്രവൃത്തിയിൽനിന്നും അരയ്ക്കു ചുറ്റിയ കച്ചകൊണ്ട് കാലുകൾ തുടച്ച രീതിയിൽനിന്നും അത് കൂടുതൽ വ്യക്തമാകുന്നു. അതുകൊണ്ട് വാക്കുകളുടെ അർത്ഥം പരിശോധിക്കേണ്ടിയിരിക്കുന്നു. അവയുടെ ക്രമത്തെക്കുറിച്ച് അധികം ചിന്തിക്കേണ്ടതില്ല. വിശുദ്ധ ഗ്രന്ഥത്തിലെ വാക്കുകൾ കൃത്യമായി ക്രമീകരിച്ച് വച്ചിരിക്കുകയല്ലെന്ന് കാണുക. വിവരണത്തിന്റെ വ്യാപ്തികൊണ്ടാണ് ഇത്രയും വാക്കുകൾ ഇടയ്ക്ക് ചേർത്തിരിക്കുന്നത്.

www.malankaralibrary.com



ഈ ഭാഗത്തിന്റെ അർത്ഥം ചുരുക്കത്തിൽ ഇതാണ്: പെസഹാതിരുനാളിനുമുമ്പ് അത്താഴസമയത്ത് അവൻ എഴുന്നേറ്റ് തന്റെ വസ്ത്രങ്ങൾ മാറ്റിവച്ച് തന്റെ അരയിൽ കച്ചകെട്ടുകയും മറ്റും ചെയ്തു. അവയ്ക്കിടയിലാണ് മറ്റുകാര്യങ്ങൾ പറഞ്ഞത്. തന്നെക്കുറിച്ച് കുറച്ചൊക്കെ അറിയാമായിരുന്നിട്ടും ഒറ്റിക്കൊടുക്കുന്നവന്റെ ഉദ്ദേശ്യം മനസ്സിലാക്കിയിട്ടും, അവൻ അവന്റെയും മറ്റുള്ളവരുടെയും പാദങ്ങൾ കഴുകി.

അവൻ ശെമയോന്റെ അടുത്തു വന്നപ്പോൾ, തന്റെ ഗുരു തന്റെ പാദങ്ങൾ കഴുകുന്നത് അവന് ഇഷ്ടമില്ലായിരുന്നു. നമ്മുടെ കർത്താവ് അവനോടു പറഞ്ഞു, "ഞാൻ ചെയ്യുന്നതെന്താണെന്ന് നീ ഇപ്പോൾ അറിയുന്നില്ല. പിന്നീട് നീയറിയും" (13,6-7). അതായത്, നിങ്ങൾ പരസ്പരം സ്നേഹിക്കണമെന്നും ശുശ്രൂഷ ചെയ്യണമെന്നും ഈ പ്രവൃത്തിവഴി നിങ്ങളെ പഠിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. പ്രസ്തുത ലക്ഷ്യം പത്രോസ് അറിഞ്ഞിരുന്നില്ല. മടിച്ചുനിന്ന അവനോട് നമ്മുടെ കർത്താവു പറഞ്ഞു, "ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ, നിനക്ക് എന്നോടുകൂടെ പങ്കില്ല" (13,8). ഈ കഴുകൽ സ്നാനത്തിനു പകരമാണെന്നും അതുവഴി കർത്താവിനോടുകൂടെ തനിക്ക് പങ്കാളിത്തം ലഭിക്കുമെന്നും കരുതി അവൻ പറഞ്ഞു, "അങ്ങനെയെങ്കിൽ, എന്നെ മുഴുവനും കഴുകിക്കൊള്ളുക."കർത്താവ് അവനെ തിരുത്തിക്കൊണ്ട് പറഞ്ഞു, "കുളി കഴിഞ്ഞവന്റെ കാലുകൾ മാത്രമേ കഴുകേണ്ടതുള്ളു. അവൻ മുഴുവൻ ശുചിയായിരിക്കും. നിങ്ങളും ശുദ്ധിയുള്ളവരാണ്. എന്നാൽ എല്ലാവരുമല്ല" (13,10).

നമ്മുടെ കർത്താവിന്റെ വാക്കുകൾ വിശദീകരിച്ചുകൊണ്ട് സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു, "തന്നെ ഒറ്റിക്കൊടുക്കുന്നവൻ ആരാണെന്ന് അവൻ അറിഞ്ഞിരുന്നു. അതുകൊണ്ടാണ് നിങ്ങളെല്ലാവരും ശുദ്ധിയുള്ളവരല്ല എന്ന് അവൻ പറഞ്ഞത് " (13,11). നമ്മുടെ കർത്താവ് ശെമയോനോട് പറയാൻ ആഗ്രഹിച്ചത് ഇതാണ്: ഈ കഴുകൽ പാപമോചനത്തിനുള്ള സ്നാനമല്ല. നിങ്ങൾ അത് ഒരിക്കൽ സ്വീകരിച്ചുകഴിഞ്ഞാൽ, വീണ്ടും വേറൊരു മാമോദീസാ സ്വീകരിക്കേണ്ട ആവശ്യമില്ല. ആദ്യത്തേ സ്നാനം കൊണ്ടുതന്നെ നിങ്ങൾ ശുദ്ധിയുള്ളവരായി തീർന്നിരിക്കുന്നു. ഇപ്പോൾ നിങ്ങളുടെ കാലുകൾ മാത്രം കഴുകേണ്ട ആവശ്യമേയുള്ളു. ആ വസ്തുതയുടെ ലക്ഷ്യവും നിങ്ങൾ ഉടനെ അറിയും. ശിഷ്യർ നേരത്തേ സ്നാപകനിൽ നിന്ന് പാപമോചനത്തിന്റെ സ്നാനം സ്വീകരിച്ചിരുന്നു. പുണ്യത്തിലേക്ക് ഉപദേശിച്ചു നയിക്കുന്ന നമ്മുടെ കർത്താവിന്റെ ശിക്ഷണം അവരെ അതിൽ കൂടുതൽ ഉറപ്പിച്ചു. അവരുടെമേൽ പിന്നീട് വരാനിരുന്ന പരിശുദ്ധാത്മാവിന്റെ ആവാസം അവരെ പരിപൂർണരാക്കി.

"അവരുടെ പാദങ്ങൾ കഴുകിയ ശേഷം അവൻ മേലങ്കി ധരിച്ച്, സ്വസ്ഥാനത്തിരുന്ന് അവരോടു പറഞ്ഞു: ഞാനെന്താണ് നിങ്ങൾക്ക് ചെയ്ത

www.malankaralibrary.com



തെന്ന് നിങ്ങൾ അറിയുന്നുവോ? നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു. അതു ശരിതന്നെ. ഞാൻ ഗുരുവും കർത്താവുമാണ്. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ, ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക നൽകിയിരിക്കുന്നു" (13,12-15). അവിടുന്ന് അവരുടെ കാലുകൾ കഴുകിയതിന്റെ ലക്ഷ്യം ഈ വാക്കുകളിലൂടെ അവരെ പഠിപ്പിച്ചു. നീ പിന്നീട് അറിയുമെന്ന് പത്രോസിനോട് പറഞ്ഞതിനെ അവൻ ഓർപ്പിക്കുന്നു. "ഞാൻ നിങ്ങൾക്ക് ചെയ്തതെന്തെന്ന് നിങ്ങൾ അറിയുന്നുവോ?" അതായത്, എന്റെ പ്രവൃത്തിയുടെ ലക്ഷ്യമെന്താണെന്നും കാരണമെന്താണെന്നും നിങ്ങൾ അറിയുവിൻ. ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും പരസ്പരം ചെയ്യുന്നതിന് ഒരു മാതൃകയായിട്ടാണ് ഞാൻ പാദങ്ങൾ കഴുകിയത്. നിങ്ങളുടെ ഗുരുവും കർത്താവുമായ ഞാൻ നിങ്ങളുടെ പാദം കഴുകാനായി സന്മനസ്സ് കാണിച്ചെങ്കിൽ, നിങ്ങളും എത്രയധികമായി നാണിക്കാതെയും ലജ്ജിക്കാതെയും പരസ്പരം പാദം കഴുകാൻ കടപ്പെട്ടവരാണെന്ന് ഓർക്കുക.

തന്റെ വാക്കുകൾ സ്ഥിരീകരിച്ചുകൊണ്ട് അവൻ പറയുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഭൃത്യൻ യജമാനനേക്കാൾ വലിയവനല്ല. അയക്കപ്പെട്ടവൻ അയച്ചവനേക്കാളും വലിയവനല്ല" (13,16). നിങ്ങളെ അയച്ച നിങ്ങളുടെ കർത്താവിനേക്കാൾ വലിയവരാകാൻ നിങ്ങൾക്കു കഴിയുകയില്ല. നിങ്ങൾ എന്റെ ശുശ്രൂഷകരും പ്രേഷിതരുമാണ് എന്നത് വ്യക്തമെന്ന് അവൻ പറഞ്ഞു. ഒരാൾ ദാസനായിരിക്കുമ്പോൾ, തന്റെ യജമാനന് വിധേയനാണ്. അയക്കപ്പെട്ടവൻ പ്രതിനിധിയുടെ ദൗത്യം നിർവഹിക്കുമ്പോൾ, അവനെ അയച്ചവനോട് ബഹുമാനത്തിൽ തുല്യനായിരിക്കാൻ സാധ്യമല്ല. താഴെ വരുന്ന വാക്കുകൾ കൂടുതൽ ബാധ്യത സൂചിപ്പിക്കുന്നവയാണ്: "ഈ കാര്യങ്ങൾ അറിഞ്ഞ് ഇതനുസരിച്ച് പ്രവർത്തിച്ചാൽ നിങ്ങൾ അനുഗൃഹീതർ" (13,17). അതുകൊണ്ട്, കാര്യങ്ങൾ അറിഞ്ഞാൽ മാത്രം പോരാ, അറിഞ്ഞവ പ്രവർത്തിക്കാനുള്ള കടമയുമുണ്ട്. തന്റെ പ്രസംഗം എല്ലാവർക്കും വേണ്ടിയല്ല, വിശ്വസിക്കുന്നവർക്കുവേണ്ടി മാത്രമാണെന്ന് സൂചിപ്പിച്ചുകൊണ്ട് അവൻ പറയുന്നു. "നിങ്ങൾ എല്ലാവരെയും കുറിച്ചല്ല ഞാനിതു പറയുന്നത്. ഞാൻ തെരഞ്ഞെടുത്തവരെ എനിക്കറിയാം. എന്റെ അപ്പം ഭക്ഷിക്കുന്നവൻ എനിക്കെതിരെ കുതികാലുയർത്തി എന്ന തിരുവെഴുത്ത് പൂർത്തിയാകേണ്ടിയിരിക്കുന്നു" (13,18). ഞാനിത് എല്ലാവരോടുമായിട്ടല്ല പറയുന്നത്. നിങ്ങളിൽ ആരാണ് എന്നെ ഒറ്റിക്കൊടുക്കാൻ ഇരിക്കുന്നതെന്ന് എനിക്കറിയാം. അവനിലും തിരുലിഖിതം നിറവേറേണ്ടിയിരിക്കുന്നു. എന്നോടുകൂടെ

www.malankaralibrary.com



അപ്പം ഭക്ഷിക്കുന്നവൻ എനിക്കെതിരെ ഗൂഢാലോചന നടത്തും. എന്നെ പുറത്തുള്ളവർക്ക് ഏൽപിച്ചു കൊടുക്കും.

പ്രവചനത്തിലെ വാക്കുകൾ അവനെക്കുറിച്ച് സാക്ഷ്യം നൽകുന്നെന്ന് വ്യക്തമല്ല. പക്ഷേ സാഹചര്യങ്ങളിൽനിന്ന് അവ ഒറ്റുകാരന് യോജിക്കുന്നു. അതുകൊണ്ട്, ഞാനിവ പ്രവചിക്കുന്നതായി പ്രഖ്യാപിക്കുന്നു: "അതു സംഭവിക്കുമ്പോൾ, ഞാൻ തന്നെ എന്ന് നിങ്ങൾ വിശ്വസിക്കേണ്ടതിനാണ് സംഭവിക്കുന്നതിനു മുമ്പുതന്നെ ഞാൻ നിങ്ങളോടു പറയുന്നത് "(13,19). - ഭാവിയിൽ സംഭവിക്കാനിരിക്കുന്നത് വെളിപ്പെടുത്താതിരിക്കാൻ എനിക്കു കഴിയുമായിരുന്നു. എന്നെ അനുഗമിക്കുന്നവരുടെ ചിന്തകൾപോലും ഞാൻ അറിയുന്നെന്ന് നിങ്ങൾ വിശ്വസിക്കാൻ വേണ്ടിയും എനിക്കു സംഭവിക്കുന്നവയിലൂടെ എനിക്ക് അപമാനം ഉണ്ടാകുന്ന കാര്യം ഞാൻ അറിയാതെയാണെന്ന് കരുതാതിരിക്കാൻ വേണ്ടിയും സംഭവങ്ങൾ ഞാൻ മുൻകൂട്ടി പറയുന്നു. അങ്ങനെ ഞാൻ ആരാണെന്ന് നിങ്ങൾ അറിയും.

"ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ല, അയക്കപ്പെട്ടവൻ അയച്ചവനെക്കാൾ വലിയവനല്ല" എന്ന് ശിഷ്യന്മാരോട് പറഞ്ഞശേഷം, അവൻ ചേർത്തുപറയുന്നു: "ഈ കാര്യങ്ങൾ അറിഞ്ഞ് ഇതനുസരിച്ച് പ്രവർത്തിച്ചാൽ നിങ്ങൾ അനുഗൃഹീതർ" (13,17).- അവസാനമായി, തന്റെ ഈ പ്രബോധനം ജനത്തിനു മുഴുവനും വേണ്ടിയാണെന്ന് അവർ കരുതാതിരിക്കാൻ, മുൻകരുതലായി അവൻ കൂട്ടിച്ചേർക്കുന്നു: "നിങ്ങൾ എല്ലാവരെയും കുറിച്ചല്ല ഞാനിതു പറയുന്നത്." തുടർന്ന് മുകളിൽ പറഞ്ഞതിനെപ്പറ്റി പിന്നെയും പറയുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഞാൻ അയക്കുന്നവനെ സ്വീകരിക്കുന്നവൻ എന്നെയാണ് സ്വീകരിക്കുന്നത്. എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു"(13,20). - നിങ്ങൾ എന്നേക്കാൾ ചെറിയവരാണെന്ന് ഞാൻ പറഞ്ഞതുകൊണ്ട്, നിങ്ങൾ മോശക്കാരാണെന്നും നിന്ദ്യരാണെന്നും, ഞാൻ നിങ്ങളെ ഏൽപിക്കുന്ന കാര്യം ബലഹീനവും ദുർബലവുമാണെന്നും വിചാരിക്കേണ്ട. നിങ്ങൾ എന്റെ ശ്ലീഹന്മാർ ആയിരിക്കുന്നിടത്തോളംകാലം നിങ്ങൾ എനിക്കു താഴെയാണ്. എന്നാൽ ഞാൻ നിങ്ങളെ അയച്ചതിനാൽ, നിങ്ങൾ ബഹുമാന്യരാണ്. എനിക്കു സംഭവിച്ചവ പിതാവിലേക്ക് ഉന്മുഖമായിരിക്കുന്നു. അതുപോലെ, അയക്കപ്പെടുന്നവരുടെ ബഹുമാനം എനിക്കും അവർക്കും പൊതുവാണ്. അവരിലൊരാൾ അംഗീകരിക്കപ്പെടുമ്പോൾ, ഞാൻ തന്നെ അംഗീകരിക്കപ്പെട്ടതായി കരുതപ്പെടും.

### യൂദാസിന്റെ വഞ്ചന

"ഇതു പറഞ്ഞപ്പോൾ യേശു ആത്മാവിൽ അസ്വസ്ഥനായി. അവൻ വ്യക്തമായി പറഞ്ഞു, സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു,

www.malankaralibrary.com



നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും" (13,21).- ലാസറിനെ ഉയിർപ്പിച്ച അവസരത്തിലും "അവൻ ആത്മാവിൽ അസ്വസ്ഥനായി" എന്ന് പറഞ്ഞിരിക്കുന്നു. കാരണം, എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് അവൻ മുൻകൂട്ടി കണ്ടു. അവന് കോപം വന്നു. സന്നിഹിതമല്ലാത്തതും സംഭവിക്കാത്തതുമായ കാര്യങ്ങളെ കുറിച്ച് അവന് അറിവുണ്ടെന്ന് കാണിക്കാൻ വേണ്ടിയാണിത്. അതുപോലെ ഇവിടെയും അവൻ പറയുന്നു. യൂദായുടെ ഒറ്റുനിമിത്തം അവന്റെ മനസ്സിന്റെ ദുഷ്ടതയെ കുറിച്ച് ആശ്ചര്യപ്പെട്ടുകൊണ്ട് കർത്താവ് കുണ്ഠിതനായി. അതായത്, "ആത്മാവിൽ അസ്വസ്ഥനായി." അവനിലുണ്ടായിരുന്ന ആത്മാവിന്റെ പ്രവർത്തനംവഴി ഭാവികാര്യങ്ങൾ അവൻ അറിഞ്ഞിരുന്നു എന്നാണ് ഇവിടെയും പറഞ്ഞിരിക്കുന്നത്. അവൻ പറഞ്ഞ വാക്കുകൾ നിമിത്തം ശിഷ്യന്മാർ ആകുലചിത്തരായി. അവർ പരസ്പരം നോക്കി. ഭാഗ്യവാനായ യോഹന്നാൻ യേശുവിന്റെ മടിയിൽ, അതായത് സമീപത്ത്, ചാരിയിരിക്കുകയായിരുന്നു. അവൻ തന്നെയാണ് സുവിശേഷം എഴുതിയതും. ശെമയോൻ പത്രോസ് അവനോട് ആംഗ്യം കാണിച്ചു. യോഹന്നാൻ സമീപത്തായിരുന്നതിനാലാണത്. ആരാണ് അവനെ ഒറ്റിക്കൊടുക്കുവാനിരിക്കുന്നതെന്ന് താഴ്ന്ന സ്വരത്തിൽ ചോദിച്ചു മനസ്സിലാക്കാൻ അവനു കഴിയുമായിരുന്നു. മാർവിൽ ചാരിക്കൊണ്ട് പരസ്യമായിട്ടല്ല, രഹസ്യമായി ചോദിച്ചു. നമ്മുടെ കർത്താവ് അവനോടു പറഞ്ഞു, "അപ്പക്കഷണം മുക്കി ഞാൻ ആർക്കു കൊടുക്കുന്നുവോ, അവൻ തന്നെ"(13,26). അവനെ ചൂണ്ടിക്കാണിക്കാനും മറ്റ് ശിഷ്യന്മാർക്ക് അവൻ അറിയപ്പെടാനും വേണ്ടിയായിരുന്നു ഇത്. അവൻ ഭക്ഷണത്തിൽ പങ്കുകാരനായിത്തീർന്നു എന്ന പ്രവചനം അനുസരിച്ച്, മാനുഷികനിയമം മാനിക്കാൻ, അവിടുന്ന് അവന് അപ്പം മുക്കിക്കൊടുത്തു. കാരണം കൂടാതെ തന്റെ ഗുരുവിനെ ശത്രുക്കൾക്ക് ഒറ്റിക്കൊടുക്കാൻ അവൻ അപ്പക്കഷണം സ്വീകരിച്ചു.

സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു: "അപ്പക്കഷണം സ്വീകരിച്ചതിനെ തുടർന്ന് സാത്താൻ അവനിൽ പ്രവേശിച്ചു"(13,27). യൂദാസ് തന്റെ മനസ്സിൽ ഒളിച്ചു വച്ചിരുന്ന കാര്യം, തന്നിൽതന്നെ ഒതുക്കി വച്ചിരുന്നത്, അപ്പക്കഷണം സ്വീകരിച്ചതോടെ എല്ലാ ശിഷ്യന്മാർക്കും വെളിപ്പെടുകയും മനസ്സിലാകുകയും ചെയ്തു. ആന്തരിക ചിന്തകൾ അറിയുന്നവന്റെ ശക്തിയിൽ ആശ്ചര്യപ്പെട്ട്, പരസ്യമായ കുറ്റപ്പെടുത്തലിൽ ലജ്ജിക്കുകയും പിന്തിരിയുകയും ചെയ്യുന്നതിനുപകരം, അവൻ തിന്മയുടെ നിശ്ചയത്തിൽ ഉറച്ചുനിൽക്കുകയാണ് ചെയ്തത്. കുറ്റപ്പെടുത്തൽവഴി വ്രണിതനായ അവൻ കുറ്റകൃത്യം നടപ്പാക്കാൻ ധൃതിപിടിച്ചു. ദുഷ്ടമനസ്സിന്റെ സ്ഥിരീകരണത്തെ സാത്താന്റെ പ്രവൃത്തിയായി കാണിച്ചുകൊണ്ട് സുവിശേഷകൻ യൂദാസിന്റെ ചിന്തയെ "സാത്താന്റെ പ്രവേശനം" എന്ന് ന്യായമായി വിളിക്കുന്നു. "അപ്പക്കഷണം സ്വീകരിച്ച ഉടനെ അവൻ പുറത്തുപോയി"(13,30). സഹനത്തിന്റെ അവ

www.malankaralibrary.com



സാന ഭാഗത്തേക്കു നോക്കാതെ, ഒറ്റുകാരന്റെയും ശത്രുക്കളുടെയും മനസ്സിനെക്കുറിച്ച് ചിന്തിക്കാം.

പീഡ സഹിക്കുന്നതിനുള്ള ശക്തിയും അറിവും ഗ്രഹിക്കാതെ, സാത്താന്റെ പ്രേരണവഴി അവനെ തുടച്ചു നീക്കാമെന്നു കരുതി അവർ രഹസ്യത്തിൽ അവനെ കൊല്ലുന്നതിന് തീരുമാനിച്ചു. ഇതറിഞ്ഞ് നമ്മുടെ കർത്താവ് അവനോടു പറഞ്ഞു: "നീ ചെയ്യാനിരിക്കുന്നത് വേഗം ചെയ്യുക"(13,27). അതായത്, എനിക്കെതിരെയുള്ള നിന്റെ വഞ്ചന നടപ്പാക്കാൻ നീ തീരുമാനിക്കുകയും താത്പര്യത്തോടുകൂടെ ആഗ്രഹിക്കുകയും ചെയ്യുന്നതിനാൽ, എനിക്കതൊരു ബുദ്ധിമുട്ടല്ല. നീ എന്റെ വാക്കുകേട്ടശേഷം നിന്റെ ദുഷ്ടത വേഗം പ്രവൃത്തിപഥത്തിലെത്തിക്കുക. പറഞ്ഞതെന്താണെന്ന് ശിഷ്യന്മാർക്ക് മനസ്സിലായില്ല. "തിരുനാളിന് ആവശ്യമുള്ളവ വാങ്ങുക എന്നോ, ദരിദ്രർക്ക് എന്തെങ്കിലും കൊടുക്കുക എന്നോ ആയിരിക്കാം യേശു അവനോടു പറഞ്ഞതെന്ന് ചിലർ കരുതി (13,29). കാരണം, പണസഞ്ചി യൂദാസിന്റെ പക്കലായിരുന്നു(13,29). ഹൃദയവിചാരങ്ങൾ അവരിൽനിന്ന് മറഞ്ഞിരുന്നതിനാലാണ് അവൻ പറഞ്ഞതെന്തിനാണെന്ന് അവർക്ക് മനസ്സിലാകാതെ പോയത്. തന്റെ പദ്ധതി നടപ്പാക്കാനായി യൂദാസ് ധൃതിയിൽ പുറപ്പെട്ടുപോയി. തന്റെ ദുഷ്ടത പൂർത്തീകരിക്കാൻ അവൻ പുറപ്പെട്ടത് രാത്രിയിലാണ്

പീഡാസഹനം അടുത്തു വന്നതിനാൽ, അതിനുമുമ്പ് ശിഷ്യന്മാർ അറിയണമെന്ന് നമ്മുടെ കർത്താവ് കരുതിയ കാര്യങ്ങൾ അവരോട് പറഞ്ഞു: "ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു. അവനിൽ ദൈവവും മഹത്വപ്പെട്ടിരിക്കുന്നു"(13,31). എടുക്കപ്പെട്ട മനുഷ്യപുത്രൻ ആശ്ചര്യവാനായി, മഹത്വപ്പെടാനിരിക്കുന്ന സമയം ആസന്നമായിരിക്കുന്നു. അവനു സംഭവിക്കുന്ന എല്ലാ കാര്യങ്ങളുംവഴി എല്ലാവരുടെയും മുമ്പാകെ ദൈവവും വെളിവാക്കപ്പെടും. കുരിശുമരണസമയത്ത് സംഭവിച്ച കാര്യങ്ങൾ-ഭൂമികുലുങ്ങി, സൂര്യനിരുണ്ടു, ഭൂമി മുഴുവൻ ഇരുട്ടു പരന്നു, കല്ലറകൾ തുറക്കപ്പെട്ടു, പാറകൾ പൊട്ടിച്ചിതറി എന്നുതുടങ്ങി അസാധാരണമായി സംഭവിച്ച വലിയ മാറ്റങ്ങൾ-ക്രൂശിക്കപ്പെട്ടവന്റെ ഔന്നത്യം എത്രയാണെന്നും എത്രയായിരിക്കുമെന്നും വെളിവാക്കുന്നു. ഇത്ര വലിയ ബഹുമാനത്തിന് മനുഷ്യപുത്രനെ യോഗ്യനാക്കിയ ദൈവത്തെക്കുറിച്ച് മനുഷ്യർ വിസ്മയിക്കുന്നതിനും ഇവ കാരണമായി. "ദൈവം അവനിൽ മഹത്വപ്പെട്ടെങ്കിൽ, ദൈവം അവനെ തന്നിൽ മഹത്വപ്പെടുത്തും. ഉടൻതന്നെ മഹത്വപ്പെടുത്തും"(13,32). എത്രയധികം അവനുവേണ്ടി ചെയ്യുന്നതിലൂടെ ദൈവം മഹത്വപ്പെടുന്നുവോ, അത്രയധികം ദൈവം അവനെയും മഹത്വപ്പെടുത്തുന്നു. അവനു സംഭവിച്ച കാര്യങ്ങൾ മഹനീയങ്ങളായിരുന്നു. അതുകൊണ്ടുതന്നെ അവനെപ്രതി ദൈവം

www.malankaralibrary.com



ആശ്ചര്യഭരിതനായി കാണപ്പെടുന്നു. അധികം കഴിയുന്നതിനുമുമ്പ് ഇവയെല്ലാം അവനു നൽകപ്പെടും.

പീഡാസഹനം അപമാനമല്ലെന്നും ബുദ്ധിയുള്ളവർക്കും ശക്തർക്കും ദൈവപരിപാലനയാണെന്നും തെളിയിച്ചശേഷം അവൻ തന്റെ ശിഷ്യരോടുള്ള സംഭാഷണം തുടരുന്നു. "എന്റെ കുഞ്ഞുങ്ങളേ, ഇനി അൽപ സമയം കൂടി ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും. നിങ്ങൾ എന്നെ അന്വേഷിക്കും. എന്നാൽ ഞാൻ യഹൂദരോടു പറഞ്ഞതുപോലെ, ഇപ്പോൾ നിങ്ങളോടും പറയുന്നു. ഞാൻ പോകുന്നിടത്തേക്ക് വരാൻ നിങ്ങൾക്ക് കഴിയുകയില്ല (13,33). "അൽപസമയത്തേക്ക് ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്നത് പീഡാസഹനം വരെയുള്ള സമയത്തെ കുറിക്കുന്നു. "നിങ്ങൾ എന്നെ അന്വേഷിക്കും എന്നാൽ എന്നെ കണ്ടെത്തുകയില്ല" എന്ന് യഹൂദരോടു പറഞ്ഞത് പീഡാനുഭവശേഷം അവനെ അവർക്ക് കാണാൻ കിട്ടുകയില്ല എന്നു സുചിപ്പിക്കുന്നു. "നിങ്ങൾ എന്നെ അന്വേഷിക്കും" എന്നു മാത്രമാണ് ശിഷ്യരോടു പറഞ്ഞത്. കാരണം, സ്നേഹത്താൽ പ്രേരിതരായിട്ടാണ് അവർ അവനെ അന്വേഷിക്കുന്നത്. അതുപോലെ, ഗുരുവിന്റെ പ്രത്യേക ശ്രദ്ധ തങ്ങൾക്ക് നഷ്ടമായതായും അവർക്ക് തോന്നി. പിന്നീട് അവർ അവനെ കണ്ടെത്തുകയും ചെയ്തു. ഉയിർപ്പിനുശേഷം അവർ അവനെ കണ്ടു. അവർ അവനോട് സംസാരിക്കുകയും അവനോടൊത്ത് ഭക്ഷിക്കുകയും ചെയ്തു. സ്വർഗാരോഹണം വരെ ഇതു തുടർന്നു.

എന്നാൽ ഞാൻ യഹൂദരോടു പറഞ്ഞതുപോലെ,-ഞാൻ പോകുന്നിടത്തേക്ക് വരാൻ അവർക്ക് കഴിയുകയില്ലെന്നു പറഞ്ഞതുപോലെ-ഇപ്പോൾ നിങ്ങളോടും പറയുന്നു. "ഇപ്പോൾ" എന്ന് അറിഞ്ഞുകൊണ്ടു തന്നെ ചേർത്തതാണ്. അവൻ പോകുന്നിടത്തേക്ക് ചെല്ലാൻ അവർക്ക് കഴിയുകയില്ലെന്ന് പറഞ്ഞതിന്റെ അർഥം അവനേപ്പോലെ മരിക്കാൻ അവർക്ക് കഴിയുകയില്ല എന്നാണ്. കാരണം എല്ലാവരും ഓടിപ്പോയി. ശെമയോൻ ആണയിട്ടുകൊണ്ട് അവനെ തള്ളിപ്പറഞ്ഞു. *ഇപ്പോൾ* എന്നുപറഞ്ഞത്, അവർ പിന്നീട് പീഡകളും പരീക്ഷകളും സഹിക്കേണ്ടിവരും എന്നതുകൊണ്ടാണ്. പരിശുദ്ധാത്മാവിന്റെ ആവാസത്തിനുശേഷം ക്രിസ്തുവിനുവേണ്ടി സഹിക്കുന്നതിൽ അവർ സന്തോഷിക്കും. അവനിലുള്ള വിശ്വാസത്തിലും ഭാവി കാര്യങ്ങളെ കുറിച്ചുള്ള വാഗ്ദാനത്തിലും ഉറപ്പിക്കപ്പെട്ടവരായിത്തീരും. അതുകൊണ്ട് അവൻ പറയുന്നു: നിങ്ങൾ സ്നേഹത്താൽ പ്രേരിതരായി എന്നെ അന്വേഷിക്കുമെങ്കിലും – നിങ്ങൾക്ക് എന്നോടുള്ള സ്നേഹത്തെ പ്രതിയാണ് ഇതെന്ന് ഞാൻ അറിയുന്നു – സ്വാഭാവികബലഹീനത നിങ്ങളിൽ ഭയം ഉളവാക്കുന്നതുകൊണ്ട്, ഇപ്പോൾ നിങ്ങൾക്ക് നിങ്ങളുടെ സ്നേഹം പ്രവൃത്തിയിലൂടെ തെളിയിക്കാനാവില്ല. ഇവ ഇങ്ങനെയല്ലാതെ വേറൊരു തരത്തിൽ സംഭവിക്കാൻ സാധ്യമല്ല. നിങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിൽ, ഞാൻ നിങ്ങളെ

www.malankaralibrary.com



പഠിപ്പിച്ചത് നിങ്ങൾക്ക് അനുസരിക്കാൻ കഴിയും. അത് ഇപ്പോഴും പിന്നീടും നിങ്ങൾക്ക് പ്രയോജനകരമാകും.

## സ്നേഹത്തിന്റെ പുതിയ കൽപന

"ഞാൻ പുതിയൊരു കൽപന നിങ്ങൾക്ക് നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ"(13,34). എങ്ങനെയാണ് അത് പുതിയ കൽപന ആകുന്നത്? "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ." സ്നേഹിക്കുന്ന രീതിയിലാണ് ഇവിടെ പുതുമ. ഓരോരുത്തരും തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കണം എന്നാണ് നിയമത്തിൽ കൽപിക്കപ്പെട്ടിരുന്നത്. നമ്മുടെ കർത്താവ് നമ്മെ സ്നേഹിച്ചതു പോലെ നാമും സ്നേഹിക്കണം. നമ്മേക്കാൾ കൂടുതലായി നമ്മുടെ സഹവിശ്വാസികളെ നാം സ്നേഹിക്കണമെന്ന് കർതൃസ്വരം ആഗ്രഹിക്കുന്നു. താഴെപ്പറയുന്ന വാക്കുകളിലും ഇക്കാര്യം കൃത്യമായി കാണിക്കുന്നു. ഈ നിയമത്തിന്റെ വലിപ്പം കാണിക്കാൻ അവൻ പറയുന്നു,"നിങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും"(13,35). എന്റെ ശിഷ്യത്വത്തിന്റെ വ്യക്തമായ അടയാളമായി കാണാൻ മാത്രം ഈ കൽപനയുടെ പാലനം പ്രാധാന്യമുള്ളതാണ്.

## തള്ളിപ്പറയൽ

നിങ്ങൾക്ക് വരാൻ സാധിക്കയില്ലെന്ന് കർത്താവു പറഞ്ഞപ്പോൾ പത്രോസ് അവനോടു ചോദിച്ചു: "കർത്താവേ, നീ എവിടേക്കു പോകുന്നു?" കർത്താവ് നേരത്തേ പറഞ്ഞതുതന്നെ ആവർത്തിക്കുന്നു: "ഞാൻ പോകുന്നിടത്തേക്ക് ഇപ്പോൾ എന്നെ അനുഗമിക്കാൻ നിനക്കു കഴിയുകയില്ല. എന്നാൽ പിന്നീട് നീ അനുഗമിക്കും"(13,30). അതായത്, പരീക്ഷകളെ നേരിടുന്നതിനുള്ള ശക്തി നീ സ്വീകരിച്ചു കഴിയുമ്പോളാണിത്. അത് മറിച്ചു സംഭവിക്കയില്ലെന്ന് കർത്താവിന്റെ വാക്കിൽ വിശ്വസിക്കാൻ ഭാഗ്യവാനായ ശെമയോൻ കടപ്പെട്ടവനായിരുന്നു. എന്നാൽ, അവൻ ചോദിക്കുന്നു: "കർത്താവേ, ഇപ്പോൾതന്നെ നിന്നെ അനുഗമിക്കാൻ എനിക്കു കഴിയാത്തത് എന്തുകൊണ്ട്? നിനക്കുവേണ്ടി ഞാൻ എന്റെ ജീവൻ ത്യജിക്കും"(13,37).

കർത്താവ് അവനോട് എന്തു മറുപടി പറഞ്ഞു? "നീ എനിക്കുവേണ്ടി നിന്റെ ജീവൻ ത്യജിക്കുമെന്നോ? സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: നീയെന്നെ മൂന്നുപ്രാവശ്യം തള്ളിപ്പറയുന്നതുവരെ കോഴി കൂകുകയില്ല" (13,38). – മർക്കോസിന്റെ വാക്കുകൾ ഇതിനെതിരാണെന്ന് ചിലർ ചിന്തിക്കുന്നു: "കോഴി രണ്ടുപ്രാവശ്യം കൂവുന്നതിനുമുമ്പ് നീയെന്നെ മൂന്നുപ്രാവശ്യം നിഷേധിച്ചു പറയും" (14,30). ശരിയായി മനസ്സിലാക്കിയാൽ വൈരുധ്യമില്ലെന്ന് കാണാം. താൻ കർത്താവിനെ ഒരിക്കലും തള്ളിപ്പറയുക

www.malankaralibrary.com



യില്ലെന്നും വേണ്ടിവന്നാൽ അവനോടുകൂടെ മരിക്കാൻ തയാറാണെന്നും നടിച്ചുകൊണ്ട് പത്രോസ് നമ്മുടെ കർത്താവിനോട് വെറുതെ തർക്കിക്കുകയാണ് ചെയ്തത്. തന്നെക്കുറിച്ചുള്ള അമിതമായ മതിപ്പുകൊണ്ട് തർക്കിക്കാൻ മുതിരുന്ന പത്രോസിനോട് അവന്റെ തർക്കുത്തരം നിഷേധിക്കാൻ വേണ്ടിയാണ് കോഴി ആദ്യം കൂവുമെന്നു പറഞ്ഞത്. ആദ്യം കോഴി കൂവിയത് യാദൃശ്ചികമായിട്ടാണെന്ന് പത്രോസ് കരുതാതിരിക്കാൻവേണ്ടി പത്രോസ് ആദ്യപ്രാവശ്യം നിഷേധിച്ചപ്പോൾ തന്നെ കോഴി വീണ്ടും കൂവി. കർതൃവചനാനുസൃതം അവൻ മൂന്നുപ്രാവശ്യം തള്ളിപ്പറയേണ്ടിയിരുന്നതിനാൽ, പ്രവചനസത്യത്തിനു തെളിവായി വീണ്ടും കോഴികൂവി. ഈ കാര്യം വ്യക്തമാക്കുക എന്നുള്ളതായിരുന്നു സുവിശേഷകന്റെ ലക്ഷ്യം. അതുകൊണ്ട് അവൻ പറഞ്ഞു, "മൂന്നുപ്രാവശ്യം നീയെന്നെ തള്ളിപ്പറയുന്നതുവരെ കോഴി കൂവുകയില്ല" (മത്താ 26,34). അതിന്റെ അർഥം, നിനക്ക് എന്നേക്കാൾ കൂടുതൽ അറിവുണ്ടെന്നു ഭാവിച്ച് എന്നോടു തർക്കിക്കുന്നതിനാൽ, നമ്മുടെ ഈ ചർച്ചയുടെ അവസാനം കോഴിതന്നെ നിശ്ചയിക്കട്ടെ. പ്രകൃതിനിയമം അനുസരിച്ചായിരിക്കയില്ല അവൻ കൂവുന്നത്. എന്റെ വാക്കുകളുടെ സത്യം വെളിപ്പെടുത്താനും നിന്റെ ധാർഷ്ഠ്യം എടുത്തുകാണിക്കാനും നിന്റെ തള്ളിപ്പറയലിനെ കുറിച്ച് കോഴി തന്റെ കൂവൽവഴി സാക്ഷ്യം നൽകും. "നീ നിഷേധിക്കുന്നതുവരെ കോഴി കൂവുകയില്ല" എന്ന വാക്കുകളുടെ അർഥം: സ്വാഭാവികമായിട്ടല്ല ആ സമയത്ത് കോഴി രണ്ടുതവണ കൂവുന്നത്. പത്രോസിന്റെ വാക്കുകൾക്ക് കഴമ്പില്ലെന്നു കാട്ടിക്കൊടുക്കാൻ വേണ്ടി കർത്താവിന്റെ തിരുമനസ്സും കൽപനയും അനുസരിച്ചാണ് കോഴി രണ്ടു പ്രാവശ്യം കൂവിയത്. പിന്നീട് സ്വാഭാവികരീതിയിൽ കൂവി.

മർക്കോസാകട്ടെ, പത്രോസിന്റെ ആഗ്രഹപ്രകാരം ഈ കാര്യങ്ങൾ വളരെ ശ്രദ്ധയോടെ വിവരിക്കുന്നു. ശെമയോന്റെ തള്ളിപ്പറയലിന്റെ എണ്ണമനുസരിച്ച് അത്രയും പ്രാവശ്യം കോഴി കൂവിയെന്ന് പറയുന്നു. തന്റെ തെറ്റുതിരുത്തൽ വിശുദ്ധ ലിഖിതങ്ങളിലൂടെ വെളിവാക്കപ്പെടണമെന്ന് ഭാഗ്യവാനായ പത്രോസ് ആഗ്രഹിച്ചു. നമ്മുടെ കർത്താവ് ശ്ലീഹന്മാരുടെ തലവനായ പത്രോസിനോട് ഇവ പറഞ്ഞപ്പോൾ മറ്റുള്ളവർ ഈ വാക്കുകളെ കുറിച്ച് ഒട്ടും സംശയിക്കാതെ വളരെ ഭയപ്പെട്ടു. തങ്ങൾക്ക് അതിനേക്കാൾ മെച്ചമായതൊന്നും പ്രതീക്ഷിക്കാനില്ലെന്നു ചിന്തിച്ചാണ് അവർ ഭയപ്പെട്ടത്. ഭാവിയിൽ ലഭിക്കാൻ പോകുന്ന എല്ലാ നന്മകളിൽനിന്നും ഈ തള്ളിപ്പറയൽവഴി തങ്ങൾ ഒഴിവാക്കപ്പെടുമോയെന്ന് അവർ ഭയപ്പെട്ടു. അവരുടെ ഭയം നീക്കാൻ ആഗ്രഹിച്ചുകൊണ്ട് നമ്മുടെ കർത്താവ് തന്റെ സംസാരം പത്രോസ് എന്ന വ്യക്തിയിൽ നിന്ന് മറ്റുള്ളവരിലേക്ക് തിരിച്ചുവിട്ടു.

www.malankaralibrary.com



**അന്ത്യോപദേശങ്ങൾ**

നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട"(14,1). അതായത്, ഞാൻ പറഞ്ഞ കാര്യങ്ങൾ നിമിത്തം നിങ്ങൾ പ്രത്യാശ കൈവെടിയരുത്. ചഞ്ചലചിത്തരായി, ഭാവിനന്മയേപ്പറ്റിയുള്ള പ്രതീക്ഷയ്ക്ക് മങ്ങലേൽപിക്കരുത്. അതുകൊണ്ടെന്ത്? "ദൈവത്തിൽ വിശ്വസിക്കുവിൻ. എന്നിലും വിശ്വസിക്കുവിൻ." എന്നിലും ദൈവത്തിലുമുള്ള വിശ്വാസം നിങ്ങൾ മുറുകെപ്പിടിക്കുവിൻ. അപ്പോൾ നിങ്ങൾ പ്രത്യാശിക്കുന്ന നന്മകൾ നിങ്ങൾക്ക് കൈവരും. കൂടാതെ, ബലഹീനത നിമിത്തം നിങ്ങൾ ചെയ്തവയുടെ മോചനവും ലഭിക്കും. "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട് " (14,2). അതായത്, എല്ലാവർക്കും നിത്യസൗഭാഗ്യത്തിന്റെ ആസ്വാദനം നൽകത്തക്കവിധം അത്രമാത്രം സമൃദ്ധി എന്റെ പിതാവിന്റെ പക്കലുണ്ട്. നിത്യാശ്വാസത്തെയാണ് "വാസസ്ഥലം" എന്ന് അവൻ വിളിക്കുന്നത്. കാരണം, സ്വന്തം ഭവനങ്ങളിൽ മാത്രമാണ് നമുക്ക് വിശ്രമവും സന്തോഷവും ലഭിക്കുന്നത്.

"ഇല്ലായിരുന്നെങ്കിൽ, നിങ്ങൾക്ക് സ്ഥലമൊരുക്കാൻ ഞാൻ പോകുന്നെന്ന് നിങ്ങളോട് ഞാൻ പറയുമായിരുന്നോ?"(14,2). ഞാൻ നിങ്ങൾക്ക് സ്ഥലമൊരുക്കാൻ പുറപ്പെടുന്നു എന്നാണ് ഞാൻ ഈ പറഞ്ഞതിന്റെ അർഥം. മാനുഷികരീതിയിൽ പറഞ്ഞാൽ, സ്ഥലസൗകര്യം കുറഞ്ഞിടത്താണ് മുൻകൂട്ടി താമസസ്ഥലം ബുക്കുചെയ്യേണ്ടത്. തനിക്കിഷ്ടമുള്ളവർക്ക് ഈ നന്മകൾ നൽകാൻ അവിടുത്തേക്ക് സ്വാതന്ത്ര്യമുള്ളതിനാലാണ്, തനിക്കിഷ്ടമുള്ളവർക്ക് ഇത്ര വലിയ സൗഭാഗ്യം ഒരുക്കി സൂക്ഷിച്ചിരിക്കുന്നതെന്ന് മാനുഷിക രീതിയിൽ പറയുന്നത്.

"ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിക്കഴിയുമ്പോൾ"(14,3). ഇത് നേരത്തേ പറഞ്ഞതിന് വിപരീതമാണെന്നു തോന്നാം. നേരത്തേ പറഞ്ഞത് യാതൊരു തയാറെടുപ്പിന്റെയും ആവശ്യമില്ലെന്നാണ്. അല്ലെങ്കിൽ "ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കാൻ പോകുന്നു" എന്ന് പറയുമായിരുന്നില്ല. ഇവിടെ, ഞാൻ പോയാൽ മാത്രമേ നിങ്ങൾക്ക് സ്ഥലമൊരുക്കാൻ എനിക്കു കഴിയൂ എന്ന സൂചന നൽകുന്നു. ഈ പറഞ്ഞതിന്റെ അർഥം, സുകൃതസമ്പന്നരായി ജീവിക്കുന്നവർക്ക് പിതാവ് തന്റെ പരിപാലന അനുസരിച്ച് ഒരുക്കിയിരിക്കുന്ന നിത്യസൗഭാഗ്യത്തിന്റെ സമൃദ്ധി പരിഗണിച്ചാൽ, ഞാൻ നിങ്ങൾക്ക് സ്ഥലമൊരുക്കേണ്ട കാര്യമില്ല. എന്നാൽ നിങ്ങളുടെ ഭാഗത്തുനിന്ന് സന്മനസ്സു കാണിക്കേണ്ടത് ആവശ്യമാണ്. എന്നിരുന്നാലും ഞാനാണ് അവ നിങ്ങൾക്കായി തരുന്നതും നിങ്ങളെ ക്ഷണിക്കുന്നതും. കാരണം, ഞാൻ ആദ്യമായി മൃതരിൽനിന്ന് ഉത്ഥിതനാകുകയും സ്വർഗാരോഹണാനന്തരം എന്നെ അനുഗമിക്കുന്നവർക്ക് അവയിൽ ഭാഗഭാഗിത്വം നൽകുകയും ചെയ്യും.

www.malankaralibrary.com



എന്തുകൊണ്ട് അവൻ ഇങ്ങനെ പറഞ്ഞു? "ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളെ കൂട്ടിക്കൊണ്ടുപോകും. ഞാൻ പോകുന്നെന്നും അവിടേക്കുള്ള വഴി ഏതാണെന്നും നിങ്ങൾക്കറിയാമല്ലോ"(14,6). "നാം അവനോടുകൂടെ സഹിച്ചാൽ, അവനോടൊത്ത് മഹത്വം പ്രാപിക്കും" എന്നും (റോമ.8,17), "നാം ഉറച്ചു നിൽക്കുമെങ്കിൽ അവനോടൊത്തു വാഴും" എന്നും (2 തിമോ 2,12) പൗലോസ് പറഞ്ഞിരിക്കുന്നതുപോലെ, "ഞാൻ വീണ്ടും വരും" എന്നത് സ്വർഗത്തിൽ നിന്നുള്ള അവിടുത്തെ രണ്ടാമത്തെ വരവിനെയാണ് സൂചിപ്പിക്കുന്നത്. ഞാൻ സ്വർഗത്തിലേക്കു കരേറി നിങ്ങൾക്ക് എല്ലാ നന്മകളും അനുഭവിക്കുന്നതിനുള്ള അവസരം നൽകുന്നതും, ഞാൻ തന്നെ വീണ്ടുംവന്ന് നിങ്ങളെ കൂട്ടിക്കൊണ്ടു സ്വർഗത്തിലേക്ക് കയറുകയും ഞാൻ ആയിരിക്കുന്നിടത്ത് എന്നോടുകൂടെ നിങ്ങളും ആയിരിക്കുകയും നന്മകൾ അനുഭവിക്കുകയും ചെയ്യുന്നതും, അവയുടെ ഉറവിടം ആരാണെന്ന് നിങ്ങൾ അറിയാൻ വേണ്ടിയാണ്. – അവനെപ്പോലെയല്ല നമ്മൾ ഭരിക്കുന്നതും മഹത്വപ്പെടുന്നതും. നാം നമ്മുടെ കഴിവനുസരിച്ച് അവന്റെ സൗഭാഗ്യത്തിൽ പങ്കുപറ്റുന്നു എന്നുമാത്രം.

"ഞാൻ എവിടേക്കു പോകുന്നു എന്നും അവിടേക്കുള്ള വഴിയേതാണെന്നും നിങ്ങൾ അറിയുന്നു" എന്നു പറഞ്ഞതിന്റെ അർഥം, ഒരേ വഴിയിൽകൂടി നടന്നു പരിചയിച്ചവരുടെ സാദൃശ്യത്തിൽ നിങ്ങൾ എപ്പോഴും എന്നോടുകൂടെ ആയിരിക്കും എന്നാണ്. അവരുടെ നിരന്തര സഹവാസം കൊണ്ട് വഴി ഏതാണെന്ന് അവർക്ക് അറിയാൻ കഴിയും. ഇവയെല്ലാം അവരുടെ മനസ്സിന് അതീതമാകയാൽ ഉപമാമയമായി സംസാരിക്കുന്നു.

ശിഷ്യരിലാർക്കും ഈ വാക്ക് ഗ്രഹിക്കാനായില്ല. അതുകൊണ്ട് തോമസ് ചോദിച്ചു, "കർത്താവേ, നീ എവിടേക്കു പോകുന്നെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും?"(14,5). അതിനു കർത്താവ് എന്തുപറഞ്ഞു? "ഞാനാണ് വഴിയും സത്യവും ജീവനും"(14,6). വഴി കണ്ടുപിടിക്കാൻ നിങ്ങൾ അധികം ബുദ്ധിമുട്ടേണ്ട ആവശ്യമില്ല. എന്നിലൂടെ സത്യം അറിയുന്നതിനും നിത്യജീവൻ പ്രാപിക്കുന്നതിനും അനന്തനന്മകൾ അനുഭവിക്കുന്നതിനും നിങ്ങൾ എന്റെ പ്രബോധനങ്ങൾ സ്വീകരിക്കുവിൻ. നിങ്ങൾ എന്നിലൂടെ വഴിയും വഴികാട്ടിയും എന്നപോലെ നന്മകളുടെ അനുഭവത്തിലേക്ക് എത്തിച്ചേരുന്നതിനുവേണ്ടി ഞാൻ നിങ്ങൾക്ക് വഴിയായിത്തീരും. ഇക്കാര്യം ഉറപ്പിച്ചുകൊണ്ട് അവൻ കൂട്ടിച്ചേർക്കുന്നു: "എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുത്തേക്കു വരുന്നില്ല" (14,6). എന്നിലൂടെയല്ലാതെ നിങ്ങൾക്ക് പിതാവിനെ അറിയുന്നതിനോ, പിതാവിന്റെ സൗഹൃദം ലഭിക്കുന്നതിനോ കഴിയുകയില്ല. "ഞങ്ങൾക്ക് വഴി അറിഞ്ഞു

www.malankaralibrary.com



കൂടാ'' എന്ന് തോമസ് പറഞ്ഞതുകൊണ്ട് പിതാവിനെ അവർ ശരിയായി അറിയുന്നില്ലെന്നും അവർക്ക് അറിയാമെന്ന് കരുതുന്നതുപോലും കൃത്യമായും വേണ്ടവിധവും അല്ലെന്നും അവനെയും മറ്റുള്ളവരെയും ബോധ്യപ്പെടുത്താൻ ആഗ്രഹിച്ചുകൊണ്ട് അവൻ കൂട്ടിച്ചേർത്തു: ''നിങ്ങൾ എന്നെ അറിഞ്ഞിരുന്നെങ്കിൽ, എന്റെ പിതാവിനെയും അറിയുമായിരുന്നു. ഇപ്പോഴാകട്ടെ, നിങ്ങൾ എന്നെയോ എന്റെ പിതാവിനെയോ അറിയുന്നില്ല''(14,7). അതുകൊണ്ട്, നിങ്ങൾ എന്നെയും ഞാൻ വഴി എന്റെ പിതാവിനെയും അറിയുക ആവശ്യമായിരിക്കുന്നു.

ഉടൻ നടക്കുവാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് അവൻ അവരോട് സംസാരിച്ചുകൊണ്ട്, ഭാവികാര്യങ്ങൾ പറഞ്ഞ് അവരെ ആശ്വസിപ്പിക്കുന്നു: ''ഇപ്പോൾ മുതൽ നിങ്ങൾ അവനെ അറിയുന്നു. നിങ്ങൾ അവനെ കാണുകയും ചെയ്തിരിക്കുന്നു''(14,7). വിശ്വാസം വഴി കഴിയുന്നിടത്തോളം നിങ്ങൾ പിതാവിനെ അറിയുന്ന സമയം സമാഗതമായിരിക്കുന്നു. സമസ്ത അറിവും പ്രദാനം ചെയ്യുന്ന ആത്മാവിന്റെ വരവിന്റെ നാഴികയെപ്പറ്റിയാണ് അവൻ പറഞ്ഞത്.

ഇവയെല്ലാം മാനുഷിക രീതിയിൽ മനസ്സിലാക്കിയ ഫീലിപ്പോസ് പറയുന്നു: ''കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരിക. ഞങ്ങൾക്ക് അതു മതി''(14,8). കർത്താവ് എന്തു മറുപടിയാണ് നൽകിയത്? കർത്താവ് അവരോടു പറഞ്ഞ വാക്കുകളെപ്പറ്റി ഫീലിപ്പോസ് ചോദിച്ചതുകൊണ്ടാണ് അവനിങ്ങനെ മറുപടി പറഞ്ഞത്: ''ഇക്കാലമത്രയും ഞാൻ നിങ്ങളോടുകൂടെ ആയിരുന്നിട്ടും ഫീലിപ്പോസേ, നീ എന്നെ അറിയുന്നില്ലേ?''(14,9). എന്നെയും എന്റെ പിതാവിനെയും കുറിച്ച് നിന്നെ പഠിപ്പിക്കാൻ വേണ്ട സമയമില്ല. എങ്കിലും നിനക്ക് അവനെ കാണാൻ കഴിയുമെന്ന് ഇപ്പോൾതന്നെ നീ കരുതുന്നുവോ? നീ എന്നെ അറിഞ്ഞിരുന്നെങ്കിൽ, രണ്ടു കാര്യങ്ങളും സംഭവിക്കുമായിരുന്നു. അതായത്, നീ പിതാവിനെ അറിയുമായിരുന്നു. ശാരീരിക നയനങ്ങൾ കൊണ്ട് അവനെ കാണാൻ കഴിയുമെന്ന് ചിന്തിക്കുകയില്ലായിരുന്നു. ''പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരിക'' എന്ന വാക്കുകൾക്ക് അനുയോജ്യമല്ല ''നീയെന്നെ അറിയുന്നില്ലേ?'' എന്ന മറുപടി. ''എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു. പിന്നെ, പിതാവിനെ ഞങ്ങൾക്ക് കാണിച്ചുതരിക എന്നു നീ പറയുന്നത് എങ്ങനെ?'' എന്ന് അതുകൊണ്ടാണ് അവൻ ചോദിക്കുന്നത്. അതായത്, എന്നെ കാണുന്നതും പിതാവിനെ കാണുന്നതും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. എന്നിലുള്ള ഛായ എന്റെ പിതാവിനെത്തന്നെ വെളിപ്പെടുത്തത്തക്കവിധം ഞങ്ങൾ തമ്മിൽ അത്രമാത്രം പൂർണമായ സാദൃശ്യമാണുള്ളത്.

www.malankaralibrary.com



നിനക്കിതെങ്ങനെ പറയാൻ കഴിയും? – ഇത് മനോഹരമായ ഒരുൾക്കാഴ്ചയാണ്. വ്യക്തമായി ആശ്ചര്യപ്രകടനത്തിലൂടെ മേൽപറഞ്ഞവയെ അവൻ ഉറപ്പിക്കുകയത്രേ ചെയ്യുക. നീ എന്നെ ഇതുവരെയും അറിഞ്ഞിട്ടില്ല എന്നതുകൊണ്ടല്ല ഞാൻ നിനക്ക് പിതാവിനെ കാണിച്ചു തരണമെന്ന് നീ പറയുന്നത്. ഞാൻ പറഞ്ഞതു സത്യമാണ്. നീ എന്നെ അറിയുന്നില്ല; എന്റെ പിതാവിനെയും അറിയുന്നില്ല. "നീ എന്നെ അറിഞ്ഞിരുന്നെങ്കിൽ, എന്റെ പിതാവിനെയും അറിയുമായിരുന്നു." കാരണം, ഞങ്ങൾ തമ്മിലുള്ള പരിപൂർണ സാദൃശ്യം പിതാവിനെ ചൂണ്ടിക്കാണിക്കുമായിരുന്നു. ഈ വാക്കുകൾ ഗ്രഹിക്കാതെ അവർ കൂടുതൽ സംശയഗ്രസ്തരായി തീർന്നതിനാൽ, അവരെ കുറ്റപ്പെടുത്തിക്കൊണ്ട് കർത്താവ് പറയുന്നു: "ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്ന് നീ വിശ്വസിക്കുന്നില്ലേ?" (14,10). മുൻപറഞ്ഞവയിൽ എന്നപോലെ ഇവിടെയും സാദൃശ്യത്തെ കുറിച്ചാണ് താൻ സംസാരിക്കുന്നതെന്ന് അവൻ വ്യക്തമാക്കുന്നു. പ്രബോധനം ഒരേ രീതിയിൽ തന്നിലേക്കും പിതാവിലേക്കും തിരിച്ചുകൊണ്ട് താൻ പിതാവിലും പിതാവ് തന്നിലും ആയിരിക്കത്തക്കവിധം ഒരാളുടെ സാദൃശ്യം മറ്റൊരാളിൽ പൂർണമായി കാണത്തക്കവിധം, സ്വഭാവത്തിന്റെ പൂർണ സാദൃശ്യത്തെ അവൻ വെളിപ്പെടുത്തുന്നു.

അവൻ തന്റെ വാക്കുകളെ തെളിയിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു: "ഞാൻ നിങ്ങളോടു പറയുന്ന വാക്കുകൾ സ്വമേധയാ പറയുന്നതല്ല" (14,10). നീ അവ വിശ്വസിക്കുന്നില്ലെങ്കിൽ, ഞാൻ പറയുന്ന വാക്കുകൾ എന്റേതു മാത്രമല്ലെന്നും പൊതുവായവയാണെന്നും സ്വഭാവവും തീരുമാനവും ശക്തിയും തമ്മിൽ വാക്കുകളിലല്ലാതെ വ്യത്യാസമില്ലെന്നും നീ അറിയുക. എന്നിൽ വസിക്കുന്ന പിതാവു തന്നെയാണ് ഈ പ്രവൃത്തികൾ ചെയ്യുന്നത്. ഞാനല്ല സംസാരിക്കുന്നതെന്നു പറഞ്ഞശേഷം എന്റെ പിതാവാണ് സംസാരിക്കുന്നതെന്നും കൂട്ടിച്ചേർക്കേണ്ടതായിരുന്നു. എന്നാൽ മുമ്പേ പറഞ്ഞത് "ഞാൻ പറഞ്ഞ വാക്കുകൾ"എന്നാണ്. "പിതാവ് പ്രവർത്തിക്കുന്നു"എന്ന് ഇവിടെ പറഞ്ഞത്, സ്വഭാവവും വാക്കുകളും അതിലുപരി പ്രവൃത്തികൾ തന്നെയും പൊതുവാണെന്നു കാണിക്കാനാണ്. അതുകൊണ്ട്, "ഞാൻ സ്വമേധയാ പറയുന്നതല്ല"എന്ന വാക്കുകളിലൂടെ അവിടുന്ന് സൂചിപ്പിക്കുന്നത്, താഴ്ന്ന അവസ്ഥയല്ല; പിന്നെയോ, സമ്പൂർണമായ കൂട്ടായ്മയും അഭേദ്യമായ ഐക്യവുമാണ്. സംഭാഷണ സാഹചര്യത്തിൽനിന്ന് ഇത് സ്പഷ്ടമാണ്.

യേശു തന്നെത്തന്നെ വെളിപ്പെടുത്താനിരിക്കെ, മനുഷ്യൻ എന്ന നിലയിൽ വളരെ കാര്യങ്ങൾ പറഞ്ഞശേഷം തന്റെ ദൈവസ്വഭാവത്തിന് അനുസൃതമായ വാക്കുകളിലേക്കു കടന്നു എന്നതിൽ അത്ഭുതപ്പെടാനില്ല. – അവർ പിന്നീട് ഈ വാക്കുകളെ കുറിച്ച് ധ്യാനിക്കുകയും അവയുടെ

www.malankaralibrary.com



പൊരുൾ ഗ്രഹിച്ച് പൂർണമായ അറിവ് സമ്പാദിക്കുകയും ചെയ്യുന്നതിന് ഇവ ശിഷ്യരോട് അവശ്യാവശ്യം പറയേണ്ടതായിരുന്നു. ഉയിർപ്പിനെ സംബന്ധിച്ച് എന്നപോലെ, നേരത്തേ കേട്ട വാക്കുകൾ അപ്പോൾ തിരിച്ചറിഞ്ഞില്ലെങ്കിലും, പിന്നീട് അവർ ഗ്രഹിച്ചു. കൂടാതെ, അവ പറയുന്നതിന് മറ്റൊരു കാരണം കൂടെയുണ്ടായിരുന്നു. അതായത്, തങ്ങൾ അറിയുന്നു എന്ന് ശിഷ്യർ കരുതിയ യേശുവിനെപോലും അവർക്കറിയാൻ സാധിച്ചിട്ടില്ലെന്നും, അതിലുപരി ചില രഹസ്യങ്ങൾ അവർക്ക് അറിഞ്ഞുകൂടെന്നും അവരെ ബോധ്യപ്പെടുത്താൻ അവൻ ആഗ്രഹിച്ചിരുന്നു. തന്റെ ദൈവത്വത്തെക്കുറിച്ച് അവരുടെ മനസ്സിൽ നിഗൂഢമായിരുന്നവ മറ്റുതരത്തിൽ വെളിപ്പെടുത്താൻ അവനു കഴിഞ്ഞില്ല.

"ഞാൻ പിതാവിലും പിതാവ് എന്നിലും ആണെന്ന് ഞാൻ പറയുന്നത് വിശ്വസിക്കുവിൻ. അല്ലെങ്കിൽ പ്രവൃത്തികൾ മൂലം വിശ്വസിക്കുവിൻ" (14,11). അതായത്, ഞാൻ പറഞ്ഞ ഈ സാമ്യം വിശ്വസിക്കാൻ കഴിയുന്നതിൽ കൂടുതൽ ആഴമുള്ളതായി നിങ്ങൾക്ക് കാണപ്പെടുന്നെങ്കിൽ, എന്റെ പ്രവൃത്തികളുടെ ബഹുത്വവും മനുഷ്യരുടെ നന്മയ്ക്കായി ഞാൻ ചെയ്തവയുടെ രീതിയുംവഴി ഞാൻ പറഞ്ഞവയെക്കുറിച്ച് നിങ്ങൾക്ക് ബോധ്യമുണ്ടാകട്ടെ. - പക്ഷേ തനിക്ക് പിതാവിനോടുള്ള സാമ്യവും താൻ ആകാശത്തിന്റെയും ഭൂമിയുടെയും പ്രപഞ്ചം മുഴുവന്റെയും സ്രഷ്ടാവാണെന്ന കാര്യവും തെളിയിക്കാൻ ഇവയ്ക്കെങ്ങനെ കഴിയും? അതുകൊണ്ട്, അവൻ പറഞ്ഞതിന്റെ അർത്ഥമിതാണ്: ദൈവസ്വഭാവത്തിൽ പിതാവിനോടുള്ള സാദൃശ്യത്തെയാണ് അവൻ ഉദ്ദേശിക്കുന്നത്. എടുക്കപ്പെട്ട മനുഷ്യൻ പിതാവായ ദൈവത്തോട് സദൃശ്യനാണെന്ന് പറയാൻ പറ്റില്ല. അത്ഭുതം പ്രവർത്തിക്കുക മനുഷ്യപ്രകൃതിക്ക് ഉപരിസ്ഥമാണ്. ഇപ്രകാരമുള്ള ദിവ്യശക്തി മനുഷ്യനു നൽകപ്പെടുന്നെങ്കിൽ, താൻ ആഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളും തനിക്കിഷ്ടമുള്ളതുപോലെ തന്നിൽ അന്തർലീനമായ കഴിവുകൊണ്ട് ചെയ്യുന്നവനോട് പൂർണമായും സദൃശ്യനാണോ എന്ന് പരിഗണിക്കുക. അഥവാ, അവനിൽ ആരാണ് വസിക്കുന്നതെന്ന് ചിന്തിക്കുക.

ഈ സംഭാഷണത്തെ അതിശയോക്തിപരമായി പ്രതിപാദിച്ചുകൊണ്ട് യേശു പറയുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്നിൽ വിശ്വസിക്കുന്നവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും. ഇവയേക്കാൾ വലിയവയും ചെയ്യും" (14,12). അവൻ ഇവ ചെയ്യുന്നതുകണ്ട് നിങ്ങൾ വിസ്മയിക്കേണ്ടെന്ന് പറയുന്നു. കാരണം, അവനിൽ വിശ്വസിക്കുന്നവർ അവയേക്കാൾ വലിയ പ്രവൃത്തികൾ ചെയ്യാനുള്ള ശക്തി പ്രാപിക്കും. ഇത് എങ്ങനെയാണെന്ന് അവൻ വിശദീകരിക്കുന്നു: "ഞാൻ പിതാവിന്റെ അടുത്തേക്ക് പോകുന്നതുകൊണ്ട് " (14,12), "നിങ്ങൾ എന്റെ നാമത്തിൽ ആവശ്യപ്പെടുന്നതെന്തും, പിതാവ് പുത്രനിൽ മഹത്വപ്പെടാൻ വേണ്ടി

www.malankaralibrary.com



ഞാൻ പ്രവർത്തിക്കും" (14,13). കാരണം, ഞാൻ വഴി പിതാവിനോടുള്ള യോജിപ്പ് എന്റെ പീഡാനുഭവത്തിനുശേഷം, വിശ്വാസികൾ സ്വീകരിക്കും. പിതാവിന്റെ പക്കലേക്ക് ഞാൻ പോകുന്നു എന്ന വാക്കുകൾ ഇതാണ് അർഥമാക്കുന്നതെന്ന് മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ.

ഈ ഐക്യത്തിൽ എത്തിച്ചേർന്നശേഷം തന്നോട് അപേക്ഷിക്കുന്നവർക്ക് എല്ലാം കൊടുക്കുന്നതിനുള്ള ശക്തിയുണ്ടായിരിക്കും. കാരണം, അപേക്ഷിക്കുന്നവർ അവനിൽ വസിക്കുന്നവന്റെ മാഹാത്മ്യം മൂലമാണ് ചോദിക്കുന്നത്. പിതാവ് ഉന്നതനും അത്ഭുതകരനുമായി പുത്രനിൽ അറിയപ്പെടുന്നതിനുവേണ്ടി അവൻവഴി കൊടുക്കാൻ ഇവനു കഴിയും. മനുഷ്യനും അവനിലൂടെ മറ്റുള്ളവർക്കും സംഭവിക്കുന്നതുവഴി അവന്റെ മഹത്വവും സാദൃശ്യവും വെളിപ്പെടും. അവന്റെ സാദൃശ്യം പിതാവിന്റെ സാദൃശ്യം ചൂണ്ടിക്കാണിക്കുന്നു. പിതാവാണ് ഇത്ര അത്ഭുതകരവും തന്റേതിനോട് സദൃശ്യവുമായ സ്വഭാവം ജനിപ്പിച്ചത്. ദൈവികവും മാനുഷികവുമായ പ്രവൃത്തികളെ സൂചിപ്പിക്കുന്ന രണ്ടുതലങ്ങളിലും *ഞാൻ* എന്ന സർവനാമം ഉപയോഗിച്ചിരിക്കുന്നു. സ്വഭാവങ്ങളുടെ വ്യതിരിക്തത വാക്കുകളുടെ വ്യതിരിക്തതയിൽ നിന്നും വാക്കുകളുടെ അർഥം സന്ദർഭത്തിൽനിന്നും മനസ്സിലാക്കാൻ വേണ്ടിയാണിത്. രണ്ടിടത്തും തന്നെക്കുറിച്ച് *ഒരാൾ* എന്ന നിലയിൽ പറയുന്നതിൽനിന്ന് *വ്യക്തിത്വത്തിലുള്ള സംയോജനം* പ്രകടമാണ്. ഇത് സത്യമായിരുന്നില്ലെങ്കിൽ, തന്നിൽ വസിക്കുന്നവൻ നിമിത്തം എല്ലാകാര്യങ്ങളിലും പങ്കുള്ളവനായി എടുക്കപ്പെട്ടവനും ബഹുമാനം ലഭിക്കുകയില്ലായിരുന്നു.

## പരിശുദ്ധാത്മദാനം

മുമ്പു പറഞ്ഞത് വീണ്ടും ഉറപ്പിച്ചുകൊണ്ട് കൂട്ടിച്ചേർക്കുന്നു: " എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാൻ അതു ചെയ്തുതരും" (14,14). നിങ്ങൾ അതേപ്പറ്റി ഒട്ടും സംശയിക്കേണ്ട. എങ്ങനെയാണ് ചോദിക്കേണ്ടതെന്നും ചോദിക്കുന്നതു ലഭിക്കാൻ എന്തു ചെയ്യണമെന്നും പഠിപ്പിച്ചുകൊണ്ട് വീണ്ടും പറയുന്നു: "നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ എന്റെ കൽപനകൾ പാലിക്കും. ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെ ആയിരിക്കാൻ മറ്റൊരു സഹായകനെ നിങ്ങൾക്ക് തരികയും ചെയ്യും." ആദ്യമായി സ്നേഹിച്ചുകൊണ്ടും എന്റെ കൽപനകൾ പാലിച്ച് ആ സ്നേഹം പ്രകടിപ്പിച്ചുകൊണ്ടുമാണ് നിങ്ങൾ ചോദിക്കേണ്ടത്. ഈ മനോഭാവമുണ്ടെങ്കിൽ, നിങ്ങളെ എപ്പോഴും സത്യം പഠിപ്പിച്ചുകൊണ്ട്, നിങ്ങളുടെകൂടെ ആയിരിക്കുന്നതിന് പരിശുദ്ധാത്മാവിന്റെ കൃപാവരം നൽകപ്പെടും. അതായത്, മറ്റൊരു സഹായകനെ, മറ്റൊരു പ്രബോധകനെ, തരുമെന്ന് അവിടുന്ന് അരുളിച്ചെയ്തു. മനസ്സിലാക്കാൻ പ്രയാസമുള്ള പ്രബോധനത്തെ അവൻ സുഗ്രാഹ്യമാക്കുന്നു. കാര

www.malankaralibrary.com



ണം, മനുഷ്യർ ശിഷ്യരോടു ചെയ്യുന്ന തിന്മകൾ സഹിക്കാനുള്ള ശക്തി ആത്മാവ് തന്റെ കൃപയാൽ പ്രദാനം ചെയ്യുന്നു. യഥാർഥത്തിൽ സംഭവിച്ചതുപോലെ, ആശ്വാസദായകമാംവിധം, ദുഷ്ടതയെ സഹിക്കുന്നതിന് തന്റെ കൃപാവരംവഴി അവരെ അവൻ ശക്തീകരിക്കും. മരണഭയമുള്ള ശിഷ്യർ പരിശുദ്ധാത്മാവിന്റെ ആവാസത്തിനുശേഷം ക്ലേശങ്ങളിൽ സന്തോഷം കണ്ടെത്തി. സത്യവിരുദ്ധമായ എന്തെങ്കിലും പഠിപ്പിക്കത്തക്കവിധം, വിപരീതമായവയൊന്നും ഒരിക്കലും സ്വീകരിക്കാതെ സത്യം മാത്രം പഠിപ്പിക്കുന്നവനെയാണ് സത്യാത്മാവെന്ന് വിളിക്കുന്നത്. മറ്റൊരുവനെന്നു വിളിക്കുന്നത് താൻ അവരോടുകൂടെ ആയിരുന്നപ്പോൾ അവർക്കുവേണ്ടി അതേജോലി ചെയ്തിരുന്നതിനാലാണ്. നമ്മുടെ കർത്താവ് തന്നെ പറയുന്നതുപോലെ, ഈ വാക്കുകളിലൂടെ പഠിപ്പിച്ച സകല സംഗതികൾക്കും പരിശുദ്ധാത്മാവിൽനിന്ന് അവർക്ക് ഉറപ്പ് ലഭിച്ചു: "പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ, നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലേമിലും യൂദയായിലും സമറിയായിലും സകല ജനത്തിന്റേയും മുമ്പാകെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും" (നട 1,8).

"ഞാൻ ചോദിക്കും" എന്നത് ശ്രദ്ധേയമാണ്. അതായത്, "എന്നിലൂടെ നിങ്ങൾ കൃപ സ്വീകരിക്കും" എന്നത് ആലങ്കാരിക ഭാഷയിൽ പറഞ്ഞിരിക്കുന്നതാണ്. നമ്മുടെ പ്രയോജനത്തിനായി സംഭവിക്കാനിരുന്ന കാര്യം ദൈവത്തിന്റെ പക്കൽ മുൻകൂട്ടി നിശ്ചയിച്ചിരുന്നതും വാഗ്ദാനം ചെയ്യപ്പെട്ടിരുന്നതും ആകയാൽ, അവർക്ക് ആത്മാവിനെ നൽകണമെന്ന് കർത്താവ് പിതാവിനോട് പ്രത്യേകം യാചിക്കേണ്ട ആവശ്യമില്ല. തന്നിൽനിന്ന് അവർ കേട്ട പിതാവിന്റെ വാഗ്ദാനം കാത്തിരിക്കാൻ നമ്മുടെ കർത്താവുതന്നെ തന്റെ ശിഷ്യരോട് പറഞ്ഞിരുന്നല്ലോ (നട.1,4). വാഗ്ദാനം ചെയ്യപ്പെട്ട ദാനം തന്നെ വീണ്ടും ചോദിക്കുന്നത് അധികപ്പറ്റാണ്. അതുകൊണ്ട്, വളരെ ഉചിതവും അവസരോചിതവുമായാണ് കർത്താവ് ആത്മാവിന്റെ ദാനത്തെക്കുറിച്ച് ശിഷ്യരെ അനുസ്മരിപ്പിക്കുന്നത്. എങ്ങനെ ഇതു സംഭവിക്കുമെന്ന് അവരെ പഠിപ്പിക്കാനാണ്, "എന്നിൽ വിശ്വസിക്കുന്നവൻ ഇവയേക്കാൾ വലിയ കാര്യങ്ങൾ ചെയ്യും" എന്ന് അവൻ പറഞ്ഞത് (14,12-14). - ഉത്ഥാനത്തിനു ശേഷം എനിക്ക് പിതാവിനോടുള്ള സമ്പൂർണമായ യോജിപ്പ് ലഭിക്കും. നിങ്ങൾക്കാകട്ടെ, എന്നിലുള്ള വിശ്വാസവും എന്നോടുള്ള സ്നേഹവും വഴി ആത്മാവിന്റെ ദാനം ലഭിക്കും. അതിനുശേഷം നിങ്ങൾ വളരെ വലിയ അത്ഭുതങ്ങൾ ചെയ്യും.

അവർക്ക് ലഭിക്കാനിരിക്കുന്ന ദാനത്തിന്റെ വലിപ്പം കാണിക്കാൻവേണ്ടി അവൻ പറയുന്നു: "ഈ സത്യാത്മാവിനെ സ്വീകരിക്കാൻ ലോകത്തിനു സാധിക്കുകയില്ല. കാരണം, അത് അവനെ കാണുകയോ അറിയുകയോ ചെയ്യുന്നില്ല. എന്നാൽ നിങ്ങൾ അവനെ അറിയുന്നു. കാര

www.malankaralibrary.com



ണം, അവൻ നിങ്ങളോടൊത്തു വസിക്കുന്നു. നിങ്ങളിൽ ആയിരിക്കുകയും ചെയ്യും'' (14,17). ലോകം മുഴുവൻ ഒന്നിച്ചുകൂടിയാലും അവനെ സ്വീകരിക്കാൻ കഴിയുകയില്ല. അത്രമാത്രം ശക്തനായ ആത്മാവാണ് സ്വമേധയാ നിങ്ങളുടെമേൽ ഇറങ്ങി ആവസിക്കുന്നത്. എന്നിലൂടെ നിങ്ങൾ സ്വീകരിക്കുന്ന ആത്മാവിന്റെ ദാനം അത്രമാത്രം അത്ഭുതകരമാണ്.

''നിങ്ങൾക്ക് സ്വീകരിക്കാൻ കഴിയാത്ത ആത്മാവിനെ'' എന്നല്ല, പിന്നെയോ, ''നിങ്ങൾക്ക് ഉൾക്കൊള്ളാൻ പറ്റാത്ത'' ആത്മാവിനെയാണ് ലഭിക്കുന്നത്. അതായത്, അവൻ സ്വമനസ്സാലെയും പിതൃതിരുഹിതത്താലും തന്റെ കൃപവഴി, യോഗ്യരായി കാണപ്പെടുന്നവരുടെമേൽ ഇറങ്ങി ആവസിക്കുന്നതല്ലാതെ ആർക്കും, ലോകം മുഴുവനുപോലും, അവനെ തടുത്തു നിർത്താനാവില്ല. ''തന്റെ ഇച്ഛയ്ക്കൊത്ത് ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം ദാനങ്ങൾ നൽകുന്ന ഒരേ ആത്മാവിന്റെ പ്രവൃത്തിയാണ് ഇതെല്ലാം''എന്ന് വിശുദ്ധ ശ്ലീഹാ പറയുന്നതുപോലെ (1കൊറി 12,11), ഇവ രണ്ടും തിരുലിഖിതങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇവ തമ്മിൽ യാതൊരന്തരവുമില്ല.

തന്റെ സ്വന്തം വാക്കുകളെ ഉറപ്പിച്ചുകൊണ്ട് അവൻ പറയുന്നു: ''അവനെ കാണാത്തവൻ അവനെ അറിയുന്നില്ല.'' അത് അവരുടെ കാഴ്ചയ്ക്കും ബുദ്ധിക്കും ഉപരിസ്ഥമാണ്. അവന്റെ സ്വഭാവം മറഞ്ഞിരിക്കുന്നതും സൃഷ്ടികൾക്ക് അഗ്രാഹ്യവുമാണ്. അങ്ങനെയെങ്കിൽ, അവരുടെ അറിവിൽ എങ്ങനെ അവനെ അവതരിപ്പിക്കാനാവും? ഇങ്ങനെ അഗ്രാഹ്യമായത് നിങ്ങൾ എന്നിലൂടെ അറിയുകയും സ്വീകരിക്കുകയും ചെയ്യും. നിങ്ങൾ അവനെ കാണുമെന്ന് അവൻ പറഞ്ഞില്ല. അത് അസാധ്യമാണല്ലോ. ആത്മാവിനെ ലഭിക്കുന്നതിനുള്ള സമയം അൽപം അകലെ ആയതിനാൽ, അവൻ പറഞ്ഞു: ''ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. അൽപ സമയം കഴിഞ്ഞാൽ ഞാൻ നിങ്ങളുടെ അടുത്തേക്കു വരും. ലോകം എന്നെ കാണുകയില്ല. എന്നാൽ നിങ്ങൾ എന്നെ കാണും. ഞാൻ ജീവിക്കുന്നു. അതുപോലെ നിങ്ങളും ജീവിക്കും''(14,18-19). ഈ വസ്തുത തന്നെ വാക്കുകളുടെ ക്രമവും സത്യസന്ധതയും ചൂണ്ടിക്കാട്ടുന്നു. നിങ്ങൾ ഭയപ്പെടേണ്ട. ഇടവേളയിൽപോലും പരിപാലന കൂടാതെ നിങ്ങളെ ഞാൻ കൈവിടുകയില്ല. ഞാൻ തന്നെ നിങ്ങളുടെ പക്കലേക്കു വരും. ഞാൻ പറഞ്ഞതുപോലെ, ലോകം, അതായത്, മറ്റു മനുഷ്യർ അൽപ സമയത്തേക്കുമാത്രം എന്നെ കാണുന്നു. നിങ്ങളാകട്ടെ, എന്റെ ഉത്ഥാനത്തിനുശേഷം വീണ്ടും എന്നെ കാണും. ഞാൻ വീണ്ടും ജീവിച്ചിരിക്കുന്നെന്ന് നിങ്ങളുടെ ഈ കാഴ്ച സാക്ഷ്യപ്പെടുത്തും. ഞാൻ ജീവിച്ചിരിക്കുന്നെന്ന് നിങ്ങൾ കാണുക മാത്രമല്ല, നിങ്ങളും അതുപോലെ ജീവിക്കും. തക്കസമയത്തുള്ള മരണശേഷം

www.malankaralibrary.com



നിങ്ങളും ഉയിർത്തെഴുന്നേൽക്കുമ്പോൾ, പുനർജീവിക്കുകയും നവജീവനിൽ ഭാഗഭാക്കുകളാകുകയും ചെയ്യും.

"ഞാൻ ജീവിക്കുന്നു" എന്നത് ഹേതുത്വത്തെയല്ല കുറിക്കുന്നത്. അതായത്, "ഞാൻ ജീവിക്കുന്നതുകൊണ്ട് നിങ്ങളെന്നെ കാണും" എന്നല്ല. പിന്നെയോ, അവർ എന്നെ കാണും; കാണുന്നതിനാൽ ഞാൻ മൃത്യുവിൽ നിന്ന് ഉത്ഥിതനായി ജീവിക്കുന്നെന്ന് അവരറിയും. ഞാൻ മരണത്തിന് അടിപ്പെട്ടുപോയെന്ന് പലരും കരുതുന്നതു പോലെയല്ല എന്നാണ് അതിനർഥം. "ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും ആണെന്ന് ആ ദിവസം നിങ്ങളറിയും" (14,20). ഞാൻ പറഞ്ഞവയെക്കുറിച്ച് നിങ്ങളിപ്പോൾ സംശയിക്കുന്നുണ്ടെങ്കിലും, അവ സത്യമാണെന്നും ഞാൻ അങ്ങനെ പ്രത്യക്ഷപ്പെടുമ്പോൾ, ഞാൻ എന്റെ പിതാവിലാണെന്നു പറഞ്ഞത് സ്വഭാവത്തിന്റെ തുല്യതയാലും അഭേദ്യമായ യോജിപ്പാലുമാണെന്നും നടന്ന വസ്തുതകളിൽനിന്ന് അന്ന് നിങ്ങൾക്ക് ബോധ്യമാകും. നിങ്ങൾ സ്നേഹത്തിലും ആത്മാവിന്റെ ദാനത്തിലും എന്നോടുകൂടെ പങ്കുകാരായി തീരുമ്പോൾ വിശ്വാസവും എന്നോടുള്ള സ്നേഹവും വഴി നിങ്ങൾ എന്നിലാണെന്നും അറിയും. "ശിരസ്സായ ക്രിസ്തുവഴി ശരീരം മുഴുവൻ ഓരോ സന്ധിബന്ധവും അതിന്റെ ജോലി നിർവഹിക്കത്തക്കവിധം സമന്വയിക്കപ്പെട്ട്, ആത്മാവ് നൽകുന്ന അളവനുസരിച്ച് ദൈവഹിതാനുസൃതം പൂർണവളർച്ച പ്രാപിക്കുന്നു" (എഫേ.4,15-16;കൊളോ.2,19).

ശിഷ്യരോടും യഥാർഥ സ്നേഹത്തിലൂടെ അവനിൽ വിശ്വസിക്കാനിരിക്കുന്ന എല്ലാവരോടും ഇതുപറഞ്ഞശേഷം, ആത്മാവിന്റെ ദാനം അവർക്കു മാത്രമായി നീക്കിവച്ചിരിക്കുന്നതാണെന്നും, ഉയിർപ്പിനുശേഷം അവർക്കു മാത്രം അവൻ കാണപ്പെട്ടതുകൊണ്ട്, ഉയിർപ്പിനുശേഷം അവനെ കാണാത്തവർക്ക് പ്രസ്തുത ദാനം ലഭിക്കയില്ലെന്നും, ശിഷ്യർ അക്കാരണത്താൽ കൂടുതൽ ശ്രേഷ്ഠമായ ദാനങ്ങൾക്ക് അർഹരാണെന്നും കരുതാതിരിക്കാൻ വേണ്ടി അവൻ വീണ്ടും പറയുന്നു: "എന്റെ കൽപനകൾ സ്വീകരിക്കുകയും പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവും സ്നേഹിക്കുകയും എന്നെ അവന് വെളിപ്പെടുത്തുകയും ചെയ്യും"(14,21). അതായത്, എന്നെ സ്നേഹിക്കുകയും എന്റെ കൽപനകൾ പാലിക്കുകയും ചെയ്യുന്നവൻ എന്റെയും പിതാവിന്റെയും സ്നേഹം അനുഭവിക്കുകയും ദർശനത്തിലൂടെ അറിവു നേടുകയും ചെയ്യും. ശരീരത്തിൽ എന്നെ കണ്ടില്ല എന്നതുകൊണ്ട് ഒരു ദോഷവും സംഭവിക്കയില്ല. കാരണം, ഞാൻ സ്വർഗത്തിൽ നിന്ന് വരുന്നത് കാണുമ്പോൾ തക്കസമയത്ത് അവൻ ആ ദർശനം അനുഭവിക്കും.

www.malankaralibrary.com



ഈ വാക്കുകളുടെ അർത്ഥം ഗ്രഹിക്കാതെ, ഒറ്റുകാരനല്ലാത്ത യുദാ പറഞ്ഞു: "കർത്താവേ, നീ നിന്നെത്തന്നെ ഞങ്ങൾക്കു വെളിപ്പെടുത്താൻ പോകുന്നു. എന്നാൽ ലോകത്തിന് വെളിപ്പെടുത്തുകയില്ല എന്നു പറഞ്ഞത് എന്താണ്?" (14,22). ശിഷ്യർക്ക് ഒഴികെ മറ്റാർക്കും ഭാവിനന്മകൾ ലഭിക്കയില്ലെന്നാണ് കർത്താവിന്റെ വാക്കുകളിൽനിന്ന് അവൻ കരുതിയത്. നമ്മുടെ കർത്താവ് തന്റെ വാക്കുകൾ ഇങ്ങനെ വിശദീകരിക്കുന്നു: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" (14,23). സന്മനസ്സുള്ള ആർക്കും സുകൃതത്തിനുള്ള പ്രതിഫലം നഷ്ടമാകില്ലെന്ന് താൻ പറഞ്ഞെന്ന് അവൻ പറയുന്നു. സന്മനസ്സുള്ളവന് ഭാവിനന്മകൾ അനുഭവിക്കുന്നതിനുള്ള കഴിവുണ്ട്. അതുകൊണ്ട്, "എന്നെ സ്നേഹിക്കുകയും എന്റെ കൽപനകളെല്ലാം പാലിക്കുകയും ചെയ്യുന്നവന്" എന്നെക്കുറിച്ചുള്ള വെളിപാട് നഷ്ടമാകില്ലെന്ന് മാത്രമല്ല, ഞങ്ങളുടെ സ്നേഹം അവൻ അനുഭവിക്കുകയും ചെയ്യും. കാരണം, ഞങ്ങൾ – ഞാനും എന്റെ പിതാവും – വന്ന് അവനിൽ വാസം ഉറപ്പിക്കുകയും എപ്പോഴും അവനോടുകൂടെ ആയിരിക്കുകയും അവനെക്കുറിച്ച് വളരെ ശ്രദ്ധാലുവായിരിക്കുകയും ചെയ്യും. "എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം പാലിക്കുന്നില്ല"(14,24). അതായത്, സ്നേഹരഹിതൻ കല്പന പാലിക്കുന്നില്ല. അവൻ ഭാവിനന്മകൾ അനുഭവിക്കുകയില്ല എന്നുകൂടി സന്ദർഭാനുസൃതം പറയേണ്ടതായിരുന്നു. എന്നാൽ സംഭാഷണത്തിന്റെ സാഹചര്യത്തിൽനിന്ന് അങ്ങനെ പറയാതെ ആ വാക്ക് ഉപേക്ഷിച്ചു എന്നു കാണാം.

എന്റെ വചനം പാലിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കുമെന്നും ഞാനും പിതാവും വന്ന് അവനിൽ വസിക്കുമെന്നും പറഞ്ഞുകൊണ്ട് , അത് ഉറപ്പിക്കാനായി അവൻ കൂട്ടിച്ചേർക്കുന്നു: "നിങ്ങൾ ശ്രവിക്കുന്ന ഈ വചനം എന്റേതല്ല, എന്നെ അയച്ച പിതാവിന്റേതാണ് " (14,24). അവൻ പറയുന്ന വാക്കുകൾ എങ്ങനെയാണ് അവന്റേതല്ലാതിരിക്കുന്നത്? അവ തന്റെ പിതാവിന്റേതിൽ നിന്ന് വിഭിന്നമല്ലെന്നാണ് അവൻ അർഥമാക്കുന്നത്. അവ തനിക്കും പിതാവിനും പൊതുവായുള്ളതാണെന്ന് അവൻ പറയുന്നു. അതുകൊണ്ട് ഞങ്ങൾ രണ്ടുപേരും ഒരുമിച്ച് അവന് സമ്മാനം നൽകും. ഈ വ്യാഖ്യാനത്തിന്റെ പരിണിതഫലം: "എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം പാലിക്കുന്നില്ല" എന്ന വാക്കുകൾ സമൂഹമധ്യേ പറഞ്ഞവയാണ്. എതിരെ നിൽക്കുന്നവരോട് ചില കാര്യങ്ങൾ പറയാൻ അവൻ ആഗ്രഹിക്കുന്നു എന്നാണ് അവ സൂചിപ്പിക്കുന്നത്. വിശ്വാസരഹിതർക്കെതിരെ വാക്കുകളുടെ കാഠിന്യം നിമിത്തം അവ വ്യക്തമായി പറയുന്നതിന് അവൻ ആഗ്രഹിച്ചില്ല. അതുകൊണ്ടാണ് മറ്റുകാര്യങ്ങളുടെ കൂട്ടത്തിൽ പറഞ്ഞതും തന്റെ സംഭാഷണം അവസാനിപ്പിക്കുന്നതിനുമുമ്പ് ഭാവിന്യായവിധിയെ

www.malankaralibrary.com



കുറിച്ച് ശബ്ദരഹിതമായി സൂചിപ്പിച്ചതും. അതേക്കുറിച്ച് കൂടുതൽ സംസാരിക്കുന്നതിന് പറ്റിയ സമയം ആയിട്ടില്ലെന്ന് അവൻ കരുതി.

"നിങ്ങളുടെ കൂടെ ആയിരിക്കുമ്പോൾതന്നെ ഇതു ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു. എന്നാൽ എന്റെ നാമത്തിൽ പിതാവ് അയക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും" (14,25-26). - ഞാൻ നിങ്ങളോടുകൂടെ ആയിരിക്കുമ്പോൾ നിങ്ങൾ എന്തെല്ലാം ചെയ്യണമെന്ന് അറിഞ്ഞിരിക്കാൻ വേണ്ടിയാണ് ഞാൻ ഇവയെല്ലാം നിങ്ങളോടു പറഞ്ഞത്. ഞാൻ സ്വർഗത്തിലേക്ക് കരേറുകയും നിങ്ങൾ ആത്മാവിന്റെ കൃപ പ്രാപിക്കുകയും ചെയ്യുമ്പോൾ, ആത്മാവിന്റെ പ്രവർത്തനത്തിലൂടെ ഇതുവരെ അറിഞ്ഞിട്ടില്ലാത്ത വളരെ കാര്യങ്ങൾ നിങ്ങൾ പഠിക്കും.

അവരുടെമേൽ അവൻ അയക്കാനിരിക്കുന്ന ആത്മാവിനെ കുറിച്ച് പറയുമ്പോൾ, പ്രസ്തുത സ്വഭാവത്തെ കുറിച്ച് വ്യക്തമായി ഒന്നും പറയുന്നില്ല. വരാനിരിക്കുന്നവൻ ലോകത്തിൽ ഇല്ലാത്തവനല്ല. ആത്മാവിന്റെ കൃപയും പ്രവൃത്തിയും വിശ്വാസികളിൽ വളരുകയും ഇടയ്ക്ക് കുറയുകയും ചെയ്യുന്നത് സൂചിപ്പിക്കാനാണ് ഇപ്രകാരം പറഞ്ഞത്. അതായത്, അയോഗ്യതയോടെ ആത്മാവിനെ സ്വീകരിച്ചവരിൽ അത് കുറയുന്നെന്ന് ശ്ലീഹാതന്നെ സാക്ഷിക്കുന്നു: "ആത്മാവിനെ നിങ്ങൾ നിർവീര്യമാക്കരുത്"(1തെസ്സ.5,19). ആത്മാവിന്റെ സ്വഭാവത്തെ കുറിച്ചല്ല അവനിതു പറഞ്ഞത്. കാരണം, ആത്മാവിന്റെ ശക്തി കുറയ്ക്കാൻ മാനുഷിക തിന്മയ്ക്ക് കഴിവില്ല. സ്വഭാവത്തിനു ചേരുന്ന വാക്കുകൾ പറയാതെ, തന്റെ മഹത്വം പ്രകടമാക്കാൻ മറ്റുരീതിയിൽ കഴിയാതിരുന്ന അവസരം ചിലപ്പോഴൊക്കെ കർത്താവും ഇതുപോലെ, സ്വഭാവത്തിനു ചേരാത്ത വാക്കുകളിലേക്ക് സൗകര്യപൂർവം കടക്കാറുണ്ടായിരുന്നു. തന്നെക്കുറിച്ചുതന്നെ മാനുഷിക രീതിയിൽ സംസാരിച്ചുകൊണ്ടു തുടങ്ങുകയും ക്രമേണ തന്റെ ദൈവസ്വഭാവത്തിലേക്ക് കടക്കുകയും ചെയ്തുകൊണ്ട് തന്റെ മഹത്വം കൂടുതൽ വ്യക്തമാക്കിയിട്ടുണ്ട്.

നിങ്ങൾ എന്തു ചെയ്യണമെന്നാണ് ഞാൻ താൽപര്യപൂർവം ആവശ്യപ്പെടുന്നത്? "ഞാൻ നിങ്ങൾക്ക് സമാധാനം തന്നിട്ടുപോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ തരുന്നത്"(14,27) - നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടാകാതിരിക്കുന്നതിനും നന്മ ചെയ്യുന്നതിൽ വലിയ യോജിപ്പ് ഉണ്ടാകുന്നതിനും നിങ്ങൾ തൽപരർ ആയിരിക്കുകയും സമാധാനം സ്വന്തമാക്കുകയും വേണം. ഇതാണ് എന്റെ സമാധാനം. തിന്മ ചെയ്യുന്നതിൽ പരസ്പരം സഹായിച്ച്, അതിൽ തൽപ്പരർ ആയിരിക്കുന്ന മറ്റുമനുഷ്യർ കൈവശപ്പെടുത്തുന്നതു പോലെയല്ല ഇത്.

www.malankaralibrary.com



അവൻ തന്റെ പീഡാനുഭവത്തെയും വേർപാടിനെയും കുറിച്ച് പറയുന്നത് കേട്ടപ്പോൾ, രക്ഷാകരവ്യാപാരത്തിൽ അവനും തങ്ങൾക്കും എന്തു സംഭവിക്കും എന്നറിയാതെ ശിഷ്യന്മാർ ദുഃഖിതരായി തീർന്നതുകൊണ്ട്, അവൻ അവരോടു പറഞ്ഞു: "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. നിങ്ങൾ ഭയപ്പെടുകയും വേണ്ട" (14,27). ഇത്തരം വാക്കുകൾ കേട്ടശേഷം അവർക്ക് എങ്ങനെ അസ്വസ്ഥരാകാതിരിക്കാൻ കഴിയും? -"ഞാൻ പോകുന്നെന്നും വീണ്ടും നിങ്ങളുടെ അടുത്തേക്ക് വരുമെന്നും പറഞ്ഞത് നിങ്ങൾ കേട്ടല്ലോ"(14,28). "ഞാൻ പോകുന്നു"എന്നു പറഞ്ഞത് മാത്രമല്ല നിങ്ങൾ കേട്ടത്; "ഞാൻ വീണ്ടും വരും" എന്നു പറഞ്ഞതും കേട്ടല്ലോ. മരണത്തിലൂടെയുള്ള വേർപാട് നിങ്ങളെ ദുഃഖിപ്പിക്കുമെങ്കിലും, "ഞാൻ വീണ്ടും വരും" എന്ന് എന്റെ ഉയിർപ്പുവഴി നിറവേറാൻ പോകുന്ന വാഗ്ദാനം നിങ്ങളെ സന്തോഷിപ്പിക്കും. ഇനിയും അൽപം കഴിഞ്ഞ് ഞങ്ങൾക്ക് പ്രത്യക്ഷനാകുമെങ്കിലും, ഞങ്ങളിൽ നിന്ന് വീണ്ടും എന്നേക്കുമായി പുറപ്പെട്ടു പോകുമല്ലോ എന്ന് അവർ പറഞ്ഞു. അതേക്കുറിച്ച് അവിടുന്ന് അരുളിച്ചെയ്തു: "നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നെങ്കിൽ, നിങ്ങൾ സന്തോഷിക്കുമായിരുന്നു" (14,28).- നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ, സന്തോഷിക്കുകയാണ് വേണ്ടത്. എന്റെ പുറപ്പാടു നിമിത്തം നിങ്ങൾ ദുഃഖിക്കുന്നത് ഉചിതമല്ല. മറിച്ച്, കൂടുതൽ സന്തോഷിക്കുകയാണ് വേണ്ടത്. കാരണം, ഞാൻ സ്വർഗത്തിലേക്കു കരേറുന്നു. അങ്ങനെ എനിക്ക് വലിയ മഹത്വം ലഭിക്കുന്നു.

പിതാവ് തന്നേക്കാളും വലിയവനാണെന്ന് ഏതർത്ഥത്തിലാണ് അവൻ പറഞ്ഞത്? ഞാൻ നിങ്ങളിൽനിന്ന് വേർപെട്ട് കൂടുതൽ എളിയ സ്ഥിതിയിൽ എത്തിച്ചേർന്നിരുന്നെങ്കിൽ, എന്റെ പുറപ്പാട് നിങ്ങളുടെ ദുഃഖത്തിന് ന്യായമായ കാരണമാകുമായിരുന്നു. ഇപ്പോഴാകട്ടെ, ഞാൻ സ്വർഗത്തിലേക്കു കരേറി എന്റെ പിതാവിനോടുള്ള ഐക്യത്തിൽ വലിയ മഹത്വം പ്രാപിക്കാനിരിക്കെ, നിങ്ങൾ ദുഃഖിക്കേണ്ട കാര്യമില്ല. മറിച്ച്, നിങ്ങൾക്ക് എന്നോടുള്ള സ്നേഹം യഥാർത്ഥമാണെങ്കിൽ, നിങ്ങൾ സന്തോഷിക്കുകയാണ് വേണ്ടത്.

പിതാവിന്റെ സ്വഭാവം പുത്രന്റേതിനേക്കാൾ ഉന്നതമാണെന്ന് തെളിയിക്കാൻ ഈ വാക്യം ഉപയോഗിക്കുന്ന പാഷണ്ഡികളോട് മറുപടി പറയാൻ ഇതിന്റെ പശ്ചാത്തലം തന്നെ മതിയാകും. എടുക്കപ്പെട്ട മനുഷ്യനെ കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. സംഭാഷണലക്ഷ്യം തന്നെ ഇതാണ്. അവന്റെ മരണം ശിഷ്യരെ ദുഃഖിപ്പിച്ചതുപോലെ, അവനു ലഭിക്കാനിരിക്കുന്ന ഔന്നത്യം അവനെപ്രതി സന്തോഷിക്കുന്നതിന് മതിയായ കാരണമാണ്. വചനമാം ദൈവത്തിന്റെ സ്വഭാവത്തിലല്ല അവൻ കുരിശുമരണം വരിക്കുന്നത്. ശിഷ്യരുടെ ഹൃദയങ്ങളെ ആശ്വാസംകൊണ്ട് നിറയ്ക്കുന്ന എന്തെങ്കിലും പീഡാനുഭവശേഷം ഉടനെ പുതുതായി ഉണ്ടാകുന്നുമില്ല. അവൻ

www.malankaralibrary.com



അവരോടു മുൻകൂട്ടി പറഞ്ഞ കാര്യങ്ങൾ പ്രസ്തുത സംഭവത്തിനു മുൻപ് വ്യർഥമായും നിരർഥകമായും ദുഃഖകാരണമായും തോന്നാതിരിക്കാൻ അവൻ കൂട്ടിച്ചേർത്തു: "അതു സംഭവിക്കുമ്പോൾ നിങ്ങൾ വിശ്വസിക്കേണ്ടതിന് സംഭവിക്കുന്നതിനു മുമ്പുതന്നെ നിങ്ങളോടു ഞാൻ പറഞ്ഞിരിക്കുന്നു"(14,29).-അതുകൊണ്ട് , നിങ്ങൾ ദുഃഖിക്കുന്നതിന് ന്യായീകരണമില്ല. കാരണം, സംഭവിക്കാൻ പോകുന്നവ ഞാൻ നിങ്ങളോടു മുൻകൂട്ടി പറഞ്ഞു എന്നേയുള്ളു. അതുകൊണ്ട്, അവയുടെ പൂർത്തീകരണത്തിനായി കാത്തിരിക്കുക. ഞാൻ പറഞ്ഞതുപോലെ സംഭവിക്കുന്നതിനാൽ, നിങ്ങൾ ദുഃഖിതരാകേണ്ട. മറിച്ച്, ഞാൻ പറഞ്ഞവയുടെ സത്യാവസ്ഥയെക്കുറിച്ച് ന്യായയുക്തമായി അതിശയിച്ചുകൊണ്ട്, എനിക്കു സംഭവിച്ചവയെല്ലാം എന്റെ ഇച്ഛയ്ക്ക് വിരുദ്ധമല്ലെന്ന് നിങ്ങൾ അറിയുവിൻ. – തന്റെ മുന്നറിവിന്റെ നിശ്ചിതത്വം തെളിയിക്കാൻ അവൻ അവരോടു പറയുന്നു: "നിങ്ങളോട് ഇനി ഞാൻ അധികം സംസാരിക്കുകയില്ല"(14,30). അതുകൊണ്ട്, എന്റെ പീഡാനുഭവ നാഴിക അടുത്തിരിക്കുന്നെന്നു ഞാൻ അറിയുന്നെന്ന് അവൻ പറഞ്ഞു.

അനന്തരം, ശിഷ്യരെ കൂടുതൽ ആശ്വസിപ്പിക്കാനായി തന്റെ പീഡാനുഭവം വിവരിച്ചുകൊണ്ട് അവൻ പറയുന്നു: "ഈ ലോകത്തിന്റെ അധികാരി വരുന്നു. എങ്കിലും അവന് എന്റെ മേൽ അധികാരമില്ല. എന്നാൽ ഞാൻ പിതാവിനെ സ്നേഹിക്കുന്നെന്നും അവൻ എന്നോടു കൽപിച്ചതുപോലെ ഞാൻ പ്രവർത്തിക്കുന്നെന്നും ലോകം അറിയണം "(14,30-31). പാപം നമുക്ക് മരണകാരണമായിത്തീരുകയും പിശാച് എല്ലാവരെയും തെറ്റുകുറ്റങ്ങളിലേക്ക് നയിച്ചുകൊണ്ട് ശിക്ഷാവിധി വർദ്ധിപ്പിക്കുകയും ചെയ്തതിനാൽ, അവൻ പറയുന്നു: എന്നിൽ മരണാർഹമായ കുറ്റമൊന്നും കാണാത്തതിനാൽ, യഹൂദരുടെ ദുഷ്ടതവഴി എന്റെ മേൽ മരണവിധി നടപ്പാക്കാൻ പിശാച് യഹൂദരെ ഇളക്കിവിടുന്നതു കണ്ടാലും. അതുകൊണ്ട്, ഞാൻ മനസ്സുവച്ചാൽ മരിക്കാതിരിക്കാൻ എനിക്കു കഴിയും. എങ്കിലും ഞാൻ അതു സ്വീകരിക്കുന്നു. കാരണം, പീഡാനുഭവത്തിൽ എനിക്കു സംഭവിക്കുന്നവയിൽനിന്ന് ആശ്ചര്യകരമായ മഹാസംഗതികൾ ഉരുത്തിരിയും. പീഡാനുഭവത്തിനുശേഷം വിശ്വാസികളുടെ ഇടയിലും അതുപോലെ വലിയ കാര്യങ്ങൾ സംഭവിക്കും. അതായത്, ഒറ്റവാക്കാൽ അവർ പിശാചുക്കളെ പുറത്താക്കും, രോഗികളെ സൗഖ്യമാക്കും, നാനാവിധ അടയാളങ്ങൾ കാണിക്കും. ഞാൻ അവരോടു കൽപിക്കുന്നതനുസരിച്ച് അവർ എല്ലാത്തരം മാനുഷിക പീഡകളും സഹിക്കും. പാപികളുടെമേൽ വിവിധതരം ശിക്ഷാവിധി ഉണ്ടാകും. ഞാൻ അന്യായമായി മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടെന്ന് ഇവയിൽ നിന്നെല്ലാം വ്യക്തമാകും. എന്നാൽ പിതാവിനോട് എനിക്കുള്ള സ്നേഹം നിമിത്തം എല്ലാവരുടെയും രക്ഷയെപ്രതി ഞാൻ അവന്റെ തിരുഹിതം നിറവേറ്റും. സർവശക്തന്റെ പ്രവർത്തനംവഴി നീതിപൂർവം എനിക്ക് സംഭ

www.malankaralibrary.com



വിക്കാൻ പോകുന്ന മരണത്തിൽനിന്നുള്ള മോചനം പിന്നീട് കൃപവഴി മനുഷ്യവർഗം മുഴുവനും അവകാശമായിത്തീരും.

അനന്തരം അവയോട് തന്റെ മനസ്സും കൂട്ടിച്ചേർത്ത് മനോഹരമായി യേശു ഇപ്രകാരം പറയുന്നു: "എഴുന്നേൽക്കുവിൻ; നമുക്ക് ഇവിടെനിന്ന് പോകാം" (14,31). അതുകൊണ്ട്, അവ ഇങ്ങനെയൊക്കെ സംഭവിക്കുന്നതു മൂലം നമ്മൾ ദുഃഖിതരോ മരണത്തെ ഭയപ്പെടുന്നവരോ ആകരുത്. മറിച്ച്, സ്വമേധയാ, എതിർപ്പൊന്നും കൂടാതെ കൊലയാളികളുടെ കൈകളിലേക്ക് നമ്മെത്തന്നെ ഏൽപിച്ചുകൊടുക്കേണ്ടതാണ്. - അവിടെനിന്ന് പോകാൻ ഉദ്ദേശിച്ചെങ്കിലും, അവിടെനിന്ന് പുറത്തുപോകാതെ, സംഭാഷണം തുടരുകയാണ് ചെയ്തത്.

### മുന്തിരിച്ചെടിയും ശാഖകളും

അവരെ തന്റെ സ്നേഹത്തിലേക്കു നയിച്ചുകൊണ്ട് അവിടുന്ന പറയുന്നു: "ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയും എന്റെ പിതാവ് കൃഷിക്കാരനുമാകുന്നു"(15,1). വീണ്ടും, "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാകുന്നു" (15,5). - ഈ വാക്കുകളുടെ അർഥം വ്യക്തമാകയാൽ വിശദീകരണം ആവശ്യമില്ല.

മുകളിൽ പറഞ്ഞ വാക്കുകൾ മൂലം സങ്കടപ്പെട്ടിരുന്നവരെ ആശ്വസിപ്പിക്കാനായി, പീഡാനുഭവം കഴിഞ്ഞു വരുന്ന തന്റെ ഭാവിമഹത്വത്തെക്കുറിച്ചും തന്റെ മരണം അപ്രതീക്ഷിതമോ നിർബന്ധിതമോ അല്ലെന്ന് മുൻകൂട്ടി അറിയുകയും സ്വേച്ഛയാ സ്വീകരിക്കുകയും ചെയ്യുന്നതിനെക്കുറിച്ചും അവരോടു പറഞ്ഞു. മരണാർഹമായ പാപമൊന്നും അവൻ ചെയ്തിട്ടില്ല. അവൻ സ്വമേധയാ പീഡാനുഭവം സ്വീകരിച്ചത് ഭാവിയിൽ സംഭവിക്കാനിരിക്കുന്ന ദൈവികപരിപാലന അനുസരിച്ചുള്ള മഹത്തായ കാര്യങ്ങൾക്കു വേണ്ടിയാണ്. അതുകൊണ്ട്, സങ്കടമൊക്കെ ദൂരെയകറ്റി അവർക്ക് എപ്പോഴും ഉപകാരപ്രദമായതും തന്റെ സ്നേഹത്തിലേക്ക് അടുത്തു വരുന്നതിന് ഉതകുന്നതുമായവ പഠിപ്പിച്ചുകൊണ്ട് താഴെവരുന്ന ഉപദേശം നൽകി. സ്നേഹമാണ് എല്ലാ സുകൃതങ്ങളിലും ഒന്നാമത്തേത്. അത് ശ്രദ്ധാപൂർവം സംരക്ഷിക്കേണ്ടതുമാണ്. ആ സ്നേഹത്തെപ്പറ്റി വിവിധ വാദഗതികളാൽ ഉറപ്പിച്ചുകൊണ്ടും തെളിയിച്ചുകൊണ്ടും ഉപദേശിക്കുകയും ആഴമായ നിരവധി വാക്കുകളിൽ പ്രബോധിപ്പിക്കുകയും അങ്ങനെ അവരുടെ ദുഃഖഭാരത്തെ ലഘൂകരിക്കുകയും ചെയ്തു. അഭിഷേക തുല്യമായ ആത്മാവിന്റെ കൃപ, എടുക്കപ്പെട്ട മനുഷ്യൻ സ്വീകരിക്കുകയും അത് അവനെ വചനമാം ദൈവത്തോട് യോജിപ്പിക്കുകയും ചെയ്തു. പിന്നീട് മറ്റു വിശ്വാസികൾ ആത്മാവിന്റെ ശക്തിയാൽ വീണ്ടും ജനിച്ച് മിശിഹായുടെ ശരീരമായിത്തീരുകയും

www.malankaralibrary.com



അവനോട് ഐക്യപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ അവർ തന്നോടുള്ള സ്നേഹം കാത്തുസൂക്ഷിക്കണമെന്ന് വ്യക്തമായി പഠിപ്പിക്കാൻ മുന്തിരിച്ചെടിയുടെ ഉപമ ഉപയോഗിക്കുന്നു.

മണ്ണിൽ വളരുന്ന മുന്തിരിച്ചെടി മണ്ണിൽനിന്ന് ജീവശക്തി വലിച്ചെടുക്കുകയും ശാഖകൾ തായ്ത്തണ്ടിനോട് ചേർന്നിരുന്നുകൊണ്ട് ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു. തായ്ത്തണ്ടിൽനിന്ന് വെട്ടിമാറ്റപ്പെട്ടാൽ, ശാഖ ഉണങ്ങിപ്പോകുകയും ഫലം പുറപ്പെടുവിക്കാൻ അതിന് കഴിയാതെ വരികയും ചെയ്യുന്നു. ഞാനും നിങ്ങളും തമ്മിലുള്ള ബന്ധം മുന്തിരിവള്ളിയും ശാഖകളും പോലെയാണ്. കാരണം, എനിക്കാണ് ആദ്യമായി ആത്മാവിന്റെ സമസ്ത കൃപകളും ലഭിച്ചത്. നിങ്ങളാകട്ടെ എനിക്ക് ശാഖകൾ പോലെയാണ്. കാരണം, ആത്മീയജനനത്തിലൂടെ നിങ്ങൾക്ക് എന്നോടുള്ള ഐക്യം ലഭിച്ചിരിക്കുന്നു. ശാഖകൾ മുന്തിരിത്തണ്ടിൽ ആയിരിക്കുന്നിടത്തോളംകാലം ഫലം പുറപ്പെടുവിക്കുന്നു. അതിൽനിന്ന് വേർപെട്ടാൽ അത് പ്രയോജനരഹിതമാകുന്നു. കാരണം, തായ്ത്തണ്ടിൽ നിന്ന് വേർപെട്ടാൽ ഉടനെ അത് ഉണങ്ങിക്കരിഞ്ഞു പോകുന്നു. അതുപോലെ , നിങ്ങളും എന്റെ സ്നേഹത്തിൽ വസിക്കുന്നിടത്തോളം കാലം സമൃദ്ധമായി സദ്ഫലങ്ങൾ പുറപ്പെടുവിക്കും. ആത്മീയനന്മകൾ ധാരാളമായി ഉൽപാദിപ്പിക്കും. നിങ്ങൾ എന്റെ സ്നേഹത്തിൽ നിന്ന് വേർപിരിഞ്ഞാൽ, സുകൃത ജീവിതത്തിന് കഴിവില്ലാത്തവരായിത്തീരും എന്നതിന് സംശയമില്ല. ശാഖകൾ ഫലസമൃദ്ധമാകാൻ കർഷകൻ ചെത്തിയൊരുക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. ഫലരഹിതവും ഉപയോഗശൂന്യവുമായ ശാഖകളെ വെട്ടിനീക്കി അഗ്നിക്കിരയാക്കുന്നു. അതുപോലെ, പിതാവും സ്നേഹത്താൽ എന്നോടു ചേർന്നിരിക്കുന്നവരെ അവരുടെ മനോഭാവം പരിശോധിച്ച് തരംതിരിക്കുകയും സമൃദ്ധമായ ആത്മീയഫലങ്ങൾ നൽകിക്കൊണ്ട് പരിപാലിക്കുകയും ചെയ്യുന്നു. എന്റെ സ്നേഹത്തിൽനിന്ന് വഴുതിമാറിയവരെ, വരാനിരിക്കുന്ന ന്യായവിധിക്കായി മാറ്റിനിർത്തുന്നു.

അതുകൊണ്ട്, വളരെ ശ്രദ്ധയോടും താൽപര്യത്തോടും കൂടെ അവനെ സ്നേഹിക്കാൻ അവർ കടപ്പെട്ടവരാണെന്ന് തെളിയുന്നു. ആദ്യമായി, ആത്മീയരീതിയിൽ അവനോട് ഐക്യപ്പെട്ടിരിക്കുന്നവർക്ക് അവനോടുള്ള ഐക്യത്തിന്റെ കൃപയ്ക്ക് യോഗ്യമായ മനോഭാവം ഉണ്ടായിരിക്കണം. രണ്ടാമത്, ഇങ്ങനെ ഐക്യപ്പെട്ടിരിക്കുന്നവർ സമൃദ്ധമായ ഫലം പുറപ്പെടുവിക്കുന്നു. മൂന്നാമത്, ഇവയെ നിരസിക്കുന്നവർക്ക് അർഹമായ ശിക്ഷ ലഭിക്കും. ഫലം പുറപ്പെടുവിക്കുന്നവർ ദൈവത്തിന്റെ വലിയ മഹത്വത്തിന് ഹേതുവായിത്തീരും. കാരണം, അവരുടെ സുകൃതങ്ങൾ അംഗീകരിക്കുന്നവർ, അവയ്ക്ക് ശക്തി നൽകിയ ദൈവത്തെ സ്തുതിച്ചു മഹത്വപ്പെടുത്തു

www.malankaralibrary.com



ന്നു. അതുകൊണ്ട്, അവൻ പറയുന്നു: "നിങ്ങൾ ധാരാളം ഫലം പുറപ്പെടുവിക്കുകയും അങ്ങനെ എന്റെ ശിഷ്യന്മാരായിരിക്കുകയും ചെയ്യുന്നതുവഴി പിതാവ് മഹത്വപ്പെടുന്നു " (15,8).

വളച്ചുകെട്ടു കൂടാതെ ലളിതമായി തിരുലിഖിതത്തിൽ വിവിധകാലങ്ങളും പദപ്രയോഗങ്ങളും ഉപയോഗിച്ചിരിക്കുന്നു. അവർ തന്നോടുള്ള സ്നേഹം താൽപര്യപൂർവം സമ്പാദിക്കണമെന്ന് ഉപദേശിക്കുന്നു. അവന്റെ കൽപന പാലിക്കുന്നതിനുള്ള തീക്ഷ്ണതയാണ് ഈ സ്നേഹത്തെ തെളിയിക്കുന്നത്. തന്നോടുള്ള സ്നേഹത്തെക്കുറിച്ച് നൽകിയ വിശദീകരണം ഉപസംഹരിച്ചുകൊണ്ട് അവൻ പറയുന്നു: "ഇത് ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണമാകാനും വേണ്ടിയാണ് " (15,11). ഞാൻ നിങ്ങളിൽ സന്തോഷിക്കുന്നത് എന്തിനാണെന്ന് നിങ്ങൾ ഗ്രഹിക്കണമെന്ന് നിങ്ങളെ ഉപദേശിക്കാനാണ് ഞാൻ ഈ വാക്കുകളൊക്കെ പറഞ്ഞത്. നിങ്ങൾക്ക് എന്നോടുള്ള സ്നേഹം നിമിത്തം നിങ്ങളിൽ നിന്ന് ആത്മീയനന്മകൾ പുറപ്പെടും. നിങ്ങൾക്ക് സന്തോഷം നൽകുന്ന വരങ്ങൾമൂലം നിങ്ങളും സന്തോഷിക്കും. കാരണം, നിങ്ങൾക്ക് എന്നോടുള്ള സ്നേഹത്തിനു പ്രതിഫലം ലഭിക്കും.

അനന്തരം പരസ്പര സ്നേഹം പുലർത്തുന്നതിന് അവൻ അവരെ ഉപദേശിക്കുന്നു: "ഇതാണ് എന്റെ കൽപന. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ"(15,12). സ്നേഹത്തിന്റെ കൽപനയെയല്ല അവൻ സ്വന്തകൽപനയെന്നു വിളിക്കുന്നത്. ഇതു നേരത്തേതന്നെ നൽകിയതാണ്. സ്നേഹിക്കുന്ന രീതിക്കാണ് അവിടുന്ന് ഊന്നൽ നൽകുന്നത്. അതുകൊണ്ട്, അതു വിശദീകരിച്ചുകൊണ്ട് അവിടുന്ന് പറയുന്നു: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ." പിന്നീട് കൂട്ടിച്ചേർക്കുന്നു: "സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല"(15,13). അതുപോലെയാണ് എന്റെ സ്നേഹവും. എന്നോടുള്ള സ്നേഹത്തേക്കാൾ എന്റെ സ്നേഹിതരായ നിങ്ങളോട് ഞാൻ സ്നേഹം കാണിക്കുന്നു. അതുകൊണ്ടാണ് നിങ്ങളുടെ രക്ഷയെപ്രതി ഞാൻ മരണം വരിച്ചത്. "ഞാൻ നിങ്ങളോടു കൽപിക്കുന്നത് നിങ്ങൾ ചെയ്യുന്നെങ്കിൽ, നിങ്ങളെന്റെ സ്നേഹിതരാണ് "(15,14). അവരെ സ്നേഹിതരെന്ന് വെറുതെ വിളിക്കുകയല്ല ചെയ്യുന്നത്. അവർ തന്നെയാണ് തന്റെ സ്നേഹിതർ എന്ന് തറപ്പിച്ചുപറയുന്നു. "നിങ്ങൾ എന്റെ സ്നേഹിതരാണ്." അതായത്, നിങ്ങൾ എന്റെ സ്നേഹിതരിൽ ഉൾപ്പെട്ടവരാണ്. അതിനുള്ള വ്യവസ്ഥയും അവൻ കൂട്ടിച്ചേർക്കുന്നു: "നിങ്ങൾ എന്റെ കൽപനകളെല്ലാം പാലിച്ചാൽ". അതായത്, തന്നോടുള്ള സ്നേഹത്തിൽ വളരുന്നതിന് അവരും മറ്റുള്ളവരും അവന്റെ പ്രമാണങ്ങൾ നിറവേറ്റുകയും പാലിക്കുകയും ചെയ്യേണ്ടത് ആവശ്യമാണെന്നു സാരം.

www.malankaralibrary.com



അവരെ സ്നേഹിതരെന്നു പരിഗണിക്കാൻ പ്രേരിപ്പിക്കുന്ന മെച്ചമായ കാരണവും അവൻ വെളിപ്പെടുത്തുന്നു: "ഇനിയും ഞാൻ നിങ്ങളെ ദാസന്മാരെന്ന് വിളിക്കുകയില്ല. കാരണം, യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചു. എന്തെന്നാൽ എന്റെ പിതാവിൽ നിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു"(15,15). - മറ്റുള്ളവയെപ്പോലെ, ഇതും ആലങ്കാരിക പ്രയോഗമാണ്. വാക്കുകളുടെ അർത്ഥം പരിശോധിച്ചാൽ, അതിൽ പ്രത്യേകതയൊന്നുമില്ല. കാരണം, യജമാനൻ ചെയ്യുന്ന എല്ലാ കാര്യങ്ങളും ദാസന് നിഗൂഢമല്ല. പല കാര്യങ്ങളും അവനും അറിയാം. പ്രത്യേകിച്ച്, അവൻ തന്റെ യജമാനനെ സ്നേഹിക്കുന്നുണ്ടെങ്കിൽ, യജമാനന്റെ പല ഇടപാടുകളും അവനും അറിയാം. അതുപോലെ, യേശുവും തനിക്കറിയാവുന്ന എല്ലാ കാര്യങ്ങളും അവരെ അറിയിച്ചില്ല. ഞാൻ കേട്ട എല്ലാക്കാര്യങ്ങളും എന്ന് പറയുന്നത് തന്റെ അറിവിനെ കുറിച്ചാണ്. മക്കളോടു പറയുന്ന എല്ലാ രഹസ്യങ്ങളും ദാസരോടു പറയുകയില്ല. ദാസർ സേവിക്കുന്ന കാലഘട്ടത്തിലെ ചില സംഗതികൾ അവർക്കറിയാൻ സാധിക്കുന്നത് യജമാനൻ വെളിപ്പെടുത്തുന്നതു വഴിയാണ്. സ്നേഹിതർ നന്മകളിൽ പങ്കുകാരാകുന്നതുപോലെ, സുഹൃത്തുക്കളുടെ രഹസ്യങ്ങളും മനസ്സിലാക്കുന്നു. അതുകൊണ്ട്, നിങ്ങൾ ദാസരെന്നല്ല, സ്നേഹിതരെന്നാണ് ന്യായമായി വിളിക്കപ്പെടേണ്ടത്. നിങ്ങൾ എന്നെക്കുറിച്ച് എല്ലാ കാര്യങ്ങളും കേട്ടിരിക്കുന്നു. പിന്നീട് എനിക്കു ലഭിക്കുന്ന രാജ്യത്തിൽ നിങ്ങൾ കഴിവനുസരിച്ച് പങ്കുകാരായിരിക്കും. "എന്റെ പിതാവിൽനിന്ന് കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു"(15,15) എന്നു പറഞ്ഞതിന്റെ അർത്ഥം ഇതാണ്. എനിക്കു കിട്ടിയ സകല നന്മകളിലും ഞാൻ നിങ്ങളെ പങ്കുകാരാക്കിക്കൊണ്ട് വാക്കുകളെ യാഥാർത്ഥ്യമാക്കിയിരിക്കുന്നു.

തനിക്ക് അവരോടുള്ള സ്നേഹത്തിന്റെ വ്യാപ്തി വിശദീകരിച്ചുകൊണ്ട് അവൻ ശിഷ്യരെ ഉദ്ബോധിപ്പിക്കുന്നു: "നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത് "(15,16). അതായത്, ഈ നന്മകളിൽ ഞാൻ പങ്കാളിയാകാൻവേണ്ടി നിങ്ങളല്ല എന്നെ തെരഞ്ഞെടുത്തത്, മറിച്ച്, എന്റെ ഈ നന്മകളിൽ നിങ്ങൾ പങ്കുകാരാകാനായി ഞാനാണ് നിങ്ങളെ തെരഞ്ഞെടുത്തത്. പ്രതിഫലം ഇച്ഛിച്ചല്ല ഞാൻ നിങ്ങളെ സ്നേഹിച്ചത്. ഞാനാണ് നിങ്ങൾക്ക് സമ്മാനവും ദാനവും നൽകാൻ ആരംഭിച്ചത്. തന്റെ വാക്കുകൾ വിപുലീകരിച്ചുകൊണ്ട് അവിടുന്ന് പറയുന്നു: "നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കാനും നിങ്ങളുടെ ഫലം നിലനിൽക്കാനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു. തൻമൂലം നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുന്നതെന്തും അവൻ നിങ്ങൾക്കു നൽകും" (15,16). ഞാൻ നിങ്ങൾക്ക് എന്റെ നന്മകൾ പങ്കിട്ടു ത

www.malankaralibrary.com



ന്നത് നിങ്ങൾ അവ അൽപമായി ആസ്വദിച്ചശേഷം നിങ്ങളിൽനിന്ന് അവ എടുത്തു മാറ്റാനല്ല. മറിച്ച്, നിങ്ങൾ എപ്പോഴും ആത്മീയഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് പിതാവിൽനിന്നു വരുന്ന നന്മകൾ സമൃദ്ധമായി അനുഭവിക്കാൻ വേണ്ടിയാണ്. പരിശുദ്ധാത്മാവിൽനിന്ന് അവർ സ്വീകരിക്കാനിരിക്കുന്ന കൃപയും അവന്റെ നന്മയുമാണ് *ഫലം* എന്ന വാക്ക് അർഥമാക്കുന്നത്. നമ്മുടെ കർത്താവിന്റെ ഉപമ അനുസരിച്ച്, ശിഷ്യന്മാർ ശാഖകളായി തീരുന്നത് അവർ സ്വീകരിച്ച പരിശുദ്ധാത്മാവിലുള്ള പങ്കാളിത്തം വഴിയാണ്.

തന്നേക്കാളുപരി അവൻ അവരെ സ്നേഹിച്ചുകൊണ്ട് സ്നേഹിക്കുന്ന രീതി പഠിപ്പിക്കുകയും അവന് അവരോടുള്ള സ്നേഹത്തിന്റെ വ്യാപ്തി പ്രകടിപ്പിക്കുകയും ചെയ്തു. അവർക്കു തന്റെ നന്മകൾ പങ്കുവച്ചു കൊടുത്തുകൊണ്ട് ദാനങ്ങളിലുള്ള വ്യാപ്തി കാണിച്ചു. പിന്നീട്, അവനാണ് അവരെ ആദ്യമായി സ്നേഹിക്കാൻ തുടങ്ങിയതും തന്റെ നന്മകളുടെ അനുഭവം അവർക്ക് അളവില്ലാതെ നൽകിയതും. അനന്തരം അവൻ ഇതുകൂടി ചേർക്കുന്നു: "ഞാൻ നിങ്ങളോടു കൽപിക്കുന്നു, പരസ്പരം സ്നേഹിക്കുവിൻ" (15,17). ഞാൻ ഇതു പറയുന്നത്, നിങ്ങളോട് എനിക്കുള്ള സ്നേഹത്തെ ഉയർത്തിക്കാണിക്കാൻ ആഗ്രഹിക്കുന്നതിനാലല്ല. മറിച്ച്, നിങ്ങളും അതുപോലെ പരസ്പരം സ്നേഹിക്കാൻ വേണ്ടിയാണ്. വളരെ ചിട്ടയോടെയാണ് അവൻ ഈ വാക്കുകൾ പറഞ്ഞത്. അവൻ തന്റെ പീഡാനുഭവത്തെപ്പറ്റി പറയുന്നതു കേട്ട്, അവർ ദുഃഖിക്കരുതെന്ന് ആദ്യം അവർക്കു മുന്നറിയിപ്പു നൽകുന്നു. പിന്നീട്, തന്റെ സ്നേഹത്തിലേക്ക് അവരെ വലിച്ചടുപ്പിക്കുന്നതിനുള്ള പ്രബോധനം നൽകുന്നു. അവസാനമായി, അവരും പരസ്പര സ്നേഹത്തിൽ ദത്തശ്രദ്ധരായിരിക്കണമെന്ന് അവരെ ഉപദേശിക്കുന്നു.

എതിരാളികളിൽനിന്ന് ഉണ്ടാകുന്ന പീഡനങ്ങളെ ഭയപ്പെടരുതെന്ന് അവൻ അവരെ പഠിപ്പിക്കുന്നു: "ലോകം നിങ്ങളെ ദ്വേഷിക്കുന്നെങ്കിൽ, അതിനുമുമ്പേ അത് എന്നെ ദ്വേഷിച്ചെന്ന് അറിഞ്ഞുകൊള്ളുവിൻ"(15,18). അവരെ ധൈര്യപ്പെടുത്താൻ വേണ്ടിയാണ് അവനിതു പറഞ്ഞത്. എതിരാളികളുടെ വെറുപ്പ് നിങ്ങളെ അസ്വസ്തരാക്കുന്നെങ്കിൽ, അവർക്ക് എന്നോടുള്ള ശത്രുത എത്രമാത്രമെന്ന് ചിന്തിക്കുവിൻ. നിങ്ങൾ എന്നേക്കാൾ മെച്ചപ്പെട്ടവരല്ലെന്നു നിങ്ങൾക്കറിയാമല്ലോ. അതുകൊണ്ട്, നിങ്ങളുടെ ശത്രുക്കളുടെ വെറുപ്പിനെക്കുറിച്ച് നിങ്ങൾ പിറുപിറുക്കരുത്.

അവിടുന്ന് മറ്റൊരു കാരണംകൂടി നൽകുന്നു: "നിങ്ങൾ ലോകത്തിന്റേതായിരുന്നെങ്കിൽ, ലോകം സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ ലോകത്തിന്റേതല്ലാത്തതുകൊണ്ട്, ഞാൻ നിങ്ങളെ ലോകത്തിൽനിന്ന് തെരഞ്ഞെടുത്തതുകൊണ്ട്, ലോകം നിങ്ങളെ ദ്വേഷിക്കുന്നു"

www.malankaralibrary.com



(15,19). - ആത്മാവിന്റെ ശക്തിയാൽ പുനർജന്മം പ്രാപിച്ച നിങ്ങൾ ആരാണെന്ന് ചിന്തിച്ചുനോക്കുവിൻ. നിങ്ങൾ അന്യരായിരുന്നു. നിങ്ങളുടെ ജീവിതം ധരയിലല്ല, സ്വർഗത്തിലാണ്. ഭൂമിയിൽ ഉള്ളവരുമായി നിങ്ങൾക്ക് പൊതുവായി ഒന്നുമില്ല. പിന്നെന്തിന് നിങ്ങൾ അവരുടെ സ്നേഹം കാംക്ഷിക്കുന്നു? അഥവാ, അവർ നിങ്ങളെ വെറുക്കുന്നതിൽ എന്തിന് ആശ്ചര്യപ്പെടുന്നു? അത് ലജ്ജാകരമല്ലേ?

മുമ്പ് പറഞ്ഞതിലേക്ക് തിരികെപോയി അവിടുന്ന് ഇപ്രകാരം പറയുന്നു: "ദാസൻ യജമാനനെക്കാൾ വലിയവനല്ല എന്ന് ഞാൻ നിങ്ങളോടു പറഞ്ഞ വചനം ഓർമിക്കുവിൻ. അവർ എന്നെ പീഡിപ്പിച്ചെങ്കിൽ, നിങ്ങളെയും പീഡിപ്പിക്കും. അവർ എന്റെ വചനം പാലിച്ചെങ്കിൽ നിങ്ങളുടേതും പാലിക്കും"(15,20). ഞാനും നിങ്ങളും തമ്മിൽ വലിയ അന്തരമുണ്ടെന്ന് നിങ്ങൾ ഓർക്കേണ്ട സമയം സമാഗതമായിരിക്കുന്നു. ദാസരായ നിങ്ങൾ എന്റേതിനേക്കാൾ വലിയ കാര്യങ്ങൾ പ്രതീക്ഷിക്കുന്നത് ഉചിതമല്ല. ഞാൻ അനുഭവിച്ച അതേ കാര്യങ്ങൾ നിങ്ങളും അനുഭവിക്കേണ്ടിയിരിക്കുന്നു. എനിക്കു സംഭവിക്കുന്നവ നിങ്ങൾ കണ്ടുകഴിയുമ്പോൾ, അവ നിങ്ങൾക്കും സംഭവിക്കുമെന്ന് അറിയുകയും അവ സ്വീകരിച്ച് എന്റെ അവകാശത്തിന് നിങ്ങളും യോഗ്യരായതോർത്ത് സന്തോഷിക്കുകയും ചെയ്യുവിൻ. അങ്ങനെ അവൻ അവരെ കൂടുതൽ ഉത്തേജിപ്പിച്ചുകൊണ്ട് പറയുന്നു: "എന്നാൽ എന്റെ നാമം നിമിത്തം അവർ ഇവയെല്ലാം നിങ്ങളോടു ചെയ്യും. കാരണം, എന്നെ അയച്ചവനെ അവർ അറിയുന്നില്ല"(15,21).- എന്നെപ്രതി നിങ്ങളും ഇവയെല്ലാം സഹിക്കാനിടയാകുമെങ്കിലും, എന്റെ ഈ പീഡനങ്ങളിൽ പിതാവും പങ്കാളിയാണെന്ന കാര്യം നിങ്ങൾ അറിഞ്ഞിരിക്കുവിൻ. കാരണം, എന്റെ വാക്കുകൾ വിശ്വസിക്കാത്തവർ അവനെയാണ് പീഡിപ്പിക്കുന്നത്. അവർ പിതാവിനെപോലും അപമാനിക്കുന്നത് നമ്മൾ കാണുമ്പോൾ ഇപ്രകാരമുള്ള സംഭവങ്ങൾ ഗൗരവമുള്ളവയായി പരിഗണിക്കരുത്.

അനുസരണമില്ലാത്തവർക്കെതിരായ ആരോപണത്തിലേക്ക് അവൻ തിരിയുന്നു. വിശ്വാസരഹിതരെ അവൻ കുറ്റപ്പെടുത്തുന്നത് ന്യായമായിട്ടാണെന്ന് ശിഷ്യർക്ക് വ്യക്തമാകുമ്പോൾ, തങ്ങൾ പീഡനങ്ങൾ സഹിക്കുന്നത് സുകൃതത്തെ പ്രതിയാണെന്ന് അവർക്ക് മെച്ചമായി മനസ്സിലാകും. "ഞാൻ വന്ന് അവരോട് സംസാരിച്ചിരുന്നില്ലെങ്കിൽ അവർക്ക് പാപം ഉണ്ടാകുമായിരുന്നില്ല. എന്നാൽ ഇപ്പോൾ അവരുടെ പാപത്തെക്കുറിച്ച് അവർക്ക് ഒഴികഴിവില്ല"(15,22). - പുത്രന്റെ സ്വഭാവം മനസ്സിലാകാതിരുന്നപ്പോൾ അവർക്ക് പാപമില്ലായിരുന്നു. അവരന്ന് അവനെപ്പറ്റി കേട്ടിരുന്നു പോലുമില്ല. ഇപ്പോഴാകട്ടെ, ഞാൻ അവരോടു പ്രഘോഷിച്ചശേഷം അവരുടെ അവിശ്വാസത്തിന് യാതൊരു ന്യായീകരണവും അവശേഷിക്കുന്നില്ല. "എന്നെ ദ്വേഷി

www.malankaralibrary.com



ക്കുന്നവൻ എന്റെ പിതാവിനെയും ദ്വേഷിക്കുന്നു" (15,23).- അവർ പിതാവിനുവേണ്ടി പ്രതികാരം ചെയ്യുകയാണെന്ന് കരുതുന്നുണ്ടെങ്കിലും വാസ്തവത്തിൽ പിതാവിന്റെ ശത്രുക്കളെപ്പോലെ കുറ്റപ്പെടുത്തപ്പെടേണ്ടവരാണ്. എന്റെ പുതിയ വാക്കുകളിൽ വിശ്വസിക്കാൻ അവർ കടപ്പെട്ടിരുന്നതുപോലെ, അവനിൽ വിശ്വസിക്കാതിരുന്നതിനാൽ, അവർ പിതാവിനുവേണ്ടി പ്രതികാരം ചെയ്യുന്നെന്ന് കരുതുന്നത് നിരർഥകമാണ്. "മറ്റാരും ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾ ഞാൻ അവരുടെ ഇടയിൽ ചെയ്തില്ലായിരുന്നെങ്കിൽ, അവർക്ക് പാപം ഉണ്ടാകുമായിരുന്നില്ല. എന്നാൽ ഇപ്പോൾ അവർ എന്നേയും എന്റെ പിതാവിനെയും കാണുകയും ദ്വേഷിക്കുകയും ചെയ്തിരിക്കുന്നു. അവർ കാരണം കൂടാതെ എന്നെ വെറുത്തു എന്ന് അവരുടെ നിയമത്തിൽ എഴുതപ്പെട്ടിരിക്കുന്ന വചനം പൂർത്തിയാകാനാണ് ഇതു സംഭവിച്ചത് "(15,24-25).- അത്ഭുതങ്ങൾ പ്രവർത്തിക്കാതെയാണ് ഞാൻ പ്രസംഗിച്ചിരുന്നതെങ്കിൽ, ഞാൻ പറഞ്ഞ പുതിയ കാര്യങ്ങൾ അവർ സ്വീകരിക്കാത്തത് വിവേകം മൂലമാണെന്ന് കരുതാമായിരുന്നു. എന്നാൽ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചുകൊണ്ട് എന്റെ വാക്കുകളെ ഉറപ്പിക്കുന്നതിനാൽ എന്റെ വാക്കുകൾ സ്വീകരിക്കാതിരിക്കുകയും എന്നെയും എന്റെ പിതാവിനെയും വെറുക്കുകയും ചെയ്യുന്നവർ തീർച്ചയായും കുറ്റപ്പെടുത്തപ്പെടേണ്ടവരാണ്. "കാരണം കൂടാതെ അവർ എന്നെ വെറുത്തു" എന്ന് നിയമത്തിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെ യാഥാർഥ്യമാകുന്നു (സങ്കീ.35,19).

തന്റെ ശത്രുക്കൾക്കെതിരെയുള്ള ആരോപണം വിപുലമാക്കുകയും അവർ പഠിക്കേണ്ടവ കേൾക്കുകയും അടയാളങ്ങൾ കാണുകയും തന്റെ പ്രബോധനംവഴി എല്ലായിടത്തും താൻ ബഹുമാനിച്ചിരുന്ന പിതാവിലേക്ക് അവരെ ഉയർത്തുകയും ചെയ്തശേഷം, മുമ്പ് പറഞ്ഞവയെ കുറിച്ചുള്ള ശരിയായ ഉറപ്പിനുവേണ്ടി അവൻ കൂട്ടിച്ചേർക്കുന്നു: "ഞാൻ പിതാവിന്റെ അടുത്തു നിന്ന് അയക്കുന്ന സഹായകൻ, പിതാവിൽനിന്നു പുറപ്പെടുന്ന ആ സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും"(15,26).- അവർ തനിക്കും തന്റെ പിതാവിനുമെതിരെ വലിയ അപരാധം ചെയ്തെന്ന് അവൻ പറഞ്ഞതിന്റെ ഉറപ്പ് ആത്മാവിന്റെ ഇറക്കത്താൽ യാഥാർഥ്യമായി. എന്റെ നാമത്തിൽ ആത്മാവിന്റെ ശക്തിയാൽ അടയാളങ്ങൾ സംഭവിക്കുമ്പോൾ, എന്റെ വാക്കുകളുടെ സത്യാവസ്ഥ വ്യക്തമാകും. എന്നോടുകൂടെ എന്റെ പിതാവിനെയും ശത്രുക്കൾ അപമാനിച്ചത് അവരുടെ ദുഷ്ടത നിമിത്തമാണെന്ന് വ്യക്തമാണ്. സാക്ഷ്യം വഹിക്കുന്നവന്റെ വ്യക്തിത്വത്തിലൂടെ അവരുടെ കുറ്റം വർദ്ധിപ്പിക്കാൻ ആഗ്രഹിച്ചുകൊണ്ട് അവൻ പറയുന്നു: "പിതാവിൽനിന്നു പുറപ്പെടുന്നവൻ." അതായത്, പിതൃസ്വഭാവത്തിൽ നിന്ന് സത്ത സ്വീകരിച്ചവൻ. "അവൻ പുറപ്പെട്ടു" എന്ന വാക്കിന്റെ അർഥം സ്വാഭാവിക പുറപ്പാടാണെന്ന് മനസ്സിലാക്കാതെ, ബാ

www.malankaralibrary.com



ഹ്യമായ ഏതോ ദൗത്യമാണെന്ന് കരുതിയാൽ, ഏതാത്മാവിനെക്കുറിച്ചാണ് അവൻ പറയുന്നതെന്ന് സംശയമുണ്ടാകാം. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, "രക്ഷയുടെ അവകാശികളാകാൻ ഇരിക്കുന്നവർക്ക് ശുശ്രൂഷ ചെയ്യാൻ അയക്കപ്പെട്ട സേവകാത്മാക്കളല്ലേ അവരെല്ലാം?"(എബ്രാ.1,14). അനേകം ആത്മാക്കൾ സേവനത്തിനായി അയക്കപ്പെട്ടിരിക്കുന്നു. പിതാവിൽനിന്ന് പുറപ്പെടുന്നതും തിരുലിഖിതങ്ങളിൽ ആത്മാവ് എന്നപേരിൽ ശരിയായി വിളിക്കപ്പെടുന്നതുമായ ആത്മാവിനെ മാത്രം സൂചിപ്പിക്കാൻ ഇവിടെ പ്രത്യേകമായി പറയുന്ന ഈ കാര്യം മതി.

അവൻ വാക്കുകളിലൂടെയാണ് സാക്ഷ്യം നൽകുന്നതെന്ന് അവർ കരുതാതിരിക്കാൻ അവൻ കൂട്ടിച്ചേർക്കുന്നു: "ആരംഭം മുതൽ എന്നോടുകൂടെ ഉള്ളവരായതുകൊണ്ട് നിങ്ങളും സാക്ഷ്യം നൽകും"(15,27).- അതായത്, നിങ്ങൾ എപ്പോഴും അവനോടുകൂടെ ആയിരിക്കുന്നതിനാൽ, നിങ്ങളിലൂടെ തന്നെ അവൻ സാക്ഷ്യം നൽകും. അവൻ എപ്പോഴും നിങ്ങളോടുകൂടെ ആയിരിക്കുന്നതിനാൽ, കേൾവിക്കാരോടുള്ള നിങ്ങളുടെ സാക്ഷ്യം അവശ്യാവശ്യം അവൻ ഉറപ്പിക്കും. നിങ്ങൾ സംസാരിക്കുമ്പോൾ, ആത്മാവ് അത്ഭുതങ്ങൾ പ്രവർത്തിച്ച് നിങ്ങളുടെ വാക്കുകളെ തന്റെ സാക്ഷ്യത്താൽ ഉറപ്പിക്കും. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, "എന്റെ വചനവും പ്രസംഗവും വിജ്ഞാനംകൊണ്ട് വശീകരിക്കുന്നതായിരുന്നില്ല. പ്രത്യുത ആത്മാവിന്റെയും ശക്തിയുടെയും വെളിപ്പെടുത്തലായിരുന്നു" (1കൊറി 2,4).- കർതൃനാമത്തിൽ ആത്മാവിന്റെ ശക്തിയാൽ സംഭവിക്കുന്ന അടയാളങ്ങൾ പീഡ സഹിച്ചവന്റെ മഹത്വത്തെ വെളിപ്പെടുത്തുകയും അതേസമയം അവനെ ക്രൂശിക്കാൻ ഒരുമ്പെട്ടവരുടെ ഭോഷത്തത്തെ വ്യക്തമാക്കുകയും ചെയ്യും.

തന്റെ പീഡാനുഭവത്തെക്കുറിച്ച് കേട്ട ശിഷ്യരോട് സങ്കടപ്പെടരുതെന്ന് മുമ്പ് ഉപദേശിച്ചതുപോലെ, അവ പ്രവചിച്ചത് എന്തുകൊണ്ടാണെന്ന് അവശ്യാവശ്യം കൂട്ടിച്ചേർത്തു. അതായത്, സംഭവം നടന്നശേഷം അവർ അവനെ കൂടുതൽ ബഹുമാനിക്കുന്നതിനും എല്ലാം അറിയുന്ന അവൻ നന്മയ്ക്കുവേണ്ടിയാണ് സഹിച്ചതെന്ന് ഗ്രഹിക്കുന്നതിനും അങ്ങനെ അവരുടെ ദുഃഖം കുറയ്ക്കുന്നതിനും നീക്കുന്നതിനും വേണ്ടിയാണിത്. അതുപോലെ ഇവിടെയും പീഡാസഹനങ്ങളെ കുറിച്ച് അവർ നിരാശരാകരുതെന്ന് നിരവധി വാക്കുകളിലൂടെ ഉപദേശിച്ചശേഷം, ദൃഢമാനസ്സരായി പീഡകൾ സഹിക്കാൻ വേണ്ടി ശത്രുക്കളുടെ ദുഷ്ടത വെളിപ്പെടുത്തി. താൻ സുകൃതത്തിനും മതത്തിനും വേണ്ടിയാണ് പീഡകൾ സഹിക്കുന്നതെന്ന് വ്യക്തമായി അറിയിച്ചാൽ, പ്രതിബന്ധങ്ങളെ ധീരതയോടെ നേരിടാനുള്ള ഉപദേശം അവർക്ക് കൂടുതൽ സ്വീകാര്യമാകുമെന്നു കരുതി, അവർ ധൈര്യശാലികളായിരിക്കണമെന്ന് അവരെ പഠിപ്പിക്കാനാണ് അവനിതു പ്രവചിച്ചത്.

www.malankaralibrary.com



**ഉപദേശങ്ങൾ**

"നിങ്ങൾക്ക് ഇടർച്ച ഉണ്ടാകാതിരിക്കാനാണ് ഞാൻ ഇതെല്ലാം നിങ്ങളോടു പറഞ്ഞത് (16,1). ആകസ്മികമായി നിങ്ങൾക്കുണ്ടാകുന്ന ദുരിതങ്ങൾ നിങ്ങളുടെ മനസ്സിനെ ചഞ്ചലപ്പെടുത്തുകയും ദുർബലമാക്കുകയും ചെയ്യാതിരിക്കാനും പ്രത്യാശയെപ്പറ്റിയുള്ള തുടർച്ചയായ ധ്യാനം വഴി നിങ്ങളുടെ മനസ്സ് പ്രയാസങ്ങളിൽ സുസ്ഥിരമായിരിക്കാനും വേണ്ടിയാണ് ഞാനിവ നിങ്ങളോട് മുൻകൂട്ടി പറഞ്ഞത്. "അവർ നിങ്ങളെ സിനഗോഗുകളിൽനിന്ന് പുറത്താക്കും. നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിന് ബലിയർപ്പിക്കുന്നെന്ന് കരുതുന്ന സമയം വരുന്നു" (16,2). - ഇവയെല്ലാം അവർ നിങ്ങളോട് ചെയ്തശേഷം നിങ്ങളെ സിനഗോഗുകളിൽനിന്ന് പുറത്താക്കുകയും ചെയ്യും. നിങ്ങളെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്യുന്നതിലൂടെ തങ്ങൾ ദൈവത്തിനു ബലിയർപ്പിക്കുകയാണെന്ന് അവർ കരുതുന്ന നാഴിക വന്നിരിക്കുന്നെന്ന് അറിയുവിൻ. നിങ്ങളെ കൊലചെയ്യുന്നത് ഒരു മതാനുഷ്ഠാനമായി അവർ കണക്കാക്കും. യഹൂദർ മാത്രമല്ല, വിജാതീയരും നിങ്ങളോട് ഇപ്രകാരം പ്രവർത്തിക്കും. ക്ഷുദ്രക്കാരൻ ശീമോന്റെ വിഭാഗത്തിൽപെട്ട ബൊർബോറിയർ എന്നു വിളിക്കപ്പെടുന്ന അനേകർ സഭയിൽ നുഴഞ്ഞു കയറി ശീമോന്റെ പ്രബോധനം അനുസരിച്ചുകൊണ്ട് വഞ്ചനാത്മകമാം വിധം വ്യാപരിക്കുന്നു. അവരെ എതിർക്കാൻ വിശ്വാസികൾക്ക് കഴിയുന്നില്ല. അവർ ചെയ്ത അനാശ്യാസപ്രവൃത്തികൾ നിമിത്തം വിജാതീയർ അവരെ പിടികൂടുകയും അവരുടെ ദുഷ്ടത പുറത്തു കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. സഭയിൽ എല്ലാവരും ഇപ്രകാരം ചെയ്യുന്നു എന്ന മോശമായ അഭിപ്രായം സഭയ്ക്ക് പുറത്തുള്ള അനേകരിൽ ഉണ്ടാകുന്നതിന് ഇക്കൂട്ടർ കാരണക്കാരായി. അതായത്, അമ്മമാരെ വിവാഹം കഴിക്കുക, സ്വന്തം കുഞ്ഞുങ്ങളെ കൊന്നുതിന്നുക തുടങ്ങി നിരവധി വൃത്തികേടുകൾ അവർ രഹസ്യമായി ചെയ്യുന്നു. അതാണ് സഭാനിയമമെന്ന് വിജാതീയർ തെറ്റായി കരുതുന്നു. അതുകൊണ്ട് വിശ്വാസികൾ പുറത്തുള്ളവരിൽനിന്ന് അനേകം ക്ലേശങ്ങൾ സഹിക്കേണ്ടിവരുന്നു. ലോകത്തിൽ നിന്ന് അത്തരക്കാരെ നിഷ്ക്കാസനം ചെയ്ത് ശുദ്ധീകരിക്കണമെന്ന് വിജാതീയർ കരുതുകയും ചെയ്യുന്നു.

ആസിയായിലെ മെത്രാന് ഗാള്ളിയാ പ്രദേശത്തുനിന്ന് ഒരു സഹോദരമെത്രാൻ അയച്ച ഒരെഴുത്തിൽ, വേരൂസ് ചക്രവർത്തിയുടെ കാലത്ത് വിശ്വാസികൾക്കു ബൊർബോറിയർ വരുത്തിക്കൂട്ടിയ തിന്മകളെപ്പറ്റി വിവരിക്കുന്നു. അത് പ്രവചനത്തിന്റെ പൂർത്തീകരണമാണെന്ന് സാക്ഷ്യവും നൽകുന്നു. കേസറിയായിലെ എവുസേബിയസ് തന്റെ സഭാചരിത്രത്തിലും ഇക്കാര്യം സൂചിപ്പിക്കുന്നു (5,1). വരാനിരിക്കുന്നവയെപ്പറ്റി മുൻകൂട്ടി പറഞ്ഞശേഷം അവരെ ആശ്വസിപ്പിച്ചുകൊണ്ട് കർത്താവ് പറയുന്നു: "അവർ പിതാവി

www.malankaralibrary.com



നെയോ എന്നെയോ അറിഞ്ഞിട്ടില്ലാത്തതുകൊണ്ട് ഇതുചെയ്യും"(16,3).- എന്നാൽ നിങ്ങൾക്ക് സംഭവിക്കുന്നവയെക്കുറിച്ച് നിങ്ങൾ സമാശ്വസിക്കുവിൻ. ആരാണ് അവയുടെ കാരണമെന്നും ആരാണ് നിങ്ങളോടുകൂടെ ഈ അപമാനത്തിൽ പങ്കുകൊള്ളുന്നതെന്നും ചിന്തിക്കുവിൻ. അതായത്, ഞാനും എന്റെ പിതാവും. നിങ്ങൾക്ക് എത്ര വലിയ നന്മകളാണ് ഉണ്ടാകുവാനിരിക്കുന്നതെന്ന് ഇതു നിങ്ങളെ വേണ്ടവണ്ണം പഠിപ്പിക്കും.

ക്ലേശങ്ങൾ ധീരതയോടെ സഹിക്കുന്നതിന് അവരെ പ്രാപ്തരാക്കാൻ വേണ്ടി, എന്തുകാരണം കൊണ്ടാണ് അവൻ അവരോട് ഇവയെല്ലാം പറയുന്നതെന്ന് വീണ്ടും വ്യക്തമാക്കുന്നു: "അവരുടെ സമയം വരുമ്പോൾ, ഞാനിതു പറഞ്ഞിരുന്നെന്ന് നിങ്ങൾ ഓർമിക്കാൻവേണ്ടി ഞാനിതു നിങ്ങളോടു പറഞ്ഞിരിക്കുന്നു"(16,4). - ഞാനിത് മുൻകൂട്ടി പറയുന്നില്ലെങ്കിൽ അപ്രതീക്ഷിതമായും ഒരുക്കമില്ലാതെയും തിന്മ നിങ്ങളെ കടന്നാക്രമിക്കുമ്പോൾ, നിങ്ങൾ നഷ്ടധൈര്യരാകും. ഇവ നിങ്ങൾക്ക് സംഭവിക്കുന്നതിനു മുമ്പ് ഞാനിവ പറഞ്ഞതിനാൽ, ഇവ സംഭവിക്കുമ്പോൾ ഇവ നിങ്ങളോട് പ്രവചിച്ചവന്റെ ശക്തിയെ നിങ്ങൾ ശ്ലാഘിക്കും. മാത്രമല്ല, ഇവയുടെ പൂർത്തീകരണശേഷം, നിങ്ങളോട് വാഗ്ദാനം ചെയ്ത നന്മകളെ കുറിച്ച് നിങ്ങളൊരിക്കലും സംശയിക്കുകയില്ല. ഇത്ര വലിയ പ്രയോജനം ലഭിക്കാനാണ് അവൻ അവരോട് ഇവ വെളിപ്പെടുത്തിയതെന്ന് പറഞ്ഞശേഷം, എന്തുകൊണ്ടാണ് ഇതുവരെ പറയാതിരുന്നതെന്ന് വിശദീകരിക്കുന്നു. തന്റെ പീഡാനുഭവത്തെയും കഷ്ടപ്പാടുകളെയും കുറിച്ച് അവിടുന്ന് പല പ്രാവശ്യം പറയുന്നതായി നാം കാണുന്നു. ഒരിക്കൽ അവിടുന്ന് പറഞ്ഞു: "മനുഷ്യപുത്രൻ വളരെയേറെ സഹിക്കുകയും ജനപ്രമാണികൾ, പ്രധാനപുരോഹിതന്മാർ, നിയമജ്ഞർ എന്നിവരാൽ തിരസ്ക്കരിക്കപ്പെടുകയും ക്രൂശിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യും"(മർക്കോ.8, 31). കൂടാതെ, അവർ നിങ്ങളെ ന്യായാധിപ സംഘങ്ങൾക്ക് ഏൽപിച്ചുകൊടുക്കും. തങ്ങളുടെ സിനഗോഗിൽവച്ച് അവർ നിങ്ങളെ മർദിക്കും. നിങ്ങൾ എന്നെപ്രതി നാടുവാഴികളുടെയും രാജാക്കന്മാരുടെയും സന്നിധിയിലേക്ക് നയിക്കപ്പെടും"(മത്താ. 10,18). അസ്വസ്തത ഉണ്ടാക്കുന്ന ഈ വാക്കുകൾ അവർ മനസ്സിലാക്കിയതേയില്ല. കാരണം, പ്രസ്തുത വാക്കുകളുടെ കാഠിന്യം പേറാൻ അവർക്ക് കഴിവില്ലായിരുന്നു. അതുകൊണ്ട് അവൻ പറഞ്ഞു: " ഇക്കാര്യങ്ങൾ ആരംഭത്തിലേ നിങ്ങളോടു പറയാതിരുന്നത്, ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരുന്നതുകൊണ്ടാണ്. എന്നാൽ ഇപ്പോൾ ഞാൻ എന്നെ അയച്ചവന്റെ അടുത്തേക്ക് പോകുകയാണ്" (യോഹ 16,4-5),- ഞാൻ ഇവ നിങ്ങളോട് നേരത്തേ പറയേണ്ട ആവശ്യമില്ലായിരുന്നു. ഞാൻ നിങ്ങളോടുകൂടെ ആയിരുന്നതിനാൽ, ഇവയെക്കുറിച്ച് തരംതിരിച്ച് പറയേണ്ട സമയം ആസന്നമായിരുന്നില്ല. നിങ്ങളുടെ ഇടയിലുള്ള എന്റെ സാന്നിധ്യം മതിയാകുമായിരുന്നു. എന്നാൽ ഞാൻ ഇപ്പോൾ നിങ്ങ

www.malankaralibrary.com



ളിൽ നിന്ന് പുറപ്പെട്ടു പോകുന്നതിനാൽ, എന്റെ മുന്നറിയിപ്പിന്റെ ഉറപ്പ് നിങ്ങളിൽതന്നെ ഉണ്ടാകേണ്ടതിന് ഇവയെല്ലാം നിങ്ങളോട് പറയേണ്ടിയിരിക്കുന്നു. കർത്താവ് ഇവ പറഞ്ഞപ്പോൾ ശിഷ്യന്മാർ ദുഃഖിതരായി. അവനിതു പറയാൻ എത്രമാത്രം കാത്തിരുന്നുവോ, അത്രമാത്രം അവർ ദുഃഖപൂരിതരായി. അവരുടെ ഉത്ക്കണ്ഠ മാറ്റി അവരെ ഉപദേശിച്ച് ഊർജസ്വലരാക്കുന്നതിന് അവൻ പറയുന്നു: "നീ എവിടെ പോകുന്നെന്ന് നിങ്ങളിലാരും എന്നോടു ചോദിക്കുന്നില്ല. ഞാൻ ഇതെല്ലാം നിങ്ങളോടു പറഞ്ഞതുകൊണ്ട് നിങ്ങളുടെ ഹൃദയം ദുഃഖപൂരിതമായിരിക്കുന്നു"(16,5-6). ഞാൻ പോകുകയാണെന്ന് ഒരിക്കൽ ഞാൻ പറയുന്നതു കേട്ടപ്പോൾ, എങ്ങോട്ടെന്ന് നിങ്ങൾ ചോദിച്ചു. "ഇപ്പോഴാകട്ടെ, നിങ്ങൾ ഒന്നും ചോദിക്കുന്നില്ല." നിങ്ങൾ അത്രമാത്രം ദുഃഖാർത്തരായിരിക്കുന്നു.

അവരെ ആശ്വസിപ്പിച്ചുകൊണ്ട് അവൻ വീണ്ടും പറയുന്നു: " സത്യം ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണ് ഞാൻ പോകുന്നത് "(16,7). നിങ്ങൾ ദുഃഖിതരാണെങ്കിലും, ഇതാണ് സത്യം. ഞാൻ സഹിക്കാതിരിക്കുകയോ, പീഡാനുഭവശേഷം എനിക്ക് ഉണ്ടാകുവാനിരിക്കുന്ന മഹത്വം ലഭിക്കാതിരിക്കുകയോ ചെയ്താൽ, മേൽപറഞ്ഞവയൊന്നും നിങ്ങൾക്ക് ലഭിക്കുകയില്ല.

അവന്റെ പീഡാനുഭവശേഷം അവർക്ക് എന്തു സംഭവിക്കും? അവന്റെ മറുപടി: "ഞാൻ പോകുന്നില്ലെങ്കിൽ, സഹായകൻ നിങ്ങളുടെ അടുത്തേക്ക് വരികയില്ല. ഞാൻ പോയാൽ, അവനെ നിങ്ങളുടെ അടുത്തേക്ക് ഞാൻ അയക്കും." ഇതാണ് ക്രമം. ആദ്യം ഞാൻ മഹത്വം പ്രാപിക്കും. അനന്തരം അതിലുള്ള പങ്കാളിത്തം ലഭിക്കാൻ നിങ്ങൾ ആത്മാവിന്റെ കൃപ പ്രാപിക്കും. അതുകൊണ്ട്, ഞാൻ പോകുകയാണെങ്കിൽ, നിങ്ങളും ഞാൻ അനുഭവിക്കുന്ന നന്മകളിലുള്ള ഭാഗഭാഗിത്വം പരിശുദ്ധാത്മദാനം വഴി പ്രാപിക്കും. ഞാൻ അവ മുൻകൂട്ടി അനുഭവിക്കുന്നില്ലെങ്കിൽ, നിങ്ങൾക്ക് അവ ഒരിക്കലും പ്രതീക്ഷിക്കേണ്ടതില്ല.- അവൻ പോയി അവരെ പ്രസ്തുത നന്മകളിലേക്ക് ക്ഷണിക്കുമെന്നതിനാൽ, പലർക്കും ലഭിക്കാനിരിക്കുന്ന ആത്മാവിന്റെ കൃപാദാനം വലുതാണെന്ന് തെളിയിക്കുന്നു. മനുഷ്യർക്കു ലഭിക്കുന്ന നന്മകളെല്ലാം ന്യായമായും വർഷിക്കുന്നത് ആത്മാവാണ്.

"അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്തും. അവർ എന്നിൽ വിശ്വസിക്കാത്തതിനാൽ പാപത്തെക്കുറിച്ചും, ഞാൻ പിതാവിന്റെ അടുക്കലേക്ക് പോകുന്നതു കൊണ്ടും നിങ്ങൾ ഇനിമേൽ എന്നെ കാണുകയില്ലാത്തതു കൊണ്ടും നീതിയെക്കുറിച്ചും, ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെട്ടിരിക്കുന്നതിനാൽ ന്യാവിധിയെക്കുറിച്ചും ബോധ്യപ്പെടുത്തും" (16,8-11).- വലിയവനും ശക്തനുമായ ആത്മാവിന്റെ വരവ് വളരെ ശക്തമാണ്. അവൻ

www.malankaralibrary.com



അവരുടെ മേൽ ആവസിക്കുമ്പോൾ എനിക്കെതിരെ കെണിവയ്ക്കുന്നവരുടെ പാപം വെളിപ്പെടും. അവർ കൊല ചെയ്യാൻ ഒരുമ്പെട്ടവന്റെ മഹത്വവും ഔന്നത്യവും എത്ര വലുതാണെന്ന്, എന്നിൽ വിശ്വസിക്കാനിരിക്കുന്നവർ സ്വീകരിക്കാനിരിക്കുന്ന ആത്മാവിന്റെ ദാനം വ്യക്തമായി വെളിപ്പെടുത്തും. നിങ്ങളുടെ ഇടയിൽ ഞാൻ ചെയ്ത പ്രവൃത്തികളിലൂടെയും ഞാൻ പറഞ്ഞ വാക്കുകളിലൂടെയും എന്റെ നീതി അറിയപ്പെടും. തികച്ചും സത്യസന്ധമായാണ് ഞാൻ സംസാരിച്ചത്. തികച്ചും ന്യായയുക്തമായാണ് ഞാൻ പെരുമാറിയത്. എന്റെ പീഡാനുഭവ വ്യാപാരം വ്യർഥവും പ്രയോജനരഹിതവും ആയിരുന്നില്ല. മറിച്ച്, സാത്താന്റെ ശിക്ഷാവിധിക്കുവേണ്ടി ആയിരുന്നെന്ന് അപ്പോൾ അവയിൽനിന്ന് വ്യക്തമാകുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ ആത്മാവിന്റെ ദാനഫലമായുണ്ടാകുന്ന രോഗശാന്തിയും മരിച്ചവരുടെ ഉയിർപ്പും പിശാചുക്കളിൽ നിന്നുള്ള വിടുതലും മറ്റും സാത്താന്റെ ന്യായവിധിയായി കരുതപ്പെടും.

എന്റെ പ്രവൃത്തികൾ നീതിരഹിതവും എന്റെ പ്രബോധനം സത്യവിരുദ്ധവും ആയിരുന്നെങ്കിൽ, മരണശേഷം പ്രത്യേകിച്ചും ഞാൻ നിന്ദിക്കപ്പെടുമായിരുന്നു. അതുപോലെതന്നെ എന്റെ ശിഷ്യരും പ്രസ്തുത നിന്ദനത്തിൽ എന്നെപ്പോലെ പങ്കുകാരായി തീരുമായിരുന്നു. എന്നാൽ ആത്മാവിന്റെ സാന്നിധ്യത്തിലൂടെ നടന്ന അത്ഭുതങ്ങൾ അതിനെതിരെ സാക്ഷ്യം നൽകുകയും എന്റെ ശിഷ്യരും വലിയ മഹത്വം പ്രാപിക്കുകയും ചെയ്യുമ്പോൾ, സാത്താന്റെ ശിക്ഷാവിധിയും എന്റെ മഹത്വത്തിന്റെ വെളിപ്പെടലും സംഭവിക്കുന്നു. ഇവരണ്ടും ശത്രുക്കളുടെ പാപത്തെ വിളിച്ചറിയിക്കും.

താൻ ചെയ്യാനിരിക്കുന്നവ വഴി തന്റെ സ്വഭാവവും ശക്തിയും വെളിപ്പെടുത്തുന്നതിന് അവൻ ഇവയെല്ലാം ആത്മാവിന് ആരോപിച്ചശേഷം, തന്റെ വാക്കുകളെ ഉറപ്പിക്കുന്നതിന് മെച്ചമായ വേറൊരു കാര്യംകൂടി പറയുന്നു: "ഇനിയും വളരെ കാര്യങ്ങൾ എനിക്ക് നിങ്ങളോടു പറയുവാനുണ്ട്. എന്നാൽ അവ ഉൾക്കൊള്ളാൻ ഇപ്പോൾ നിങ്ങൾക്ക് കഴിവില്ല. സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണതയിലേക്കു നയിക്കും" (12-13). - നിങ്ങൾ മറ്റുള്ളവരേക്കാൾ അധികമായി ആത്മാവിന്റെ ശക്തി അനുഭവിച്ചറിയും. പറഞ്ഞാലും നിങ്ങൾക്ക് ഗ്രഹിക്കാൻ കഴിയാത്തവയും ഇപ്പോൾ നിങ്ങൾക്ക് കേൾക്കാൻപോലും കഴിയാത്തവയുമായ കാര്യങ്ങൾ, ആത്മാവിനെ സ്വീകരിച്ചു കഴിയുമ്പോൾ നിങ്ങൾക്ക് മനസ്സിലാകും. കാരണം, അവനിൽനിന്ന് നിങ്ങൾ സമസ്ത സത്യങ്ങളും പഠിക്കും. അങ്ങനെ, നിങ്ങളോടു പറയപ്പെട്ടവയെല്ലാം കേൾക്കുന്നതിന് മാത്രമല്ല, ഗ്രഹിക്കുന്നതിനും നിങ്ങൾക്ക് കഴിയും. അപ്പോൾ, നിങ്ങൾ പിതാവിന്റെ സ്വഭാവവും പുത്രന്റെ മഹത്വവും മനസ്സിലാക്കും. അവൻ അവർണനീയനായ ഏകജാതനും പി

www.malankaralibrary.com



ത്രീസത്തയുടെ പങ്കാളിയും മനുഷ്യരുടെ ഇടയിലുള്ള വ്യാപാരത്തിൽ അവന്റെ സ്വഭാവത്തിന്റെ സമ്പൂർണ ഛായയുമാണ്. അവന് നൽകപ്പെട്ട മഹത്വം എത്ര വലുതാണെന്നും അവനിൽ വസിക്കുന്നത് ആരാണെന്നും സ്വഭാവങ്ങളുടെ വ്യതിരിക്തത മാറ്റാതെ തന്നെ അവനെ നിർമിച്ചവന്റെ ശക്തിനിമിത്തം നിർമിക്കപ്പെട്ടവന് നിർമാതാവിനോടുള്ള യോജിപ്പ് ഏതു തരമാണെന്നും നിങ്ങൾ അറിയുവിൻ. വചനമാം ദൈവം മനുഷ്യർക്കു നൽകുന്ന ആത്മാവിന്റെ മഹത്വം എത്ര വലുതാണെന്നും അപ്പോൾ നിങ്ങൾ അറിയും. നിങ്ങൾ തീർച്ചയായും ഉയിർപ്പിൽ വിശ്വസിക്കുമ്പോൾ, വരാനിരിക്കുന്നവയെ ഉറപ്പായി പ്രതീക്ഷിക്കും. അപ്പോൾ ഭാവിനന്മകളെ കുറിച്ചുള്ള പ്രതീക്ഷയിൽ ദൃശ്യവസ്തുക്കളെയെല്ലാം ഉപേക്ഷിച്ച് പീഡനങ്ങൾക്ക് നിങ്ങളെത്തന്നെ ഏൽപിച്ചു കൊടുക്കാൻ നിങ്ങൾ തയാറാകും. "അവൻ നിങ്ങളെ എല്ലാ സത്യത്തിലേക്കും നയിക്കും" എന്ന വാക്കുകളുടെ അർഥം, നിങ്ങൾ മുമ്പ് അറിഞ്ഞിട്ടില്ലാത്തവയുടെയെല്ലാം കൃത്യമായ അറിവ് അവൻ നിങ്ങൾക്ക് നൽകുമെന്നാണ്. ആത്മാവ് ശിഷ്യരെ പഠിപ്പിച്ചത് വാക്കുകൾ കൊണ്ടല്ല. പിന്നെയോ, അവാച്യമായ രഹസ്യത്താൽ അവരുടെ മനസ്സിൽ സത്യപ്രബോധനം പകർന്നുകൊടുത്തുകൊണ്ടാണ് അവൻ അവർക്ക് ആഴമായ സത്യങ്ങളുടെ അർഥം വ്യഖ്യാനിച്ചുകൊടുത്തത്. തദ്ഫലമായി ഏകജാതനിൽനിന്ന് കേട്ടിട്ടും മനസ്സിലാകാതിരുന്നവ, പ്രത്യേകിച്ച്, തന്റെ സ്വഭാവത്തെക്കുറിച്ച് അവൻ പറഞ്ഞവ, ആത്മാവിന്റെ ആഗമനശേഷം നിഷ്പ്രയാസം മനസ്സിലാക്കാൻ അവർക്കു കഴിഞ്ഞു.

അവരെ സമ്പൂർണ സത്യത്തിലേക്ക് ആനയിക്കാൻ പരിശുദ്ധാത്മാവിന് കഴിയുമെന്ന് ഉറപ്പിക്കാൻവേണ്ടി, ആത്മാവിനെക്കുറിച്ച് അവൻ കൂട്ടിച്ചേർക്കുന്നു: അവൻ സ്വമേധയാ ആയിരിക്കുകയില്ല സംസാരിക്കുന്നത്"(16,13). "സ്വമേധയാ" എന്ന വാക്ക്, മുമ്പ് പലപ്രാവശ്യം പറഞ്ഞതുപോലെ, കുറവിനെയല്ല, പൂർണസമ്മതത്തെയാണ് സൂചിപ്പിക്കുന്നത്. അതിന്റെ അർഥം, പരിശുദ്ധാത്മാവ് തന്റെ ശക്തിയിൽ ബലഹീനനാണെന്ന് നിങ്ങൾ കരുതേണ്ട. സമസ്തവും പ്രവർത്തിക്കാൻ അവന് കഴിയും. കാരണം, അവന്റെ അറിവിന് അതീതമായി യാതൊന്നുമില്ല. എന്നിൽനിന്നും എന്റെ പിതാവിൽനിന്നും അവന് യാതൊരു വ്യത്യാസവുമില്ല. സമ്പൂർണമായ യോജിപ്പുമൂലം അവൻ ഒരിക്കലും പിതാവിൽനിന്ന് ഒറ്റപ്പെട്ടല്ല പ്രവർത്തിക്കുന്നത്. പിതാവിൽനിന്ന് ഒട്ടും വേർപെടാതെ അവനോടു കൂടെയാണ് എല്ലാം ചെയ്യുന്നത്. കാരണം, അവൻ എന്നോടും പിതാവിനോടും സ്വഭാവത്തിലും പ്രവൃത്തിയിലും അറിവിലും ഇച്ഛയിലും തുല്യനാണ്. " അവൻ കേൾക്കുന്നതെല്ലാം സംസാരിക്കും"(16,13). മനുഷ്യർക്ക് ആവശ്യമുള്ളവ ആത്മാവ് അപ്പോൾ ഗ്രഹിക്കുന്നു എന്നല്ല ഇതിനർഥം. ശ്ലീഹാ പറയുന്നു: " ആത്മാവ് എല്ലാ കാര്യങ്ങളും, ദൈവത്തിന്റെ നിഗൂഢരഹസ്യങ്ങൾപോലും അന്വേഷിച്ചു ക

www.malankaralibrary.com



ണ്ടെത്തുന്നു. മനുഷ്യന്റെ അന്തർഗതങ്ങൾ അവന്റെ ആത്മാവല്ലാതെ മറ്റാരാണറിയുക"? (1കൊറി 2,10-11). അതുകൊണ്ട്, നമ്മുടെ പ്രബോധനത്തിന് വേണ്ട കാര്യങ്ങളെക്കുറിച്ചുള്ള അറിവ് പരിശുദ്ധാത്മാവിന് ഇല്ലെന്ന് പറയാൻമാത്രം മണ്ടനായി ആരാണുള്ളത്? അവന് അറിയാൻ പാടില്ലാത്തത് നമുക്കുവേണ്ടി പഠിച്ചുകൊണ്ട്, അവൻ നമുക്ക് നന്ദിപറയേണ്ടിയിരുന്നോ? മറ്റൊരാൾ പറഞ്ഞവ കേട്ടയാൾ പറഞ്ഞ് അറിയുന്നവരും ആദ്യം പറഞ്ഞവനെപ്പോലെ അറിവുള്ളവരാണ്. " അവൻ സ്വമേധയാ ആയിരിക്കുകയില്ല സംസാരിക്കുന്നത്." അതായത്, പിതാവിന് വിരുദ്ധമായോ, പിതാവിന് പുറമേയോ അവൻ ഒന്നും പറയുകയില്ല. അതുകൊണ്ടാണ് അവൻ കേട്ടതെല്ലാമെന്ന് കൂട്ടിച്ചേർത്തിരിക്കുന്നത്. - കൂട്ടായ്മയായിട്ടാണ് ഇത് പറയുന്നത്- അതായത്, എന്നോടും പിതാവിനോടും കൂടെ അറിയുന്നത് അവൻ പറയുന്നു.

ആത്മാവിന് അറിവിലുള്ള പൂർണ തുല്യതയാണ് " കേൾക്കും" എന്നതിന്റെ അർഥം. തന്നെക്കുറിച്ചുതന്നെ അവൻ പറയുന്നത്, "ഞാൻ പറയുന്നതെല്ലാം പിതാവ് എന്നോടു കൽപിച്ചതുപോലെയാണ് "(12,50). പിതാവിന് പ്രീതികരവും അനുയോജ്യവുമെന്ന് അറിയുന്നവയാണ് ഞാൻ പഠിപ്പിക്കുന്നതെന്നാണ് ഇതിന്റെ അർഥം. താൻ പഠിപ്പിക്കുന്ന പ്രബോധനം പിതാവിന്റേതിന് വിരുദ്ധമല്ലെന്നും അവിശ്വാസികളായ യഹൂദർ തനിക്കെതിരെ പിതാവിനെ കൊണ്ടുവരുന്നത് വ്യർഥമാണെന്നും സൂചിപ്പിച്ച്, യഹൂദരോട് സംസാരിച്ചപ്പോഴാണ് ഇപ്രകാരം പറഞ്ഞത്. അതുപോലെ, പിതാവിന്റെ മനസ്സിനു വിരുദ്ധമായിട്ടോ ബാഹ്യമാത്രമായിട്ടോ അല്ല പരിശുദ്ധാത്മാവിനെ കുറിച്ച് സൂചിപ്പിക്കുന്നത്. പിന്നെയോ, അവന് പ്രീതികരവും അനുയോജ്യവുമായിട്ടുള്ളത് മാത്രമാണ് അവൻ സംസാരിക്കുന്നത്.

അവൻ മറ്റൊരു വാദമുഖം കൂട്ടിച്ചേർക്കുന്നു: "വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളെ അറിയിക്കും" (16,13). അവൻ വഴി മനുഷ്യർക്ക് നൽകാനിരിക്കുന്ന ഭാവിനന്മകളുടെ മുന്നറിവ് അവന്റെ ശക്തിയുടെ വലിയൊരു തെളിവാണ്. മേൽപറഞ്ഞവയെക്കാൾ വലുതും കൂടുതൽ ശക്തിയുള്ളതും അവൻ കൂട്ടിച്ചേർക്കുന്നു: "അവൻ എനിക്കുള്ളവയിൽനിന്ന് സ്വീകരിച്ച്, നിങ്ങളോടു പ്രഖ്യാപിക്കും. അങ്ങനെ, അവൻ എന്നെ മഹത്വപ്പെടുത്തും" (16,14).- പാഷണ്ഡികൾ പരിശുദ്ധാത്മാവിന്റെ വ്യക്തിത്വത്തെ വിലയിടിച്ചു കാട്ടാനായി ഈ വാചകം ഉപയോഗിക്കുന്നു. അവയെക്കുറിച്ച് സുദീർഘമായി ചർച്ചചെയ്യുന്നത് അനാവശ്യമാണെന്ന് കരുതുന്നു. ദൈവസഹായത്താൽ ആ വാക്കുകളുടെ അർഥം വ്യക്തമായി വിശദീകരിക്കാൻ നമുക്കു ശ്രമിക്കാം. "എന്നിൽനിന്ന് " എന്നല്ല, "എനിക്കുള്ളവയിൽ നിന്ന് അവൻ സ്വീകരിക്കും" എന്നാണ് അവൻ പറയുന്നത്.

www.malankaralibrary.com



അതുകൊണ്ട്, ആത്മാവ് സ്വീകരിച്ച് അവർക്ക് കൊടുക്കുന്നു എന്നു പറയുന്ന "അവന്റേത്" എന്താണെന്ന് നമുക്ക് നോക്കാം. വചനമാം ദൈവത്തോട് ഐക്യപ്പെടുന്നത് ജഡത്തിലുള്ള ക്രിസ്തുവിന്റെ സ്വഭാവത്തിന് അതീതമാകയാൽ, ആത്മാവിന്റെ ദാനത്തിന്റെ മാധ്യസ്ഥ്യം ആവശ്യമായി വന്നു. അഭിഷേകത്തിൽനിന്നു ലഭിച്ച സമ്പൂർണകൃപ സ്വീകരിച്ചശേഷം മനുഷ്യസ്വഭാവത്തിന് അതീതമായി സമഗ്രപൂർണതയിൽ അവൻ ജീവിതം നയിച്ചു. അങ്ങനെ, എടുക്കപ്പെട്ട മനുഷ്യൻ എല്ലാ മനുഷ്യർക്കുംവേണ്ടി, സർവ നന്മകളുടെയും ഉറവിടമായ ആത്മാവിലുള്ള പങ്കാളിത്തവും സ്വീകരിച്ചു. അവന് ലഭിച്ച എല്ലാ കാര്യങ്ങളിലും - ഉയിർപ്പിലും സ്വർഗാരോഹണത്തിലും രാജ്യത്തിലും മഹത്വത്തിലും - നാമും പങ്കാളികളായിരിക്കും. "നാം അവനോടൊപ്പം സഹിച്ചാൽ, അവനോടൊപ്പം മഹത്വപ്പെടും" (റോമ.8,17). "നാം ഉറച്ചു നിൽക്കുമെങ്കിൽ അവനോടുകൂടെ വാഴും" (2 തിമോ.2,12). മാമോദീസായിലൂടെ പ്രതീകാത്മകമായി ക്രിസ്തുവിന്റെ മരണവും ഉയിർപ്പും പൂർത്തിയാക്കിക്കൊണ്ട് ആത്മാവിന്റെ ശക്തിയാൽ പുനർജന്മം പ്രാപിക്കാനായി അവന്റെ കൃപ നാം സ്വീകരിക്കേണ്ടത് ആവശ്യമാണ്. "യേശുക്രിസ്തുവിനോട് ഐക്യപ്പെടാൻ സ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് സ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടേ? അങ്ങനെ, അവന്റെ മരണത്തോട് നമ്മെ ഐക്യപ്പെടുത്തിയ സ്നാനത്താൽ നാം അവനോടൊത്ത് സംസ്ക്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനു ശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്ത് സംസ്ക്കരിക്കപ്പെട്ടത്" (റോമ 6,3-4). - ഇതേ രീതിയിൽ നമുക്ക് ഭാവിനന്മകളും പ്രതീക്ഷിക്കാം. അതുകൊണ്ട്, വിശ്വാസികളുടെ സമൂഹം ക്രിസ്തുവിന്റെ ശരീരം എന്നു വിളിക്കപ്പെടുന്നു. നാമോരോരുത്തരും അവന്റെ അവയവം എന്ന് വിളിക്കപ്പെടുന്നു. അവൻ നമ്മുടെ എല്ലാവരുടെയും ശിരസ്സാണ്. കാരണം, ആത്മാവിന്റെ ശക്തിവഴി അവനോട് സ്വാഭാവികമെന്നപോലെ നാം യോജിച്ചിരിക്കുന്നു. ശ്ലീഹാ പറയുന്നതുപോലെ, "നാമെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകാൻ സ്നാനമേറ്റു" (1കൊറി 12,13).

ആത്മാവിന്റെ ശക്തിയെ സൂചിപ്പിക്കാൻ ആഗ്രഹിച്ചുകൊണ്ട് നമ്മുടെ കർത്താവ് പറയുന്നു: "അവൻ എനിക്കുള്ളവയിൽ നിന്നു സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും. അങ്ങനെ അവൻ എന്നെ മഹത്വപ്പെടുത്തും" (16,14). അതായത്, അവൻ എന്റെ മഹത്വം എല്ലാ മനുഷ്യർക്കും വെളിപ്പെടുത്തും. "ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്വപ്പെടുത്തി "എന്ന് അവൻ പിതാവിനെ കുറിച്ച് പറയുന്നതിന്റെ അർത്ഥം, എല്ലാവരുടെയും മുമ്പാകെ ഞാൻ നിന്റെ മഹത്വം വെളിവാക്കി എന്നാണ്. അതുപോലെയാണ് ആത്മാവിനെ കുറിച്ചും "അവൻ എന്നെ മഹത്വപ്പെടുത്തും" എന്ന് ഇവിടെ പറയുന്നത്.

www.malankaralibrary.com



അതായത്, എന്റെ മഹത്വം ഏതു തരമാണെന്നും എത്രമാത്രമാണെന്നും അവൻ വെളിപ്പെടുത്തും. ആത്മാവിന്റെ കൃപ മുഴുവൻ എന്നെയാണ് ഏൽപി ച്ചിരിക്കുന്നത്. കാരണം വചനമാം ദൈവത്തോട് യോജിച്ചുകൊണ്ട് യഥാർഥമായ പുത്രസ്വീകാര്യം ഞാൻ പ്രാപിച്ചിരിക്കുന്നു. പുത്രനെന്ന നില യിൽ എനിക്ക് ലഭിച്ചിരിക്കുന്ന ഔന്നത്യത്തിൽ നിന്ന് നിങ്ങൾ വളരെ അക ലെയാണെങ്കിലും, എന്നിലും എന്നോടുകൂടെയുമുള്ള കൃപയിൽനിന്ന് ഒരു ചെറിയഭാഗം നിങ്ങളുടെമേൽ വരുന്നതിനാൽ, നിങ്ങളും ദൈവപുത്രരെന്ന് വിളിക്കപ്പെടും. ആത്മാവിന്റെ പ്രവർത്തനം വഴി ഈ കൃപ എല്ലാ കാര്യങ്ങ ളും ചെയ്യുമ്പോൾ,- അതായത്, അത്ഭുതങ്ങൾ പ്രവർത്തിക്കുക, രോഗശാ ന്തി നൽകുക, പിശാചുക്കളെ ബഹിഷ്ക്കരിക്കുക, ഭാവികാര്യങ്ങൾ പ്രവചി ക്കുക, നിഗൂഢമായവ വെളിപ്പെടുത്തുക - നിങ്ങൾ എന്റെ മഹത്വം ഗ്രഹി ക്കും. എല്ലാ മനുഷ്യരെയും അത്ഭുതസ്തബ്ധരാക്കാൻ കഴിവുറ്റതാണ് നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന കൃപയുടെ ഈ ചെറിയ ഭാഗമെങ്കിൽ, എനിക്കു നൽകപ്പെട്ട മഹത്വം എത്ര വലുതാണെന്ന് നിങ്ങൾ പരിഗണിക്കുവിൻ.

താനും അവരും തമ്മിലുള്ള വ്യത്യാസം എത്ര വലുതാണെന്ന് കാണി ക്കാൻ അവൻ ഇപ്രകാരം പ്രഖ്യാപിക്കുന്നു: "പിതാവിനുള്ളതെല്ലാം എനി ക്കുള്ളതാണ് " (16,15). കാരണം, ഞാൻ സർവാധിപത്യം സ്വീകരിച്ചിരി ക്കുന്നു എന്ന് അവൻ പറയുന്നു. അത് അങ്ങനെയാണെന്ന് ഞങ്ങൾ വിശ്വ സിക്കുകയും ചെയ്തിരിക്കുന്നു. വചനമാം ദൈവത്തോടുള്ള യോജിപ്പു നിമിത്തം വചനമാം ദൈവത്തിനുള്ളവയിലെല്ലാം അവൻ പങ്കാളിയാകുന്നു. ആത്മാവിന്റെ ദാനം വഴിയാണ് ഈ യോജിപ്പുണ്ടായത്. അതുകൊണ്ട്, തന്റെ സർവാധിപത്യത്തിന്റെ ഉറവിടമായി അവനെ കാണുന്നു. തന്റെ വാക്കുകൾ കൂടുതൽ വിശദീകരിച്ചുകൊണ്ട് അവൻ പറയുന്നു: "അതുകൊണ്ടാണ് എനി ക്കുള്ളവയിൽ നിന്ന് സ്വീകരിച്ച് അവൻ നിങ്ങളോടു പ്രഖ്യാപിക്കുമെന്ന് ഞാൻ പറഞ്ഞത് " (16,15). കാരണം, ഞാൻ എല്ലാറ്റിന്റെയും നാഥനാകയാൽ, എനിക്ക് കൃപ മുഴുവൻ ലഭിച്ചിരിക്കുന്നു. നിങ്ങൾക്ക് അപ്രകാരം ലഭിക്കയി ല്ല. നിങ്ങൾക്ക് കുറച്ചു ഭാഗഭാഗിത്വം മാത്രമേ സ്വീകരിക്കാൻ കഴിയൂ. എന്നെ പ്പോലെ നിങ്ങളും കർത്താക്കന്മാർ എന്ന് വിളിക്കത്തക്കവിധം എനിക്കു തു ല്യരാകാൻ നിങ്ങൾക്കു കഴിയില്ല. അതുകൊണ്ടാണ്, "എന്റേത് " എന്നല്ല, "എനിക്കുള്ളവയിൽനിന്ന് "എന്ന് ഞാൻ പറഞ്ഞത്. എന്നിലുള്ള കൃപ സമ്പൂർണമാണ്. നിങ്ങൾക്ക് സമ്പൂർണകൃപ സ്വീകരിക്കാനാവില്ല. നിങ്ങൾക്ക് സ്വീകരിക്കാവുന്ന ചെറിയൊരു ഭാഗം മാത്രം നിങ്ങൾ സ്വീകരിക്കും. - അവൻ ഔന്നത്യത്തിൽ സ്ഥാപിക്കപ്പെടുകയും ശിഷ്യർക്ക് മഹാകാര്യങ്ങൾ വരാ നിരിക്കുകയും ചെയ്യുന്നതുകൊണ്ടും, തന്റെ ശിഷ്യരെ ഉറപ്പിക്കാനും ശത്രു ക്കളെ ലജ്ജിപ്പിക്കാനും അവന്റെ ആഗമനം വളരെ പ്രയോജനകരമായതു കൊണ്ടും, ഇങ്ങനെയുള്ള വാക്കുകളാൽ അവൻ ആത്മാവിന്റെ ശക്തിയും അധികാരവും വരച്ചുകാട്ടുന്നു.

www.malankaralibrary.com



തന്റെ പീഡാസഹനം അവർക്ക് പ്രയോജനകരമാകുമെന്നും പിന്നീട് സംഭവിക്കാനിരിക്കുന്നവ കൂടാതെ ആത്മാവിന്റെ കൃപ അവർക്ക് ലഭിക്കയില്ലെന്നും കാണിക്കാനാണ് അവൻ ഈ വാക്കുകൾ ഉച്ചരിച്ചത്. ആത്മാവിന്റെ കൃപ സ്വീകരിച്ചില്ലെങ്കിൽ, അവർക്ക് ഈ നന്മകളൊക്കെ നഷ്ടമാകും. തന്റെ പീഡാനുഭവം ഓർത്ത് ദുഃഖിക്കരുതെന്ന്, അവരെ ആശ്വസിപ്പിക്കാനായി അവൻ പറയുന്നു: "നിങ്ങളുടെ നന്മയ്ക്കുവേണ്ടിയാണ് ഞാൻ പോകുന്നത്. ഞാൻ പോകുന്നില്ലെങ്കിൽ, സഹായകൻ നിങ്ങളുടെ അടുത്തേക്ക് വരികയില്ല" (16,7). ആത്മാവിന്റെ ആഗമനം ശ്രേഷ്ഠനന്മയാണെന്ന് തെളിയിക്കാൻ ആഗ്രഹിച്ചുകൊണ്ട് മേൽപറഞ്ഞ വാക്കുകൾ അവൻ ഉച്ചരിച്ചു. അതുവഴി അവൻ പറഞ്ഞവ ഉറപ്പിക്കാൻ വേണ്ടിയാണിത്. തന്റെ പുറപ്പാട് അവർക്ക് ഉപകാരപ്രദമാണെന്ന് പറയുകയും തെളിയിക്കുകയും ചെയ്തശേഷം, തന്റെ സംഭാഷണത്തിന്റെ വിഷയത്തിലേക്ക് തിരിച്ചുവന്നുകൊണ്ട് അവൻ പറയുന്നു: "അൽപസമയം കഴിഞ്ഞാൽ നിങ്ങളെന്നെ കാണുകയില്ല. വീണ്ടും അൽപസമയം കഴിഞ്ഞാൽ നിങ്ങളെന്നെ കാണും. കാരണം, ഞാൻ എന്റെ പിതാവിന്റെ പക്കലേക്ക് പോകുന്നു" (16,16). ഇത് തൊട്ടുമുമ്പു പറഞ്ഞതിന്റെ കാരണമല്ല. അതിന് അതിന്റേതായ അർത്ഥമുണ്ട്. അവൻ പറഞ്ഞതിൽ മൂന്നുകാര്യങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്ന്, അൽപനേരം നിങ്ങൾ എന്നെ കാണുകയില്ല. രണ്ട്, അൽപനേരം നിങ്ങൾ എന്നെ കാണും. മൂന്ന്, ഞാൻ പിതാവിന്റെ പക്കലേക്കുപോകുന്നു. തന്റെ പ്രഭാഷണ വിഷയം അവതരിപ്പിച്ചശേഷം അത് ചുരുക്കിപ്പറയാൻ ആഗ്രഹിച്ചുകൊണ്ട് അവൻ പറയുന്നു: നിങ്ങൾക്ക് ഇത്ര വലിയ കൃപ ലഭിക്കാനിരിക്കകൊണ്ട്, ഞാൻ പോകുന്നതിൽ നിങ്ങൾ ദുഃഖിതരാകരുത്. "അൽപം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല."കാരണം, ഞാൻ മരിച്ച്, കബറടക്കപ്പെട്ടിയിരിക്കുന്നു."വീണ്ടും അൽപം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും."കാരണം, ഞാൻ മരണത്തിൽ നിന്ന് മോചിതനാകും. ഇത് നിങ്ങൾ അറിയുവിൻ. പിന്നീട് ഞാൻ സ്വർഗത്തിലേക്ക്, പിതൃസവിധത്തിലേക്ക്, ആരോഹണം ചെയ്യുന്നതായി നിങ്ങൾ കാണും. അതുകൊണ്ട്, ഇക്കാരണങ്ങളാൽ നിങ്ങൾ സന്തോഷിക്കണം.

തങ്ങൾക്ക് മനസ്സിലാക്കാൻ കഴിയാത്ത സംഭവങ്ങളെ കുറിച്ച് മുൻകൂട്ടി പറഞ്ഞ വാക്കുകൾ നിമിത്തം ശിഷ്യർ അത്ഭുതപ്പെട്ടു. അൽപനേരത്തേക്ക് അവനെ കാണുകയില്ല എന്നതും അൽപനേരത്തേക്ക് കാണും എന്നതും അവൻ പിതാവിന്റെ അടുത്തേക്ക് പോകുന്നു എന്നതും (16,16–17) അവർക്കൊട്ടും മനസ്സിലായില്ല. സുവിശേഷകൻ തന്നെ ഈ കാര്യം എടുത്തുപറയുന്നു: "ഇക്കാര്യം അവർ തന്നോടു ചോദിക്കാൻ ആഗ്രഹിക്കുന്നു എന്നു മനസ്സിലാക്കി യേശു പറഞ്ഞു: അൽപസമയം കഴിഞ്ഞാൽ നിങ്ങൾ

www.malankaralibrary.com



എന്നെ കാണുകയില്ല. വീണ്ടും അൽപസമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും എന്നു ഞാൻ പറഞ്ഞതിനെപ്പറ്റി നിങ്ങൾ പരസ്പരം ചോദിക്കുന്നുവോ?" (16,19). ഇവ പറഞ്ഞതിനു ശേഷവും വിശദീകരണത്തിനുള്ള സമയം ഇനിയും സമാഗതമായിട്ടില്ല എന്നു കരുതി അവൻ ഈ നിഗൂഢ സംഗതി വ്യക്തമാക്കിയില്ല. പിന്നീട് സംഭവിക്കാനിരിക്കുന്ന കാര്യങ്ങളിൽ നിന്ന് അവർ ഗ്രഹിക്കാനായി അവനത് വിട്ടുകളഞ്ഞു. തന്റെ പീഡാസഹനം നിമിത്തം അവർ ദുഃഖിതരായതിനാൽ, അതവർക്ക് ഭാവിയിൽ സമാശ്വാസത്തിന് കാരണമാകുമെന്ന് താൻ അറിയുന്ന കാര്യം അവൻ അവരോടു പറഞ്ഞു.

"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും. എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും. എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും" (16,20–21). തന്റെ പീഡാനുഭവം ശത്രുക്കൾക്ക് വലിയ സന്തോഷത്തിനും നിങ്ങൾക്ക് ദുഃഖത്തിനും കാരണമാകുമെന്ന് താൻ അറിയുന്ന കാര്യവും അവൻ അവരോടു പറഞ്ഞു. - എന്നാൽ പീഡാനുഭവത്തിൽ നിന്നു ലഭിക്കുന്ന നന്മകൾ അനുഭവിക്കുമ്പോൾ, നിങ്ങളുടെ സങ്കടത്തിൽനിന്ന് വലിയ സന്തോഷമുണ്ടാകുമെന്ന് അറിഞ്ഞുകൊള്ളുവിൻ. ദുഃഖത്തിൽനിന്ന് സന്തോഷം ഉണ്ടാകുന്ന കാര്യം അവിശ്വസനീയമായി തോന്നാം എന്നതിനാൽ, സ്ത്രീകൾക്കു സംഭവിക്കുന്ന പ്രസവവേദന ഉദാഹരണമാക്കി അവൻ അവരെ ബോധ്യപ്പെടുത്താൻ ആഗ്രഹിച്ചു. വലിയ വേദനയോടെയാണ് സ്ത്രീകൾ പ്രസവിക്കുന്നതെങ്കിലും, പ്രസവം കഴിയുമ്പോൾ ദുഃഖവിമുക്തരാകുകയും വേദന വിസ്മരിക്കുകയും പ്രസ്തുത വേദനയിൽനിന്ന് വലുതും വിസ്മയാവഹവുമായ ഒരു ജീവൻ ലോകത്തിന് നൽകി എന്നതിൽ സന്തോഷിക്കുകയും ചെയ്യുന്നു. അതുപോലെ, പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സമയത്ത് പ്രസവവേദന പോലെയുള്ള ഒരനുഭവം നിങ്ങൾക്കും ഉണ്ടാകും. ഞാൻ മരണത്തിൽ നിന്നുയിർത്ത് കല്ലറയിൽനിന്ന് പുറത്തുവരുമ്പോൾ, പ്രസ്തുത വേദനകളിൽനിന്ന് ഒരു പുതിയ മനുഷ്യൻ അമർത്യതയിലേക്കു ജനിച്ചതുപോലെ, അതിൽ പങ്കാളിത്തം കിട്ടുമെന്നുള്ള പ്രതീക്ഷ നിമിത്തവും "നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തുകളയുകയില്ല" എന്നത് നിമിത്തവും നിങ്ങൾക്ക് വലിയ സന്തോഷമുണ്ടാകും. എനിക്ക് ഇനിയും ഒരിക്കലും മരിക്കാൻ സാധിക്കുകയില്ല. എന്നോടുള്ള നിങ്ങളുടെ പങ്കാളിത്തം ആർക്കും എടുത്തുമാറ്റാൻ കഴിയുകയില്ല.

"അന്ന് നിങ്ങൾ എന്നോട് ഒന്നും ചോദിക്കുകയില്ല" (16,23). അതിന്റെ അർത്ഥം നിങ്ങൾക്ക് ചോദിക്കേണ്ട ആവശ്യം ഉണ്ടാകുകയില്ല എന്നാണ്. എ

www.malankaralibrary.com



ന്തുകൊണ്ടെന്നാൽ, ആത്മാവിന്റെ ദാനം വഴി നിങ്ങൾക്ക് എല്ലാ നന്മകളിലും ഭാഗഭാഗിത്വം ഉണ്ടായിരിക്കും. മറ്റുകാര്യങ്ങൾ എന്നപോലെ ഇതും ആലങ്കാരികമായി പറയാനാണ് അവൻ ആഗ്രഹിച്ചത്. തങ്ങൾക്ക് യഥാർഥത്തിൽ യാചനയുടെ ആവശ്യമില്ലെന്ന് അവർ കരുതാതിരിക്കാൻ, അവൻ പറയുന്നു: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് ചോദിക്കുന്നതെന്തും അവിടുന്ന് നിങ്ങൾക്ക് നൽകും" (16,23). "നിങ്ങൾ ചോദിക്കയില്ല" എന്നത് "നിങ്ങൾ ചോദിക്കുന്നതെന്തും" എന്നതിന് വിരുദ്ധമായി തോന്നാവുന്നതാണ്. "നിങ്ങൾ എന്നോട് ചോദിക്കുകയില്ല" എന്നത് ചോദിക്കുന്നതിനെ വിലക്കുന്നില്ല. "നിങ്ങൾ ചോദിക്കുന്നതെന്തും ലഭിക്കും"എന്നതുവഴി, ചോദിക്കാൻ അവരെ പ്രേരിപ്പിക്കുന്നു. ഞാൻ മുമ്പു പറഞ്ഞതുപോലെ, മറ്റു പലതിലും എന്നതുപോലെ, ഇവിടെയും ആലങ്കാരികമായിട്ടാണ് പറഞ്ഞിരിക്കുന്നത്. അവൻ പറയാൻ ഉദ്ദേശിച്ചത് "ഞാൻ സ്വർഗത്തിലേക്ക് ആരോഹണം ചെയ്യുകയും നിങ്ങൾ ആത്മാവിന്റെ കൃപ സ്വീകരിക്കുകയും ചെയ്യുന്നതുവഴി ദാനങ്ങളുടെ നിക്ഷേപം ധാരാളമായി കൈവശപ്പെടുത്തും. അപ്പോൾ, ദാനങ്ങൾക്കു വേണ്ടിയുള്ള യാചന നിങ്ങൾക്ക് ആവശ്യമില്ല." - അതുകൊണ്ട്, പ്രാർഥന വഴി എന്നതിനേക്കാൾ, സ്വീകരിച്ച കൃപവഴിയാണ് അവർ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നത്.

"ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നുംതന്നെ ചോദിച്ചിട്ടില്ല"(16,24). വാസ്തവത്തിൽ ഇതുവരെ പ്രാർഥനയിലൂടെ അവനോട് യാചിക്കണമെന്ന് അവർ കരുതിയിരുന്നില്ല. "ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും. അതുമൂലം നിങ്ങളുടെ സന്തോഷം പൂർണമാകുകയും ചെയ്യും"(16,24). അതിനുശേഷം അവൻ പറയുന്നു: നിങ്ങൾ ഇടവിടാതെ ചോദിക്കുവിൻ. നിങ്ങൾക്ക് ലഭിക്കും. അതുപോലെ, നിങ്ങൾക്കു ലഭിച്ച ദാനങ്ങളെപ്രതി നിങ്ങൾ സന്തോഷിക്കുകയും ചെയ്യും. "ഉപമകൾ വഴിയാണ് ഞാൻ ഇതെല്ലാം നിങ്ങളോടു പറഞ്ഞത് "(25). നാം പല പ്രാവശ്യം പറഞ്ഞതുപോലെ, അവൻ അവരോട് ഉപമകളിലൂടെയാണ് സംസാരിച്ചതെന്ന് വ്യക്തമായി പ്രഖ്യാപിക്കുന്നു. അവൻ ഇതും കൂട്ടിച്ചേർക്കുന്നു: "ഉപമകൾ വഴിയല്ലാതെ ഞാൻ നിങ്ങളോട് സംസാരിക്കുന്ന സമയം വരുന്നു. അപ്പോൾ പിതാവിനെപ്പറ്റി സ്പഷ്ടമായി ഞാൻ നിങ്ങളെ അറിയിക്കും"(16,25).

പിതാവിനെയും പുത്രനെയും കുറിച്ച് യഥാർഥജ്ഞാനം കൃപാവരം വഴി നൽകുന്ന പരിശുദ്ധാത്മാവിന്റെ ആഗമന സമയമാണിത്. അതുകൊണ്ടാണ് അവർക്ക് പിതാവിനെ കുറിച്ച് വ്യക്തമായ അറിവ് ലഭിക്കുമെന്ന് പറഞ്ഞത്. പിതാവ് തന്റെ സത്തയിലൂടെ പുത്രനെ ജനിപ്പിച്ചെന്ന് അവരറിയും. അവരിതു നേരത്തേ അറിഞ്ഞിരുന്നില്ല. "എന്റെ പിതാവ് "എന്ന് അവൻ

www.malankaralibrary.com



പറഞ്ഞത് അവർക്ക് മനസ്സിലാകാതിരുന്നത് അതുകൊണ്ടാണ്. മറ്റുമനുഷ്യരോട് എന്നതുപോലെ അവനോടുമുള്ള ദൈവത്തിന്റെ പരിപാലന മൂലമാണ് അവൻ ദൈവത്തെ "പിതാവ് "എന്നു വിളിച്ചതെന്നാണ് അവർ കരുതിയിരുന്നത്. അതുകൊണ്ട്, അതേ രീതിയിൽ അവൻ കൂട്ടിച്ചേർക്കുന്നു: "അന്ന് നിങ്ങൾ എന്റെ നാമത്തിൽ ചോദിക്കും"(16,26). യേശു, പിതാവിന്റെ ഏകജാതനാണ് എന്നകാര്യം അറിയുന്നവർ പിതാവിനോട് ചോദിക്കുന്ന കാര്യങ്ങൾ തീർച്ചയായും പുത്രനോടും ചോദിക്കും. "ഞാൻ നിങ്ങൾക്കു വേണ്ടി പിതാവിനോട് പ്രാർഥിക്കാം എന്നു പറയുന്നില്ല"(16,26). - "ഞാൻ പിതാവിനോട് ചോദിക്കും" എന്ന് മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ (14,16). "മറ്റൊരു സഹായകനെ അവൻ നിങ്ങൾക്ക് അയച്ചുതരും" (14,16). ഇവിടെയാകട്ടെ (16,26), "ഞാൻ നിങ്ങൾക്കുവേണ്ടി പിതാവിനോട് പ്രാർഥിക്കാം എന്നു പറയുന്നില്ല." ഇവിടെ, വരുന്ന ആത്മാവിന്റെ ഇറക്കത്തെക്കുറിച്ചു സംസാരിക്കുന്നതുകൊണ്ടാണ് മാനുഷികരീതിയിൽ "ഞാൻ ചോദിക്കും" എന്ന് ന്യായമായി പറഞ്ഞിരിക്കുന്നത്. എങ്കിലും ചോദിക്കാൻ അവനു കടമയില്ലെന്ന് വ്യക്തമാണല്ലോ.

തന്റെ ശിഷ്യർക്ക് നൽകേണ്ടതാണെന്ന് അറിഞ്ഞിരിക്കുന്നതും അവരോട് വാഗ്ദാനം ചെയ്തിരിക്കുന്നതുമായ കാര്യം യാചനവഴി എങ്ങനെയാണ് അവർക്ക് ലഭിക്കുന്നത്? അവൻ "യാചന" എന്നു വിളിക്കുന്നത് ദാനത്തിന്റെ കാരണത്തെയാണ്. ഇവിടെ, അവർ വ്യക്തമായി അറിയാനിരിക്കുന്ന തന്റെ ദൈവത്വത്തിന്റെ മഹത്വത്തെ കുറിച്ചാണ് പറയുന്നത്. അവനുതന്നെ നൽകാൻ കഴിയുന്നതാകയാൽ, അവർക്കുവേണ്ടി യാചിക്കേണ്ട ആവശ്യം തനിക്കില്ലെന്ന് തെളിയിക്കാൻ വേണ്ടിയാണ് "ഞാൻ ചോദിക്കയില്ല" എന്ന് പറയുന്നത്. താൻ വ്യർഥാഭിമാനം തേടുകയാണെന്ന് ബലഹീനത നിമിത്തം ശിഷ്യർ കരുതാതിരിക്കാൻ വേണ്ടി തന്റെ ദൈവത്വത്തിന് അനുയോജ്യമാം വിധം അവൻ കൂട്ടിച്ചേർക്കുന്നു: "കാരണം, പിതാവുതന്നെ നിങ്ങളെ സ്നേഹിക്കുന്നു"(16,27). നിങ്ങൾക്ക് എന്നോടുള്ള സ്നേഹം നിമിത്തം അവൻ നിങ്ങൾക്ക് എല്ലാം തരുന്നു. "ഞാൻ ചോദിക്കുകയില്ല" എന്ന വാക്കുകൾവഴി തന്റെ ദൈവിക മഹത്വത്തെയാണ് അവൻ സൂചിപ്പിക്കുന്നത്. "പിതാവ് നിങ്ങൾക്കു തരും" എന്ന വാക്കുകൾ വഴി അഹംഭാവത്തെക്കുറിച്ചുള്ള സംശയം ദൂരീകരിക്കുന്നു. താനും ദാനത്തിൽ പങ്കാളിയാണെന്ന കാര്യവും തന്നെക്കുറിച്ച് പരോക്ഷമായി പറയുന്നു. അവന് അവരെപ്പറ്റി വലിയ ശ്രദ്ധ ഉണ്ടായിട്ടും അവൻ ഒന്നും ചോദിക്കുന്നില്ലെങ്കിൽ തന്നെയും, പിതാവിനോടുകൂടെ അവനും അവർക്ക് നൽകുന്നു എന്ന് വ്യക്തമാണ്.

"ഞാൻ പിതാവിൽനിന്ന് പുറപ്പെട്ട് ലോകത്തിലേക്കു വന്നു. ഇപ്പോൾ വീണ്ടും ലോകംവിട്ട് പിതാവിന്റെ അടുത്തേക്കു പോകുന്നു"(16,28). -"ഞാൻ പിതാവിൽനിന്ന് പുറപ്പെട്ടു വന്നു" എന്ന വാക്കുകൾ സൂചിപ്പിക്കുന്നത്,

www.malankaralibrary.com



അവൻ മനുഷ്യനിൽ ആയിരുന്നു എന്നാണ്. "ഞാൻ പിതാവിന്റെ പക്കലേക്ക് പോകുന്നു" എന്നത് ഐക്യത്തെ കാണിക്കുന്നു. പിതാവിന്റെ സ്വഭാവത്തിൽ പങ്കാളിത്തമില്ലാത്ത മനുഷ്യൻ മാത്രമാണ് താനെന്ന് സാധാരണക്കാർ വിചാരിച്ചിരുന്നതു കൊണ്ടാണ് "ഞാൻ പുറപ്പെട്ടു" എന്ന് അവൻ പറഞ്ഞത്. കാരണം, ഈ ഐക്യത്തിൽ നിന്ന് വേർപെട്ടിരിക്കുക അസാധ്യമാണ്. അതുകൊണ്ട്, "ഞാൻ പോകുന്നു" എന്നത് ഭാവിയിലെ ഐക്യത്തെ സൂചിപ്പിച്ചുകൊണ്ട് ഇപ്പോഴത്തെ അവസ്ഥയെപ്പറ്റി അവൻ പറഞ്ഞതാണ്. "ഞാൻ പുറപ്പെട്ടു" എന്നത് അതുപോലെയല്ല.പിതാവുമായുള്ള കൂട്ടായ്മയിൽനിന്ന് എങ്ങനെയാണ് പുത്രന് വേർപെടാൻ കഴിയുക? അവനെ വെറുതെ കണ്ടതുകൊണ്ട് അവൻ വെറുമൊരു മനുഷ്യനാണെന്ന് കരുതിയവരുടെ അഭിപ്രായം അനുസരിച്ചാണ് അവനിതു പറയുക. മനുഷ്യർക്ക് പിതാവിനോട് സ്വാഭാവികമായ സമ്പർക്കം ഇല്ലാത്തതിനാൽ, അവർ അപ്രകാരം കരുതിയത് ന്യായമാണ്.

"ആരും സ്വർഗത്തിലേക്കു കയറിയിട്ടില്ല" (3,13) എന്നത് ദൈവസഹായത്താൽ വിശദീകരിച്ചതുപോലെ, ഇവിടെയും വചനമാം ദൈവത്തിന്റെയും അവൻ എടുത്ത മനുഷ്യന്റെയും സംയോജനമാണ് കാണിക്കുക. "പിതാവിൽ നിന്ന് ഞാൻ പുറപ്പെട്ടു"എന്നത് മുമ്പു പറഞ്ഞതുപോലെ, ദൈവത്വത്തെ കുറിച്ച് മനസ്സിലാക്കാം. പക്ഷേ അത് വേർപെടലിനെ കുറിച്ചാകാൻ പാടില്ല. എങ്കിലും എടുക്കപ്പെട്ട മനുഷ്യനെ കുറിച്ച് വ്യക്തമായി ഒരുതരത്തിലും അങ്ങനെ പറയാൻ പാടില്ല. "ഞാൻ പോകുന്നു," "ഞാൻ ഉപേക്ഷിക്കുന്നു"എന്നീ വാക്കുകൾ ഒരിക്കലും ദൈവത്വവുമായുള്ള സംയോജനത്തെ കുറിച്ചോ, മാറിപ്പോകലിനെ കുറിച്ചോ ഒരു തരത്തിലും പറയാൻ സാധ്യമല്ല. ഇതിന് ഒരിക്കലും അംഗീകാരം ലഭിച്ചിട്ടില്ല. മനുഷ്യനെ കുറിച്ചു മാത്രമേ ഇങ്ങനെ പറയാൻ സാധിക്കൂ. അവയിൽ ഒരു സ്വഭാവത്തെക്കുറിച്ച് ഇവരണ്ടും ഒരേ സമയം പറയാൻ പാടില്ല. വചനമാം ദൈവത്തിനും മനുഷ്യനും ഇവരണ്ടും ഒരിക്കലും ചേരുകയില്ല. സന്ദർഭത്തിന് കൂടുതൽ യോജിച്ചതായും കൂടുതൽ വ്യക്തമായും വേറേ ആരും വിശദീകരിച്ചിട്ടില്ലാത്ത രീതിയിൽ നാം വിവരിച്ച അർഥത്തിൽ ആദ്യത്തേത് ദൈവത്വത്തിനും രണ്ടാമത്തേത് എടുക്കപ്പെട്ട മനുഷ്യനും ചേരുമെന്ന് തോന്നുന്നു. സ്വഭാവങ്ങളുടെ യോജിപ്പു നിമിത്തം അവരണ്ടും ഏകദേശമായ ഐക്യത്തിൽ എത്തിച്ചേരുന്നു. അവൻ പറഞ്ഞതിന്റെ അർഥം ഇതാണ്: ഞാൻ മനുഷ്യനിൽ ആയിരുന്നു. എന്നെ അറിയാത്തവരുടെ ഇടയിൽ ഞാൻ മനുഷ്യരെപ്പോലെ കരുതപ്പെട്ടു. അവൻ വഴി മനുഷ്യരക്ഷയ്ക്കുവേണ്ടി ഞാൻ എല്ലാം പ്രവർത്തിച്ചു. അവനെ എന്നിൽ പിതാവിനോട് യോജിപ്പിക്കാൻവേണ്ടി ഞാൻ അവനെ എടുത്തു.

www.malankaralibrary.com



അവൻ തങ്ങളോടു പറഞ്ഞ വാക്കുകൾ ശിഷ്യന്മാർ കൃത്യമായി മനസ്സിലാക്കി എന്നു കരുതി പറയുന്നു: "ഇപ്പോൾ നീ ഇതാ, സ്പഷ്ടമായി സംസാരിക്കുന്നു. ഉപമയൊന്നും പറയുന്നുമില്ല. നീ എല്ലാ കാര്യങ്ങളും അറിയുന്നുവെന്നും ആരും നിന്നോട് ചോദിക്കേണ്ട ആവശ്യമില്ലെന്നും ഇപ്പോൾ ഞങ്ങൾ മനസ്സിലാക്കുന്നു. നീ ദൈവത്തിൽനിന്ന് വന്നെന്ന് ഇതിനാൽ ഞങ്ങൾ വിശ്വസിക്കുന്നു"(16,29-31). - അവൻ പറഞ്ഞവയൊന്നും ഉപമാമയമല്ലെന്ന് മറുപടി പറയത്തക്കവിധം തങ്ങളെല്ലാം ഗ്രഹിക്കുകയും മനസ്സിലാക്കുകയും ചെയ്തെന്ന് ശിഷ്യർ കരുതി. കർത്താവ് എന്ത് മറുപടി നൽകി? "ഇപ്പോൾ നിങ്ങൾ വിശ്വസിക്കുന്നുവോ? എന്നാൽ നിങ്ങൾ ഓരോരുത്തരും താന്താങ്ങളുടെ വഴിക്ക് ചിതറിക്കപ്പെടുകയും എന്നെ ഏകനായി വിട്ടുപോകുകയും ചെയ്യുന്ന സമയം വരുന്നു. അല്ല, അതു വന്നുകഴിഞ്ഞു. എങ്കിലും ഞാൻ ഏകനല്ല. കാരണം, പിതാവ് എന്നോടുകൂടെയുണ്ട്"(16,31-32).

ഭാഗികമായും അൽപമാത്രമായുമാണ് അവൻ അവരുടെ ബലഹീനതയെ കുറ്റപ്പെടുത്താൻ ഒരുമ്പെട്ടത്. തന്റെ വാക്കുകൾ അവർ മനസ്സിലാക്കിയില്ലെന്ന് അവൻ തെളിച്ചുപറഞ്ഞില്ല. പറഞ്ഞവ വിശദീകരിക്കാനും വ്യാഖ്യാനിക്കാനുമുള്ള സമയം ആഗതമായിട്ടില്ലായിരുന്നു. കുറ്റപ്പെടുത്തിയാൽ തന്നെ എന്തെങ്കിലും കൂടുതലായി മനസ്സിലാക്കാൻ കഴിവില്ലാതിരുന്നവരെ ശകാരിക്കുന്നത് അധികപ്പറ്റാണ്. യഥാർഥത്തിൽ സംഭവിച്ചതുപോലെ, തന്നെ വേഗം ഉപേക്ഷിച്ചു പോകാനിരുന്നവർ തങ്ങളുടെ വിശ്വാസത്തെക്കുറിച്ച് പ്രശംസിക്കുന്നത് വ്യർഥമാണെന്ന് പറഞ്ഞുകൊണ്ട് അവൻ അവരുടെ ബലഹീനതയെ കുറിച്ച് മുന്നറിയിപ്പു നൽകി.

തന്റെ പ്രവചനത്തിന്റെ കാരണം സൂചിപ്പിച്ചുകൊണ്ട് അവൻ കൂട്ടിച്ചേർക്കുന്നു: "നിങ്ങൾ എന്നിൽ സമാധാനം കണ്ടെത്തേണ്ടതിനാണ് ഞാനിതു നിങ്ങളോടു പറഞ്ഞത് " (16,33). നിങ്ങൾക്ക് സംഭവിക്കാവുന്ന പിശകാണ് ഞാൻ മുൻകൂട്ടി നിങ്ങളെ അറിയിച്ചത്. അതുണ്ടാകുമ്പോൾ, മുൻകൂട്ടി പറഞ്ഞവന്റെ ശക്തിയെ നിങ്ങൾ അംഗീകരിക്കുന്നതിനും നിങ്ങളുടെ കർത്താവായ എന്നെ നിഷേധിച്ച് നിങ്ങൾ വീണ്ടും തെറ്റിൽ ഉൾപ്പെടാതെ സൂക്ഷിക്കുന്നതിനും വേണ്ടിയാണിത്. എന്നാൽ അവർക്ക് വലിയ ഞെരുക്കം ഉണ്ടാകുമെന്ന് അവൻ തുടർന്ന് പറയുന്നു: "ലോകത്തിൽ നിങ്ങൾക്ക് ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ. ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു"(16,33). നിങ്ങളെ ഞെരുക്കുന്നവർ ശക്തരാണെങ്കിലും, ധൈര്യമായിരിക്കുകയും സന്തോഷിക്കുകയും ചെയ്യുവിൻ. അവരെ ഞാൻ പരാജയപ്പെടുത്തുമെന്നതിനാൽ, നിങ്ങൾ ധൈര്യമായിരുന്ന് സന്തോഷിക്കുവിൻ. എന്നെ നശിപ്പിക്കാമെന്നു കരുതി അവർ എനിക്ക് ഏൽപിക്കുന്ന മരണത്തിന് ഞാൻ അതീതനാകയാൽ, എന്നോടുകൂടെ സഹനത്തിൽ പങ്കുകാ

www.malankaralibrary.com



രായ നിങ്ങളും, വരാനിരിക്കുന്ന ഉയിർപ്പിൽ പങ്കുകാരാകുമെന്ന് വിശ്വസിക്കുവിൻ. അവർ നിമിത്തം നിങ്ങൾ ദുഃഖിതരാകരുത്. മറിച്ച്, നിങ്ങൾക്ക് ലഭിക്കാനിരിക്കുന്നവ നിമിത്തം സന്തോഷിക്കുവിൻ.

തന്റെ ശിഷ്യന്മാരുടെ ശിക്ഷണത്തിന് വളരെ പ്രയോജനകരമാണെന്ന് കരുതിയവ കർത്താവ് പറഞ്ഞുകൊടുത്തു. ഞെരുക്കങ്ങളേക്കാൾ വലിയ നന്മകൾ ഉണ്ടാകുന്നതിനാൽ, പീഡാസഹനത്തെക്കുറിച്ച് കേട്ട് ദുഃഖിക്കരുതെന്ന് അവരെ ആശ്വസിപ്പിക്കാൻ വേണ്ടിയാണിത്. അവർക്ക് സംഭവിക്കാനിരിക്കുന്നവയും പിന്നീട് അവർക്ക് വളരെ മഹനീയമായി പരിണമിക്കാനിരിക്കുന്നവയുമായ പലതും അവൻ അവരോടു പറഞ്ഞു. എന്നാൽ നമ്മുടെ കർത്താവു തന്നെ അവരോടു പറഞ്ഞതുപോലെ, ബലഹീനരായ ശിഷ്യന്മാർക്ക്, പീഡാസഹനത്തിനുമുമ്പ് അവന്റെ വാക്കുകൾ ഗ്രഹിക്കാൻ കഴിഞ്ഞില്ല. ചില വാക്കുകൾ കേൾക്കാൻ പോലും അവർക്ക് കഴിയുമായിരുന്നില്ല. കാരണം, വളരെ കാര്യങ്ങൾ ഉപമകളിലാണ് അവൻ അവരോടു പറഞ്ഞത്.

തനിക്കും അവർക്കും എന്തു നൽകണമെന്ന് പിതാവിനോട് അപേക്ഷിക്കുന്ന പ്രാർത്ഥനാരൂപത്തിലേക്ക് അവൻ തിരിഞ്ഞു. അവൻ പറഞ്ഞ കാര്യങ്ങളിൽ മിക്കതും വിശ്വസിക്കാൻ അപ്പോൾ അവർക്ക് കഴിഞ്ഞില്ലെങ്കിലും, അവൻ പ്രാർത്ഥനയിൽ യാചിച്ചിരുന്നതുകൊണ്ട്, സംശയിക്കുന്നത് അപകടകരമാണെന്ന് അവർ കരുതി. പിതാവിന് ഇഷ്ടമാണെങ്കിൽ അവർക്കു നൽകാൻ അസാധ്യമായി യാതൊന്നുമില്ലെന്ന് അവർ അറിഞ്ഞിരുന്നു. ഇവിടെ പ്രാർത്ഥനയല്ല, പ്രാർത്ഥനയുടെ രീതി മാത്രമാണ് ഉണ്ടായിരുന്നതെന്ന് വിവരണത്തിൽനിന്ന് വ്യക്തമായി മനസ്സിലാക്കാം. ഈ പ്രാർത്ഥനയുടെ വാക്കുകളും ഉപമാമയമായിട്ടത്രേ അവൻ ഉപയോഗിച്ചത്. ആരെങ്കിലും ഈ വാക്കുകൾ അക്ഷരാർത്ഥത്തിൽ മനസ്സിലാക്കാൻ ശ്രമിച്ചാൽ, അവ തമ്മിൽ പരസ്പര ബന്ധമൊന്നും ഇല്ലാത്തതിനാൽ, എന്തിനാണ് അതു പറഞ്ഞതെന്ന് കണ്ടുപിടിക്കാൻ കഴിയുകയില്ല.

## ശിഷ്യർക്കുവേണ്ടിയുള്ള പ്രാർത്ഥന

സുവിശേഷകൻ പറയുന്നു: “ഇത്രയും പറഞ്ഞതിനു ശേഷം യേശു സ്വർഗത്തിലേക്ക് കണ്ണുകളുയർത്തി പ്രാർത്ഥിച്ചു. പിതാവേ, സമയമായിരിക്കുന്നു. പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ നീ മഹത്വപ്പെടുത്തേണമേ. എന്തെന്നാൽ എല്ലാവരുടെയുംമേൽ നീ അവന് അധികാരം നൽകിയിരിക്കുന്നുവല്ലോ”(17,1-2). ഈ വാക്കുകളുടെ അർത്ഥം ശരിയായി മനസ്സിലാക്കാൻ കഴിയാതെയും, അവ വേണ്ട രീതിയിൽ വായിക്കാതെയും അവയുടെ വിഭജനക്രമം തന്നെ വളരെപ്പേർ മാറ്റിമറിക്കുന്നു. വാക്കുകൾ വായിക്കേണ്ട ക്രമത്തിൽ നിന്ന് മാറ്റി മറ്റുവാക്കുകളോടുകൂടെ അവർ

www.malankaralibrary.com



ചേർക്കുന്നു. ഉദാ. "എല്ലാവരുടെയും മേൽ അവന് നീ അധികാരം നൽകിയിരിക്കുന്നുവല്ലോ" എന്നതിനെ ചിലർ താഴെ വരുന്നവയോട് കൂട്ടിച്ചേർക്കുന്നു. ഇവിടെ, നാം പറഞ്ഞതുപോലെ, മേൽപറഞ്ഞവയോട് ചേർക്കുന്നതാണ് മെച്ചം. എടുക്കപ്പെട്ട മനുഷ്യന് പീഡാനുഭവശേഷം ദൈവം വലിയ മഹത്വം നൽകേണ്ടത് ഉചിതമായിരുന്നു. അവൻ ഉയിർത്തെഴുന്നേറ്റതുകൊണ്ടും സ്വർഗ്ഗത്തിലേക്ക് കരേറാനിരുന്നതുകൊണ്ടും വചനമാം ദൈവത്തോടുള്ള യോജിപ്പുമൂലം സർവാധിപത്യം പ്രാപിക്കാനിരുന്നതുകൊണ്ടും അവൻ എല്ലാവരാലും ആരാധിക്കപ്പെടേണ്ടവനാണ്. ശ്ലീഹാ തന്നെ പറയുന്നു: "ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം അവന് നൽകുകയും ചെയ്തു. ഇത് യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകൾ മടക്കുന്നതിനാണ്" (ഫിലി 2,9-10).

നമ്മുടെ കർത്താവ് ഇതു പറഞ്ഞ അവസരം ശിഷ്യന്മാർക്ക് ഇത് അവിശ്വസനീയമായിരുന്നു. കാരണം, അവന്റെ വലിയ വിനീതാവസ്ഥ നിമിത്തം പ്രസ്തുത വിവരണം അംഗീകരിക്കാൻ ശിഷ്യരുടെ മാനുഷിക ബലഹീനത അനുവദിച്ചില്ല. പ്രാർഥനാരൂപത്തിൽ ഇത് അവരെ അറിയിക്കാൻ ആഗ്രഹിച്ചുകൊണ്ട് അവൻ പറഞ്ഞു: "പിതാവേ, സമയമായിരിക്കുന്നു. എല്ലാവരുടെയും മേൽ നീ പുത്രന് അധികാരം നൽകിയിരിക്കുന്നതുപോലെ, പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ നീ മഹത്വപ്പെടുത്തണമെ." വാക്കുകളുടെ കാര്യകാരണസഹിതമുള്ള ക്രമമിതാണ്. "നിന്റെ പുത്രൻ നിന്നെ മഹത്വപ്പെടുത്തും" എന്നത് മറ്റുള്ളവയെല്ലാം കഴിഞ്ഞുവരണം. അതുകൊണ്ട് അവൻ പറയുന്നു: സാർവത്രികാധികാരം പ്രാപിക്കത്തക്കവണ്ണം അത്ര വലിയ ഔന്നത്യം നീ അവന് നൽകി. വാസ്തവത്തിൽ പിന്നീടാണ് അവന് ഈ അധികാരം ലഭിച്ചത്. എങ്കിലും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവൻ എന്ന നിലയിൽ ആ ബഹുമാനം അവന്റേതായിരുന്നു. അതുകൊണ്ട്, നീ അത് എനിക്കു നൽകിയതുപോലെ എന്നെ മഹത്വപ്പെടുത്തണമെ. അതായത്, നീ എന്നെ മഹത്തായ ബഹുമാനത്തിന് യോഗ്യനാക്കി, അത് പീഡാനുഭവസമയത്ത് മനുഷ്യരുടെ മുമ്പാകെ വെളിപ്പെടുത്തണമെ. കുരിശിൽ സംഭവിക്കാനിരിക്കുന്നവ വഴി എന്റെ ഔന്നത്യം എല്ലാവരും അംഗീകരിക്കുന്നതിനും ഞാൻ ഈ സഹനം അർഹിക്കുന്നതല്ലെന്നും മറ്റുള്ളവരുടെ വിവിധ പ്രയോജനത്തിന് ഞാൻ സ്വമേധയാ മരിക്കുകയാണെന്നും അറിയുന്നതിനും വേണ്ടിയാണിത്.

"എന്നെ മഹത്വപ്പെടുത്തണമെ" എന്നതിന്റെ അർഥം "എനിക്കു മഹത്വം തരിക" എന്നല്ല. "നീ എനിക്കു തന്ന മഹത്വം വെളിപ്പെടുത്തുക" എന്നാണ്. "നിന്റെ പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിന്" എന്ന് അതേ അർഥത്തിലാണ് അവൻ കൂട്ടിച്ചേർത്തത്. അതായത്, ഞാൻവഴി ഇവയിൽ

www.malankaralibrary.com



നീ വലിയവനും മഹനീയനുമായി കാണപ്പെടും. കാരണം, എത്രത്തോളം അത്ഭുതങ്ങൾ ഞാൻ പ്രവർത്തിക്കുന്നതായി അവർ കാണുമോ, അത്രത്തോളം നിന്റെ മഹത്വവും അവർ അറിയും. ഇവിടെ "നിന്റെ പുത്രൻ" എന്നത് ഹേതുവിനെയല്ല കുറിക്കുന്നത്. പിതാവ് പുത്രൻവഴി മഹത്വപ്പെടാൻ വേണ്ടിയല്ല പിതാവ് അവനെ മഹത്വപ്പെടുത്തുന്നത്. മറിച്ച്, ദൈവിക ഗ്രന്ഥങ്ങളുടെ രീതി അനുസരിച്ച് പരിണിതഫലമായിട്ടാണ് പറയുന്നത്. ഉദാ. "തിരിച്ചെടുക്കാൻ വേണ്ടി ഞാൻ ജീവൻ സമർപ്പിക്കുന്നതിനാൽ, പിതാവ് എന്നെ സ്നേഹിക്കുന്നു"(10,17). അവൻ തന്റെ ജീവൻ അർപ്പിച്ചതുകൊണ്ടല്ല, പിതാവ് അവനെ സ്നേഹിക്കുന്നത്. മറിച്ച്, പിതാവിന്റെ സ്നേഹവുമായി അതിന് അവശ്യബന്ധമുണ്ടെന്ന് കാണിക്കാനാണ്.

താഴെവരുന്ന വാക്യത്തിനും ഇതുപോലെയുള്ള അർഥമാണ്. "അവിടുന്ന് അവന് നൽകിയിട്ടുള്ളവർക്കെല്ലാം അവൻ നിത്യജീവൻ നൽകേണ്ടതിന് " (17,2). ഇവിടെയും ഹേതുവല്ല, മറിച്ച് അവശ്യം വരുന്ന പരിണിതഫലമാണ് കാണിക്കുന്നത്. തന്നിൽ വിശ്വസിക്കുന്നവർക്കെല്ലാം നിത്യജീവൻ നൽകുന്നതിനു വേണ്ടിയാണ് താൻ സാർവത്രികാധികാരം സ്വീകരിച്ചതെന്നാണ് അവൻ പറയാൻ ആഗ്രഹിക്കുന്നത്. അവൻ എങ്ങനെയാണ് അവർക്ക് ജീവൻ നൽകുന്നതെന്ന് താഴെ പറയുന്നു: "ഏക സത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുക എന്നതാണ് നിത്യജീവൻ"(17,3). അവിടെയും ഇവിടെയും പിഴച്ചു പോകാതെയും ദൈവികമല്ലാത്തവയെ ദൈവികമെന്ന് വിളിക്കാതെയും അവർ കൃത്യമായി അവന്റെ ദൈവസ്വഭാവം മനസ്സിലാക്കുമ്പോൾ അവർക്ക് നിത്യജീവൻ ലഭിക്കും. കൂടാതെ, നിന്റെ കൽപന അനുസരിച്ച് ഈ ലോകത്തിലേക്കുവന്ന എന്നെ അവർ അങ്ങനെ അംഗീകരിച്ചു പറയുമ്പോൾ, ഞാൻ എല്ലാ കാര്യങ്ങളും അവരുടെ രക്ഷയ്ക്കായി പ്രവർത്തിക്കും. അതുകൊണ്ട്, സർവോപരി അവർ അവനെ അറിയുന്നതും ഇവയെല്ലാം നിമിത്തം അവനെ വേണ്ടവണ്ണം ബഹുമാനിക്കുന്നതും ഉചിതമാണ്. അക്കാലത്തെ മനുഷ്യരുടെ ഇടയിൽ പേഗനിസം, യൂദമതം എന്നീ രണ്ട് പ്രബോധനങ്ങൾ നിലനിന്നു. സത്യമായ ക്രിസ്തീയപ്രബോധനം മൂന്നാമതൊരു പ്രബോധനമായി ക്രിസ്തു അവതരിപ്പിച്ചു. അതിനെ ചുരുക്കമായി ഇങ്ങനെ വിവരിക്കാം.

ക്രിസ്തീയ പ്രബോധനം എല്ലാ കാര്യങ്ങളിലും പേഗനിസത്തിന് എതിരാണ്. യൂദായിസത്തോടു താരതമ്യപ്പെടുത്തിയാൽ, പേഗനിസം യഥാർഥ അറിവിൽനിന്ന് വളരെ അകലെയാണ്. അനേകം ദൈവങ്ങളുണ്ടെന്ന് പേഗനിസം പഠിപ്പിക്കുന്നതിനാൽ ക്രിസ്തുമതത്തിന് കടകവിരുദ്ധമാണത്. യൂദായിസത്തിന് ദൈവസ്വഭാവത്തെ കുറിച്ച് കുറെയൊക്കെ അറിയാമെങ്കിലും, ആ അറിവ് പൂർണമല്ല. യഹൂദർ ദൈവത്തെ സാധാരണരീതിയിൽ അറിയു

www.malankaralibrary.com



ന്നു. അതിലുപരി അവർക്കൊന്നും മനസ്സിലാകുന്നില്ല. കാരണം, അവാച്യമായ രഹസ്യത്തിൽ പുത്രനെ ജനിപ്പിച്ച പിതാവിന്റെ സ്വഭാവം അവർക്ക് അജ്ഞാതമാണ്. പിതാവിന്റെ പക്കൽ ആദിമുതൽ ഉണ്ടായിരുന്ന പുത്രന്റെ വ്യക്തിത്വത്തെ കുറിച്ചും അവർക്ക് അറിവുണ്ടായിരുന്നില്ല. ആത്മാവിനെ കുറിച്ചും അവർക്ക് അവ്യക്തമായ ചില അഭിപ്രായങ്ങളേ ഉണ്ടായിരുന്നുള്ളൂ. എടുക്കപ്പെട്ട മനുഷ്യൻ ദൈവസ്വഭാവത്തോട് യോജിപ്പിക്കപ്പെട്ടു എന്ന കാര്യവും അവർ അറിഞ്ഞിരുന്നില്ല. പേഗനിസത്തിൽനിന്നും യൂദമതത്തിൽനിന്നും നമ്മെ വ്യത്യസ്തരാക്കുന്ന ക്രിസ്തീയ പ്രബോധനം മുഴുവൻ ഈ വാക്കുകളിൽ ചുരുക്കമായി പറഞ്ഞിരിക്കുന്നു. ഈ പ്രബോധനം ശരിയായി അറിഞ്ഞാൽ, അവൻവഴി നിത്യജീവൻ ലഭിക്കുമെന്ന് ഇതു നമ്മെ പഠിപ്പിക്കുന്നു. കാരണം, അവൻ സർവാധിപത്യം പ്രാപിക്കുകയും നമുക്കായി അമർത്യത നേടിത്തരികയും ചെയ്തു. പാഷണ്ഡികളുടെ തലതിരിഞ്ഞ പ്രബോധനം കണ്ടുപിടിക്കുന്നതിന് മേൽപറഞ്ഞ വാക്കുകളുടെ സുവ്യക്തമായ അർഥവും വാചകങ്ങളുടെ ഘടനയും മതിയാകും.

ഇനിയും നമുക്ക് ഇങ്ങനെ പറയാം: "നീ മാത്രമാണ് സത്യദൈവം" എന്ന വാക്കുകൾ പിതാവിനു മാത്രമല്ല ചേരുന്നത്; പുത്രനെതിരായിട്ടുമല്ല പറഞ്ഞിരിക്കുന്നത്. "നീ അയച്ച യേശുക്രിസ്തു" എന്നത് ഏകജാതന്റെ സ്വഭാവത്തെയല്ല സൂചിപ്പിക്കേണ്ടത്. "നീ അയച്ചവനെ" എന്ന വാക്കുവഴി അവൻ എന്താണ് ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കുന്നു. അവരുടെ തടസ്സവാദങ്ങൾ ചർച്ചചെയ്ത് മറുപടി പറയാനുള്ള സമയമല്ലിത്. നാം മുമ്പ് പറഞ്ഞതുപോലെ, തിരുലിഖിതത്തിന്റെ കൃത്യമായ വ്യാഖ്യാനമാണ് തടസ്സവാദങ്ങൾക്കുള്ള കൃത്യമായ മറുപടി. നാമിത് ചുരുങ്ങിയ വാക്കുകളിലാണ് അവതരിപ്പിച്ചതെങ്കിലും വിവരമുള്ളവർക്ക് ഇത് സത്യവും വിശ്വസനീയവുമാണ്.

ഇവ പറഞ്ഞശേഷം, "നിന്റെ പുത്രനെ നീ മഹത്വപ്പെടുത്തണമെ" എന്ന വാക്കുകൾ അവതരിപ്പിക്കുകയും അതേക്കുറിച്ച് തന്റെ സംഭാഷണം തുടരുകയും ചെയ്തു. "നീ എന്നെ ഏൽപിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ നിന്നെ ഞാൻ മഹത്വപ്പെടുത്തി" (17,4). എന്റെ ഭാഗത്തുനിന്ന്, ഞാൻ ചെയ്യേണ്ട ജോലി പൂർത്തിയായിരിക്കുന്നു. ഭൂമിയിലുള്ള മനുഷ്യർക്കെല്ലാം നിന്റെ മഹത്വം ഞാൻ വെളിപ്പെടുത്തി. എല്ലാവരുടെയും രക്ഷയ്ക്കായി എന്നെ ഏൽപിച്ച ജോലി ഞാൻ പൂർണമായി നിറവേറ്റി. ഇനിയെന്ത്? "പിതാവേ, ലോകസൃഷ്ടിക്കുമുമ്പ് എനിക്ക് അവിടുത്തോടുകൂടെ ഉണ്ടായിരുന്ന മഹത്വത്താൽ ഇപ്പോൾ നിന്റെ സന്നിധിയിൽ എന്നെ മഹത്വപ്പെടുത്തണമെ" (17,5).

ഞാൻ ചെയ്യേണ്ടിയിരുന്നത്, അതായത് ഇപ്പോഴും, പ്രത്യേകിച്ച് പീഡാനുഭവത്തിന്റെ അവസരവും ചെയ്യേണ്ടിയിരുന്നത്, ഞാൻ പൂർത്തിയാക്കിയതിനാൽ, എന്നെക്കുറിച്ച് ഉന്നതമായ എന്തെങ്കിലും അറിയുന്നതിന് കഴിവി

www.malankaralibrary.com



ല്ലാത്തവർ, എന്റെ കാണപ്പെടുന്ന സഹനങ്ങളെ മാത്രം കണ്ടുകൊണ്ട് അതിൽതന്നെ കഴിഞ്ഞുകൂടാതിരിക്കാൻ, ഞാൻ ആയിരിക്കുന്നതുപോലെ എല്ലാവരുടെയും മുമ്പിൽ എന്നെ നീയും വെളിപ്പെടുത്തുക. അങ്ങനെ, ഞാൻ ആയിരിക്കുന്ന രീതിയിൽ എന്നെ വെളിപ്പെടുത്തണമെ. എങ്ങനെ? ഞാൻ ലോകത്തിലേക്കു വരുന്നതിനുമുമ്പ് എനിക്കുണ്ടായിരുന്ന എന്റെ സ്വഭാവവും മഹത്ത്വവും അവരുടെ മുമ്പിൽ വെളിവാക്കിക്കൊണ്ട്. എല്ലാവരുടെയും മുമ്പിൽ നിന്റെ അദൃശ്യമായ മഹത്വം ഞാൻ വെളിപ്പെടുത്തിയതുപോലെ, ഇതുവരെ മനുഷ്യർ എന്നെ ശരിയായി അറിയാത്തതുകൊണ്ട്, നീയും എന്നെ വെളിപ്പെടുത്തി കാണിക്കുക. ദൈവം അവനിൽ വസിക്കത്തക്കവിധമുള്ള മഹത്വമാണ് എടുക്കപ്പെട്ട മനുഷ്യനുണ്ടായിരുന്നത്. നാമിത് മനസ്സിലാക്കിയാൽ, അവനെ ആരാധിക്കുകയും ചെയ്യും. അല്ലെങ്കിൽ വെറുമൊരു മനുഷ്യനെ ആരാധിക്കാനുള്ള വിഭ്രാന്തി ആർക്കാണുള്ളത്? ഞാൻ അറിയപ്പെടത്തക്കവിധം എല്ലാകാര്യങ്ങളും ചെയ്തതുകൊണ്ട്, എന്നുപറഞ്ഞശേഷം കൂട്ടിച്ചേർക്കുന്നു: അവർക്കു കാണപ്പെടുകയും അവർ അറിയുകയും ചെയ്യുന്നവനെയല്ല വെളിപ്പെടുത്തേണ്ടത്. പിന്നെയോ, ഞാൻ എവിടെ നിന്നാണെന്ന് അറിയാത്ത എന്നെയാണ് വെളിപ്പെടുത്തേണ്ടത്. നമ്മുടെ കർത്താവു തന്നെ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതുപോലെ, ഇവയെല്ലാം വരാനിരിക്കുന്നവയാണ്. നാം മുമ്പ് പ്രസ്താവിച്ച കാരണം കൊണ്ടുതന്നെയാണ് ഇവയെല്ലാം പറഞ്ഞിരിക്കുന്നത്. അതായത്, തനിക്കും തന്റെ ശിഷ്യർക്കും വരാനിരിക്കുന്നവയെ പ്രാർഥനാരൂപത്തിൽ നമ്മുടെ കർത്താവ് അവതരിപ്പിക്കുന്നു.

തന്റെ മഹത്വത്തെപ്പറ്റി പറഞ്ഞശേഷം ശിഷ്യന്മാരുടെ ഭാവി എന്താണെന്നും അവർക്ക് എന്ത് സംഭവിക്കുമെന്നും അവരോടു പറയാൻ തുടങ്ങി. അവരുടെ വിശ്വാസം ഉറപ്പിക്കാനും അവർക്കുണ്ടാകുന്ന പീഡനങ്ങൾ ധൈര്യപൂർവം നേരിടുന്നതിനുംവേണ്ടി അവർ അറിയേണ്ടവ അവരെ പഠിപ്പിച്ചു. അവരുടെ വിശ്വാസത്തെ ശക്തിപ്പെടുത്താൻ ഉപകരിക്കുന്ന വാക്കുകൾ കൊണ്ടാണ് അവൻ തുടങ്ങുന്നത്. "ലോകത്തിൽനിന്ന് അവിടുന്ന് എനിക്ക് നൽകിയവർക്ക് അവിടുത്തെ നാമം ഞാൻ വെളിപ്പെടുത്തി. അവർ അങ്ങയുടേതായിരുന്നു. അങ്ങ് അവരെ എനിക്കു നൽകി. അവർ അങ്ങയുടെ വചനം പാലിക്കുകയും ചെയ്തു" (17,6). അവൻ ഇവിടെ പറഞ്ഞ വാക്കുകളെല്ലാം ഉപമാമയമായിരുന്നു. അവൻ പറഞ്ഞതിന്റെ അർഥം, ഞാൻ നിന്റെ നാമം മനുഷ്യർക്കു വെളിപ്പെടുത്തി. നിന്നെക്കുറിച്ചുള്ള പ്രബോധനം ഞാൻ ആരിൽനിന്നും മറച്ചുവച്ചില്ല. എന്നാൽ എല്ലാവരും ഒന്നുപോലെ വിശ്വസിച്ചില്ല. എങ്കിലും എന്റെ സ്നേഹം എല്ലാവരെയും പഠിപ്പിക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നു. തെരഞ്ഞെടുപ്പാകട്ടെ, നിനക്കുള്ളവരിലേക്ക് ഒതുങ്ങി. ലോകത്തിൽ ഉള്ളവരിൽ യഥാർഥത്തിൽ നിന്റേതായിരുന്നവർ തങ്ങളുടെ മനസ്സ

www.malankaralibrary.com



മ്മതം മൂലം നിന്നോട് അനുരൂപരാകുകയും എന്റെ വാക്കുകൾ വിശ്വസിക്കുകയും അവ ശ്രദ്ധാപൂർവം പാലിക്കുകയും ചെയ്തു. "ലോകത്തിൽ നിന്ന് നീ എനിക്കു തന്നവരെ" എന്ന വാക്കുകളുടെ അർത്ഥം, ലോകം മുഴുവനിലും നിന്ന് യഥാർത്ഥത്തിൽ നിന്റേതായിരിക്കുന്നവരെയാണ് നീ എനിക്കു തന്നത് എന്നാണ്. അതായത്, നിന്നോട് അടുപ്പമുള്ളവരാണ് എന്റെ ശിഷ്യന്മാർ. ശിഷ്യരുടെ ഉറപ്പിനുവേണ്ടിയാണ് ഇവ ഉചിതമായി പറഞ്ഞത്. തന്നോട് അടുപ്പമുള്ളവർക്ക് പിതാവിൽനിന്ന് അകന്നിരിക്കാനാവില്ല എന്നാണ് അവൻ ചൂണ്ടിക്കാണിക്കുന്നത്. "അവർ അങ്ങയുടേതായിരുന്നു. അങ്ങ് അവരെ എനിക്കു നൽകി"(17,6). "ലോകത്തിൽ ആയിരുന്നവരെ" എന്ന് അവൻ പറഞ്ഞത്, മുമ്പ് യഹൂദരോട് പറഞ്ഞ അർത്ഥത്തിലാണ്. "പിതാവ് എനിക്കു നൽകുന്നവരെല്ലാം എന്റെ അടുത്തുവരും. എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരിക്കലും തള്ളിക്കളയുകയുമില്ല"(6,37). ഇതിന്റെ അർത്ഥം: പിതാവിനോടു സാമീപ്യമുള്ളവർ എന്റെ വാക്കുകളും വിശ്വസിക്കും. ഞാൻ അവരെ എന്റേതായി തന്നെ സ്വീകരിക്കും. ഈ വാദഗതി തന്നെയാണ് യഹൂദർക്കെതിരെയും അവൻ പ്രയോഗിച്ചത്. അവർ അവനിൽ വിശ്വസിക്കാതെ, തങ്ങൾ പിതാവിന്റെ സാമീപ്യം ഉള്ളവരാണെന്ന് വെറുതേ വീമ്പടിച്ചിരുന്നു. - ശിഷ്യരെ ഉറപ്പിക്കുന്നതിനും ഇവ പര്യാപ്തമായിരുന്നു.

അവൻ കൂട്ടിച്ചേർക്കുന്നു: "അങ്ങ് എനിക്കു നൽകിയതെല്ലാം അങ്ങിൽ നിന്നാണെന്ന് ഞാൻ ഇപ്പോൾ അറിയുന്നു. എന്തെന്നാൽ അങ്ങ് എനിക്കു നൽകിയ വചനം ഞാൻ അവർക്ക് നൽകി, അവർ അതു സ്വീകരിക്കുകയും ഞാൻ അങ്ങയുടെ അടുക്കൽനിന്നു വന്നുവെന്ന് സത്യമായി അറിയുകയും അങ്ങ് എന്നെ അയച്ചെന്ന് വിശ്വസിക്കുകയും ചെയ്തു"(17,7-8). - ഇതു പോലും സത്യമല്ലെന്ന് ഈ സംഭാഷണം തന്നെ വെറുതെ ശ്രദ്ധിച്ചാൽ വ്യക്തമാകും. തനിക്കുള്ളവരെല്ലാം പിതാവിന്റേതാണെന്നും അവൻ അവരെ തനിക്കു നൽകിയതാണെന്നും *ഇപ്പോഴല്ല* അവൻ ആദ്യമായി അറിയുന്നത്. അവൻ പറയുകയും അവർ വിശ്വസിക്കുകയും ചെയ്തതുകൊണ്ടല്ല അവൻ ഇത് അറിയുന്നത്. മറിച്ച്, "നീ ദൈവത്തെ ഭയപ്പെടുന്നു എന്ന് ഇപ്പോൾ എനിക്കറിയാം" എന്ന് ദൈവം അബ്രഹാമിനോട് പറഞ്ഞതു പോലെയാണിത്. അതായത്, നിനക്ക് എന്നോടുള്ള ഭക്തിയുടെ വലിയ തെളിവാണിത്; അതുപോലെ ഇവിടെയും. പറഞ്ഞ വാക്കുകളുടെ അർത്ഥം: ഞാൻ പറയുന്ന വാക്കുകൾ നിന്റേതാണെന്ന് അവർ വിശ്വസിക്കുന്നു. കാരണം, എന്നിൽ വിശ്വസിക്കുന്നവർക്ക് നിന്നോട് സാമീപ്യം ഉണ്ടാകുന്നു. ഇതാണ് വാദഗതി. "നീ എനിക്കു തന്ന വചനം ഞാൻ അവർക്കു നൽകി" എന്ന വാക്കുകളുടെ അർത്ഥമിതാണ്. നിനക്ക് പ്രീതികരമാം വിധം ഞാൻ അവരോട് പ്രഘോഷിക്കുകയും നിന്റെ ഇഷ്ടമനുസരിച്ച് ഈ ലോകത്തിലേക്ക് വന്ന എന്നെ അവർ സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. അവർക്ക് എന്നിലുള്ള വിശ്വാസംവഴി

www.malankaralibrary.com



നീ തന്നെയാണ് ബഹുമാനിക്കപ്പെടുന്നത്. - അതുകൊണ്ട്, തന്നിൽ വിശ്വസിക്കുന്നവർ പിതാവിനോട് സമീപസ്ഥരാണെന്ന് ശരിയായി തെളിയിക്കാൻ വാക്കുകൾക്കു കഴിയുമെന്ന് അവൻ പറഞ്ഞു.

"ഞാൻ അവർക്കുവേണ്ടിയാണ് പ്രാർത്ഥിക്കുന്നത്. ലോകത്തിനുവേണ്ടിയല്ല. അങ്ങ് എനിക്ക് തന്നവർക്കു വേണ്ടിയാണ് പ്രാർത്ഥിക്കുന്നത്. എന്തെന്നാൽ അവർ അവിടുത്തേയ്ക്കുള്ളവരാണ്. എനിക്കുള്ളതെല്ലാം അങ്ങയുടേതാണ്. അങ്ങേയ്ക്കുള്ളതെല്ലാം എന്റേതും. ഞാൻ അവരിൽ മഹത്വപ്പെട്ടിരിക്കുന്നു"(17,9-10).- അവരുടെ വിശ്വാസം ഉറപ്പിക്കാൻ വേണ്ടിയുള്ളവയാണ് ഇതുവരെ അവൻ പറഞ്ഞത്. അവർക്കു സംഭവിക്കാനിരിക്കുന്നവയെ കുറിച്ചാണ് തുടർന്നുപറയുക. ക്ലേശങ്ങളെ ക്ഷമാപൂർവം അഭിമുഖീകരിക്കണമെന്ന് അവൻ അവരെ ഉപദേശിക്കുകയും ചെയ്യുന്നു. അതുകൊണ്ടെന്ത്? വിശ്വസിക്കുന്നവരെ അല്ലാതെ മറ്റാരെയും ഈ വിഷയം സ്പർശിക്കുന്നില്ല. "നീ എനിക്കു തന്നവർക്കുവേണ്ടി" എന്ന് അവൻ പറഞ്ഞത് തന്നിൽ വിശ്വസിക്കുന്നവരെ ഉദ്ദേശിച്ചാണ്. അഭേദ്യമായ സമ്മതവും ദൈവത്വത്തിലുള്ള പങ്കാളിത്തവും വഴി നിനക്കുള്ളവരെല്ലാം എനിക്കുള്ളവരുമാണ്. അക്കാരണത്താൽ, വചനമാം ദൈവത്തോടുള്ള യോജിപ്പുവഴി ഞാനും അവരെ സ്വീകരിക്കുകയും എല്ലാവരുടെയും മുമ്പാകെ മഹത്വീകൃതനാകുകയും ചെയ്യുന്നു. പ്രത്യേകമായി ഇപ്പോൾ ചോദിക്കുന്നതെന്താണ്? "ഇനിമേൽ ഞാൻ ലോകത്തിലല്ല. അവർ ലോകത്തിലാണ്. ഞാൻ അങ്ങയുടെ അടുത്തേക്കു വരുന്നു" (17,11). ഞാൻ ഈ ലോകത്തിൽനിന്ന് പുറപ്പെട്ടു വരുന്നതുകൊണ്ടും അവർ ഈ ലോകത്തിലെ ക്ലേശങ്ങൾ അനുഭവിക്കുന്നതുകൊണ്ടും അവർക്ക് വളരെ സഹായം ആവശ്യമുണ്ട്. ഇനിയും എന്താണ് ചോദിക്കുന്നത്? "പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന്, അവിടുന്ന് എനിക്കു നൽകിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങ് കാത്തുകൊള്ളണമെ"(17,11).

ഈ സംഭാഷണം കൂടുതൽ വിശദീകരിക്കേണ്ടതുണ്ട്. ദൈവം സൃഷ്ടിച്ച ആദ്യമനുഷ്യൻ പാപംനിമിത്തം മരണശിക്ഷയ്ക്ക് അർഹനായി; അതുപോലെ, അവനിൽനിന്ന് ജനിച്ചവരും. അതായത്, ആദ്യമനുഷ്യരിൽ നിന്നാണ് സ്വാഭാവികമായി അവർ അസ്തിത്വം സ്വീകരിച്ചത്. അവനിൽനിന്ന് സ്വാഭാവിക ഭാഗഭാഗിത്വം സ്വീകരിച്ചതിനാൽ, അവർക്ക് മനുഷ്യരെ ജനിപ്പിക്കാൻ കഴിയും. അവർക്ക് പൊതുവായ മനുഷ്യസ്വഭാവം ഉള്ളതിനാൽ, പ്രകൃതിദത്തമായ മരണവും അവരെ ബാധിച്ചു. പ്രസ്തുത മരണത്തിൽനിന്ന് മനുഷ്യർക്ക് മോചനവും അഴിവില്ലായ്മയും നല്കാനും വലിയ മഹത്വത്തിന് അർഹരാക്കാനും നമ്മുടെ ദൈവമായ കർത്താവ് തിരുമനസ്സായപ്പോൾ, നമ്മുടെയെല്ലാം ഉത്ഭവമായ ഒരു മനുഷ്യനെ എടുക്കുകയും അവനിൽ വച

www.malankaralibrary.com



നമായ ദൈവം വസിക്കുകയും ചെയ്തു. അവൻ തികച്ചും മനുഷ്യനായി വ്യാപരിച്ചുകൊണ്ട് മാതൃകാപരമായ ജീവിതം നയിച്ചു. അവൻ മരിച്ചവരിൽനിന്ന് ഉയർത്തപ്പെട്ടപ്പോൾ, ജീർണതയ്ക്ക് അതീതനായ ഒരു പുതിയ മനുഷ്യനാകുകയും നേരത്തേ ഉള്ളതിൽനിന്ന് വ്യത്യസ്തമായ ജീവിതത്തിലേക്ക് ജനിക്കുകയും ആത്മാവിന്റെ ദാനം മുഴുവനായി സ്വീകരിച്ചുകൊണ്ട് ഈ ലോകത്തിൽ നമ്മുടെ രക്ഷയ്ക്കാവശ്യമായവയെല്ലാം പ്രവർത്തിക്കുകയും ചെയ്തു. അങ്ങനെ ഉയിർപ്പിനുശേഷം അമർത്യത പ്രാപിച്ച്, വചനമാം ദൈവത്തോടുള്ള യോജിപ്പിൽ സകലത്തിന്റെയും നാഥനായിത്തീർന്നു. നമ്മുടെ കർത്താവ് ആഗ്രഹിച്ചതനുസരിച്ച് നമ്മേയും തന്റെ ഉയിർപ്പിൽ പങ്കാളികളാക്കുക ഉചിതമായിരുന്നു.

ആദത്തിൽനിന്ന് സ്വാഭാവിക ജനനത്തിലൂടെ പങ്കാളിത്തം സ്വീകരിച്ച് അവനിലൂടെ മരണവിധി പ്രതീക്ഷിച്ചിരുന്നവർക്ക്, നിത്യജീവനിൽ പങ്കുലഭിക്കുന്നതിന് കർത്താവിന്റേതുപോലുള്ള മറ്റൊരു ജനനത്തിലൂടെ മരണശേഷം ഉയിർപ്പിലേക്കു ജനിക്കുക ആവശ്യമായിരുന്നു. സംഭവിച്ചത് എന്താണ്? ആത്മാവിലൂടെ ക്രിസ്തുവിന് ശരീരത്തിൽ ഉയിർപ്പു ലഭിച്ചതുപോലെ, നാമും ആത്മാവിന്റെ അതേ വ്യാപാരം സ്വീകരിക്കുക ആവശ്യമാണ്. ശ്ലീഹാ ഇതു വ്യക്തമായി പഠിപ്പിക്കുന്നു: "യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുണ്ടെങ്കിൽ, അവനെ ഉയിർപ്പിച്ചവൻ നിങ്ങളുടെ മർത്യശരീരങ്ങൾക്കും, നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനാൽ ജീവൻ പ്രദാനം ചെയ്യും"(റോമ 8,11). നമ്മുടെ രക്ഷകന്റെ ഉയിർപ്പിൽ പരിശുദ്ധാത്മാവിന് ഒരുതരത്തിലും പങ്കാളിത്തം ഇല്ലായിരുന്നെങ്കിൽ, ആത്മാവിന്റെ നാമത്തിലുള്ള ഉയിർപ്പിലേക്ക് അവനെ പുനർജീവിപ്പിക്കുമായിരുന്നില്ല. "ദൈവത്തിന്റെ ആത്മാവ്" എന്നുപറയാതെ, "യേശുവിനെ ഉയിർപ്പിച്ചവന്റെ ആത്മാവ്" എന്നു പറഞ്ഞുകൊണ്ടാണ് ഇതു വെളിപ്പെടുത്തുന്നത്. നേരത്തേ അവന്റെ ശക്തി കാണിച്ചതുപോലെ, ഇവിടെയും ഉചിതമായി ഉയിർപ്പിച്ചുകൊണ്ട് അവൻ തന്റെ ശക്തി പ്രകടിപ്പിക്കുന്നു. ശ്ലീഹാ പറഞ്ഞതുപോലെയും നാം ആവർത്തിച്ചു ചൂണ്ടിക്കാണിച്ചതുപോലെയും നമ്മുടെ കർത്താവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും സാദൃശ്യത്തിലുള്ള സ്നാനത്തിലൂടെ നാം വീണ്ടും ജനിക്കുന്നു. നമ്മുടെ കർത്താവിന്റെ വാക്കനുസരിച്ച്, ആത്മാവിന്റെ ശക്തിയിലൂടെയല്ലാതെ അതു നമുക്ക് സംഭവിക്കുകയില്ലെന്ന് നാം വിശ്വസിക്കുന്നു. ആദത്തിൽ നിന്നു സ്വീകരിച്ച നിസ്സാര ശക്തിയിൽനിന്ന് ആദ്യമനുഷ്യർ ജനിച്ചതുപോലെയും പിന്നീട് തുടർച്ചയായി മനുഷ്യർ ജനിച്ചിരുന്നതുപോലെയും, ജഡത്തിലുള്ള ക്രിസ്തുവിലെ ആത്മാവിന്റെ ദാനത്തിന്റെ പൂർണതയിൽ നിന്ന് – ആ ദാനം അഭിഷേകത്തിനു തുല്യമായി എപ്പോഴും അവനോടുകൂടെ ഉണ്ടായിരുന്നു- ശ്ലീഹന്മാർ അൽപം സ്വീകരിക്കുകയും അവരിൽനിന്ന് തുടർച്ചയായി എല്ലാ വിശ്വാസി

www.malankaralibrary.com



കളും നൂറ്റാണ്ടുകളായി പൗരോഹിത്യശുശ്രൂഷയിലൂടെ കൃപ സ്വീകരിക്കുകയും ചെയ്യുന്നു. അങ്ങനെ അതുവഴി ക്രിസ്തുവിനോട് സ്വാഭാവികൈക്യം പോലെ ഐക്യപ്പെടുന്നു.

സ്വാഭാവികമെങ്കിലും പരിമിതമായ അംശം സർവശക്തനായ സ്രഷ്ടാവിന്റെ അപഗ്രഥനാതീതമായ വിജ്ഞാനം വഴി സ്വാഭാവിക സാദൃശ്യം ഉളവാക്കുന്നതുപോലെ, ഇവിടെ ആത്മീയകൃപയുടെ ഒരുഭാഗം ഔന്നത്യത്തിന്റെയും മഹത്വത്തിന്റെയും പങ്കാളിത്തം ഉണ്ടാക്കുന്നു. തദ്ഫലമായി അവൻ ഒന്നായിരിക്കുന്നതുപോലെ, നാമോരോരുത്തരും പൂർണ ശരീരത്തിൽ അവയവങ്ങളെ പോലെ ആയിരിക്കുന്നതുകൊണ്ട്, "ഒരു മനുഷ്യൻ" എന്നു വിളിക്കപ്പെടുന്നു. അതേരീതിയിൽ ക്രിസ്തുവിൽ ജനിച്ചവരും "അവന്റെ ശരീരം" എന്നും അവരിൽ ഓരോരുത്തരും "അവന്റെ അവയവം" എന്നും വിളിക്കപ്പെടുന്നു. നാമെല്ലാവരുടെയും ശിരസ്സ് ക്രിസ്തുവാണ്. ഇവയെല്ലാം മറ്റു സ്ഥലത്ത്, സുവിശേഷവിവരണത്തിലൂടെ പറഞ്ഞവയാണെങ്കിലും ഇവിടെ വിവരിക്കുക അസ്ഥാനത്താണെന്ന് കരുതേണ്ടതില്ല. ചുരുങ്ങിയ വാക്കുകളിൽ വിവരിക്കാൻ കഴിയാത്ത കാര്യങ്ങളെ കുറിച്ചു നാം പരാമർശിക്കുമ്പോൾ, ആലങ്കാരികഭാഷ ഉപയോഗിക്കുന്നത് പാഷണ്ഡികൾക്ക് സത്യത്തെ ദുഷിപ്പിക്കുന്നതിനുള്ള അവസരം കൊടുക്കുകയാണെന്ന് ഓർത്തിരിക്കണം.

വചനമാം ദൈവം പിതാവിനോട് സ്വാഭാവികമായി യോജിച്ചിരിക്കുന്നു. പിതാവിനോടുള്ള യോജിപ്പുവഴി, എടുക്കപ്പെട്ട മനുഷ്യനും പിതാവിനോടുള്ള യോജിപ്പു സ്വീകരിക്കുന്നു. അതുപോലെ നാമും സാധ്യമാം വിധം ജഡത്തിലുള്ള ക്രിസ്തുവിനോടുള്ള സ്വാഭാവികമായ യോജിപ്പുവഴി അവനോടുകൂടെ ആത്മീയ പങ്കാളിത്തം സ്വീകരിക്കുകയും നാം അവന്റെ ശരീരവും നമോരോരുത്തരും അവന്റെ അവയവങ്ങളും ആകുകയും ചെയ്യുന്നു. അതുകൊണ്ട്, അവനേപ്പോലെ നാമും ഉയിർത്തെഴുന്നേൽക്കുമെന്നും നിത്യജീവനായി വീണ്ടും ജനിക്കുമെന്നും പ്രത്യാശിക്കുന്നു. അവൻവഴി വചനമാം ദൈവത്തോടുചേർന്ന് അവശ്യാവശ്യം പിതാവിനോടുള്ള സാമീപ്യം പ്രാപിക്കുന്നു. അതുകൊണ്ടാണ് അവൻ പറയുന്നത്: "പരിശുദ്ധനായ പിതാവേ, നമ്മേപ്പോലെ അവരും ഒന്നാകേണ്ടതിന്, അവിടുന്ന് എനിക്കു നൽകിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങ് കാത്തുകൊള്ളണമെ" (17,11).

അതായത്, ആത്മാവുവഴി എന്നെ പിതാവായ ദൈവത്തോട് നീ യോജിപ്പിക്കുകയും "എന്റെ പിതാവ്" എന്നു വിളിക്കത്തക്ക പുത്രസ്വീകാര്യത്തിന് അർഹനാക്കുകയും ചെയ്തതുപോലെ, ആത്മാവിന്റെ കൃപ നൽകി അവരെയും മക്കളാക്കണമെ. എന്നെപ്പോലെ അവരും ഒന്നായിരി

www.malankaralibrary.com



ക്കുന്നതിനും അവർക്കു നിന്നോട് അതേ ഐക്യം ഉണ്ടാകുന്നതിനും ആത്മ വിശ്വാസത്തോടെ നിന്നെ പിതാവെന്നു വിളിക്കുന്നതിനും ഇടയാകുന്നതിനാണിത്. ഇതേരീതിയിൽ പൗലോസും പറയുന്നു: "പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവു മൂലമാണ് നാം ആബാ-പിതാവേ-എന്ന് വിളിക്കുന്നത് "(റോമ 8,15). അതുകൊണ്ട്, ആത്മാവിൽ നാം പുത്രസ്വീകാര്യത്തിന് യോഗ്യരാകുകയും ദൈവത്തെ പിതാവെന്നു വിളിക്കുകയും ചെയ്യുന്നു എന്ന് വ്യക്തം. അങ്ങനെ "നീ എനിക്കു തന്ന നിന്റെ നാമത്തിൽ അവരെയും കാത്തുകൊള്ളണമെ." ആത്മീയജനനം വഴി ഒന്നായിത്തീർന്ന എന്നെപ്പോലെ അവരും നിന്നെ പിതാവ് എന്ന് വിളിക്കാൻ കഴിയുന്നതിന് ആത്മാവിന്റെ കൃപ അവർക്കു നൽകണമെ. "നിന്റെ നാമത്തിൽ" എന്നത് പിതാവിന്റെ നാമമാണ്. ആത്മാവുവഴി അവർക്കും പുത്രസ്വീകാര്യം ലഭിക്കുമ്പോൾ, അവരും നിന്നെ പിതാവെന്നു വിളിക്കും.

അതുകൊണ്ട്, ധീരതയോടെ പീഡനങ്ങൾ സഹിക്കാൻ അവൻ അവരെ ഉപദേശിച്ചുതുടങ്ങി: "ഞാൻ അവരോടുകൂടെ ആയിരുന്നപ്പോൾ അങ്ങ് എനിക്കു നൽകിയ നാമത്തിൽ ഞാൻ അവരെ സംരക്ഷിച്ചു" (17,12). പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെ അവർ സ്വീകരിച്ചുകഴിഞ്ഞു എന്നല്ല അതിനർഥം. അല്ലെങ്കിൽ എങ്ങനെയാണ് ലൂക്കാ വിവരിക്കുന്നതുപോലെ, "അവർ കേട്ട" വാഗ്ദാനമായ ആത്മാവിനെ പ്രതീക്ഷിച്ചിരിക്കാൻ നമ്മുടെ കർത്താവു തന്നെ ശിഷ്യരോട് കൽപിക്കുന്നത്? (നട.1,4). പ്രാർഥനാരൂപത്തിൽ അവൻ ഇപ്രകാരം പറഞ്ഞു: ഞാൻ അവരോടുകൂടെ ആയിരുന്നപ്പോൾ, അവർ ദൈവഭയത്തിൽനിന്ന് മാറിപ്പോകാതിരിക്കാൻ ഞാൻ അവരിൽ ശ്രദ്ധാലുവായിരുന്നു. നിന്നോടുള്ള സാമീപ്യം വഴി ഞാൻ അവർക്കു വേണ്ടി ചോദിക്കുന്നവ, അതായത്, പുത്രസ്വീകാര്യം പ്രാപിക്കാൻ അവർക്കു കഴിയുന്നതിനു വേണ്ടിയാണിത്.

അവൻ ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: "നീയെനിക്കു തന്നവരെ ഞാൻ സംരക്ഷിച്ചു. ഞാൻ അവരെ കാത്തുസൂക്ഷിച്ചു. വിശുദ്ധലിഖിതം പൂർത്തിയാകാൻ വേണ്ടി നാശത്തിന്റെ പുത്രനല്ലാതെ അവരിലാരും നഷ്ടപ്പെട്ടിട്ടില്ല" (17,12). അവരെല്ലാവരും നിന്റെ സ്നേഹത്തിൽ നിലനിന്നെന്നും അങ്ങനെ ആയിത്തീരുമെന്ന് അറിയപ്പെട്ടവനൊഴികെ മറ്റാരും തെറ്റിപ്പോയില്ലെന്നും അവൻ പറയുന്നു. ശത്രുക്കൾ തങ്ങൾക്കെതിരെ കൊണ്ടുവരുന്ന തിന്മകളെ സ്വമനസ്സാ സഹിക്കുന്നതിനു വേണ്ടിയാണ് തന്റെ സംഭാഷണത്തിൽ യൂദാസിന്റെ നാശത്തെപ്പറ്റി പറഞ്ഞശേഷം അവനെകുറിച്ച് ഉപദേശരൂപത്തിൽ അവരോടു പറയുന്നത്.

"ഞാൻ അവരോടുകൂടെ ലോകത്തിൽ ആയിരുന്നപ്പോൾ ഞാൻ അവരെ കാത്തുസംരക്ഷിച്ചു" എന്നു പറഞ്ഞതിനുശേഷം, അവൻ കൂട്ടി

www.malankaralibrary.com



ച്ചേർക്കുന്നു: "ഇപ്പോൾ ഇതാ, ഞാൻ അങ്ങയുടെ അടുത്തേക്കു വരുന്നു. ഇതെല്ലാം ലോകത്തിൽവച്ച് ഞാൻ സംസാരിക്കുന്നത്, എന്റെ സന്തോഷം അതിന്റെ പൂർണതയിൽ അവർക്കുണ്ടാകേണ്ടതിനാണ്. അവിടുത്തെ വചനം അവർക്കു ഞാൻ നൽകിയിരിക്കുന്നു. എന്നാൽ ലോകം അവരെ ദ്വേഷിച്ചു. എന്തെന്നാൽ ഞാൻ ലോകത്തിന്റേതല്ലാത്തതുപോലെ, അവരും ലോകത്തിന്റേതല്ല. ലോകത്തിൽനിന്ന് അവരെ എടുക്കണമെന്നല്ല, ദുഷ്ടനിൽനിന്ന് അവരെ കാത്തുകൊള്ളണമെന്നാണ് ഞാൻ പ്രാർഥിക്കുന്നത് "(17,13-15). തന്റെ പ്രാർഥനാശൈലിയിൽ തനിക്കും പിന്നീട് ശിഷ്യർക്കും വരാനിരിക്കുന്നവ പ്രവചിച്ചശേഷം, അവർക്ക് ഉണ്ടാകാനിരിക്കുന്ന ക്ലേശങ്ങളെ പ്രതി അവരെ ആശ്വസിപ്പിക്കുന്നു. തങ്ങൾക്ക് ഉണ്ടാകാനിരിക്കുന്ന പീഡകളിൽ നഷ്ടധൈര്യരാകരുതെന്ന് അവരെ പഠിപ്പിക്കുന്നു. ഞാൻ ലോകം വിട്ടുപോകുന്നതിനാൽ, ഞാൻ സ്വീകരിക്കാനിരിക്കുന്ന മഹത്വം എത്ര വലുതാണെന്ന് കേട്ട് അവർ എന്നിൽ സന്തോഷിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഞാൻ നിമിത്തം ലോകം അവരെ വെറുക്കുകയും പീഡനങ്ങളാൽ കഷ്ടപ്പെടുത്തുകയും ചെയ്യുമ്പോൾ നിരാശരാകാതിരിക്കാൻ വേണ്ടിയാണിത്. അതുകൊണ്ട്, "ലോകത്തിൽ നിന്ന് അവരെ എടുക്കണമെന്നല്ല ഞാൻ പ്രാർഥിക്കുന്നത്." പ്രത്യുത തിന്മകളിൽനിന്ന് അവരെ കാത്തുകൊള്ളണമെന്നാണ്. ഇവ അവർക്കുണ്ടാകട്ടെ എന്നാണ് പ്രാർഥനാരൂപത്തിലും അവൻ പറയുന്നത്. നിസാരകാരണങ്ങളാൽ മുമ്പ് തങ്ങളുടെ ഗുരുവിനെ ഉപേക്ഷിച്ചവർ അവനെപ്രതി പീഡകൾ സഹിക്കുന്നതിൽ സന്തോഷിക്കുമ്പോൾ, ആത്മാവുവഴി അവർക്കിതു കൈവരും.

അവരെ ഇങ്ങനെ ഉപദേശിച്ചശേഷം അവർക്ക് സംഭവിക്കാനിരിക്കുന്നവയെ കുറിച്ച് വീണ്ടും പഠിപ്പിക്കുന്നു: "ഞാൻ ലോകത്തിന്റേതല്ലാത്തതുപോലെ, അവരും ലോകത്തിന്റേതല്ല"(17,16). വീണ്ടുംജനനത്തെക്കുറിച്ചാണ് അവനിതു പറയുന്നത്. അതിനുശേഷം അവർ ആദത്തിന്റെ ശരീരമെന്നോ, അവന്റെ അവയവമെന്നോ അല്ല, ക്രിസ്തുവിന്റെ ശരീരവും അവയവവും എന്നാണ് വിളിക്കപ്പെടുക. അതുകൊണ്ട്, "നമ്മുടെ പൗരത്വം സ്വർഗത്തിലാണെന്ന് "പൗലോസ് ഉദ്ബോധിപ്പിക്കുന്നതുപോലെ(ഫിലി.3,20), അവർ സ്വർഗീയകാര്യങ്ങളെ കുറിച്ച് ശ്രദ്ധാലുക്കളായിരിക്കണം.

അവർ എങ്ങനെയാണ് ലോകത്തിൽ അല്ലാതിരിക്കേണ്ടതെന്ന് അവൻ പ്രഖ്യാപിക്കുന്നു:"പിതാവേ, അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമെ"(17,17). അവർ യഥാർഥ വിശുദ്ധി പ്രാപിക്കുമ്പോൾ, ഇതു യാഥാർഥ്യമാകും. ആത്മാവിലുള്ള ഭാഗഭാഗിത്വത്തെയാണ് അവൻ അർഥമാക്കുന്നത്. "നിന്റെ സത്യത്താൽ " എന്നതിന്റെ അർഥം യഥാർഥമായും കൃത്യമായും എന്നാണ്. ഇതാണ് തിരുലിഖിതത്തിന്റെ പതിവുശൈലി. ഭാഗ്യവാനായ ദാ

www.malankaralibrary.com



വീദിൽ ഈ പ്രയോഗം ധാരാളമുണ്ട്. ഉദാ."കർത്താവേ, അങ്ങയുടെ കാരുണ്യം എന്നിൽനിന്ന് പിൻവലിക്കരുതേ. നിന്റെ സ്നേഹവും വിശ്വസ്തതയും എന്നെ സംരക്ഷിക്കട്ടെ"(സങ്കീ. 40,11). അതിന്റെ അർത്ഥം, യഥാർത്ഥമായ നിന്റെ കാരുണ്യമെന്നാണ്. തുടർന്ന് അവൻ കൂട്ടിച്ചേർക്കുന്നു: "നിന്റെ വചനം സത്യമാണ്." അതായത്, നീ ആഗ്രഹിച്ചതും പ്രാർത്ഥിച്ചതും പോലെ, ആത്മാവുവഴി യഥാർത്ഥമായ ഈ വിശുദ്ധി അവർക്കു ലഭിക്കും. "കർത്താവിന്റെ വചനത്താൽ ആകാശം സൃഷ്ടിക്കപ്പെട്ടു"(സങ്കീ.33,6). അതായത്, അവന്റെ തിരുമനസ്സും കൽപനയും പോലെ സംഭവിച്ചു. ഇങ്ങനെ ദൈവത്തിന്റെ കൽപനയേയും തിരുമനസ്സിനേയുമാണ് അവൻ വചനം എന്നുവിളിക്കുന്നത്.

അവർക്ക് ഇങ്ങനെ സംഭവിക്കുമ്പോൾ, അവർ ലോകത്തിനു പുറത്താകും. അവർക്ക് സ്വർഗീയജറുസലേം എന്ന മറ്റൊരു മാതാവുണ്ടെന്ന് അവർ കരുതുകയും ചെയ്യും. അതിന്റെ അനന്തരഫലമെന്ത്? "അങ്ങ് എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്ക് അയച്ചിരിക്കുന്നു" (17,18). ആത്മാവിലുള്ള ഭാഗഭാഗിത്വം അവരെ തിന്മകളിൽനിന്നു രക്ഷിക്കും എന്നുമാത്രമല്ല, ഞാൻ പ്രഘോഷിച്ചതുപോലെ ലോകം മുഴുവൻ ചുറ്റിനടന്ന് ക്രിസ്തീയ വിശ്വാസം പ്രഘോഷിക്കാൻ അവരെ ശക്തരാക്കുകയും ചെയ്യും.

"അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കു വേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു"(17,19). ഞാൻ ആത്മാവിന്റെ കൃപ, അതായത് യഥാർത്ഥ വിശുദ്ധി, പ്രാപിച്ചശേഷം എന്നിലൂടെ അവരും അതു പ്രാപിക്കുന്നതിനും ഉയിർപ്പിന്റെ പ്രത്യാശയിൽ വിശ്വസിച്ചുകൊണ്ടും സ്വർഗരാജ്യത്തിലെ സൗഭാഗ്യങ്ങൾ പ്രതീക്ഷിച്ചുകൊണ്ടും സത്യം പ്രഘോഷിക്കാൻ ശക്തരാകുന്നതിനും വേണ്ടി ഞാൻ എന്നെത്തന്നെ കഷ്ടാനുഭവത്തിന് ഏൽപിച്ചുകൊടുത്തു. - നമ്മുടെ കർത്താവ് തന്റെ പീഡാസഹനവും ഉയിർപ്പുംവഴി അവർക്ക് ആത്മാവിന്റെ കൃപ ഒരുക്കിക്കൊടുത്തതു കൊണ്ടാണ് ഇവയെല്ലാം പരിശുദ്ധാത്മാവ് അവർക്കു നൽകുന്നത്. അതുകൊണ്ടാണ്, "അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് അവർക്കുവേണ്ടി ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" എന്ന് അവൻ പറയുന്നത്. "ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" എന്ന വാക്കുകൾ അവന്റെ പീഡാസഹനത്തെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ പ്രാർത്ഥനാരൂപത്തിലുള്ള പ്രസ്തുത വാക്കുകൾ ശിഷ്യർക്ക് സംഭവിക്കാനിരിക്കുന്നവയുടെ പ്രവചനമാണെന്ന് ഈ പുസ്തകം വായിക്കുന്നവർ മനസ്സിലാക്കണം. അതുകൊണ്ട്, അവയുടെ രൂപമോ കാലവ്യത്യാസമോ പ്രാർത്ഥനാരൂപമോ പരിഗണിക്കരുത്. മറിച്ച്, ഭാവിസംഭവങ്ങളെ കുറിച്ചുള്ള പ്രവചനപരമായ വാക്കുകളാണെന്നു കരുതണം.

www.malankaralibrary.com



നമ്മുടെ കർത്താവു പറഞ്ഞ ഈ വാക്കുകൾ, കേട്ട ശിഷ്യന്മാർക്ക് മാത്രമല്ല വിശ്വാസികൾക്കെല്ലാം ബാധകമാണ്. അവ തങ്ങൾക്കുവേണ്ടി മാത്രമാണെന്ന് ശിഷ്യർ കരുതാതിരിക്കാൻ അവൻ കൂട്ടിച്ചേർക്കുന്നു: “അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി കൂടിയാണ് ഞാൻ പ്രാർഥിക്കുന്നത്” (17,20). ഇവയൊക്കെ അവർക്ക് മാത്രമല്ല, അവർ വഴി എന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും സംഭവിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്താണ് സംഭവിക്കേണ്ടത്? “അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചെന്ന് ലോകം അറിയുന്നതിനും വേണ്ടിയാണ്” (17,21). - മനുഷ്യരായി ഈ ലോകത്തിലേക്ക് പിറന്നുവീഴുന്ന എല്ലാവരും മനുഷ്യസ്വഭാവത്തിൽ ഒന്നായിരിക്കുന്നതുപോലെ, പരലോകത്തിനുവേണ്ടി എന്റെ മരണശേഷം ഉയിർപ്പുവഴി ജനിക്കുന്ന എല്ലാവരും ആത്മീയസ്വഭാവത്തിൽ ഒന്നായിരിക്കണം. ഈ ജീവിതത്തിൽ ആദത്തെ തങ്ങളുടെ തലവനും അസ്തിത്വകാരണവുമായി പരിഗണിക്കുന്നതുപോലെ, ജീർണതയ്ക്ക് വിധേയമായ സ്വഭാവത്തിനപ്പുറത്തേക്കു കടന്നു വന്നവർ ജഡത്തിലുള്ള ക്രിസ്തുവിനെ അവരുടെ ജീവിതത്തിന്റെ ഉറവിടവും തലവനുമായി കരുതുന്നു.

നമ്മുടെ കർത്താവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും പ്രതീകമാണ് മാമോദീസാ. ശ്ലീഹാ പറയുന്നതുപോലെ, “അവന്റെ മരണത്തിന്റെ സാദൃശ്യത്തിലൂടെ നാമും അവനോടുകൂടെ കബറടക്കപ്പെടുകയും അവനോടുകൂടെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നു.” ന്യായമായും യുക്തമായും സ്നാനം ഒരു നവജന്മമാണ്. കാരണം, പ്രതീകാത്മകമായ ഈ കർമം വഴി ഉയിർപ്പിലൂടെ നിത്യവും അക്ഷയവുമായ ജീവനിലേക്ക് നാം ജനിച്ചിരിക്കുന്നു. ഈ രീതിയിൽ നാമെല്ലാവരും ക്രിസ്തുവിൽ ഏകശരീരമെന്ന് വിളിക്കപ്പെടുന്നു. ക്രിസ്തുവാണ് നാമെല്ലാവരുടെയും ശിരസ്സ്. അവൻ വഴി വചനമാം ദൈവത്തോടുള്ള സാമീപ്യം നാം പ്രാപിക്കുകയും അങ്ങനെ പിതാവിനോട് ഐക്യപ്പെടുകയും ചെയ്യുന്നു. വി. ശ്ലീഹാ ഇക്കാര്യം വ്യക്തമായി പഠിപ്പിക്കുന്നു: “ശരീരം ഒന്നാണെങ്കിലും അതിൽ പല അവയവങ്ങളുണ്ട്. അവയവങ്ങൾ പലതെങ്കിലും അവയെല്ലാം ചേർന്ന് ഏകശരീരമായിരിക്കുന്നു. അതുപോലെ തന്നെയാണ് ക്രിസ്തുവും” (1കൊറി 12,12). ക്രിസ്തുവിന്റെ പേരിൽ അറിയപ്പെടുന്ന അനേകം അവയവങ്ങൾ ചേർന്നുള്ള ഈ ശരീരത്തെ അവൻ “വിശ്വാസികളുടെ കൂട്ടായ്മ” എന്നും “സഭ” എന്നും വിളിക്കുന്നു. ആദം എന്നു വിളിക്കപ്പെടുന്ന മനുഷ്യൻവഴി നാമോരോരുത്തരും, നാമെല്ലാവരും, ഈ പേരിൽ ഒന്നായിത്തീരുന്നു. അതുപോലെ, ആത്മീയജനനം വഴി ക്രിസ്തുവിന്റെ ശരീരമായി തീർന്നവർ “ശരീരം എന്ന

www.malankaralibrary.com



വാക്കാൽ അറിയപ്പെടുന്നു. അതുകൊണ്ട്, ക്രിസ്തുവിന്റെ നാമത്തിൽ ആരെയാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുകയും ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. "നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകാൻ സ്നാനമേറ്റു" (1കൊറി. 12,13). നമ്മോടുള്ള ഐക്യം എല്ലാവരും പ്രാപിക്കാൻ കനിയണമെന്ന് അവൻ പിതാവിനോടു പ്രാർത്ഥിക്കുന്നു. വിശ്വാസികളുടെ ഇടയിൽ സംഭവിക്കുന്ന കാര്യങ്ങൾവഴി, ഞാൻ നിന്റെ ഇഷ്ടത്താലാണ് വന്നതെന്ന് അംഗീകരിക്കട്ടെ. യഹൂദർ അപവാദം പറയുന്നതുപോലെ, നിന്നെ കൂടാതെയല്ല ഞാൻ വന്നതെന്ന് വ്യക്തമായി കാണിക്കുന്നതിന് അവർക്ക് ധാരാളമായ നന്മകൾ ഉണ്ടാകട്ടെ.

"അങ്ങ് എനിക്കുതന്ന മഹത്വം ഞാൻ അവർക്ക് നൽകിയിരിക്കുന്നു" (17,22). ഈ വാക്കുകൾ ദാനങ്ങൾ ലഭിക്കാനുള്ള വെറും പ്രാർത്ഥനയല്ലെന്നും സംഭവിക്കാനിരിക്കുന്നവയെക്കുറിച്ച്, പ്രാർത്ഥനാരൂപത്തിലുള്ള പ്രവചനമാണെന്നും ഇത് വ്യക്തമായി തെളിയിക്കുന്നു. ഭാവിയിൽ ലഭിക്കാൻ വേണ്ടിയാണ് അവൻ പ്രാർത്ഥിച്ചിരുന്നതെങ്കിൽ, "നീ എനിക്കു തന്ന മഹത്വം ഞാൻ അവർക്ക് നൽകി" എന്ന് അവന് എങ്ങനെ ആധികാരികമായി പറയാൻ കഴിയും? "അത് നൽകി" എന്നതിനപ്പുറം വേറൊന്നും ഉദ്ദേശിച്ചിരുന്നില്ല എന്ന് വ്യക്തമാക്കാൻ അവൻ ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: "നാം ഒന്നായിരിക്കുന്നതു പോലെ, അവരും ഒന്നായിരിക്കുന്നതിന്. അവർ പൂർണമായും ഒന്നാകേണ്ടതിന്, ഞാൻ അവരിലും അവിടുന്ന് എന്നിലുമായിരിക്കുന്നു. അങ്ങനെ, അങ്ങ് എന്നെ അയച്ചെന്നും അങ്ങ് എന്നെ സ്നേഹിച്ചതുപോലെ തന്നെ അവരെയും സ്നേഹിച്ചെന്നും ലോകം അറിയട്ടെ" (17,22-23). ഇത് മുകളിൽ പറഞ്ഞവയുടെ ആവർത്തനമാണെന്ന് വ്യക്തം. അവിടെ അത് അവർക്ക് കൊടുക്കണമെന്ന് യാചനാരൂപത്തിൽ പറയുന്നു. ഇവിടെ അത് കൊടുത്തുകഴിഞ്ഞു എന്ന് സൂചിപ്പിക്കുന്നു. ഒരേസമയം ചോദിക്കുകയും കൊടുത്തെന്നു പറയുകയും ചെയ്യുന്നതെങ്ങനെ? ഇവിടെ പറയുന്നത് ശരിയാണെങ്കിൽ, അവിടെ പറയുന്നത് അധികപ്പറ്റായി തോന്നാം. പ്രാർത്ഥിക്കേണ്ടത് അവശ്യാവശ്യം ഒരു കടമ ആയിരുന്നെങ്കിൽ, രണ്ടാമത് പറഞ്ഞതിൽ അഹംഭാവമുണ്ട്. അല്ലെങ്കിൽ, മുമ്പ് നാം പറഞ്ഞതുപോലെ, കേൾവിക്കാരുടെ ബലഹീനത നിമിത്തമാണ് അവൻ യാചനാരൂപം സ്വീകരിച്ചത്. "നീ എന്നെ അയച്ചെന്ന് ലോകം അറിയുന്നതിന്" എന്നും "നീ എന്നെ സ്നേഹിച്ചതുപോലെ തന്നെ അവരേയും സ്നേഹിച്ചു" എന്നും പറയുന്നതിന്റെ അർത്ഥം മുമ്പു പറഞ്ഞതു തന്നെയാണ്. അതായത്, ഞാൻ നിന്നെ കൂടാതെ വന്നതല്ലെന്ന്, അവർക്ക് ലഭിക്കാനിരിക്കുന്ന നന്മകൾ വെളിവാക്കും. പുത്രസ്വീകാര്യദാനം സ്വീകരിച്ചശേഷം നിനക്ക് എന്നോടുള്ള സ്നേഹത്തിൽ തന്നെ അവർ പങ്കാളികളാകുമെന്ന് അവ തെളിയിക്കുകയും ചെയ്യും.

സ്നാനം വഴിയുള്ള ആത്മീയ ജനനത്തെക്കുറിച്ചുള്ള പ്രബോധനം നൽകുകയും അവർക്ക് താനുമായുള്ള യോജിപ്പ് വെളിപ്പെടുത്തുകയും ചെയ്തശേഷം, അവർക്ക് സംഭവിക്കാനിരിക്കുന്ന മറ്റൊരു കാര്യത്തെ കുറിച്ച് അതേ പ്രാർഥനാശൈലിയിൽ അവൻ പറയുന്നു: "പിതാവേ, ലോകസ്ഥാപനത്തിനുമുമ്പ് എന്നോടുള്ള നിന്റെ സ്നേഹത്താൽ അങ്ങ് എനിക്ക് മഹത്വം നൽകി. അങ്ങ് എനിക്ക് നൽകിയവരും അതു കാണാൻ, ഞാൻ ആയിരിക്കുന്നിടത്ത് എന്നോടുകൂടെ അവരും ആയിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു" (17,24) – വിശ്വാസംവഴി സ്നാനത്താൽ വീണ്ടും ജനിക്കുകയും എന്നോടുള്ള ഐക്യം പ്രാപിക്കുകയും ചെയ്തവർ, എപ്പോഴും എന്നോടുകൂടെ ആയിരിക്കണമെന്നും എന്നോടുകൂടെ സൗഭാഗ്യം അനുഭവിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. എന്റെ മഹത്വം എത്ര ആശ്ചര്യകരമാണെന്ന് അവർ കാണട്ടെ. എനിക്കു ലഭിച്ച വലിയ ആനുകൂല്യങ്ങൾ വഴി, നീയാണ് അവ എനിക്കു നൽകിയതെന്ന് ഞാൻ ചിന്തിക്കുന്നതായി അവർക്ക് ബോധ്യം വന്നിരിക്കുന്നു. പ്രപഞ്ചസൃഷ്ടിക്കു മുമ്പുതന്നെ നിന്റെ അനന്തജ്ഞാനത്താൽ ഞാൻ ആരായിത്തീരുമെന്ന് നീ അറിഞ്ഞിരുന്നു. നിന്റെ മുന്നറിവാൽ നീ എന്നെ സ്നേഹിക്കുകയും എല്ലാ നന്മകളുടെയും നാഥനായി എന്നെ നിയമിക്കുകയും ചെയ്തു. – ക്രിസ്തുവിനോടുകൂടെ സ്വർഗത്തിൽ പ്രവേശിക്കാൻ വിശുദ്ധർക്ക് കഴിയും. "ആകാശത്തിൽ കർത്താവിനെ എതിരേൽക്കാൻ മേഘങ്ങളിൽ സംവഹിക്കപ്പെടും. അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കുകയും ചെയ്യും" എന്ന് വിശുദ്ധ ശ്ലീഹാ പറയുന്നതുപോലെയാണിത് (1 തെസ്സ.4,17).

വിശ്വസിക്കുന്നവർക്ക് സംഭവിക്കാനിരിക്കുന്നവയെപ്പറ്റി പറഞ്ഞശേഷം, അവ മറ്റുള്ളവർക്കെന്നതിനേക്കാൾ ഇവർക്ക് സംഭവിക്കുന്നത് ന്യായയുക്തമാണ് എന്നു പറയുന്നു. "നീതിമാനായ പിതാവേ, ലോകം നിന്നെ അറിഞ്ഞിട്ടില്ല. എന്നാൽ ഞാൻ നിന്നെ അറിഞ്ഞിരിക്കുന്നു. എന്നെ നീയാണ് അയച്ചതെന്ന് ഇവരും അറിഞ്ഞിരിക്കുന്നു. നിന്റെ സ്നേഹം അവരെ ഞാൻ അറിയിച്ചു. നീ എനിക്കു തന്ന സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ ആയിരിക്കേണ്ടതിനുമായി ഞാൻ ഇനിയും അത് അറിയിക്കും" (17,25–26).– മറ്റു മനുഷ്യരേക്കാൾ കൂടുതലായി ഞാൻ പ്രസ്തുത നന്മകൾ അനുഭവിക്കുന്നത് ന്യായയുക്തമാണ്. അവർ എന്നോടുകൂടെ പങ്കാളികളാകുന്നത് ന്യായമാണ്. കാരണം, ആരും നിന്നെ അറിയുകയോ അംഗീകരിക്കുകയോ ചെയ്യാതിരുന്നപ്പോൾ, ഞാൻ നിന്നെ ഏറ്റുപറഞ്ഞു. എന്റെ വാക്കുകളെ വിശ്വസിച്ചവരും നിന്നെപ്പറ്റിയുള്ള വെളിപാട് സ്വീകരിച്ചു. അതുകൊണ്ട്, നീ എന്നെ സ്നേഹിച്ച ആ സ്നേഹത്തിൽ അവരെയും ഉൾപ്പെടുത്തണമെന്ന് ന്യായമായി ഞാൻ അപേക്ഷിക്കുന്നു. അതിന്റെ അനന്തരഫലമെന്ത്? ഞാൻ

www.malankaralibrary.com

www.malankaralibrary.com



അവരിൽ ആയിരിക്കും. മുമ്പു പറഞ്ഞത് അവൻ ആവർത്തിക്കുന്നു. ആത്മാവിന്റെ കൃപ സ്വീകരിക്കുകയും പുത്രസ്വീകാര്യത്തിൽ പങ്കാളികളായി അവനോടുള്ള ഐക്യത്തിന് അർഹരായി പരിഗണിക്കപ്പെടുകയും ചെയ്തവരാണ് അവന്റെ ശരീരം. നമ്മുടെ കർത്താവ് പ്രസ്തുത ശരീരത്തിന്റെ ശിരസ്സായി അവശ്യാവശ്യം കാണപ്പെടുന്നു.

നമ്മുടെ കർത്താവ് തന്റെ ശിഷ്യരോട് പറഞ്ഞ വാക്കുകൾ ഇങ്ങനെ അവസാനിപ്പിച്ചു. തന്റെ വാക്കുകളുടെ പൂർത്തീകരണം എന്നപോലെ, തന്റെ പീഡാനുഭവം കൂട്ടിച്ചേർത്തു. അതുകൊണ്ട്, സുവിശേഷകൻ ഇങ്ങനെ പറയുന്നു: "അതു പറഞ്ഞശേഷം യേശു ശിഷ്യന്മാരോടുകൂടെ കെദ്രോൻ അരുവിയുടെ അക്കരെയെത്തി. അവിടെ ഒരു തോട്ടം ഉണ്ടായിരുന്നു" (18,1).

ആറാം പുസ്തകം സമാപ്തം.

# പുസ്തകം-7

## യേശുവിനെ ബന്ധിക്കുന്നു

"ഇതു പറഞ്ഞശേഷം യേശു ശിഷ്യന്മാരോടുകൂടെ കെദ്രോൻ അരുവിയുടെ അക്കരെയെത്തി. അവിടെ ഒരു തോട്ടമുണ്ടായിരുന്നു. അവനും ശിഷ്യന്മാരും അവിടെ പ്രവേശിച്ചു" (18,1). - നേരത്തേ പലപ്രാവശ്യം പറഞ്ഞതുപോലെ, പീഡാസഹനത്തെപ്പറ്റി താൻ ബോധവാനാണെന്ന് കാണിച്ചു. അതിനുള്ള സമയം അടുത്തതിനാൽ, പീഡനങ്ങളിൽ നിന്ന് ഒളിച്ചോടുകയല്ല, തന്നെ പിടിക്കാൻ ആഗ്രഹിച്ചവർക്ക് തന്നെത്തന്നെ സ്വമേധയാ ഏൽപിച്ചു കൊടുക്കുകയാണ് അവിടുന്ന് ചെയ്തത്. യോഹന്നാൻ ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: "അവനെ ഒറ്റിക്കൊടുത്ത യൂദാസിനും ആ സ്ഥലം അറിയാമായിരുന്നു. കാരണം, യേശു പലപ്പോഴും ശിഷ്യന്മാരോടുകൂടെ അവിടെ സമ്മേളിക്കാറുണ്ടായിരുന്നു"(18,2). അവൻ പതിവായി അവിടെ വന്നിരുന്നെങ്കിലും അന്ന് മറ്റൊരിടത്തേക്ക് പോകാൻ കഴിയുമായിരുന്നു. പീഡാസഹനം ഒഴിവാക്കണമെന്ന് അവന് താൽപര്യമില്ലായിരുന്നു. മറിച്ച്, തന്നെ പിടിക്കാൻ വന്നവർക്ക് അവൻ സ്വമേധയാ തന്നെത്തന്നെ കയ്യാളിച്ചു. യൂദാസ് പുരോഹിതരെയും ഫരിസേയരെയും സേവകരെയും വലിയ ജനാവലിയെയും കൂട്ടി പന്തങ്ങളും വിളക്കുകളും ആയുധങ്ങളുമായി കർത്താവിന്റെ പിന്നാലെയെത്തി. രാത്രി ആയിരുന്നതിനാൽ കാണാൻ വേണ്ടിയാണ് പന്തങ്ങളെടുത്തത്. യേശുവിനെ പിടിക്കുമ്പോൾ ആരെങ്കിലും എതിർക്കാൻ വന്നാൽ അവർക്കെതിരെ പ്രയോഗിക്കാൻ വേണ്ടിയാണ് ആയുധങ്ങൾ കരുതിയത്.

www.malankaralibrary.com



"തനിക്ക് സംഭവിക്കാനിരിക്കുന്നതെല്ലാം അറിഞ്ഞിരുന്ന യേശു മുമ്പോട്ടുവന്ന് അവരോട് ചോദിച്ചു: നിങ്ങൾ ആരെയാണ് അന്വേഷിക്കുന്നത്? അവർ പറഞ്ഞു: നസ്രായനായ യേശുവിനെ. യേശു പറഞ്ഞു: അതു ഞാനാണ്. അവനെ ഒറ്റിക്കൊടുത്ത യൂദാസും അവരോടുകൂടെ ഉണ്ടായിരുന്നു. ഞാനാണെന്ന് അവൻ പറഞ്ഞപ്പോൾ അവർ പിൻവലിയുകയും നിലംപതിക്കുകയും ചെയ്തു" (18,4-6). യേശു പീഡാസഹനത്തിൽനിന്ന് ബോധപൂർവം ഒഴിഞ്ഞുമാറിയില്ല എന്നാണ് ഇവിടെയും സുവിശേഷകൻ ചൂണ്ടിക്കാണിക്കുന്നത്. പീഡാസഹനം അടുത്തെത്തി എന്നറിഞ്ഞിട്ടും തന്നെ പിടിക്കാൻ വന്നവരുടെ അടുത്തേക്ക് അവിടുന്ന് പോകുകയാണ് ചെയ്തത്. അവർ ആരെയാണ് അന്വേഷിക്കുന്നതെന്ന് അവൻ ചോദിച്ചപ്പോൾ നസ്രായനായ യേശുവിനെ എന്ന് അവർ മറുപടി പറഞ്ഞു. *അതു ഞാനാണ്* എന്ന് അവൻ പറഞ്ഞപ്പോൾ, അവർ പിൻവലിഞ്ഞ് നിലംപതിച്ചു. തനിക്ക് വേണമായിരുന്നെങ്കിൽ, അവരെ എളുപ്പത്തിൽ നശിപ്പിക്കാമായിരുന്നു എന്നു കാണിക്കാനാണ് എല്ലാവരുടെയും മുമ്പിൽ കർത്താവ് ഇങ്ങനെയൊക്കെ ചെയ്തത്. എന്നാൽ ആത്യന്തികമായി എല്ലാ മനുഷ്യരുടെയും നന്മയ്ക്കു വേണ്ടിയാണ് അവൻ പീഡാസഹനം സ്വീകരിച്ചത്. അവരെ ഒറ്റവാക്കാൽ നിലത്തു വീഴിച്ചവന് സ്വശക്തിയാൽ അവരെയെല്ലാം നിഗ്രഹിക്കാൻ കഴിയുമായിരുന്നു. ഇതു കണ്ടിട്ടും തന്റെ ദുഷ്ടപദ്ധതിയിൽനിന്ന് പിൻമാറാതിരുന്ന യൂദാസിന്റെ കഠിനഹൃദയത്തെ വെളിവാക്കാനാണ് യൂദാസും അവരുടെ കൂടെ ഉണ്ടായിരുന്നെന്ന് സുവിശേഷകൻ എടുത്തുപറയുന്നത്.

നമ്മുടെ കർത്താവ് അവരോട് വീണ്ടും ചോദിക്കുകയും ആരെയാണ് അന്വേഷിക്കുന്നതെന്ന് അവർ മറുപടി പറയുകയും ചെയ്തപ്പോൾ, ആദ്യത്തേതുപോലെ അവർ വീഴുന്നതിന് അവിടുന്ന് ഇടയാക്കിയില്ല. ഒരിക്കൽ അതു സംഭവിച്ചതുകൊണ്ട്, തന്റെ ശക്തി തെളിയിക്കാൻ അതു മതിയായിരുന്നു. നമ്മുടെ രക്ഷാകരപദ്ധതിക്ക് ആവശ്യമായ കാര്യങ്ങളാണ് അവൻ ചെയ്തത്. അതു ഞാനാണ് എന്നു പറഞ്ഞശേഷം അവൻ ഇപ്രകാരം കൂട്ടിച്ചേർത്തു: "നിങ്ങൾ എന്നെയാണ് അന്വേഷിക്കുന്നതെങ്കിൽ, ഇവർ പൊയ്ക്കൊള്ളട്ടെ. നീ എനിക്കു തന്നവരിൽ ആരെയും ഞാൻ നഷ്ടപ്പെടുത്തിയില്ല എന്ന തിരുവചനം പൂർത്തിയാകാൻ വേണ്ടിയായിരുന്നു ഇത്" (18,8-9)- താൻ പറഞ്ഞത് പൂർത്തിയാകാൻ വേണ്ടിയല്ല അവൻ തന്റെ ശിഷ്യരെ സുരക്ഷിതരായി വിട്ടയച്ചത്. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് അവൻ അറിഞ്ഞിരുന്നതുകൊണ്ടാണ് അങ്ങനെ പ്രവചിച്ചത്. തീർച്ചയായും സംഭവിക്കാനിരിക്കുന്നവ ഇങ്ങനെ വെളിപ്പെടുത്തുന്നത് തിരുലിഖിതത്തിന്റെ പതിവു ശൈലിയാണ്.

"ശെമയോൻ പത്രോസിന് ഒരു വാളുണ്ടായിരുന്നു" (18,10). അവന് കർത്താവിനോട് വലിയ സ്നേഹം ഉണ്ടായിരുന്നതിനാലാണ്, കോപാവേശ

www.malankaralibrary.com



ത്താൽ വാൾ ഊരി മൽക്കോസ് എന്ന് പേരുള്ള പുരോഹിതദാസന്റെ ചെവി ഛേദിച്ചുകളഞ്ഞത്. സുവിശേഷകൻ ഇക്കാര്യം എടുത്തുപറയുന്നു. നമ്മുടെ കർത്താവ് എന്താണ് ശെമയോനോട് പറഞ്ഞത്? "വാൾ ഉറയിലിടുക. പിതാവ് എനിക്കു തന്ന പാനപാത്രം ഞാൻ കുടിക്കേണ്ടയോ?"(18,11). വാളിന്റെ ആവശ്യമില്ലെന്ന് അവൻ പറഞ്ഞു. ഞാൻ പീഡ അനുഭവിക്കേണ്ടതാണ്. കാരണം, മനുഷ്യവംശം മുഴുവന്റെയും രക്ഷയ്ക്കായി പിതാവിന്റെ തിരുമനസ്സാണത്. "ഞാനത് കുടിക്കേണ്ടയോ?" എന്ന ചോദ്യരൂപത്തിലുള്ള വാക്കുകൾ "ഞാനതു കുടിക്കണം" എന്നു വായിക്കണം. നമ്മുടെ കർത്താവ് സേവകന്റെ ചെവി തൊട്ടു സുഖപ്പെടുത്തി എന്നാണ് ലൂക്കാ സുവിശേഷകൻ പറയുന്നത് (22,51). രോഗികളെ സുഖമാക്കിക്കൊണ്ട് തന്റെ ശക്തി പ്രകടിപ്പിക്കുകയും ആർക്കും ഒരുപദ്രവവും ചെയ്യാതെ, സ്വയമായി സഹിക്കാൻ സന്നദ്ധനാണെന്ന് കാണിക്കുകയുമാണ് ഇതുവഴി ചെയ്തത്. ഈ കാര്യം സുവിശേഷകൻ പറയാഞ്ഞത് എന്തുകൊണ്ടാണെന്ന് നാം ചിന്തിക്കേണ്ടതില്ല. എല്ലാവർക്കും അറിയാവുന്ന കാര്യങ്ങൾ വിവരിക്കുമ്പോൾ, മനുഷ്യർ ഇങ്ങനെ ചെയ്യാറുണ്ട്. ചിലർ ഒന്നും വിടാതെ എല്ലാം വിവരിക്കും. മറ്റുചിലർ തങ്ങളുടെ ലക്ഷ്യത്തിന് ഉതകാത്തവ വിട്ടുകളയുന്നു. ഇതിനുദാഹരണമാണ് സുവിശേഷകരുടെ വിവരണം. അവർ ഒന്നിച്ചു ചേരുകയോ ആശയങ്ങൾ പരസ്പരം പങ്കുവയ്ക്കുകയോ ചെയ്തില്ല. ഓരോരുത്തരും തങ്ങൾക്ക് ഉചിതമെന്നു തോന്നിയതുപോലെ, നടന്ന സംഗതികൾ സ്വന്തരീതിയിൽ എഴുതുകയാണ് ചെയ്തത്. മുമ്പ് പല പ്രാവശ്യം പറഞ്ഞതുപോലെ, മറ്റുള്ളവർ വിട്ടുകളഞ്ഞവ എടുത്തുകാട്ടാനാണ് വിശുദ്ധ യോഹന്നാൻ പ്രത്യേകമായി ശ്രദ്ധിച്ചത്. മറ്റുള്ളവർ വിവരിച്ചവ പരാമർശിക്കുക മാത്രം ചെയ്തു. തന്റെ വിവരണത്തിന്റെ ക്രമമോ വിവരിക്കണമെന്ന് തനിക്കു തോന്നിയ ഭാഗമോ ആണ് ഇതിന് അവനെ പ്രേരിപ്പിച്ചത്.

ഇങ്ങനെ തന്റെ ശക്തി പ്രകടിപ്പിച്ചശേഷം നമ്മുടെ കർത്താവ് തന്നെത്തന്നെ ഏൽപിച്ചുകൊടുക്കുകയും ബന്ധനവിധേയനാകുകയും ചെയ്തു. പ്രധാനപുരോഹിതനായ കയ്യാഫായുടെ അമ്മായിഅപ്പനായ ഹന്നാന്റെ പക്കലേക്കാണ് അവർ അവനെ ആദ്യം കൊണ്ടുപോയത്. ശിഷ്യരായ ശെമയോൻ പത്രോസും ഈ സുവിശേഷം എഴുതിയ യോഹന്നാനും അവനെ അനുഗമിച്ചിരുന്നു. പ്രധാനപുരോഹിതന് പരിചയമുണ്ടായിരുന്ന യോഹന്നാൻ ഭയം കൂടാതെ കൊട്ടാരമുറ്റത്ത് പ്രവേശിച്ചു."പത്രോസാകട്ടെ, പുറത്ത് വാതിൽക്കൽ നിന്നു." കാരണം, അവിടെയുള്ള ആരെയും അവന് പരിചയമില്ലായിരുന്നു.പത്രോസ് അകത്തു കയറിയില്ലെന്നു കണ്ട് യോഹന്നാൻ പുറത്തുപോയി, വാതിൽകാവൽക്കാരിയോട് സംസാരിച്ച് പത്രോസിനെ അകത്തു പ്രവേശിപ്പിച്ചു. പ്രധാന പുരോഹിതനോട് യോഹന്നാനുള്ള അടുപ്പം നിമിത്തം, ഭയംകൊണ്ടാണ് അവൾ പത്രോസിനെ കടത്തിവിട്ടത്. പത്രോസ്

www.malankaralibrary.com



കടന്നുവന്നപ്പോൾ, "നീയും യേശുവിന്റെ ശിഷ്യരിൽ ഒരുവനല്ലേ?എന്ന് അവൾ അവനോടു ചോദിച്ചു. അവനാകട്ടെ അതു നിഷേധിച്ചു." തണുപ്പായിരുന്നതിനാൽ ഭൃത്യരും സേവകരും തീ കായുകയായിരുന്നു. പത്രോസും അവരോടൊപ്പം തീ കാഞ്ഞുകൊണ്ടിരുന്നു. അപ്പോൾ അവർ അവനോടു ചോദിച്ചു: നീയും യേശുവിന്റെ ശിഷ്യരിൽ ഒരുവനല്ലേ? അവൻ നിഷേധിച്ചപ്പോൾ, ഭൃത്യരിൽ ഒരുവനും പത്രോസ് ചെവി ഛേദിച്ചവന്റെ ചാർച്ചക്കാരനുമായ ഒരുവൻ അവനോട് ചോദിച്ചു: "ഞാൻ നിന്നെ അവനോടുകൂടെ തോട്ടത്തിൽ കണ്ടതല്ലേ?" അവൻ വീണ്ടും അതു നിഷേധിച്ചു.

പത്രോസിന്റെ എടുത്തുചാട്ടത്തെ കുറ്റപ്പെടുത്താനും നമ്മുടെ കർത്താവിന്റെ മുന്നറിവിന്റെ സത്യം തെളിയിക്കാനും നമ്മുടെ കർത്താവു പറഞ്ഞ വാക്കുകളനുസരിച്ച് ഉടനെതന്നെ കോഴികൂവി. എന്നാൽ നാമിവിടെ പറഞ്ഞ സംഭവം നടന്നക്രമം സുവിശേഷകൻ തന്റെ വിവരണത്തിൽ പാലിക്കുന്നില്ല. തണുപ്പായിരുന്നതിനാൽ സേവകരും ഭൃത്യരും തീ കാഞ്ഞെന്ന് പറഞ്ഞശേഷം, ശെമയോൻ അവരുടെകൂടെ നിന്നിരുന്ന കാര്യം ആദ്യം വിട്ടുകളഞ്ഞെങ്കിലും പിന്നീട് കൂട്ടിച്ചേർത്തു. ഇടയ്ക്ക് നമ്മുടെ രക്ഷകനെപ്പറ്റി പ്രധാനപുരോഹിതൻ ചോദിച്ച ചോദ്യങ്ങളിലേക്ക് തിരിയുന്നു. യേശുവിനെ വിസ്തരിക്കാൻ അവർ അവന്റെ മുമ്പിൽ കൊണ്ടുവന്നതിനെപ്പറ്റി സുവിശേഷകൻ പറയുന്നു: "പ്രധാനപുരോഹിതൻ യേശുവിനെ അവന്റെ ശിഷ്യരെയും പ്രബോധനത്തെയും കുറിച്ച് ചോദ്യംചെയ്തു"(18,19).

അതായത്, തന്റെ ശിഷ്യരെ എന്താണ് പഠിപ്പിച്ചതെന്നു ചോദിച്ചു. അതിനു നമ്മുടെ കർത്താവ് ചുരുക്കമായി മറുപടി പറഞ്ഞു: "ഞാൻ പരസ്യമായിട്ടാണ് ലോകത്തോടു സംസാരിച്ചത്. എല്ലാ യഹൂദരും ഒരുമിച്ചുകൂടുന്ന സിനഗോഗിലും ദേവാലയത്തിലുമാണ് എപ്പോഴും ഞാൻ പഠിപ്പിച്ചിട്ടുള്ളത്. രഹസ്യമായി ഞാനൊന്നും സംസാരിച്ചിട്ടില്ല. എന്നോട് ചോദിക്കുന്നതെന്തിന്? ഞാൻ പറഞ്ഞതെന്താണെന്ന് അതു കേട്ടവരോടു ചോദിക്കുക. ഞാൻ എന്താണ് പറഞ്ഞതെന്ന് അവർക്കറിയാം"(18,20-21). അവൻ മറുപടിയായി പറയുന്ന വാക്കുകൾ നിമിത്തം അവർക്ക് അവനെ കുറ്റപ്പെടുത്തി ശിക്ഷിക്കാനുള്ള അവസരം ഉണ്ടാകാതിരിക്കാനാണ് ഇങ്ങനെ പറഞ്ഞത്. ഞാൻ പരസ്യമായിട്ടല്ല പ്രസംഗിച്ചിരുന്നതെങ്കിൽ, എന്റെ പ്രബോധനം എന്താണെന്ന് കൃത്യമായ അറിവു ലഭിക്കാൻ എന്നോടു ചോദിക്കണമായിരുന്നു. എന്നാൽ ഇപ്പോൾ, എല്ലാ യഹൂദരുടെയും സാന്നിധ്യത്തിൽ സർവജനങ്ങളുടെയും മുൻപാകെ പല പ്രാവശ്യം ഞാൻ പഠിപ്പിച്ചതിനാൽ, ഞാൻ പറഞ്ഞ വാക്കുകൾക്ക് അനേകം സാക്ഷികളുണ്ട്. നിങ്ങൾ അവരോടു ചോദിക്കുക. അവർ എനിക്കുവേണ്ടി നുണ പറയുകയില്ല. അവൻ ഇതു പറഞ്ഞപ്പോൾ, പ്രധാന പുരോഹിതനോട് ധിക്കാരപരമായി മറുപടി പറഞ്ഞു എന്ന

www.malankaralibrary.com



വ്യാജേന അവന്റെ അടുത്തു നിന്ന സേവകരിൽ ഒരാൾ യേശുവിനെ അടിച്ചു. നമ്മുടെ കർത്താവ് താഴ്ന്നസ്വരത്തിൽ അവനോടു മറുപടി പറഞ്ഞു: "ഞാൻ പറഞ്ഞത് തെറ്റാണെങ്കിൽ, അതു തെളിയിക്കുക. ശരിയാണ് പറഞ്ഞതെങ്കിൽ, എന്തിന് നീ എന്നെ അടിക്കുന്നു?"(18,23). ഞാൻ പറഞ്ഞതിന്റെ ഉള്ളടക്കം പരിശോധിക്കാതെ, എന്റെ മറുപടിയുടെ രൂപം മാത്രം നോക്കി നീയെന്നെ കുറ്റപ്പെടുത്തുന്നത് എന്തിനാണ്? ഞാൻ പറഞ്ഞത് സത്യമല്ലെന്ന് നിനക്ക് തെളിയിക്കാമോ? ഞാൻ പറഞ്ഞത് സത്യമാണെങ്കിൽ നീ എന്തിനെന്നെ അടിച്ചു?

ഇതിനുശേഷം "ഹന്നാസ് നമ്മുടെ കർത്താവിനെ ബന്ധിച്ച് കയ്യാഫാസിന്റെ അടുക്കലേക്കയച്ചു" എന്ന് സുവിശേഷകൻ പറയുന്നു (18,24). പ്രധാന പുരോഹിതൻ യേശുവിനോടു ചോദിച്ചതും യേശു നൽകിയ മറുപടിയും മറ്റും തന്റെ വിവരണത്തിൽ ഇടയ്ക്ക് ചേർത്തശേഷമാണ് മുമ്പു പറഞ്ഞ സന്ദർഭത്തിലേക്ക് യോഹന്നാൻ തിരിയുന്നത്. അതായത്, ശെമയോനോടു കൂടെ തീ കാഞ്ഞിരുന്നവർ അവനോടു ചോദിച്ചെന്നും അവൻ നിഷേധിച്ചെന്നും മറ്റുമുള്ള കാര്യങ്ങൾ. ഇവ നാം ക്രമാനുസൃതം മുമ്പ് പറഞ്ഞല്ലോ. അവനിതു വീണ്ടുവിചാരമില്ലാതെ ചെയ്തതല്ല. തന്റെ വിവരണം സംഭവങ്ങളുടെ ക്രമമനുസരിച്ച് ആക്കാൻ വേണ്ടിയാണിത്. പത്രോസും മറ്റുള്ളവരും തീ കാഞ്ഞുകൊണ്ടു നിന്ന സമയത്താണ് പ്രധാനപുരോഹിതൻ നമ്മുടെ കർത്താവിനെ ചോദ്യം ചെയ്തത് എന്നു വ്യക്തമാണ്. ചോദ്യം ചെയ്യലിന്റെ അവസാനഭാഗത്താണ് നമ്മുടെ കർത്താവിനെ കയ്യാഫാസിന്റെ അടുത്തേക്കു കൊണ്ടുപോകാൻ കൽപനയുണ്ടായത്. അപ്പോഴാണ് തീ കാഞ്ഞുകൊണ്ടു നിന്നവർ പത്രോസിനോട് യേശുവിനെ കുറിച്ച് ചോദിക്കുകയും അവൻ നിഷേധിക്കുകയും ചെയ്തത്. കോഴി കൂവുന്നതിനുമുമ്പ് മൂന്നുപ്രാവശ്യം തള്ളിപ്പറയൽ നടന്നത് നമ്മുടെ കർത്താവ് ബന്ധിതനായി മുന്നോട്ടു പോയപ്പോഴാണ്. വിശുദ്ധ ലൂക്കാ തന്റെ വിവരണത്തിൽ ഇപ്രകാരം കൂട്ടിച്ചേർക്കുന്നു: "കർത്താവ് പത്രോസിന്റെ നേരേ തിരിഞ്ഞ് അവനെ നോക്കി. ഇന്ന് കോഴി കൂവുന്നതിനുമുമ്പ് മൂന്നുപ്രാവശ്യം നീയെന്നെ നിഷേധിക്കും എന്ന് കർത്താവ് പറഞ്ഞ വചനം അപ്പോൾ പത്രോസ് ഓർമിച്ചു" (22,61).- നമ്മുടെ കർത്താവ് അവനെ നോക്കിയത്, ന്യായാസനത്തിന്റെ മുമ്പാകെ നിന്നുകൊണ്ടല്ല, അവിടെ നിന്ന് പുറത്തു വന്നപ്പോഴാണെന്ന് വ്യക്തമാണല്ലോ.

അതുകൊണ്ട്, സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു: "യേശുവിനെ അവർ കയ്യാഫാസിന്റെ അടുത്തുനിന്ന് പ്രത്തോറിയത്തിലേക്കു കൊണ്ടുപോയി. അപ്പോൾ പുലർച്ച ആയിരുന്നു" (18,28). കയ്യാഫാസിന്റെ മുമ്പാകെ സംഭവിച്ചത് എന്താണെന്നോ, അവിടെ ചോദ്യംചെയ്യൽ ഉണ്ടായോ ഇല്ലയോ എന്നോ ഇവിടെ പറയുന്നില്ല. അവർ അവനെ ഹന്നാസിന്റെ പക്കൽനിന്ന്

www.malankaralibrary.com



കയ്യാഫാസിന്റെ പക്കലേക്കും അവിടെ നിന്ന് പ്രത്തോറിയത്തിലേക്കും കൊണ്ടുപോയി. മറ്റു കാര്യങ്ങൾ മറ്റു സുവിശേഷകർ വിവരിക്കുന്നതിനാൽ, ഇവിടെ പറയാൻ അവൻ മുതിരുന്നില്ല. മറ്റുള്ളവർ വിട്ടുകളഞ്ഞതുകൊണ്ട് ഹന്നാസിന്റെ കാര്യവും അവന്റെ വിസ്താരവും നമ്മുടെ കർത്താവിന്റെ മറുപടിയും അവൻ അനുസ്മരിക്കുന്നു.

നാമിവിടെ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ: ഹന്നാസിന്റെയും പിന്നീട് കയ്യാഫാസിന്റെയും മുമ്പാകെ പറഞ്ഞവ വ്യത്യസ്ത രീതിയിലാണ് വിവിധ സുവിശേഷകർ വിവരിക്കുന്നത്. അവർ കേട്ടതും ഓർത്തതുമായ കാര്യങ്ങളിൽ ചിലത് മാത്രമാണ് അവർ പറയുന്നത്. കാരണം, യഹൂദന്മാർ യേശുവിനെ പിടിച്ചപ്പോൾ ശിഷ്യന്മാർ എല്ലാവരും തന്നെ അവനെ വിട്ട് ഓടിപ്പോയി. അതുകൊണ്ട്, എന്റെ അഭിപ്രായത്തിൽ, വിവരണത്തിലുള്ള വ്യത്യാസങ്ങൾ- വാക്കുകൾ, സ്ഥലം ആദിയായവ- അവരുടെ ആത്മാർഥതയുടെ അടയാളമാണ്. നമ്മുടെ കർത്താവ് പ്രവർത്തിച്ചതും മറ്റുള്ളവർ അവനോടു ചെയ്തതുമായ കാര്യങ്ങൾ നിരവധിയാണ്. സുവിശേഷകർ ഓരോരുത്തരും അറിഞ്ഞത് രേഖപ്പെടുത്തിയെന്നു മാത്രം.

യഹൂദരാകട്ടെ, അശുദ്ധരാകാതെ പെസഹാ ഭക്ഷിക്കേണ്ടതിനാൽ പ്രത്തോറിയത്തിൽ പ്രവേശിച്ചില്ല. അതിനാൽ പീലാത്തോസ് പുറത്ത് അവരുടെ അടുക്കൽവന്ന് ചോദിച്ചു: "ഈ മനുഷ്യനെതിരെ എന്താരോപണമാണ് നിങ്ങൾ കൊണ്ടുവരുന്നത്?" അവർ അതിനുള്ള കാരണം പറഞ്ഞില്ല. മറിച്ച്, ആധികാരികമായി കുറ്റം വിധിക്കുന്നതുപോലെ അവനെ പിടിച്ചതിന്റെ കാരണം തറപ്പിച്ചു പറഞ്ഞു: "ഇവൻ തിന്മ പ്രവർത്തിക്കുന്നവനല്ലെങ്കിൽ, ഞങ്ങൾ ഇവനെ നിനക്ക് ഏൽപിച്ചു തരികയില്ലായിരുന്നു" (18,30). അവരുടെ വാക്കുകളനുസരിച്ച് പീലാത്തോസ് ന്യായമായ മറുപടി നൽകി: "നിങ്ങൾ തന്നെ അവനെ കൊണ്ടുപോയി നിങ്ങളുടെ നിയമം അനുസരിച്ച് വിധിച്ചുകൊള്ളുവിൻ" (18,31). അതായത്, നിങ്ങൾ തന്നെ മുൻകൂർ വിധി പ്രസ്താവിച്ചിരിക്കെകൊണ്ട് നിങ്ങൾക്കിഷ്ടമുള്ളതുപോലെ, അതേപ്പറ്റി അന്വേഷിക്കുവിൻ. ഞാൻ ഈ മനുഷ്യനെ വിധിക്കണമെന്ന് നിങ്ങൾ താൽപര്യപ്പെടുന്നെങ്കിൽ, അവനെതിരെയുള്ള കുറ്റമെന്താണെന്ന് എന്നോടു പറയേണ്ടതായിരുന്നു. യഹൂദർ എന്തു പറഞ്ഞു? "ആരെയും വധിക്കുന്നതിന് നിയമം ഞങ്ങളെ അനുവദിക്കുന്നില്ല."

പെസഹാപെരുന്നാൾ നിമിത്തമാണ് അവരിതു പറഞ്ഞത്. അവർക്ക് അവനെ കൊല്ലാൻ പറ്റാത്തതുകൊണ്ടാണ് അവനെ കൊല്ലാനായി ഏൽപിച്ചുകൊടുത്തത്. സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു: "ഏതു വിധത്തിലുള്ള മരണമാണ് തനിക്കു വരാനിരിക്കുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട് യേശു പറഞ്ഞ വചനം പൂർത്തിയാകാനാണ് ഇതു സംഭവിച്ചത്" (18,32). അതിന്റെ

www.malankaralibrary.com



അർത്ഥം അവന്റെ പീഡാസഹനം അവന്റെ പ്രവചനം അനുസരിച്ച് നിറവേറേണ്ടിയിരുന്നു. അതായത്, അവർ അവനെ വിജാതീയർക്ക് ഏൽപിച്ചു കൊടുക്കുമെന്ന് . യഹൂദർ ഇതു പറഞ്ഞപ്പോൾ പീലാത്തോസ് വീണ്ടും പ്രത്തോറിയത്തിൽ പ്രവേശിച്ച് യേശുവിനെ വിളിച്ച് അവനോടു ചോദിച്ചു: "നീ യഹൂദരുടെ രാജാവാണോ?" (18,33). വിധിയാളന്റെ കോപം അവനെതിരെ ഉജ്ജ്വലിപ്പിക്കുന്നതിനുവേണ്ടി, അവൻ റോമാക്കാരുടെ നിയമം അട്ടിമറിക്കുകയും യഹൂദരുടെ രാജ്യം പുനഃസ്ഥാപിക്കുകയും ചെയ്യുമെന്ന് അവനെതിരെ യഹൂദരാണ് ആരോപണമുന്നയിച്ചത്. കർത്താവ് എന്തു മറുപടി പറഞ്ഞു? "നീയിത് സ്വയമേ പറയുന്നതോ, അതോ മറ്റുള്ളവർ എന്നെപ്പറ്റി നിന്നോടു പറഞ്ഞതോ?" (18,34). കാരണം, യഹൂദരോട് വ്യക്തമായ അനുഭാവം ഉണ്ടെന്ന് കാണിക്കാനാണ് പീലാത്തോസ് യേശുവിനെ മാത്രം വിളിച്ചുവരുത്തി ചോദിച്ചത് . കാരണം, നിയമം അനുസരിച്ച്, ആരോപണം ഉന്നയിക്കുന്നവർ, ആരോപിക്കപ്പെടുന്ന കുറ്റം ആദ്യംതന്നെ പറഞ്ഞു തെളിയിക്കേണ്ടിയിരിക്കുന്നു. അവരുടെ വിധിയാളന്മാർ നീതിയോടെ കേൾക്കുകയും ന്യായമായ അന്വേഷണത്തിന്റെയും പരിശോധനയുടെയും ശേഷം, കുറ്റം ആരോപിച്ചവർ ദുരാരോപകരാണെന്നു കണ്ടാൽ, അവർക്കെതിരെ വിധി പ്രസ്താവിക്കുകയും വേണം. അതുകൊണ്ട്, പീലാത്തോസ് ന്യായമായ രീതിയിലല്ല പ്രവർത്തിക്കുന്നതെന്ന് സൂചിപ്പിക്കാനാണ് നമ്മുടെ കർത്താവ് പറയുന്നത്. അതായത്, നീയാണോ എന്നെ കുറ്റപ്പെടുത്തുന്നത്? അതോ മറ്റുള്ളവരിൽനിന്ന് നീ കേട്ടതാണോ? കാരണം, വേറേയാരും അടുത്തില്ലാത്തതുകൊണ്ട്, ആരാണ് എനിക്കെതിരെ ദുരാരോപണം നടത്തിയതെന്ന് എനിക്കറിഞ്ഞുകൂടാ.

ഈ വാക്കുകളാൽ പ്രക്ഷുബ്ധനായി പീലാത്തോസ് ചോദിച്ചു: "ഞാൻ യഹൂദനാണോ? നിന്റെ സഹപൗരന്മാരാണ് നിന്നെ എനിക്ക് ഏൽപിച്ചു തന്നത്. നീഎന്താണ് ചെയ്തത്? പറയുക." (18,35).നമ്മുടെ കർത്താവ് ഇതിന് ചുരുങ്ങിയ മറുപടി നൽകുന്നു: "എന്റെ രാജ്യം ഐഹികമല്ല. ആയിരുന്നെങ്കിൽ ഞാൻ യഹൂദർക്ക് ഏൽപിക്കപ്പെടാതിരിക്കാൻ എന്റെ സേവകർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല"(18,36). യൂദരാജ്യം കൈവശപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നോ എന്നു നീ ചോദിച്ചാൽ, തീർച്ചയായും ഞാൻ രാജാവാണെന്നു നീ അറിയുക. പക്ഷേ എനിക്കു ഭൗമികരാജ്യമില്ല. ഉണ്ടായിരുന്നെങ്കിൽ, എന്റെ ശത്രുക്കൾ എന്നെ ഉപദ്രവിക്കാതിരിക്കാൻ എന്റെ പട്ടാളക്കാർ എനിക്കു വേണ്ടി പോരാടുമായിരുന്നു. ഇപ്പോഴാകട്ടെ, നിരായുധനായും എതിർപ്പു കൂടാതെയും എന്നെ പിടിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഞാൻ ഏൽപിക്കപ്പെട്ടിരിക്കയാൽ, എന്റെ രാജ്യം വ്യത്യസ്ത സ്വഭാവമുള്ളതാണെന്ന് വ്യക്തമാണല്ലോ. ഞാൻ എന്റെ രാജ്യത്ത് ആയിരിക്കുമ്പോൾ തീർച്ചയായും വിജയശ്രീലാളിതനായിരിക്കും.

www.malankaralibrary.com



പീലാത്തോസ് വീണ്ടും ചോദിച്ചു: "അപ്പോൾ നീ രാജാവാണ്. അല്ലേ?" (18,37). നമ്മുടെ കർത്താവ് വളരെ വ്യക്തമായി ഇക്കാര്യം പറഞ്ഞില്ലെങ്കിലും എന്താണ് അർത്ഥമാക്കാൻ അവൻ ഉദ്ദേശിച്ചതെന്ന് പീലാത്തോസിനു മനസ്സിലായി. യേശു മറുപടി പറഞ്ഞു: "നീ തന്നെ പറയുന്നു, ഞാൻ രാജാവാണെന്ന് " (18,37). എനിക്ക് രാജകീയമഹത്വം ഉണ്ടെങ്കിലും അഹംഭാവത്തിന്റെ സംശയത്തിൽ നിന്നുപോലും മോചിതനാകാൻ ഞാനത് തുറന്നു പറയാൻ വിസമ്മതിക്കുന്നു. തന്റെ മഹത്വത്തെക്കുറിച്ച് പരസ്യമായി പറയാൻ ഇഷ്ടമില്ലാത്തതിന്റെ കാരണം വ്യക്തമാക്കിക്കൊണ്ട് അവൻ പറയുന്നു: "ഇതിനുവേണ്ടിയാണ് ഞാൻ ജനിച്ചത്. ഇതിനുവേണ്ടിയാണ് ഞാൻ ഈ ലോകത്തിലേക്കു വന്നതും. സത്യത്തിനു സാക്ഷ്യം നൽകാൻ. സത്യത്തിൽ നിന്നുള്ളവൻ എന്റെ സ്വരം കേൾക്കുന്നു" (18,37). - പരസ്യ പ്രഖ്യാപനത്തിൽനിന്ന് ഞാൻ ഒഴിഞ്ഞുമാറുന്നു. എന്നാൽ സത്യം മറച്ചുവയ്ക്കുന്നില്ല. എല്ലാ കാര്യങ്ങളും തുറന്നുപറയുക എന്നതാണ് എന്റെ ദൗത്യം. എന്നാൽ പറഞ്ഞവ വിശ്വസിക്കുന്നതിനും സത്യം കേൾക്കുന്നതിനും എല്ലാവർക്കും സാധിക്കുകയില്ല. അതുകൊണ്ട്, എനിക്കുള്ള എന്റെ മഹത്വത്തെക്കുറിച്ച് ഞാൻ വ്യർഥമായി അഭിമാനിക്കുന്നെന്ന് ദുരഭിമാനത്തിന്റെ സംശയം ഉണ്ടാകാതിരിക്കാൻ, ഉചിതമല്ലാത്തിടത്ത് തുറന്നുപറയാൻ എനിക്ക് കടമയില്ലെന്ന കാര്യം വ്യക്തമാണല്ലോ.

ഇതുകേട്ടപ്പോൾ പീലാത്തോസ് അവനോടു ചോദിച്ചു: "എന്താണ് സത്യം?" അറിയാൻ വേണ്ടിയല്ല അവനിതു ചോദിച്ചത്. മറിച്ച്, പറയപ്പെട്ടവയെപ്പറ്റി സംശയിച്ചതുകൊണ്ടാണ്. വീണ്ടും യഹൂദരുടെ പക്കലേക്കുചെന്ന് അവരോട് ഉടനെ ചോദിച്ചതിൽനിന്ന് ഇതു മനസ്സിലാക്കാം. "ഞാൻ അവനിൽ മരണാർഹമായ ഒരു കുറ്റവും കാണുന്നില്ല. നിങ്ങൾ ആവശ്യപ്പെടുന്ന ഒരു കുറ്റവാളിയെ സ്വതന്ത്രനായി വിട്ടുതരുന്ന പതിവുണ്ടല്ലോ. നിങ്ങൾക്കിഷ്ടമാണെങ്കിൽ, ഞാൻ ഇവനെ ഇപ്പോൾ വിട്ടുതരാം. എന്നാൽ അവർ വിളിച്ചുപറഞ്ഞു: "ഇവനെയല്ല, ബറബാസിനെ വിട്ടുതരിക. അവനാകട്ടെ ഒരു കൊള്ളക്കാരനും കൊലപാതകം നിമിത്തം ജയിൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടവനുമായിരുന്നു" (18,39-40).

## യേശു കയ്യാളിക്കപ്പെടുന്നു

"പീലാത്തോസ് യേശുവിനെ ചമ്മട്ടികൊണ്ട് അടിപ്പിച്ചു" (19,1). അവൻ റോമാക്കാരുടെ നിയമത്തിനെതിരെ ഗൂഢാലോചന നടത്താനും യഹൂദരുടെമേൽ രാജാവായി വാഴാനും ആഗ്രഹിച്ചിരുന്നെന്ന് അവനെതിരെ യഹൂദർ കുറ്റാരോപണം നടത്തിയതിനാൽ, അവൻ ആഗ്രഹിച്ച കാര്യം അവനതീതമാണെന്നും വ്യർഥമാണെന്നും പറഞ്ഞ് അവനെ പട്ടാളക്കാർ പരിഹസിച്ചു. "പടയാളികൾ ഒരു മുൾക്കിരീടം ഉണ്ടാക്കി അവന്റെ തലയിൽ വച്ചു.

www.malankaralibrary.com



ഒരു ചെമന്ന മേലങ്കി അവനെ ധരിപ്പിച്ചു" (19,2). അവന്റെ കരണത്തടിച്ചു കൊണ്ട് അവർ പറഞ്ഞു: "യഹൂദരുടെ രാജാവേ, സ്വസ്തി." പിന്നീട് പീലാത്തോസ് വീണ്ടും അവരുടെ അടുത്തേക്ക് വന്ന് പറഞ്ഞു: "ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ലെന്ന് നിങ്ങൾ അറിയാൻ ഇതാ, അവനെ നിങ്ങളുടെ അടുത്തേക്ക് കൊണ്ടുവരുന്നു" (19,3-4). പട്ടാളക്കാർ ധരിപ്പിച്ച മുൾക്കിരീടവും ചെമന്ന മേലങ്കിയും ധരിച്ച് യേശു പുറത്തേക്കു വന്നു. പീലാത്തോസ് അവനെ ചൂണ്ടിക്കാണിച്ചപ്പോൾ, പുരോഹിതരും സേവകരും വിളിച്ചുപറഞ്ഞു: "അവനെ ക്രൂശിക്കുക. അപ്പോൾ പീലാത്തോസ് അവരോടു പറഞ്ഞു: നിങ്ങൾതന്നെ അവനെ കൊണ്ടുപോയി നിങ്ങൾക്കിഷ്ടമുള്ളിടത്ത് ക്രൂശിച്ചുകൊള്ളുവിൻ." ന്യായമായ വിധിവാചകത്തിലൂടെ ശിക്ഷാവിധി നടത്തുന്നതിനേക്കാൾ, യഹൂദർക്ക് ഇഷ്ടമുള്ളതുപോലെ അവനോടു ചെയ്യാൻ അവനെ ഏൽപിച്ചുകൊടുക്കുന്നതാണ് തന്റെ ഉത്തരവാദിത്വം കുറയ്ക്കാനുള്ള മാർഗമെന്ന് അവൻ കരുതി. തങ്ങളുടെ നിയമം അനുസരിച്ച് അവൻ മരിക്കണമെന്ന് യഹൂദർ അവനെതിരെ വിളിച്ചുപറഞ്ഞു. അവൻ മരണത്തിന് അർഹനാണ്. കാരണം, താൻ ദൈവപുത്രനാണെന്ന് അവൻ ധിക്കാരപൂർവം പ്രഖ്യാപിച്ചു. ഇതു കേട്ടപ്പോൾ പീലാത്തോസ് കൂടുതൽ ഭയപ്പെട്ടു. അവൻ പ്രവർത്തിച്ച അത്ഭുതങ്ങളെ കുറിച്ചും പീലാത്തോസ് കേട്ടിരുന്നു. അവൻ വീണ്ടും പ്രത്തോറിയത്തിൽ പ്രവേശിച്ച് യേശുവിനോടു ചോദിച്ചു: "നീ എവിടെ നിന്നാണ്?"അവൻ സത്യമായും ദൈവപുത്രനാണോ എന്ന് ഇതിലൂടെ അറിയാൻ കഴിയുമെന്ന് അവൻ കരുതി. അവന്റെ അനുചിതമായ ചോദ്യം നിമിത്തം നമ്മുടെ കർത്താവ് മറുപടിയൊന്നും പറഞ്ഞില്ല. അവനെ വാക്കുകളിൽ കുടുക്കുന്നതിനായി പീലാത്തോസ് ചോദിച്ചു: "നീ എന്നോടു സംസാരിക്കുകയില്ലേ? നിന്നെ വെറുതെ വിടാനും വിടാതിരിക്കാനുമുള്ള അധികാരം എനിക്കുണ്ട്."നമ്മുടെ കർത്താവ് എന്തുപറഞ്ഞു? "ഉന്നതത്തിൽനിന്ന് നൽകപ്പെട്ടില്ലായിരുന്നെങ്കിൽ നിനക്ക് എന്റെ മേൽ യാതൊരധികാരവും ഉണ്ടാകുമായിരുന്നില്ല. അതിനാൽ എന്നെ നിനക്ക് ഏൽപിച്ചു തന്നവന്റെ പാപം കൂടുതൽ ഗൗരവമുള്ളതാണ് " (19,11).

നിനക്കു തെറ്റിപ്പോയിരിക്കുന്നു. നിന്റെ അധികാരം കൊണ്ടല്ല ഞാൻ സഹിക്കുന്നത്. ഇത് എല്ലാവരുടെയും പ്രയോജനത്തിനു വേണ്ടിയാണെന്ന് ദൈവം അറിഞ്ഞിരുന്നില്ലെങ്കിൽ, എന്നോടു ചെയ്യപ്പെട്ടവ ദൈവം അനുവദിക്കുമായിരുന്നില്ല. നിനക്കു ലഭിക്കേണ്ടതിനേക്കാൾ വലിയ ശിക്ഷ, എന്നെ നിനക്ക് ഏൽപിച്ചു തന്നവർക്ക് ഉണ്ടാകുമെന്ന് അറിഞ്ഞുകൊള്ളുക. ഇവയുടെയെല്ലാം കാരണക്കാർ അവരാകയാൽ, അവരുടെ പാപം കൂടുതൽ ഗൗരവമുള്ളതാണ്. ഈ വാക്കുകൾ നിമിത്തം അവനെ വിട്ടയക്കാൻ പീലാത്തോസ് ആഗ്രഹിച്ചു. യേശു പറഞ്ഞത് ന്യായമാണെന്ന് അവന് ബോധ്യ

www.malankaralibrary.com



മായിക്കാണും. എന്നാൽ യഹൂദർ വിളിച്ചുപറഞ്ഞു: ''ഇവനെ മോചിപ്പിക്കുന്നപക്ഷം നീ സീസറിന്റെ സ്നേഹിതനല്ല. തന്നെത്തന്നെ രാജാവാക്കുന്ന ഏവനും സീസറിന്റെ വിരോധിയാണ് '' (19,12). - അവൻ റോമൻ ഭരണത്തിനെതിരെ മത്സരിച്ചു, അവരുടെ രാജ്യം വിഭജിക്കാൻ ആഗ്രഹിച്ചു, നീ അവനെ ജീവിക്കാൻ അനുവദിച്ചാൽ ചക്രവർത്തിയുടെ എതിരാളിക്ക് ജീവൻ നൽകുകയായിരിക്കും ചെയ്യുക എന്നൊക്കെയായിരുന്നു അവരുടെ വാദങ്ങൾ. ഇതു കേട്ട് പീലാത്തോസ് ഭയപ്പെട്ടു. അവൻ പുറത്ത് സിംഹാസനത്തിലിരുന്നിട്ട്, യേശുവിനെ കൊണ്ടുവരാൻ കൽപിച്ചു. ''അന്ന് പെസഹായുടെ ഒരുക്കദിവസമായിരുന്നു'' (19,14). അതായത്, ആഴ്ചയുടെ ആറാമത്തെ ദിവസവും ആറാമത്തെ മണിക്കൂറുമായിരുന്നു.

സുവിശേഷകരുടെ വാക്കുകൾ പരസ്പര വിരുദ്ധമാണെന്ന് ചിലർ കരുതുന്നു. മൂന്നാംമണിക്കൂർ എന്നും ആറാം മണിക്കൂർ എന്നും പറയുന്നതുകൊണ്ട് ഇത് വിശദീകരിക്കേണ്ടത് ആവശ്യമാണ്. ആറാംമണിക്കുറിൽ അന്ധകാരം ഉണ്ടായെന്നു യോഹന്നാനും മത്തായിയും ലൂക്കായും പറയുന്നു. പീലാത്തോസ് പുറത്തുവന്ന് സിംഹാസനത്തിൽ ഇരുന്ന ഉടനെ യേശുവിനെ കുരിശിൽ തറയ്ക്കാനായി വിട്ടുകൊടുത്തു. സുവിശേഷകർ പറയുന്നതുപോലെ, അവൻ ക്രൂശിക്കപ്പെട്ടശേഷം അന്ധകാരം ഉണ്ടായി. അപ്പോൾ മൂന്നാം മണിക്കൂറായെന്നു മർക്കോസ് പറയുന്നു (15,25). പല കാരണങ്ങളാൽ ഇതിൽ അത്ഭുതപ്പെടാനില്ല. ഒന്നാമത്, ഈ സംഭവങ്ങൾ നടക്കുമ്പോൾ അവൻ സന്നിഹിതനല്ലായിരുന്നു. രണ്ടാമത്, അവൻ നമ്മുടെ കർത്താവിന്റെ ആദ്യശിഷ്യൻ അല്ലാതിരുന്നതിനാൽ, പത്രോസിൽ നിന്നോ മറ്റേതെങ്കിലും ശിഷ്യരിൽ നിന്നോ കേട്ടതാണിത്. മൂന്നാമത്, സമയത്തെക്കുറിച്ചും മണിക്കുറുകളെക്കുറിച്ചും മനുഷ്യർക്ക് വ്യത്യസ്താഭിപ്രായമുണ്ട്. മണിക്കൂറുകളെ കുറിച്ചുള്ള അനിശ്ചിതത്വം മൂലം, വിവരിച്ച വസ്തുതകൾക്ക് യാതൊരു കോട്ടവും ഉണ്ടാകുന്നില്ല. കൂടാതെ, മർക്കോസ് മൂന്നാംമണിക്കൂർ എന്നു പറയുന്നത് ഏതെങ്കിലും അറിയപ്പെട്ട കൃത്യസംഭവത്തെ കുറിച്ചല്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. സംഭവിച്ച കാര്യങ്ങൾ ലളിതമായി പൊതുവെ വിവരിക്കുന്നതിനാൽ, മൂന്നാം മണിക്കൂറിൽ അവ സംഭവിച്ചെന്നു പറയുന്നത് ശരിയാണ്. അവർ അവനെ ക്രൂശിൽ തറച്ചു എന്ന് ചേർത്തുപറയുന്നതിനാൽ, അതിനു മുമ്പുള്ള സമയം മുഴുവനുമാണ് മൂന്നാംമണിക്കൂർ കൊണ്ട് അവൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് മൂന്നാംമണിക്കൂർ ആയിരുന്നു എന്നത് ഇടയ്ക്ക് സംഭവിച്ച എല്ലാ കാര്യങ്ങളുടെയും വിവരണത്തോട് ഒത്തുപോകുന്നതാണ്. അവർ അവനെ കുരിശിൽ തറച്ചു എന്ന് ചേർത്തത് മുമ്പുള്ളവയുടെ തുടർച്ചയാണ്.

പീലാത്തോസ് യഹൂദരെ കളിയാക്കി പറയുന്നു: ''ഇതാ, നിങ്ങളുടെ രാജാവ് ''. അവരാകട്ടെ, ''അവനെ ക്രൂശിക്കുക'' എന്ന് വിളിച്ചുകൂകി. അവ

www.malankaralibrary.com



രുടെ അന്യായപ്രവൃത്തി നിമിത്തം പീലാത്തോസ് അവരെ കുറ്റപ്പെടുത്തുകയും കളിയാക്കുകയും ചെയ്തുകൊണ്ട് പറയുന്നു:"നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിൽ തറയ്ക്കണമോ"? പ്രധാനപുരോഹിതന്മാർ മറുപടിയായി പറഞ്ഞു: "സീസർ അല്ലാതെ ഞങ്ങൾക്ക് വേറേ രാജാവില്ല" (19,15). അതു വഴിയായി യേശുവിനെ അവഹേളിക്കുന്നതിനും കൊലയ്ക്കു വിധിക്കാൻ പീലാത്തോസിനെ നിർബന്ധിക്കുന്നതിനും വേണ്ടിയാണ് അവരിങ്ങനെ പറഞ്ഞത്.

നാം ഇത് അറിയേണ്ടത് ആവശ്യമാണ്. പെസഹാദിനമാണ് അവർ നമ്മുടെ കർത്താവിനെ തള്ളിപ്പറയുകയും സീസറാണ് തങ്ങളുടെ രാജാവെന്ന് വിളിച്ചുപറയുകയും ചെയ്തത്. ജൊസേഫൂസിന്റെ ചരിത്രത്തിൽ ജറുസലേമിലെ അഗ്നിബാധയെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നതുപോലെ, ആ ദിവസം തന്നെയാണ് യഹൂദർക്കെതിരെ റോമാക്കാർ യുദ്ധം തുടങ്ങിയത്. നാനാ ഭാഗങ്ങളിൽനിന്നും ജറുസലേമിൽ വന്നുചേർന്ന യഹൂദരെല്ലാം അവിടെ കാരാഗൃഹത്തിലെന്നവണ്ണം വളരെ ക്ലേശങ്ങൾ അനുഭവിച്ചു. വളരെപ്പേർ പട്ടിണിമൂലം മരിച്ചു. അനേകർ വാളാലും അനേകർ കെണികളാലും നിപതിച്ചു. ഏതാണ്ട് എല്ലാവരുംതന്നെ വിവിധതരം ശിക്ഷകളാൽ നശിച്ചു.

വസ്തുതകൾ പരിഗണിച്ചാൽ, മരണാർഹമായതൊന്നും അവനിൽ കണ്ടെത്തിയില്ല. അതുകൊണ്ട്, നമ്മുടെ കർത്താവിനെ യഹൂദർക്ക് ഏൽപിച്ചുകൊടുക്കാൻ പീലാത്തോസിന് മനസ്സില്ലാതിരുന്നിട്ടും, അവസാനം അവരുടെ ഭീഷണിയെ ഭയന്ന് അവരുടെ ഇഷ്ടത്തിന് സമ്മതിക്കുകയാണ് ചെയ്തത്. അവൻ യേശുവിനെ അവർക്ക് ഏൽപിച്ചുകൊടുക്കുകയും അവർ അവനെ നഗരത്തിനു പുറത്തുകൊണ്ടുപോയി കുരിശിൽ തറയ്ക്കുകയും ചെയ്തു.

## യേശുവിനെ ക്രൂശിക്കുന്നു

സുവിശേഷകൻ പറയുന്നു: "അവൻ യേശുവിനെ ക്രൂശിക്കാനായി അവർക്കു വിട്ടുകൊടുത്തു. അവർ അവനെ ഏറ്റുവാങ്ങി. അവൻ സ്വയം കുരിശും ചുമന്നുകൊണ്ട് തലയോടിടം -എബ്രായയിൽ ഗോൽഗോതാ-എന്നു വിളിക്കപ്പെടുന്ന സ്ഥലത്തേക്ക് പോയി. അവിടെ അവർ അവനെ ക്രൂശിച്ചു" (19,16-18).

സുവിശേഷകരുടെ വാക്കുകൾ തമ്മിൽ പരസ്പര യോജിപ്പില്ല എന്നു കരുതുന്നവരുണ്ട്. കാരണം, അവൻ സ്വയം കുരിശു ചുമന്നുകൊണ്ടു പോയെന്നു യോഹന്നാൻ പറയുന്നു(19,17). അവർ സൈറീൻകാരൻ ശെമയോനെ കൊണ്ട് കുരിശ് ചുമപ്പിച്ചെന്ന് മറ്റു സുവിശേഷകർ പറയുന്നു (മത്താ 27,32; മർക്കോ15,21; ലൂ 23,26). എന്നാൽ രണ്ടും സംഭവിച്ചു. പീലാത്തോസ്

www.malankaralibrary.com



അവനെ മരണത്തിന് വിധിക്കുകയും ക്രൂശിക്കാനായി അവർക്ക് വിട്ടുകൊടുക്കുകയും ചെയ്തപ്പോൾ, അവർ കുരിശ് അവന്റെ മേൽവച്ചു. ന്യായാസനത്തിങ്കൽനിന്ന് അവർ അവനെ പുറത്തേക്കു കൊണ്ടുപോയി. അവനെ ക്രൂശിക്കാനിരുന്ന കാൽവരിയിലേക്ക് അവനെ കൊണ്ടുപോകുന്ന വഴിക്ക് സൈറീൻകാരൻ ശെമയോനെ കണ്ടുമുട്ടുകയും യേശുവിന്റെ കുരിശ് ചുമപ്പിക്കുകയും ചെയ്തു. സുവിശേഷകർ ഇതു പറയാനാണ് ഉദ്ദേശിക്കുന്നത്. യോഹന്നാനാകട്ടെ, തന്റെ പദ്ധതിയനുസരിച്ച്, മറ്റുള്ളവർ വിട്ടുകളഞ്ഞവ മാത്രം വിവരിക്കുന്നു. മറ്റുള്ളവർ പറഞ്ഞതുകൂടെ എഴുതിച്ചേർത്ത് പുസ്തകത്തിന്റെ വലിപ്പം കൂടിപ്പോകാതിരിക്കാനായി, ഞാൻ ഇവിടെ മറ്റുള്ളവരുടെ വാക്കിന്റെ ഉറപ്പിനുവേണ്ടി ലൂക്കായുടെ വാക്കുകൾ മാത്രം ഉദ്ധരിക്കുന്നു: "അവർ അവനെ കൊണ്ടുപോകുമ്പോൾ നാട്ടിൻപുറത്തുനിന്ന് ആ വഴി വന്ന ശെമയോൻ എന്ന സൈറീൻകാരനെ പിടിച്ചുനിർത്തി കുരിശ് ചുമലിൽവച്ച് യേശുവിന്റെ പുറകേ ചുമന്നുകൊണ്ട് പോകുവാൻ നിർബന്ധിച്ചു" (23,26).

അവൻ സ്വയം കുരിശും ചുമന്നുകൊണ്ട് പുറപ്പെട്ടുപോയി എന്നാണ് യോഹന്നാൻ പറയുന്നത്. അതേസമയം, അവർ അവനെ കൊണ്ടുപോയപ്പോൾ നാട്ടിൻപുറത്തുനിന്ന് ആ വഴിവന്ന സൈറീൻകാരനായ ശെമയോനേക്കൊണ്ട് കുരിശു ചുമപ്പിച്ചു എന്ന് ലൂക്കാ പറയുന്നു. ഇവിടെ പറയുന്ന രണ്ടു കാര്യങ്ങൾ തമ്മിൽ പരസ്പര വൈരുദ്ധ്യമില്ല. മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടശേഷം യേശു ന്യായാസനത്തിങ്കൽ നിന്ന് പുറത്തേക്കു വന്നപ്പോഴാണ് അവൻ സ്വയം കുരിശു വഹിച്ചത്. കുറേക്കഴിഞ്ഞ് വഴിയിൽ വച്ചാണ് ശെമയോനെ കൊണ്ട് കുരിശെടുപ്പിച്ചത്.

അവനോടൊപ്പം രണ്ടു കള്ളന്മാരെയും അവന്റെ ഇടത്തും വലത്തുമായി അവർ കുരിശിൽ തറച്ചു. പീലാത്തോസ് യഹൂദരെ കളിയാക്കാനായി അവന്റെ മരണകാരണം എഴുതി കുരിശിൽ തറച്ചുവച്ചു. എന്തുകൊണ്ടാണ് ക്രൂശിച്ചതെന്ന് വ്യക്തമാക്കാൻ "യഹൂദരുടെ രാജാവ് " എന്ന് ലത്തീനിലും ഗ്രീക്കിലും എബ്രായയിലും എഴുതിവയ്ക്കാൻ അവൻ കൽപിച്ചു. അതു വായിക്കുന്നവരെല്ലാം അവരെ കളിയാക്കാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്തത്. പുരോഹിതർ ഈ അവഹേളനം മനസ്സിലാക്കി അങ്ങനെ എഴുതരുതെന്ന് പീലാത്തോസിനോട് പറഞ്ഞു: "യഹൂദരുടെ രാജാവ് " എന്നല്ല, യഹൂദരുടെ രാജാവ് ഞാനാണ് എന്ന് അവൻ പറഞ്ഞു എന്നാണ് എഴുതേണ്ടത്. പീലാത്തോസ് അവരുടെ അഭ്യർഥന സ്വീകരിച്ചില്ല. "ഞാൻ ഒരിക്കൽ എഴുതിയത് എന്നും നിലനിൽക്കും" എന്നുമാത്രം പറഞ്ഞു.

നമ്മുടെ കർത്താവിനെ ക്രൂശിച്ചശേഷം പട്ടാളക്കാർ അവന്റെ വസ്ത്രങ്ങൾ നാലായി പങ്കിട്ടെടുത്തു. അവന്റെ മേലങ്കി കീറിമുറിക്കാതെ അവർ

www.malankaralibrary.com



ചീട്ടിട്ടെടുത്തു[9]. ഇങ്ങനെ "എന്റെ വസ്ത്രങ്ങൾ അവർ ഭാഗിച്ചെടുത്തു, എന്റെ അങ്കിക്കുവേണ്ടി അവർ കുറിയിട്ടു എന്ന തിരുവെഴുത്ത് പടയാളികൾ പൂർത്തിയാക്കി (സങ്കീ.22,18).

"യേശുവിന്റെ കുരിശിനരികെ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും മറ്റൊരു മറിയവും നിൽക്കുന്നുണ്ടായിരുന്നു" (19,25). യോഹന്നാനും അവിടെ നിന്നിരുന്നു. തന്റെ അമ്മയും യോഹന്നാനും അടുത്തു നിൽക്കുന്നതു കണ്ട് കുരിശിൽ കിടന്നുകൊണ്ട് യേശു അമ്മയോടു പറഞ്ഞു: "ഇതാ നിന്റെ മകൻ." അതുപോലെ യോഹന്നാനോട്, "ഇതാ, നിന്റെ അമ്മ" എന്നു പറഞ്ഞ് അവനോടുള്ള തന്റെ വലിയ സ്നേഹം പ്രകടിപ്പിച്ചു. തന്റെ സ്ഥാനത്തുനിന്ന് യോഹന്നാൻ തന്റെ അമ്മയെ പരിചരിക്കണമെന്ന് യേശു ആഗ്രഹിച്ചു. ഇതു മനസ്സിലാക്കി യോഹന്നാൻ ഉടനെ അവളെ തന്റെ ഭവനത്തിൽ സ്വീകരിച്ചു. നമ്മുടെ കർത്താവ് യോഹന്നാനെ പ്രത്യേകമായി സ്നേഹിക്കുന്നതിന് പല കാരണങ്ങൾ ഉണ്ട്. അവൻ മാത്രമാണ് തന്റെകൂടെ പീഡാനുഭവസമയത്ത് ഉണ്ടായിരുന്നത്.

### യേശുവിന്റെ മരണം

"അനന്തരം എല്ലാം നിറവേറിക്കഴിഞ്ഞു എന്ന് അറിഞ്ഞ്, തിരുവെഴുത്ത് പൂർത്തിയാക്കാൻ വേണ്ടി യേശു പറഞ്ഞു: എനിക്കു ദാഹിക്കുന്നു. ഒരു പാത്രം നിറയെ വിനാഗിരി അവിടെ ഉണ്ടായിരുന്നു. അവർ വിനാഗിരിയിൽ കുതിർത്ത ഒരു നീർപ്പഞ്ഞി ഹിസോപ്പുചെടിയുടെ തണ്ടിൽ വച്ച് അവന്റെ ചുണ്ടോടടുപ്പിച്ചു. യേശു വിനാഗിരി സ്വീകരിച്ചിട്ട് പറഞ്ഞു: എല്ലാം പൂർത്തിയായിരിക്കുന്നു. അവൻ തല ചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു" (19,28-30). രക്ഷാകരപദ്ധതിയുടെ പൂർത്തീകരണത്തിനാണ് യേശു പീഡാസഹനത്തിന് വിധേയനായത് എന്നു കാണിക്കാനാണ് സുവിശേഷകൻ ഇങ്ങനെ എഴുതിയിരിക്കുന്നത്. പ്രവാചകഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത് പൂർത്തിയാകാൻ വേണ്ടി, അവൻ കുടിക്കാൻ വെള്ളം ചോദിച്ചു. അവർ അവന് വിനാഗിരി നൽകി. അവൻ തലചായ്ച്ച് ആത്മാവിനെ സമർപ്പിച്ചു. പെരുന്നാൾ ദിനമായ സാബത് ലംഘിക്കാതിരിക്കാൻ, മൃതശരീരം സംസ്ക്കരിക്കാതെ കുരിശിൽ കിടക്കരുതെന്ന് യഹൂദർക്കു നിർബന്ധമുണ്ടായിരുന്നു (19,31). അതുകൊണ്ട് ഒരു കാരുണ്യപ്രവൃത്തി എന്ന നിലയിൽ ക്രൂശിതരുടെ കാലുകൾ തകർക്കാൻ അവർ പീലാത്തോസിനോട് അനുവാദം ചോദിച്ചു. മരിക്കുന്നതിനുമുമ്പ് സംസ്ക്കരിക്കാൻ സാധിക്കയില്ലല്ലോ. മരിക്കാതെ കുരിശിൽനിന്ന് ഇറക്കാനും സാധ്യമല്ല. അതുകൊണ്ടാണ് കള്ളന്മാരുടെ കാലുകൾ തകർത്തത്. അവർ യേശുവിനെ സമീപിച്ചപ്പോൾ, അവൻ മരിച്ചുകഴിഞ്ഞു എന്നു കാണുകയാൽ അവന്റെ കാലുകൾ തകർത്തില്ല. എന്നാൽ പടയാളികളിൽ ഒരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ടു കുത്തി.

www.malankaralibrary.com



അവൻ മരിച്ചു എന്ന് ഉറപ്പു വരുത്താൻ വേണ്ടിയായിരുന്നു അത്. അവന്റെ മാർവിൽ നിന്ന് ഉടനെ രക്തവും വെള്ളവും ഒഴുകി. വെള്ളം സ്നാനത്തിലൂടെയുള്ള പുനർജന്മത്തിന്റെ പ്രതീകമാണ്. രക്തം, കുർബാന എന്ന ദിവ്യരഹസ്യത്തിന്റെ പ്രതീകമാണ്. സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു: "അതു കണ്ടയാൾ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. അവന്റെ സാക്ഷ്യം സത്യവുമാണ്. നിങ്ങളും വിശ്വസിക്കേണ്ടതിന് താൻ സത്യമാണ് പറയുന്നതെന്ന് അവൻ അറിയുകയും ചെയ്യുന്നു" (19,35).-യോഹന്നാൻ തന്നെപ്പറ്റിയാണ് ഇത് പറയുന്നത്. രക്തവും വെള്ളവും പുറപ്പെട്ടത് മറ്റാരും കണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടാണ് "അതു കണ്ടവൻ തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു" എന്ന് യോഹന്നാൻ പറയുന്നത്. താൻ മാത്രമാണ് ഇതു കണ്ടതെന്ന സൂചനയും ഇവിടെയുണ്ട്. താൻ മാത്രമേ ഇതു കണ്ടുള്ളു എങ്കിലും താൻ നൽകുന്ന സാക്ഷ്യം നിങ്ങൾ വിശ്വസിക്കേണ്ടതിനാണിത്. നിറവേറിയ തിരുവെഴുത്തുകളും അവൻ ഉദ്ധരിക്കുന്നു. ഇങ്ങനെയാണ് നമ്മുടെ കർത്താവിന്റെ മരണം സംഭവിച്ചത്.

### യേശുവിനെ സംസ്കരിക്കുന്നു

യഹൂദരോടുള്ള ഭയം നിമിത്തം, യേശുവിന്റെ രഹസ്യശിഷ്യനായി കഴിഞ്ഞ അരിമത്യാക്കാരൻ യൗസേപ്പ് യേശുവിന്റെ ശരീരം കുരിശിൽ നിന്ന് എടുത്തുമാറ്റി സംസ്ക്കരിക്കാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചുവാങ്ങി. യേശുവിനെ ആദ്യം രാത്രിയിൽ ചെന്നുകണ്ട നിക്കൊദേമോസും മൃതസംസ്ക്കാരത്തിന് ആവശ്യമായവയെല്ലാം ധാരാളമായി കൊണ്ടുവന്നു. യഹൂദരുടെ ശവസംസ്ക്കാരരീതി അനുസരിച്ച് എല്ലാ കാര്യങ്ങളും നിറവേറ്റി. സുഗന്ധദ്രവ്യങ്ങളോടുകൂടെ കച്ചയിൽ പൊതിഞ്ഞ് ആദരപൂർവം യേശുവിനെ കല്ലറയിൽ സംസ്ക്കരിച്ചു. അവൻ ക്രൂശിക്കപ്പെട്ട സ്ഥലത്ത് ദൈവപരിപാലനയാൽ ഒരു തോട്ടവും അതിൽ ഒരു പുതിയ കല്ലറയും ഉണ്ടായിരുന്നു. അതിൽ വേറേ ആരേയും അടക്കിയിട്ടില്ലായിരുന്നു എന്ന വസ്തുതയാണ് നമ്മുടെ കർത്താവിന്റെ ഉയിർപ്പിനെപ്പറ്റി യാതൊരു സംശയവും ഉണ്ടാകാതിരിക്കാൻ സഹായിച്ചത്. അതുകൊണ്ട് അവനല്ലാതെ മറ്റാരും അല്ല ഉയിർത്തെഴുന്നേറ്റത് എന്നു വ്യക്തം. അത് ഒരുക്കത്തിന്റെ ദിനമായിരുന്നതിനാൽ മൃതശരീരം ജനങ്ങൾക്കിടയിൽകൂടി ദൂരെ കൊണ്ടുപോകുന്നത് അനുവദനീയമല്ലാത്തതിനാലും കല്ലറ സമീപത്ത് ആയിരുന്നതിനാലും അവർ യേശുവിനെ അവിടെ സംസ്ക്കരിച്ചു.

### യേശുവിന്റെ ഉത്ഥാനം

ഇതുവരെ അവന്റെ കബറടക്കത്തെപ്പറ്റിയാണ് പറഞ്ഞത്. ഇനിയും അവന്റെ ഉയിർപ്പിനെപ്പറ്റി വിവരിക്കാം. ഉയിർപ്പ് എങ്ങനെ സംഭവിച്ചെന്ന് അവൻ പറയുന്നില്ല. മറ്റുസുവിശേഷകരാരും അതേപ്പറ്റി കൂടുതലായി വിവ

www.malankaralibrary.com



രിക്കുന്നില്ല. മാനുഷികധാരണയ്ക്ക് ഉപരിസ്ഥമായ കാര്യത്തെപ്പറ്റി സംസാരിക്കാൻ അശക്തരാണെന്ന് അവർ കരുതിയിരിക്കാം. ഉയിർപ്പ് എങ്ങനെ തങ്ങൾക്ക് അനുഭവവേദ്യമായെന്ന് എല്ലാവരും പറയുന്നു. അതിൽ അവർ ദൃഢമായി വിശ്വസിച്ചു. അതിനുശേഷം, എങ്ങനെയാണ് അതേപ്പറ്റി പരസ്യമായി പ്രഘോഷിച്ചതെന്നും അതിനെപ്രതി സ്വമനസ്സാ സഹിക്കാൻ സമ്മതിച്ചതെന്നും വിവരിക്കുന്നു. യേശുവിന്റെ കല്ലറയിൽ പോയ സ്ത്രീകളാണ് അവൻ ഉയിർത്തെഴുന്നേറ്റു എന്ന യാഥാർത്ഥ്യത്തിന് സാക്ഷ്യം നൽകിയത്. സ്ത്രീകൾ പറഞ്ഞവ മറ്റുള്ളവരും പിന്നീട് അംഗീകരിച്ച് ഏറ്റുപറഞ്ഞു.

സുവിശേഷകരുടെ വാക്കുകൾ പരസ്പര വിരുദ്ധമാണെന്ന് ഇതംഗീകരിക്കാത്തവർ പറഞ്ഞേക്കാം. എനിക്ക് മറിച്ചാണ് ബോധ്യം. സുവിശേഷവാചകങ്ങൾ പരസ്പര പൂരകങ്ങളാണെന്ന് എനിക്കുറപ്പുണ്ട്. നാലു സുവിശേഷകരും ഉയിർപ്പിനെപ്പറ്റി പറഞ്ഞവ പ്രത്യേകം പരിഗണിക്കേണ്ടത് ആവശ്യമാണ്. യോഹന്നാൻ പറയുന്നു: "ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾ തന്നെ മഗ്ദലേന മറിയം ശവകുടീരത്തിന്റെ സമീപത്തേക്കുവന്നു" (20,1). ലൂക്കാ: "തങ്ങൾ തയാറാക്കിവച്ചിരുന്ന സുഗന്ധദ്രവ്യങ്ങളുമായി സ്ത്രീകൾ ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ കല്ലറയുടെ അടുത്തേക്കുപോയി. മറ്റു സ്ത്രീകളും അവരോടൊത്തുണ്ടായിരുന്നു. കല്ലറയിൽനിന്ന് കല്ല് ഉരുട്ടിമാറ്റിയിരിക്കുന്നതായി അവർ കണ്ടു" (24,1-2). മർക്കോസ്: "ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ, സൂര്യൻ ഉദിച്ചപ്പോൾ തന്നെ, അവർ ശവകുടീരത്തിങ്കലേക്കുപോയി. അവർ തമ്മിൽ പറഞ്ഞു: ആരാണ് നമുക്കുവേണ്ടി ശവകുടീരത്തിന്റെ വാതിൽക്കൽനിന്ന് കല്ല് ഉരുട്ടിമാറ്റുക? എന്നാൽ അവർ നോക്കിയപ്പോൾ ആ കല്ല് ഉരുട്ടി മാറ്റിയിരിക്കുന്നെന്ന് കണ്ടു. അത് വളരെ വലുതായിരുന്നു താനും"(16, 2-4). ഇതാണ് ഉയിർപ്പിനെപ്പറ്റി നാലു സുവിശേഷകരും പറഞ്ഞിരിക്കുന്നത്.

സുവിശേഷകരുടെ വാക്കുകൾ തമ്മിൽ പൊരുത്തക്കേടുണ്ടെന്നു പറയുന്നവർ എന്താണ് ഉദ്ദേശിക്കുന്നതെന്ന് എനിക്കറിയില്ല. - "ഒന്ന്, ഉയിർപ്പിനെപ്പറ്റിയുള്ള എല്ലാവരുടെയും അഭിപ്രായം ഒരുപോലെ ആയിരുന്നില്ല. രണ്ട്, ഉയിർപ്പു നടന്ന ദിവസം ഒന്നുതന്നെയെന്ന് എല്ലാവരും എഴുതുന്നില്ല. മൂന്ന്, മരിച്ച യേശുവിനെ ബഹുമാനിക്കാൻ കല്ലറയിലേക്കു പോയ സ്ത്രീകൾ ഒരുപോലെയല്ല ഉയിർപ്പിനെപ്പറ്റി പറഞ്ഞത്."- എന്നാൽ കാര്യമായിട്ടുള്ളതല്ല അവർ തമ്മിലുള്ള അഭിപ്രായവ്യത്യാസം. എല്ലാവരും ഉത്ഥാനം പ്രഘോഷിക്കുന്നു. ഒരേ ദിവസം തന്നെ ഉയിർത്തു എന്നു പറയുന്നു. സ്ത്രീകളാണ് കല്ലറയുടെ അടുത്ത് ആദ്യമെത്തിയത് എന്ന് അംഗീകരിക്കുന്നു. ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളിലും പരിപൂർണ യോജിപ്പ് കാണിക്കുന്നുണ്ടെങ്കിൽ, മണിക്കൂറുകളെ കുറിച്ചോ, നാഴികകളെ കുറിച്ചോ എന്തിനാണ് എതിരാളികൾ തർക്കിക്കുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. എന്റെ അഭിപ്രായത്തിൽ, അ

www.malankaralibrary.com



വർ പറഞ്ഞ കാര്യങ്ങളുടെ സത്യം ഉറപ്പിക്കുന്നതിന്, സുവിശേഷകർ പറഞ്ഞ കാര്യമാത്രപ്രസക്തമായ വാക്കുകളിൽ പൊതുവായ യോജിപ്പ് ഉണ്ടായിരുന്നാൽ മതി. നിസാരവും അപ്രസക്തവുമായവയെ സംബന്ധിച്ച് അവരുടെ വാക്കുകൾ തമ്മിൽ വ്യത്യാസം വരാം. അതായത്, മണിക്കൂറുകളെ കുറിച്ചും നാഴികകളെ കുറിച്ചുമാണ് അഭിപ്രായവ്യത്യാസവും വിയോജിപ്പും. മറ്റുള്ളവരെ വഞ്ചിക്കാൻ അവർക്ക് ഉദ്ദേശ്യമുണ്ടായിരുന്നെങ്കിൽ, അവർ ഒന്നുപോലെ എഴുതുമായിരുന്നു. അവർ ഒത്തുചേർന്ന് തങ്ങളുടെ വിവരണത്തിൽ പൂർണമായ ഐകരൂപ്യം വരുത്തുമായിരുന്നു. എന്നാൽ ഓരോരുത്തരും തനിച്ച് വസ്തുതകൾ വിവരിക്കാൻ ആഗ്രഹിച്ചുകൊണ്ട് വിവരണം രേഖപ്പെടുത്തിയതിനാൽ, അവശ്യാവശ്യം നിസാരകാര്യങ്ങളിൽ വ്യത്യാസം ഉണ്ടായി. പല കാരണങ്ങളാൽ ഇങ്ങനെ സംഭവിക്കാം. ഒന്ന്, സുവിശേഷകർ എല്ലാവരും നമ്മുടെ കർത്താവിനോടുകൂടെ ജീവിച്ച ശിഷ്യരിൽ പെട്ടവർ ആയിരുന്നില്ല. മർക്കോസും ലൂക്കായും നമ്മുടെ കർത്താവിനോടുകൂടെ സന്തത സഹചാരികളായിരുന്നില്ല. രണ്ട്, അവസാനം നടന്ന കാര്യങ്ങളിൽ മറ്റുള്ളവരും സന്നിഹിതരായിരുന്നില്ല. കാരണം, ഈ സംഭവങ്ങളുടെ ഇടയ്ക്ക് അവർ ഓടിഒളിച്ചിരുന്നു. വൈരുധ്യാത്മകമെന്ന് അപവാദം പറയുന്നവർ കരുതുന്നവയിലും, കൃത്യമായ പരിശോധനയ്ക്കു ശേഷം സമ്പൂർണ യോജിപ്പ് കണ്ടെത്താൻ എനിക്കു കഴിഞ്ഞു. കേൾവിക്കാർക്ക് പൊരുത്തക്കേട് തോന്നാമെങ്കിലും, വാക്കുകൾ ശ്രദ്ധിച്ചു പരിശോധിച്ചാൽ യോജിപ്പു കണ്ടെത്താം.

ആഴ്ചയുടെ ഒന്നാംദിവസം ഇരുട്ടായിരിക്കുമ്പോഴാണ് നമ്മുടെ കർത്താവിന്റെ ഉയിർപ്പ് സംഭവിച്ചത്. ലോകത്തെല്ലായിടത്തും പൊതുസമ്മതത്തോടെ നാം ഉയിർപ്പുതിരുനാൾ ആഘോഷിക്കുന്നതും കോഴികൂവുന്ന സമയത്ത് നാം സമ്മേളിക്കുന്നതും നമ്മുടെ രക്ഷകൻ ആ സമയത്ത് ഉയിർത്തെഴുന്നേറ്റു എന്നു കരുതിയാണ്. ആ സമയത്തു തന്നെയാണ് നാം സഭാസമ്മേളനം പിരിച്ചുവിടുന്നത്. ആ ദിവസം തന്നെയാണ് ഉയിർപ്പ് സംഭവിച്ചതെന്ന് എല്ലാവരും ഒരുപോലെ എഴുതിയെന്ന് സുവിശേഷങ്ങളിൽ നിന്ന് കാണാവുന്നതാണ്.

"അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾ" എന്ന് യോഹന്നാൻ പറയുന്നു. "അതിരാവിലെ" എന്നു പറഞ്ഞത്, പ്രഭാതത്തെക്കുറിച്ചല്ല. പ്രഭാതത്തെ പറ്റിയാണ് പറഞ്ഞതെങ്കിൽ, "ഇരുട്ടായിരിക്കുമ്പോൾതന്നെ" എന്ന് പറയേണ്ടതില്ലായിരുന്നു. എന്നാൽ, "ഇരുട്ടായിരിക്കുമ്പോൾ" എന്നാണ് എഴുതിയിരിക്കുന്നത്. അതായത്, രാത്രി തുടങ്ങിയ അടുത്തദിവസം. "രാവിലെ" എന്ന വാക്കുകൊണ്ട് സൂചിപ്പിക്കുന്നത്, സാബത് കഴിഞ്ഞുവരുന്ന ദിവസത്തെയാണ്. രാത്രിയും പകലും ചേർന്നതിനെയാണ് തിരുലിഖിതം ഒരു ദിവസം എന്നു

www.malankaralibrary.com



പറയുന്നത്. കാരണം, സൂര്യൻ ഒരു രാത്രിയും പകലും യാത്ര ചെയ്ത് അടുത്ത ദിവസത്തിന്റെ ആരംഭം തുടങ്ങുന്നതിന് പടിഞ്ഞാറുള്ള സ്ഥലത്തേക്ക് തിരിച്ചുപോകുന്നു. ഇതിനെ കുറിച്ച് മോശ വ്യക്തമായ സാക്ഷ്യം നൽകുന്നു: "സന്ധ്യയായി, പ്രഭാതമായി, ഒരു ദിവസം" (ഉൽപ.1,5). അങ്ങനെ രണ്ടാം ദിവസത്തെപ്പറ്റിയും മൂന്നാം ദിവസത്തെപ്പറ്റിയും മറ്റും പറയുന്നു. അതുകൊണ്ട്, രാത്രിയും പകലും ഉൾപ്പെടുന്ന സമയത്തെയാണ് അവൻ "ദിവസം"എന്നു പറയുന്നത്. അത് ശരിയുമാണ്. കാരണം, സൂര്യൻ തന്റെ സ്ഥിരമായ ഭ്രമണത്തിൽ അതായിരിക്കുന്ന സ്ഥലത്തെ പ്രകാശിപ്പിക്കുന്നു. അങ്ങനെ എപ്പോഴും പ്രകാശിക്കുന്ന സൂര്യൻ നിമിത്തം എപ്പോഴും പകൽ സമയം ഉണ്ടാകുന്നു. നമ്മെ സംബന്ധിച്ച് സമയങ്ങൾക്ക് മാറ്റമുണ്ട്. സൂര്യൻ നമുക്ക് കാണപ്പെടുന്ന സമയത്തെ നാം *പകൽ* എന്നു വിളിക്കുന്നു. നമുക്ക് കാണപ്പെടാത്ത സമയത്തെ നാം *രാത്രി* എന്നുവിളിക്കുന്നു. അതുകൊണ്ടാണ് യോഹന്നാൻ ഇപ്രകാരം പറയുന്നത്: അടുത്ത ദിവസത്തെ ഉദ്ദേശിച്ചു കൊണ്ടാണ്, "ആഴ്ചയുടെ ഒന്നാംദിവസം അതിരാവിലെ എന്ന് പറയുന്നത്. അതായത്, രാത്രി ആരംഭിച്ചപ്പോൾ, പതിവനുസരിച്ച് അർഹമായ ബഹുമാനം കാണിക്കാൻ സ്ത്രീകൾ വന്നു എന്നാണ് "ആഴ്ചയുടെ ഒന്നാംദിവസം ഇരുട്ടായിരിക്കുമ്പോൾ" എന്നതുവഴി സൂചിപ്പിക്കുന്നത്.

മത്തായി പറയുന്നത് ഇതിനോടു യോജിച്ചു പോകുന്നു. "സാബത് കഴിഞ്ഞ്, സന്ധ്യയ്ക്ക് ആഴ്ചയുടെ ഒന്നാംദിവസം രാവിലെ" (28,1). നാം പറയുന്നതുപോലെ, ഇവിടെ അവൻ സന്ധ്യയെന്നു വിളിക്കുന്നത് പകൽ അവസാനിച്ച് രാത്രി തുടങ്ങുന്ന സമയത്തെയല്ല, പിന്നെയോ, രാത്രിയെയാണ്. മോശ തന്നെ, "അങ്ങനെ സന്ധ്യയായി പ്രഭാതമായി"എന്നു പറഞ്ഞപ്പോൾ ഉദ്ദേശിക്കുന്നത് ദിവസത്തിന്റെ തുടക്കമുള്ള പ്രഭാതത്തെയല്ല. അതുപോലെ, "സന്ധ്യ" എന്നു പറയുന്നത് രാത്രിയുടെ ആരംഭത്തെയുമല്ല. മറിച്ച്, രാത്രിയെ സന്ധ്യയെന്നും പകലിനെ പ്രഭാതമെന്നും വിളിക്കുന്നു. അങ്ങനെ മത്തായിയും രാത്രിയെയാണ് സന്ധ്യയെന്നു വിളിക്കുന്നത്. അതുകൊണ്ട്, സാബത് കഴിഞ്ഞ സന്ധ്യയെ രാത്രി എന്നു വിളിക്കുന്നു. ഏതു രാത്രിയെയാണ് അവൻ സാബതിന്റെ സന്ധ്യയെന്ന് വിളിക്കുന്നത്? സാബതിനു മുമ്പുള്ള രാത്രിയെയാണോ, അതോ, സാബത് കഴിഞ്ഞുള്ള രാത്രിയെയാണോ എന്നു വ്യക്തമാക്കാനാണ് "ആഴ്ചയുടെ ഒന്നാംദിവസം രാവിലെ" എന്നു കൂട്ടിച്ചേർത്തത്. അപ്പോൾ പ്രസ്തുത രാത്രി ഒന്നാം ദിവസത്തിന്റെ ഭാഗമാണ്. അതായത്, സാബത് കഴിഞ്ഞുള്ള രാത്രി. ഈ വ്യാഖ്യാനത്തോടു ചേർന്നു പോകുന്നതാണ് ലൂക്കാ പറഞ്ഞതുമെന്ന് ആർക്കാണ് അറിയാൻ പാടില്ലാത്തത്?: "ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾതന്നെ കല്ലറയിങ്കലേക്കു പോയി" (24,1).

www.malankaralibrary.com



എതിർക്കുന്ന പരദൂഷകരാണ് മർക്കോസിന്റെ വിവരണം വ്യത്യസ്തമായിട്ടുള്ളതാണെന്ന് പറയുന്നത്. മർക്കോസ് പോലും ദിവസത്തെ കുറിച്ചും നടന്നവയെകുറിച്ചും ഒരേ രീതിയിൽ പറയുന്നു. ഉയിർപ്പിനെ കുറിച്ചാകട്ടെ, വ്യത്യസ്തമായി പറയുന്നില്ല. സമയത്തിന്റെ വ്യത്യാസത്തെ പറ്റിയാണെങ്കിൽ, ഒരേസമയം ഒരാൾ മൂന്നാംമണിക്കൂറെന്നും മറ്റൊരാൾ നാലാംമണിക്കൂറെന്നും മൂന്നാമതൊരാൾ വേറേ തരത്തിലും പറയുന്നത് സാധാരണ സംഭവിക്കാറുള്ളതാണെന്ന് ആർക്കാണ് അറിഞ്ഞു കൂടാത്തത്? കാരണം, രാത്രിയിലെ മണിക്കൂറുകൾ കൃത്യമായി അറിയുക പ്രയാസമാണ്. പകലാണെങ്കിൽപോലും മേഘം സൂര്യനെ മൂടിക്കിടക്കുകയാണെങ്കിൽ, സമയം കൃത്യമായി പറയുക പ്രയാസമാണ്. പരദൂഷകരോട് ഇതുകൂടി എനിക്കുപറയാൻ കഴിയും: മർക്കോസിന്റെ വാക്കുകൾ വ്യത്യസ്തമാണെന്ന് തോന്നുന്നുണ്ടെങ്കിൽ, മറ്റ് മൂന്നുപേരുടെയും യോജിപ്പ് സത്യാവസ്ഥയെ ഉറപ്പിക്കുന്നതാണ്. പ്രത്യേകിച്ച്, അവരിൽ രണ്ടുപേർ യേശുവിനോടുകൂടെ ആയിരുന്നവർ ആകകൊണ്ട്, അവർ പറയുന്നതിന് കൂടുതൽ ഉറപ്പുണ്ട്. മർക്കോസാകട്ടെ, ക്രിസ്തുവിന്റെ ആദ്യത്തെ അനുയായി ആയിരുന്നില്ല. അവൻ പത്രോസിന്റെ ശിഷ്യനായിട്ടത്രേ അറിയപ്പെടുന്നത്. നിസാരവ്യത്യാസങ്ങളെ പ്രതി മർക്കോസിനെ കുറ്റപ്പെടുത്തുന്നവർ, മറ്റെല്ലാറ്റിലും ഉള്ള അവന്റെ യോജിപ്പിനെ പ്രശംസിക്കേണ്ടതാണ്. തക്ക കാരണം കൂടാതെയല്ല പരദൂഷകർക്കെതിരെ ഞാനിതു പറയുന്നത്. മർക്കോസിന്റെ വാക്കുകളിൽ വൈരുധ്യമില്ല. ശരിയായി, മാനുഷികചിന്തയാൽ അവ പരിശോധിച്ചാൽ, അവയ്ക്ക് തമ്മിൽ യോജിപ്പുണ്ടെന്നു കാണാം.

താഴെപ്പറയുന്നവ വ്യക്തമാക്കാനായി യോഹന്നാൻ സുവിശേഷകന്റെ ക്രമം അനുസരിച്ച് സംഭവങ്ങൾ എടുത്തുപറയാം. അതിനുശേഷം മർക്കോസിന്റെ വാക്കുകളിൽ ഉണ്ടെന്നു തോന്നുന്ന വൈരുധ്യം യഥാർഥത്തിൽ പൂർണ യോജിപ്പാണെന്ന് തെളിയിക്കാം. നാം ഇതുകൂടെ അറിഞ്ഞിരിക്കണം: ഉയിർപ്പിന്റെ അവസരത്തിൽ വ്യത്യസ്ത സംഗതികൾ സംഭവിച്ചു. ഇവ വഴിയാണ് ഉയിർപ്പിലുള്ള വിശ്വാസം ഉറപ്പിക്കപ്പെട്ടത്. മറ്റു സുവിശേഷകർ അവ ചുരുക്കമായി വിവരിക്കുന്നു. മാത്രമല്ല, അവ നടന്നക്രമം പരിഗണിക്കുന്നുമില്ല. യോഹന്നാനാകട്ടെ, ഓരോരോ സംഭവങ്ങളും എങ്ങനെയാണ് നടന്നതെന്നറിയാൻ ആഗ്രഹിക്കുന്നവർക്ക് പ്രയോജനപ്രദമാംവിധം, നടന്ന ക്രമത്തിൽ തന്നെ ഉചിതമായി വിവരിക്കുന്നു. ഈ ക്രമം മറ്റുള്ളവരാണ് വിട്ടുകളഞ്ഞത്. താഴെ പറയുന്നതും പ്രത്യേകം ശ്രദ്ധിക്കണം: പല സ്ത്രീകളെത്തിയെന്നു മറ്റുള്ളവർ പറയുമ്പോൾ, മറിയം മാത്രം വന്നെന്ന് യോഹന്നാൻ പറയുന്നു. സംഭവങ്ങളുടെ അനുക്രമമാണ് ഇങ്ങനെ പറയാൻ അവനെ പ്രേരിപ്പിക്കുന്നത്. കല്ലറയിൽ വച്ചിരുന്ന ശരീരം കാണാഞ്ഞതിനാൽ, പല സ്ത്രീകളും തിരിച്ചു പോയപ്പോൾ, തന്റെ ദുഃഖാധിക്യം നിമിത്തം മറിയം

www.malankaralibrary.com



അവിടെത്തന്നെ നിന്നു. കല്ലറയിൽ കർതൃശരീരം കണ്ടില്ലെന്ന് ശിഷ്യരെ അറിയിച്ചത് അവളാണ്. ശിഷ്യരുടെ പരിശ്രമംവഴി മൃതശരീരം കണ്ടെത്താമെന്ന് അവൾ കരുതി. ആരോ മൃതശരീരം എടുത്തുകൊണ്ടുപോയെന്ന് അവൾ വിചാരിച്ചു. അവൾ ശിഷ്യരോടു പറഞ്ഞ വാക്കുകളിൽനിന്ന് ഇത് വ്യക്തമാണ്. അവൾ അവരോടൊപ്പം കല്ലറയിങ്കലേക്കു തിരികെവന്നു. അവർ പോയ ശേഷവും അവൾ കല്ലറയിങ്കൽ തന്നെ നിന്നു. അതുകൊണ്ടാണ്, ഉയിർത്തെഴുന്നേറ്റ നമ്മുടെ കർത്താവിനെ കാണാൻ അവൾക്ക് ഭാഗ്യമുണ്ടായത്. സംഭവങ്ങൾ നടന്ന ക്രമം അനുസരിച്ചാണ് സുവിശേഷകൻ ഈ ഭാഗം വിവരിക്കുന്നത്. മറ്റു സ്ത്രീകൾ അവളോടുകൂടെ നേരത്തേ വന്നെന്നും അവളെ തനിയെ ആക്കിയിട്ട് തിരികെ പോയെന്നും തന്റെ വിവരണത്തിൽ എഴുതേണ്ടെന്ന് യോഹന്നാൻ കരുതി. അവന്റെ ഉദ്ദേശ്യം ഇതായിരുന്നു: ഒന്ന്, സംഭവിച്ചവ നടന്ന ക്രമത്തിൽ വിവരിക്കുക. രണ്ട്, മറിയം പ്രവൃത്തിയിലൂടെ കാണിച്ച സ്നേഹത്തെ ഉയർത്തിക്കാണിക്കുക. മറ്റുള്ളവരെ കുറ്റപ്പെടുത്താനല്ല ഇങ്ങനെ ചെയ്തത്. മറിയത്തിന് നമ്മുടെ കർത്താവിനോട് വലിയ സ്നേഹം ഉണ്ടായിരുന്നു എന്ന കാര്യം അറിയാൻ താൽപര്യമുള്ളവർക്ക് മറ്റു പലതിൽനിന്നും ഇത് വ്യക്തമാകും.

താഴെവരുന്നതും ചൂണ്ടിക്കാണിക്കാൻ സുവിശേഷകൻ വലിയ ശ്രദ്ധ ചെലുത്തി. അവിശ്വാസികളെ യോഹന്നാൻ എപ്പോഴും കുറ്റപ്പെടുത്തുന്നതിനാൽ, അവർക്ക് യാതൊരു ന്യായീകരണവും ലഭിക്കാതിരിക്കാൻ വേണ്ടി അവൻ എല്ലാ കാര്യങ്ങളും കൃത്യമായി വിവരിക്കുന്നു. അതുകൊണ്ട്, നമ്മുടെ കർത്താവിൽ വിശ്വസിച്ചവരെയും വലിയ സ്നേഹത്തോടെ തങ്ങളുടെ വിശ്വാസത്തിന് സാക്ഷ്യം വഹിച്ചവരെയും ബഹുമാനിക്കുന്നതിന് സുവിശേഷകൻ ആഗ്രഹിച്ചു. അതുകൊണ്ട്, നാം വാഗ്ദാനംചെയ്തത് നിറവേറ്റിക്കൊണ്ട് സംഭവങ്ങളുടെ ക്രമം സുവിശേഷകൻ തന്റെ വിവരണത്തിൽ കൊടുത്തിരിക്കുന്നതുപോലെ, നൽകുകയും മർക്കോസിന്റെ വിവരണത്തിന് മറ്റ് സുവിശേഷകരുടെ വിവരണത്തോടുള്ള യോജിപ്പ് കാണിക്കുകയും ചെയ്യാം.

സുവിശേഷകൻ പറയുന്നു: മഗ്ദലനമറിയം രാത്രിയിൽ വന്നു. കല്ലറ മൂടിയിരുന്ന കല്ല് നീക്കിയിരിക്കുന്നതായി കണ്ടു. അവൾ അകത്തേക്കു നോക്കുകയോ കാണുകയോ ചെയ്തില്ല. യഹൂദവിധിപ്രകാരം മരിച്ചവർക്കുള്ള പതിവുകർമങ്ങൾ അനുഷ്ഠിക്കാനാണ് അവൾ വന്നത്. സുവിശേഷകന്റെ വാക്കുകളുടെ അർഥമിതാണ്. അവൾ ഇടംവലം നോക്കാതെ ധൃതിയിൽ ശിഷ്യരുടെ പക്കലേക്കോടി പത്രോസിനെയും ഇതെഴുതിയ യോഹന്നാനെയും കണ്ടപ്പോൾ ഇപ്രകാരം പറഞ്ഞു: "നമ്മുടെ കർത്താവിന്റെ
20 ശരീരം അവർ എടുത്തു കൊണ്ടുപോയി." അവർ അവനെ മറ്റെവിടെയോ

www.malankaralibrary.com



മാറ്റിവച്ചു. എന്തു സംഭവിച്ചു എന്നറിയാൻ, ഇതു കേട്ട ഉടനെ അവർ കല്ല റയിങ്കലേക്ക് ഓടി. ഒരുമിച്ച് ഓടിയവരിൽ പത്രോസിന് മുമ്പ് യോഹന്നാൻ എത്തിയെങ്കിലും അവൻ അകത്തുകടന്നില്ല. അകത്തേക്കു നോക്കിയപ്പോൾ കച്ച കിടക്കുന്നതുകണ്ടു. പിന്നീട് പത്രോസ് വന്ന് അകത്തു കടന്നു. ഒരു സ്ഥലത്ത് കച്ച കിടക്കുന്നതും മറ്റൊരിടത്ത്, തലയിൽ കെട്ടിയിരുന്ന തൂവാല തനിച്ച് കിടക്കുന്നതും കണ്ടു. ശിഷ്യന്മാർ എന്തെങ്കിലും മറിമായം കാട്ടിയെന്ന് കരുതപ്പെടാതിരിക്കാൻ, ദൈവപരിപാലനയാലാണ് നമ്മുടെ കർത്താവ് ഇങ്ങനെ ക്രമീകരിച്ചത്. കച്ചകൾ കല്ലറയിൽ മാറ്റിവച്ചിട്ട് ആരും മൃതശരീരം കട്ടുകൊണ്ടുപോകാനിടയില്ല. ഉയിർപ്പ് മനുഷ്യമനസിന് അവിശ്വസനീയമാ ണെങ്കിലും, അങ്ങനെ അതേക്കുറിച്ച് ഊഹിക്കുന്നതിനും വിശ്വസിക്കുന്ന തിനും അവർ നിർബന്ധിതരായി. ധൃതിപിടിച്ചതുകൊണ്ടാണ് കള്ളന്മാർ കച്ച അവിടെ ഉപേക്ഷിച്ചതെന്ന് പിന്നീട് ആരെങ്കിലും കരുതാതിരിക്കാനാണ് നമ്മുടെ കർത്താവ് അവ വ്യത്യസ്ത സ്ഥലങ്ങളിൽ വച്ചത്. ആദ്യം എടു ത്തുമാറ്റുന്നത് തലയിൽ കെട്ടിയിരുന്ന തൂവാലയാണ്. അത് തനിച്ച് ഒരിടത്ത് ചുരുട്ടിവച്ചിരുന്നു. വലിയ കച്ച തനിയെ വേറൊരിടത്താണ് വച്ചിരുന്നത്.

ക്രൂശിക്കപ്പെട്ടവനും പ്രകൃതിയുടെ ബലഹീനത നിമിത്തം മരിച്ചവ നുമായ കർത്താവ് മനുഷ്യരുടെ പ്രതീക്ഷയ്ക്ക് അതീതമായി ദൈവത്തിന്റെ അപഗ്രഥനാതീതമായ ശക്തിയാൽ അത്ഭുതകരമാംവിധം ഉയിർത്തെഴുന്നേ റ്റെന്ന് ഇവവഴി അവർ മനസ്സിലാക്കേണ്ടതിനായിരുന്നു ഇത്. അങ്ങനെ അ വന് വ്യതിയാനാതീതമായ ആത്മാവോടും അഴിവിനതീതമായ ശരീര ത്തോടും കൂടെ മെച്ചപ്പെട്ട ജീവൻ കൈവന്നു. തന്റെ പീഡാസഹനത്തിനു മുമ്പ് തന്നെ അവൻ പല പ്രാവശ്യം പ്രവചിച്ചിരുന്ന ഉയിർപ്പിന്റെ അടയാള ങ്ങൾ ആയിട്ടാണ് കച്ചകൾ അതാതിന്റെ സ്ഥലത്ത് കാണപ്പെട്ടത്. കൂടാതെ, ഇനിമേൽ തനിക്ക് മാനുഷികവസ്ത്രം ആവശ്യമില്ല. കാരണം, അമർത്യത യുടെ ശ്രേഷ്ഠവും ബഹുമാന്യവുമായ വസ്ത്രം നിത്യമായി അവൻ സ്വീക രിച്ചു. പത്രോസിനു പിറകേ യോഹന്നാനും അകത്തു കടന്നു. രണ്ടുപേരും ഒരുപോലെ ഇതിനു സാക്ഷികളായി. സുവിശേഷകൻ കൂട്ടിച്ചേർക്കുന്നു: "അവൻ കല്ലറയിൽനിന്ന് ഉയിർത്തെഴുന്നേൽക്കാനിരിക്കുന്നു എന്ന തിരു വെഴുത്ത് അവർ അതുവരെ മനസ്സിലാക്കിയിരുന്നില്ല" (20,9). ശിഷ്യന്മാർക്കു പോലും ഉയിർപ്പിനുമുമ്പ് കർത്താവിനെപ്പറ്റി വലിയ അഭിപ്രായം ഉണ്ടായിരു ന്നില്ല. പിന്നീട് സാവധാനത്തിലാണ് പൂർണമായ വിശ്വാസം ഉണ്ടായതെന്ന് പലരും ഇതിൽ നിന്ന് അനുമാനിക്കുന്നു.

അനന്തരം ശിഷ്യന്മാർ മടങ്ങിപ്പോയി. മറിയമാകട്ടെ, സംസ്ക്കരിക്ക പ്പെട്ട ശരീരം കാണാത്തതിനാൽ, നമ്മുടെ കർത്താവിനോടുള്ള ആഴമായ സ്നേഹത്താൽ പ്രേരിതയായി കല്ലറയ്ക്കു വെളിയിൽ കരഞ്ഞുകൊണ്ടിരു

www.malankaralibrary.com



ന്നു. വലിയ സ്നേഹത്തോടെ കുനിഞ്ഞ് കർതൃശരീരം വച്ചിരുന്ന കല്ലറയിലേക്ക് മതിവരാതെ നോക്കിക്കൊണ്ടിരുന്നു. വെള്ളവസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ യേശുവിന്റെ ശരീരം വച്ചിരുന്നിടത്ത്, ഒരുവൻ തലയ്ക്കലും ഇതരൻ കാൽക്കലുമായി ഇരിക്കുന്നത് അവൾ കണ്ടു. അവർ അവളോട് ചോദിച്ചു: "സ്ത്രീയേ, എന്തിനാണ് നീ കരയുന്നത്? അവൾ പറഞ്ഞു: "എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി. അവർ അവനെ എവിടെയാണ് വച്ചിരിക്കുന്നതെന്ന് എനിക്കറിഞ്ഞുകൂടാ. ഇതു പറഞ്ഞിട്ട് അവൾ പുറകോട്ട് തിരിഞ്ഞപ്പോൾ യേശു നിൽക്കുന്നത് കണ്ടു. എന്നാലത് യേശുവാണെന്ന് അവൾക്ക് മനസ്സിലായില്ല" (20,12-14). – കൃപാവരത്താലാണ് പിറകോട്ട് തിരിഞ്ഞു നോക്കാൻ അവൾ പ്രേരിതയായത്. മരിച്ചവനെന്ന് കരുതപ്പെട്ടിരുന്നവൻ പെട്ടെന്ന് അപ്രതീക്ഷിതമായി ജീവിക്കുന്നവനായി കാണപ്പെടുമ്പോൾ അതൊരു മായാദർശനമായി അവൾക്ക് തോന്നാതിരിക്കാൻ വേണ്ടിയാണ് നമ്മുടെ കർത്താവ് ഇങ്ങനെ ചെയ്തത്. ആദ്യമായി മനുഷ്യനെന്ന നിലയിൽ അവനോട് അവൾ സംസാരിക്കാൻ ഇടവരുത്തി. പിന്നീട് അവൾ അവനെ കേൾക്കുകയും ഒരു യഥാർഥ മനുഷ്യനോടാണ് സംസാരിക്കുന്നതെന്ന് ബോധ്യപ്പെടുകയും ചെയ്തു. പിന്നീടാണ് അവൻ ആരാണെന്ന് മനസ്സിലാക്കി വിശ്വസിച്ചത്. അപ്പോൾ അതിൽ അവൾ ആശ്ചര്യഭരിതയായി.

"എന്തിനാണ് നീ കരയുന്നത്?" എന്ന് അവൻ അവളോടു ചോദിച്ചു. തോട്ടം അടുത്തുണ്ടായിരുന്നതു കൊണ്ടാണ് അത് തോട്ടക്കാരനാണെന്ന് അവൾ കരുതിയത്. അവൾ അവനോട് ഇപ്രകാരം ചോദിച്ചു: നീയാണോ അവനെ എടുത്തുകൊണ്ടുപോയത്? നീ അവനെ എവിടെ വച്ചെന്ന് എന്നോടു പറയുക. ഞാൻ സന്തോഷത്തോടെ വന്ന് അവനെ എടുത്തുകൊള്ളാം. അപ്പോൾ കർത്താവ് തന്നെത്തന്നെ അവൾക്ക് വെളിപ്പെടുത്താൻ ആഗ്രഹിച്ചുകൊണ്ട് ശാന്തസ്വരത്തിൽ സ്നേഹത്തോടെ അവളുടെ പേരു വിളിച്ചു. അതുവഴി താൻ അവളെ അറിയുമെന്ന് കാണിക്കുന്നു. അവൾ ഉടനെ അവനെ തിരിച്ചറിഞ്ഞ് വലിയ സന്തോഷത്തോടെ ഗുരു എന്ന് അവനെ വിളിക്കുന്നു. അവൾ അവന്റെ പാദത്തിൽ കെട്ടിപ്പിടിക്കാൻ ആഗ്രഹിച്ചപ്പോൾ അവൻ അനുവദിച്ചില്ല. "യേശു പറഞ്ഞു: നീ എന്നെ സ്പർശിക്കരുത്. എന്തെന്നാൽ ഞാൻ എന്റെ പിതാവിന്റെ അടുക്കലേക്ക് ഇതുവരെയും കയറിയിട്ടില്ല. നീ എന്റെ സഹോദരന്മാരുടെ അടുത്തുചെന്ന് അവരോട് ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുക്കലേക്ക് ആരോഹണം ചെയ്യുന്നു എന്ന പറയുക" (20,17).

വാക്കുകളുടെ സാധാരണ അർഥത്തിൽ നിന്ന് വ്യത്യസ്തമായ അർഥം നൽകിക്കൊണ്ട് തന്റെ പരിപാലനയിൽ മറ്റുള്ളവരെ ഒരുക്കുക

www.malankaralibrary.com



എന്നത് നമ്മുടെ കർത്താവിന്റെ പതിവാണ്. രക്തസ്രാവക്കാരിയോട് കർത്താവ് ഇങ്ങനെയാണ് പെരുമാറിയത് (ലൂ8,43). അവൻ ചോദിച്ചു: ആരാണ് എന്നെ സ്പർശിച്ചത്? (8,45). അവന് അറിയാൻ പാടില്ലാഞ്ഞിട്ടല്ല അവൻ ഇങ്ങനെ ചോദിച്ചത്. തന്നെ സ്പർശിച്ച സ്ത്രീ സൗഖ്യം പ്രാപിക്കാൻ ആവശ്യമായ വിശ്വാസം പ്രകടിപ്പിക്കുന്നതിനും തനിക്കു ലഭിച്ച സൗഖ്യം ഭയത്തോടെ വെളിപ്പെടുത്തുന്നതിനുമാണ് നമ്മുടെ കർത്താവ് ഒന്നുമറിയാത്തവനെപ്പോലെ ഇപ്രകാരം ചോദിച്ചത്. അതുപോലെയാണ് അത്തിമരത്തിന്റെ കാര്യത്തിലും സംഭവിച്ചത് (മത്താ 21,19-20). കോപത്തോടെ അവളെ മാറ്റിനിർത്തി എന്നു തോന്നാം. വാസ്തവത്തിൽ തന്റെ ശക്തി കാണിക്കാനാണ് അവനിതു ചെയ്തത്. പരിശോധിച്ചാൽ മറ്റിടങ്ങളിലും തത്തുല്യമായത് കണ്ടെത്താവുന്നതാണ്. സമസ്ത സാക്ഷ്യങ്ങളും ശേഖരിക്കുക നമ്മുടെ പദ്ധതിയിൽ പെടുന്ന കാര്യമല്ല. ഇവിടെ രണ്ടു കാര്യങ്ങൾ മാത്രം പറഞ്ഞിരിക്കുന്നു. ഈ സ്ത്രീയുടെ കാര്യത്തിൽ ഇവിടെയും ഇങ്ങനെ തന്നെയാണ്. ഉത്ഥാനശേഷം സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നതിനുമുമ്പ് അവൻ തന്നെത്തന്നെ സ്ത്രീക്ക് വെളിപ്പെടുത്തി.

ശിഷ്യന്മാരുടെ കണ്ണുകൾതന്നെ വസ്തുതകളുടെ യാഥാർഥ്യത്തെപ്പറ്റി സാക്ഷ്യപ്പെടുത്തിയതിനാൽ, തന്റെ ഉയിർപ്പിൽ വിശ്വസിക്കേണ്ടതാണെന്ന് അവരെ പഠിപ്പിക്കുന്നതിനും ഉയിർപ്പിനുശേഷം അവൻ ഭൂമിയിൽ ആയിരിക്കുകയില്ലെന്നും പിതാവിന്റെ പക്കലുള്ള വലിയ മഹത്വം പ്രാപിക്കുന്നതിന് സ്വർഗത്തിലേക്ക് കരേറുമെന്നും അവർ അറിയുന്നതിനും വേണ്ടിയാണ് "എന്നെ സ്പർശിക്കരുത് " എന്ന് അവൻ സ്ത്രീയോടു പറഞ്ഞത്. തനിക്ക് വ്യത്യസ്തവും വളരെ മഹനീയവുമായ ഒരു ശരീരം ലഭിച്ചതുകൊണ്ട്, പഴയ രീതിയിൽ തന്റെ ശരീരത്തെ സ്പർശിക്കാൻ വരരുത് എന്നു സാരം.- ശരിയായ അർഥമിതാണ്. ഇത്രയും പറഞ്ഞതുവഴി ഉയിർപ്പിനെയും സ്വർഗാരോഹണത്തെയും കുറിച്ച് തന്റെ ശിഷ്യന്മാരെ പഠിപ്പിക്കാൻ അവൻ ആഗ്രഹിച്ചു. തന്നെ സ്പർശിക്കരുതെന്നു പറഞ്ഞ് അവൻ ഒരിക്കലും ശിഷ്യന്മാരെ വിലക്കിയില്ല. കാരണം, സംശയിക്കുന്ന ശിഷ്യർ തന്നെ തൊടുന്നതിന് ഒന്നിലധികം പ്രാവശ്യം അവൻ അനുവദിച്ചു. തന്റെ ശാരീരിക മുറിവുകളിലും വിലാപ്പുറത്തെ മുറിവിലും തൊട്ടുനോക്കുന്നതിനും അവൻ അവരെ അനുവദിച്ചു.

അവൾ സ്ത്രീ ആയിരുന്നതിന്റെ പേരിലാണ് തന്നെ തൊടാൻ അനുവദിക്കാതിരുന്നത് എന്നു പറയാനും പാടില്ല. കാരണം, പല പ്രാവശ്യം തന്റെ കാലിൽ തൊടുന്നതിന് അവളെ അനുവദിച്ചു. സ്ത്രീ ആയിരുന്നതിന്റെ പേരിലാണ് തന്നെ തൊടാൻ അവളെ അനുവദിക്കാതിരുന്നതെങ്കിൽ, ഉയിർപ്പിനുമുമ്പും അങ്ങനെതന്നെ തൊടാൻ അനുവദിക്കുമായിരുന്നില്ല. തന്റെ ശരീരം

www.malankaralibrary.com



മെച്ചമായ രീതിയിൽ രൂപാന്തരപ്പെട്ടതിനാലാണ് തന്നെ സ്പർശിക്കുന്നതിൽ നിന്ന് സ്ത്രീയെ വിലക്കിയതെങ്കിൽ, തന്നെ സ്പർശിച്ചുകൊണ്ട് ഉയിർപ്പിലുള്ള തങ്ങളുടെ വിശ്വാസം ഉറപ്പിക്കാൻ അവൻ തന്റെ ശിഷ്യരെയും അനുവദിക്കുമായിരുന്നില്ല. ശിഷ്യരെപ്പോലെ അവളും സംശയിച്ചിരുന്നെങ്കിൽ, തന്നെ തൊട്ടുകൊണ്ട് വിശ്വാസം ഉറപ്പിക്കാൻ അവളെയും അനുവദിക്കുമെന്ന് കരുതരുതോ? അവൻ ഈ സ്ത്രീയുടെ വിശ്വാസത്തെയോ അവിശ്വാസത്തെയോ സുഖപ്പെടുത്തിയില്ല എന്ന് ആരെങ്കിലും പറഞ്ഞാൽ, ഈ പറച്ചിൽ തികച്ചും കഥയില്ലാത്തതാണെന്ന് പറയേണ്ടിവരും. തന്നെ തൊടാൻ അവിടുന്ന് അവളെ അനുവദിച്ചിരുന്നെങ്കിൽ, അവൾ തന്നെ തൊടുന്നത് ഒഴിവാക്കിക്കൊണ്ട് അവൾക്ക് വിശ്വാസത്തിന്റെ ഈ സമ്മാനം നൽകുമായിരുന്നോ? വിജ്ഞാനികൾക്ക് ഇതെങ്ങനെ നിരർഥകമായി തോന്നാതിരിക്കും? രണ്ടുകാര്യങ്ങളാണ് ഈ വാക്കുകൾ കൊണ്ട് അവിടുന്ന് ഉദ്ദേശിക്കുന്നത്. ഒന്ന്, ഉയിർപ്പിനുശേഷം മുമ്പിലത്തേക്കാൾ കൂടുതൽ ശക്തിയും മഹത്വവും പ്രാപിച്ചിരിക്കുന്നതിനാൽ, ഏതെങ്കിലും തരത്തിലുള്ള മാനുഷിക സ്പർശനത്തിന് വിധേയമാക്കേണ്ടതില്ല. രണ്ട്, അവൻ സ്വർഗത്തിലേക്ക് ഭാവിയിൽ എടുക്കപ്പെട്ടാൽ പോലും അവൻ എപ്പോഴും മഹത്വത്തിൽ പിതാവിനോട് ഐക്യപ്പെട്ടിരിക്കേണ്ടതാണ്.

"എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും" എന്ന വാക്കുകളുടെ അർഥം താഴെപ്പറയുന്ന രീതിയിൽ മനസ്സിലാക്കിയാൽ ഭോഷത്തമാണ്: "എന്റെ പിതാവ് "എന്നത് മരിച്ചുയർത്ത് സ്വർഗത്തിലേക്ക് എടുക്കപ്പെടാനിരിക്കുന്നതും ദൈവത്തിന്റെ ആലയവും നമ്മുടെ രക്ഷയ്ക്കുവേണ്ടി എടുക്കപ്പെട്ടവനുമായ മനുഷ്യന് പറയാവുന്നതാണ്. പുത്രസ്വീകാര്യകൃപയ്ക്ക് അർഹനായ അവനും ദൈവത്തെയാണ് "പിതാവ് "എന്നു വിളിക്കുന്നത്. - പ്രത്യുത, ദൈവത്തെ "പിതാവ് " എന്നു വിളിക്കാൻ കാരണം, മറ്റു മനുഷ്യരെപ്പോലെ അവനും പിതാവിൽനിന്ന് അസ്തിത്വം സ്വീകരിച്ചു എന്നതുകൊണ്ടാണ്. സ്വഭാവത്തിന്റെ ഏകത്വം നിമിത്തം "എന്റെ പിതാവ്" എന്നും "നിങ്ങളുടെ പിതാവ്" എന്നും "എന്റെ ദൈവം" എന്നും "നിങ്ങളുടെ ദൈവം" എന്നും വിളിക്കുന്നു. അവൻ തന്റെ വ്യക്തിത്വത്തെ മറ്റുള്ളവരിൽനിന്ന് വേർതിരിക്കുന്നു. എല്ലാ മനുഷ്യരും ബഹുമാനിക്കേണ്ട സത്യപുത്രൻ എന്ന നിലയിൽ വചനമാം ദൈവത്തോട് ഐക്യപ്പെടത്തക്കവിധം അത്ര മഹത്വമേറിയ കൃപ സ്വീകരിച്ചതുകൊണ്ടാണിത്. ഇവകേട്ട മറിയം ശിഷ്യരോട് താൻ കർത്താവിനെ കണ്ടെന്നും അവൻ തന്നോട് ഈ വാക്കുകൾ പറഞ്ഞെന്നും അറിയിക്കാൻ ചെന്നു. ഈ സുവിശേഷകന്റെ വിവരണക്രമം ഇതാണ്.

ബാഹ്യമാത്രമായ പദപ്രയോഗവ്യത്യാസം യഥാർഥത്തിൽ യോജിപ്പാണെന്ന് കാണുന്നതിന് ഈ വാക്കുകളെ മർക്കോസിന്റെ വിവരണവുമായി

www.malankaralibrary.com



താരതമ്യപ്പെടുത്താം. മർക്കോസ് പറയുന്നു: "ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ സൂര്യനുദിച്ചപ്പോൾതന്നെ, അവർ ശവകുടീരത്തിങ്കലേക്കുപോയി. അവർ തമ്മിൽ പറഞ്ഞു: ആരാണ് നമുക്കുവേണ്ടി ശവകുടീരത്തിന്റെ വാതിൽക്കൽനിന്ന് കല്ല് ഉരുട്ടിമാറ്റുക?എന്നാൽ അവർ നോക്കിയപ്പോൾ ആ കല്ല് ഉരുട്ടിമാറ്റിയിരിക്കുന്നു. അത് വളരെ വലുതായിരുന്നുതാനും. അവർ ശവകുടീരത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ വെള്ളവസ്ത്രം ധരിച്ച ഒരു യുവാവ് വലത്തുഭാഗത്ത് ഇരിക്കുന്നത് കണ്ടു. അവർ വിസ്മയിച്ചുപോയി. അവൻ അവരോടു പറഞ്ഞു: നിങ്ങൾ അത്ഭുതപ്പെടേണ്ട" (16,2-6). "രാവിലെ" എന്നത് "സൂര്യനുദിച്ചപ്പോൾ " എന്നതുമായി ചേരുകയില്ല എന്നതുവ്യക്തം. കാരണം, ദിവസം പൂർണമായി തുടങ്ങുന്നതിനു മുമ്പുള്ള സമയത്തെയാണ് "രാവിലെ" എന്നുപറയുന്നത്. അതുകൊണ്ട് "സൂര്യനുദിച്ചപ്പോൾ എന്നത് പിന്നീട് വരുന്നവയെ കുറിക്കുന്നതാണെന്ന് വ്യക്തമാകുന്നു. സ്ത്രീകൾ വന്നത് രാവിലെയാണെന്ന് അവൻ പറയുന്നു. മറ്റുള്ളവയൊക്കെ നടന്നത് സൂര്യനുദിച്ച ശേഷമാണെന്ന് അവൻ വ്യക്തമാക്കുന്നു. ഇടയ്ക്ക് സംഭവിച്ചവ അവൻ വിട്ടുകളയുന്നു. അതായത്, സ്ത്രീകൾ പത്രോസിന്റെയും യോഹന്നാന്റെയും പക്കൽ വന്നെന്നും മറ്റുമുള്ള സംഗതികൾ. ഇവയെല്ലാം ക്രമമായി വിവരിക്കുന്നത് യോഹന്നാൻ ആണെന്നു തോന്നുന്നു. അവർ വരികയും പോകുകയും ചെയ്തപ്പോഴും മറിയം കരഞ്ഞുകൊണ്ട് അവിടെ നിന്നപ്പോഴുമാണ് സൂര്യൻ ഉദിക്കുകയും ദിവസം ആരംഭിക്കുകയും ചെയ്തത്. അതുകൊണ്ട്, രണ്ടു കാര്യങ്ങളും ഒരുമിച്ചു പറഞ്ഞ മർക്കോസിനു തെറ്റുപറ്റിയില്ല. അതായത്, സ്ത്രീകൾ തനിച്ച് വന്നതും മറ്റുള്ളവർ വന്നതും. ക്രമം അനുസരിച്ച് സംഭവങ്ങൾ വിവരിക്കാൻ കൂട്ടാക്കാതെ, അവയെ ചുരുക്കി വിവരിക്കുന്നവന് അവയോരോന്നും സംഭവിച്ച സമയം കൃത്യമായി പറയാൻ കഴിഞ്ഞെന്നു വരില്ല.

ചുരുക്കത്തിൽ, ഞാൻ ചോദിക്കുന്നു: ഈ വാക്കുകളിൽ വൈരുധ്യമുണ്ടെന്നു കാണിക്കാൻ ആരാണ് ശ്രമിക്കുന്നതെന്ന് നമ്മോടു പറയുക. സുവിശേഷകരുടെ വാക്കുകൾ വെറും തമാശയാണോ? മരിച്ചവരിൽ നിന്ന് ആരും ഉയിർത്തിട്ടില്ലേ? സ്ത്രീകൾ അവിടെ പോയി ഒന്നും കണ്ടില്ലേ? സുവിശേഷകർ എഴുതിയ വിവരണം സത്യമല്ലേ? അവ മനുഷ്യരെ വഞ്ചിക്കുന്നതിനായി എഴുതിയ കെട്ടുകഥകളാണോ? ഉയിർപ്പിനെപ്പറ്റി മാത്രമല്ല, ഉയിർപ്പാകുന്ന രഹസ്യം നടന്ന ദിവസത്തെ സംബന്ധിച്ചുപോലും പറയാൻ അവർക്ക് എങ്ങനെയാണ് കഴിഞ്ഞത്? അവർ പരസ്പരം ഒത്തുചേർന്ന് ഈ കാര്യങ്ങൾ വഞ്ചനാത്മകമായി ചർച്ചചെയ്ത് തീരുമാനിച്ചതാണെന്ന് അവർ മറുപടി പറഞ്ഞേക്കാം. എന്നാൽ എന്തുകൊണ്ടാണ് അവർ എല്ലാ കാര്യത്തിലും യോജിപ്പു കാണിക്കാത്തത്? വ്യത്യാസങ്ങൾ ഉണ്ടായാൽ അവ തങ്ങളുടെ കഠിനവഞ്ചന വെളിപ്പെടുമെന്ന് ഭയന്ന് ഒരുമിച്ച് നുണപറയാൻ

www.malankaralibrary.com



ഒത്തുകൂടിയവർ എല്ലാകാര്യങ്ങളിലും യോജിപ്പുണ്ടാക്കാൻ ബാധ്യസ്ഥരായിരുന്നില്ലേ? തങ്ങൾ ചതിയന്മാർ ആണെന്നുള്ള അവബോധം എത്ര കൂടുതലുണ്ടോ, അത്രയ്ക്ക് തങ്ങളുടെ വിവരണങ്ങളിലെ വ്യത്യാസം നിമിത്തം വഞ്ചന പുറത്തു വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതായിരുന്നു. ഇത്തരം കാര്യങ്ങൾ കേൾവിക്കാർ വിശ്വസിക്കത്തക്കവിധം, വ്യാജമായി കെട്ടിച്ചമയ്ക്കുന്നത് അസാധ്യമാണ് എന്നതിനെപ്പറ്റി ഞാനൊന്നും പറയുന്നില്ല. വാസ്തവത്തിൽ തങ്ങളുടെ ശ്രോതാക്കളുടെ മുമ്പിൽ തങ്ങളുടെ വാക്കുകളെ ഉറപ്പിക്കുന്ന അടയാളങ്ങൾ കാണിക്കാതെ ഉയിർപ്പിനെപറ്റി പറയുന്ന വാക്കുകൾ സത്യമാണെന്ന് അവർ വിശ്വസിക്കുകയില്ല.

നടന്ന സംഗതികളെ കുറിച്ചും ദിവസത്തെയും സമയത്തെയും കുറിച്ചും സുവിശേഷകർ പരസ്പരൈക്യം കാണിക്കുകയും ആ സംഗതികളുടെ നടന്ന ക്രമത്തിൽമാത്രം വ്യത്യാസം കാണിക്കുകയും ചെയ്താൽ, അവരുടെ ആത്മാർഥതയും സംഗതികളുടെ സത്യാവസ്ഥയും എങ്ങനെ സംശയിക്കാനാകും? സംഭവങ്ങളുടെ വിവരണ ക്രമത്തിൽ താൽപര്യമില്ലാത്തവരിൽ ഒരാൾ ഒരു കാര്യവും മറ്റൊരാൾ മറ്റൊരു കാര്യവും പറയുന്നതുകൊണ്ടാണ് വിവരണ ക്രമത്തിൽ വ്യത്യാസം ഉണ്ടായത്. ഇങ്ങനെ അവർ എഴുതിയ കാലം, സ്ഥലം ആദിയായവയുടെ വ്യത്യാസം കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. മത്തായി പലസ്തീനായിലുള്ളവർക്കും മർക്കോസ് റോമാക്കാർക്കും യോഹന്നാൻ എഫേസോസുകാർക്കും ലൂക്കാ മറ്റു സ്ഥലങ്ങളിലുള്ളവർക്കും വേണ്ടിയാണ് സുവിശേഷങ്ങൾ എഴുതിയത്. സംഭവങ്ങൾ വിവരിക്കുക മാത്രമായിരുന്നു അവരുടെ ഏകലക്ഷ്യം. തങ്ങൾ പറയുന്ന സത്യത്തെക്കുറിച്ചു ബോധ്യമുള്ളവർ ആയിരുന്നതിനാൽ, ചതിയും വഞ്ചനയും ഒന്നും കയറിപ്പറ്റിയതേയില്ല. പണ്ഡിതന്മാർ എഴുതുന്ന ചരിത്രത്തിൽ വാക്ചാതുര്യം കാണാറുണ്ട്. വിദ്യാവിഹീനരും സാധാരണക്കാരുമായ അവർക്ക് ചരിത്രം വളച്ചൊടിച്ചെഴുതാനുള്ള കഴിവുപോലും ഇല്ലായിരുന്നു. നമുക്ക് നമ്മുടെ വിവരണത്തിലേക്കു തിരിയാം. മറിയം ശിഷ്യന്മാരോട് പറഞ്ഞശേഷം ഒന്നാംദിവസം അവസാനിക്കുകയും രണ്ടാംദിവസം തുടങ്ങുകയും ചെയ്തു.

### ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുന്നു

യഹൂദരെക്കുറിച്ചുള്ള ഭയംനിമിത്തം കതകടച്ചിരിക്കെ അപ്രതീക്ഷിതമായി യേശു ശിഷ്യരുടെ മുമ്പിൽ പ്രത്യക്ഷനായി അവരെ അഭിവാദനംചെയ്തു. ആശ്ചര്യകരമായ ഈ ദർശനം കണ്ട് ഭയക്കുകയും ചഞ്ചലചിത്തരാകുകയും ചെയ്ത അവരെ അവിടുന്ന് തന്റെ സമാധാനാശംസയാൽ ശാന്തരാക്കി. തങ്ങൾ ഭൂതത്തെയാണ് കാണുന്നതെന്ന് കരുതി സംശയിച്ച ശിഷ്യരെ അവൻ തന്റെ കൈകളും പാർശ്വവും കാണിച്ചു. അവർ അവന്റെ ശരീര

www.malankaralibrary.com



ത്തിലെ ആണിപ്പാടുകൾ കണ്ട്, അവൻ സത്യമായും ക്രൂശിക്കപ്പെട്ടവനും മരിച്ചവരിൽനിന്ന് ഉത്ഥാനം ചെയ്തവനും ആണെന്നും, തൊട്ടുനോക്കി അവന്റെ ശരീരം യഥാർത്ഥമാണെന്നും മനസ്സിലാക്കി അവന്റെ യഥാർത്ഥസാന്നിധ്യത്തിൽ വിശ്വസിച്ചു. ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തെന്ന് ഇവയെല്ലാംവഴി ശിഷ്യർ ഉറപ്പായും നിശ്ചയമായും വിശ്വസിക്കുകയും അവനാണ് തങ്ങളോടു സംസാരിക്കുന്നതെന്ന് അവർക്ക് ബോധ്യം വരികയും ചെയ്തു. ആശ്ചര്യകരമായ ഈ ദർശനം കണ്ട് അവന്റെ ശിഷ്യർ സന്തോഷിച്ചു. അവരുടെ സന്തോഷവും വിശ്വാസവും ഉറപ്പിക്കാനായി അവൻ കൂട്ടിച്ചേർത്തു: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു" (20,21). - അതിന്റെ അർത്ഥം: നിങ്ങൾ എന്റെ ഉയിർപ്പിന് സാക്ഷികളാകുവിൻ. കാരണം, ഇക്കാര്യം നിങ്ങൾ മറ്റാരിൽനിന്നും പഠിച്ചതല്ല. നിങ്ങൾ എന്റെ ഉയിർപ്പ് നിങ്ങളുടെ സ്വന്തം കണ്ണുകൊണ്ട് കാണുകയും കൈകൾകൊണ്ട് സ്പർശിക്കുകയും ചെയ്ത് ബോധ്യപ്പെട്ടതാണ്. അതുകൊണ്ട്, ഞാൻ നിങ്ങളോടു പറയുന്നു: മനുഷ്യരക്ഷയ്ക്ക് പ്രയോജനപ്രദമായവയെല്ലാം സാക്ഷികളായ നിങ്ങളുടെ മുമ്പിൽ ഞാൻ ചെയ്തു. നിങ്ങൾ കാണുന്നതുപോലെ, മനുഷ്യർക്കുവേണ്ടി സഹിക്കുവാൻ ആഗ്രഹിക്കുകയും അവസാനം എന്റെ ഉയിർപ്പിലൂടെ ഞാൻ മരണസാമ്രാജ്യം തകർക്കുകയും ചെയ്തു. അതുപോലെ, നിങ്ങളും, ഞാൻ നിങ്ങളെ അയച്ചതിനാൽ സന്മനസ്സോടും തീക്ഷ്ണതയോടുംകൂടെ ലോകം മുഴുവൻ ചുറ്റിനടന്ന് സകല മനുഷ്യരോടും ഈ സുവിശേഷം പ്രഘോഷിക്കുവിൻ. ശത്രുക്കൾ നിങ്ങൾക്ക് ഉപദ്രവം വരുത്തിയാലും, നിങ്ങൾ എന്നെപ്രതി സഹിക്കുമെന്നതിനാൽ, നിങ്ങളും ഉയിർത്തെഴുന്നേൽക്കുമെന്ന് ഉറപ്പായി വിശ്വസിക്കുവിൻ.

ശിഷ്യരോട് ഇതു പറഞ്ഞശേഷം എവിടെ നിന്നാണ് അവർക്ക് ഉയിർപ്പുണ്ടാകുന്നതെന്നും, അവരുടെ അധ്വാനങ്ങളിലും സഹനങ്ങളിലും ക്ഷമിക്കാനുള്ള ശക്തി എവിടെ നിന്നാണ് സ്വീകരിക്കുന്നതെന്നും അവരെ പഠിപ്പിക്കാൻ അവൻ ആഗ്രഹിച്ചു. അതിനായി അവരുടെ മേൽ നിശ്വസിച്ചുകൊണ്ട് പറഞ്ഞു: "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ, അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (20,22-23). ഇവയുടെയെല്ലാം ദാതാവും വിതരണക്കാരനും ആരാണെന്ന് അവരെ ഈ വാക്കുകളിലൂടെ അവൻ പഠിപ്പിക്കുന്നു. അവർ സംശയിക്കാതിരിക്കാൻ തെളിവായി അവൻ അവരുടെമേൽ ഊതിക്കൊണ്ട് അവരെ ബോധ്യപ്പെടുത്തി. ഭാഗ്യവാനായ മോശ പറയുന്നതുപോലെ, നിശ്ചലവും നിർജീവവുമായ ശരീരം സൃഷ്ടിക്കപ്പെട്ടപ്പോൾ, അതിനില്ലാതിരുന്ന ജീവൻ പ്രാപിച്ചത് നിശ്വസനത്തിലൂടെ സൃഷ്ടിക്കപ്പെട്ട ആത്മാവിന്റെ പ്രവേശനം വഴിയാണ്. അതുകൊണ്ട് യേശു ആദ്യം അവരുടെമേൽ നിശ്വസിക്കുകയും

www.malankaralibrary.com



അനന്തരം ആത്മാവിനെപ്പറ്റി പറയുകയും ചെയ്യുന്നു. സ്വാഭാവികമായി ജീവനില്ലാതിരുന്ന ശരീരം സ്രഷ്ടാവിന്റെ കൽപന അനുസരിച്ച് ആത്മാവ് അതിൽ പ്രവേശിച്ചപ്പോൾ, ജീവൻ പ്രാപിച്ചതുപോലെ, ആത്മാവ് നൽകുന്ന ശക്തിവഴി മനുഷ്യശരീരവും ഉയിർപ്പിലൂടെ ജീർണതയ്ക്ക് അതീതമാകുമെന്ന് ഇപ്പോൾ അവർ വിശ്വസിക്കണം. അവന്റെ വാക്കുകൾ അവർ വിശ്വസിക്കണമെന്നും ഉയിർപ്പിനെപ്പറ്റി സംശയിക്കരുതെന്നും ലോകത്തിലേക്ക് ഒരു പുതിയ പ്രബോധനത്തിന്റെ പ്രചാരകരായി അയക്കപ്പെടുന്നതിൽ ഭയംതോന്നി പ്രേഷിതദൗത്യത്തിന്റെ മാഹാത്മ്യം നിഷേധിക്കരുതെന്നും അവൻ അവരോടു പറഞ്ഞു.

തക്കസമയത്ത് നിങ്ങൾക്ക് ഉയിർപ്പും അമർത്യതയും നൽകുന്ന ആത്മാവിന്റെ ശക്തി നിങ്ങൾ പ്രാപിക്കും. അവൻവഴി ഈ ജീവിതത്തിൽ തന്നെ വളരെ ആശ്ചര്യകരവും അതിസ്വാഭാവികവുമായ ശക്തി നിങ്ങൾ പ്രാപിക്കും. തദ്ഫലമായി ഒരിക്കലും കേട്ടിട്ടില്ലാത്ത അത്ഭുതങ്ങൾ ഒറ്റവാക്കാൽ നിങ്ങൾ പ്രവർത്തിക്കും. നിങ്ങളുടെ പ്രബോധനം ശ്രവിക്കുന്നവരിൽനിന്ന് നിങ്ങൾക്ക് ഉണ്ടാകുവാനിരിക്കുന്ന പീഡനങ്ങളെ ക്ഷമാപൂർവം സഹിക്കാനുള്ള കഴിവ് നിങ്ങൾക്കുണ്ടാകും.- പരിശുദ്ധാത്മാവ് അവരിലൂടെ അനേകം കാര്യങ്ങൾ പ്രവർത്തിക്കുമെങ്കിലും, മറ്റുള്ളവ വിട്ടുകളഞ്ഞിട്ട്, ഇവ എടുത്തുപറഞ്ഞത് മറ്റുള്ളവയ്ക്കും തെളിവാണ്. ആത്മാവിന്റെ ശക്തി നിങ്ങളിൽ പ്രവർത്തിക്കുന്നതിന്റെ വ്യക്തമായ തെളിവ് ഇതാണ്. അവനെ സ്വീകരിച്ച ഉടൻ നിങ്ങൾക്ക് ഏതൊരാളിന്റെയും പാപം മോചിക്കാൻ കഴിയും. അതുപോലെ പാപമോചനം നൽകാതെയുമിരിക്കാം. മനുഷ്യരായ നിങ്ങൾക്ക് ആത്മാവിന്റെ ദാനം നിമിത്തം ദൈവത്തിനുമാത്രം കഴിയുന്നവ, അതായത്, പാപമോചനവും ശിക്ഷാവിധിയും, നടപ്പാക്കാൻ കഴിയുമെങ്കിൽ, ആത്മാവിന്റെ ശക്തി എത്ര വലുതാണെന്ന് നിങ്ങൾ തന്നെ ആലോചിച്ചു നോക്കുവിൻ. പ്രസ്തുത ശക്തി സ്വീകരിച്ചു കഴിഞ്ഞാൽ പിന്നെ നിങ്ങൾക്ക് ഒന്നിനെപ്പറ്റിയും സംശയിക്കേണ്ടിവരില്ല.

ഇവിടെ, "നിങ്ങൾ സ്വീകരിക്കും" എന്നതിനുപകരം "സ്വീകരിക്കുവിൻ" എന്നാണ് അവൻ പറയുന്നത്. നിശ്വസനത്തിലൂടെ അവൻ ആത്മാവിനെ കൊടുത്തു എന്ന് ചിലർ പറയുന്നു. അതു ശരിയാണെങ്കിൽ, "നിങ്ങൾ ജറുസലേം വിട്ടുപോകാതെ, ആത്മാവിന്റെ വാഗ്ദാനം കാത്തിരിക്കുവിൻ" എന്ന് പിന്നീട് തന്റെ സ്വർഗാരോഹണ സമയത്ത് ശിഷ്യരോടു പറഞ്ഞത് അർഥശൂന്യമാകുമായിരുന്നു. "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും" (നട 1,8). ഉയിർപ്പിനും ആരോഹണത്തിനും ശേഷം അൻപതാം ദിവസമാണ് പരിശുദ്ധാത്മാവ് ശിഷ്യരുടെമേൽ ഇറങ്ങി വന്നതെന്ന് ലൂക്കാ തുറന്നുപറയുന്നു. ശ്രദ്ധിക്കേണ്ട

www.malankaralibrary.com



മറ്റൊരു കാര്യം: നിശ്വസനംവഴി അവർ ആത്മാവിനെ സ്വീകരിച്ചിരുന്നെങ്കിൽ, "സ്വീകരിക്കുവിൻ" എന്നല്ല "സ്വീകരിച്ചിരിക്കുന്നു" എന്നാണ് പറയേണ്ടിയിരുന്നത്. അതുവരെ അവർ ആത്മാവിനെ സ്വീകരിച്ചിരുന്നില്ല എന്നാണ് "സ്വീകരിക്കുവിൻ" എന്നവാക്ക് ധ്വനിപ്പിക്കുന്നത്. നിശ്വസനം എന്താണെന്ന് നാം മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. നിർജീവ പദാർഥത്തിൽനിന്ന് മനുഷ്യരൂപം നിർമിച്ചശേഷം ദൈവം നിശ്വസിച്ചുകൊണ്ട് ആത്മാവിനെ സൃഷ്ടിക്കുകയും അതിലേക്ക് നിവേശിപ്പിക്കുകയും ചെയ്തപ്പോൾ, അത് ജീവനുള്ളതായി മാറി. നിശ്വസിക്കുക എന്നത് മറ്റൊന്നാണെന്ന് ഭാഗ്യവാനായ മോശ സൂചിപ്പിക്കുന്നു. ദൈവം ശ്വാസോച്ഛ്വാസം ചെയ്യുന്നില്ല. കാരണം, അവന്റെ പ്രകൃതി പദാർഥപരമല്ല. എന്നാൽ പണ്ടത്തെ മനുഷ്യർക്ക് അങ്ങനെയുള്ള അഭിപ്രായം ഉണ്ടായിരുന്നു. നിയമത്തിൽ പ്രബോധനം ലഭിച്ചവർക്ക് പ്രത്യേകിച്ചും.

താൻ തന്നെയാണ് അവരോട് സംസാരിച്ചിരുന്നവനും ക്രൂശിക്കപ്പെട്ടവനും മരിച്ച്, അവരുടെ പ്രതീക്ഷയ്ക്ക് അതീതമായി ഉയിർത്തെഴുന്നേറ്റവനുമെന്ന് നമ്മുടെ കർത്താവ് ഉയിർപ്പിനുശേഷം ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ട് ബോധ്യംവരുത്തി. അപ്പോൾ തന്റെ ഉയിർപ്പിനെ കുറിച്ച് സംശയിക്കരുതെന്നും അവർക്കും തീർച്ചയായും ഉയിർപ്പുണ്ടാകുമെന്ന് ഉറച്ചു വിശ്വസിക്കണമെന്നും അവരെ പഠിപ്പിക്കാൻ അവൻ തിരുമനസ്സായി. നവീനവും അത്ഭുതകരവുമായ ഈ കാര്യം എങ്ങനെ സംഭവിക്കുമെന്ന് അവർക്കു വെളിപ്പെടുത്താൻ വേണ്ടി അവൻ പാറക്ലേത്തായെ ചൂണ്ടിക്കാണിച്ചു. അവരെ പ്രേഷിതരാക്കാൻ അവൻ ഒരുക്കി.അവർ പ്രഘോഷകരായതിനാൽ അവർക്കെതിരെ പിശാചുക്കളിൽനിന്നും ദുഷ്ടമനുഷ്യരിൽനിന്നും എല്ലാത്തരത്തിലുമുള്ള പോരാട്ടങ്ങളും പീഡനങ്ങളും കഷ്ടപ്പാടുകളും ഉണ്ടാകും. "അതുകൊണ്ട്, പിശാചിന്റെ ജ്വലിക്കുന്ന കൂരമ്പുകളെ കെടുത്തുവാൻ ശക്തരാക്കുന്ന" അതിസ്വാഭാവികശക്തി അവൻ അവർക്ക് നൽകി (എഫേ 6,16). ആദാമിൽ ജീവശ്വാസം ഊതി അവനെ ജീവനുള്ളവൻ ആക്കിത്തീർത്തവനും ശിഷ്യരിൽ ഇപ്പോൾ ആത്മാവിനെ നിശ്വസിച്ചവനും ഒരേ സ്രഷ്ടാവ് തന്നെയാണെന്ന് അവർ അംഗീകരിക്കാൻ വേണ്ടിയാണ് നിശ്വസനം വഴി അവർക്ക് ആത്മാവാകുന്ന ദാനം നൽകിയത്. ആദ്യനിശ്വസനത്തിന്റെ വ്യാപ്തിയും സ്വാധീനവും അയ്യായിരത്തിലധികം വർഷം നീണ്ടുനിൽക്കുകയും ഇപ്പോഴും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ, രണ്ടാമത്തെ ഈ നിശ്വസനവും കാലാകാലത്തോളം നിലനിൽക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

"നിങ്ങൾ ആത്മാവിനെ സ്വീകരിക്കുവിൻ" എന്നു പറഞ്ഞാൽ, "നിങ്ങൾ സെഹിയോൻ മാളികയിൽ അവനെ സ്വീകരിക്കും" എന്നാണർഥം. അതുകൊണ്ട്, നിശ്വസനം വഴി നൽകിയ ദാനം, കെട്ടുവാനും അഴിക്കുവാനുമുള്ള പാപമോചനാധികാരത്തെ മാത്രമാണ് വിവക്ഷിക്കുന്നത്. "ഞാൻ

www.malankaralibrary.com



നിനക്ക് ദൈവരാജ്യത്തിന്റെ താക്കോലുകൾ തരും" എന്ന് കർത്താവ് പത്രോസിനോടു പറഞ്ഞ വാക്കുകളുടെ പൂർത്തീകരണമാണ് ഇവിടെ നടന്നത് (മത്താ.16,19). അവർക്ക് ദാനങ്ങളുടെ സമൃദ്ധി പ്രദാനം ചെയ്യുന്നവനായ പരിശുദ്ധാത്മാവിന്റെ സത്തയും സ്വഭാവവും ഉള്ളവനാണ് യേശുവെന്ന് അവർ അറിയാനാണ് അവൻ ഈ ദാനങ്ങൾ നൽകിയത്. അതുകൊണ്ടാണ് "എനിക്കുള്ളവയിൽനിന്ന് സ്വീകരിച്ച് അവൻ നിങ്ങളോടു പ്രഖ്യാപിക്കും"എന്ന് അവൻ പറഞ്ഞത് (യോഹ 16,15). ഈ നിശ്വസനത്തിന്റെ ശക്തി എത്രമാത്രമെന്ന് പരിഗണിക്കുവിൻ. "നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ, അവ ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ, അവ ബന്ധിക്കപ്പെട്ടിരിക്കും." എത്ര അത്ഭുതകരമായ ദാനങ്ങൾ. അടയാളങ്ങളും അത്ഭുതങ്ങളും ചെയ്യാനുള്ള ശക്തിയും അധികാരവും അവൻ അവർക്ക് നൽകിയത് മൂലഘടകങ്ങളുടെമേൽ മാത്രമല്ല. തനിക്ക് മാത്രം സ്വന്തമായിരുന്നത് ദാസർക്കു നൽകിക്കൊണ്ട്, ദൈവമെന്നു വിളിക്കപ്പെടാനും അവർക്ക് അവകാശം നൽകി. യഹൂദർ നമ്മുടെ രക്ഷകനെതിരെ ആരോപിച്ചതുപോലെ, ദൈവത്തിനു മാത്രമേ പാപം മോചിക്കാനും ബന്ധിക്കാനും അധികാരമുള്ളൂ. "ദൈവത്തിനല്ലാതെ മറ്റാർക്കാണ് പാപം ക്ഷമിക്കാൻ സാധിക്കുക?" (മർക്കോ. 2,7). തന്നെ ഭയപ്പെടുന്നവർക്ക് അവൻ ഇത് അളവില്ലാതെ നൽകി.

## തോമസിന് പ്രത്യക്ഷപ്പെടുന്നു

"എട്ടുദിവസങ്ങൾക്കുശേഷം വീണ്ടും അവന്റെ ശിഷ്യന്മാർ വീട്ടിൽ ആയിരുന്നപ്പോൾ തോമസും അവരോടുകൂടെ ഉണ്ടായിരുന്നു. വാതിലുകൾ അടച്ചിരുന്നു. യേശു വന്ന് അവരുടെ മധ്യത്തിൽ നിന്നുകൊണ്ടു പറഞ്ഞു, നിങ്ങൾക്ക് സമാധാനം. അവൻ തോമസിനോടു പറഞ്ഞു, നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക. എന്റെ കൈകൾ കാണുക. നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക. തോമസ് പറഞ്ഞു, എന്റെ കർത്താവും എന്റെ ദൈവവുമേ. യേശു അവനോടു പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ"(20,26-29).

കർത്താവ് ഉയിർത്ത ആഴ്ചയിലെ ഒന്നാംദിവസം മുതലാണ് എട്ടാം ദിവസം സുവിശേഷകൻ കണക്കുകൂട്ടുന്നത്. അവൻ എവിടെനിന്ന്, എങ്ങനെ വന്നു എന്ന് അറിയാത്തവർക്കാണ് അവൻ പ്രത്യക്ഷപ്പെട്ടത്. അവൻ കല്ലറയിൽനിന്ന് ആത്മീയനും പ്രകാശിതനും സൂക്ഷ്മസ്വഭാവം ഉള്ളവനും അടച്ചിട്ടിരിക്കുന്നിടത്തുകൂടി കടക്കാൻ കഴിയുന്നവനും താൻ ആഗ്രഹിക്കുന്നതെല്ലാം തടസ്സം കൂടാതെ ചെയ്യാൻ കഴിയുന്നവനുമായി ഉയിർത്തെഴുന്നേറ്റു. ഇപ്പോഴത്തെ നമ്മുടെ സ്ഥിതിയിൽ നമുക്ക് അഗ്രാഹ്യമായ അമർത്യത

www.malankaralibrary.com



യുടെ മഹിമയിൽ ഉയിർത്തെഴുന്നേറ്റത്, മരിച്ചവൻ തന്നെയാണ്, മറ്റൊരാളല്ല. തോമസ് തൊട്ടുനോക്കി സംഗതിയുടെ യാഥാർത്ഥ്യത്തെ കുറിച്ച് ബോധ്യമായശേഷം തന്റെ കുറ്റം ഏറ്റുപറഞ്ഞു: "എന്റെ കർത്താവും എന്റെ ദൈവവുമേ." അതെന്താണ്? നേരത്തേ നമ്മുടെ കർത്താവ് മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്ന് വിശ്വസിക്കാതിരുന്ന തോമസ് ഇപ്പോൾ അവനെ കർത്താവെന്നും ദൈവമെന്നും വിളിക്കുന്നു. ഇത് എങ്ങനെ വിശ്വസിക്കും? സംശയിച്ച ശിഷ്യൻ താൻ സ്പർശിച്ച നമ്മുടെ കർത്താവിനെ തന്നെയല്ല ദൈവമെന്നുകൂടി വിളിച്ചത്. ഉയിർത്തെഴുന്നേറ്റവൻ ദൈവമാണെന്ന് ഉയിർപ്പിനെക്കുറിച്ചുള്ള അറിവ് വഴി അവൻ ഗ്രഹിച്ചിരുന്നില്ല. അവൻ കണ്ട അത്ഭുതം വഴി ആശ്ചര്യഭരിതനായി ഒരു വലിയ അത്ഭുതം എന്ന നിലയിലാണ് ദൈവത്തെ ഏറ്റുപറയുന്നത്. വിശ്വാസമുള്ള ശിഷ്യന്മാർക്ക് മൂന്നുപ്രാവശ്യം കൃപ ലഭിച്ചു. ഒന്ന്, വിജാതീയരോട് സുവിശേഷം പ്രസംഗിക്കാൻ അയക്കപ്പെട്ടപ്പോൾ. രണ്ട്, ഉയിർപ്പിനുശേഷം. മൂന്ന്, പെന്തിക്കോസ്തിയിൽ.

"കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" (20,29). അതായത്, നിന്റെ സഹോദരരും പ്രേഷിതവൃത്തിയിൽ സഹപ്രവർത്തകരുമായ പത്തുപേർ. അവരും അവനെ കാണുന്നതിനു മുമ്പല്ല, കണ്ട ശേഷമാണ് വിശ്വസിച്ചതെന്ന് എനിക്കു ബോധ്യമുണ്ട്, വിശുദ്ധഗ്രന്ഥം സാക്ഷിക്കുന്നുമുണ്ട്. എന്നാൽ ഞാൻ അവന്റെ ആണിപ്പഴുതുകൾ കാണാതെ വിശ്വസിക്കുകയില്ലെന്നും മറ്റും പറയുകയോ ശാഠ്യം പിടിക്കുകയോ ചെയ്തില്ല. അതുകൊണ്ട്, അവരെ അവൻ ശാസിച്ചില്ല. രക്ഷകനെ കാണാതെ, കേൾവി വഴിയുള്ള വിശ്വാസം നിമിത്തം അവനിൽ വിശ്വസിച്ച സമൂഹത്തിന് മുഴുവൻ ഈ വാക്യം ബാധകമാക്കുന്നത് ശരിയാണെന്ന് തോന്നുന്നില്ല.

"ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങളും യേശു ശിഷ്യരുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ചു. എന്നാൽ ഇവതന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്" (20,30-31).- നമ്മുടെ രക്ഷകൻ ശിഷ്യരുടെ മുമ്പാകെ വളരെയധികം അത്ഭുതങ്ങൾ പ്രവർത്തിച്ചെന്ന് സുവിശേഷകന്റെ ഈ വാക്കുകൾ സൂചിപ്പിക്കുന്നു. മറ്റു സുവിശേഷകർ കൂടുതൽ കൃത്യമായി വിവരിച്ചിട്ടുള്ളതും യോഹന്നാൻ വിട്ടുകളഞ്ഞതുമായ വാക്കുകളും സത്യമാണെന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു. അവഗണന കൊണ്ടല്ല അവൻ അവ രേഖപ്പെടുത്താതിരുന്നത്. വിശ്വാസത്തോടെ അവയെ സ്വീകരിച്ച് പരിഗണിക്കുകയും വായിച്ച് മനസ്സിലാക്കുകയും ചെയ്യുന്നവന് അവരുടെ വാക്കുകൾ സത്യവും മതിയായവയുമാണെന്ന് യോഹന്നാൻ വ്യക്തമാക്കുന്നു. "ഈ പുസ്തകം" എന്നു പറയുന്നത് താൻ തന്നെ എഴുതിയ സുവിശേഷമാണ്.

www.malankaralibrary.com



നമ്മുടെ കർത്താവ് പറയുന്നു: "നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. എന്നെ കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ." തന്നെ കാണാതെ തന്നെ തന്നിൽ വിശ്വസിക്കുന്നവരുടെ വിശ്വാസ ദൃഢതയെയാണ് ഈ വാക്കുകൾ കാണിക്കുന്നത്. നേരേമറിച്ച്, ഇവയേക്കാൾ അൽപം കൂടി വലിയ കാര്യമാണ് സുവിശേഷകൻ കൂട്ടിച്ചേർക്കുന്നത്. "ഈ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത മറ്റനേകം അടയാളങ്ങളും യേശു ശിഷ്യരുടെ സാന്നിധ്യത്തിൽ പ്രവർത്തിച്ചു" (20,30). അതായത്, എഴുതിയവ തന്നെ അവന്റെ ശക്തി മുഴുവൻ വെളിപ്പെടുത്തുന്നില്ല. ആർക്കും അതിന്റെ വലിപ്പം പൂർണമായി മനസ്സിലാക്കാൻ സാധിക്കുകയില്ല. എഴുതിയവ തന്നെ മനുഷ്യർക്ക് അറിയാൻ സാധിക്കുന്നിടത്തോളം അറിയാൻ വേണ്ടിയാണ്. ശിഷ്യരോടിങ്ങനെ.

## സഭയെ പത്രോസിന് ഭരമേൽപിക്കുന്നു

"അവരുടെ പ്രാതൽ കഴിഞ്ഞപ്പോൾ യേശു ശെമയോൻ പത്രോസിനോടു ചോദിച്ചു: യോനായുടെ പുത്രനായ ശെമയോനേ, നീ ഇവരേക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ? അവൻ പറഞ്ഞു: ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നെന്ന് നീ അറിയുന്നുവല്ലോ" (21,15). - പത്രോസ് തന്റെ തന്നെ വാക്കുകളിൽ മാത്രം ആശ്രയിക്കുന്നില്ല. നമ്മുടെ കർത്താവിന്റെ അറിവിലേക്ക് അവന്റെ മനസ്സുതുറന്ന് , "ഞാൻ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ" എന്ന് ഏറ്റുപറയുന്നു. മുമ്പ് പത്രോസ് അവനുവേണ്ടി ജീവൻ ബലികഴിക്കാൻ തയാറാണെന്ന് പറഞ്ഞെങ്കിലും, ക്രിസ്തു അവന്റെ എടുത്തുചാട്ടത്തെ പ്രതി അവനെ കുറ്റപ്പെടുത്തി. മൂന്നു പ്രാവശ്യം നീയെന്നെ തള്ളപ്പറയുമെന്ന് പറഞ്ഞു (13,38). ഇക്കാര്യം ഓർത്തുകൊണ്ടാണ് "നിനക്കറിയാമല്ലോ", അതായത്, നീ മെച്ചമായി അറിയുന്നു എന്ന് അവൻ മറുപടി പറഞ്ഞത്. നേരത്തേ ഞാൻ എന്നെക്കുറിച്ച് മറ്റുതരത്തിലാണ് ചിന്തിച്ചിരുന്നത്. നിന്റെ വാക്കുകൾ സത്യമായിത്തീർന്നു. അതുകൊണ്ട് ഞാൻ ഇപ്പോൾ കരുതലുള്ളവനാണ്. യേശു അവനോടു പറയുന്നു:"എന്റെ കുഞ്ഞാടുകളെ മേയിക്കുക." പത്രോസ് താഴ്ന്ന സ്വരത്തിൽ വിനയത്തോടെ, ഹൃദയരഹസ്യങ്ങളും ആത്മാവിന്റെ നിഗൂഢചിന്തകളും അറിയുകയും പരിശോധിക്കുകയും ചെയ്യുന്നവന്റെ മുമ്പിൽ എന്നപോലെ, മറുപടി പറഞ്ഞപ്പോൾ, "എന്റെ ആടുകളെ മേയിക്കുക"എന്ന് പറഞ്ഞ് യേശു അവനെ തന്റെ അജഗണത്തിന്റെ മേൽ അധിപനായി നിയമിക്കുകയും ഉറപ്പിക്കുകയും ചെയ്തു. അതായത്, അവന്റെ വാക്കുകൾ നിമിത്തം എന്നിൽ വിശ്വസിക്കുന്ന എല്ലാവരുടെയും മേൽ. ബലഹീനരായ വിശ്വാസികൾക്കുവേണ്ടിയാണ് ഇപ്പോഴത്തെ ഈ ഉറപ്പിക്കൽ. അതുകൊണ്ട്, നീ അവരുടെ ഭാരം ചുമക്കണം. നീ അവരെ പരിപാലിക്കണം. അവരുടെ രോഗത്തിൽ അവരെ ആശ്വസിപ്പിക്കണം. ഞാൻ നിനക്കു തന്ന കൃപവഴി നീ അവരെ പരിപോഷിപ്പിക്കണം.

www.malankaralibrary.com



"രണ്ടാം പ്രാവശ്യവും അവൻ ചോദിച്ചു: യോനായുടെ പുത്രനായ ശെമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? അവൻ പറഞ്ഞു: ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു നീ അറിയുന്നുവല്ലോ. അവൻ പറഞ്ഞു: എന്റെ കുഞ്ഞാടുകളെ മേയിക്കുക" (21,16).- അതായത്, സഭയിലെ ശുശ്രൂഷാതലങ്ങളിൽ പ്രേഷിതവൃത്തിയിലും പൗരോഹിത്യത്തിലും അജപാലകദൗത്യത്തിലും നിന്നെ അനുസരിക്കുന്നവരും വിജ്ഞാനവും പക്വതയും ഉള്ളവരുമായ ശ്രേഷ്ഠവിശ്വാസികൾ.

"അവൻ മൂന്നാം പ്രാവശ്യവും അവനോടു ചോദിച്ചു: യോനായുടെ പുത്രനായ ശെമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? തന്നോട് മൂന്നാം പ്രാവശ്യവും നീയെന്നെ സ്നേഹിക്കുന്നുവോ? എന്ന് അവൻ ചോദിച്ചതുകൊണ്ട് പത്രോസ് ദുഃഖിതനായി. അവൻ പറഞ്ഞു: കർത്താവേ, നീ എല്ലാം അറിയുന്നു. ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നും നീ അറിയുന്നു. യേശു പറഞ്ഞു: എന്റെ കുഞ്ഞാടുകളെ മേയിക്കുക" (21,17).- അതായത്, വിശേഷബുദ്ധിയുള്ള എല്ലാ ആത്മാക്കളും വിശുദ്ധ കന്യകകളും വിശ്വസ്തരായ സന്യാസിനികളും നിർമലരും ശാലീനരും വെടിപ്പുള്ളവരും അനുതാപികളുമായ ഭാര്യമാരും വിവേചനാരൂപിയുള്ളവരും തങ്ങളുടെ സർവകഴിവുകളും ഉപയോഗിച്ച് മാന്യത കൈവരിക്കുകയും ലളിതജീവിതം നയിക്കുകയും ചെയ്യുന്ന സ്ത്രീസമൂഹം മുഴുവനും.

നമ്മുടെ കർത്താവ് അവനോട് "ഉപവസിക്കുക" എന്നോ "എനിക്കുവേണ്ടി ജാഗരണം അനുഷ്ഠിക്കുക" എന്നോ പറയുന്നില്ല. മറിച്ച്, കൂടുതൽ മഹനീയവും സമൂഹത്തിന് കൂടുതൽ പ്രയോജനകരവുമായ ആത്മാക്കളുടെ അജപാലനമാണ് അവനെ ഭരമേൽപിച്ചത്. എനിക്കൊന്നും ആവശ്യമില്ല. എന്റെ അജഗണത്തെ മേയിക്കുക. ഞാൻ നിന്നെ സ്നേഹിച്ച സ്നേഹം എനിക്കു തിരിച്ചുതരിക. ഇതുവഴി എനിക്കർഹമായ നന്ദി എന്നോടു കാണിക്കുക. കാരണം, നിനക്ക് വിശ്വാസികളോടുള്ള ശ്രദ്ധയും താൽപര്യവും നീ എന്നോടു കാണിക്കുന്നതായി ഞാൻ സ്വീകരിക്കും. "ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന് പറയാൻ പത്രോസിനു ധൈര്യം വന്നില്ല. അതുകൊണ്ടാണ് അവൻ പറഞ്ഞത്, ഞാൻ നിന്നെ സ്നേഹിക്കുന്നെന്ന് എല്ലാം അറിയുന്ന നിനക്കറിയാമല്ലോ എന്ന്. "ഞാൻ നിന്നെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്നും, നിനക്കുവേണ്ടി എന്റെ ജീവൻ ബലി കഴിക്കാൻ തയാറാണെന്നും" മുമ്പ് അവൻ പറഞ്ഞത് ഓർത്തു. കർത്താവാകട്ടെ, അവന്റെ അഹംഭാവത്തെ ശാസിച്ചുകൊണ്ട് പറഞ്ഞു: "മൂന്നുപ്രാവശ്യം നീ എന്നെ ഉപേക്ഷിക്കും." അതുകൊണ്ട്, ഇപ്പോൾ പത്രോസ് മറുപടി പറഞ്ഞു: കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നെന്ന് എന്നേക്കാൾ മെച്ചമായി നിനക്കറിയാമല്ലോ. "നീയെന്നെ സ്നേഹിക്കുന്നുവോ?" എന്ന് അവൻ മൂന്നാം പ്രാവശ്യവും ചോദി

www.malankaralibrary.com



ച്ചപ്പോൾ പത്രോസിന് സങ്കടം തോന്നി. ഈ ചോദ്യം മൂന്നുപ്രാവശ്യം ചോദിച്ചതിനാൽ ശെമയോൻ ചഞ്ചലചിത്തനാകുകയും ദുഃഖാർത്തനാകുകയും ചെയ്തു. കാരണം, താൻ ഒരുപക്ഷേ വീണ്ടും അവനെ തള്ളിപ്പറയുമെന്ന് മുൻകൂട്ടികണ്ട് തന്റെ സ്നേഹപ്രഖ്യാപനങ്ങളെ കർത്താവ് പരിഹസിക്കുമോ എന്ന് അവൻ കരുതി. മൂന്നാം ചോദ്യമാകുന്ന അമ്പുകൊണ്ട് മുറിവേറ്റ അവൻ ഭാവികാര്യത്തെപ്പറ്റിയുള്ള കർത്താവിന്റെ യഥാർഥ അറിവിനെ അംഗീകരിച്ചു പറയുന്നു: "നിനക്കറിയാം." ഭാവികാര്യങ്ങൾ അറിയുന്നതിന് ഞാൻ അശക്തനാണെന്ന് എനിക്ക് തോന്നുന്നു. എനിക്കവ അറിഞ്ഞുകൂടാ. നീയാണ് അറിവിന്റെ ഉറവിടം. നീയാണ് ശാസ്ത്രങ്ങളുടെ ആരംഭം.

നമ്മുടെ കർത്താവ് അവന്റെ അസ്വസ്തത പരിഗണിച്ച്, ഈ ഭയം അവനിൽ നിന്ന് നീക്കുകയും അവന്റെ തന്നെ സാക്ഷ്യംവഴി അവന്റെ സ്നേഹത്തെ മുദ്രവയ്ക്കുകയും ചെയ്തു. തള്ളിപ്പറയലിന് പ്രതിവിധിയായി ചെയ്ത ഏറ്റുപറച്ചിൽ കർത്താവ് അംഗീകരിക്കുകയും ചെയ്തു. അതുകൊണ്ടാണ് മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞതിന് പരിഹാരമായി മൂന്നുപ്രാവശ്യം സ്നേഹപ്രഖ്യാപനം നടത്താൻ ആവശ്യപ്പെട്ടത്. അങ്ങനെ പത്രോസിനുള്ള തീവ്രമായ സ്നേഹം ശിഷ്യരുടെ മുമ്പാകെ വെളിപ്പെടുത്തുന്നതിന് അവസരം ലഭിച്ചു. അതേസമയം ഈ നിഷേധം വെറും സ്വാഭാവികം മാത്രമല്ലെന്നും ദൈവപരിപാലനയാൽ സംഭവിച്ചതാണെന്നും കാണിക്കുന്നതിന് അവൻ തിരുമനസ്സായി. ഇവ മൂന്നും വഴി സാത്താൻ ശെമയോനെ പരീക്ഷിച്ച മൂന്നു പോരാട്ടങ്ങളും അവന്റെ ആത്മാവിൽനിന്ന് നീക്കി അവനെ വിശുദ്ധീകരിച്ചു. അതുപോലെ, തന്റെ അജഗണത്തിലെ മൂന്നുവിഭാഗങ്ങളെയും ത്രിത്വത്തിലെ മൂന്നാളുകളുടെ നാമത്തിൽ സ്നാനപ്പെടുത്തുകയും വിശുദ്ധീകരിക്കുകയും തന്റെ കർതൃത്വത്തിലേക്ക് കൊണ്ടുവരികയും ചെയ്യേണ്ടതാണെന്ന് സൂചിപ്പിച്ചു.

"സത്യം സത്യമായി ഞാൻ നിന്നോടുപറയുന്നു: ചെറുപ്പമായിരുന്നപ്പോൾ നീ സ്വയം അര മുറുക്കുകയും ഇഷ്ടമുള്ളിടത്തേക്ക് പോകുകയും ചെയ്തിരുന്നു. എന്നാൽ പ്രായമാകുമ്പോൾ നീ നിന്റെ കൈകൾ നീട്ടുകയും മറ്റൊരുവൻ നിന്റെ അര മുറുക്കുകയും നീ ആഗ്രഹിക്കാത്തിടത്തേക്ക് നിന്നെ കൊണ്ടുപോകുകയും ചെയ്യും" (21,18).- പത്രോസ് തന്റെ മുൻകാലജീവിതത്തിന്റെ ഓർമയാൽ മഥിക്കപ്പെടുന്നു. അഥവാ, തന്റെ തള്ളിപ്പറയലിനെ കുറിച്ചുള്ള ഓർമ നിമിത്തം വളരെ ദുഃഖവും വേദനയും സഹിച്ചു എന്ന് നമ്മുടെ കർത്താവ് മനസ്സിലാക്കി. അപ്പോൾ തന്റെ തള്ളിപ്പറയലിനുപകരം അവൻ എന്തെല്ലാം സഹിക്കാനിരിക്കുന്നെന്ന് നമ്മുടെ കർത്താവ് വെളിപ്പെടുത്തി. പത്രോസ് എല്ലാ കാര്യങ്ങളും നമ്മുടെ കർത്താവിന്റെ ജ്ഞാനത്തിനു വിട്ടുകൊടുത്തു. കർത്താവാകട്ടെ, അവന് ആദ്യത്തേതിൽനിന്ന് വലിയ മാറ്റം

www.malankaralibrary.com



അവസാനകാലത്തുണ്ടാകുമെന്ന് പഠിപ്പിച്ചുകൊണ്ട് പറയുന്നു: ഭാവികാര്യത്തെയോർത്ത് നീ ഭയപ്പെടേണ്ട. നീ തലകീഴായി എനിക്കുവേണ്ടി ക്രൂശിക്കപ്പെടത്തക്കവണ്ണം അത്ര ആഴവും ആത്മാർഥവുമായ സ്നേഹം നിനക്ക് എന്നോടുണ്ടെന്നു ഞാൻ അറിയുന്നു.- കർത്താവിന്റെ ഈ വാക്കുകൾ അത്ര വ്യക്തമല്ലാതിരുന്നതിനാൽ, സുവിശേഷകൻ വിശദീകരണം നൽകുന്നു:"ഇത് അവൻ പറഞ്ഞത് ഏതുവിധമുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്വപ്പെടുത്തുമെന്ന് സൂചിപ്പിക്കാനാണ്''(21,19).

"വേറൊരുവൻ നിന്റെ അരമുറുക്കും.'' കാരണം, കുരിശുമരണത്തിനു വിധിക്കപ്പെടുന്നവർ കുരിശിൽ തറയ്ക്കപ്പെടുന്നു. കുരിശിൽ മരിക്കാൻ നീറോ കൽപിച്ചപ്പോൾ, തന്നെ തലകീഴായി കുരിശിൽ തറയ്ക്കണമെന്ന് അവൻ കൊലയാളികളോട് അപേക്ഷിച്ചു. അതായത്, തല കീഴായും കാലുകൾ മുകളിലുമായി കുരിശിൽ തറയ്ക്കപ്പെടണം. ക്രിസ്തു മരിച്ചതുപോലെയുള്ള പീഡാസഹനം വഴി മരിക്കുമ്പോൾ, സാധാരണക്കാർ തന്നെ അമിതമായി ബഹുമാനിക്കാതിരിക്കാൻ വേണ്ടിയാണിത്. പിന്നീട്, കർത്താവിന്റെ കുരിശിനെ ആരാധിക്കാൻ മനുഷ്യരെ പഠിപ്പിക്കുമ്പോൾ, തർക്കത്തിന് അവസരം ഉണ്ടാകാതിരിക്കാൻ വേണ്ടിയുമാണ്. കർത്താവിന്റെ കുരിശ് ശെമയോന്റെ കുരിശിൽനിന്ന് എങ്ങനെയാണ് വ്യത്യസ്തമാകുന്നത്? രണ്ടുപേരും ഒരേ രീതിയിലാണല്ലോ കുരിശിൽ തറയ്ക്കപ്പെട്ടത്. അതുകൊണ്ട്, അവൻ തന്റെ കുരിശിനെ തല കീഴാക്കി.

"വേറൊരുവൻ നിന്റെ അരമുറുക്കും.'' എന്തുകൊണ്ടെന്നാൽ, തല കീഴായും കാലുകൾ മുകളിലുമായും കുരിശിൽ തറയ്ക്കപ്പെട്ടവൻ കുരിശിൽ തൂങ്ങിക്കിടക്കുന്നതുകൊണ്ട് അവന്റെ കാലുകളും അരയും കൃത്യമായി ബന്ധിച്ചിരിക്കും. തല നേരേയായി ക്രൂശിക്കപ്പെട്ടവന്റെ കൈകൾ കുരിശിനോട് ബലമായി ബന്ധിക്കുന്നത്, മരിക്കുമ്പോൾ കുരിശിൽ നിന്ന് താഴെ വീഴാതിരിക്കാനാണ്. "നീ ആഗ്രഹിക്കാത്തിടത്തേക്ക് നിന്നെ കൊണ്ടുപോകുകയും ചെയ്യും.'' - കാരണം, ക്രൂശിൽ തറയ്ക്കപ്പെടാൻ പോകുന്നവന് ഇഷ്ടമില്ലാത്ത ഭാഗത്താണ് ബന്ധിക്കപ്പെടുക. "അവൻ ഇതു പറഞ്ഞശേഷം, എന്നെ അനുഗമിക്കുക എന്ന് അവനോടു പറഞ്ഞു''(21,19). രക്ഷകൻ ശെമയോനോടു പറഞ്ഞു: ഞാൻ സഹിച്ച സഹനത്തിന്റെ അതേ പാതയിൽ ക്ഷമയോടും ദീർഘശാന്തതയോടും കൂടെ നിന്റെ കുരിശു വഹിച്ചുകൊണ്ട് നീയും എന്നെ അനുഗമിക്കുക.

"പത്രോസ് തിരിഞ്ഞു നോക്കിയപ്പോൾ, യേശു സ്നേഹിച്ചിരുന്ന ആ ശിഷ്യൻ പിന്നാലെ വരുന്നതു കണ്ടു. ഇവനാണ് അത്താഴസമയത്ത് യേശുവിന്റെ വക്ഷസിൽ ചാരിക്കിടന്നു കൊണ്ട്, കർത്താവേ, ആരാണ് നിന്നെ ഒറ്റിക്കൊടുക്കാൻ പോകുന്നത്? എന്നു ചോദിച്ചത് ''(20). - പത്രോസ് ദൈവ

www.malankaralibrary.com



പരിപാലനയുടെ രഹസ്യപദ്ധതിയിലേക്ക് തിരിയുന്നു. നമ്മുടെ രക്ഷകൻ പത്രോസിനോടു ചെയ്ത മഹനീയവും ശ്രേഷ്ഠവുമായ വാഗ്ദാനങ്ങളിൽ അത്ഭുതപ്പെട്ട് , അൽപം ദൂരെ അനുഗമിച്ചിരുന്ന, ഇടിയുടെ പുത്രനായ യോഹന്നാൻ എന്ന ശിഷ്യനെ കണ്ടുകൊണ്ട് പത്രോസ് ചോദിച്ചു: "കർത്താവേ, ഇവന്റെ കാര്യമെന്ത് " (21). – അതായത്, എന്തുതരം മരണമാണ് നിനക്കു വേണ്ടി ഇവൻ സഹിക്കാനിരിക്കുന്നത്? സത്പ്രവൃത്തികളുടെ ഏതു പാതയിലൂടെയാണ് അവൻ നിന്റെ പക്കലെത്തുന്നത്? "യേശുപറഞ്ഞു: ഞാൻ വരുന്നതുവരെ ഇവൻ ജീവിച്ചിരിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ, നിനക്കെന്ത്? നീ എന്നെ അനുഗമിക്കുക"(22-23). – കാരണം, യോഹന്നാൻ വളരെനാൾ ജീവിച്ചു. അതായത്, കർത്താവിന്റെ സ്വർഗാരോഹണശേഷം ട്രാജന്റെ കാലംവരെ എഴുപത്തിമൂന്നു വർഷം ജീവിച്ചു. മറ്റെല്ലാ ശിഷ്യരും മരിച്ചശേഷം സമാധാനത്തിലും സ്വസ്തതയിലും സ്വാഭാവികമരണം വരിച്ചതിനാലാണ് കർത്താവ് അവനെ സൂചിപ്പിച്ച് ഇങ്ങനെ പറഞ്ഞത്. എന്റെ പുനരാഗമനം വരെ അവൻ ജീവിക്കണമെന്നാണ് എന്റെ ഹിതമെങ്കിൽ, നിനക്കെന്ത്? നീയിത് അന്വേഷണവിധേയമാക്കേണ്ട. നീ നിന്റെ കാര്യം നോക്കുക. അതായത്, നിന്റെ ജോലി നിറവേറ്റുക. എന്റെ പിന്നാലെ വരിക.

"ഈ ശിഷ്യൻ തന്നെയാണ് ഈ കാര്യങ്ങൾക്ക് സാക്ഷ്യം നൽകുന്നതും ഇവ എഴുതിയതും. അവന്റെ സാക്ഷ്യം സത്യമാണെന്ന് ഞങ്ങൾക്കറിയാം. യേശു ചെയ്ത മറ്റു പല കാര്യങ്ങളുമുണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ, ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനു തന്നെ സാധിക്കാതെ വരുമെന്നാണ് എനിക്കു തോന്നുന്നത് "(24-25).

വാക്യം 25 യോഹന്നാന്റേതല്ല, മറ്റാരുടേതോ ആണെന്ന് വ്യാഖ്യാതാവ് പറയുന്നു.

ഏഴാംപുസ്തകം സമാപ്തം

പരിശുദ്ധാത്മാവിന്റെ വീണയും സ്വർഗീയ ശ്ലീഹാ ആയ ദൈവശാസ്ത്രജ്ഞനും മഹത്വപൂർണനായ കർത്താവിന്റെ പരിചാരകനുമായ മാർ യോഹന്നാന്റെ ഗ്രന്ഥത്തിന്റെ പ്രയോജനപ്രദമായ വ്യാഖ്യാനം ഇവിടെ പൂർത്തിയാകുകയും അവസാനിക്കുകയും ചെയ്യുന്നു.

ക്രിസ്തീയ സഭയുടെ ദീപവും മഹാപണ്ഡിതനും സാർവത്രിക വ്യാഖ്യാതാവുമായ മാർ തിയഡോറാണ് വിവിധ ഭാഗങ്ങളും അധ്യായങ്ങളുമായും യുക്തിപരമായ ക്രമത്തിലും കൃത്യമായി പരിശോധിച്ചും ഇതെഴുതിയത്. അവരുടെ എല്ലാവരുടെയും പ്രാർത്ഥന സമസ്തലോകത്തിനും രക്ഷയായിരിക്കട്ടെ.

www.malankaralibrary.com



## കുറിപ്പുകൾ

1. ആര്യൻ പാഷണ്ഡരുടെ നേതാവ്.
2. ഒരു ആര്യൻ നേതാവ്
3. റീശിസാ
4. ക്നോമായിസ്
5. ക്നോമായിസ്
6.. തുപ്സേ ദ്റാസാ.
7. നാഖീപൂസാ
8. മനുഷ്യത്വത്തെപ്പറ്റി (ആമുഖ വിവരണം കാണുക)
9. ചുരുക്കം

## ഗ്രന്ഥസൂചിക

J.M.Vosté (ed.), Theodori Mopsuesteni Commentarius in Evangelium Johannis Apostoli (CSCO 115-116/ syr 62-63), Louvain, 1940